# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 8, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 - നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

**2023 ഫെബ്രുവരി 8, ബുധൻ**

സ്പീക്കർ
**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ
**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. പ്രത്യേക പരാമർശം**

തുർക്കി-സിറിയ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർ
- മുഖ്യമന്ത്രി

**III. അടിയന്തരപ്രമേയം**

ലൈഫ് ഭവന പദ്ധതി
- ശ്രീ. പി. കെ. ബഷീർ

(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധക്ഷണിക്കൽ**

(1) എ.സി. കനാലിന്റെ നീളം വർദ്ധിപ്പിക്കൽ

- ശ്രീ. ജോബ് മൈക്കിൾ

(2) ആലുവയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

- ശ്രീ. ടി. ജെ. വിനോദ്

**V. സബ്മിഷൻ**

(1) അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം
- ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

(2) എസ്.ബി.ഐ.-യിലെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടൽ
- ശ്രീ. പി. എസ്. സുപാൽ

(3) ചോട്ടിലപ്പാറ പാലം പുനർ നിർമ്മാണം
- ശ്രീ. മുരളി പെരുനെല്ലി

(4) കൊല്ലം-നെല്യാടി-മേപ്പയൂർ റോഡ് പ്രവൃത്തി
- ശ്രീ. ടി. പി. രാമകൃഷ്ണൻ

(5) പെരുവ-പിറവം അനുബന്ധ റോഡ് പ്രവൃത്തികൾ
- ശ്രീ. അനൂപ് ജേക്കബ്

(6) വെഞ്ഞാറമൂട് ഫ്ലൈഓവർ നിർമ്മാണം
- ശ്രീ. ഡി. കെ. മുരളി

(7) ചാലക്കുടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ
- ശ്രീ. സനീഷ്കുമാർ ജോസഫ്

(8) തങ്കളം-കാക്കനാട് നാലുവരിപ്പാത
- ശ്രീ. ആന്റണി ജോൺ

(9) സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(10) വഖഫ് ബോർഡ് ഗ്രാന്റ്
- ശ്രീ. പി. ഉബൈദുള്ള

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

(2) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

## VII. ധനകാര്യം

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച - തുടർച്ച

## VIII. അറിയിപ്പ്

ഇ-നിയമസഭ ആപ്ലിക്കേഷന്റെ ഉദ്ഘാടനം
- മി. സ്പീക്കർ

**അനുബന്ധം 1&2**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 8, ബുധൻ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

---

നിയമസഭ 2023 ഫെബ്രുവരി മാസം 8-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ (*121)

(ചോദ്യോത്തരവേള ആരംഭിച്ചയുടൻ നിയമസഭാ കവാടത്തിൽ 4 സാമാജികർ സത്യാഗ്രഹമനുഷ്ഠിക്കുന്ന വിഷയം ഉന്നയിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് അവരവരുടെ സീറ്റിൽ എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

### ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബ്

1 (*121) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാവി തൊഴിൽ സാദ്ധ്യതകൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ മാനവ വിഭവശേഷി വികസനത്തിന് ആധുനിക വ്യവസായ മേഖലയുമായി ചേർന്ന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിർമ്മിത ബുദ്ധി, ഗ്രാഫീൻ നിർമ്മാണങ്ങൾ, റോബോട്ടിക്സ് തുടങ്ങിയ നൂതന വ്യവസായങ്ങൾക്കാവശ്യമായ മാനവ വിഭവശേഷി സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ;

(സി) തിരുവനന്തപുരത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) സംസ്ഥാനത്ത് ഭാവി തൊഴിൽ സാദ്ധ്യതകൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ മാനവ വിഭവശേഷി വികസനത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനിംഗ് തുടങ്ങിയ വിവിധ ആധുനിക കോഴ്സുകൾ സംസ്ഥാനത്തെ സർവ്വകലാശാലകൾ വഴിയും അസാപ് കേരള വഴിയും നടത്തിവരുന്നു. കൂടാതെ പ്രമുഖ വ്യവസായങ്ങളായ ആമസോൺ, അഡോബി, ഗൂഗിൾ, ഏണസ്റ്റ് & യങ് തുടങ്ങിയ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന കോഴ്സുകൾ പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant

Skills) നൽകി അവരുടെ തൊഴിൽസാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള നൈപുണ്യ പരിശീലനത്തിലൂടെ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിവിധ മുൻനിര കമ്പനികളിൽ ജോലി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഭാവി തൊഴിൽ സാധ്യതകളെയും സാങ്കേതികവിദ്യകളെയും അടിസ്ഥാനപ്പെടുത്തിയ ന്യൂജനറേഷൻ കോഴ്സുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ/എയ്ഡഡ് കോളേജുകളിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. അതോടൊപ്പം അതത് കോഴ്സുകളുമായി ബന്ധപ്പെട്ട് വ്യവസായശാലകളിൽ ഇന്റേൺഷിപ്പ്, ഇൻഡസ്ട്രിയൽ വിസിറ്റ് എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങളും വകുപ്പ് ഒരുക്കുന്നുണ്ട്.

ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു ഇന്നൊവേഷൻ സമൂഹമുണ്ടാകണമെന്ന് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതന ആശയങ്ങൾ ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾവഴി നടപ്പിലാക്കപ്പെട്ടുവരുന്നു. കൂടാതെ എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ക്ലബ്ബ് തുടങ്ങിയിട്ടുണ്ട്.

Artificial Intelligence മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യത കണക്കിലെടുത്ത് നിലവിലുള്ള പി.ജി. പ്രോഗ്രാമുകളായ M.Tech. in Robotic and Industrial Automation, M.Tech. in Translation Engineering-ലും എ.ഐ. സംബന്ധമായ വിഷയങ്ങൾ ഉൾപ്പെടുത്തി Centre For Excellence in A.I. തുടങ്ങിയ പദ്ധതികളിലൂടെ കാലത്തിന് യോജ്യമായതരത്തിൽ മുന്നോട്ട് പോകാൻ വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ ഒരു Centralized Knowledge Repository Platform വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയായ National Programme of Technology Enhance Learning പദ്ധതിയിലൂടെ രാജ്യത്തെ പ്രഗത്ഭമായ 7 ഐ.ഐ.ടി.-കളുടെ നേതൃത്വത്തിൽ 50,000-ൽപ്പരം വീഡിയോ ട്യൂട്ടോറിയലുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

പോളിടെക്നിക് കോളേജുകളിലെ ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി, അസാപ്-ഉം കേരളാ നോളജ് ഇക്കോണമി മിഷനും ചേർന്ന് നടത്തുന്ന കണക്ട് കരിയർ ടു കാമ്പസ് എന്നീ പദ്ധതികൾവഴി വിദ്യാർത്ഥികളെ

തൊഴിലിനും സംരംഭകത്വത്തിനും തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.എച്ച്.ആർ.ഡി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ വളരെയധികം സാധ്യതകളുള്ള പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ സെലക്ട് ചെയ്യാനും പഠിക്കാനുമുള്ള അവസരം സംജാതമാക്കുകയും ചെയ്തു. വിദ്യാർത്ഥി സമൂഹത്തിനും നിലവിലുള്ള പ്രായോഗിക അറിവുകൾ സംരംഭങ്ങളാക്കി മാറ്റാനുള്ള idea lab AICTE-യുടെ സാമ്പത്തിക സഹായത്തോടെ ഐ.എച്ച്.ആർ.ഡി. Model Engineering College-ൽ സ്ഥാപിച്ചുവരുന്നു. വിവിധ കമ്പനികളുമായി ചേർന്ന് industrial related കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികളുടെ ആദ്യപടിയായി TCS കമ്പനിയുമായി സഹകരിച്ച് ബി.ടെക്. കമ്പ്യൂട്ടർ സയൻസ് & ബിസിനസ് സിസ്റ്റം എന്ന കോഴ്സ് ഈ അധ്യയന വർഷം ആരംഭിച്ചുകഴിഞ്ഞു.

എൽ.ബി.എസ്. സെന്ററിനുകീഴിൽ ആധുനികവിദ്യയിൽ അധിഷ്ഠിതമായ നാലിൽപ്പരം കോഴ്സുകൾ ലഭ്യമാണ്. കേരള സർവ്വകലാശാലയിൽ, സംസ്ഥാനത്തെ ഭാവി തൊഴിൽ സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട്, ശാസ്ത്രസാങ്കേതികരംഗവും ആധുനിക വ്യവസായ

മേഖലയുമായി ചേർന്നുണ്ടാകുന്ന മുന്നേറ്റങ്ങളും പഠന ഗവേഷണ പ്രവർത്തനങ്ങളും സമന്വയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബിരുദാനന്തര ബിരുദ ഗവേഷണ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് കേരള സർവ്വകലാശാല പദ്ധതികൾ ആവിഷ്കരിച്ചും 9 നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഒരു ബിസിനസ് ഇന്നൊവേഷൻ ഇക്കോസിസ്റ്റമായി പ്രവർത്തിക്കുക എന്ന ലക്ഷ്യത്തോടെ സെക്ഷൻ 8 കമ്പനി നിയമപ്രകാരം, 2013 (ഒരു പ്രത്യേക പർപ്പസ് വെഹിക്കിൾ) ആരംഭിച്ചിട്ടുള്ളതാണ്. എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ വിദ്യാർത്ഥികളുടെ നൂതന ആശയങ്ങളെ സമൂഹത്തിന് ഉപകാരപ്രദമായ വാണിജ്യ ഉത്പന്നങ്ങളാക്കി മാറ്റുക എന്നതാണ് ടി കമ്പനിയുടെ ലക്ഷ്യം. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റൂസ 2.0 പദ്ധതിയിൽ രൂപീകരിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷൻ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്ന മികച്ച ഇൻക്യുബേറ്ററുകളും ലാബുകളും കോ-വർക്കിംഗ് സ്പേസും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ സാമ്പത്തിക സഹായത്തോടെ കാലിക്കറ്റ് സർവ്വകലാശാല ക്യാമ്പസിൽ ഒരു ഫാബ്രിക്കേഷൻ ലബോട്ടറി സ്ഥാപിച്ചിട്ടുണ്ട്. അതുവഴി വിദ്യാർത്ഥികൾക്ക് ക്ലാസ് റൂം

പഠനത്തിനപ്പുറത്തുള്ള നൂതന വൈദഗ്ദ്ധ്യങ്ങൾ നേടുന്നതിന് സഹായകരമാവും.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന രൂപകല്പന ടെക്നോളജി ബിസിനസ് ഇൻക്യുബേറ്റർവഴി ഫൈൻ ആർട്സ് വിദ്യാർത്ഥികളെ ഭാവി തൊഴിൽ സാദ്ധ്യതകൾക്ക് പ്രാപ്തരാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ സെന്റർ ഫോർ അക്കാദമിക് റൈറ്റിംഗിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രബന്ധങ്ങൾ തയ്യാറാക്കുന്നതിന് പ്രാപ്തരാക്കുന്നുണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനും ഐ.എച്ച്.ആർ.ഡി.-ക്കും കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ എന്നിവിടങ്ങളിലും നിർമ്മിതബുദ്ധി, റോബോട്ടിക്സ് പോലുള്ള ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

അസാപ് കേരളവഴി നിർമ്മിതബുദ്ധി, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ തുടങ്ങിയ കോഴ്സുകൾ മാനവ വിഭവശേഷി സൃഷ്ടിക്കുന്നതിനായി

ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മിതബുദ്ധിയുടെ മേഖലയിൽ അസാപ് കേരള, ഐ.ഐ.ടി. പാലക്കാടിന്റെ സഹായത്തോടെയാണ് ' ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് കോഴ്സ് പാഠ്യപദ്ധതി വികസിപ്പിച്ചിട്ടുള്ളത്. പ്രസ്തുത കോഴ്സിന് കേന്ദ്ര ഏജൻസിയായ എൻ.സി.വി.ഇ.ടി.-യുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന UiPath-ന്റെ സഹകരണത്തോടെയാണ് അസാപ് കേരള വഴി റോബോട്ടിക് പ്രോസ്സസ് ഓട്ടോമേഷൻ (RPA) കോഴസ് നടത്തുന്നത്. പ്രസ്തുത കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് UiPath-ന്റെ അന്താരാഷ്ട്ര സർട്ടിഫിക്കറ്റാണ് ലഭിക്കുക. കാലാനുസൃതമായ മാറ്റങ്ങളുൾക്കൊണ്ട് 2021-22 അക്കാദമിക വർഷം നവീന കോഴ്സുകൾ ആരംഭിക്കാൻ അഫിലിയേറ്റ് ചെയ്ത കോളേജുകൾക്ക് സാങ്കേതിക സർവ്വകലാശാല നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരത്തെ ഒരു ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിനായി അസാപ് കേരളയുടെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സജ്ജമായി വരികയാണ്. കഴക്കൂട്ടം സ്കിൽ പാർക്കിൽ ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിദ്യാർത്ഥികൾക്ക് പഠനകാലത്തുതന്നെ തൊഴിൽ മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും പരിശീലനം സിദ്ധിക്കുന്നതിനും ലക്ഷ്യമിട്ട് കോളേജുകളിൽ അപ്രന്റീസ്ഷിപ്പ്, ഇന്റേൺഷിപ്പ് എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, പഠനകാലത്തുതന്നെ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനവും തൊഴിൽ സാദ്ധ്യതകളും ഉറപ്പാക്കാൻ Earn While You Learn എന്ന പദ്ധതിയും സ്കിൽ എൻഹാൻസ്മെന്റിനായി അസാപ് കേരള വഴിയുള്ള പഠന പരിപാടികളും നടപ്പാക്കുന്നുണ്ട്. ഈയിടെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ പോളിടെക്നിക്കുകളുടെ ആഭിമുഖ്യത്തിലുള്ള അപ്രന്റീസ്ഷിപ്പ് ട്രെയിനികളെ തെരഞ്ഞെടുക്കുന്ന പരിപാടിയിലൂടെ നാലായിരത്തിൽപ്പരം യുവാക്കൾക്ക് അപ്രന്റീസ്ഷിപ്പ് ഉറപ്പാക്കിയിരിക്കുകയാണ്. കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്കിൽ കോഴ്സുകൾക്കും തൊഴിൽ പരിശീലന പരിപാടികൾക്കുമുൾപ്പെടെ ക്രെഡിറ്റ് നൽകാൻ ആലോചിക്കുകയാണ്. സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സൗകര്യങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് കുട്ടികളുടെ

മസ്തിഷ്കങ്ങളിലുണ്ടാകുന്ന നൂതന ആശയങ്ങൾക്ക് പ്രായോഗികരൂപം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചുവരികയാണ്. കേരള സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലും ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ ഫെസിലിറ്റി നല്ല നിലയിൽ വികസിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഇക്കാര്യത്തിൽ ഒരു Section 8 Company രൂപീകരിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയിൽ ഫാബ്രിക്കേഷൻ ലാബ് വികസിപ്പിച്ചിട്ടുണ്ട്. Earn While You Learn പദ്ധതിയിലൂടെ 20 ലക്ഷം രൂപയുടെ തൊഴിൽ ദിനങ്ങളാണ് വിവിധ കലാലയങ്ങളിലായി കഴിഞ്ഞ അക്കാദമിക് വർഷം നടപ്പാക്കിയത്. അത് കൂടുതൽ വിപുലമായ രീതിയിലാണ് ഈ അക്കാദമിക് വർഷം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചുള്ള ചോദ്യമാണ് സഭയിൽ വന്നിട്ടുള്ളത്. അദ്ദേഹം സഭയിലുള്ളപ്പോൾ മറ്റൊരു മന്ത്രി മറുപടി പറയുന്നത് ശരിയാണോ?

മി. സ്പീക്കർ: പ്രസ്തുത ചോദ്യം ഉന്നതവിദ്യാഭ്യാസ വകുപ്പിനാണ് മാർക്ക് ചെയ്തിരിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വൈജ്ഞാനിക സമൂഹത്തെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസരംഗം ഇനിയും വിപുലീകരിക്കാൻ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ വ്യക്തമാക്കുമ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അക്കാദമിക സമൂഹവും വ്യാവസായിക സ്ഥാപനങ്ങളുമായി സഹകരണം മെച്ചപ്പെടുത്തി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഇൻഡസ്ട്രി - അക്കാദമി റിലേഷൻഷിപ്പ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആമസോൺ, അഡോബി, ഗൂഗിൾ, ഏണസ്റ്റ് & യങ് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടാണ് സ്കിൽ ഡെവലപ്മെന്റിനും ഇൻഡസ്ട്രിക്കും ആവശ്യമായ സ്കിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നത്. എല്ലാ സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇൻഡസ്ട്രി-അക്കാദമി ബന്ധം ഉയർത്തിക്കൊണ്ടുവന്ന് അവിടങ്ങളിൽ തൊഴിൽദാനപരമായ പരിപാടികൾ, സ്റ്റാർട്ടപ് എൻവയോൺമെന്റ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ ഇക്കോസിസ്റ്റം എന്നിവ വികസിപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിന്റെ

ഭാഗമായി കണക്ട് കരിയർ ടു കാമ്പസ് എന്ന പദ്ധതി നല്ലരീതിയിൽ നടപ്പാക്കിവരുന്നു. പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. മാതൃകാ പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ കാമ്പസ് പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. കണക്ട് കരിയർ ടു കാമ്പസ് എന്ന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ കലാലയങ്ങളിൽ തൊഴിൽ അരങ്ങുകൾ നടന്നുവരികയാണ്. പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ പ്രധാനപ്പെട്ട ഇൻഡസ്ട്രിയൽ ഫേമുകളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്. അടുത്ത മാസം എല്ലാ സർവ്വകലാശാലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം കാലോചിതമായി നവീകരിക്കുന്നതിനുള്ള മാതൃകാ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു ഇന്നൊവേഷൻ സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ഡോ. ആർ. ബിന്ദു:</u> സർ, ഭാവി തൊഴിൽ സാദ്ധ്യതകളും സാങ്കേതികവിദ്യയും അടിസ്ഥാനപ്പെടുത്തി സർക്കാർ/എയ്ഡഡ് കോളേജുകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യവസായശാലകളിൽനിന്ന് ഇന്റേൺഷിപ്പ്, ഇൻഡസ്ട്രിയൽ വിസിറ്റ് എന്നിവ നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പിന് ക്രെഡിറ്റ് ഏർപ്പെടുത്തുന്ന നിലയിലുള്ള തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഇന്നൊവേഷൻ സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബുകളുടെ (EDC) പ്രവർത്തനം വ്യാപകമായി ആരംഭിക്കുകയും 'കണക്ട് കരിയർ ടു കാമ്പസ്' പദ്ധതിയുടെ ഭാഗമായി എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെല്ലുകൾ സജീവമാക്കുകയും ചെയ്തിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് M.Tech. in Robotic and Industrial Automation, M. Tech. in Translation Engineering എന്നീ പി.ജി. പ്രോഗ്രാമുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംബന്ധമായ

വിഷയങ്ങളുൾപ്പെടുത്തി Centre For Excellence in Artificial Intelligence നടപ്പാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ Centralized Knowledge Repository Platform രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെടുത്താനും ഇൻഡസ്ട്രിക്കാവശ്യമായ നൈപുണ്യ വികസനത്തിന് വിദ്യാർത്ഥികളെ സഹായിച്ചുകൊണ്ട് ഭാവി തൊഴിൽ സാദ്ധ്യതകളിലേയ്ക്ക് പോകാനുമുള്ള ആത്മവിശ്വാസം പകരുന്ന ഗ്രൂമിംഗ് പ്രോസ്സസും ഫിനിഷിംഗ് കോഴ്സുകളും ഇൻഡസ്ട്രിയുമായുള്ള ബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ സർവ്വകലാശാലകളെ ആശ്രയിക്കുന്നതുമൂലം 'ബ്രെയിൻ ഡ്രെയിൻ' ഉണ്ടാകാതിരിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകളിലൂടെ വിജ്ഞാന-വ്യവസായങ്ങൾക്കാവശ്യമായ മാനവ വിഭവശേഷി സൃഷ്ടിക്കേണ്ടതുണ്ട്. അതിനായി ഈയടുത്ത കാലങ്ങളിൽ സംസ്ഥാന സർക്കാർ നല്ലരീതിയിലുള്ള ഇനിഷ്യേറ്റീവാണ് എടുത്തിട്ടുള്ളത്. 2010-ൽ ഗ്രാഫീൻ മേഖലയിലെ മുന്നേറ്റത്തിനായി സർക്കാർ ഭൗതികശാസ്ത്രത്തിന് നോബൽ സമ്മാനം നേടിയ മാഞ്ചസ്റ്റർ

യൂണിവേഴ്സിറ്റിയിലെ Andre Geim ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് മാഞ്ചസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബർഗ്, സൈഗൻ തുടങ്ങിയ യൂണിവേഴ്സിറ്റികളുമായി ചേർന്ന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ലണ്ടനിൽവച്ച് ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇനിഷ്യേറ്റീവെടുത്തുവരുന്നു. സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ആധുനിക ശാസ്ത്ര-സാങ്കേതിക മേഖലയിൽ പഠനം, ഗവേഷണം എന്നിവ നടത്തുന്നതിനുവേണ്ടി പുതിയ പഠന കോഴ്സുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ലക്ഷ്യമിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, കേരള സർവ്വകലാശാല 9 പഠന വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. Atmospheric Science, Graphic Designing, Communication Science and Electronics, Artificial Intelligence, Data Science, Functional Organic Materials, Oceanography and Blue Economy, Renewable Energy, Integrative Biology എന്നിവയാണ് കേരള സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള കോഴ്സുകൾ. എം.ജി. യൂണിവേഴ്സിറ്റി ഇന്നൊവേഷൻ ഫൗണ്ടേഷനും സ്റ്റാർട്ടപ്പും ഇൻകുബേറ്റേഴ്സും ശക്തമാക്കിക്കൊണ്ട് ഈ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും ഏറ്റവും നൂതനമായ

മേഖലകളെ കേന്ദ്രീകരിച്ച് പ്രോജക്ട് മോഡ് കോഴ്സുകൾ നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിൽ മാത്രമല്ല അസാപ്പിലൂടെ സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ടും റോബോട്ടിക്സിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും ക്ലൗഡ് കമ്പ്യൂട്ടിംഗിന്റെയും സൈബർ സെക്യൂരിറ്റിയുടെയും ബ്ലോക്ക് ചെയിൻ ടെക്നോളജിയുടെയും കോഴ്സുകൾ നൽകിവരുന്നുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിൽ ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നീ മേഖലകളിൽ പ്രകടമായ മാറ്റമാണുണ്ടായിരിക്കുന്നത്. നിർമ്മിതബുദ്ധി ഉൾപ്പെടെയുള്ള നവീന ആശയങ്ങൾ ഉപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: തൊഴിലില്ലായ്മ അഭിസംബോധന ചെയ്യുന്നതിനാണ് വിദ്യാഭ്യാസവും തൊഴിലും തമ്മിൽ നിലനിൽക്കുന്ന സ്കിൽ ഗ്യാപ്പ് നികത്താനാവശ്യമായ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ മുന്നോട്ടുവച്ചിട്ടുള്ളത്. അസാപിന്റെയും (ASAP) കെയ്സിന്റെയും (KASE) ആഭിമുഖ്യത്തിൽ വ്യാപകമായി സ്കിൽ എൻഹാൻസ്മെന്റ് പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. എല്ലാ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ മേളകൾ

സംഘടിപ്പിച്ചുവരുന്നു. തൊഴിലും വിദ്യാഭ്യാസവും തമ്മിൽ ബന്ധപ്പെടുത്തുന്ന വിവിധ പദ്ധതികളായ തൊഴിൽ അരങ്ങത്തേയ്ക്ക് എന്ന പരിപാടിയും കണക്ട് കരിയർ ടു ക്യാമ്പസ് പദ്ധതിയും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിയും വിജയകരമായാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് വളരെ വിശാലമായ മേഖലയാണ്. വകുപ്പ് വിഭജനമനുസരിച്ച് ഐ.ടി.-യും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. 'നിർമ്മിതി ബുദ്ധി, ഗ്രാഫീൻ നിർമ്മാണങ്ങൾ, റോബോട്ടിക്സ് തുടങ്ങിയ നൂതന വ്യവസായങ്ങൾക്കാവശ്യമായ മാനവ വിഭവശേഷി സൃഷ്ടിക്കുന്നതിന് പദ്ധതിയുണ്ടോ' - എന്ന രണ്ടാമത്തെ ചോദ്യത്തിന് വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. ഇതിലെ മൂന്നാമത്തെ ചോദ്യം, വിവരശേഖരണമെന്ന നിലയിൽ സ്വാഭാവികമായും ഗവൺമെന്റിന്റെ നിലപാട് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിശദീകരിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പായതുകൊണ്ട് ഇതിൽ പോളിസി

ഡിസിഷനെടുക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധാരണഗതിയിൽ ഐ.ടി.-യുടെ ഭാഗമായി തൊഴിലുമായി ബന്ധപ്പെട്ട മേഖലയിലാണ് വരുന്നത്. ഇതിലെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയാണ് ചെയ്യുന്നത്. അതുകൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നത വിദ്യാഭ്യാസവകുപ്പാണ് വിശദീകരിക്കേണ്ടത്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ആധുനിക സാങ്കേതികവിദ്യയിൽ വളരെവേഗം വികസിച്ചുകൊണ്ടിരിക്കുന്ന മേഖലയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. ഇതുമായി ബന്ധപ്പെട്ട് വിവിധ സർവ്വകലാശാലകൾ കോഴ്സുകൾ നടത്തുന്നതോടൊപ്പം നിരവധി ഓൺലൈൻ കോഴ്സുകളും നടന്നുവരികയാണ്. ഇത്തരത്തിൽ വിവിധതലങ്ങളിൽ കോഴ്സുകൾ നടത്തുന്ന സാഹചര്യത്തിൽ പൊതുകരിക്കുലം നിശ്ചയിച്ചിട്ടുണ്ടോ, സർക്കാർ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: ആർട്ടിഫിഷ്യൽ ഇന്റലിജൻസിന് മാത്രമായി പൊതുകരിക്കുലം സാദ്ധ്യമല്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി

ബന്ധപ്പെട്ട് പൊതു അക്കാദമിക് ഫ്രെയിംവർക്ക് എന്ന നിലയിൽ ഒരു അംഗീകൃത സിലബസിന് രൂപരേഖ നൽകുന്നതാണ്.

ശ്രീ. വി. ജോയി: സർ, ഉന്നത വിദ്യാഭ്യാസ മേഖലയെ ഒരു വൈജ്ഞാനിക മേഖലയാക്കുകയാണ് ലക്ഷ്യമെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നൂതന പഠന വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും കെ-ഡിസ്ക്, അസാപ് തുടങ്ങിയ സ്ഥാപനങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കാനും സാധിക്കുമോ?

ഡോ. ആർ. ബിന്ദു: മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി അസാപ് കേരള വഴി നിർമ്മിത ബുദ്ധി, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ തുടങ്ങിയ കോഴ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. അസാപ് കേരള ഐ.ഐ.ടി. പാലക്കാടിന്റെ സഹായത്തോടെയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് കോഴ്സ് വികസിപ്പിച്ചിട്ടുള്ളത്. പ്രസ്തുത കോഴ്സിന് കേന്ദ്ര ഏജൻസിയായ എൻ.സി.വി.ഇ.ടി.-യുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. അപ്രകാരം അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന UiPath-ന്റെ സഹകരണത്തോടെയാണ് അസാപ് കേരള വഴി റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ കോഴ്സ് നടത്തുന്നത്. ഈ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് UiPath-ന്റെ അന്താരാഷ്ട്ര

സർട്ടിഫിക്കറ്റാണ് ലഭിക്കുന്നത്. ഇത്തരത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നവീന കോഴ്സുകൾ ആരംഭിക്കാൻ അഫിലിയേറ്റ് ചെയ്ത കോളേജുകൾക്ക് സാങ്കേതിക സർവ്വകലാശാല നിരാക്ഷേപപത്രം നൽകുകയും അതനുസരിച്ച് ചില കോളേജുകളിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## മൂല്യവർദ്ധിത കൃഷി മിഷൻ

2 (*122) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഉല്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി സുസ്ഥിര വിപണി ഉറപ്പാക്കുന്നതിന് മൂല്യവർദ്ധിത കൃഷി മിഷൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത മിഷന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയ്ക്ക് കാര്യക്ഷമമായ സംവിധാനം ഒരുക്കുന്നതിന് കർഷകർക്കുകൂടി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, (എ) ഉണ്ട്. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശങ്ങളോടെയാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission- VAAM) രൂപീകരിച്ചിട്ടുള്ളത്.

പ്രാഥമിക കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ

മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു പ്രവർത്തന മാർഗ്ഗരേഖയും VAAM പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായം, സാങ്കേതികവിദ്യയും അറിവ് പങ്കിടലും, ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം, പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സബ് ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി

അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി കൃഷിയിൽ മൂല്യനിർണയത്തെ പിന്തുണയ്ക്കുന്നതിനായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി സുസ്ഥിര വിപണി ഉറപ്പാക്കുന്നതിന് ഇൻകുബേഷൻ സെന്ററുകളും എഫ്.പി.ഒ.-കളും നടപ്പാക്കുന്നതിന് മിഷൻ ലക്ഷ്യമിടുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ Agri Business Incubator എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനം വാണിജ്യ ആവശ്യത്തിനായി കമ്പനി തുടങ്ങുന്നവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വലിയ യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകിവരുന്നു. ഒരു പുതിയ സംരംഭം തുടങ്ങുവാൻ ശ്രമിക്കുന്ന ഉപഭോക്താവിനുതന്നെ ഉല്പന്നം ഇവിടെ പരീക്ഷിച്ച് ഗുണമൂല്യവും ലാഭനഷ്ടവും കണക്കാക്കി തീരുമാനമെടുക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), PM SAMPADA, PMFME പോലെയുള്ള

നിരവധി പദ്ധതികൾ വിളവെടുപ്പിന് ശേഷമുള്ള മാനേജ്മെന്റിനും മൂല്യവർദ്ധനയ്ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സഹായം നൽകുന്നു. കൂടാതെ സംസ്ഥാനത്തെ അഗ്രോ പ്രോസ്സസിംഗ് യൂണിറ്റുകൾക്ക് വ്യവസായ വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധനവിന് ഊന്നൽ നൽകുന്ന ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളുടെ പ്രവർത്തനത്തിലൂടെ വിള ഉല്പന്നങ്ങളുടെ അളവ് വർദ്ധിപ്പിക്കാൻ സഹായിക്കും.

മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. തുടങ്ങിയ സ്ഥാപനങ്ങളുടെ വിപണികൾ പ്രവർത്തിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകൾ വഴിയും ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നു. സുസ്ഥിര വിപണി ഉറപ്പാക്കുവാനായി ഈ സ്ഥാപനങ്ങളുമായും മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായും ചേർന്ന പ്രവർത്തനമായിരിക്കും മൂല്യവർദ്ധിത കാർഷിക മിഷൻവഴി കൈകൊള്ളുക. കൂടാതെ വിപണി സംവിധാനം കാര്യക്ഷമമാക്കുവാൻ  കർഷക പങ്കാളിത്തത്തോടെ സർക്കാർ ആരംഭിക്കുന്ന കേരള അഗ്രോ ബിസിനസ് കമ്പനി ഇക്കാര്യം ഉറപ്പാക്കുകയും ചെയ്യും.

(സി) ഉണ്ട്. ഒരു കൃഷി ഭവനിൽ ഒരു ഉല്പന്നം എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്തുവരുന്നു. ടി ഉല്പന്നങ്ങൾ ഘട്ടംഘട്ടമായി ഓൺലൈൻ വിപണന സംവിധാനത്തിൽക്കൂടി വിപണിയിൽ എത്തിക്കുവാനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു.

(ഡി) സിയാൽ മാതൃകയിൽ കർഷകർക്കുകൂടി പങ്കാളിത്തമുള്ള കേരള അഗ്രോ ബിസിനസ് കമ്പനി എന്ന ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ശ്രീ. വാഴൂർ സോമൻ: സർ, കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. മൂല്യവർദ്ധനവിൽ അധിക വരുമാനം എന്നുള്ളത് വളരെ പ്രധാനമാണ്. മൂല്യവർദ്ധിത മേഖലയിലേയ്ക്ക് കർഷകരെയും സംരംഭകരെയും ആകർഷിക്കുന്നതിന് സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; തേയില, കാപ്പി, ഏലം, കുരുമുളക്, പഴവർഗ്ഗങ്ങൾ തുടങ്ങിയവ പ്രോസസ് ചെയ്യാൻ കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പ്രാഥമിക കാർഷികോല്പന്നങ്ങളുടെ ഉല്പാദന-നിർമ്മാണ പ്രക്രിയകൾ, വിപണനം, സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിന് ഏറ്റവും കൂടുതൽ പരിഗണന നൽകിക്കൊണ്ടാണ് വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ കേരളത്തിൽ രൂപീകൃതമായത്. മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകർക്കും സംരംഭകർക്കും സഹായം നൽകുന്നതിനും ഈ മേഖലയിൽ അവബോധം സൃഷ്ടിക്കുന്നതിനും കൃഷിവകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. SFAC, VFPCK, NABARD, NCDC, NAFED, Central SFAC എന്നിവവഴി ഇപ്പോൾതന്നെ 158 എഫ്.പി.ഒ. (Farmer Producer Organization)-കൾ രൂപീകരിച്ചിട്ടുണ്ട്. 2021-22 മുതൽ എഫ്.പി.ഒ.-കൾക്കായി 2 കോടി 59 ലക്ഷം രൂപ ഇതിനോടകം നൽകിക്കഴിഞ്ഞു. VAAM പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം പ്രധാനപ്പെട്ടതാണ്. വിവിധ വിളകളുടെ മൂല്യവർദ്ധിത ശൃംഖലകൾ നടപ്പാക്കുകയെന്നത് ഇതിനോടൊപ്പം ചെയ്യുന്ന കാര്യമാണ്. പച്ചക്കറി, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, തേങ്ങ എന്നിവയുമായി ബന്ധപ്പെട്ട് വിപുലമായ മൂല്യവർദ്ധിത ശൃംഖലകളുണ്ടാകും. ഒരു കൃഷി ഭവനിൽ നിന്ന്

ഒരു മൂല്യവർദ്ധിത ഉല്പന്നമെങ്കിലും ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. കേരളത്തിൽ 1076 കൃഷിഭവനകളുള്ളതിൽ 416 കൃഷിഭവനകളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ബാക്കി കൃഷിഭവനകളിൽനിന്നും ഇത്തരത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഇത് കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിന് ഉപകരിക്കുന്നതാണ്. സാധാരണഗതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുമ്പോൾ ഏതെങ്കിലും കമ്പനിക്കാരാണ് ലാഭം മുഴുവൻ കൊണ്ടുപോകുന്നത്. അതിനുപകരം കർഷകന്റെ കമ്പനി/കർഷക കൂട്ടായ്മകൾ തന്നെ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നത് കൃഷിക്കാർക്ക് മെച്ചമുണ്ടാക്കും. കേര ഗ്രാമം, കൂൺ ഗ്രാമം, തേൻ ഗ്രാമം എന്നീ പദ്ധതികളിലൂടെയും ഇപ്രകാരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കാവുന്നതാണ്. സംരംഭകർക്കാവശ്യമായ പരിശീലനം നൽകാനുള്ള പരിപാടികളും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, സി.ടി.സി.ആർ.ഐ. (സെൻട്രൽ ട്യൂബർ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), സി.പി.സി.ആർ.ഐ. (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സ്റ്റഡീസ് ആൻഡ് ടെക്നോളജി,

കെ.വി.കെ. (കൃഷി വിജ്ഞാൻ കേന്ദ്ര) എന്നിവ മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തി 131.43 കോടി രൂപ ടി ഇനത്തിലേയ്ക്കായി ലഭ്യമായിട്ടുണ്ട്. കൂടാതെ, സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതോടൊപ്പം ഈ വർഷത്തെ 'VAIGA' (Value Addition for Income Generation in Agriculture)-യിൽ ഇത്തരം കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതുമാണ്. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ അവ വയബിൾ ആയിരിക്കേണ്ടതിന്റെ പ്രാധാന്യം മുൻനിർത്തി ഇക്കൊല്ലത്തെ 'VAIGA'-യിൽ ഡി.പി.ആർ. ക്ലിനിക് ആരംഭിക്കുന്നതാണ്. ബാങ്കുകളുമായി ബന്ധപ്പെട്ട് വായ്പകൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതോടൊപ്പം B2B meet-നെ വൈഗയിൽ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായി കാണുന്നതുമാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുമ്പോൾ അവയ്ക്ക് ആകർഷകമായ പായ്ക്കിംഗ് ഉണ്ടാകേണ്ടത് പ്രധാനമാണ്. ഇതിലേയ്ക്കായി മുംബൈയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരണാപത്രം ഒപ്പുവയ്ക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചന നടത്തിയിട്ടുണ്ട്. നമ്മുടെ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ്

മുൻകൈയെടുത്തതിന്റെ ആദ്യപടി എന്നനിലയിൽ സംസ്ഥാനത്തെ കൃഷിവകുപ്പിന്റെ ഫാമുകളിലെ ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആമസോൺ അടക്കമുള്ള ശൃംഖലകളിൽ നിലവിൽ 65 ഉല്പന്നങ്ങൾ ലഭ്യമാണ്. ഈ വർഷം മാർച്ച് 31-നകം 100 ഉല്പന്നങ്ങളെങ്കിലും ഓൺലൈൻ രംഗത്ത് കൊണ്ടുവരുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഇതിനാവശ്യമായ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വാഴൂർ സോമൻ: സർ, കർഷകക്ഷേമം മുൻനിർത്തി VAAM പോലുള്ളവ പ്രാബല്യത്തിൽ വരുന്നതോടുകൂടി കേരളത്തിന്റെ നിരവധി തനത് കാർഷികോല്പന്നങ്ങൾ വിപണിയിൽ ലഭ്യമാകും. തേയില, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ ഉല്പന്നങ്ങൾ പ്രോസ്സസ് ചെയ്തെടുക്കുന്നതിന് കർഷകർക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നുണ്ട്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കുന്നതിനും അവരുടെ ബ്രാൻഡഡ് ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനും മണ്ഡലാടിസ്ഥാനത്തിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ ?

ശ്രീ. പി. പ്രസാദ്: സർ, കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക എന്നത് സർക്കാരിന്റെ പ്രധാനപ്പെട്ട പരിപാടികളിൽ ഒന്നാണ്.

തുടക്കമെന്ന നിലയിൽ എല്ലാ മണ്ഡലങ്ങളിലും കോമൺ ഫെസിലിറ്റി സെന്ററുകൾ നടപ്പാക്കാൻ പ്രയാസമാണെങ്കിലും അവ പരമാവധി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഒരു പൊതു ബ്രാൻഡിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിനെക്കുറിച്ച് കൃഷിവകുപ്പും ആലോചിക്കുന്നുണ്ട്. നിലവിൽ കൃഷിവകുപ്പിന്റെ 65 ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ 'കേരൾ അഗ്രോ' എന്ന പേരിൽ ബ്രാൻഡ് ചെയ്ത് ലഭ്യമാകുന്നുണ്ട്. ഇതിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ ഓരോ കൃഷിഭവനുകളിലും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾകൂടി 'കേരൾ ആഗ്രോ'-യുടെ ഭാഗമായി വിപണയിൽ ലഭ്യമാക്കുന്നതാണ്. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി അതിൽനിന്നുള്ള ലാഭം പൂർണ്ണമായും കർഷകർക്ക് ലഭ്യമാകുന്ന തരത്തിൽ ഈ പരിപാടി നടപ്പാക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ കർഷകർക്ക് ഗുണം ലഭിക്കുന്ന തരത്തിൽ കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനും കേരളത്തിന്റെ കാർഷികോല്പന്നങ്ങൾ തനതു

ബ്രാൻഡാക്കി വിദേശരാജ്യങ്ങളിലെ കമ്പോളത്തിൽ എത്തിക്കുന്നതിനും സംവിധാനം ഒരുക്കുമോ?

ശ്രീ. പി. പ്രസാദ്: കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സാങ്കേതിക വിദ്യയുടെ സഹായവും പരിശീലനവും ആവശ്യമായിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, സി.റ്റി.സി.ആർ.ഐ. (സെൻട്രൽ ട്യൂബർ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), സി.പി.സി.ആർ.ഐ. (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), എൻ.ഐ.എ.എസ്.ടി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ സയൻസ് ആൻഡ് ടെക്നോളജി), കെ.വി.കെ. (കൃഷി വിജ്ഞാൻ കേന്ദ്ര) എന്നീ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പരിശീലനം നൽകുന്നുണ്ട്. അതിനാവശ്യമായ യന്ത്രസാമഗ്രികളും അതിനുള്ള പരിശീലനങ്ങളും നൽകാനുള്ള സഹായംകൂടി സംസ്ഥാന കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായുണ്ടാകുന്നതാണ്. ലോക നിലവാരത്തിലുള്ള ഉല്പന്നങ്ങൾ എന്നത് പ്രധാനപ്പെട്ട കാര്യമായതുകൊണ്ടുതന്നെ വൈഗയുടെ ഭാഗമായി അക്കാര്യത്തിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. SMAM

(Sub-Mission on Agricultural Mechanization) പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇളവോടുകൂടി കർഷകർക്കും ഗ്രൂപ്പുകൾക്കും യന്ത്രസാമഗ്രികൾ നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ആപ്തവാക്യത്തോടുകൂടിയാണ് ജനകീയ ക്യാമ്പയിനായി സർക്കാർ ഇത് ആരംഭിച്ചത്. സഭയിലെ മിക്കവാറും അംഗങ്ങൾ അതിൽ പങ്കാളികളായിട്ടുണ്ടെന്നും ഇതിന് എല്ലാ ജനപ്രതിനിധികളുടെയും പിന്തുണയും പിൻബലവും ലഭിച്ചത് വലിയരീതിയിൽ മെച്ചമുണ്ടാക്കാൻ സഹായിച്ചിട്ടുണ്ടെന്നും എടുത്തുപറയുകയാണ്. പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചപ്പോൾ ഇരുപത്തയ്യായിരത്തിലധികം കൃഷിക്കൂട്ടങ്ങളിലേയ്ക്ക് ഇത് എത്തിക്കാൻ സാധിച്ചിട്ടുണ്ടെന്ന് മാത്രമല്ല, അതിൽ 20 ശതമാനം കൃഷിക്കൂട്ടങ്ങളും സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയുമാണ്. ഇതിനാവശ്യമായ യന്ത്രസാമഗ്രികളും പരിശീലനങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പൊതുബ്രാൻഡിൽ വിദേശരാജ്യങ്ങളിലേയ്ക്ക് കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. APEDA (Agricultural and Processed Food Products Export Development

Authority) അടക്കമുള്ള ഏജൻസികളുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. പല പ്രോഡക്ടുകളും അത്തരത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് പറഞ്ഞിട്ടുണ്ട്. ഒല്ലൂരിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് മുരിങ്ങയില പ്രോഡക്ടുകൾ 'ഒല്ലൂർ സമൃദ്ധി' എന്ന പേരിൽ കയറ്റി അയയ്ക്കുന്നുണ്ട്. ജനപ്രതിനിധികൾ മുൻകൈയെടുത്ത് പ്രാദേശികമായി കർഷകരുടെ ഉല്പന്നങ്ങൾ സംഭരിച്ച് സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ട്. എല്ലാ സ്ഥലങ്ങളിലുമുള്ള ഉല്പന്നങ്ങൾ വിദേശ വിപണികളിൽ എത്തിക്കാനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. ഓരോ മേഖലയുടെയും പ്രാധാന്യം കണക്കിലെടുത്ത് അതത് പ്രദേശങ്ങളിലെ കൃഷിയിലൂടെ എന്തൊക്കെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കാൻ സാധിക്കുമെന്നുകൂടി പരിഗണിച്ചുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പാക്കുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കേരളത്തിന്റെ കാർഷിക അഭിവൃദ്ധിക്കും മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. എന്നാൽ ഇപ്പോഴും പരമ്പരാഗത കർഷകർ പരമ്പരാഗത മാർക്കറ്റിംഗിനെ ആശ്രയിക്കുന്ന സമീപനമാണുള്ളത്. ആധുനിക

സാങ്കേതിക വിദ്യ ജനങ്ങളിലേയ്ക്ക് എത്തിച്ചാൽ മാത്രമെ ചെറുകിട-ഇടത്തരം സംരംഭങ്ങളെ ഇതിലേയ്ക്ക് ആകർഷിക്കാൻ സാധിക്കുകയുള്ളൂ. അതിന് മുൻകൈയെടുക്കുന്നതോടൊപ്പം കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-സംസ്കരണ മേഖലയിൽ നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷികോല്പാദന സംഘങ്ങൾ എന്നിവയുടെ പങ്കാളിത്തംകൂടി ഉറപ്പാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കർഷകർക്ക് കാർഷിക സേവനങ്ങൾ എത്തിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചത്. ചെറുകിട കാർഷിക മൂല്യവർദ്ധിത ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കാൻ അഗ്രോ സർവ്വീസ് സെന്ററുകളെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പരമ്പരാഗത രീതികളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. പരമ്പരാഗത കൃഷിരീതികളും നൂതന ശാസ്ത്രീയ അറിവുകളുംകൂടി സമന്വയിപ്പിച്ചുകൊണ്ട് കാർഷിക മേഖലയിൽ വലിയ രീതിയിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ നിലനിന്നിരുന്ന ഓരോ വിളയെയും അടിസ്ഥാനപ്പെടുത്തിയുള്ള ആസൂത്രണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ ജില്ലയിലും വ്യത്യസ്തമായ കൃഷി രീതികളാണ്

സ്വീകരിച്ചിരിക്കുന്നത്. കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ കൃഷി രീതിയിൽനിന്നും വ്യത്യസ്തമായാണ് പടിഞ്ഞാറൻ മേഖലയിൽ കൃഷി ചെയ്യുന്നത്. വിള അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കൃഷി രീതിയിൽനിന്നും കൃഷിയിടം അടിസ്ഥാനപ്പെടുത്തി കൃഷി രീതി ആസൂത്രണം ചെയ്യണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കൃഷിഭവനിൽനിന്ന് പത്ത് ഫാം പ്ലാനുകളെങ്കിലും തയ്യാറാക്കേണ്ടതുണ്ട്. 10760 ഫാം പ്ലാനുകൾ തയ്യാറാക്കാൻ തീരുമാനിച്ചതിൽ പതിനായിരത്തോളം ഫാം പ്ലാനുകൾ ഇതിനോടകം തയ്യാറാക്കുകയും എണ്ണായിരത്തോളം ഫാം പ്ലാനുകൾ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇത്തരത്തിൽ ഒരു മാറ്റം വരുത്തിക്കൊണ്ട് പരമ്പരാഗത രീതിയും ശൈലികളും മാത്രമല്ല ആധുനിക രീതികൂടി സമന്വയിപ്പിച്ചുകൊണ്ട് ഇടപെടൽ നടത്തുന്നതാണ്. കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും അതിനാവശ്യമായ പരിശീലനവും ഇടപെടലും നൽകുന്നതോടൊപ്പം അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹകരണവും ഇക്കാര്യത്തിൽ ഉണ്ടാകുന്നതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് മൂല്യവർദ്ധിത കൃഷിയിലേയ്ക്കുകൂടി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തെയും അടിസ്ഥാനപ്പെടുത്തി അവിടെ എന്തൊക്കെ ഉല്പന്നങ്ങളാണ്

കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കുന്നതെന്നും അവയെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇതിന്റെ ഭാഗമായി നടപ്പാക്കുന്നതാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, ലോകത്തെവിടെ നിന്നുകൊണ്ടും ഇഷ്ടപ്പെട്ട ഉല്പന്നങ്ങൾ വാങ്ങാനുള്ള സൗകര്യം നിലവിലുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്തി കേരളത്തിലെ ഭൗമ സൂചിക പദവി ലഭിച്ച ഉല്പന്നങ്ങൾ വിൽക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടും കാലാവസ്ഥയുടെ അനുകൂലമായ ഘടകങ്ങൾകൊണ്ടും നമുക്കുമാത്രം ഉല്പാദിപ്പിക്കാൻ സാധിക്കുന്ന ഉല്പന്നങ്ങൾക്കാണ് ഭൗമ സൂചിക പദവി ലഭിച്ചിട്ടുള്ളത്. കേരളത്തിലെ ഏകദേശം 24 ഉല്പന്നങ്ങൾക്കാണ് ഭൗമ സൂചിക പദവി ലഭിച്ചത്. ഇതിൽ നിലമ്പൂർ തേക്ക് ഒഴികെയുള്ള മഹാഭൂരിപക്ഷവും കാർഷികോല്പന്നങ്ങളാണ്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കാന്തല്ലൂർ - വട്ടവട വെളുത്തുള്ളി, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, അട്ടപ്പാടി ആട്ടുകൊമ്പ് അവര, അട്ടപ്പാടി തുവര, ഓണാട്ടുകര എള്ള് എന്നിവയ്ക്കെല്ലാം ഭൗമ സൂചിക പദവി ലഭിച്ചിട്ടുണ്ട്.

ഭൗമ സൂചിക പദവി ലഭിച്ച ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. രാജ്യത്തിനകത്തും പുറത്തും ആധുനിക വിപണന സാങ്കേതിക വിദ്യകളുപയോഗിച്ച് വിപണനം ചെയ്യാനുള്ള നടപടികൾ ഫലപ്രദമായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. VAAM നിലവിൽ വരുമ്പോൾ ഈ മേഖലയ്ക്ക് കൂടുതൽ സഹായം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അട്ടപ്പാടിയിലെ രണ്ട് ഇനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക മില്ല് സ്ഥാപിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലുള്ള ഉല്പന്നങ്ങളെക്കാൾ നമ്മുടെ സംസ്ഥാനത്തെ ഉല്പന്നങ്ങൾക്ക് പ്രത്യേകതയുണ്ട്. പശ്ചിമഘട്ടവുമായി ചേർന്നുകിടക്കുന്ന പ്രദേശവും കാലാവസ്ഥയുടെയും മണ്ണിന്റെയും മഴയുടെയും പ്രത്യേകതയുംകൂടി കണക്കിലെടുത്ത് ഭൗമ സൂചിക പദവി ലഭിച്ച ഉല്പന്നങ്ങൾക്കും കേരളത്തിലെ കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കുമെല്ലാം വിദേശ മാർക്കറ്റിലടക്കം ആവശ്യകതയുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. അതെല്ലാം പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നുവെന്ന് അറിഞ്ഞതിൽ സന്തോഷമുണ്ട്. കേരളത്തിലെ

നാളികേര കർഷകരെ രക്ഷിക്കുന്നതിനുവേണ്ടിയാണ് കേരഫെഡ് രൂപീകരിച്ചത്. എന്നാൽ വ്യാപകമായി പച്ചത്തേങ്ങ സംഭരണം നിലച്ചതിനുശേഷം, കഴിഞ്ഞ ഏഴ് വർഷമായി കേരഫെഡ് ഉപയോഗിക്കുന്ന നാളികേരത്തിൽ മഹാഭൂരിപക്ഷവും തമിഴ്നാട്ടിൽനിന്നുള്ളവയാണ്. ഇതിലൂടെ തമിഴ്നാട്ടിലെ കർഷകർക്കാണ് പ്രയോജനം ലഭിക്കുന്നത്. കേരളത്തിലെ ഉല്പന്നങ്ങൾതന്നെ ഉപയോഗിക്കുന്ന തരത്തിലേയ്ക്ക് കേരഫെഡിനെ മാറ്റിയെടുക്കാൻ സാധിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിനാവശ്യമായ വെളിച്ചെണ്ണയ്ക്കും മറ്റുമായി കൊപ്രയ്ക്കുവേണ്ടി സുതാര്യമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ മറ്റിടങ്ങളിൽനിന്നും കൊപ്ര എത്തിക്കുന്ന പ്രവണതയുണ്ട്. അതെല്ലാം സുതാര്യമായ ടെണ്ടർ നടപടികളുടെ ഭാഗമായാണ് ചെയ്യുന്നത്. എന്നാൽ കേരളത്തിൽനിന്നും കൊപ്ര ലഭ്യമാക്കുന്നതിനും സംഭരിക്കുന്നതിനും ശക്തമായ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കേരഫെഡും ഇത്തരത്തിൽ നാളികേര സംഭരണം നടത്തിയിരുന്നു. ഇപ്പോഴും കേരളത്തിൽ കേരഫെഡ് മുൻകൈയെടുത്ത് നാളികേരം സംഭരിക്കുന്നുണ്ട്. അതല്ലാതെ മറ്റൊരു സംസ്ഥാനത്തിനുവേണ്ടി കേരഫെഡ് പ്രവർത്തിക്കുന്നുവെന്ന് പറയുന്നത് ശരിയായ കാര്യമല്ല. കേരളത്തിലെ നീര

ഉല്പാദന യൂണിറ്റുകളുടെ റിവൈവലിന് പ്രത്യേക പ്രൊപ്പോസൽ നൽകാൻ കേരഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും കേരഫെഡ് കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്ത് കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന കോർപ്പറേഷൻ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചിരുന്നു. ഈ കമ്പനികളിൽ ചിലതിന് കോർപ്പറേഷൻ സഹായം നൽകിയെങ്കിലും മറ്റുചില കമ്പനികൾക്ക് യാതൊരു സഹായവും നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ ഇവയുടെ പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. ഈ കമ്പനികളെ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇതിനുള്ള ഉത്തരം തൊട്ടുമുമ്പ് ഉന്നയിച്ച ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നീര യൂണിറ്റ് ഉൾപ്പെടെയുള്ളവയുടെ പുനരുദ്ധാരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, കേരളത്തിൽ ഏറ്റവുമധികം റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, ജാതിക്ക എന്നിവ ഉല്പാദിപ്പിക്കുന്നത് ചാലക്കുടി നിയോജകമണ്ഡലത്തിലെ പരിയാരം, മേലൂർ, കാടുകുറ്റി പഞ്ചായത്തുകളിലാണ്. ഇവയുടെ വിലത്തകർച്ചമൂലം കർഷകർ വളരെ പ്രയാസമനുഭവിക്കുകയാണ്. ഇതിൽനിന്നും ഇടനിലക്കാർ ലാഭം കൊയ്യുന്ന സാഹചര്യവും നിലവിലുണ്ട്. മാങ്കോസ്റ്റിനും റമ്പൂട്ടാനും അടക്കമുള്ള പഴവർഗ്ഗങ്ങൾ കയറ്റുമതി ചെയ്യുന്നതിനും ജാതിക്കായ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, വൈവിദ്ധ്യമാർന്ന വിളകളുടെ നാടാണ് പാലക്കാട്. അടച്ചുപൂട്ടിക്കിടക്കുന്ന ചിറ്റൂർ ഷുഗർ മില്ലിനെ പ്രയോജനപ്പെടുത്തി കാർഷികോല്പന്നങ്ങൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളെന്ന നിലയിൽ ബിയർ ആൻഡ് വൈൻ ഉല്പാദിപ്പിക്കുമെന്ന പ്രഖ്യാപനം നിരവധി തവണ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. പഴങ്ങളുടെ രാജാവായ മാമ്പഴം കേരളത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്നത് മാംഗോ ഹബ് എന്നറിയപ്പെടുന്ന എന്റെ നിയോജകമണ്ഡലത്തിലെ മുതലമടയിലാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അവിടത്തെ കർഷകർ നിരവധി

പ്രയാസങ്ങൾ നേരിടുന്നുണ്ട്. മാമ്പഴത്തിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ മാംഗോ ഹബ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, മുതലമട മാംഗോ പാർക്ക് പദ്ധതി നടപ്പിലാക്കാൻ ഇൻകെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി ഏകദേശം 15.26 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അത് വേഗത്തിൽ നടപ്പാക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവീസുകളുടെ വൈവിധ്യവത്കരണവും വിപുലീകരണവും

3 (*123) ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഡിസംബർ മാസം കെ.എസ്.ആർ.ടി.സി. ഇരുനൂറ്റി ഇരുപത്തിരണ്ട് കോടിയിലധികം രൂപയുടെ ടിക്കറ്റ് വരുമാനം നേടി റെക്കോഡ് കളക്ഷൻ കൈവരിച്ചത് സ്ഥായിയാക്കാൻ സർവ്വീസുകളിൽ വൈവിധ്യവത്കരണവും വിപുലീകരണവും നടത്തുന്നുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നവീകരണം തൊഴിലാളികളുടെകൂടി സഹകരണത്തോടെ യാഥാർത്ഥ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) ഓരോ യൂണിറ്റിന്റെയും ബസ് ഷെഡ്യൂളിന്റെയും കണക്കുകൾ വിശകലനം നടത്തി യഥാസമയം മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യിൽ പ്രത്യേക അക്കൗണ്ടിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ) 2022 ഡിസംബർ മാസം കെ.എസ്.ആർ.ടി.സി. 222 കോടിയിലധികം രൂപയുടെ ടിക്കറ്റ് വരുമാനം നേടി സർവ്വകാല റെക്കോഡ് കളക്ഷൻ കൈവരിച്ചത് സ്ഥായിയാക്കാൻ സർവ്വീസുകളിൽ വൈവിധ്യവത്കരണവും വിപുലീകരണവും നടത്തുന്നുണ്ട്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന നവീകരണം തൊഴിലാളികളുടെകൂടി സഹകരണത്തോടെ യാഥാർത്ഥ്യമാക്കാനാണ്

ഉദ്ദേശിക്കുന്നത്. ഇതിനായി യൂണിയൻ പ്രതിനിധികളെയും പാസഞ്ചേഴ്സ് അസ്സോസിയേഷന്റെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളെയും ഉദ്യോഗസ്ഥ പ്രതിനിധികളെയും ഉൾപ്പെടുത്തി അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായിവരികയാണ്.

(സി) പ്രതിദിന/പ്രതിമാസ കണക്കുകൾ യഥാസമയം accounting/ double entry book keeping principles അനുസരിച്ച് കൃത്യമായ കണക്കുകൾ രേഖപ്പെടുത്തുന്നതിനും ഓരോ ബസ്സിന്റെയും യൂണിറ്റുകളുടെയും കണക്കുകൾ വിശകലനം ചെയ്യുന്നതിനുംവേണ്ടി പ്രത്യേകമായ അക്കൗണ്ട്സ് വിംഗ് അംഗീകൃത തൊഴിലാളി യൂണിയനുകളുമായി ഏർപ്പെട്ട് ദീർഘകാല സേവന-വേതന കരാറിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ ERP system നടപ്പിലാക്കികൊണ്ട് അക്കൗണ്ടിംഗ് വിഭാഗം വിപുലീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, കോവിഡ് കാലമായപ്പോൾ രാത്രികാല സ്റ്റേ ബസ്സുകളും രാവിലെയുള്ള ബസ്സുകളുമുൾപ്പെടെ വളരെയധികം സർവ്വീസുകൾ നിർത്തേണ്ടിവന്നിട്ടുണ്ട്. അത് നാഷണലൈസ്ഡ് റൂട്ടുകളിൽ

വളരെ പ്രയാസമുണ്ടാക്കിയിട്ടുണ്ട്. ഇത്തരം സർവ്വീസുകൾ പൂർണ്ണമായി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിനുള്ള നടപടി ഏതുവരെയായി എന്ന് വിശദീകരിക്കാമോ?

ശ്രീ. ആന്റണി രാജു: സർ, കോവിഡിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ എണ്ണം 35 ലക്ഷത്തിൽനിന്നും ഏതാണ്ട് പകുതിയായി കുറഞ്ഞതുകൊണ്ട് നിരവധി സർവ്വീസുകൾ നിർത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്. കോവിഡിനുശേഷവും മടങ്ങിപ്പോയ യാത്രക്കാർ പൂർണ്ണമായി തിരിച്ചുവന്നിട്ടില്ല. ഇപ്പോഴും യാത്രക്കാരുടെ എണ്ണം പകുതിയിൽതന്നെ നിൽക്കുകയാണ്. എന്നിരുന്നാലും നിർത്തിവച്ച നിരവധി സർവ്വീസുകൾ ഇപ്പോൾ പുനരാരംഭിച്ചുകഴിഞ്ഞു. അധികം നഷ്ടമില്ലാത്തതും ജനങ്ങൾക്ക് അത്യാവശ്യമുള്ളതുമായ നിർത്തിവച്ച സർവ്വീസുകളെല്ലാം ഘട്ടംഘട്ടമായി പുനഃസ്ഥാപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അത് അടിയന്തരമായി നടപ്പാക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഒരു ഡ്യൂട്ടി സമയം എത്ര മണിക്കൂറാണ്; ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ ഏതെങ്കിലും ഡിപ്പോയിൽ ഡ്യൂട്ടി ക്രമീകരണം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u> : സർ, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961-ൽ നിലവിൽവന്നെങ്കിലും ഈ വർഷമാണ് കെ.എസ്.ആർ.ടി.സി.-യിൽ അത് നടപ്പിലാക്കാൻ കഴിഞ്ഞത്. ഇതുപ്രകാരം യഥാർത്ഥത്തിൽ ഒരു ജീവനക്കാരൻ (ഡ്രൈവർ/കണ്ടക്ടർ) ജോലിചെയ്യേണ്ടിവരുന്നത് എട്ട് മണിക്കൂർ മാത്രമാണ്. എന്നാൽ ഈ ആക്ട് പ്രകാരം 12 മണിക്കൂർ ഈ ജീവനക്കാരൻ അവിടെ സന്നിഹിതനായിരിക്കണം. ഇടയ്ക്ക് നാലുമണിക്കൂർവരെ വിശ്രമം ലഭിക്കുന്ന രീതിയിൽ സ്പ്രെഡ് ഓവർ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 8 മുതൽ 10 മണിക്കൂർ വരെ ജോലി ചെയ്താൽ അധികമായി ജോലി ചെയ്യുന്ന രണ്ടു മണിക്കൂറിന് ഓവർടൈം നൽകുന്ന വ്യവസ്ഥയാണ് നിലവിലുള്ളത്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, ഗതാഗത വകുപ്പിന്റെ അഭിമാന പദ്ധതിയായ ഗ്രാമവണ്ടി ഇതുവരെ എത്ര ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഗ്രാമവണ്ടി പദ്ധതിക്ക് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; പുതുതായി നിരത്തിലിറക്കിയ ഇലക്ട്രിക് ബസ്സുകൾ വൈപ്പിൻ മണ്ഡലത്തിലേയ്ക്ക് അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കേരളത്തിലാദ്യമായി ആരംഭിച്ച നൂതന ആശയമായ ഗ്രാമവണ്ടി പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടുകൂടി വിജയകരമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ 9 ജില്ലകളിൽ ഇതിനോടകംതന്നെ ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതിയിലൂടെ ആദ്യം സർവ്വീസ് ആരംഭിച്ച പാറശ്ശാല, കട്ടുത്തുരുത്തി നിയോജകമണ്ഡലങ്ങളിൽ രണ്ടാമത്തെ വണ്ടിയും സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി പദ്ധതിക്കാണ് ഈ വർഷത്തെ കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ പുരസ്കാരം ലഭിച്ചത്. ഗ്രാമവണ്ടി പദ്ധതിയെ മാതൃകയാക്കി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ പദ്ധതി ആരംഭിക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുന്നത്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, കെ.എസ്.ആർ.ടി.സി.-യിൽ വൈവിധ്യവത്കരണ പരിപാടികളുടെ ആസൂത്രണം നടക്കുമ്പോൾ ഫീൽഡ് എക്സ്പീരിയൻസുള്ളതും ജനങ്ങളുമായി നേരിട്ട് ഇടപഴകുന്നതുമായ ജീവനക്കാരുടെയോ ജനങ്ങളുടെയോ പ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യമോ പ്രാധാന്യമോ നൽകുന്നതായി കാണുന്നില്ല. പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളും ഷോപ്പിംഗ് കോംപ്ലക്സുകളായി മാറുമ്പോൾ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗത സൗകര്യങ്ങൾ

നഷ്ടപ്പെടുകയും ഡിപ്പോകൾ പലപ്പോഴും കച്ചവട കേന്ദ്രങ്ങളായി മാറുകയും ചെയ്യുന്നു. അതുകൊണ്ട് ആസൂത്രണ വേളകളിൽത്തന്നെ ഫീൽഡ് എക്സ്പീരിയൻസുള്ള ജീവനക്കാരുടെയും ജനങ്ങളുടെയും പ്രതിനിധികളെ കേൾക്കുകയും പ്രായോഗികമായ പദ്ധതികൾ നടപ്പാക്കുകയും ചെയ്തില്ലെങ്കിൽ വൈവിധ്യവത്കരണത്തിന്റെ ഗുണവും ലാഭവും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുകയില്ല. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് അതിനനുസൃതമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി.-യിലെ സമർത്ഥരായ ഉദ്യോഗസ്ഥരെ ആക്ഷേപിക്കുന്ന ചോദ്യമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽ ഒളിഞ്ഞുകിടക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ ബഹുഭൂരിപക്ഷം ഉദ്യോഗസ്ഥരും സമർത്ഥരും ആത്മാർത്ഥതയുള്ളവരും സത്യസന്ധരുമാണ്. അവരെവച്ചുകൊണ്ടുതന്നെയാണ് കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നത്. 2021-22-ൽ സംസ്ഥാന ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-ക്ക് 2037.51 കോടി രൂപയുടെ ധനസഹായം നൽകിയ സ്ഥാനത്ത് 2022-23-ൽ അത് 1312.13 കോടി രൂപയായി കുറഞ്ഞു. കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന സംസ്ഥാന സഹായത്തിൽ 725.38 കോടി രൂപയാണ് കഴിഞ്ഞവർഷത്തേക്കാൾ കുറവുണ്ടായത്. പേ

റിവിഷൻ, കേന്ദ്ര ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.യെ ബൾക്ക് പർച്ചേസർ വിഭാഗത്തിലുൾപ്പെടുത്തിയതിലൂടെയുണ്ടായ വില വർദ്ധനവ്, സ്പെയർപാർട്ടുകളുടെ വില വർദ്ധനവ്, എന്നിവയിലൂടെ ഈ സാമ്പത്തികവർഷമുണ്ടായ ഏകദേശം 500-600 കോടി രൂപയുടെ അധികച്ചെലവും സംസ്ഥാന സർക്കാർ ഈ വർഷത്തെ സാമ്പത്തിക സഹായം 725.38 കോടിരൂപയായി കുറച്ചതും കെ.എസ്.ആർ.ടി.സി.യെ ബാധിക്കാത്തത് ഇവിടത്തെ ജീവനക്കാർ ആത്മാർത്ഥമായി പണിയെടുത്തതുകൊണ്ടാണ്. പാസഞ്ചേഴ്സ് അസോസിയേഷനെയും ജീവനക്കാരെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള അഡ്വൈസറി ബോർഡിന്റെ രൂപീകരണം ഈ മാസംതന്നെ പൂർത്തിയാക്കുന്നതാണ്. യൂണിറ്റുതലങ്ങളിൽ അതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താൻ അങ്ങ് നടപ്പാക്കുന്ന ഭാവനാപൂർണ്ണമായ പദ്ധതികൾക്ക് എല്ലാവിധ അഭിനന്ദനവും നേരുകയാണ്. തണ്ണിത്തോട് പഞ്ചായത്തിൽനിന്നും ഗുരുവായൂരിലേയ്ക്ക് ലാഭകരമായ രീതിയിൽ നടത്തിയിരുന്ന ബസ് സർവ്വീസ് ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്.

ഈ വിഷയം നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ടി സർവ്വീസ് പുനരാരംഭിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. പ്രസ്തുത ബസ് സർവ്വീസിനോടൊപ്പം എരുമേലി ഡിപ്പോയിൽനിന്നും പുറപ്പെടുന്ന കോട്ടയം-ആങ്ങമൂഴി ബസ് സർവ്വീസുകൂടി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ശബരിമലയിൽവച്ച് കൂടിയ യോഗത്തിൽ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കെ.എസ്.ആർ.ടി.സി. ഈ രണ്ട് സർവ്വീസുകളും വളരെ ലാഭകരമായാണ് നടത്തിയിരുന്നത്. ഈ പ്രദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ടി രണ്ട് സർവ്വീസുകളും വളരെ ആവശ്യമായ സാഹചര്യത്തിൽ പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി., ഈ വർഷം ശബരിമല സീസണുമായി ബന്ധപ്പെട്ട് ചരിത്രത്തിലെതന്നെ ഏറ്റവും നല്ല പെർഫോർമൻസാണ് നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിന് പൊതുവെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സഹകരണം ലഭിച്ചിട്ടുണ്ട്. ഈ വർഷത്തെ ശബരിമല സീസൺ

അവസാനിച്ചതോടെ കുറച്ചു ബസ്സുകൾ അധികമായി ലഭിച്ചിട്ടുള്ളതിനാൽ അദ്ദേഹം സൂചിപ്പിച്ച തണ്ണിത്തോട്, കോട്ടയം-ആങ്ങാംമൂഴി ബസ് സർവ്വീസുകൾ ലാഭകരമാണെന്ന് കാണുകയാണെങ്കിൽ മാർച്ച് മാസം ഒന്നാം തീയതി മുതൽ പുനരാരംഭിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് ജില്ലാ ആസ്ഥാനത്തിന്റെ ഹൃദയഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും സി.എം.ഡി.-യും പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഈ ടെർമിനലിന്റെ പ്രാധാന്യം ബോധ്യപ്പെട്ടതുമാണ്. 2016-ൽ അന്നത്തെ സർക്കാർ 7 കോടി 90 ലക്ഷം രൂപ അനുവദിച്ച് തുടക്കം കുറിച്ചതൊഴിച്ചാൽ പിന്നീട് കാര്യമായ പ്രവൃത്തികളൊന്നും അവിടെ നടപ്പായിട്ടില്ല. നിലവിൽ 90 ലക്ഷം രൂപയുടെ വർക്ക് അംഗീകരിച്ച് ടെണ്ടർ ചെയ്ത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും? യഥാർത്ഥത്തിൽ ഈ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായാൽ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ വരുമാനമാണ് ലഭിക്കാൻപോകുന്നത്. 90 ലക്ഷം രൂപയ്ക്കുപുറമെ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗതീരുമാനമനുസരിച്ച്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്.

അതിനാൽ പ്രസ്തുത പദ്ധതികളുടെ പ്രവൃത്തി എത്രയുംവേഗം ആരംഭിക്കുമോ; കെ.എസ്.ആർ.ടി.സി.-യുടെ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കും?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മലപ്പുറം ബസ്സ്റ്റാൻഡ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബസ്സ്റ്റാൻഡുകളിൽ ഒന്നും ഏറ്റവും നല്ല ലൊക്കേഷനിൽ സ്ഥിതി ചെയ്യുന്നതുമാണ്. നിർഭാഗ്യവശാൽ ഏകദേശം എട്ട് വർഷത്തോളമായി അതിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെകൂടി അഭ്യർത്ഥന മാനിച്ച് ഞാൻ നേരിട്ട് ആ ഡിപ്പോ സന്ദർശിക്കുകയുണ്ടായി. അവിടെയുള്ള രണ്ട് പ്രവൃത്തികൾക്കുമായി 90 ലക്ഷം രൂപയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി കരാറിലേർപ്പെട്ടുകഴിഞ്ഞു. അതിന്റെ നിർമ്മാണ പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. ഇന്നലെയും അതുമായി ബന്ധപ്പെട്ട യോഗം നടന്നിരുന്നു, ബഹുമാനപ്പെട്ട അംഗം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭിച്ച രണ്ടുകോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ഈ ആഴ്ചതന്നെ പൂർത്തിയാകും. അതിനുശേഷം വളരെ വേഗത്തിൽത്തന്നെ അതിന്റെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കോവിഡ് കാലഘട്ടത്തിനുമുമ്പ് ഷൊർണ്ണൂരുമായി ബന്ധപ്പെട്ട് നിരവധി ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. ഗുരുവായൂർ, തൃശ്ശൂർ മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ ആശുപത്രി, പൊന്നാനി എന്നിവിടങ്ങളിലേയ്ക്ക് ബസ് സർവ്വീസുകളുണ്ടായിരുന്നു. ഈ സ്ഥലങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന ബസ്സുകൾ കോവിഡ് പശ്ചാത്തലത്തിൽ റദ്ദ് ചെയ്യപ്പെടുകയുണ്ടായി. ഇപ്രകാരം റദ്ദ് ചെയ്യപ്പെട്ടതും ലാഭകരമായതുമായ സർവ്വീസുകൾ എത്രയുംവേഗം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, യാത്രക്കാരുടെ കണക്ക് പരിശോധിച്ചാൽ കോവിഡിനുമുമ്പ് 35 ലക്ഷം യാത്രക്കാരുണ്ടായിരുന്ന സ്ഥാനത്ത് പിന്നീട് അത് 18 ലക്ഷമായി കുറയുകയുണ്ടായി. ഷൊർണ്ണൂരിലാണ് യാത്രക്കാരുടെ കുറവ് കൂടുതലായുണ്ടായിരിക്കുന്നത്. അതുകൊണ്ടുതന്നെ അവിടെ കുറെയധികം ബസ് സർവ്വീസുകൾ നിർത്തലാക്കേണ്ടിവന്നു. ലാഭകരമായ സർവ്വീസുകൾ ഒന്നും നിർത്തലാക്കിയിട്ടില്ലെന്നു മാത്രമല്ല, അവയെല്ലാം പുനരാരംഭിച്ചുകഴിഞ്ഞിട്ടുമുണ്ട്. ഭീമമായ നഷ്ടമുള്ള സർവ്വീസുകൾ മാത്രമാണ് പുനരാരംഭിക്കാൻ കഴിയാത്തത്. എങ്കിലും കോവിഡ് കാരണം നിർത്തിവച്ച

സർവ്വീസുകൾ കഴിയുന്നത്രവേഗം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, 'ഗ്രാമവണ്ടി' പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചുവെന്ന് അറിഞ്ഞതിൽ സന്തോഷമുണ്ട്. ഗ്രാമവണ്ടിയെന്ന നിർദ്ദേശം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യാണ് ആദ്യമായി മുന്നോട്ടുവച്ചത്. കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഉദ്യോഗസ്ഥരും നല്ലവരാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഭൂരിഭാഗം ഉദ്യോഗസ്ഥരും അങ്ങനെയാണെന്ന് അംഗീകരിക്കുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോഴും പുഴുക്കുത്തുകളായ ജീവനക്കാരുണ്ട്. ഞാൻ എം.എൽ.എ. ഫണ്ടിൽനിന്നും 8 കോടി രൂപയാണ് ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പണിയുന്നതിനായി അനുവദിച്ചത്. അങ്ങും എം.ഡി.-യും മറ്റും ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കുറച്ച് വേഗത്തിൽ പണി പുരോഗമിക്കുന്നുണ്ടെങ്കിലും മൊത്തത്തിൽ മെല്ലെപ്പോക്ക് സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആലുവയിൽ ഇപ്പോഴും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് ഉദ്ഘാടനം ചെയ്യാത്തതിന്റെ പേരിൽ എല്ലാ പാർട്ടിയിൽപ്പെട്ടവരും ജനപ്രതിനിധികളെയാണ് പഴി ചാരുന്നത്. ചില

ഉദ്യോഗസ്ഥരുടെ പിടിപ്പുകേടും കെടുകാര്യസ്ഥതയുമാണ് ഇങ്ങനെയുള്ള പദ്ധതികൾ വൈകിപ്പോകാൻ കാരണമാകുന്നത്. പുഴുക്കുത്തുകളായ ഇത്തരം ജീവനക്കാരെ തിരിച്ചറിഞ്ഞുകൊണ്ട് അവരെ മാറ്റി നിർത്തിയാൽ മാത്രമെ കെ.എസ്.ആർ.ടി.സി. രക്ഷപ്പെടുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുമോ; ആലുവ കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡ് എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ആലുവ ബസ് ടെർമിനലുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഞാനുംകൂടി പങ്കെടുത്ത രണ്ടോമൂന്നോ യോഗങ്ങൾ ചേർന്ന് ടി പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി തടസ്സങ്ങൾ ഓരോന്നായി നീക്കിക്കൊണ്ടിരിക്കുകയാണ്. കാലാകാലങ്ങളിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുമ്പോൾ അതനുസരിച്ച് പ്രവൃത്തികൾ നീണ്ടുപോകുകയാണ്. ഇനി യാർഡിൽ ടൈൽസ് പതിക്കുന്ന പ്രവൃത്തി മാത്രമാണ് അവശേഷിക്കുന്നത്. അത് വേഗത്തിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമവണ്ടിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി അറിയിക്കുന്നു.

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

4 (*124) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) കർഷക കടാശ്വാസ കമ്മീഷനിൽ നിരവധി അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007-ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽവന്നത്. കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച്, സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ ചെയ്യുകയും

ചെയ്യുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നത്. പരമാവധി 2 ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്.

(ബി) അർഹതയുള്ള കർഷകൻ കടാശ്വാസത്തിനായി നിർദ്ദിഷ്ട ഫോറത്തിൽ അനുബന്ധ രേഖകളായ റേഷൻ കാർഡിന്റെ പകർപ്പ്, വില്ലേജ് ഓഫീസറിൽ നിന്നുമുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ, തൊഴിൽ കൃഷിയാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ അസ്സൽ സർട്ടിഫിക്കറ്റ്, കൃഷി ഭൂമിയുടെ കരം തീർത്ത രസീതിന്റെ പകർപ്പ്, പാട്ടക്കരാർ പകർപ്പ്, വായ്പ സംബന്ധിച്ച ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്.

(സി&ഡി) കോവിഡ്-19 മഹാമാരിമൂലം ഏറെക്കാലം സിറ്റിംഗ് നടത്താൻ കഴിയാതെ വന്നിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07-01-2022-ൽ ഈ സർക്കാർ അനുമതി നൽകി. ടി 33,526 അപേക്ഷകൾകൂടി

പരിഗണിക്കേണ്ടി വന്നതാണ് അപേക്ഷകളുടെ എണ്ണം വർദ്ധിക്കാൻ കാരണമായത്. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയതിനുശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പുകല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളൊഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31-03-2020 വരെ 6,27,930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31-01-2023 വരെ 5,52,149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 75,781 അപേക്ഷകളാണ് തീർപ്പാക്കാനായി അവശേഷിക്കുന്നത്. ഇടുക്കി ജില്ലയിലെ 56,258 അപേക്ഷകളും, കണ്ണൂർ ജില്ലയിലെ 1,530 അപേക്ഷകളും, വയനാട് ജില്ലയിലെ 17,993 അപേക്ഷകളും ചേർത്ത് ആകെ 75,781 അപേക്ഷകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഊർജ്ജിതമായി സിറ്റിംഗുകൾ നടത്തിവരുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കർഷകർ പൊതുവെ ദുരിതത്തിലും വലിയ പ്രതിസന്ധിയിലുമാണ്. അവരുടെ ഏറ്റവും വലിയ പ്രശ്നം കടബാദ്ധ്യതയാണ്. കേരളത്തിലെ 72 ശതമാനം കർഷകരും കടബാദ്ധ്യതാ നടപടികൾ നേരിടുന്നവരാണ്. കേരളത്തിലെ ഒരു കർഷകന്റെ ശരാശരി

കടബാദ്ധ്യതയായ 5.5 ലക്ഷം രൂപ എന്നുപറയുന്നത് ദേശീയ ശരാശരിയുടെ മൂന്നിരട്ടിയാണ്. കർഷക കടാശ്വാസ കമ്മീഷനിലൂടെയാണ് അവർക്ക് ചെറിയ തോതിലുള്ള ആശ്വാസം ലഭിക്കുന്നത്. 50,000 രൂപ വരെയുള്ള കടങ്ങൾക്ക് 75 ശതമാനവും അതിനുമുകളിലുള്ള കടങ്ങൾക്ക് 2 ലക്ഷം രൂപ വരെ പരിധി നിശ്ചയിച്ചുകൊണ്ട് 50 ശതമാനവുമാണ് ആകെ കടാശ്വാസം നൽകുന്നത്. 2016 മാർച്ച് 31 വരെ വായ്പയെടുത്ത് പുതുക്കുന്നവർക്ക് മാത്രമെ ഈ ആനുകൂല്യത്തിന് അപേക്ഷ നൽകാൻ കഴിയുകയുള്ളൂ. വയനാട്, ഇടുക്കി ജില്ലകളിൽനിന്നും വായ്പയെടുത്തവർക്ക് അപേക്ഷ നൽകുന്നതിനുള്ള കാലാവധി 2020 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കടങ്ങളുടെ വലിയ ബാദ്ധ്യത പേറുന്ന കർഷകൻ ജപ്തി നടപടി നേരിടുന്ന പശ്ചാത്തലത്തിൽ 2020 മാർച്ച് 31 വരെയെന്ന കാലയളവ് രണ്ട് ജില്ലകളിൽ (ഇടുക്കി, വയനാട്) മാത്രമായി പരിമിതപ്പെടുത്തുന്നതിനുപകരം സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി രണ്ടുവർഷമായി വർദ്ധിപ്പിച്ചത്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31-03-2016

വരെയുമെടുത്ത വായ്പകൾക്ക് കടാശ്വാസം അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. 2007-ൽ കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതുമുതൽ സമയപരിധിയുടെ കാര്യത്തിൽ പ്രശ്നം നിലനിൽക്കുകയാണ്. ഇടുക്കി, വയനാട് ജില്ലകളിൽ ഇത്തരം പ്രശ്നങ്ങൾ കൂടുതലുള്ളതുകൊണ്ടാണ് അവിടെ കടാശ്വാസ നടപടികൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. ഇക്കാലയളവിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. ഗവൺമെന്റുകൾ മാറിമാറി ഭരിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെ ഇത് നടപ്പിലാക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അന്ന് സമയപരിധിയിൽ ഈ വ്യത്യാസം വരുത്തിയത്. സമയപരിധി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിക്കുന്ന ഉത്തരവനുസരിച്ച് ബാങ്കുകൾക്ക് ഗവൺമെന്റ് കൊടുക്കേണ്ട തുക കൊടുത്തെങ്കിൽ മാത്രമെ കൃഷിക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഈ ഇനത്തിൽ സർക്കാർ എത്ര തുകയാണ് ബാങ്കുകൾക്ക് കൊടുക്കാനുള്ളതെന്ന് കൃത്യമായി പറയാൻ സാധിക്കുമോ; അത് വേഗത്തിൽ കൊടുത്തുതീർക്കുമോ; ടി തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ് </u>: സർ, പലരും ഇതുമായി ബന്ധപ്പെട്ട കണക്കുകൾ പല സോഴ്സുകളിൽ നിന്നെടുത്ത് പലതരത്തിൽ വ്യാഖ്യാനിച്ച് പരസ്യപ്പെടുത്താറുണ്ട്. കടാശ്വാസ കമ്മീഷൻ സിറ്റിംഗ് നടത്തി അവാർഡ് നിശ്ചയിച്ചതിനുശേഷം രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അതുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും അർഹതയുള്ളവരെ നിശ്ചയിച്ച് ഗവൺമെന്റിലേയ്ക്ക് ശിപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്. ഇപ്പോൾ കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തതുപ്രകാരം 158.53 കോടി രൂപ ഇനിയും അനുവദിക്കേണ്ടതുണ്ട്. നേരത്തേ ഈ പദ്ധതി ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ഈയിനത്തിൽ പരമാവധി ഒരു ലക്ഷം രൂപയ്ക്കുള്ളിൽ എടുത്ത സഹായങ്ങൾ മാത്രമെയുണ്ടായിരുന്നുള്ളൂ. 2019-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1 ലക്ഷം രൂപ എന്നത് രണ്ട് ലക്ഷം രൂപയായി ഉയർത്തിയപ്പോൾ സ്വാഭാവികമായും കടാശ്വാസം നിശ്ചയിക്കുന്നതിന്റെ തുക വർദ്ധിക്കുന്ന അവസ്ഥയിലേയ്ക്കെത്തി. ഈ സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനായി 2019-ൽ നിലവിലുണ്ടായിരുന്ന തുക ഇരട്ടിയായി വർദ്ധിപ്പിച്ചപ്പോൾ സ്വാഭാവികമായും അത്രയും ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിലും വർദ്ധനവുണ്ടാകുന്ന അവസ്ഥയിലേയ്ക്കെത്തി.

കാലാകാലങ്ങളായി അവതരിപ്പിക്കുന്ന ഓരോ ബഡ്ജറ്റുകളിലൂടെയും സർക്കാർ 16 കോടി, 25 കോടി, 20 കോടി എന്നീ ക്രമത്തിലാണ് തുക അനുവദിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്തും ഏകദേശം ഇത്തരത്തിലാണ് തുക അനുവദിച്ചിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലായി നിശ്ചയിച്ച തുക 18.9 കോടി രൂപയായിരുന്നുവെങ്കിൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കർഷകരെ സഹായിക്കുന്നതിനായി അഡീഷണൽ ഓതറൈസേഷനിലൂടെ 16 കോടി രൂപ അധികമായി അനുവദിച്ചുവെന്നതാണ് പ്രത്യേകത. ഏതൊരു ഗവൺമെന്റിന്റെ കാലത്തുമുണ്ടായിരുന്നതിനെക്കാൾ കൂടുതലായി 34 കോടി 90 ലക്ഷം രൂപ ഇക്കൊല്ലം കടാശ്വാസ കമ്മീഷന്റെ അവാർഡിനായി വിനിയോഗിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്. ബാങ്കുകൾക്ക് കൊടുക്കാനുള്ള കുടിശ്ശികതുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് തീർച്ചയായും നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഏറെനാളായി സ്തംഭനാവസ്ഥയിലായതുമൂലം കർഷകർ ഏറെ പ്രതിസന്ധിയിലാണ്. സർക്കാർ വിഹിതം ബാങ്കുകൾക്ക്

ലഭിക്കാത്തതുകൊണ്ട് കർഷകർ അടയ്ക്കേണ്ട തുക അടച്ചാൽപോലും അവരുടെ പ്രമാണങ്ങൾ ബാങ്കിൽ നിന്നും തിരിച്ചുലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തി കർഷകർക്ക് ആശ്വാസം പകരാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ചിലയിടങ്ങളിൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നാല് ഉത്തരവുകളാണ് നിലവിലുള്ളത്. കടാശ്വാസ കമ്മീഷന്റെ ഉത്തരവ്, സർക്കാർ ഉത്തരവ്, സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ്, ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് എന്നീ നാല് ഉത്തരവുകൾപ്രകാരം കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ സർക്കാരിന്റെ വിഹിതം ലഭ്യമാകാൻ കാത്തുനിൽക്കാതെ ഈടുപ്രമാണം തിരികെ നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. അത് കൃത്യമായി നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 158 കോടി രൂപ കർഷക കടാശ്വാസയിനത്തിൽ നിലവിൽ കുടിശ്ശികയുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലൂടെ വ്യക്തമാകുന്നത്. ഇവിടത്തെ കർഷകർ ആത്മഹത്യാമുനമ്പിൽ എത്തിനിൽക്കുകയാണ്. ഓണാട്ടുകര പ്രദേശത്തെ

കർഷകരുടെ സ്ഥിതിയെക്കുറിച്ച് മാത്രം ആലോചിച്ചാൽ മതി. അപ്പർ കുട്ടനാട് മേഖലയിലെ പാവപ്പെട്ട കർഷകർ പ്രതികൂല കാലാവസ്ഥ തരണംചെയ്ത് നെൽക്കൃഷിചെയ്യുമ്പോൾ അവർക്ക് കൊടുക്കാനുള്ള തുക കൃത്യമായും സമയബന്ധിതമായും കൊടുക്കേണ്ടതായിരുന്നു. യഥാസമയത്ത് ടി തുക കൊടുക്കുന്നില്ലെങ്കിൽ അവർ കൃഷിയിറക്കാത്ത സാഹചര്യം സംജാതമാവുകയും അവിടം തരിശുഭൂമിയായി മാറുകയും ചെയ്യും. സർക്കാർ നൽകേണ്ട തുക കൊടുക്കാത്തതുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നതെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ പരിശോധിക്കണം. കർഷകന്റെ കണ്ണീർ വീണാൽ ഈ മണ്ണ് ചുട്ടുപൊള്ളും; അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കർഷക കടാശ്വാസം, കർഷകർ കടമെടുത്തതിന്മേൽ അവരുടെ പ്രമാണം തിരിച്ചുനൽകുക, കർഷകന്റെ വിഹിതമടയ്ക്കുക, സർക്കാർ നിശ്ചയിക്കുന്ന വിഹിതം കൊടുക്കുക എന്നീ വിഷയങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. കടാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് കൊടുക്കുന്ന പണത്തിനുപുറമെ കർഷകൻ ബാക്കി തുക അടയ്ക്കുമ്പോൾ പ്രമാണം തിരികെ നൽകി അവരെ

കടത്തിൽ നിന്നും മോചിപ്പിക്കുക എന്നുള്ളതാണ് ലക്ഷ്യം. തുക നൽകുന്നതിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടുവെന്നതിന്റെ പേരിൽ ആരുടെയും പ്രമാണം ബാങ്കുകാർക്ക് പിടിച്ചുവയ്ക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കുന്ന ഹൈക്കോടതി ഉത്തരവും സർക്കാർ ഉത്തരവുകളും സഹകരണ സംഘം കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ ഉത്തരവുകളും നിലവിലുണ്ട്. എന്നിട്ടുപോലും ചിലയിടങ്ങളിൽ അങ്ങനെ ചെയ്യുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഈ ഗവൺമെന്റും സാദ്ധ്യമാകുന്ന പരമാവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. അതിനായി ബഡ്ജറ്റിൽ നീക്കിവച്ച തുകയെക്കാൾ കൂടുതൽ തുക ആവശ്യമായി വന്ന സാഹചര്യത്തിൽ അഡീഷണൽ ആതറൈസേഷനിലൂടെ ഈ സാമ്പത്തികവർഷം 16 കോടി രൂപ അധികമായി നൽകിയത് കർഷകരോട് പ്രതിബദ്ധതയുള്ളതുകൊണ്ടാണ്. കർഷകന്റെ കണ്ണീര് വീഴാതിരിക്കാനുള്ള എല്ലാ നടപടിയും ഈ സർക്കാർ സ്വീകരിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

**ഉന്നത വിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ**

5 (*125) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:

ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചിക്കിണങ്ങുന്ന തൊഴിൽമേഖല കണ്ടെത്തുന്നതിനുള്ള സാഹചര്യം കലാലയങ്ങളിൽ സൃഷ്ടിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) കലാലയങ്ങളിലെ കരിയർ ഗൈഡൻസ്, പ്ലെയ്സ്മെന്റ് സെല്ലുകൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഉന്നതവിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സർവ്വകലാശാലാടിസ്ഥാനത്തിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ&ബി) ഉണ്ട്. സംസ്ഥാനത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ Kerala Knowledge Economy Mission-നുമായി ചേർന്ന് "കണക്ട് കരിയർ ടു ക്യാമ്പസ്" പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് DWFS (Digital Work Force management System) എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

കലാലയങ്ങളിൽ ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചിക്കിണങ്ങുന്ന തൊഴിൽ മേഖല കണ്ടെത്താനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. തൊഴിലിനും തൊഴിൽ പരിശീലനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണം

2. പഠനത്തോടൊപ്പം തൊഴിൽ ചെയ്യാൻ അവസരം ലഭ്യമാക്കുന്ന Earn While You Learn (EWYL)

3. നൈപുണി വികസനം സാദ്ധ്യമാക്കുന്ന പുതുതലമുറ കോഴ്സുകൾ

4. പുതിയ വിജ്ഞാന മേഖലകളിൽ പ്രാവീണ്യം ലഭ്യമാക്കുന്ന പ്രോജക്റ്റ് മോഡ് പ്രോഗ്രാമുകൾ

കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയിലെ എല്ലാ കോളേജുകളിലും വിവിധങ്ങളായ പുത്തൻ നൈപുണ്യ പരിശീലന പദ്ധതികളെക്കുറിച്ച് അസാപ് പ്രതിനിധികൾ സെമിനാറുകൾ നടത്തുകയും വിവിധ തൊഴിൽദാതാക്കളുമായി ചേർന്ന് വെബ്ബിനാറുകൾ സംഘടിപ്പിക്കുകയും അതുവഴി പുതിയ ജോലി സാദ്ധ്യതകളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുപുറമേ ഉന്നതവിദ്യാഭ്യാസം നേടുന്നവർക്ക് ഹയർ ആൻഡ് ട്രെയിൻ മാതൃകയിൽ തൊഴിൽ ഉറപ്പാക്കുന്ന ഒരു പദ്ധതിയും നടപ്പാക്കിവരുന്നു. അസാപ് പരിശീലനം നടത്തിവരുന്ന നൈപുണ്യ പരിശീലന കോഴ്സുകളിൽ പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുകയും ചെയ്യുന്നുണ്ട്.

ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരു ഇന്നൊവേഷൻ സമൂഹമുണ്ടാകണമെന്നത് ലക്ഷ്യമിട്ട് സർക്കാർ, എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതന ആശയങ്ങൾ ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ വഴി നടപ്പിലാക്കപ്പെട്ടുവരുന്നു. കൂടാതെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് ആരംഭിച്ചിട്ടുണ്ട്. APJAKTU-വിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തോട് ചേർന്ന് TrEST പാർക്കിനുവേണ്ടി സ്ഥലമേറ്റെടുത്തിട്ടുണ്ട്.

ഇവിടെ ഇന്നൊവേഷൻ, സ്റ്റാർട്ടപ്പ് എന്നിവയ്ക്ക് സൗകര്യമൊരുക്കുന്ന റിസർച്ച് പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. Artificial Intelligence മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിൽ സാദ്ധ്യത കണക്കിലെടുത്ത് നിലവിലുള്ള PG പ്രോഗ്രാമുകളായ M.Tech in Robotic and Industrial Automation-ലും, M.Tech in Translation Engineering-ലും Artificial Intelligence സംബന്ധമായ വിഷയങ്ങളുൾപ്പെടുത്തി Centre For Excellence in Artificial Intelligence എന്നീ പദ്ധതികളിലൂടെ കാലത്തിന് അനുയോജ്യമായ തരത്തിൽ മുന്നോട്ടുപോകുവാൻ വിദ്യാഭ്യാസ മേഖലയെ പ്രാപ്തമാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ ഒരു Centralized Knowledge Repository Platform വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള ഗവേഷണങ്ങൾ/ പഠനങ്ങൾ വിദ്യാർത്ഥികൾക്ക് പ്രാപ്യമാക്കുന്ന രീതിയിൽ Artificial Intelligence, Machine Learning, Robotics and Automation എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് IHRD-യുടെ കീഴിലുള്ള Model Engineering College-നെ KTU.-വിന്റെ സാമ്പത്തിക സഹായത്തോടെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുവാനും അതുവഴി കോളേജിനെ ഒരു

പ്രാദേശിക ഗവേഷണ കേന്ദ്രമാക്കി പ്രഖ്യാപിക്കുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യയ്ക്കനുസരിച്ചുള്ള 40-ൽപ്പരം പുതിയ കോഴ്സുകൾ LBS സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്. ഡാറ്റാ അനലിറ്റിക്സ്, നിർമിത ബുദ്ധി, തുടങ്ങി വിവിധ മേഖലകളിലെ കോഴ്സുകൾ എൽ.ബി.എസ്. സെന്ററിൽ ലഭ്യമാണ്. കലാലയങ്ങളിൽനിന്ന് സ്വായത്തമാക്കുന്ന അറിവുകൾ പ്രയോഗിച്ച് വിദ്യാർത്ഥികൾക്ക് ലഘുവായ തൊഴിലുകൾ ചെയ്യുന്നതിനും അനുയോജ്യമായ പ്രതിഫലം നേടുന്നതിനും കഴിയുന്ന തരത്തിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകളാരംഭിക്കുന്നതിന് 2022-23 ബഡ്ജറ്റ് വിഭാവനം ചെയ്തിരുന്നു. ഇതിൽ ആദ്യത്തെ യൂണിറ്റ് PLV സംഗീതകോളേജിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലും പ്ലേസ്മെന്റ് സെല്ലുകൾ സ്ഥാപിക്കുകയും ഒരു അദ്ധ്യാപകനെ കോ-ഓർഡിനേറ്ററായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്ലേസ്മെന്റ് സെൽ കോ-ഓർഡിനേറ്ററായ അദ്ധ്യാപകരിലൂടെ വിദ്യാർത്ഥികൾക്ക് അവർ അഭ്യസിക്കുന്ന കോഴ്സിന്റെ ജോലി സാദ്ധ്യതകൾ

അറിയുവാനും അതിലൂടെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള തൊഴിൽമേളകൾ സംഘടിപ്പിക്കാനും കഴിയും.

ASAP Kerala, Kerala Knowledge Economy Mission-മായി ചേർന്ന് കണക്ട് കരിയർ ടു ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്ലേസ്മെന്റ് ഓഫീസർമാർക്കായി "പ്ലേസ്മെന്റ് ഓഫീസർ മീറ്റ് 2022" ജൂലൈ മാസം എറണാകുളം ജില്ലയിൽ നടത്തിയിരുന്നു. KKEM-മായി ചേർന്ന് എല്ലാ ആർട്സ് & സയൻസ് കോളേജുകളിലെയും പ്ലേസ്മെന്റ് ഓഫീസർമാരെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാല നടത്തി.

സാങ്കേതിക വിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ കോളേജുകളിൽ ചേർന്ന് ആറ് മാസത്തിനുള്ളിൽത്തന്നെ Career Guidance Placement Cell-കൾ വഴി ട്രെയിനിംഗ് നൽകിവരുന്നു. Personnel Training, Grooming സെക്ഷനുകൾ, ഇന്റർവ്യൂ സ്കില്ലുകൾ മെച്ചപ്പെടുത്തുന്നതിനുള്ള ട്രെയിനിംഗുകൾ, എന്നിവ നടത്തിവരുന്നു. അതോടൊപ്പം കമ്പനികളുമായി ചേർന്നുകൊണ്ടും പ്രൊഫഷണൽ ട്രെയിനേഴ്സ് വഴിയും Subject Content Training-കൾ നൽകിവരുന്നു. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് അവസരങ്ങളും നൽകിവരുന്നു.

ഐ.എച്ച്.ആർ.ഡി.-യുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ ലഭിക്കുന്നതിനായി കരിയർ ഗൈഡൻസ് സെന്ററുകൾ, പ്ലേസ്മെന്റ് സെല്ലുകൾ എന്നിവ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥി സമൂഹത്തിന് നിലവിലുള്ള പ്രായോഗിക അറിവുകൾ സംരംഭങ്ങളാക്കി മാറ്റുവാനുള്ള idea lab AICTE-യുടെ സാമ്പത്തിക സഹായത്തോടുകൂടി IHRD Model Engineering College-ൽ സ്ഥാപിച്ചുവരുന്നു. IHRD സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "തരംഗ് 2023" എന്ന പേരിൽ തൊഴിൽമേള സംഘടിപ്പിച്ചിരുന്നു.

എൽ.ബി.എസ്.-നു കീഴിലെ കോളേജുകളിൽ കരിയർ ഗൈഡൻസ് പ്ലേസ്മെന്റ് സെല്ലുകൾ മുഖാന്തരം ഭൂരിഭാഗം വിദ്യാർത്ഥികൾക്കും പ്ലേസ്മെന്റ് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലേസ്മെന്റ് സെൽവഴി വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതികവിദ്യാധിഷ്ഠിത കോഴ്സുകൾ നൽകിവരുന്നു.

(ഡി) ഉന്നതവിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സർവകലാശാല അടിസ്ഥാനത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച നടപടി ചുവടെ ചേർക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാല

ഉന്നതവിദ്യാഭ്യാസം നേടുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ, മഹാത്മാഗാന്ധി സർവകലാശാലയിൽ തൊഴിൽമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2022 മേയ് 17, 18 തീയതികളിൽ സർവകലാശാലയിൽ, 'Skill Upgradation Programme' എന്ന പേരിൽ തൊഴിൽമേള സംഘടിപ്പിക്കുകയുണ്ടായി. 2022 ആഗസ്റ്റ് 26, 27 തീയതികളിലായി 'Bright Minds' എന്ന മറ്റൊരു തൊഴിൽമേളയും സർവകലാശാലയിൽ നടത്തുകയുണ്ടായി. സർവ്വകലാശാലയിൽ കുട്ടികൾക്കുപുറമെ അഭ്യസ്തവിദ്യരായ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർഥികളടക്കമുള്ള തൊഴിൽ അന്വേഷകർ ടി തൊഴിൽമേളകളിൽ സംബന്ധിക്കുകയുണ്ടായി.

കാലിക്കറ്റ് സർവകലാശാല

മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെയും കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്ലേസ്മെന്റ് സെല്ലിന്റെയും നേതൃത്വത്തിൽ 2022 നവംബർ 22-ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽവച്ച് മെഗാ തൊഴിൽമേള സംഘടിപ്പിച്ചു. മൂവായിരത്തിലധികം ഉദ്യോഗാർത്ഥികൾ പങ്കെടുത്ത പ്രസ്തുത

തൊഴിൽമേളയിൽ 473 പേർക്ക് ജോലി ലഭിക്കുകയും 300 പേർ വിവിധ കമ്പനികളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ചെയ്തു.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>

എല്ലാവർഷവും ഏകദേശം 150 വിവിധ കമ്പനികൾ ക്യാമ്പസ് റിക്രൂട്ട്മെന്റിനായി കുസാറ്റിനെ സമീപിക്കുന്നുണ്ട്. അവർക്ക് ടെസ്റ്റ്, ഗ്രൂപ്പ് ഡിസ്കഷൻ, ഇന്റർവ്യൂ എന്നിവ നടത്താനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നുണ്ട്.

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോ പ്രവർത്തിക്കുന്നത് എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പരിധിയിലാണ്. ടി സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഇതുവരെ 2 തൊഴിൽമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>എ.പി.ജെ. അബ്ദുൽകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി</u>

സാങ്കേതിക സർവകലാശാല എല്ലാവർഷവും കേന്ദ്രീകൃത പ്ലേസ്മെന്റ് ഡ്രൈവുകൾ നടത്തുന്നുണ്ട്. ഈ ഡ്രൈവുകളിൽ എല്ലാ അഫിലിയേറ്റഡ് കോളേജുകളിൽനിന്നുമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ അവസരമുണ്ടാകും. ഇൻഫോസിസ്, നെസ്റ്റ് ഡിജിറ്റൽ, വിർച്യൂസ എന്നീ

കമ്പനികളുടെ പ്ലേസ്മെന്റ് ഡ്രൈവുകൾ നടത്താൻ സർവകലാശാല ഇതുവരെ സൗകര്യമൊരുക്കിയിട്ടുണ്ട്. ഭിന്നശേഷിയുള്ള എഞ്ചിനീയറിംഗ് ബിരുദധാരികൾക്കായി 2022-ൽ ആമസോണിന്റെ പ്ലേസ്മെന്റ് ഡ്രൈവ് നടത്തിയിരുന്നു. അക്സിയ ടെക്നോളജീസുമായി ചേർന്ന് ഭിന്നശേഷിയുള്ള എഞ്ചിനീയറിംഗ് ബിരുദധാരികൾക്കായി സംഘടിപ്പിക്കുന്ന പ്ലേസ്മെന്റ് ഡ്രൈവ് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാല കണ്ണൂർ ജില്ലാ ഓഫീസുമായി സഹകരിച്ച് ഒരു തൊഴിൽമേള സംഘടിപ്പിച്ചിരുന്നു. ഭാവിയിൽ യൂണിവേഴ്സിറ്റി പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഇത്തരം മേള സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. വി. ആർ. സുനിൽകുമാർ: സർ, വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും സർക്കാർ-സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽ പാർട്ട്ടൈം ജോലിയും ലഭിക്കുന്ന തരത്തിലുള്ള പാഠ്യപദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, തൊഴിലിനും തൊഴിൽ പരിശീലനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണമാണ് സർക്കാർ

ലക്ഷ്യംവയ്ക്കുന്നത്. ഇതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. പഠനത്തോടൊപ്പം തൊഴിലുകൾ ചെയ്യാനവസരം ലഭ്യമാക്കുന്ന Earn While You Learn (EWYL) പോർട്ടൽ ഇപ്പോൾത്തന്നെ നടപ്പിലാക്കിയിട്ടുണ്ട്. നൈപുണി വികസനം സാദ്ധ്യമാക്കുന്ന പുതുതലമുറ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. നൈപുണി വികസനത്തിനായി അസാപ് മുതലയായ ഏജൻസികളെ ഉപയോഗിക്കുന്നുണ്ട്. ഇതിനോടകം പുതിയ വിജ്ഞാന മേഖലകളിൽ പ്രാവീണ്യം ലഭ്യമാക്കുന്ന പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽകുമാർ: സർ, വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽപരിശീലനം നൽകുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള കമ്പനികളുമായി സഹകരിച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഉന്നതസാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇന്നൊവേഷൻ സമൂഹമുണ്ടാകണമെന്ന് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നൂതന ആശയങ്ങൾ ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ വഴി നടപ്പിലാക്കപ്പെട്ടുവരുന്നുണ്ട്.

കൂടാതെ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ക്ലബ്ബ് തുടങ്ങിയിട്ടുണ്ട്. APJAKTU-വിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തോട് ചേർന്ന് TrEST പാർക്കിനുവേണ്ടി സ്ഥലമേറ്റെടുത്തിട്ടുണ്ട്. പുതുതായി റിസർച്ച് പാർക്കുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇന്നൊവേഷൻ, സ്റ്റാർട്ടപ്പ് തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കുന്ന രീതിയിലാണ് റിസർച്ച് പാർക്കുകൾ സ്ഥാപിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, വിദ്യാഭ്യാസ മേഖലയിലാകെ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർവകലാശാലകളിലും വലിയ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സെമസ്റ്റർ പരീക്ഷാ സിസ്റ്റം വന്നതോടെ യൂണിവേഴ്സിറ്റികളിൽ വ്യത്യസ്ത സമയങ്ങളിലാണ് പുന:പരീക്ഷാ റിസൾട്ടുകൾ വരുന്നത്. ഒരു യൂണിവേഴ്സിറ്റിയിൽത്തന്നെ പല വിഷയങ്ങൾക്കും പല സന്ദർഭങ്ങളിലാണ് റിസൾട്ട് വരുന്നത്. ഇതിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷങ്ങൾ നഷ്ടമാകുന്നുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇത് പരിഹരിക്കുന്നതിനുവേണ്ടി കേരളത്തിലെ സർവ്വകലാശാലകൾക്കെല്ലാം അനുയോജ്യമായ ERP

സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ കെ-റീപ് എന്നപേരിൽ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പഠനത്തോടൊപ്പം പാർട്ട്ടൈം ജോലികൂടി ചെയ്യാൻ കഴിയുന്ന സ്ഥിതിവിശേഷമുള്ളതുകൊണ്ടാണ് കേരളത്തിലെ യുവതീ-യുവാക്കൾ പഠനത്തിനായി വിദേശരാജ്യങ്ങളിൽ പോകുന്നതിന് താല്പര്യപ്പെടുന്നത്. കേരള സർവ്വകലാശാല A++ കൂടി നേടിയ സാഹചര്യത്തിൽ സർക്കാർ ഇതിനായി എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഈ ചോദ്യത്തിനുള്ള മറുപടി പലതവണ പറഞ്ഞിട്ടുള്ളതാണ്. Career Guidance Placement Cell-കൾ സജീവമാക്കുകയും കുട്ടികൾക്ക് Personnel Training, Grooming സെക്ഷനുകൾ എന്നിവ നൽകി ആത്മവിശ്വാസത്തോടുകൂടി അവർക്ക് തൊഴിലിലേയ്ക്ക് കടന്നുചെല്ലുന്നതിന് കരിയർ ടു കാമ്പസ്സിന്റെയും ഇൻഡസ്ട്രി ഓൺ കാമ്പസിന്റെയും ഭാഗമായി നിരവധി അവന്യൂസ് ഇപ്പോൾ ലഭ്യമാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിദേശരാജ്യങ്ങളിലേയ്ക്ക് കേരളത്തിലെ വിദ്യാർത്ഥികൾ പോകുന്നത് പലതരത്തിലുള്ള സാഹചര്യങ്ങൾ അവിടെ ഉള്ളതുകൊണ്ടാണ്. അക്കാര്യങ്ങളിൽ പഠനം നടത്തി വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുമുള്ള വിദ്യാർത്ഥികളെ തിരിച്ചുകൊണ്ടുവന്ന് ഒരു എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റാൻ ശ്രമിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് പോകുന്ന പ്രവണതയെ സംബന്ധിച്ച് പഠനം നടത്താൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലേയ്ക്ക് പുറത്തുനിന്നുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി തീർക്കാനുള്ള നടപടികളുമായി സജീവമായി മുന്നോട്ടുപോവുകയാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

+ അനുബന്ധം I

[10.01 AM]

## II. പ്രത്യേക പരാമർശം

തുർക്കി-സിറിയ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോക മനഃസാക്ഷിയെ ഞെട്ടിക്കുന്ന പ്രകൃതി ദുരന്തമാണ് ഫെബ്രുവരി 6-ന് തുർക്കിയിലും പശ്ചിമ സിറിയയിലും ഉണ്ടായത്. ഭൂമി കുലുക്കത്തെത്തുടർന്ന് ആയിരക്കണക്കിന് വിലപ്പെട്ട ജീവനുകൾ പൊലിഞ്ഞുപോകുകയും വൻതോതിലുള്ള നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. സമാനതകളില്ലാത്ത ദുരന്തമാണിത്. നമ്മുടെ രാജ്യത്തും മുമ്പ് പ്രകൃതി ദുരന്തങ്ങളുണ്ടായിട്ടുണ്ട്. ലോകത്ത് എവിടെയായാലും മനുഷ്യൻ നേരിടുന്ന ഇത്തരം ദുരന്തങ്ങൾ നമ്മെ അഗാധമായ ദുഃഖത്തിലാഴ്ത്തുന്നു. എന്നാൽ ഈ അവസരത്തിൽ സ്തബ്ധരായി ഇരിക്കാതെ നമ്മളാൽ കഴിയുന്ന എല്ലാവിധ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെടുക എന്നതാണ് എക്കാലത്തും നമ്മൾ സ്വീകരിച്ചിട്ടുള്ള രീതി.

തുർക്കി-സിറിയ ഭൂകമ്പബാധിത പ്രദേശങ്ങളിൽ അടിയന്തര ദുരന്ത നിവാരണ പ്രവർത്തനങ്ങളും വൈദ്യസഹായവും എത്തിക്കാൻ നമ്മുടെ രാജ്യം ഇതിനകം തയ്യാറെടുത്തുകഴിഞ്ഞു. ഇക്കാര്യത്തിൽ സാധ്യമായ എല്ലാ

സഹായങ്ങളും ചെയ്യാൻ നമ്മുടെ സംസ്ഥാനവും സന്നദ്ധരാണ്. തകർന്നുപോയ ആ ഭൂപ്രദേശത്തെയും ജനതയെയും പൂർവ്വസ്ഥിതിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് ലോകത്തോടൊപ്പം നമ്മുടെ നാടും കൈകോർക്കേണ്ടതുണ്ട്. പ്രകൃതി ദുരന്തത്തിൽ മൃതിയടഞ്ഞവർക്ക് ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ കുടുംബങ്ങൾക്കൊപ്പം നിൽക്കുന്നു. അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

(തുർക്കി-സിറിയ ഭൂകമ്പത്തിൽ മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## [10.04 AM]

## III. അടിയന്തരപ്രമേയം

<u>ലൈഫ് ഭവന പദ്ധതി</u>

<u>മി. സ്പീക്കർ</u>: ലൈഫ് ഭവന പദ്ധതി പ്രഖ്യാപിത പുരോഗതി കൈവരിക്കാത്തതുമൂലം ഭവനരഹിതർ പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ.

കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എല്ലാ മലയാളികൾക്കും അടച്ചുറപ്പുള്ളതും സുരക്ഷിതവുമായ വീടെന്ന ലക്ഷ്യം മുൻനിർത്തി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സമാനതകളില്ലാത്ത, രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും നടപ്പാക്കിയിട്ടില്ലാത്ത സമഗ്ര ഭവന നിർമ്മാണ പദ്ധതിയാണ് ലൈഫ് പദ്ധതി. സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭവനരഹിതർക്കും വീട് നൽകുന്നതിനും ഭൂരഹിത-ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. 2017-ൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയെ ഉപയോഗപ്പെടുത്തി ഫീൽഡുതല സർവ്വേ നടത്തിയാണ് ഭവനരഹിതരുടെ പട്ടിക തയ്യാറാക്കിയത്. ഗ്രാമ, വാർഡ് സഭകൾ പരിശോധിച്ചാണ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയത്. അതനുസരിച്ച് വീടില്ലാത്ത ഗുണഭോക്താക്കളുടെ എണ്ണം 1,70,452 ആയിരുന്നു. 2017-ലെ ഫീൽഡുതല സർവ്വേയ്ക്കുശേഷം വാർഡ് ഗ്രാമസഭകൾ ചേർന്ന് അംഗീകരിച്ച

പട്ടികയാണിത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അർഹരായവരെ കണ്ടെത്തുന്നത്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1,02,542 പേരെയാണ് അർഹരായി കണ്ടെത്തിയത്. ആദ്യ ലിസ്റ്റിലെ 95,858 പേരും ധനസഹായം കൈപ്പറ്റി വീട് നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞു. മുൻകാലങ്ങളിലെ ഭവന പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയാതിരുന്നവരെയാണ് ലൈഫ് പദ്ധതി ആദ്യം ചേർത്തുപിടിച്ചത്. വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പാതിവഴിയിൽ നിലച്ച്, വീടെന്ന സ്വപ്നം ഒരിക്കലും യാഥാർത്ഥ്യമാക്കാൻ കഴിയില്ലെന്ന് കരുതിയ 54,116 ഗുണഭോക്താക്കളെ ഈ സർക്കാർ ചേർത്തുപിടിച്ചതും അതിൽ ഏകദേശം 52,680 കുടുംബങ്ങൾ ആ സ്വപ്നം പൂർത്തിയാക്കിയതും ഒരു മഹാപാതകമാണെന്നാണ് അടിയന്തരപ്രമേയ നോട്ടീസിൽ ആരോപിക്കുന്നത്.

യു.ഡി.എഫ്. ഭരണകാലത്ത് വീടുനിർമ്മാണം നടത്താൻ കഴിയാതിരുന്നവരെ ഈ സർക്കാർ സംരക്ഷിക്കുകയും അവർക്ക് ആ സ്വപ്നം യാഥാർത്ഥ്യമാക്കി കൊടുക്കുകയുമാണ് ചെയ്തത്. 1,58,470 പേരാണ് ഭൂരഹിത-ഭവനരഹിതരായി ആദ്യപട്ടികയിലുണ്ടായിരുന്നത്. ഇതിൽ 32,376 കുടുംബങ്ങൾ ഭൂമി ആർജ്ജിച്ച് വീടുനിർമ്മാണം ആരംഭിച്ചു.

2019-നുശേഷം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് എന്നിങ്ങനെയുള്ള ഏറ്റവും ദുർബല വിഭാഗങ്ങളിൽനിന്ന് ആദ്യപട്ടികയിൽ ഉൾപ്പെടാതിരുന്ന ആളുകൾക്കായി അഡീഷണൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയുണ്ടായി. അതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ 32,703 പേരിൽ ഇരുപതിനായിരത്തിലേറെ പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 11,648 പേരിൽ 8,087 പേരും ഫിഷറീസ് വിഭാഗത്തിൽപ്പെട്ട 4,220 പേരിൽ 2,650 പേരും വീടുനിർമ്മാണം ആരംഭിച്ചു. അതായത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആകെ 2,62,131 പേർ ലൈഫ് പദ്ധതിയിൽ വീട് സ്വന്തമാക്കുകയുണ്ടായി. ഇതിനുപുറമെ ഇടുക്കി ജില്ലയിൽ അടിമാലി, അങ്കമാലി, വെങ്ങാനൂർ, മണ്ണന്തല എൻ.ജി.ഒ. യൂണിയൻ, കീഴ്മാട്, പെരിന്തൽമണ്ണ തുടങ്ങിയ ഭവന സമുച്ചയങ്ങളിലൂടെ 469 കുടുംബങ്ങൾക്ക് ഫ്ലാറ്റുകളും നൽകി. തിരുവനന്തപുരം കോർപ്പറേഷനിൽമാത്രം കരിമഠം, പൂങ്കുളം, കല്ലടിമുഖം, മതിപ്പുറം എന്നീ സ്ഥലങ്ങളിലായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 720 ഫ്ലാറ്റുകളും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് ഇതുവരെ 372 ഫ്ലാറ്റുകളുമുൾപ്പെടെ 1,092 ഫ്ലാറ്റുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ കല്ലുത്താൻകടവിൽ 141 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നൽകുകയുണ്ടായി. പ്രളയ ദുരന്തം

കണക്കിലെടുത്തുകൊണ്ട് സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി ആവിഷ്കരിച്ച് 2,091 വീടുകളും പഴയന്നൂരിൽ 40 ഫ്ലാറ്റുകളുടെ ഭവന സമുച്ചയവും പൂർത്തിയാക്കുകയുണ്ടായി. പുനർഗേഹം പദ്ധതിയിലൂടെ ആകെ 2,322 കുടുംബങ്ങളെ വീടും ഫ്ലാറ്റും നൽകി പുനരധിവസിപ്പിക്കുകയുണ്ടായി. ഇതെല്ലാം സാധ്യമാക്കിയത് 2018-ലും 2019-ലും ആവർത്തിച്ചാവർത്തിച്ച് വന്ന മഹാപ്രളയം, മഹാവ്യാധി എന്നീ പ്രതിസന്ധികളെ മറികടന്നുകൊണ്ടാണ് എന്നത് അങ്ങേയറ്റം അഭിമാനകരമാണ്. ഇത് ഈ സർക്കാരിന്റെ കരുതലിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. യാഥാർത്ഥ്യം അംഗീകരിക്കാതെ, സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം നേടിയില്ലെന്നും ജനങ്ങളെ കബളിപ്പിച്ചുവെന്നുമുള്ള അടിയന്തരപ്രമേയ നോട്ടീസിലെ പരാമർശം അങ്ങേയറ്റം അടിസ്ഥാനരഹിതമാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് വീടുകളൊന്നും പൂർത്തിയാക്കിയിട്ടില്ലെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഈ പറഞ്ഞ വീടുകളുടെ നിർമ്മാണം മുഴുവൻ ഒന്നാം പിണറായി സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചതെന്നും രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് വീടുകൾ നിർമ്മിച്ചില്ലെന്നുമാണ് ഇപ്പോൾ പറയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണ കാലഘട്ടത്തിൽ മൂന്നുലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ചുവെന്നത് ഇപ്പോൾ

അംഗീകരിക്കാൻ തയ്യാറായതിൽ സന്തോഷമുണ്ട്. ലൈഫ് പദ്ധതിയുടെ വിജയംകണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രതിപക്ഷ എം.എൽ.എ.-മാരുൾപ്പെടെയുള്ളവരും സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2020-ൽ പുതിയ അപേക്ഷ ക്ഷണിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.മാരുൾപ്പെടെ ഉള്ളവരുടെയും ആവശ്യം പരിഗണിച്ചുകൊണ്ടാണ് ഒന്നാമത്തെ ഗുണഭോക്തൃ പട്ടിക നിലനിൽക്കുമ്പോൾതന്നെ 2020-ൽ പുതിയ അപേക്ഷ ക്ഷണിച്ചത് അതും അടിയന്തരപ്രമേയ നോട്ടീസിൽ ആക്ഷേപമായി ഉന്നയിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കി, ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ച് വീട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആദ്യ ലിസ്റ്റിൽ അവശേഷിച്ചിരുന്ന 61763 പേർ ഈ സർക്കാരിന്റെ കാലത്ത് വീട് നിർമ്മാണം പൂർത്തീകരിച്ച് താമസം ആരംഭിച്ചിട്ടുണ്ട്. അതുൾപ്പെടെ ഇതുവരെ ആകെ 3,23,894 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഇന്ത്യയിൽ, ഫെഡറൽ ഘടനയുടെ ചട്ടക്കൂടിനകത്ത് പരിമിതമായ സാമ്പത്തിക അധികാരങ്ങൾ മാത്രമുള്ള ഒരു സംസ്ഥാന സർക്കാരാണ് ഇത്രയും മികച്ച നേട്ടം

കൈവരിച്ചിരിക്കുന്നത്. 3,23,000 പേർക്ക് വീട് വച്ചുകൊടുത്തത് നിസ്സാര കാര്യമാണോ? 2020-ലെ ഗുണഭോക്തൃ പട്ടികയിൽപ്പെട്ട 16049 പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. ആകെ കണക്ക് പരിശോധിച്ചാൽ 3,23,894 വീടുകൾ പൂർത്തീകരിക്കുകയും 54,529 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയുമാണെന്ന് കാണാൻ സാധിക്കും. അതിനുപുറമേ ഇപ്പോൾ 10000 വീടുകൾക്കുകൂടി എഗ്രിമെന്റ് വയ്ക്കാനുണ്ട്. എല്ലാംകൂടി ചേർത്താൽ ആകെ വീടുകളുടെ എണ്ണം 388522 ആകും. 50000 വീടുകൾകൂടി നിർമ്മിച്ച് നൽകാനുള്ള തുക ലൈഫ് മിഷന്റെ കൈവശമുണ്ട്. ലൈഫ് മിഷൻ പദ്ധതിക്കുകീഴിൽ സമാനതകളില്ലാത്ത നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിനെല്ലാം പുറമേയാണ് ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി കണ്ടെത്താൻ 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നത്. സർക്കാർ എല്ലാവരുടെയും പിന്തുണ പ്രതീക്ഷിക്കുകയാണ്. ഇതിന്റെ ഭാഗമായി ഇതിനോടകം 2349.72 സെന്റ് സ്ഥലം സംഭാവനയായി ലഭിച്ചിട്ടുണ്ട്. 1232.49 സെന്റ് സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയൊ ഗുണഭോക്താക്കളുടെയൊ പേരിൽ രജിസ്റ്റർ ചെയ്തു നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇത് സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും ഇച്ഛാശക്തിയുടെയും ഉദാഹരണമാണ്.

കേരളത്തിലെ പ്രമുഖ ബിസിനസ്സ് ഗ്രൂപ്പുകളിലൊന്നായ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിതർക്ക് ഭൂമി വാങ്ങിനൽകാൻ സന്നദ്ധത അറിയിച്ച് മുന്നോട്ടുവരികയുണ്ടായി. എറണാകുളം, ആലപ്പുഴ ജില്ലകളിലായി 164 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിക്കഴിഞ്ഞു. ഈ സർക്കാർ കാര്യക്ഷമമായി ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുന്നതിലുള്ള വിശ്വാസ്യത കണക്കിലെടുത്താണ് ഇത്തരത്തിലൊരു ഫൗണ്ടേഷൻ 1000 പേർക്ക് വീട് വാങ്ങിനൽകാൻ തയ്യാറായത്. ജനങ്ങൾക്ക് ഈ സർക്കാരിന്മേലുള്ള വിശ്വാസത്തിന്റെ തെളിവാണിത്. വിവിധ ജില്ലകളിൽ 29 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം നടന്നുവരികയാണ്. പുനലൂർ, വിജയപുരം, കരിമണ്ണൂർ, കടമ്പൂർ എന്നിവിടങ്ങളിലായി 174 ഫ്ലാറ്റുകൾ അടുത്തമാസം ഗുണഭോക്താക്കൾക്ക് കൈമാറും. ലൈഫ് മിഷൻ പദ്ധതിയുടെ കാര്യക്ഷമതയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എറണാകുളം ജില്ലയിലെ നെല്ലിക്കുഴിയിൽ പ്രവാസി മലയാളിയായ ശ്രീ. സമീർ 51 സെന്റ് സ്ഥലം സംഭാവന ചെയ്യാനും 18 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകാനും തയ്യാറായി മുന്നോട്ടുവന്നിരിക്കുന്നു. തിരുവനന്തപുരത്ത് പൂവച്ചലിൽ വന്ദ്യവയോധികനായ ശ്രീ. സുകുമാരൻ വൈദ്യർ രണ്ടര ഏക്കർ സ്ഥലമാണ് സൗജന്യമായി നൽകിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതിയുടെ

തുടർച്ചയായി കണ്ണൂർ, പാലക്കാട്, കോട്ടയം ജില്ലകളിൽ ഫ്ലാറ്റ് നിർമ്മാണവും ഫിഷറീസ് വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ ഭാഗമായി 1361 വീടുകളുടെയും 1184 ഫ്ലാറ്റുകളുടെയും നിർമ്മാണവും നടന്നുവരികയാണ്. സമീപകാലത്ത് പ്രതിപക്ഷം വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ പേരിൽ വലിയ വിവാദമുണ്ടാക്കാൻ ശ്രമിച്ചിരുന്നു. 400 മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റിന്റെ നിർമ്മാണം മുട്ടത്തറയിൽ ഉടനെ ആരംഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട്  ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയും ഞാനും പങ്കെടുത്ത യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനും 10-ാം തീയതി തറക്കല്ലിടാനും സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങൾക്ക് പുകമറയിടാൻ ഈ അടിയന്തരപ്രമേയ നോട്ടീസിനും ആരോപണങ്ങൾക്കും കഴിയില്ല. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം അനിഷേധ്യമായ വസ്തുതകളാണ്. വീട് വച്ചുകൊടുത്തതിനു പുറമെ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കിയിരിക്കുകയാണ്. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പും മുഖേന 8.74 കോടി രൂപയാണ് ലൈഫ് ഗുണഭോക്താക്കളുടെ ഭവന സുരക്ഷയ്ക്ക് ചെലവഴിക്കുന്നത്. അനെർട്ടുമായി കൈകോർത്തുകൊണ്ട് വീടുകളെ സൗജന്യ സൗരോർജ്ജ

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഈ വസ്തുതകളെ നിഷേധിച്ചുകൊണ്ട് അതിനുമുകളിൽ ആരോപണത്തിന്റെ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, 'എരന്നു തിന്നുന്നവനെ തുരന്നു തിന്നുന്ന', ജനങ്ങളെ കൊള്ളയടിക്കുന്ന പ്രതിലോമ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ പ്രതിഷേധിച്ച് സത്യാഗ്രഹ സമരം നടത്തുന്ന എന്റെ സഹപ്രവർത്തകരായ സർവ്വശ്രീ. ഷാഫി പറമ്പിൽ, സി. ആർ. മഹേഷ്, നജീബ് കാന്തപുരം, ഡോ. മാത്യു കുഴൽനാടൻ എന്നിവർക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുകയാണ്.

ബഹുമാന്യനായ മന്ത്രി പറഞ്ഞത് പ്രതിപക്ഷം പുകമറ സൃഷ്ടിക്കുകയാണെന്നാണ്. നാട്ടുകാർ ആരെങ്കിലും സൗജന്യമായി ഭൂമി വിട്ടുകൊടുത്താലോ വീട് നിർമ്മിച്ച് നൽകിയാലോ ഫ്ലാറ്റ് കൊടുത്താലോ അതെല്ലാം ഗവൺമെന്റിന്റെ കണക്കിൽപ്പെടുത്താൻ എൽ.ഡി.എഫ്. സർക്കാരിനല്ലാതെ വേറെ ആർക്കെങ്കിലും കഴിയുമോ? ഈ വിഷയം മൂന്നാമത്തെ പ്രാവശ്യമാണ് അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിക്കുന്നത്. 2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് മറുപടി പറഞ്ഞിരുന്നു. പിന്നീട് ബഹുമാന്യനായ

എം. വി. ഗോവിന്ദൻ മാസ്റ്റർ മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട 5 മന്ത്രിമാരാണ് ലൈഫ് പദ്ധതി കൈകാര്യം ചെയ്യുന്നത്. ലൈഫ് എന്ന വാക്കിന്റെ ശരിയായ അർത്ഥം എന്താണ്? ജീവിതം എന്നാണ്. എന്നാൽ കഴിഞ്ഞ 5 വർഷമായി കേരളത്തിൽ ലൈഫ് എന്ന വാക്കിന്റെ അർത്ഥമെന്താണ്? കാത്തിരിപ്പ് എന്നാണ്; ഒരു പ്രതീക്ഷയുമില്ലാത്ത കാത്തിരിപ്പ് എന്നാണ്. വേറെ എന്താണ് അർത്ഥമെന്നുള്ളത് ആലോചിച്ച് നോക്കൂ. അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സ്വന്തമായി ജോലി ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനമുൾപ്പെടെ സാമൂഹ്യക്ഷേമത്തിന്റേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നത് ലൈഫ് മിഷന്റെ വെബ്സൈറ്റിലുള്ളതാണ്. എന്നിട്ട് ഇത് എവിടെ എത്തിനിൽക്കുന്നു? പാവപ്പെട്ടവന് വീടുവച്ച് നൽകുന്നതിനെന്ന് പറഞ്ഞാൽ പോരെ? അതിനെ പരത്തി, പടർത്തി പറഞ്ഞ് ദുരൂഹമാക്കുകയല്ലേ ചെയ്യുന്നത്. എന്തൊക്കെയോ ഉണ്ട്, പക്ഷെ പാവപ്പെട്ടവന് ഇന്നും ഒരു വീട് ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കേരളത്തിലെ ത്രിതല പഞ്ചായത്തുകൾക്കാണ് ഇതിന്റെ അധികാരമെന്നാണ് 2017-ൽ പറഞ്ഞത്. പഞ്ചായത്ത് രാജ്

ആക്ടിലെ 172-ാം വകുപ്പ് ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കണം. ഗ്രാമപഞ്ചായത്തുകളുടെ അധികാരമെന്താണ്? വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടത് ഗ്രാമപഞ്ചായത്തുകളാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2008-ൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി കൊണ്ടുവന്നെങ്കിലും അത് പരാജയപ്പെടുകയാണുണ്ടായത്. 2017-ൽ ലൈഫ് ഭവന പദ്ധതി കൊണ്ടുവന്ന അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 5 വർഷംകൊണ്ട് കേരളത്തിൽ ഭവനരഹിതരായ ആളുകൾ ഉണ്ടാകില്ലെന്നാണ്. 2018-ലെ കണക്ക് പരിശോധിച്ചുനോക്കണം. അങ്ങ് 52000 വീടിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. കാലാകാലങ്ങളായി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള റിപ്പയർ ഫണ്ടാണ് ഫേസ് I-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 52455 വീടുകളുണ്ടായിരുന്നു. ആ കാലഘട്ടത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിലെ പത്തും പന്ത്രണ്ടും വർഷമായി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കാൻ തുക അനുവദിച്ചു. 2017-ൽ ലൈഫ് പദ്ധതിയിൽ രണ്ടുതരം ഗുണഭോക്താക്കളുണ്ടായിരുന്നു. മുൻ വർഷങ്ങളിൽ സർക്കാർ വകുപ്പുകൾ വഴി പഞ്ചായത്ത് ആനുകൂല്യം നൽകിയിട്ടും വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവരുണ്ടായിരുന്നു. പട്ടികജാതി-പട്ടകവർഗ്ഗ

വികസന വകുപ്പുകളിൽനിന്നും ഏഴായിരം വീടുകൾക്ക് ഫണ്ട് നൽകിയിരുന്നു. അതിലൂടെ അഞ്ച് വർഷംകൊണ്ട് 35000 വീട് കൊടുക്കാമായിരുന്നു. എന്നാൽ പട്ടികജാതിക്കാർക്ക് 22000 വീടുകൾ മാത്രമെ കൊടുത്തിട്ടുളളൂവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എവിടെയാണ് നിങ്ങൾ കൊടുത്തത്? 2800 ഓളം പട്ടികവർഗ്ഗക്കാരുടെ വീട് നിർമ്മാണം പൂർത്തീകരിച്ചുവെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിലും കണക്ക് പ്രകാരം 24000 ആയിരുന്നു വരേണ്ടിയിരുന്നത്. അതിനുള്ള ഫണ്ട് എവിടെപ്പോയി? രണ്ടാമതായി നിങ്ങൾ പറഞ്ഞത് ഭവനരഹിതരുടെ പട്ടികയിൽ പുതിയ ആളുകളെ കണ്ടെത്തിയെന്നും ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കാൻ മാത്രമായിരുന്നു അനുമതി നൽകിയിരുന്നതെന്നുമാണ്. അങ്ങനെയെങ്കിൽ 54122 വീടുകൾ ഒന്നാം ഘട്ടത്തിലുണ്ടെന്നും അതിലുള്ള 52455 വീടുകൾ പൂർത്തീകരിച്ചുവെന്നും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഭൂരഹിതരായ 1,77,972 പേരെ കണ്ടെത്തിയെങ്കിലും രേഖകൾ പരിശോധിച്ചശേഷം 1,03,124 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അന്തിമ ഗുണഭോക്തൃ പട്ടിക 2017-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പട്ടികയിലുള്ള എത്ര ആളുകൾക്ക് പണം നൽകി? ഇതുവരെ നമ്മൾ കണ്ടെത്തിയ ഭൂമിയില്ലാത്ത

ഭവനരഹിതരുടെ എണ്ണം 1,35,769 ആണെന്നും ഇതിൽ 9,146 ആളുകൾക്ക് മാത്രമെ ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളുവെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 01-02-2023-ന് സഭയിൽ എനിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അതിൽ എത്രപേർ വീട് നിർമ്മിച്ചു? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച റിപ്പോർട്ട് നിങ്ങൾ കൊടുത്തിട്ടുണ്ടാകുമല്ലോ, മുഖ്യമന്ത്രിക്ക് വളരെയേറെ താത്പര്യമുള്ള വിഷയമല്ലേ, ലൈഫ് പദ്ധതി ഇവിടെ കൊണ്ടുവന്നത് അങ്ങാണല്ലോ. 4,928 ആളുകളുടെ വീട് നിർമ്മാണം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അടിമാലി ഗ്രാമപഞ്ചായത്തിൽ 163 പേർക്ക് ഭവനസമുച്ചയത്തിൽ പാർപ്പിടം നൽകിയെന്ന് 2023-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഡയറിയുടെ 108-ാമത്തെ പേജിൽ പറയുന്നുണ്ട്. നിങ്ങൾ പണം കൊടുത്തത് എവിടെയാണ്? ത്രിതല പഞ്ചായത്തുകൾക്ക് ഭവന നിർമ്മാണത്തിന് അനുവദിക്കാവുന്ന തുക 2 ലക്ഷം രൂപയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തും അതിനുമുമ്പ് എൽ.ഡി.എഫ്. ഭരണകാലത്തും അങ്ങനെതന്നെയായിരുന്നു. 1996-ൽ ജനകീയാസൂത്രണ പദ്ധതി നിലവിൽവന്നതുമുതൽ പഞ്ചായത്തുകൾ ഗ്രാമസഭകൾ വിളിച്ചുചേർത്ത് അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃ ലിസ്റ്റുണ്ടാക്കി ഗ്രാമസഭയിൽവച്ച് അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുകയും

ചെയ്യുന്ന പതിവാണുണ്ടായിരുന്നത്. കഴിഞ്ഞപ്രാവശ്യം നിങ്ങൾ അധികാരത്തിൽവന്നപ്പോൾ വീട് നിർമ്മാണത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി മാത്രമായി ഒരു ഫിനാൻസ് കമ്പനി രൂപീകരിക്കുമെന്നായിരുന്നു അന്ന് മുഖ്യമന്ത്രി പറഞ്ഞത്. നിങ്ങൾ ഇതുവരെ അങ്ങനെയൊരു കമ്പനി രൂപീകരിച്ചിട്ടുണ്ടോ? ഇല്ല. സഹകരണ വകുപ്പുമായോ, സഹകരണ ബാങ്കുമായോ ബന്ധപ്പെടുത്തിക്കൊണ്ട് ഓരോ പഞ്ചായത്തും അപേക്ഷ ക്ഷണിക്കുകയും ലോണിനുള്ള ഗ്യാരന്റി സർക്കാർ നൽകുകയും ചെയ്തുകൊണ്ട് പദ്ധതി നടപ്പിലാക്കണമെന്ന് മുമ്പേ ഞങ്ങൾ പറഞ്ഞിരുന്നതാണ്. എന്നാൽ നിങ്ങൾ ചെയ്തത് എന്താണ്? നിങ്ങൾ എല്ലാം സെൻട്രലൈസ് ചെയ്തു. അങ്ങനെവന്നപ്പോൾ പഞ്ചായത്തുകൾക്ക് അതിനുള്ള അധികാരം നൽകിയില്ല. ഗ്രാമസഭ കൂടിയാണ് അംഗീകാരം നൽകിയതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുകയുണ്ടായി; ഗ്രാമസഭ വിളിച്ചുചേർക്കാതെ ആനുകൂല്യങ്ങൾ നൽകാൻ കഴിയില്ല. ഇതുസംബന്ധിച്ച് നിങ്ങൾ ധാരാളം മാനദണ്ഡങ്ങൾ തയ്യാറാക്കിവച്ചിട്ടുണ്ട്. അവയ്ക്ക് വിധേയമായി മാത്രമെ ഗ്രാമസഭകൾക്ക് അംഗീകാരം നൽകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത മാനദണ്ഡം നിങ്ങൾ വായിച്ചു നോക്കിയിട്ടുണ്ടോ? ഫേസ് 2-ൽ സ്വന്തമായി ഭൂമിയുള്ള വിഭാഗത്തിൽ 87495 വീടുകൾ പൂർത്തിയാക്കി. എന്നാൽ

ഭൂമിയില്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ട ഫേസ് 3-ൽ 4928 വീടുകളാണ് പൂർത്തീകരിച്ചത്. വീട് നിർമ്മാണത്തിനായി മുൻകാലത്തുണ്ടായിരുന്ന കേന്ദ്രപദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ (IAY) പേരുമാറ്റുകയും ഇന്ന് അത് പ്രധാൻമന്ത്രി ആവാസ് യോജന (PMAY) എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 70454 വീടുകൾ നൽകിയത്. പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിയിൽ 19171-ഉം പട്ടികജാതി വകുപ്പുവഴി 22605-ഉം പട്ടികവർഗ്ഗ വകുപ്പുവഴി 2898-ഉം ഫിഷറീസ് വകുപ്പുവഴി 4718-ഉം ന്യൂനപക്ഷ ക്ഷേമവകുപ്പ് വഴി 2363-ഉം അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തി 1883-ഉം വീടുകൾ പൂർത്തീകരിച്ചു നൽകിയെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇക്കഴിഞ്ഞ 5 വർഷംകൊണ്ട് എത്ര വീടുകൾ പൂർത്തീകരിച്ചു? 2,79,131 വീടുകൾ എന്ന് നിങ്ങൾ ഉത്തരം പറയുകയാണെങ്കിൽ അതിൽ ഏകദേശം 52,455 വീടുകൾ നിങ്ങളുടെ ഭരണകാലത്തിന് പത്തും പന്ത്രണ്ടും കൊല്ലം മുമ്പ് പണിതുടങ്ങി പൂർത്തീകരിക്കാത്തവയാണ്. ആ കണക്കാണ് നിങ്ങൾ നൽകിയിരിക്കുന്നത്. പഴയ ഗുണഭോക്തൃ പട്ടിക പൂർണ്ണമാകുന്നതിനുമുമ്പ് നിങ്ങൾ 2020-ൽ വീണ്ടും പുതിയതായി അപേക്ഷ ക്ഷണിച്ചു. അതിനുശേഷം ഗുണഭോക്താക്കളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാൻ നീണ്ട രണ്ടുകൊല്ലം

വേണ്ടിവന്നു. 2020-ൽ ക്ഷണിച്ച അപേക്ഷകളുടെ പട്ടിക അന്തിമരൂപം നൽകി പ്രസിദ്ധീകരിച്ചത് 2022 ആഗസ്റ്റ് 31-ാം തീയതി മാത്രമാണ്. എന്തൊരു വേഗം... അതിവേഗം അല്ലേ! അതിലെ അപേക്ഷകരുടെ എണ്ണം 9,20,260 ആയിരുന്നെങ്കിൽ അതിൽനിന്നും അർഹരായി കണ്ടെത്തിയത് 5,61,033 പേരെയാണ്, വെറും 64 ശതമാനം മാത്രം. ഇതിൽത്തന്നെ സ്വന്തമായി ഭൂമിയുള്ളവരുടെ അപേക്ഷകൾ 6,41,652 എണ്ണമായിരുന്നെങ്കിൽ അർഹരാണെന്ന് കണ്ടെത്തിയത് 3,65,776 പേരെ ആയിരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത അപേക്ഷകരുടെ എണ്ണം 2,78,608 ആയിരുന്നെങ്കിൽ നിങ്ങളുടെ മാനദണ്ഡപ്രകാരം കണ്ടെത്തിയ അർഹർ 1,95,257 പേർ മാത്രമാണ്. ഇത്തരത്തിലുള്ള മാനദണ്ഡപ്രകാരം എങ്ങനെയാണ് ആനുകൂല്യം കൊടുക്കാൻ കഴിയുന്നത്; അനാഥർ എന്ന വിഭാഗം നിങ്ങളുടെ മാനദണ്ഡത്തിൽ വന്നോ? വന്നിട്ടില്ല, നിങ്ങൾ ധാരാളം മാനദണ്ഡങ്ങൾ വച്ചപ്പോൾ അതിൽ അനാഥർ വന്നില്ല. ഒരു സംഭവം പറയാം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലെ നന്നമ്പ്ര പഞ്ചായത്തിൽ ഒരു ആദിവാസി കുടുംബമുണ്ട്. അവിടെയുള്ള അനാഥരായ മൂന്ന് പെൺകുട്ടികൾ വല്ല്യമ്മയുടെയും അമ്മാവന്റെയും ഒപ്പമാണ് താമസിക്കുന്നത്. ലൈഫ് പദ്ധതിയുടെ ചട്ടപ്രകാരം ഇവരെ കുടുംബമായി പരിഗണിക്കാൻ

സാധിക്കില്ലെന്നാണ് പറയുന്നത്. ആ കുട്ടികളുടെ പ്രയാസം കണ്ടപ്പോൾ ആ നാട്ടിലെ നല്ലവനായ ഒരു മനുഷ്യൻ, (അയൽവാസി) 3 സെന്റ് ഭൂമി വീട് നിർമ്മിക്കാൻ വിട്ടുകൊടുത്തു. അങ്ങനെ ഭൂമി ലഭ്യമായപ്പോൾ അവർ വീടിന് ലൈഫ് പദ്ധതിയിൽ അപേക്ഷ കൊടുത്തു. അപേക്ഷ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സൈറ്റ് വിസിറ്റിന് വന്നപ്പോൾ ഇവർ കുടുംബമില്ലാത്ത അനാഥരായ പെൺകുട്ടികളാണെന്ന് കണ്ടെത്തി. കുടുംബമില്ലാത്തവർക്ക് വീടുകൊടുക്കാൻ മാനദണ്ഡപ്രകാരം സാധിക്കില്ലെന്നും നിങ്ങൾ കല്യാണം കഴിക്കണമെന്നുമാണ് ലൈഫ് മിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർ അവിടെവച്ച് ഈ കുട്ടികളോട് പറഞ്ഞത്. നിങ്ങൾക്ക് നാണമുണ്ടോ! ആനുകൂല്യത്തിനായി വന്നവരോട് മാനദണ്ഡം ചൂണ്ടിക്കാണിച്ച് കല്യാണം കഴിക്കണമെന്നാണ് പറഞ്ഞത്. പഞ്ചായത്ത് ആ ഉത്തരവാദിത്വം ഏറ്റെടുക്കുമെന്ന് പറഞ്ഞെങ്കിലും ചെയ്യാൻ കഴിഞ്ഞില്ല. ഇത് പാവം ആദിവാസി കുട്ടികളുടെ കാര്യമാണ്. നിങ്ങൾ വെറുതെ എന്തെങ്കിലും പറയാതിരിക്കു, ഇതെല്ലാം വസ്തുതകളാണ്. കാര്യങ്ങൾ പഠിച്ച് ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കണം; പാവപ്പെട്ടവർക്ക് വീട് നൽകണം. ആ കാഴ്ചപ്പാടിൽ പറയുന്ന കാര്യങ്ങളെ കാണണം. പറയുന്നത് ആരാണെന്ന് നോക്കേണ്ടതില്ല, പറയുന്നതിൽ കാര്യമുണ്ടോയെന്ന് നോക്കിയാൽ മതി,

അതാണ് നല്ലത്. ലൈഫ് പദ്ധതിയിൽ വീട് നിർമ്മിച്ച ലഭിക്കുന്നതിനായി ഈ കുട്ടികൾ രണ്ട് വർഷമായി നടക്കുന്നു. തടസ്സവാദമുന്നയിച്ചത് എഗ്രിമെന്റ് ഒപ്പിടാൻ ചെല്ലുന്ന സമയത്താണ്. അവർ അനാഥരാണ്, കുടുംബമായിട്ടില്ല. സർക്കാരിന്റെ പരിപാടി കല്യാണം നടത്തിക്കൊടുക്കുന്നതാണോ? കല്യാണവും കഴിച്ച് കുടുംബമായാൽ മാത്രമെ മാനദണ്ഡപ്രകാരം വീട് കൊടുക്കുകയുള്ളൂവെന്ന നിബന്ധനയെക്കുറിച്ച് നിങ്ങൾ ആലോചിച്ച് നോക്കു. ഒറ്റയ്ക്ക് താമസിക്കുന്നവർക്കും അനാഥർക്കും വീട് ആവശ്യമില്ലേ? അഗതികളെയും വിധവകളെയും മാറാരോഗം ബാധിച്ചവരെയും ഉൾപ്പെടുത്തണമെന്ന് നിങ്ങൾ എഴുതിയിട്ടുണ്ടല്ലോ? ഇതിലും അപ്പുറമാണ് കോഴിക്കോട് ജില്ലയിലുണ്ടായ മറ്റൊരു സംഭവം. കോഴിക്കോട് കുരാച്ചുണ്ടിൽ പഞ്ചായത്ത് ഓഫീസിന് മുമ്പിൽ കുടികിടപ്പ് അവകാശത്തിനായി സമരം നടത്തുകയുണ്ടായല്ലോ; ഓട്ടപ്പാല സ്വദേശിയായ സരോജിനി പഞ്ചായത്ത് ഓഫീസിന് മുമ്പിലേയ്ക്ക് താമസം മാറ്റി. എന്താണ് അതിനുള്ള കാരണം? .....(ബഹളം)..... മേൽക്കൂരയായി ടാർപോളിൻ ഇട്ടിരിക്കുന്ന വീട്ടിലാണ് സരോജിനിയും ഭർത്താവ് ഗോപാലനും താമസിക്കുന്നത്. ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടിയുള്ള പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽനിന്ന് അവർ പുറത്തായിരിക്കുകയാണ്. ഇതുമായി

ബന്ധപ്പെട്ട് 2022 ഒക്ടോബർ മാസം ഇറക്കിയ ഒരു സർക്കുലർ നിലവിലുണ്ട്. ഇവിടെ 5,65,000-ൽപ്പരം ആളുകളുടെ കണക്ക് പറയുന്നുണ്ടല്ലോ? ജനറൽ സെക്ടറിൽ 4 ലക്ഷം പേർക്ക് വീട് ലഭ്യമാകാനുണ്ടെന്ന കണക്കാണ് ഞാനും പറയുന്നത്. ഈ നാല് ലക്ഷം പേർക്ക് ഈ ഗവൺമെന്റിന് ശേഷിക്കുന്ന മൂന്ന് കൊല്ലംകൊണ്ട് വീട് നൽകാൻ കഴിയുമോ? എന്താണ് പുതിയ സർക്കുലറിൽ പറഞ്ഞിരിക്കുന്നത്? 2017-ൽ പഞ്ചായത്തിൽ നിലനിന്നിരുന്ന അന്തിമ പട്ടികയിൽ 100 ആളുകൾ ഉണ്ടാവുകയും അതിൽ 80 പേർ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് 'ഹഡ്കോ'-ൽനിന്നും 2,20,000 രൂപ ലഭിക്കും; ബാക്കി ആ ലിസ്റ്റിൽ 20 ആളുകളേ അവശേഷിക്കുന്നുള്ളൂവെങ്കിൽ 2022-ൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ ആദ്യത്തെ മുൻഗണന പട്ടികവർഗ്ഗക്കാർക്കും അടുത്തതായി പട്ടികജാതിക്കാർ, അതിദരിദ്രർ എന്നീ ക്രമത്തിലുമായിരിക്കണം എന്നാണ് പറയുന്നത്. ബാക്കിവരുന്ന ജനറൽ സെക്ടറിലുള്ളവർക്ക് എവിടെ നിന്ന് പണം കൊടുക്കുമെന്ന് അതിൽ പറഞ്ഞിട്ടില്ല. അതെല്ലാം പഞ്ചായത്തിന്റെമേൽ എന്നാണോ പറയുന്നത്. 40,000 രൂപ ഗ്രാമപഞ്ചായത്ത്, 20,000 രൂപ ബ്ലോക്ക് പഞ്ചായത്ത്, 20,000 രൂപ ജില്ലാപഞ്ചായത്ത്, 2,20,000 രൂപ ഹഡ്കോ വായ്പ, 1 ലക്ഷം രൂപ

സർക്കാർ എന്നിങ്ങനെയാണ് 4,00,000 രൂപ ധനസഹായം നൽകുന്നത്. പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് നിങ്ങൾ വായ്പ കൊടുക്കുമെന്ന് പറയുന്നില്ല, 2023-ലെ അലോക്കേഷൻ മാർച്ച് 31-ന് അവസാനിക്കും. ഞാൻ കഴിഞ്ഞ പ്രാവശ്യം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോഴും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതെല്ലാം കേൾക്കുമ്പോൾ ചിരി വരും; കാരണം എക്സ്പെൻഡിച്ചറാകാതെ അടുത്തദിവസം മുതൽ കോടികൾ ഖജനാവിലേയ്ക്ക് വരികയാണല്ലോ. 2022-23 വർഷത്തിലും ഭവന പദ്ധതിക്ക് എക്സ്പെൻഡിച്ചർ ഉണ്ടാകില്ല. ജനറൽ സെക്ടറിൽ എഗ്രിമെന്റ് വയ്ക്കണമെന്ന് ഞാൻ പറയുന്നതല്ല; ഇക്കാര്യം സർക്കാരിന്റെ സർക്കുലറിൽത്തന്നെ പറഞ്ഞിരിക്കുന്നതാണ്. പിന്നെ എങ്ങനെയാണ് പദ്ധതി നടപ്പിലാകുന്നത്? അതുകൊണ്ട് ഇതിലെ അപാകതകൾ തിരുത്തണം. പഞ്ചായത്തുകൾക്ക് അധികാരം തിരിച്ചുകൊടുക്കണം, പഞ്ചായത്തുകൾ ഗ്രാമസഭ ചേർന്ന് ഗുണഭോക്തൃ പട്ടിക തയ്യാറാക്കണം. സർക്കാർ അവർക്ക് വായ്പയെടുക്കാനുള്ള സൗകര്യം നൽകുകയും അതിന്റെ പലിശ വഹിക്കുകയും വേണം. ഈ ഉത്തരവിൽ പറയുന്ന മറ്റൊരു കാര്യം, ഇതിനായി സമാഹരിക്കുന്ന ലോൺ തിരിച്ചടവിനായുള്ള 25 ശതമാനം തുക, പഞ്ചായത്തുകൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽനിന്നും തിരിച്ചുപിടിക്കുമെന്നാണ്. അത്തരത്തിലൊരു

ഉത്തരവും ഇറക്കിയിട്ടുണ്ട്. പിന്നെ നിങ്ങൾക്ക് ഈ പദ്ധതിയിൽ എന്ത് അവകാശമാണുള്ളത്; പദ്ധതി ത്രിതല പഞ്ചായത്തുകളുടേതല്ലേ? പഞ്ചായത്തുകൾ മുൻകാലങ്ങളിൽ ചെയ്ത പദ്ധതിക്ക് തുരങ്കം വച്ചിരിക്കുകയാണ്. ആ നടപടിയിലെ തെറ്റുതിരുത്തിക്കൊണ്ട്, സാധാരണക്കാരായ വീടില്ലാത്തവർക്ക് വീട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഇത്രയും ഗൗരവമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ശ്രീ. പി. കെ. ബഷീർ ഉന്നയിച്ചത്: ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കായിരുന്നുവെന്നും ഇപ്പോൾ ആ അധികാരം സർക്കാർ കവർന്നെടുത്തിരിക്കുന്ന സാഹചര്യത്തിൽ അത് തിരികെ പഞ്ചായത്തുകൾക്ക് നൽകണമെന്നുമാണ്. എന്നാൽ ഇപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് (പഞ്ചായത്തും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും) ഇത് ചെയ്തുകൊണ്ടിരിക്കുന്നത് എന്നതാണ് വസ്തുത. ആരാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്? ഗ്രാമസഭ ചേർന്ന് ആ ഗ്രാമസഭയിൽ അല്ലെങ്കിൽ വാർഡ് സഭയിൽ അംഗീകരിക്കുന്ന ലിസ്റ്റ്,

തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതികൾക്ക് ഭേദഗതി ചെയ്യാനുള്ള അധികാരമുണ്ട്. അന്തിമമായി ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ലൈഫ് മിഷൻ അതിന് അംഗീകാരം കൊടുക്കുക മാത്രമെ ചെയ്യുന്നുള്ളൂ. അടിസ്ഥാനരഹിതമായ കാര്യമാണ് ഏറ്റവും വലിയ ആക്ഷേപമായി ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. സർക്കാർ ചെയ്യുന്ന തെറ്റ് എന്താണ്? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2,20,000/- രൂപ വായ്പാവിഹിതമായി നൽകുന്നതാണോ തെറ്റ്; അതോ 1,00,000/- രൂപ സംസ്ഥാന സർക്കാരിന്റെ ഷെയറായി കൊടുക്കുന്നുവെന്നുള്ളതാണോ? യഥാർത്ഥത്തിൽ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ശ്രീ. പി. കെ. ബഷീർ മനസ്സിലാക്കേണ്ട കാര്യം, ഇന്ത്യയിൽ ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ കൊടുക്കുന്ന ഒരൊറ്റ സംസ്ഥാനമേയുള്ളൂ; അത് കേരളമാണ്. കണക്കുകൾ പരിശോധിക്കുമ്പോൾ അതിനോടടുത്തുവരുന്ന തുക നൽകുന്നത് ആന്ധ്രാപ്രദേശിലാണ്. അത് ഒരുലക്ഷത്തി എൺപതിനായിരം രൂപ മാത്രമാണ്. ....(ബഹളം)... ഞാൻ വസ്തുതകൾ പറയുമ്പോൾ പ്രതിപക്ഷം എന്തിനാണ് അസ്വസ്ഥരാകുന്നത്;

മൂന്ന് ലക്ഷത്തി ഇരുപത്തി മൂവായിരത്തിലധികം പേർക്ക് 4 ലക്ഷം രൂപവച്ച് കൊടുത്തെന്ന് പറഞ്ഞാൽ ഏകദേശം പതിനാലായിരം കോടിരൂപ ഇതിനോടകം ചെലവഴിച്ചുവെന്നാണ് ഇതിൽനിന്നും നിങ്ങൾ മനസ്സിലാക്കേണ്ടത്. ഇന്ത്യയിൽ എവിടെയാണ് ഇത്തരത്തിലുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്? ശ്രീ. പി. കെ. ബഷീർ ഇവിടെ കുറെ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അദ്ദേഹം മണ്ഡലത്തിലെ കാര്യങ്ങൾ നന്നായി മനസ്സിലാക്കുന്ന ആളാണെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ഏറനാട് മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ് എടവണ്ണ പഞ്ചായത്ത്. അക്കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടാകില്ലല്ലോ; എടവണ്ണ പഞ്ചായത്തിൽ ഈ വർഷം 200 പേരുടെ ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ചുകഴിഞ്ഞിട്ടുണ്ട്. .....(ബഹളം)..... ശ്രീ. പി. കെ. ബഷീറിന് അവിടത്തെ എം.എൽ.എ.-എന്ന നിലയ്ക്ക് സന്തോഷിക്കാനുള്ള കാര്യമാണ് പറയുന്നത്, അങ്ങ് അതിനും പ്രതിഷേധിച്ചാൽ എന്തുചെയ്യാൻ കഴിയും; ഇരുന്നൂറ് പേരിൽ എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ട 120 പേരും ജനറൽ വിഭാഗത്തിലെ 80 പേരും എഗ്രിമെന്റ് വച്ചതാണ്. അങ്ങതിൽ ദു:ഖിക്കുകയാണോ? സന്തോഷിക്കുകയല്ലേ വേണ്ടത്. ശ്രീ. എ. പി. അനിൽ കുമാറിന്റെ വണ്ടൂർ

മണ്ഡലത്തിൽ വെട്ടത്തൂർ പഞ്ചായത്തിൽ 102 പേർക്ക് ആദ്യഗഡു വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ശ്രീ. പി. കെ. ബഷീർ ഒരു ടെലിവിഷൻ ചാനലിൽ വന്ന വാർത്ത ഉദ്ധരിക്കുകയുണ്ടായി. ആ വാർത്ത ഉദ്ധരിച്ചുകൊണ്ടാണ് പട്ടികജാതിക്കാരുടെ അവസ്ഥയെക്കുറിച്ച് അദ്ദേഹം ആക്ഷേപം ഉന്നയിച്ചത്. ഈ വാർത്തയിൽ ഉൾപ്പെട്ട സംഭവത്തിൽ ഒമ്പതുപേരടങ്ങുന്ന ആ കുടുംബത്തിന് ഒരു റേഷൻ കാർഡാണുള്ളത്. റേഷൻ കാർഡിന്റെ നമ്പരും എന്റെ കയ്യിലുണ്ട്. ഇവർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്, ഇവർക്ക് കോൺക്രീറ്റ് ചെയ്ത പക്കാവീട് നിലവിലുണ്ട്. പക്ഷെ ആ വീടിന്റെ ചിത്രമല്ല വാർത്തയിൽ കാണിച്ചിരിക്കുന്നത്. തെറ്റിദ്ധരിപ്പിക്കുന്ന സ്ഥിതിയാണ് അതിലുണ്ടായത്. ഈ റേഷൻ കാർഡിലുൾപ്പെട്ട കുടുംബത്തിന് കോൺക്രീറ്റ് വീട് ഉണ്ടെന്നുള്ളതുകൊണ്ടും അത് നിലനിൽക്കെ അതിൽ ഉൾപ്പെട്ട വേറൊരാൾക്ക് വീട് കൊടുക്കണമെന്നുമായതുകൊണ്ടാണ് നടക്കാതെ പോയത്. ഒമ്പത് പേരുള്ള ഒറ്റ കുടുംബമാണ്, ഒരു റേഷൻ കാർഡാണ്. കുടുംബമെന്ന നിർവ്വചനത്തിൽ പട്ടികജാതികാർക്കും മത്സ്യത്തൊഴിലാളികൾക്കും 2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം വ്യത്യസ്ത വീടുകളിൽ താമസിക്കുന്നവരാണെങ്കിലും ഒരേവീട്ടിൽ വ്യത്യസ്ത

അടുക്കളയാണെങ്കിലും വിവാഹം കഴിഞ്ഞ് ഒരു വർഷത്തിലേറെയായി വീടില്ലാത്തതുകൊണ്ടുമാത്രം മറ്റ് വീട്ടിൽ താമസിക്കുന്നവരാണെങ്കിലും ഇങ്ങനെയുള്ളവർ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വ്യത്യസ്ത കുടുംബങ്ങളായി പരിഗണിച്ചുമാത്രമെ ആനുകൂല്യം നൽകാനാകുകയുള്ളൂ. പക്ഷെ ഇതിലുള്ള വ്യക്തി ഈ ഒരു വിഭാഗത്തിലും വരാത്തതുകൊണ്ടാണ് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുന്ന നടപടി സ്വീകരിക്കാതിരുന്നത്. അതാണ് വസ്തുത. അങ്ങ് പറയുമ്പോൾ 'അശ്വത്ഥാമാ ഹതഃ' എന്ന് ഉറക്കെയും 'കുഞ്ജരഃ' എന്ന് പതുക്കെയും പറയുന്നതുപോലെ പറയരുത്. പക്കാ കോൺക്രീറ്റ് വീടുള്ള കാര്യമാണ് പറഞ്ഞതെന്നുള്ള വസ്തുതകൂടി പറയണം. എങ്കിലും, ഇതിലേതെങ്കിലും ഒരു വിഭാഗത്തിൽ വരുമെങ്കിൽ അവരെ ഉൾപ്പെടുത്താൻ കഴിയുമായിരുന്നു. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റേതായ കുറച്ച് കണക്കുകൾ ഉദ്ധരിക്കുകയുണ്ടായി. സർക്കാരിന്റെ കണക്ക് കൃത്യമായി ഇവിടെ പറഞ്ഞതുകൂടാതെ നിയമസഭയിൽ പലപ്രാവശ്യമായി മറുപടി നൽകിയിട്ടുള്ളതുമാണ്. അദ്ദേഹം ആ കണക്കുകൾ ഉദ്ധരിക്കുന്നത് നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നാണ് തോന്നുന്നത്. കെ.പി.സി.സി., ആയിരം പ്രളയ ദുരിതാശ്വാസ വീടുകൾ

നിർമ്മിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചതാണ്; അന്നത്തെ കെ.പി.സി.സി. പ്രസിഡന്റുമാണ്, ഞാൻ ആക്ഷേപമെന്നും ഉന്നയിക്കില്ല. ഇത് (പത്ര കട്ടിംഗ് ഉയർത്തികാട്ടി) കോൺഗ്രസ് പ്രസിദ്ധീകരിച്ചതാണ്. ഇതുവരെ ലഭിച്ച തുക 3.43 കോടിരൂപ; പണി പൂർത്തിയാക്കിയത് 450 വീടുകൾ, പണി നടക്കുന്നത് 348 വീടുകൾ. ഇതിൽ എന്താണ് വസ്തുത? നാല്പത്തിയാറ് വീടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞതെന്നാണ്. ....(ബഹളം)..... ഇത് പത്രത്തിൽ വന്ന കണക്കാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്....ബഹുമാനപ്പെട്ട മന്ത്രി അങ്ങ് മറുപടി പറയണം.... ....(ബഹളം)..... കൗണ്ടർ ആർഗ്യുമെന്റ് വാക്കൗട്ട് സ്പീച്ചിൽ പറയണം.

<u>ശ്രീ. എം. ബി. രാജേഷ്:</u> സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വാക്കൗട്ട് പ്രസംഗത്തിൽ എത്ര വീട് നിർമ്മിച്ചുവെന്ന് പറയാം. ഞാൻ ബഹുമാന്യരായ കോൺഗ്രസ് എം.എൽ.എ.-മാരെ വെല്ലുവിളിക്കുന്നു. നിങ്ങൾ നിർമ്മിച്ച ആയിരം വീടുകൾ ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് കൊടുത്തതെന്ന പട്ടിക പ്രസിദ്ധീകരിക്കാൻ തയ്യാറാണോ; നമ്മൾ തമ്മിൽ തർക്കത്തിന്റെ ആവശ്യമില്ല. എന്നാൽ ആയിരം വീടുകളുടെ പട്ടിക ഏത് ഗുണഭോക്താക്കൾക്കാണ് കൊടുത്തതെന്ന് പ്രസിദ്ധീകരിച്ചാൽ ഈ തർക്കം അവിടെ തീരും. .....(ബഹളം) ..... ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് എത്ര

വീടുകളാണ് നിർമ്മിച്ചുകൊടുത്തത്; അവസാന നിയമസഭാ സമ്മേളനം 2016 ഫെബ്രുവരിയിലായിരുന്നു. ആ സമ്മേളനത്തിൽ കോടിയേരി ബാലകൃഷ്ണന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3204-ന് കൊടുത്ത മറുപടിയിൽ വിശദാംശങ്ങൾ അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്. കോഴിക്കോട് ബംഗ്ലാദേശ് കോളനി ഘട്ടം ഒന്ന് - 218, സാഫല്യം ആദ്യഘട്ടം - 48, ഗൃഹശ്രീ ഭവന പദ്ധതി 2013-14 ൽ 525, 2014-15-ൽ 709, 2015-16-ൽ 1500 എണ്ണം എന്നിങ്ങനെയാണ് 2013-14-മുതൽ 2015- 2016 വരെ യു.ഡി.എഫ്. സർക്കാർ നിർമ്മിച്ചുകൊടുത്തത്. ഇത് നിയമസഭയിൽ നൽകിയ മറുപടിയാണ്. ....(ബഹളം)..... എങ്ങനെയാണ് പ്രതിപക്ഷം വസ്തുതകളുടെയും കണക്കുകളുടെയും മുന്നിൽ പകച്ചുപോകുന്നതെന്നതിന്റെ ഉദാഹരണമാണ് ഇത് വ്യക്തമാക്കുന്നത്. അന്നത്തെ മുഖ്യമന്ത്രി നിയമസഭയിൽ കൊടുത്ത ചോദ്യത്തിന്റെ ഉത്തരമാണ് ഞാനിവിടെ പറഞ്ഞത്. ഇതാണ് ഇക്കാര്യത്തിലെ വസ്തുത. കേന്ദ്ര സർക്കാർ അടിച്ചേല്പിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെയും കൊടിയ വിവേചനത്തിന്റെയും പശ്ചാത്തലത്തിലാണ് കേരളം ഏറ്റവും ഉയർന്ന തുക വീടുവയ്ക്കാൻ കൊടുക്കുന്നതും ഏറ്റവും കൂടുതൽ ആളുകൾക്ക് വീടുവച്ച് കൊടുത്തിട്ടുള്ളതുമെന്ന് പ്രതിപക്ഷം ഓർക്കണം. 2020-ലെ മിഷൻ

അന്ത്യോദയ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന കണക്ക് ഞാൻ സൂചിപ്പിക്കാം. ഇപ്പോൾ സംസ്ഥാനങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതിക്കുള്ള സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്രയാണെന്ന് ഇതിൽ പറയുന്നുണ്ട്. കേരളത്തിൽ ഭവനപദ്ധതിയുടെ 85 ശതമാനവും സംസ്ഥാന വിഹിതമാണ്. കേന്ദ്ര സ്കീമിൽനിന്ന് ലഭിച്ചത് 15 ശതമാനം മാത്രമാണ്. ഉത്തർപ്രദേശിൽ കേന്ദ്ര വിഹിതം 69 ശതമാനം. ഈ വിവേചനത്തെയാണ് നിങ്ങൾ കാണേണ്ടതും ചോദ്യം ചെയ്യേണ്ടതും. എന്നാൽ അത് ചോദ്യം ചെയ്യാൻ നിങ്ങൾ തയ്യാറാകുന്നില്ല. PMAY (Pradhan Mantri Awas Yojana (Gramin) പദ്ധതിയിൽ സെൻട്രൽ അസിസ്റ്റൻസ് നൽകിയിരിക്കുന്നത് ഇന്ത്യയിൽ ആകെ 8 ലക്ഷം കോടി രൂപയും സ്റ്റേറ്റ് അസിസ്റ്റൻസ് ആയി നൽകിയിരിക്കുന്നത് 15 ലക്ഷം കോടി രൂപയുമാണ്. ഇതിന്റെ ബാധ്യത പ്രധാനമായും സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. അതിൽ കേരളത്തിന് വെറും 15 ശതമാനമാണ് കേന്ദ്രവിഹിതം എന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണം. അത് മനസ്സിലാക്കാതെ മറ്റെല്ലാകാര്യത്തിലും എന്നപോലെ ഇക്കാര്യത്തിലും കേരള സർക്കാരിനെ ആക്രമിക്കാൻ തയ്യാറാകുകയാണ് നിങ്ങൾ ചെയ്യുന്നത്. നിങ്ങൾക്ക് 18 എം.പി.-മാരുണ്ടല്ലോ; അവർ ഈ അന്യായവും വിവേചനവും അവിടെ ചോദ്യം

ചെയ്യാൻ തയ്യാറായിട്ടുണ്ടോ? എന്നിട്ട് നിങ്ങൾ ഇവിടെവന്ന് ബഹളമുണ്ടാക്കുകയാണ്. 3,23,000 വീടുകൾ പൂർത്തിയാക്കി തക്കോൽ കൊടുത്ത സർക്കാരിന് എതിരെയാണ് നിങ്ങൾ ബഹളമുണ്ടാക്കുന്നത്. ഇക്കാര്യത്തിൽ നിങ്ങൾക്ക് കേന്ദ്രത്തിൽപോയി ചോദ്യം ചെയ്യാനുള്ള ധൈര്യമുണ്ടോ? കേരളത്തിനുവേണ്ടി പോരാടാമെന്ന് പറഞ്ഞാണല്ലോ കഴിഞ്ഞ തവണ നിങ്ങളെല്ലാവരും പാർലമെന്റിലേയ്ക്ക് ജയിച്ചുപോയത്. ഇതുസംബന്ധിച്ച് പാർലമെന്റിൽ ഒരു ചോദ്യമെങ്കിലും നിങ്ങൾ ഉന്നയിച്ചിട്ടുണ്ടോ? അതിനിടയിൽ ഒരു ചോദ്യം അശരീരിപോലെ ഉയർന്നു കേൾക്കുകയുണ്ടായി. കെ.പി.സി.സി.-യുടെ വീടിന്റെ കണക്ക് പറഞ്ഞപ്പോൾ സി.പി.എം നിർമ്മിച്ചുനൽകിയ വീടുകൾ എത്രയാണെന്ന ചോദ്യം വന്നു. സി.പി.എം 1273 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 750 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പ്രതിപക്ഷത്തിന്റെ ഈ അടിയന്തരപ്രമേയ നോട്ടീസിൽ ഒരു അത്ഭുതത്തിനും വകയില്ല. കാരണം, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് യു.ഡി.എഫ്. കൺവീനറായ ശ്രീ. എം. എം. ഹസ്സൻ പറഞ്ഞത്, ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി അവസാനിപ്പിക്കുമെന്നാണ്. അനന്തമായ കാത്തിരിപ്പാണെന്ന് ശ്രീ. പി. കെ. ബഷീർ ഇവിടെ പറയുകയുണ്ടായി. ഇനി കാത്തിരിക്കാൻപോലും

വകയുണ്ടാകില്ലെന്നാണ് പ്രഖ്യാപിച്ചത്. യു.ഡി.എഫ്.-കാർ ലൈഫ് പദ്ധതി അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിക്കുക മാത്രമല്ല ഈ പദ്ധതി അവസാനിപ്പിക്കാൻ മോദി സർക്കാരുമായി ഗൂഢാലോചന നടത്തുകയും സി.ബി.ഐ.-യെ സമീപിക്കുകയും ചെയ്തവരാണ്. ആ എം.എൽ.എ. ഇപ്പോൾ സഭയിലില്ല. സി.ബി.ഐ.-ക്ക് പരാതി കൊടുത്തില്ലേ? കേരളത്തോട് കാണിക്കുന്ന വിവേചനം ചോദ്യം ചെയ്യുകയല്ല നിങ്ങൾ ചെയ്തത്. കേന്ദ്ര സർക്കാരുമായും കേന്ദ്ര അന്വേഷണ ഏജൻസികളുമായും ചേർന്ന് കേരളത്തിലെ പാവപ്പെട്ട മനുഷ്യന്റെ 'വീട്' എന്ന സ്വപ്നം അട്ടിമറിക്കാൻ ഗൂഢാലോചന നടത്തുകയാണ് ചെയ്തത്. അതിന്റെ തുടർച്ചയായാണ് ഇപ്പോൾ ലൈഫ് മിഷനെതിരെ അടിസ്ഥാന രഹിതമായ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഈ അടിയന്തരപ്രമേയ നോട്ടീസ് കൊണ്ടുവന്നിരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷത്തിന്റെ അവകാശമാണ് റൂൾ 50 നോട്ടീസ്. ജനങ്ങളെ ബാധിക്കുന്ന വ്യത്യസ്ത വിഷയങ്ങളും പ്രശ്നങ്ങളും മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അതിലെ തെറ്റുകൾ ചൂണ്ടിക്കാട്ടി അത് തിരുത്താൻവേണ്ടി ഗവൺമെന്റിന് കൊടുക്കുന്ന അവസരമാണിത്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് .....( ബഹളം).... പ്രസംഗം തടസ്സപ്പെടുത്താതെ ഞാൻ പറയുന്നതെന്താണെന്ന് നിങ്ങൾ കേട്ടിട്ട് വസ്തുതാപരമായി എന്തെങ്കിലും തെറ്റുണ്ടെങ്കിൽ എഴുന്നേറ്റുനിന്ന് ചോദിക്കൂ; ഞാൻ എല്ലാ കാര്യങ്ങളും തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് സഭയിൽ പറയാൻ പോകുന്നത്. ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. അതിനുമുമ്പ് ഇവിടെ യാതൊരു ഭവന നിർമ്മാണ പദ്ധതിയും ഇല്ലായിരുന്നുവെന്ന അർത്ഥത്തിലാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഇന്ദിരാ ആവാസ് യോജന, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, മൈനോരിറ്റി വിഭാഗം എന്നിവർക്കുള്ള പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റയ്ക്ക് ചെയ്യുന്ന പദ്ധതികളും ഭവന നിർമ്മാണ (ഹൗസിംഗ്) ബോർഡ് വഴിയുള്ള

പദ്ധതികളുമെല്ലാം സംസ്ഥാനത്ത് നിലനിന്നിരുന്നു. ഈ ഏഴ് പദ്ധതികളെയും ഒരുമിച്ചുചേർത്ത് ലൈഫ് മിഷൻ എന്ന് പേരുകൊടുത്ത് കൊണ്ടുവന്നതാണ്. ലൈഫ് മിഷൻ പദ്ധതിയിലെ പ്രഖ്യാപനത്തിന്റെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ലൈഫ് മിഷൻ പദ്ധതിവഴി ഇപ്പോൾ പൂർത്തിയാക്കിയ വീടുകളുടെ എണ്ണമെത്രയാണ്? 9-02-2022-ലെ പ്രോഗ്രസ് അനുസരിച്ച് രണ്ട് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി ചില്വാനം വീടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ കുറച്ച് വീടുകളുംകൂടി പൂർത്തിയായപ്പോൾ അത് മൂന്ന് ലക്ഷത്തിലധികമായെന്ന് പറഞ്ഞു. ഞങ്ങൾ അതിനെ വലിയൊരു പാതകമായിട്ടല്ല നോട്ടീസിൽ പറഞ്ഞിരുന്നത്. മുൻ ഗവൺമെന്റുകൾ വിവിധ പദ്ധതികൾ തുടങ്ങിവയ്ക്കാറുണ്ട്. ഒരു ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമ്പോൾ ആ ഗവൺമെന്റിന്റെ കാലത്ത് പണിത എല്ലാ കെട്ടിടങ്ങളുടെയും പണി പൂർത്തിയാക്കിയിട്ടാണോ പോകുന്നത്? അല്ല. കുറച്ച് വീടുകളുടെ പണി പൂർത്തിയാകാതെ നിൽക്കും. കഴിഞ്ഞ ഗവൺമെന്റിന്റ കാലത്ത് പൂർത്തിയാകാതിരുന്ന 52000 വീടുകളുംകൂടി ചേർന്നപ്പോൾ ലൈഫ് മിഷനിൽ എത്ര വീടുകളായി? അഞ്ച് വർഷംകൊണ്ട് ലൈഫ് മിഷൻ പദ്ധതിയിൽ രണ്ടരലക്ഷം വീടുകളാണ് പൂർത്തിയാക്കിയത്.

എടവണ്ണ ഗ്രാമപഞ്ചായത്തിൽ വീടുകൾ കൊടുത്തതിന്റെ കണക്കുകൾ ഇവിടെ പറയുകയുണ്ടായി. 2020-ൽ അപേക്ഷ ക്ഷണിച്ചപ്പോൾ 9 ലക്ഷത്തിലധികം അപേക്ഷകളിൽനിന്നും അർഹരായ അഞ്ച് ലക്ഷത്തി അറുപതിനായിരത്തോളം പേരെ സെലക്ട് ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് 01-02-2023-ൽ നൽകിയ ഉത്തരമനുസരിച്ച് 2020-ൽ അപേക്ഷ ക്ഷണിച്ച് 2022-ൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ഈ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള 12845 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. 2020-ൽ തുടങ്ങിയ ഒരു പ്രോസസിന്റെ രണ്ടാം ഘട്ടത്തിൽ 9 ലക്ഷം ആളുകൾ വീട് ചോദിച്ച സ്ഥലത്ത്, എടവണ്ണ പഞ്ചായത്തിലെ 200 പേരടക്കം, പന്ത്രണ്ടായിരത്തിലധികം പേർ കേരളത്തിൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. അതാണ് ഇക്കാര്യത്തിലുണ്ടായ പുരോഗതി. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരമാണ്. രണ്ടാം ഘട്ടത്തിൽ 200 വീട് കൊടുത്തില്ലേ എന്ന് ചോദിച്ചല്ലോ? ലൈഫ് മിഷനിൽ ഇത്രയും അപേക്ഷകൾ വാങ്ങിയിട്ട് മൂന്ന് വർഷംകൊണ്ട് 12845 ഗുണഭോക്തകളാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇതുവരെ രണ്ടര ലക്ഷം വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്.

ശ്രീ. എം. ബി. രാജേഷ്: സർ, എടവണ്ണ പഞ്ചായത്തിൽ ഈ വർഷം എഗ്രിമെന്റ് വച്ചതിന്റെ കാര്യമാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: അതുതന്നെയാണ് ഞാനും പറഞ്ഞത്. പന്ത്രണ്ടായിരത്തിലധികം വീടുകൾക്ക് ലോക്കൽ ബോഡികൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. വീട് പൊളിച്ചശേഷം ഈ പദ്ധതിയിലൂടെ പുതിയ വീട് ലഭിക്കുമെന്ന് പറഞ്ഞ് കാത്തിരിക്കുന്ന എത്രയോ ലക്ഷം പേർ കേരളത്തിലുണ്ട്. എത്ര ലക്ഷം പേർ ഷെഡ്ഡുകളിൽ താമസിക്കുന്നു? വീടില്ലാത്തവർ ആരും നിങ്ങളെ കാണാൻ വരാറില്ലേ? ഷെഡ്ഡുകളിൽ താമസിക്കുന്ന പാവങ്ങൾ മൂന്നുകൊല്ലമായി കാത്തിരിക്കുകയാണ്. പഞ്ചായത്ത് മെമ്പർമാരെ വഴിയിൽ തടഞ്ഞുനിർത്തി ചോദിക്കുകയാണ്. എന്ത് പുരോഗതിയാണുള്ളത്; ഇതാണോ മൂന്നുകൊല്ലംകൊണ്ടുണ്ടാക്കിയ പുരോഗതി? 2017-ൽ പഴയ ഗവൺമെന്റ് തുടങ്ങി വച്ച 52000 ഭവനങ്ങൾ ഉൾപ്പെടെ 3 ലക്ഷം ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു ലിസ്റ്റ് വായിക്കുന്നതു കേട്ടപ്പോൾ ആകെ 500 വീടുകൾ വച്ചതുപോലെയാണ് തോന്നിയത്. 16-05-2017-ൽ ശ്രീ. കെ. ടി. ജലീൽ നിയമസഭയിൽ നൽകിയ ഉത്തരമാണ്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഇന്ദിര ആവാസ്

യോജനയിൽ മാത്രം 2011-12 മുതൽ 2015-16 വരെ 2,75,038 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ശ്രീമതി അയിഷാ പോറ്റിയുടെ ചോദ്യത്തിനുള്ള മറുപടിയാണ്. 2,75,000 വീടുകൾ 2016 വരെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആ 5 വർഷംകൊണ്ട് പൂർത്തീകരിച്ച വീടുകളുടെ എണ്ണം 4,14,554 ആണ്. ശ്രീ. എ. കെ. ബാലൻ നൽകിയ മറുപടി പ്രകാരം എസ്.സി. വിഭാഗത്തിൽ 24,594 വീടുകളും. ഒന്നാം പിണറായി സർക്കാരിലെ മന്ത്രിമാർ നിയമസഭയിൽ നൽകിയ മറുപടി പ്രകാരം ഓരോ വകുപ്പിലുമുള്ള വീടുകളുടെ എണ്ണം പറയാം. അതിനേക്കാൾ വലിയ തെളിവ് ഏതാണ്? പട്ടികജാതി വകുപ്പ് -24,887, പട്ടികവർഗ്ഗ വകുപ്പ് - 17,588. ഗ്രാമപഞ്ചായത്തുകൾ 71,710 കുടുംബങ്ങൾക്കും മുനിസിപ്പാലിറ്റികൾ 12,938 കുടുംബങ്ങൾക്കും കോർപ്പറേഷനുകൾ 12,815 കുടുംബങ്ങൾക്കും സ്വന്തമായി വീടുകൾ കൊടുത്തിട്ടുണ്ട്. അതുകൂടാതെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ച വീടുകൾ അമ്പതിനായിരത്തിനകത്തു വരും. 4,54,000 വീടുകളാണ് ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നിർമ്മിച്ചത്. .... (ബഹളം).... ഇവിടെ ലഭിച്ച ഉത്തരമാണ് വായിക്കുന്നത്. വീടുകളുടെ നിർമ്മാണ കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ/ അതത് വകുപ്പുകൾ ചെയ്തതുപോലെ

ലൈഫ് മിഷനിൽ നിർമ്മാണ പുരോഗതിയുണ്ടോ? മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ കാര്യത്തിൽ അന്ന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റും ഫിഷറീസ് ഡിപ്പാർട്ടുമെന്റുമെല്ലാം ചെയ്തതുപോലുള്ള പുരോഗതി മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ പൂർത്തീകരണ കാര്യത്തിലുണ്ടോ? വളരെ മോശമാണ്. എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റുതന്നെ അവർക്കനുവദിച്ച തുകയുടെ വളരെ ചെറിയ ഭാഗം മാത്രമാണ് ഇതിനുവേണ്ടി ചെലവഴിക്കുന്നത്. ഉദാഹരണത്തിന് ലൈഫ് ഭവന പദ്ധതിക്ക് പ്ലാൻ സ്പേസുണ്ട്. റൂറൽ പ്ലാനിലെ 525 കോടി രൂപയിൽ ചെലവായത് 6.22 ശതമാനമാണ്. അർബൻ പ്ലാനിലെ 192 കോടി രൂപയിൽ ചെലവ് 2.97 ശതമാനമാണ്. ഇവിടെ പറഞ്ഞ 4 ലക്ഷം രൂപയുടെ ഡിവിഷൻ എന്താണ്? സർക്കാർ വിഹിതം 1,00,000/- രൂപ, ജില്ലാ പഞ്ചായത്ത് 20,000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് 20,000/- രൂപ, ഗ്രാമപഞ്ചായത്ത് 40,000/- രൂപ. ബാക്കി തുക വായ്പയെടുത്തശേഷം പത്തോ പതിനഞ്ചോ വർഷംകൊണ്ട് പഞ്ചായത്തുകൾ അടയ്ക്കണം. വികേന്ദ്രീകരണമാണെന്ന് പറഞ്ഞ് കേന്ദ്രീകരണം നടത്തി പഞ്ചായത്തുകളെല്ലാം അവരുടെ പ്ലാൻ ഫണ്ടിൽനിന്നും തുക അടയ്ക്കേണ്ട സ്ഥിതിയാണുള്ളത്. അവർക്ക് മറ്റ് വർക്കുകൾ നടത്താൻ കഴിയാത്ത രീതിയിൽ ഈ പദ്ധതികൾ

കൊണ്ടെത്തിച്ചിരിക്കുകയാണ്. സാധാരണക്കാരോട് പറയുമ്പോൾ സർക്കാർ 4 ലക്ഷം രൂപ മുടക്കുന്നുണ്ട്. ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് 4 ലക്ഷം രൂപ മുടക്കുന്നവരുണ്ടോ എന്ന് ഇവിടെ ചോദിക്കണ്ടേ. ഇതിനെക്കുറിച്ച് പബ്ലിക് മീറ്റിംഗിൽ ചോദിക്കാം. ഇപ്പോൾ നിർമ്മാണച്ചെലവും കൂലി ചെലവും വർദ്ധിച്ചു. നിർമ്മാണ സാമഗ്രികളായ സിമെന്റ്, കമ്പി എന്നിവയുടെ ചെലവ് വലിയ രീതിയിൽ വർദ്ധിച്ചു. അതോടൊപ്പം പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണവും വർദ്ധിക്കുകയാണ്. മറ്റൊരുകാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്: മഹാപ്രളയ കാലത്ത് കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് 60,000 രൂപ, 1,20,000 രൂപ, 2.5 ലക്ഷം രൂപ എന്നിങ്ങനെ പല നിരക്കിൽ തുകകൾ കൊടുത്തു. അറ്റകുറ്റപ്പണികൾ ചെയ്തിട്ടും ആ വീടുകൾ തകർന്നുപോയി. പക്ഷേ എലിജിബിലിറ്റി ഉള്ളതുകൊണ്ട് അത് വീണ്ടും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു. മുമ്പ് അറുപതിനായിരം രൂപ വാങ്ങിയെങ്കിൽ അത് കുറവു ചെയ്തതിനുശേഷമേ ബാക്കി തുക നൽകുകയുള്ളൂവെന്നാണ് പറയുന്നത്. പഴയ വീട് നന്നാക്കാൻ 1.25 ലക്ഷം രൂപ മുമ്പ് വാങ്ങിയിട്ടുണ്ടെങ്കിൽ അത് കുറവ് ചെയ്തതിനുശേഷമേ 4 ലക്ഷം രൂപയിൽനിന്നും ബാക്കി തുക ലഭിക്കുകയുള്ളൂ. 2.5 ലക്ഷം രൂപ പണ്ട് വീട്

മെയിന്റനൻസിന് വാങ്ങിയിട്ടുണ്ടെങ്കിൽ ആ തുക കുറച്ചശേഷം ബാക്കി 1.50 ലക്ഷം രൂപ മാത്രമെ ലഭിക്കുകയുള്ളൂ. ഇതിൽ എന്ത് ന്യായമാണുള്ളത്? പഴയവീട് നന്നാക്കാൻ കൊടുത്ത പണം, പഴയ വീട്ടിൽ ഇപ്പോൾ താമസിക്കാൻ കഴിയില്ലെന്ന് ലൈഫിന്റെ അർഹതാ പരിശോധനയിലൂടെ തെളിഞ്ഞാൽ ആ വീട് പൊളിച്ചുകളയണ്ടേ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രളയത്തിന്റെ ഭാഗമായി തകർന്ന വീട് നന്നാക്കുന്നതിന് കൊടുത്ത പണം അന്നുണ്ടായിരുന്ന വീട് നന്നാക്കാൻ നൽകിയതാണ്. ലൈഫ് പദ്ധതിയുടെ ഭാഗമായി ഏതെങ്കിലും വ്യക്തിക്ക് വീടിന് അർഹത വരുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ പഴയതാണെങ്കിലും ഒരു വീടുണ്ടായിരുന്നോ എന്നും പ്രളയകാലത്ത് അതിന് എന്തെങ്കിലും സഹായം ലഭിച്ചിരുന്നോ എന്നും കണക്കാക്കേണ്ടതില്ല, അങ്ങനെ കണക്കാക്കിയിട്ടില്ല. മുഴുവൻ തുകയും കൊടുക്കേണ്ട സമയത്തുതന്നെ കൊടുക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ആ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. പക്ഷേ നിലവിൽ ആ പണം കുറവുചെയ്തശേഷം ബാക്കി തുകയാണ് കൊടുത്തിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലാണ് പ്രളയത്തിൽ ഏറ്റവും കൂടുതൽ വീട് തകർന്നത്. അവിടെ മാത്രമല്ല, കേരളം

മുഴുവൻ ഈ പ്രശ്നമുണ്ട്. ....(ബഹളം)... എന്തിനാണ് ഇവർ ബഹളമുണ്ടാക്കുന്നത്? ഞാനൊരു വിഷയം കൊണ്ടുവന്നപ്പോൾ മുഖ്യമന്ത്രി എത്ര പോസിറ്റീവായിട്ടാണ് പ്രതികരിച്ചത്. എനിക്ക് അതിൽ അഭിമാനമുണ്ട്. ഇതുപോലെ ഒരു വിഷയം സഭയിൽകൊണ്ടുവന്ന് ആയിരക്കണക്കിനാളുകൾക്ക് 60,000/-, 2.5 ലക്ഷം എന്നിങ്ങനെ ആനുകൂല്യം കൊടുത്തില്ലായിരുന്നോ? അവരുടെ നാശോന്മുഖമായ വീട്ടിൽ താമസിക്കാൻ കഴിയാതെവരുകയും ലൈഫ് മിഷൻ മുഖേന വീട് വയ്ക്കുവാൻ നല്കിയ പണം സർക്കാർ കുറവ് ചെയ്തശേഷം കൊടുത്ത വിഷയം നിയമസഭയിൽ അവതരിപ്പിച്ച് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനം പ്രഖ്യാപിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. അതിനാണ് ഞങ്ങൾ ഈ വിഷയം കൊണ്ടുവരുന്നത്. മുഖ്യമന്ത്രി അതിൽ പ്രതികരിച്ചല്ലോ. നിങ്ങൾക്ക് എന്തിന്റെ വിഷമമാണ്? അദ്ദേഹം പോസിറ്റീവായിട്ടാണ് സംസാരിച്ചത്. 2011 മുതൽ 2016 വരെ വ്യത്യസ്തമായ പദ്ധതികളിലൂടെ 4,55,000 വീടുകൾ നിർമ്മിച്ചപ്പോൾ 2017 മുതൽ ഇതുവരെ യഥാർത്ഥത്തിൽ അന്നത്തെ 52,000 വീടുകൾ കൂടാതെ 2.5 ലക്ഷം വീടുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. നമുക്ക് ഇതിൽ ക്യാപ്ഷനിട്ട് കൊട്ടിഘോഷിക്കാം. മറുപടി പറയാൻ കഴിയാതെ വന്നപ്പോൾ, ലൈഫ് മിഷൻ ചർച്ച ചെയ്യേണ്ട സ്ഥലത്ത്

കെ.പി.സി.സി. കൊടുത്ത വീടിന്റെ കാര്യം പറയുന്നത് മര്യാദയാണോ? ഞാൻ സഭ മുമ്പാകെ ആധികാരികമായി പറയുകയാണ്, കെ.പി.സി.സി. ആയിരം വീടുകൾ നിർമ്മിച്ചുകൊടുക്കാമെന്ന് പറഞ്ഞെങ്കിൽ ആയിരം വീടുകളും അതിനേക്കാൾ കൂടുതൽ വീടുകളും നിർമ്മിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ താലൂക്കിലും കെ.പി.സി.സി.-യും അതിന്റെ പോഷക സംഘടനകളും നിർമ്മിച്ച വീടുകളുടെ അഡ്രസ്സ് സഹിതം ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. കെ.പി.സി.സി.-യുടെ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് അങ്ങ് 46 വീടുകളാണ് ആകെ പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിൽമാത്രം 28 വീടുകളുണ്ട്. അവിടെ കെ.പി.സി.സി.-യുടെ ബോർഡ് വച്ചിട്ടുണ്ട്. എറണാകുളത്തെ മൂന്ന് നിയോജകമണ്ഡലങ്ങളിൽമാത്രം അങ്ങ് പറഞ്ഞതിനെക്കാൾ കൂടുതൽ വീടുകളുണ്ട്. അങ്ങയെപ്പോലെ ഒരാൾ ഇവിടെ വന്ന് ഒരു പാർട്ടിയെ ഇതുപോലെ അധിക്ഷേപിക്കരുതായിരുന്നു; ഇങ്ങനെയൊന്നും ഒരു പാർട്ടിയെയും അധിക്ഷേപിക്കരുത്. ഞാൻ ഇത് പ്രതീക്ഷിച്ചില്ല; അങ്ങ് ഇത് ചെയ്യരുതായിരുന്നു. മന്ത്രിമാർ മറുപടി പറയുമ്പോൾ കുറെക്കൂടി നന്നായി പറയണം. പോരാളി ഷാജിയെപ്പോലെ മന്ത്രി ശ്രീ. എം. ബി. രാജേഷ് തരംതാഴന്ന എന്നൊന്നും ഞാൻ പറയില്ല. പക്ഷേ അങ്ങ് ഇത്

പറയരുതായിരുന്നു. കണക്കുവച്ച് ഞങ്ങൾ മറുപടി പറയും. അത് കൃത്യമായി ചെയ്തിട്ടുണ്ട്. വെള്ളപ്പൊക്കം കഴിഞ്ഞതിനുശേഷം എന്റെ നിയോജകമണ്ഡലത്തിൽ മാത്രം 265 ഭവനങ്ങളുടെ നിർമ്മാണം ഞങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. അങ്ങ് ലൈഫ് മിഷനെ സംബന്ധിച്ച് ഉത്തരവാദിത്വമുള്ള മന്ത്രിയാണ്. അങ്ങയുടെ കൈവശമുള്ള കടലാസുകൾവച്ച് മറുപടി പറയണം. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിയായ ശ്രീ. വി. അബ്ദുറഹിമാൻ എഴുന്നേറ്റ് ബഹളം ഉണ്ടാക്കിയതുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും? XXXXXXXXXXX+ പറയാൻ ചങ്കൂറ്റമുണ്ടായ അധികാരത്തിന്റെ ധാർഷ്ട്യം തലക്കുപിടിച്ച ഒരു മന്ത്രിയാണ്. അങ്ങ് കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയാണ്. XXXXXXXXXXX+ ........ (ബഹളം)........... അതുകൊണ്ട് ഗവൺമെന്റിന്റെ തെറ്റായ നടപടികളിലും ലൈഫ് മിഷൻ പദ്ധതി മന്ദീഭവിച്ചതിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 2396/ഇ.ബി /2023/നി.സെ. തീയതി 09-02-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 2396/ഇ.ബി /2023/നി.സെ. തീയതി 09-02-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ലൈഫ് ഭവന പദ്ധതിയിൽ സർക്കാരിന് പരാജയം മൂടിവയ്ക്കാനുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ബോഡി ലാംഗ്വേജുമൊക്കെ ശ്രദ്ധിച്ചാൽ മനസ്സിലാകും. ലൈഫ് ഭവന പദ്ധതിയിൽ വലിയ നേട്ടമില്ലെന്നും വീടുകൾ കാര്യമായി നിർമ്മിക്കാൻ സാധിച്ചിട്ടില്ലെന്നും അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ശ്രീ. പി. കെ. ബഷീർ പറഞ്ഞത് ശരിയാണെന്ന് ശ്രദ്ധിക്കുന്ന എല്ലാവർക്കും മനസ്സിലാകും. കാരണം കേരളത്തിൽ ഭവന പദ്ധതികളൊക്കെ വികേന്ദ്രീകൃതമായി അതത് വകുപ്പുകൾ അതത് സെക്ടറിലുള്ള ആളുകൾക്ക് വിവിധ ഏജൻസികൾ വഴി വളരെ നന്നായി നിർമ്മിച്ച് നൽകിയിരുന്നതാണ്. എന്നാലിപ്പോൾ ഒരു മിഷൻ മോഡലാക്കി ടാർജറ്റ് വച്ച് നടപ്പിലാക്കിയപ്പോഴും ആദ്യമുണ്ടായിരുന്ന സാമ്പത്തിക സഹായങ്ങൾ മാത്രമെ ലഭിക്കുന്നുള്ളൂ. എന്നാൽ അതിന്റെ നിയമങ്ങളും വ്യവസ്ഥകളുമൊക്കെ കൂടിയപ്പോൾ പദ്ധതി ഒരുപാട് സങ്കീർണ്ണമാകുകയും അടിയന്തരപ്രമേയത്തിൽ സൂചിപ്പിച്ചതുപോലെ ഭവനങ്ങളുടെ എണ്ണങ്ങൾ കുറയുകയും ആർക്കും ലഭിക്കാത്ത സ്ഥിതിയുണ്ടാകുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി കേരളത്തിന്റെ പെർഫോമൻസിനെ താരതമ്യപ്പെടുത്തുന്നത് യു.പി.-യുമായി ബന്ധപ്പെടുത്തിയാണ്. 'കുഞ്ഞിനെ കണ്ടാലറിയാം ഊരിലെ പഞ്ഞം'

എന്നുപറയുന്നതുപോലെ, യു.പി.-യുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് പരാജയപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് മനസ്സിലാകും. ഭവന നിർമ്മാണത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ പെർഫോമൻസ് ഏതുകാലത്തും വളരെ മുമ്പിലാണ്. ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത്, ഞങ്ങൾ വളരെ നേട്ടമായി പറഞ്ഞ കാലഘട്ടത്തിൽ ഞാനും തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തിരുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നു. കേരളത്തിന്റെ പെർഫോമൻസിനെ യു.പി.-യുമായി താരതമ്യപ്പെടുത്തിയതല്ല. ഭവന നിർമ്മാണത്തിന് യു.പി.-ക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം 69 ശതമാനമാണ്. കേരളത്തിന് വെറും 15 ശതമാനം മാത്രമെ ലഭിക്കുന്നുള്ളൂവെന്നാണ് പറഞ്ഞത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രണ്ട് ഘട്ടങ്ങളിൽ അങ്ങ് പറഞ്ഞു. ഇന്ത്യയിൽ, മത്സ്യത്തൊഴിലാളികൾക്കും മറ്റും ഹൗസിംഗ് ബോർഡും വിവിധ ഏജൻസികളുമൊക്കെയായി വീട് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ കേരളം എല്ലാകാലത്തും വളരെ മുമ്പിലാണ്. മറ്റുസംസ്ഥാനങ്ങൾ കേരളത്തിന്റെ അടുത്തൊന്നും വരില്ല. അത്രയധികം ഭവനങ്ങൾ വിവിധ

വിഭാഗം ജനങ്ങൾക്ക് ഹൗസിംഗ് ബോർഡ് നിർമ്മിച്ച് നൽകുന്നുണ്ട്. കേരളത്തിൽ എസ്റ്റാബ്ലിഷ്ഡായ ഒരു സ്ഥാപനമാണ് ഹൗസിംഗ് ബോർഡ്. കേന്ദ്രീകരണംകൊണ്ട് ഒരു ഗുണവുമുണ്ടായിട്ടില്ല. ലൈഫ് മിഷൻ എന്നുപറയുന്ന കേന്ദ്രീകരണംകൊണ്ട് കേരളത്തിൽ ദോഷം മാത്രമെ ഉണ്ടായിട്ടുള്ളൂ. അതുകൊണ്ടാണ് നിങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ ഇത്രയധികം സ്തംഭനം/പരാജയം വന്നത്. ഇപ്പോഴും അത് തുടരുന്നുവെന്നതാണ് സത്യം. സന്നദ്ധ സംഘടനകൾ വീട് നിർമ്മിച്ച് നൽകുന്ന കാര്യമാണ് പറയുന്നതെങ്കിൽ എന്റെ പാർട്ടിയുടെ ബൈത്തുറഹ്മ (കാരുണ്യ ഭവനം) പദ്ധതിക്ക് മറ്റ് പദ്ധതികളെ ചലഞ്ച് ചെയ്യാൻ കഴിയും. വിവിധ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്ന ഞങ്ങളുടെ പദ്ധതികളൊക്കെ കേരളം മുഴുവൻ/ഇന്ത്യയൊട്ടാകെ ശ്രദ്ധിച്ചതാണ്. അത്രയധികം വീടുകൾ ഞങ്ങൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഇപ്പോൾ വീട് നിർമ്മിച്ച് നൽകുന്ന കാര്യത്തിൽ പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യവുമില്ല, മെമ്പർമാർക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നുമില്ല. വളരെ ഡീസെൻട്രലൈസ്ഡായി നന്നായി നടന്നുവന്ന ഒരു പദ്ധതിയെ എങ്ങനെയെങ്കിലും ശരിയായി നടത്തിക്കൊണ്ടുപോകാനാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടത്. കാരണം ഇത് വീടുകളെ സംബന്ധിച്ച് വലിയ

പ്രശ്നമാണ്. സ്ഥലവും വീടും ഇല്ലാത്തവരായി, ഒരു ഗതിയുമില്ലാതെ നിത്യേന ജനപ്രതിനിധികളെ കണ്ടുകൊണ്ടിരിക്കുന്ന ആളുകളുടെ എണ്ണം വല്ലാതെ വർദ്ധിച്ചിരിക്കുന്നു. അതുസംബന്ധിച്ച് പറയുന്ന കാര്യങ്ങളെ വെറും രാഷ്ട്രീയ വെല്ലുവിളിയായി മാത്രം കാണുകയല്ലാതെ കാര്യത്തിലേയ്ക്ക് കടക്കുന്നുമില്ല, ചർച്ച ചെയ്യുന്നുമില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട ഭവന നിർമ്മാണ പദ്ധതിയെന്ന നിലയിൽ ലൈഫ് ഭവന പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന അടിയന്തര സാഹചര്യങ്ങളാണ് പ്രതിപക്ഷം അടിയന്തരപ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞതനുസരിച്ച്, പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുന്നതൊക്കെ എല്ലാവർക്കും ബോദ്ധ്യപ്പെടും. എന്നാലിപ്പോൾ ഗ്രാമസഭകൾകൂടുന്ന സമയമാണ്. 140 നിയോജകമണ്ഡലങ്ങളിലും

ഗ്രാമസഭകൾ കൂടിയ സമയത്ത് വീട് എന്ന് ലഭിക്കുമെന്നാണ് ജനങ്ങൾ മുഖ്യമായും ചോദിച്ചത്. എത്ര വർഷമായി, ഞങ്ങൾ രാഷ്ട്രീയ പ്രേരിതമായി മന:പൂർവ്വം പറയുന്നതല്ല. ഭരണകക്ഷിയോ പ്രതിപക്ഷമോ ആകട്ടെ, എല്ലാ നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾ ചോദിക്കുന്നതിതാണ്. ടാർപ്പോളിൻ വലിച്ച് കെട്ടി മഴയത്ത് നനഞ്ഞൊലിച്ച് കിടക്കുന്ന പാവപ്പെട്ട കുടുംബം വീടിനുവേണ്ടി കാത്തിരിക്കുന്നു. ഇപ്പോഴും അതൊരു സ്വപ്നമായി നിൽക്കുകയാണ്. ജനങ്ങളുടെ ചോദ്യത്തിന് മറുപടി പറയാൻ സാധിക്കുന്നില്ല. ഗ്രാമസഭയിൽ പഞ്ചായത്ത് മെമ്പർമാർ മുതൽ എം.എൽ.എ.-മാർവരെയുള്ള എല്ലാവരും ഒരുപോലെ വിഷമിക്കുന്ന സാഹചര്യം സംസ്ഥാനത്തൊട്ടാകെ നിലനിൽക്കുന്നത് ഗവൺമെന്റ് കണ്ണുതുറന്ന് കാണണം. എങ്ങനെയെങ്കിലും വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തരമായി ഇടപെട്ട് എത്രയുംവേഗം ഇക്കാര്യങ്ങൾ നടത്തി ജനങ്ങളെ സഹായിക്കാൻ കഴിയുന്ന നടപടിയിലേയ്ക്കാണ് ഗവൺമെന്റ് വരേണ്ടത്. അതിന് തയ്യാറാകാതെ ലൈഫ് ഭവന പദ്ധതി ഒരു സ്വപ്ന പദ്ധതിയായി അവശേഷിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഭവനങ്ങൾ ഇല്ലാതെ പോകുന്നവരുടെയും ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോകുന്നവരുടെയും എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ലൈഫ് ഭവന പദ്ധതിക്ക് അപേക്ഷ നൽകിയെങ്കിലും ലിസ്റ്റിൽ വന്നിട്ടില്ലെന്ന പരാതികളുമായി എം.എൽ.എ. എന്ന നിലയിൽ ഒരാഴ്ചയിൽ എട്ടോപത്തോ ആളുകളെങ്കിലും എന്നെ സമീപിക്കാറുണ്ട്. ഇപ്പോൾ വന്ന ലിസ്റ്റിന്റെ കണക്കുകളിൽ, 920000-ത്തോളം അപേക്ഷകൾ ലഭിച്ചതിൽ 561033 അപേക്ഷകളാണ് അർഹതയുള്ളതായി സർക്കാർ കണ്ടെത്തിയത്. 2020-ൽ വാങ്ങിയ അപേക്ഷകളെ സംബന്ധിച്ച രണ്ടാമത്തെ ലിസ്റ്റാണിത്. ഈ വലിയൊരു യാഥാർത്ഥ്യമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. ലൈഫ് ഭവന പദ്ധതിയിൽ ഭവനങ്ങൾ പൂർത്തിയാകുന്നില്ല. പദ്ധതിയിലൂടെ ഭവനം ലഭിക്കുന്നതിന് അനന്തമായ കാത്തിരിപ്പുണ്ട്. രണ്ട് ലക്ഷം പേരുടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നു. പിന്നെ എങ്ങനെയാണ് നിങ്ങളുടെ

അപേക്ഷ സ്വീകരിക്കാൻ കഴിയുന്നതെന്ന് ഒരു ഉദ്യോഗസ്ഥൻ നൽകിയ മറുപടിയെ സംബന്ധിച്ച് പാവപ്പെട്ട ഒരു സ്ത്രീ എന്നോട് പറഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും അവരുടേതായ വകുപ്പുകളിൽനിന്ന് വിവിധതലത്തിൽ ലഭിച്ചുകൊണ്ടിരുന്ന ഭവനങ്ങൾ ഇന്ന് കേന്ദ്രീകൃതമായി ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് കൊണ്ടുവന്നതിനുശേഷം വലിയ ന്യൂനതയാണ് ഉണ്ടായിരിക്കുന്നത്. ഇതിനുമുമ്പും ഇക്കാര്യത്തെക്കുറിച്ച് ചൂണ്ടിക്കാട്ടിയതാണ്. അതിന്റെ കണക്കുകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് പരിശോധിക്കാം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കും നേരത്തെ ലഭിച്ചുക്കൊണ്ടിരുന്ന ഭവനങ്ങളുടെ എണ്ണം കുറഞ്ഞിരിക്കുന്നു. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. കണക്കുകൾ ഉൾപ്പെടെ അങ്ങ് പരിശോധിക്കണം. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ജനങ്ങളുടെ ഭവനം എന്ന അവകാശത്തെ ചോദ്യം ചെയ്യുന്ന നിലയിലേയ്ക്ക് ഇത് വന്നുകൊണ്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീമതി കെ. കെ. രമ</u>: സർ, എല്ലാ ഭവന നിർമ്മാണ പദ്ധതികളും ഒരൊറ്റ മിഷന്റെ കീഴിൽ ആയപ്പോൾ ഫലത്തിൽ അർഹരായ ബഹുഭൂരിഭാഗം ആളുകൾക്കും വീട് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഒന്നാമതായി, 2020 നവംബറിൽ അപേക്ഷ നൽകിയതിന്റെ ലിസ്റ്റ് 2022 ആഗസ്റ്റിലാണ് പ്രസിദ്ധീകരിച്ചത്. അപേക്ഷ നൽകി രണ്ട് വർഷം കാത്തിരുന്ന ആളുകൾ, ഷെഡ്ഡിൽ താമസിച്ചിരുന്ന ആളുകളൊക്കെ പലരിൽനിന്നും കടം വാങ്ങി ചെറിയ കൂര വയ്ക്കുന്നതിനുള്ള ശ്രമിച്ചു. എന്നാലിപ്പോൾ അവർ ഈ ലിസ്റ്റിൽനിന്നും പുറത്തായിരിക്കുന്നു. അവർക്ക് പണമൊന്നും നൽകുന്നില്ലെന്നാണ് ഇപ്പോൾ സർക്കാരിൽനിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശം; തീർച്ചയായും അത് പുനഃപരിശോധിക്കണം. പലരിൽനിന്നും കടം വാങ്ങി വീട് വച്ച ആളുകൾക്ക് ഏതെങ്കിലും വിധത്തിൽ പകുതിയെങ്കിലും ധനസഹായം ലഭിക്കുംവിധമുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. രണ്ടാമതായി, 420 സ്ക്വയർ ഫീറ്റ് ഭവനമാണ് ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി നൽകുന്നത്. 420 സ്ക്വയർ ഫീറ്റ് വീട് എന്നത് ശ്വാസം വിടുന്നതിനുപോലും സാധിക്കാത്ത കുടിലായിട്ടാണ് മാറുന്നത്. അത് 720 സ്ക്വയർ ഫീറ്റാക്കി മാറ്റുന്നതിനുള്ള തീരുമാനമുണ്ടാകണം. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം

നൽകുന്ന ഭവനങ്ങൾ 720 സ്ക്വയർ ഫീറ്റാണ്. അക്കാര്യംകൂടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഏറ്റവും ഗുരുതരമായ വിഷയമാണിത്. നിരവധി ആളുകൾ വീടിനുവേണ്ടി കണ്ണീരോടെ കാത്തുനിൽക്കുന്ന സാഹചര്യമാണ്. വളരെ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭവിട്ടുപുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## [11.10 AM]

## IV. ശ്രദ്ധക്ഷണിക്കൽ

(1) എ.സി. കനാലിന്റെ നീളം വർദ്ധിപ്പിക്കൽ

ശ്രീ. ജോബ് മൈക്കിൾ: സർ, അതീവഗൗരവമുള്ള വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ മഴവെള്ളം എ.സി. കനാലിലൂടെ പമ്പാനദിയിലാണ് ഒഴുകിയെത്തുന്നത്. ആദ്യകാല എ.സി. റോഡ്

നിർമ്മാണവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരിയിൽനിന്നും ഒന്നാംകരവരെ ബന്ധിപ്പിച്ചിരുന്ന എ.സി. കനാലിന്റെ അവസാനഭാഗം വളരെ ഇടുങ്ങിയതാണ്. ഇതുമൂലം ഒഴുക്ക് തടസ്സപ്പെടുകയും ചെറിയമഴയിൽപ്പോലും പരിസരപ്രദേശങ്ങളിൽ വെള്ളംകയറുകയും ചെയ്യുന്നുണ്ട്. എല്ലാ മഴക്കാലത്തും മൂന്ന് ജില്ലകളിൽനിന്നുമുള്ള മഴവെള്ളം ഒഴുകിയെത്തുന്നതോടെ ഈ മേഖലയിൽ മിന്നൽ പ്രളയമുണ്ടാകുന്നത് പതിവാണ്. പ്രശ്നം പരിഹരിക്കുന്നതിനായി സ്വാമിനാഥൻ കമ്മീഷൻ ശിപാർശ ചെയ്തപ്രകാരം ഒന്നാംകരയിൽനിന്നും പള്ളാത്തുരുത്തിവരെ എ.സി. കനാൽ നീട്ടുന്നതിനുള്ള പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടില്ല. തുടർന്ന് ഈ വിഷയം വിശദമായി പഠിച്ച് ശാശ്വതപരിഹാരം നിർദ്ദേശിക്കുന്നതിനായി സംസ്ഥാന സർക്കാർ ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നതായി അറിയാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിരന്തരപ്രളയം അഭിമുഖീകരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുമായി സ്വാമിനാഥൻ കമ്മീഷൻ ശിപാർശ ചെയ്തതുപോല ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിന് സമാന്തരമായി ഒന്നാംകരവരെ എത്തിനിൽക്കുന്ന കനാൽ തുറന്ന് നെടുമുടിവരെ

ഒന്നാംഘട്ടമായും രണ്ടാംഘട്ടമായി പള്ളാത്തുരുത്തി ആറുമായി ബന്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലെ ക്രോസ് ബേകൾ ആറിലേയ്ക്ക് ചെന്നെത്തുന്ന രീതിയിലല്ല ഇപ്പോൾ നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ആറിലേയ്ക്ക് ബന്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ വെള്ളപ്പൊക്കമുണ്ടാകാനുള്ള സാദ്ധ്യത ഉള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. ജോബ് മൈക്കിൾ, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ വളരെയേറെ ചരിത്രപരമായ നടപടിയുടെ ഭാഗമായി കാണേണ്ടതാണ്. കുട്ടനാട്ടിലെ വെള്ളപ്പൊക്ക ലഘൂകരണത്തിനായി എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എ.സി. കനാൽ മനക്കച്ചിറ മുതൽ പള്ളാത്തുരുത്തിവരെ തുറക്കാനായിരുന്നു നിർദ്ദേശിച്ചിരുന്നത്. എന്നാൽ മനക്കച്ചിറ മുതൽ ഒന്നാംകരവരെ 11.78 കി.മീറ്റർ ആദ്യഘട്ടത്തിൽ നവീകരിച്ചിട്ടുള്ളതാണ്. ഒന്നാംകരമുതൽ നെടുമുടിവരെ 3.42 കി.മീറ്ററും നെടുമുടി മുതൽ പള്ളാത്തുരുത്തിവരെ 5.12 കി.മീറ്ററും രണ്ടുംമൂന്നും ഘട്ടങ്ങളിലായി തുറക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. ആയതിന്റെ

അടിസ്ഥാനത്തിൽ ഒന്നാംകര മുതൽ നെടുമുടിവരെയുള്ള ഭാഗത്ത് അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുകയും അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുകയും ഇവ ഒഴിപ്പിക്കാനുള്ള നടപടിക്രമങ്ങളുടെ ആദ്യപടിയായി നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചർച്ച നടന്നെങ്കിലും തുടർനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 'റൂം ഫോർ റിവർ' പദ്ധതിയുടെ ഭാഗമായി എ.സി. കനാൽ തുറക്കുന്നത് സംബന്ധിച്ച ശാസ്ത്രീയ പഠനത്തിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ഏൽപ്പിക്കുകയും ഡ്രാഫ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.റ്റി. ചെന്നൈയും ജലവിഭവ വകുപ്പുദ്യോഗസ്ഥരും തമ്മിൽ 10-01-2023-ൽ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞ സംശയങ്ങൾ പരിഹരിച്ചുകൊണ്ടുള്ള ഫൈനൽ റിപ്പോർട്ട് മാർച്ച് 31-ന് നൽകാമെന്ന് അറിയിച്ചിട്ടുമുണ്ട്. അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്. പ്രളയജലം പൂർണ്ണമായും ഒഴുക്കിക്കളയുന്നതിനായി എ.സി. കനാലിന്റെ അങ്ങേയറ്റം വീതികൂട്ടുന്നതിന്റെ ഭാഗമായി അനധികൃത കയ്യേറ്റം ഒഴിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ റവന്യൂ

അധികൃതരുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതുമാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, എ.സി. കനാൽവഴി തണ്ണീർമുക്കംവരെ എത്തിനിൽക്കുന്ന കനാലിനെ ഒരു ഫീഡർ കനാലായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകവഴി ഈ മേഖലയുടെ വികസനവും ജലഗതാഗതവും ടൂറിസം സാധ്യതയും വളരെയധികം വർദ്ധിപ്പിക്കാൻ സാധിക്കും. എ.സി. കനാൽ വികസനം സാദ്ധ്യമായാൽ വെള്ളം വടക്കോട്ടൊഴുകി പുളിങ്കുന്ന്, മങ്കൊമ്പ് ആറിലേയ്ക്ക് എത്തിക്കുവാനും അതുവഴി വേമ്പനാട്ട് കായലിലേയ്ക്ക് വെള്ളം എത്തിച്ചുകൊണ്ട് ഈ പ്രദേശത്തെ ആളുകളെ ഒരുപരിധിവരെ സംരക്ഷിക്കാനും സാധിക്കും. ചങ്ങനാശ്ശേരി മനക്കച്ചിറ കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുകുന്ന കനാലിനെ ഫീഡർ കനാലായി പരിവർത്തിതപ്പെടുത്തി വെള്ളപ്പൊക്കത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനുള്ള തീരുമാനം ഉണ്ടാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എ.സി. കനാൽ പൂർത്തീകരിക്കാനാവശ്യമായ നടപടികളിലേയ്ക്ക് കടക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇത് കുട്ടനാട്ടിലെ പ്രളയം പൂർണ്ണമായും നിയന്ത്രിക്കാനാവശ്യമായ നടപടിക്ക് അനിവാര്യമാണ്. തോട്ടപ്പള്ളി

സ്പിൽവേയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചപ്പോൾ കുട്ടനാട്ടിലെ പ്രളയം ഒരുപരിധിവരെ പരിഹരിക്കാനായിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഏകദേശം 48000 ലിറ്റർ വാട്ടർ പെർ സെക്കൻഡ് ജലനിർഗമന സ്രോതസ്സിലേയ്ക്ക് ഡിസ്ചാർജ്ജ് ചെയ്തിരുന്നു. പക്ഷേ അവിടെ എക്കലും ചെളിയും നിറഞ്ഞ് വീതി കുറഞ്ഞതിന്റെ ഫലമായി പിന്നീടത് പതിനാറായിരം ലിറ്ററായി ചുരുങ്ങി. അത് എടുത്തുകളഞ്ഞപ്പോൾ കുട്ടനാട്ടിൽ കാര്യമായ പ്രളയമുണ്ടായില്ല. എ.സി. കനാൽ തുറന്ന് അതിലൂടെ വെള്ളം കായലിലേയ്ക്ക് പ്രവേശിക്കാൻ അവസരം കൊടുത്താൽ കുട്ടനാട്ടിലെ നിലവിലെ സ്ഥിതിയിൽ വലിയമാറ്റമുണ്ടാകും. മാത്രമല്ല, ചങ്ങനാശ്ശേരി-ആലപ്പുഴ ലൈനിൽ ടൂറിസത്തിന്റെ സാദ്ധ്യതകൾക്ക് വലിയമാറ്റമുണ്ട്. ഇപ്പോഴവിടെ എലിവേറ്റഡ് ഹൈവേ വരുന്നതോടുകൂടി നല്ലനിലയിലുള്ള വികസനത്തിന് സാദ്ധ്യതയുണ്ട്. ടൂറിസവും മറ്റിതരസാദ്ധ്യതകളും വർദ്ധിപ്പിക്കാൻ സാധിക്കുംവിധം കുട്ടനാട്ടിലെ പ്രളയജലം നിയന്ത്രിക്കാൻ ഉതകുന്നതിന് അനിവാര്യമായ പദ്ധതിയെന്ന നിലയിൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ എ.സി. കനാൽ തുറക്കുന്നതിനുള്ള നടപടി സൂചിപ്പിച്ചിട്ടുണ്ട്. ഇത് ചങ്ങനാശ്ശേരി, കുട്ടനാട്, ആലപ്പുഴ, അമ്പലപ്പുഴ എം.എൽ.എ.-മാരെ ബാധിക്കുന്ന വിഷയമായതിനാൽ അവരുമായി

സംയുക്തമായി കൂടിയാലോചിച്ച് പൊതുചർച്ച തുടങ്ങുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് പോകാനും അതിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളുടെ പശ്ചാത്തലത്തിൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചതുപോലുള്ള പ്രളയജലം പൂർണ്ണമായും നിയന്ത്രിക്കാനുള്ള നടപടികളും ടൂറിസം സാദ്ധ്യതകൾ ഉപയോഗിച്ച് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് തുടക്കം കുറിക്കാനും ഗവൺമെന്റ് ആഗ്രഹിക്കുന്നു.

(2) ആലുവയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. ടി. ജെ. വിനോദ്: സർ, പുഴകളാലും കായലുകളാലും ചുറ്റപ്പെട്ട കൊച്ചി നഗരം കുടിവെള്ളക്ഷാമം അതിരൂക്ഷമായി നേരിടുന്ന പ്രദേശമാണ്. ഇതിനായി 2012 മുതൽ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ഒരു പദ്ധതിപോലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2011-ലെ സെൻസസ് പ്രകാരം കൊച്ചി നഗരസഭയിലെ ജനസംഖ്യ 6.78 ലക്ഷമാണ്. ജനസംഖ്യയിലുണ്ടാകുന്ന ശരാശരി വർദ്ധനവ് 7.83 ശതമാനമാണ്. 74 ഡിവിഷനുള്ള കൊച്ചി നഗരസഭ 94.88 സ്ക്വയർ കി.മീറ്ററിലായി വ്യാപിച്ചുകിടക്കുന്നു. 2031 ആകുമ്പോൾ കൊച്ചി നഗരസഭയുടെ ജനസംഖ്യ 7.88 ലക്ഷമാകുമെന്നാണ് കണക്കാക്കുന്നത്. ഇവിടത്തെ കുടിയേറ്റനിരക്ക് 10 ശതമാനവും വന്നുപോകുന്നവർ

20 ശതമാനവുമാകുമ്പോൾ നഗരസഭയിലെ ജനസംഖ്യ 1024000 ആകും. 2019-ലെ സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ കണക്കുപ്രകാരം ഇതാണ് കൊച്ചി നഗരസഭയിലെ ജനസംഖ്യയുടെ സ്ഥിതി. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചിനഗരസഭ ക്ലാസ് 2-ൽപ്പെട്ടും. സെൻട്രൽ പബ്ലിക് ഹെൽത്ത് & എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്ക് 150 ലിറ്റർ വെള്ളം കൊടുക്കണമെന്നാണ് കണക്ക്. ആലുവ ശുദ്ധീകരണശാലയിൽനിന്ന് 123 എം.എൽ.ഡി. വെള്ളവും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്ന് 53.5 എം.എൽ.ഡി. വെള്ളവുമുൾപ്പെടെ 175.5 എം.എൽ.ഡി. വെള്ളമാണ് കൊച്ചി നഗരത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്നത്. ഇതിൽ 35 ശതമാനം വിതരണ നഷ്ടമുണ്ടാകുമെന്ന് വാട്ടർ അതോറിറ്റിതന്നെ പറയുന്നുണ്ട്. കൊച്ചി നഗരസഭയിൽ ആകെ 170000 ജലവിതരണ കണക്ഷനുകളും 5440 പൊതു ടാപ്പുകളും സ്ഥിതി ചെയ്യുന്നു. കൂടാതെ കൊച്ചിൻ പോർട്ട്, നേവൽ ബെയ്സ്, കൊച്ചിൻ ഷിപ്പിയാർഡ്, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബൾക്ക് കൺസ്യൂമേഴ്സുമുണ്ട്. ഇതുകൂടാതെ കൊച്ചി നഗരസഭയുടെ പ്രാന്തപ്രദേശങ്ങളിലുള്ള 13 പഞ്ചായത്തുകളിലായി ജലജീവൻ മിഷന്റെ ഭാഗമായി ആയിരക്കണക്കിന് കണക്ഷനുകളും നൽകുന്നുണ്ട്. കൊച്ചി

നഗരസഭയെക്കൂടാതെ അഞ്ച് മുനിസിപ്പാലിറ്റികൾ, 13 പഞ്ചായത്തുകൾ എന്നിവയുൾപ്പെടുന്ന പ്രദേശത്തിന് പ്രയോജനം ലഭിക്കുംവിധം ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം കേരള വാട്ടർ അതോറിറ്റിയുടെ 1.5 ഹെക്ടർ സ്ഥലത്ത് ആധുനികരീതിയിലുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി നഗരത്തിനുസമീപം അഞ്ച് മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾക്കും ആവശ്യമായ തോതിൽ ഗാർഹിക-വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കുള്ള ജലം ലഭ്യമാക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ പ്രദേശങ്ങൾക്ക് 2050-ഓടുകൂടി പ്രതിദിനം 478 എം.എൽ.ഡി. വെള്ളം ആവശ്യമായിവരുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ നിലവിലുള്ള സംവിധാനം മുഖേന 335 എം.എൽ.ഡി. ജലം മാത്രമാണ് വിതരണം ചെയ്യുന്നത്. കൊച്ചി നഗരത്തിലേയ്ക്കും അഞ്ച് മുനിസിപ്പാലിറ്റിയിലേയ്ക്കും 13 പഞ്ചായത്തുകളിലേയ്ക്കും ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 20-09-2021-ലെ ജി.ഒ. (ആർ.ടി.)നം. 490/2021/ഡബ്ല്യു.ആർ.ഡി. പ്രകാരം

ആലുവയിൽ 143 എം.എൽ.ഡി. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 130 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള 3.90 ഏക്കർ സ്ഥലത്ത് ജലശുദ്ധീകരണശാല നിർമ്മിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ജലശുദ്ധീകരണശാലയുടെ ഡിസൈൻ, നിർമ്മാണ പ്രവർത്തനം എന്നിവ നിർവ്വഹിക്കുന്നതിനായി 13-01-2022-ന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ ഭാവിയിലെ ജനസംഖ്യാ വർദ്ധനവും ഗാർഹിക-ഗാർഹികേതര-വ്യവസായിക ഉപഭോഗവും കണക്കിലെടുത്ത് ശുദ്ധീകരണശാലയുടെ ശേഷി 190 എം.എൽ.ഡി. ആക്കി ഉയർത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്യാനും ഡിസൈൻ വർക്കുകൾ കേരള വാട്ടർ അതോറിറ്റി എഞ്ചിനീയർമാർ നിർവ്വഹിച്ചശേഷം നിർമ്മാണം, പ്രവർത്തനം എന്നിവയ്ക്ക് മാത്രം ടെണ്ടർ ക്ഷണിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്രകാരം 190 എം.എൽ.ഡി. ശുദ്ധീകരണശേഷിയുള്ള ജലശുദ്ധീകരണശാലയുടെ അനുബന്ധ ഘടകങ്ങളായ ഇൻ ടേക്ക് വെൽ, റോവാട്ടർ പമ്പിംഗ് മെയിൻ, പ്ലാന്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തുകൂടി കടന്നുപോകുന്ന പമ്പിംഗ് മെയിൻ, വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

എന്നിവയുൾപ്പെടുത്തി ഡിസൈൻ വർക്കുകൾ, ഡ്രോയിംഗ് എസ്റ്റിമേറ്റുകൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ശുദ്ധീകരണശാലയുടെ ശേഷി വർദ്ധിപ്പിച്ചതിനാലും അനുബന്ധ ഘടകങ്ങൾ ഉൾപ്പെടുത്തിയതിനാലും എസ്റ്റിമേറ്റ് തുക 316 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഈ പ്ലാന്റിൽനിന്നും നൽകുന്ന കുടിവെള്ളത്തിന്റെ സിംഹഭാഗവും കൊച്ചി കോർപ്പറേഷനും സമീപത്തെ മുൻസിപ്പാലിറ്റികൾക്കുമായതിനാൽ ടി പദ്ധതി ജൽജീവൻ മിഷന്റെ പ്രവൃത്തികളിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല. പുതുക്കിയ എസ്റ്റിമേറ്റ് തുക സ്റ്റേറ്റ് പ്ലാൻ ഭരണാനുമതിയുടെ രണ്ടരയിരട്ടിയിലധികമായതിനാൽ പ്രസ്തുത പ്രോജക്ട് തുകയ്ക്കുള്ള ഭരണാനുമതി ആർ.കെ.ഐ. (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്)-ൽ ഉൾപ്പെടുത്തി ലഭ്യമാക്കാനുള്ള ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി. എന്നാൽ കൊച്ചി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ശുദ്ധജല ലഭ്യത മെച്ചപ്പെടുത്തുന്നതിനായി ആലുവയിൽ 190 എം.എൽ.ഡി. ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 316 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ

ഉൾപ്പെടെയുള്ളവർ പങ്കെടുത്ത 20-10-2022-ലെ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി പരിഗണിക്കുകയും നിലവിലെ ഫണ്ട് ലഭ്യതയിലെ അപര്യാപ്തത പരിഗണിച്ച് ആർ.കെ.ഐ.-ക്ക് കീഴിൽ എടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. മേൽപ്രകാരമുള്ള വിവരങ്ങളുടെ വെളിച്ചത്തിലും കേരള വാട്ടർ അതോറിറ്റിയുടെ ആന്വൽ പ്ലാൻ 200 കോടി രൂപയിൽ താഴെയായതിനാലും കൊച്ചി നഗരത്തിലെയും പ്രാന്തപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചിക്കും അഞ്ച് മുനിസിപ്പാലിറ്റികൾക്കും പതിമൂന്ന് പഞ്ചായത്തുകൾക്കുമായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആലുവയിലെ പ്ലാന്റിന് സമീപത്തുനിന്നും വ്യവസായ ആവശ്യങ്ങൾക്കായി കിൻഫ്ര 45 എം.എൽ.ഡി. ജലമെടുത്തുകൊണ്ടുപോകുന്നതായി മനസ്സിലാക്കുന്നു. ഇതിലൂടെ വെള്ളത്തിന്റെ ലഭ്യത കുറയുമെന്നാണ് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇക്കാരണത്താൽ പുതിയ പ്ലാന്റ് സ്ഥാപിച്ചാൽ

വെള്ളം ലഭിക്കുന്നതിന് തടസ്സമുണ്ടാകുമോ; പുതിയ 190 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിച്ച 190 എം.എൽ.ഡി. പ്ലാന്റ് കൊണ്ടുവരികയെന്നുള്ളത് അടിയന്തര പ്രധാന്യമുള്ള കാര്യം തന്നെയാണ്. കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും മാത്രമല്ല ജൽജീവൻ മിഷൻ മുഖാന്തരമുള്ള ജലവിതരണത്തിന് പഞ്ചായത്തുകളിലേയ്ക്കും ഇതിൽനിന്നുള്ള ജലത്തെയാണ് ആശ്രയിക്കേണ്ടിവരുന്നത്. അതിനോടൊപ്പം കിൻഫ്ര ആവശ്യപ്പെട്ട 45 എം.എൽ.ഡി.-യുടെ പ്ലാന്റ് സ്ഥാപിക്കുമ്പോൾ അവിടത്തെ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുമോ എന്നുള്ള പ്രധാന വിഷയം ഉയർന്നുവരുന്നുണ്ട്. എറണാകുളത്ത് നടന്ന റിവ്യൂ മീറ്റിംഗിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനോടും വാട്ടർ അതോറിറ്റിയോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകിയതിനുശേഷം മാത്രമെ ഇക്കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്ന് നേരത്തെ തീരുമാനമെടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുക ഉയർന്നതാണെങ്കിലും ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് രൂപപ്പെടുത്തേണ്ടത് കൊച്ചിയുടെ

ഭാവിനിലനിൽപ്പിന് അനിവാര്യമാണ്. അതുകൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ജില്ലയിൽനിന്നുള്ള മന്ത്രിയെന്ന നിലയിലും ജില്ലയുടെ ചുമതലയുള്ള മന്ത്രിയെന്ന നിലയിലും ശ്രീ. പി. രാജീവും മറ്റ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുമുൾപ്പെടുന്ന ഒരു സംയുക്ത യോഗം ഉടനെ ചേരുന്നതാണ്. ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവപൂർവ്വമായാണ് കാണുന്നത്. 190 എം.എൽ.ഡി. പ്ലാന്റ് രൂപീകരിക്കുന്നതിലൂടെ മാത്രമെ കൊച്ചിയിലെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂവെന്ന നിലപാടിൽതന്നെയാണ് സർക്കാരും നിൽക്കുന്നത്.

**[11.26 AM]**

**V. സബ്മിഷൻ**

(1) <u>അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ രണ്ട് പുഴകളുടെ കരയിൽ താമസിക്കുന്ന ആളുകളുടെ ജീവിതപ്രയാസം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അഞ്ചരക്കണ്ടി-ഇരിക്കൂർ പുഴയോരത്ത് താമസിക്കുന്ന ഏകദേശം നൂറ് കുടുംബങ്ങൾ കരയിടിച്ചിൽമൂലം രൂക്ഷമായ പ്രശ്നം

അനുഭവിക്കുകയാണ്. ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ ചുണ്ടെയിൽ പൂവത്തിൻകീഴിൽ പ്രദേശത്തെ പുഴയുടെ കരയിടിഞ്ഞതുകാരണം ചില വീടുകൾ വീണുപോകുമെന്ന അവസ്ഥയിൽ നിൽക്കുകയാണ്. കണ്ണവം മേഖലയിലും മാങ്ങാട്ടിടം പഞ്ചായത്തിലും മഴപെയ്താൽ വീടുകൾ പൂർണ്ണമായി തകർന്നുപോകാനിടയുണ്ട്. അൻപത് മീറ്ററോളം പ്രദേശത്ത് കരയിടിച്ചിൽ രൂക്ഷമാണ്. പത്ത് കുടുംബങ്ങളുടെ ജീവിതം ഭീഷണിയിലായിരിക്കുകയാണ്. അഞ്ചരക്കണ്ടിപ്പുഴയുടെ തീരങ്ങളിലുള്ള കരയിടിച്ചിൽ രൂക്ഷമായതിനാൽ ഷട്ടറിടുന്ന സമയത്ത് കീഴല്ലൂർ പഞ്ചായത്തിലെ പാലയോട്, വളയാൽ പ്രദേശങ്ങളിൽ പൂർണ്ണമായും വെള്ളം കയറി കൃഷിഭൂമി നശിച്ചുപോയി. എല്ലാ മഴക്കാലത്തും നിരവധി കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചുകൊണ്ടിരിക്കുകയാണ്. അഞ്ചരക്കണ്ടി പുഴ കടന്നുപോകുന്ന പ്രദേശങ്ങളിലെല്ലാം ഈ പ്രശ്നങ്ങളുണ്ട്. ചില തോടുകളുടെ കരയിടിച്ചിലിന്റെ ഭാഗമായി മാലൂർ മേഖലയിലെ കുറേ വീടുകളും ഭീഷണിയിലാണ്. ഇതിന്റെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കികൊടുത്തിരുന്നു. വീട് വീണുപോകുന്ന ഭാഗമെങ്കിലും സൈഡ് കെട്ടി സംരക്ഷിച്ച് അവരുടെ ജീവിതം രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന അഞ്ചരക്കണ്ടി പുഴയുടെ ചില ഭാഗങ്ങളിൽ പുഴയുടെ വശം ബലക്ഷയം വന്ന് ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേജർ ഇറിഗേഷൻ ഡിവിഷൻ തലശ്ശേരി മുഖേന വെള്ളപ്പൊക്കക്കെടുതി/വെള്ളപ്പൊക്ക നിയന്ത്രണം, സംസ്ഥാന ദുരന്ത നിവാരണ സഞ്ചിതനിധി എന്നീ ഫണ്ടുകൾ ഉപയോഗിച്ച് മൂന്ന് പ്രവൃത്തികളിലായി 89.5 ലക്ഷം രൂപ ചെലവഴിച്ച് പുഴയോരം കെട്ടി സംരക്ഷിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിവിധ ശീർഷകങ്ങളിലുള്ള വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ (മുൻഗണന പ്രകാരം) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മട്ടന്നൂർ മുനിസിപ്പാലിറ്റി കീഴല്ലൂർ, കോളയാട്, മാങ്ങാട്ടിടം, കൂടാളി, ചിറ്റാരിപ്പറമ്പ്, പടിയൂർ-കല്ല്യാട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പുഴകളുടെ സംരക്ഷണ പ്രവൃത്തികൾക്കുവേണ്ടി വെള്ളപ്പൊക്ക കെടുതി പദ്ധതിയിലുൾപ്പെടുത്തി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനും ചെളി നീക്കം ചെയ്യുന്നതിനും 8 പ്രവൃത്തികളിലേയ്ക്കായി 320.40 ലക്ഷം രൂപയുടെയും വെള്ളപ്പൊക്ക

\+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 9 പ്രവൃത്തികളിലേയ്ക്കായി 216.40 ലക്ഷം രൂപയുടെയും പ്രവൃത്തി നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അനുബന്ധമായെടുത്ത പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.+

വീടുകളുടെ സംരക്ഷണഭിത്തികളുടെ കാര്യമാണ് അടിയന്തര വിഷയമായി പരിഗണിക്കേണ്ടതെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ ഫണ്ടിന്റെ ലഭ്യതയുടെ പ്രശ്നമുണ്ടെങ്കിലും അടിയന്തര പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ വീടുകൾ നഷ്ടമാകാൻ സാദ്ധ്യതയുള്ള പ്രദേശത്തിന് മുൻഗണന നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

2) എസ്.ബി.ഐ.-യിലെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടൽ

ശ്രീ. പി. എസ്. സുപാൽ: സർ, കേരള സംസ്ഥാനത്തെ ബാങ്കിംഗ് സേവന മേഖലയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് ബൃഹത്തായ സാന്നിധ്യമാണുള്ളത്. ബാങ്ക് ശാഖകളിൽനിന്ന് ഇടപാടുകാർക്ക് അർഹതപ്പെട്ട മികച്ച സേവനം ലഭിക്കുന്നതിനും ജീവനക്കാരെ പിൻവലിച്ച് മാർക്കറ്റിംഗ് ജോലികൾക്ക് നിയോഗിക്കുന്നതിനെതിരെയും ബാങ്കിന്റെ ശാഖകളിൽ ഒഴിവുകൾ സ്ഥിരം നിയമനങ്ങളിലൂടെ നികത്തുന്നതിനും സംസ്ഥാന സർക്കാർ ഇടപെടൽ നടത്തണമെന്നാണ്

\+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. 2017 മുതൽ 2022 വരെയുള്ള കാലയളവിൽ എസ്.ബി.ഐ.-യിൽ മൂവായിരം ജീവനക്കാരുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ വീണ്ടും കേരളത്തിൽ എസ്.ബി.ഐ. ശാഖകളിലെ ബാങ്കിംഗ് സേവനങ്ങളെ തകിടം മറിക്കുംവിധത്തിലുള്ള പുതിയ വിപണന പദ്ധതി നടപ്പാക്കിവരികയാണ്. 20 ശതമാനം ജീവനക്കാരെ ശാഖകളിൽനിന്ന് പിൻവലിച്ച് ബാങ്ക്-ബാങ്കിതര സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളുടെ വില്പനയ്ക്കും വിപണനത്തിനുമായി വിനിയോഗിക്കുന്ന മാനേജ്മെന്റിന്റെ നീക്കത്തെ പ്രതിരോധിക്കേണ്ടതുണ്ട്. ബിസിനസ്സും വരുമാനവും ലാഭവും വർദ്ധിപ്പിക്കാനെന്ന പേരിൽ ശാഖകളിൽനിന്നും ജീവനക്കാരെ വിപണന ജോലിയിലേയ്ക്ക് മാറ്റുമ്പോൾ ഇടപാടുകാരുടെ സേവനങ്ങൾ അവതാളത്തിലാവുകയാണ്. 1300-ൽ അധികം ക്ലാർക്കുമാരുടെ സേവനം ശാഖകളിൽനിന്ന് പിൻവലിക്കപ്പെടുന്നതോടെ കൗണ്ടറുകളിലെത്തുന്ന ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിർവഹിക്കപ്പെടാത്ത സാഹചര്യവും സംജാതമാകുകയാണ്. സവിശേഷമായ വിപണന ജോലികൾക്ക് ആവശ്യമായതും അനുയോജ്യവുമായ ജീവനക്കാരെ നിയമിക്കാതെ ശാഖാ കൗണ്ടറുകളിൽനിന്നും നിലവിലെ ജീവനക്കാരെ പിൻവലിച്ച് മാർക്കറ്റിംഗ്

ജോലികൾക്ക് നിയോഗിക്കുന്നതിനെതിരെയും പുതിയ വിപണന പദ്ധതി പിൻവലിക്കുക, ബാങ്കിന്റെ ശാഖകളിലെ ജീവനക്കാരുടെ ഒഴിവുകൾ സ്ഥിരം നിയമനത്തിലൂടെ നികത്തുക, സ്റ്റേറ്റ് ബാങ്ക് ഇടപാടുകാർക്ക് തടസ്സരഹിതവും മെച്ചപ്പെട്ടതുമായ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ, AIBEA (All India Bank Employees Association) എന്നീ സംഘടനകൾ സമരത്തിലാണ്. ഈ മാസം, ഫെബ്രുവരി 24-ന് അവർ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുണ്ട്. സമീപകാലത്ത് സ്ഥാപിതമായ സ്റ്റേറ്റ് ബാങ്ക് ഓപ്പറേഷൻസ് സപ്പോർട്ട് സർവ്വീസ് ലിമിറ്റഡ് എന്ന സംവിധാനത്തിലൂടെ കൂടുതൽ അടിസ്ഥാന ബാങ്കിംഗ് സേവനങ്ങൾക്ക് കരാർ നൽകുവാൻ ബാങ്ക് ശ്രമിക്കുന്നുവെന്ന ആശങ്കയും സജീവമാണ്. ഇത് യാഥാർത്ഥ്യമായാൽ ബാങ്കിലെ സ്ഥിരം തൊഴിലവസരങ്ങൾ എന്നെന്നേയ്ക്കുമായി വരുംതലമുറകൾക്ക് നിഷേധിക്കപ്പെടും. ബാങ്കിന്റെ വിശ്വാസ്യതയെയും മികച്ച സേവന രീതികളെയും തകർക്കുന്നതും വലിയ തൊഴിൽ ചൂഷണത്തിന് സൗകര്യമൊരുക്കുന്നതുമായ ബിസിനസ്സ് സേവന മാതൃകയാണിത്. ബാങ്കിംഗ് ഇടപാടുകളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടാൻ ഇത് കാരണമായേക്കും. ബാങ്ക് ശാഖകളിൽ കേരളത്തിലെ സ്റ്റേറ്റ് ബാങ്ക്

ഇടപാടുകാർക്ക് അർഹതപ്പെട്ട മികച്ച സേവനം ലഭിക്കുവാനും ജീവനക്കാർക്ക് അന്തസ്സോടെ ജോലിയെടുത്ത് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാനും സംസ്ഥാന സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലല്ല; മറിച്ച് കേന്ദ്രസർക്കാരിന്റെ പൊതുനയത്തിന് വിധേയമായാണ് എന്നുള്ള പ്രായോഗികമായ പ്രശ്നമുണ്ട്. പുതിയ പല പരിഷ്കാരങ്ങളും ഈ മേഖലയിലെ ജീവനക്കാർക്കും ഇടപാടുകാർക്കും പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ടെന്ന പരാതി ഉയർന്നുവരുന്നുണ്ട്. ബാങ്കുകളുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ സാധാരണഗതിയിൽ അവ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് കൈമാറി പരിഹാരം കാണുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. നിലവിലെ പ്രശ്നങ്ങൾ ഗൗരവമായി ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള എല്ലാ നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നതാണ്.

(3) <u>ചോട്ടിലപ്പാറ പാലം പുനർനിർമ്മാണം</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, മണലൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ ചോട്ടിലപ്പാറ പാലം 2018-ലെ പ്രളയത്തിൽ ഭാഗികമായും 2019-ലെ പ്രളയത്തിൽ പൂർണ്ണമായും തകർന്നുപോകുകയുണ്ടായി. പ്രസ്തുത പാലം റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനം മണ്ണ് പരിശോധന നടത്തുകയും പാലത്തിന്റെ ഡിസൈനും എസ്റ്റിമേറ്റുമുൾപ്പെടെ തയ്യാറാക്കുകയും അനുമതി നേടുന്നതിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നിയമസഭയുടെ 3-ാം സമ്മേളനത്തിൽ 4082-ാം നമ്പർ ചോദ്യത്തിനും 5-ാം സമ്മേളനത്തിൽ 27-06-2022-ലെ 328-ാം നമ്പർ ചോദ്യത്തിനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണെന്ന് അറിയിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അനുമതി നൽകിയിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. നിലവിൽ പ്രസ്തുത പാലത്തിലൂടെ ഗതാഗതം സാധ്യമല്ലാതായിരിക്കുന്നു. ബൈക്കുകളൊഴികെ മറ്റ് വാഹനങ്ങൾ

പാലത്തിലൂടെ കയറുന്നത് പൂർണ്ണമായും നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പാലം വഴിയുള്ള ഗതാഗതം അസാധ്യമായിരിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. സ്കൂൾ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് നിത്യേനയുള്ള ആവശ്യങ്ങൾ നിവേറ്റുന്നതിനായി കിലോമീറ്ററുകൾ വളഞ്ഞ് സഞ്ചരിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ചോട്ടിലപ്പാറ പാലത്തിന് എത്രയുംവേഗം അനുമതി ലഭ്യമാക്കി പ്രവൃത്തി യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, 22-05-2020-ലെ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നിർവ്വഹിക്കുന്നതിന് തെരഞ്ഞെടുത്തിരുന്ന 53 പാലങ്ങളുടെ പട്ടികയിൽ തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ ചോട്ടിലപ്പാറ പാലവും ഉൾപ്പെട്ടിരുന്നു. 28-01-2021-ലെ ഉത്തരവുപ്രകാരം ചോട്ടിലപ്പാറ ഉൾപ്പെടെ നേരത്തെ പറഞ്ഞ പട്ടികയിലെ 46 പാലങ്ങളുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾക്ക് അനുമതി നൽകിയതനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കുകയും

പാലം നിർമ്മാണത്തിന് 2.90 കോടിരൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുകയുമുണ്ടായി. 05-01-2023-ന് ചേർന്ന ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗം ടി എസ്റ്റിമേറ്റ് പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് നേരത്തെ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകിയത്. എന്നാൽ 15 മീറ്റർ മാത്രം സ്പാനുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണം താരതമ്യേന ചെറിയ പ്രവൃത്തിയായതിനാൽ കൂടുതൽ വലിപ്പവും പ്രാധാന്യവുമുള്ള പ്രവൃത്തികൾ മാത്രം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ ഏറ്റെടുത്താൽ മതിയെന്നുള്ള നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ മേൽ പ്രവൃത്തി നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ പരിഗണിക്കേണ്ടതില്ലെന്നാണ് യോഗ തീരുമാനം.

(4) <u>കൊല്ലം-നെല്യാടി-മേപ്പയൂർ റോഡ് പ്രവൃത്തി</u>

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, പേരാമ്പ്ര, കൊയിലാണ്ടി നിയോജകമണ്ഡലങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന റോഡാണ് 9.59 കിലോമീറ്റർ ദൂരമുള്ള കൊല്ലം-നെല്യാടി-കീഴരിയൂർ-മേപ്പയൂർ റോഡ്. പ്രസ്തുത റോഡ് പരിഷ്കരണത്തിന് 2016-ലെ ബഡ്ജറ്റിൽ 10 കോടിരൂപ വകയിരുത്തുകയും ഇതിന്റെ പ്രവൃത്തിക്കായി 01-11-2016-ൽ ഭരണാനുമതി

ലഭിക്കുകയുമുണ്ടായി. റോഡ് പരിഷ്കരണത്തിന് കൂടുതൽ തുക ആവശ്യമായി വന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി KRFB (Kerala Road Fund Board)-യെ ഏല്പിക്കുകയും 28-10-2020-ന് 38.9 കോടിരൂപയുടെ ധനകാര്യ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്രയും വർഷമായിട്ടും ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി കീഴരിയൂർ, വിയ്യൂർ, കൊഴുക്കല്ലൂർ എന്നീ വില്ലേജുകളിലായി 1.655 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി 20-04-2022-ന് സെക്ഷൻ 6(1) നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചശേഷം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചെങ്കിലും ഇതുവരെയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ റോഡിൽ സ്വകാര്യ കമ്പനിയുടെ കേബിൾ സ്ഥാപിക്കുന്നതിനായി പല സ്ഥലത്തും കുഴിയെടുക്കുകയും ചാല് കീറുകയും ചെയ്തിട്ട് റെസ്റ്റോർ ചെയ്യാനുള്ള നടപടിയുണ്ടായിട്ടില്ലെന്നു മാത്രമല്ല, റോഡിന്റെ പല ഭാഗങ്ങളും ഗതാഗത യോഗ്യമല്ലാതായി തീർന്നിട്ടുമുണ്ട്. കൊല്ലം-നെല്ല്യാടി റോഡ് ക്രോസ് ചെയ്തുകൊണ്ടാണ് ദേശീയപാതയുടെ നന്തി-ചെങ്ങോട്ടുകാവ് ബൈപ്പാസ് കടന്നുപോകുന്നത്. റോഡുമായി ബന്ധപ്പെട്ട അണ്ടർപാസ് നിലവിലെ റോഡിൽനിന്നും വ്യത്യാസപ്പെടുത്തി

നിർമ്മിക്കുന്നതിനാൽ ഇത് റോഡിന് വളവ് സൃഷ്ടിക്കുമെന്ന് മാത്രമല്ല, നാല് വീടുകൾ ഒഴിപ്പിച്ചുകൊണ്ട് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടി വരികയും ചെയ്യും. KRFB ഉദ്യോഗസ്ഥർ നേരത്തെയുള്ള ജില്ലാ കളക്ടർ ശ്രീ. സീറാം സാംബശിവ റാവു ഉൾപ്പെടെ സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയ അലൈൻമെന്റ് മാറ്റുന്നതിനുള്ള ശ്രമമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ റോഡിന്റെ പരിസരത്തുള്ള മറ്റ് റോഡുകൾ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവയായതിനാൽ ഈ റോഡിന്റെ പണി പൂർത്തിയാകാത്തതിൽ വളരെ വൈകാരികമായാണ് ജനങ്ങൾ സമീപിക്കുന്നത്. മേൽ വസ്തുകകളും ഒരു നാടിന്റെയാകെ വികാരവും പരിഗണിച്ചുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് എത്രയുംവേഗം കൊല്ലം-നെല്യാടി-കീഴരിയൂർ-മേപ്പയ്യൂർ റോഡ് പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മുൻമന്ത്രി കൂടിയായ ശ്രീ. ടി. പി. രാമകൃഷ്ണൻ സബ്മിഷനിൽ ഉന്നയിച്ചത് കൊയിലാണ്ടി, പേരാമ്പ്ര എന്നീ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ കൊല്ലം-നെല്യാടി-മേപ്പയ്യൂർ റോഡുമായി ബന്ധപ്പെട്ട വിഷയമാണ്. 2016-ലെ ബഡ്ജറ്റിൽ പ്രസ്തുത

പ്രവൃത്തിക്ക് 10 കോടി രൂപ വകയിരുത്തിയിരുന്നു. ഇത് 9 വർഷത്തോളമായി നിലനിൽക്കുന്ന വിഷയമാണ്. 9.59 കിലോമീറ്റർ നീളമുള്ള 10 മീറ്റർ വീതിയിൽ നിർമ്മിക്കുന്ന ടി പ്രവൃത്തിക്ക് 38 കോടി 95 ലക്ഷം രൂപയാണ് സാമ്പത്തികാനുമതി നൽകിയിരിക്കുന്നത്. ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് 5 കോടി 98 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഭൂമി ഏറ്റെടുക്കലിന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 90 ശതമാനം പൂർത്തിയാകുകയും അടിയന്തരമായി ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ KRFB-PMU (Kerala Road Fund Board- Project Management Unit) പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റോഡിൽ HDD (Horizontal Directional Drilling) രീതിയിൽ കേബിൾ വലിക്കുന്നതിന് സ്വകാര്യകമ്പനിക്ക് അനുമതി നൽകിയിരുന്നുവെങ്കിലും അവർ അനുമതിക്ക് വിരുദ്ധമായി ചിലയിടങ്ങളിൽ ഓപ്പൺ ട്രെഞ്ചിംഗ് നടത്തുന്ന സാഹചര്യമുണ്ടായതിനാൽ അനുമതി റദ്ദാക്കി കൃത്യമായി റെസ്റ്റോറേഷൻ പ്രവൃത്തി നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ഇതിനോടകം 20 ലക്ഷംരൂപ ചെലവഴിക്കുകയുണ്ടായി. നാഷണൽ ഹൈവേ അതോറിറ്റിയുടെ

അണ്ടർപാസ് വരുന്ന ഭാഗത്ത് അലൈൻമെന്റിൽ ചെറിയ വ്യതിയാനം വന്നതിന്റെ അടിസ്ഥാനത്തിൽ ആ ഭാഗത്തെ അലൈൻമെന്റ് പുതുക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്; ആയത് ത്വരിപ്പെടുത്തുന്നതിന് പ്രത്യേകമായി ഇടപെടാൻ KRFB-PMU-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(5) പെരുവ-പിറവം അനുബന്ധ റോഡ് പ്രവൃത്തികൾ

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽപ്പെടുത്തി പെരുവ-പിറവം-പെരുവാമൂഴി, ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം എന്നിങ്ങനെ രണ്ട് റോഡുകളിലെ പ്രവൃത്തികളാണ് KSTP (Kerala State Transport Project) നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ റോഡിന്റെ ഡി.പി.ആർ. സംബന്ധിച്ച് ഞാൻ ഇതിനുമുമ്പും സബ്മിഷൻ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്. 2019-ലെ പ്രളയത്തിനുശേഷം തയ്യാറാക്കിയ ഡി.പി.ആർ.-ൽനിന്നും വ്യത്യസ്തമായ നിലയിൽ ഇപ്പോൾ വർക്കുകൾ ചെയ്യേണ്ടിവരുമെന്നതാണ് ഇതിലെ വിഷയം. അതായത്, ഡി.പി.ആർ.-ൽ ചില സ്ഥലങ്ങളിൽ റോഡ് ഉയർത്താൻ

നിർദ്ദേശമില്ലെങ്കിലും വെള്ളക്കെട്ട് ഉണ്ടാകുന്നതിനാൽ അവിടങ്ങളിൽ റോഡ് ഉയർത്തേണ്ടതുണ്ട്; ചില സ്ഥലങ്ങളിൽ ഓട നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കേണ്ടതായും വീതികൂട്ടി പുറമ്പോക്ക് ഡെവലപ് ചെയ്യേണ്ടതായും വരും. വോളണ്ടറിയായി സ്ഥലം വിട്ടുതരാൻ ആൾക്കാർ തയ്യാറാണ്. ഈ പ്രവൃത്തികൾ ഡി.പി.ആർ.-ൽ ഉൾപ്പെടാത്തവയായതിനാൽ അതുമായി ബന്ധപ്പെട്ട് അനിവാര്യ മാറ്റങ്ങൾ വരുത്തുന്നതിന്, യോഗം വിളിച്ചുചേർക്കുമ്പോൾ പഞ്ചായത്ത് നിർദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തുന്നതിന് ജർമ്മൻ ബാങ്കിന്റെ (സഹായം നല്കുന്ന ഏജൻസി) അനുമതിയില്ലെന്നാണ് KSTP ഉദ്യോഗസ്ഥർ പറയുന്നത്. സർക്കാർ തലത്തിൽ അനുമതി ലഭിക്കാത്തതിനാൽ ഈ രണ്ട് പ്രവൃത്തികൾക്കും വേഗത കുറഞ്ഞത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അടിയന്തരമായി യോഗം വിളിച്ചുചേർക്കുകയോ ആവശ്യമായ മാറ്റങ്ങൾ അനുവദിക്കാനുള്ള കർശന നിർദ്ദേശം നൽകുകയോ ചെയ്ത് ഈ രണ്ട് പ്രവൃത്തികളും എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മുൻമന്ത്രികൂടിയായ ബഹുമാന്യനായ അനൂപ് ജേക്കബ്

2018-ലെ പ്രളയത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട്, വിദേശ ധനസഹായത്തോടെയുള്ളതും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയതുമായ കുമരകം-നെടുമ്പാശ്ശേരി, ആരക്കുന്നം-ആമ്പല്ലൂർ എന്നീ റോഡുകളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ചില KSTP വർക്കുകളുടെ വിഷയത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. റീ-ബിൽഡ് കുമരകം-നെടുമ്പാശ്ശേരി റോഡിന്റെ ഭാഗമായ പെരുവ-പെരുവാമൂഴി റോഡിന്റെ (21.100 കി.മീ.) പുനരുദ്ധാരണത്തിന് 99.20 കോടിരൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ഈ റോഡിലെ പെരുവ ജംഗ്ഷൻ മുതൽ വളപ്പിൽ പാലംവരെയുള്ള 3 കി.മീ. ഭാഗം കോട്ടയം ജില്ലയിലും വളപ്പിൽപാലം മുതൽ പെരുവാമൂഴി വരെയുള്ള 18.4 കി.മീ. ഭാഗം എറണാകുളം ജില്ലയിലും ഉൾപ്പെട്ടതാണ്. ഈ റോഡ് 6 മീറ്റർ വീതിയിൽ ബി.എം. & ബി.സി.-യും വെള്ളം കയറുന്ന ഭാഗങ്ങളിൽ ശരാശരി 50 സെ.മീ. ഉയർത്തി കോൺക്രീറ്റ് ചെയ്ത് ആവശ്യമായ ഭാഗങ്ങളിൽ ഡ്രെയിൻ, കൾവർട്ട്, പാലങ്ങൾ, ട്രാഫിക് സേഫ്റ്റി വർക്കുകൾ മുതലായവ ഉൾപ്പെടുത്തിയും പുനരുദ്ധാരണം നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ റോഡിന്റെ ശരാശരി വീതി 9 മീറ്റർ ആണ്. 2022 ജൂലൈ-ൽ ഉണ്ടായ മഴയിൽ ടി റോഡിൽ വെള്ളം കയറിയ സാഹചര്യമുണ്ടായതിനാൽ ചീഫ്

എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സംഘം വെള്ളം കയറിയ ഭാഗങ്ങൾ സന്ദർശിക്കുകയും റോഡ് ഉയർത്തുന്നതിനും വളവ് നിവർത്തുന്നതിനും 10 മീറ്ററിന്റെ ഒരു ബോക്സ് കൾവർട്ട് ചെയ്യുന്നതിനാവശ്യമായ വേരിയേഷൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൺസൾട്ടൻസി തയ്യാറാക്കിയ വേരിയേഷനിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് കണ്ട് ഉൾക്കൊള്ളിക്കാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം റോഡ് പ്രവൃത്തിയും പുരോഗമിക്കുകയുമാണ്.

ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡുകളുടെ പുനരുദ്ധാരണം (7.98 കി.മീ.) സംബന്ധിച്ച് പറയുമ്പോൾ ആരക്കുന്നം-ആമ്പല്ലൂർ റോഡ് എറണാകുളം ജില്ലയിലും ആരക്കുന്നം-പിറവം റോഡിലെ ആരക്കുന്നം ജംഗ്ഷനിൽ നിന്നുമാരംഭിച്ച് പിറവം നിയോജകമണ്ഡലത്തിലെ കട്ടിമുട്ടം-ചെത്തിക്കോട് വഴി ആമ്പല്ലൂർ ജംഗ്ഷനിലും അവസാനിക്കുന്നു. ഈ റോഡിന്റെ പുനരുദ്ധാരണത്തിന് 31.40 കോടിരൂപയുടെ കരാർ ഒപ്പുവച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്നു; വാട്ടർ അതോറിറ്റിയുടെ ഒരു പൈപ്പ് ലൈനിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടില്ലെങ്കിലും പ്രവൃത്തി തുടരാൻ കഴിയുന്ന

മേഖലയിൽ വേഗത്തിൽ മുന്നോട്ടുപോകാനുള്ള നടപടി സ്വീകരിക്കാൻ KSTP ചീഫ് എഞ്ചിനീയർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

(6) വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: സർ, കേശവദാസപുരം-അങ്കമാലി ദേശീയപാതയിലെ പ്രധാന ടൗണും എന്റെ നിയോജകമണ്ഡലവുമായ വാമനപുരത്തുള്ള വെഞ്ഞാറമൂട് ഭാഗത്തെ ഗതാഗതക്കുരുക്കിനൊരു പരിഹാരമെന്ന നിലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഫ്ലൈ ഓവർ നിർമ്മാണത്തിന് കിഫ്ബി ഫണ്ട് അനുവദിക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പക്ഷേ 2016-ൽ DSR (Delhi Schedule of Rates)-ൽ above ക്വാട്ട് ചെയ്തുകൊണ്ടാണ് കരാറുകാർ പ്രവൃത്തി ഏറ്റെടുത്തത്. 2018-ൽ DSR പുതുക്കിയപ്പോൾ അതിനനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് കൊടുത്തുവെങ്കിലും ആ തുകയ്ക്ക് ടി പ്രവൃത്തി ചെയ്യാൻ കരാറുകാർ തയ്യാറാകാത്തതിനാൽ റീ-ടെണ്ടർ ചെയ്യുകയുണ്ടായി. ഒരു തവണ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വർക്ക് ഏറ്റെടുത്തെങ്കിലും PAC (Probable Amount of Contract)-യെക്കാൾ 39 ശതമാനം കൂടുതലായതുകൊണ്ട് അത് അംഗീകരിക്കാതെ റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഇപ്പോൾ മെറ്റീരിയൽസിന്റെ മാർക്കറ്റ് വാല്യൂ

DSR-നെക്കാൾ കൂടുതലായതുകൊണ്ട് കരാറുകാർ അവർ ക്വാട്ട് ചെയ്ത റേറ്റിൽനിന്നും കുറയ്ക്കാൻ തയ്യാറാകുന്നില്ല. ഈ വിഷയം ഇനിയും നീണ്ടുപോയാൽ നിലവിലുള്ള തുക ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കാൻ കഴിയാതെ വരുമെന്നതിനാൽ അങ്ങ് അടിയന്തരമായി ഇടപെട്ട് ഫ്ലൈ ഓവറിന്റെ ടെണ്ടർ അംഗീകരിച്ച് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ശ്രീ. ഡി. കെ. മുരളി സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ തിരക്കേറിയ എം.സി. റോഡിലെ ഒരു പ്രധാന ജംഗ്ഷനാണ് വെഞ്ഞാറമൂട്. ഇവിടെ ഫ്ലൈ ഓവർ നിർമ്മിച്ചാൽ എം.സി. റോഡിലെ ഗതാഗതം തടസ്സമില്ലാതെ സാധ്യമാകുന്നതാണ്. 2020-ൽ പദ്ധതി ആദ്യം ടെണ്ടർ ചെയ്തിരുന്നെങ്കിലും അന്ന് 25 ശതമാനം അധിക തുകയ്ക്കാണ് ടെണ്ടർ നിരസിച്ചത്. രണ്ടാമത് ടെണ്ടർ ചെയ്യുമ്പോൾ 39 ശതമാനമായിരുന്നു അധിക നിരക്ക്. മൂന്നാമത്തെ ടെണ്ടറിൽ 36.87 ശതമാനം കൂടുതൽ തുക ക്വാട്ട് ചെയ്യുകയുണ്ടായി. കരാറുകാരുമായി നെഗോസിയേഷൻ നടത്തിയിട്ടും ഇതിൽ കുറവ്

വരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള ഫയൽ വളരെവേഗം നൽകുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബഹുമാന്യനായ അംഗത്തെ അറിയിക്കുകയാണ്.

(7) ചാലക്കുടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജക മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയാണ്. 33 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡിന്റെ പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്. ടി റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം രണ്ടുതവണ നീട്ടിനൽകിയിട്ടും പൂർത്തീകരിക്കാത്തതിനെത്തുടർന്ന് കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയാണുണ്ടായത്. പൊളിച്ചിട്ട റോഡിലെ പൊടിശല്യംമൂലം പ്രദേശവാസികൾ കഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല, ജനങ്ങൾ സമരം ചെയ്യുന്ന അവസ്ഥയിലുമാണ്. ടി പ്രവൃത്തിയുടെ 25 ശതമാനംപോലും പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ അടിയന്തരമായി നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. 27 കോടിരൂപയുടെ അന്തർസംസ്ഥാന പാതയായ ചാലക്കുടി-ആനമല-മലക്കപ്പാറ റോഡ്

പ്രവൃത്തിയുടെ 12 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത റോഡ് രണ്ട് വർഷമായി പൊളിച്ചിട്ടിരിക്കുകയാണ്. നിരവധി ടൂറിസ്റ്റുകൾ സന്ദർശത്തിനായി എത്തുന്ന ഈ പാതയിൽ ഒരു സമാന്തര റോഡില്ലാത്തതിനാൽ ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. 117 കോടി രൂപയുടെ വെള്ളിക്കുളങ്ങര-വെറ്റിലപ്പാറ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് ഞാനടക്കമുള്ള ജനപ്രതിനിധികൾ വീടുകൾതോറും കയറിയിറങ്ങിയതിന്റെ ഫലമായി പ്രദേശവാസികൾ സൗജന്യമായി ഭൂമി വിട്ടുനൽകി ഒന്നരവർഷം കഴിഞ്ഞിട്ടും ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കാനുള്ള അനുമതി ലഭിക്കാത്തതുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകാത്തതിനാൽ 58 കോടിരൂപയുടെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ അനന്തമായി നീണ്ടുപോകുന്നു. 35 കോടിരൂപയുടെ പാറക്കുട്ടപാലം 17 കോടിരൂപയുടെ ആറങ്ങാലിക്കടവ് പാലം, കാഞ്ഞിരപ്പള്ളി-കുന്നക്കടവ് പാലം എന്നിവയുടെ പ്രവൃത്തിയും ആരംഭിച്ചിട്ടില്ല. 30 കോടി രൂപയുടെ ചാലക്കുടി-മോതിരക്കണ്ണി റോഡ്, 43 കോടിരൂപയുടെ പൂവത്തുങ്ങൽ-വേളൂക്കര റോഡ്, 34 കോടിരൂപയുടെ ചാത്തൻമാസ്റ്റർ റോഡ് തുടങ്ങിയ പ്രവൃത്തികൾക്ക് സർവ്വേ നടത്തി ലാൻഡ് അക്വിസിഷൻ നടത്താത്തതുകൊണ്ട് പണി കടലാസിൽ

മാത്രം ഒതുങ്ങിനിൽക്കുന്ന അവസ്ഥയിലാണ്. 2018-2019-ലെ പ്രളയത്തിൽ സമാനതകളില്ലാത്ത നാശനഷ്ടങ്ങൾ സംഭവിച്ച ചാലക്കുടിയുടെ വികസന സ്വപ്നങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. സനീഷ്കുമാർ ജോസഫ് പ്രതിനിധാനം ചെയ്യുന്ന ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുമായി ബന്ധപ്പെട്ട വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. വെള്ളികുളങ്ങര-വെറ്റിലപ്പാറ മലയോര ഹൈവേ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുകാരെ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 13 ജില്ലകളിലൂടെ കടന്നുപോകുന്നതും 1200 കി.മീ. ദൈർഘ്യമുള്ളതുമായ മലയോര ഹൈവേ പൂർത്തീകരിക്കുക എന്നത് സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്. ഇന്ത്യയിൽ മലയോര മേഖലയിലൂടെ കടന്നുപോകുന്ന ഹൈവേ ഒരു സംസ്ഥാനത്ത് ആദ്യമായി വരുന്നത് കേരളത്തിലാണ്. കേരളത്തിന്റെ കാർഷിക ടൂറിസം മേഖലയ്ക്ക് ഉണർവ്വുണ്ടാക്കാൻ ഉതകുന്നതാണെന്ന നിലയിൽ മലയോര ഹൈവേയെ കാണാനും റിവ്യൂ നടത്താനും സർക്കാർ തയ്യാറാണ്. സൗജന്യമായി വിട്ടുനൽകിയ

ഭൂമിയിലെ ചമയങ്ങൾക്കുള്ള നഷ്ടപരിഹാരംകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കിനൽകാൻ കിഫ്ബിക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. തീർച്ചയായും കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കാനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

ചാലക്കുടി-മോതിരക്കണ്ണി റോഡ്, പൂവത്തുങ്ങൽ-വേളൂക്കര റോഡ് എന്നിവയുടെ സർവ്വേ നടപടികൾ വൈകിയതുമൂലം സ്ഥലമേറ്റെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടില്ല. മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പതിനാല് കലുങ്കുകളുടെ പുനർനിർമ്മാണം, 1.3 കി.മീ. കാന നിർമ്മാണം, 4.35 കി.മീ. ഡി.ബി.എം. പ്രവൃത്തി, 775 മീറ്റർ സംരക്ഷണ ഭിത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് പ്രവൃത്തി പുരോഗമിക്കാത്ത സാഹചര്യത്തിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയല്ലാതെ മറ്റ് വഴികളില്ലായിരുന്നു. ടി പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനും പുനരാരംഭിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ പൊതുവെ കരാർ ടെർമിനേറ്റ് ചെയ്യാൻ പലരും ഭയക്കുകയും മടി കാണിക്കുകയും ചെയ്യുന്ന സ്ഥിതിയാണുണ്ടായിരുന്നത്. കാരണം കരാറുകാർ കോടതിയിൽനിന്ന് സ്റ്റേ

വാങ്ങിയാൽ പ്രവൃത്തി കുറേക്കാലത്തേയ്ക്ക് നിന്നുപോകും. എന്നാൽ ഇപ്പോൾ പലയിടങ്ങളിലും ടെർമിനേഷൻ കഴിഞ്ഞയുടനെ റീ-ടെണ്ടർ ചെയ്തുകൊണ്ട് പ്രവൃത്തി മുന്നോട്ടുപോകുന്ന മാതൃകാപരമായ നിലപാട് സ്വീകരിക്കാൻ വകുപ്പിന് കഴിയുന്നുണ്ടെന്ന് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് തെറ്റായ പ്രവണതകളെ ഇല്ലാതാക്കാൻ ഏറെ സഹായകരമാണ്. പൂർണ്ണമായും വനത്തിലൂടെ കടന്നുപോകുന്ന ചാലക്കുടി-ആനമല റോഡിന് 4.2 മീറ്റർ ക്യാരേജ് വേ മാത്രമാണുള്ളത്. നിലവിലെ റോഡിലൂടെയുള്ള ഗതാഗതം വഴിതിരിച്ചുവിടുന്നതിന് സൗകര്യപ്രദമായി മറ്റ് റോഡുകളൊന്നുമില്ല. ഇതിന്റെ ആദ്യറീച്ചിൽ ഡബ്ല്യു.എം.എം. (Wet Mix Macadam) വിരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ റീച്ചിൽ ജി.എസ്.ബി. (Granular-Sub-base) പ്രവൃത്തി പൂർത്തിയായിവരുന്നു. ആദ്യറീച്ചിൽ ടാറിംഗ് ആരംഭിക്കുന്നതിനായി സമീപ പ്രദേശങ്ങളിൽ പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 60 കി.മീ. അകലെ പ്ലാന്റ് സ്ഥാപിച്ച് ടാറിംഗ് പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലവിലെ ഗതാഗതം വഴിതിരിച്ചുവിടുന്നതിനായി ജില്ലാകളക്ടറുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്. പ്രവൃത്തി 31-03-2023-നുള്ളിൽ പൂർത്തീകരിക്കാനുള്ള തീവ്രപരിശ്രമത്തിലാണ്. പാറക്കുട്ടം പാലത്തിന്റെ അലൈൻമെന്റ് പുതുക്കി

നിശ്ചയിക്കുകയും ആയതിന് 23-01-2023-ന് അംഗീകാരം നൽകുകയും അതനുസരിച്ചുള്ള സ്ഥലമേറ്റെടുക്കൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയുമാണ്. ആറങ്ങാലിക്കടവ് പാലത്തിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി-കുന്നപ്പിള്ളി പാലത്തിന്റെ ഡിസൈൻ തയ്യാറാകുന്ന പ്രവൃത്തി വേഗത്തിലാക്കാൻ പ്രത്യേകം ഇടപെടൽ നടത്തുന്നുണ്ട്. അതിനുശേഷം കിഫ്ബിയിൽ പദ്ധതിരേഖ സമർപ്പിച്ച് അനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുക എന്നത് വളരെ പ്രാധാന്യമുള്ളതുകൊണ്ടുതന്നെ ടൈംലൈൻ വച്ച് പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് സഭയെ പ്രത്യേകം അറിയിക്കുകയാണ്.

(8) <u>തങ്കളം-കാക്കനാട് നാലുവരിപ്പാത</u>

<u>ശ്രീ. ആന്റണി ജോൺ</u>: സർ, എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട റോഡ് വികസന പദ്ധതിയുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തുനിന്നും ആരംഭിച്ച് തൃക്കാക്കര നിയോജകമണ്ഡലത്തിൽ അവസാനിക്കുന്ന തങ്കളം-കാക്കനാട്

നാലുവരിപ്പാത മൂന്നു-നാല് നിയോജകമണ്ഡലങ്ങളിലെ ജനങ്ങൾ ഏറെ വർഷങ്ങളായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന പദ്ധതിയാണ്. 2009-10-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് 27 കിലോമീറ്റർ ദൂരം വരുന്ന ഈ പദ്ധതിയുടെ 800 മീറ്റർ റോഡിന്റെ നിർമ്മാണ പ്രവൃത്തി കോതമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ചത്. ആ പ്രദേശം കുറെക്കാലം എയർപോർട്ടിന്റെ റൺവേപോലെ കിടന്നിരുന്നു. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആദ്യ രണ്ട് ബഡ്ജറ്റുകളിൽ കിഫ്ബിയിൽനിന്നും 30 കോടി രൂപയുടെയും 37 കോടി രൂപയുടെയും ഫണ്ട് അനുവദിച്ചതിനെത്തുടർന്ന് അവിടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും കോതമംഗലം പട്ടണത്തിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗത്തെ റോഡ് നിർമ്മാണം 2019-20 കാലഘട്ടത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. പത്ത് വർഷക്കാലത്തിനുശേഷമാണ് വീണ്ടും ആ റോഡിന്റെ നിർമ്മാണം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത്. ഇതിൽ ആകെ 27 കിലോമീറ്റർ വരുന്ന റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഏകദേശം ഒന്നേകാൽ കിലോമീറ്റർ ദൂരം മാത്രമാണ് കോതമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ ആ റോഡ് 7

കിലോമീറ്റർ ദൂരം വരുന്നുണ്ട്. അതിനുശേഷം പെരുമ്പാവൂർ, കുന്നത്തുനാട്, തൃക്കാക്കര മണ്ഡലങ്ങളിലൂടെയാണ് ആ റോഡ് കടന്നുപോകുന്നത്. ഐ.ടി. മേഖലയിലും ടൂറിസം രംഗത്തും വികസന സാദ്ധ്യത നൽകുന്നതും പ്രത്യേകിച്ച് ജില്ലാ ആസ്ഥാനത്തെ കിഴക്കൻ മേഖലയുമായി ബന്ധിപ്പിക്കുന്നതുമായ ഒരു പദ്ധതിയാണിത്. ഇപ്പോൾ കോതമംഗലം നിയോജകമണ്ഡലത്തിലെ ഇരുമല്ലൂർ വില്ലേജിലാണ് ടി പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി പ്രസ്തുത പ്രദേശം നേരിട്ട് സന്ദർശിക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിച്ച് വളരെ വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം കാക്കനാട്-തങ്കളം നാലുവരിപ്പാതയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചാണ് സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഇത് കെ.ആർ.എഫ്.ബി.-പി.എം.യു.-വിന്റെ പരിധിയിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ്. മനക്കടവ് മുതൽ തങ്കളം

വരെയുള്ള പ്രസ്തുത റോഡ് നാല് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. കുന്നത്തുനാട് 17 കി.മീ., മൂവാറ്റുപുഴ 1.74 കി.മീ., പെരുമ്പാവൂർ 1.26 കി.മീ., കോതമംഗലം 7.32 കിമീ. ഇങ്ങനെ നാല് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ഈ റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡിസൈൻ വിഭാഗം സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ പലയിടങ്ങളിലും ഇതിന്റെ അലൈൻമെന്റ് പവർഗ്രിഡ് കോർപ്പറേഷന്റെ ടവറുകൾ സ്ഥാപിച്ചിരിക്കുന്നതിന്റെ ഇടയിലൂടെയാണ് കടന്നുപോകുന്നത്. കൂടാതെ പല സ്ഥലങ്ങളിലും ഐ.ആർ.സി. (Indian Road Congress) അനുവദിക്കുന്ന ഏറ്റവും കൂടിയ ഗ്രേഡിയന്റായ 8 ശതമാനം അധികരിക്കുന്ന പ്രശ്നവുമുണ്ട്. ചെറുവട്ടൂർ മുതൽ തങ്കളം വരെയുള്ള ഭാഗത്തെ ഗ്രേഡിയന്റ് 18-34 ശതമാനം വരെയാണ്. ഇത് എട്ട് ശതമാനത്തിന്റെ രണ്ടോ മൂന്നോ നാലോ ഇരട്ടിയാണ്. ഡിസൈൻ വിഭാഗത്തിന്റെ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഐ.ആർ.സി. മാനദണ്ഡങ്ങളനുസരിച്ച് ഡിസൈൻ ചെയ്യാൻ കഴിയില്ലെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും കിഫ്ബിയുടെ

അഭിപ്രായംകൂടി ആരാഞ്ഞശേഷം തുടർനടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കിഫ്ബിയുമായി അടിയന്തര ആലോചനകൾ നടത്താമെന്ന് സഭയെയും ബഹുമാനപ്പെട്ട എം.എൽ.എ.-യെയും പ്രത്യേകം അറിയിക്കുകയാണ്.

(9) സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ബത്തേരി താലൂക്കാശുപത്രിയിൽ പോസ്റ്റ് ക്രിയേഷൻ നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1930-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് ഡിസ്പെൻസറിയായി ആരംഭിച്ച ബത്തേരി ആശുപത്രി 1995-ൽ താലൂക്കാസ്ഥാന ആശുപത്രിയായി ഉയർത്തപ്പെടുകയുണ്ടായി. കർണാടക-തമിഴ്നാട് അതിർത്തിയിലാണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത് എന്നതാണ് പ്രത്യേകത. അവിടെ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. എം.എസ്.ഡി.പി. പദ്ധതിയും സർക്കാർ വിഹിതവും ഉപയോഗിച്ച് ഏകദേശം അഞ്ച് നിലകളുള്ള മനോഹരമായ ബിൽഡിംഗ് പണികഴിപ്പിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീമതി കെ. കെ. ശൈലജ ടീച്ചറാണ് അതിന്റെ ഉദ്ഘാടനം

നിർവ്വഹിച്ചത്. അമ്മയും കുഞ്ഞും പദ്ധതിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ബിൽഡിംഗിന്റെ പ്രവൃത്തി ഏകദേശം പൂർത്തീകരണത്തിന്റെ വക്കിലാണ്. പബ്ലിക് ഹെൽത്ത് ലാബ്, വൈറോളജി ലാബ്, ആറ് ബോഡികൾ ഒരുമിച്ച് സൂക്ഷിക്കാൻ കഴിയുന്ന ഫ്രീസറോടുകൂടിയുള്ള പോസ്റ്റുമോർട്ടം യൂണിറ്റ്, ബ്ലഡ് ബാങ്ക്, എക്സ്റേ യൂണിറ്റ് ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും അവിടെയുണ്ട്. നിലവിൽ 50 ബെഡ് സ്ട്രങ്ത്തോടുകൂടി പ്രവർത്തിക്കുന്ന ഈ ആശുപത്രിയിയുടെ ബെഡ് സ്ട്രങ്ത് വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. മാത്രമല്ല, ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും കുറവ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വലിയ പ്രതിസന്ധിയുണ്ടാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി രണ്ടുതവണ അവിടം സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പാക്കിയാൽ മാത്രമെ നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. എല്ലാ ദിവസവും ആയിരക്കണക്കിന് രോഗികൾ ഈ ആശുപത്രിയിലെത്തുമ്പോൾ അവർക്കാവശ്യമായ സേവനം നൽകാൻ നമുക്ക് കഴിയുന്നില്ല. നിരവധി ഗർഭിണികളായ സഹോദരിമാർ ഇവിടെയെത്തി ഗൈനക്കോളജിസ്റ്റില്ലാത്ത കാരണത്താൽ തിരിച്ചുപോകുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട്

ഡി.എം.ഒ.-യുടെ നേതൃത്വത്തിലും എന്റെ സാന്നിദ്ധ്യത്തിലും എച്ച്.എം.സി. യോഗം ചേർന്ന് പലതവണ പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ, പട്ടികജാതി, പിന്നാക്ക വിഭാഗക്കാർ ഏറെയുള്ള ഈ നിയോജകമണ്ഡലത്തിലെ ടി ആശുപത്രിയിൽ കർണാടകം-തമിഴ്നാട് മേഖലകളിൽനിന്നും ധാരാളം ആളുകൾ ചികിത്സതേടി എത്തുന്നുണ്ട്. അവിടെ പോസ്റ്റുമോർട്ടം യൂണിറ്റ് ഉണ്ടെങ്കിലും ഫോറൻസിക് സർജൻ ഇല്ല. അതുകൊണ്ടുതന്നെ പല ഘട്ടങ്ങളിലും ബോഡി കോഴിക്കോട് കൊണ്ടുപോയി പോസ്റ്റ്മോർട്ടം ചെയ്യേണ്ട സാഹചര്യമാണുള്ളത്. നിലവിൽ ആശുപത്രിയിൽ ഓക്സിജൻ നിർമ്മിക്കുന്നതിനുള്ള പ്ലാന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, തുമ്പൂർമൂഴി മോഡൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് എന്നിവയെല്ലാമുണ്ടെങ്കിലും ടി ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരും ജീവനക്കാരുമില്ല. പി.എസ്.സി.-യിൽ വയനാട് ജില്ലയുടെ നഴ്സിംഗ് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആവശ്യത്തിന് പോസ്റ്റ് ക്രിയേഷൻ നടത്തി ജീവനക്കാരെ നിയമിച്ചാൽ ആശുപത്രിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കോവിഡ് കാലഘട്ടത്തിൽ പബ്ലിക് ഹെൽത്ത് ലാബിലും വൈറോളജി ലാബിലുമാണ് എല്ലാ ടെസ്റ്റുകളും നടത്തിയിരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി

ഇടപെട്ട് ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആർദ്രം മാനദണ്ഡപ്രകാരം വയനാട് സുൽത്താൻ ബത്തേരി ആശുപത്രി താലൂക്കാശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ബഹുഭൂരിപക്ഷം ആദിവാസി ഗ്രോത്രവിഭാഗങ്ങളിൽ ഉൾപ്പെട്ടവർ അധിവസിക്കുന്ന വയനാട് ജില്ലയിലെ വളരെ പ്രധാനപ്പെട്ട റഫറൽ ആശുപത്രികൂടിയാണിത്. ഈ ആശുപത്രിയിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം 56-ഉം ദിനംപ്രതിയുള്ള ശരാശരി ഒ.പി. 880-ഉം ഐ.പി. 25-ഉം ആണ്. ഇവിടെ ഓരോ മാസവും അറുപതോളം പ്രസവങ്ങളും നൂറോളം മേജർ-മൈനർ ഓപ്പറേഷനുകളും നടക്കാറുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നിരവധി നിർമ്മാണ-നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 1.45 കോടി രൂപ ചെലവിൽ ഒ.പി. ബ്ലോക്ക് നവീകരിച്ചിട്ടുണ്ട്. ഇവിടെ 16 ഒ.പി. കൺസൾട്ടേഷൻ മുറികളാണുള്ളത്. രജിസ്ട്രേഷൻ/ ഫാർമസി/ നാല് ഡിസ്പെൻസറി കൗണ്ടറുകൾ എന്നിവ വിപുലമായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപ ചെലവഴിച്ച് ഹോസ്പിറ്റലിന്റെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. രണ്ട്

ലിഫ്റ്റുകൾ, നാല് ഐ.സി.യു., മെഡിക്കൽ ഐ.സി.യു., രണ്ട് സർജിക്കൽ ഐ.സി.യു., പീഡിയാട്രിക്സ് ഐ.സി.യു., അഞ്ച് വിഭാഗങ്ങളിലായി ഓപ്പറേഷൻ തിയേറ്ററുകൾ (ഒഫ്ത്താൽമിക്, ഗൈനക്കോളജി, ഇ.എൻ.ടി., ജനറൽ, ഓർത്തോപീഡിക്), കാഷ്വാലിറ്റി ട്രയാജ് സിസ്റ്റം, വാർഡ് നവീകരണം, പെയിൻ ആൻഡ് പാലിയേറ്റീവ് വാർഡ് നവീകരണം, ഹാൻഡ് റെയിലുകൾ, ഹോൾഡറുകൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായ പ്രവൃത്തികൾ മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഞാൻ ടി ആശുപത്രിയിൽ ആദ്യം സന്ദർശിച്ചപ്പോൾത്തന്നെ റോഡ് ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 1.10 കോടി രൂപ അനുവദിക്കുകയും റോഡ് നിർമ്മാണം ആരംഭിക്കുകയും നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇത് ജൂൺ മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കും. കെ.എസ്.ഇ.ബി.എൽ.-ന്റെ സൗര പദ്ധതിപ്രകാരം 66,55,000/- രൂപ ചെലവിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഇതിലൂടെ 165 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഒരു കോടി രൂപ ഇ.സി.ആർ.പി. (Emergency Covid Response Package) ഫണ്ട്

ഉപയോഗിച്ച് കെ.എം.എസ്.സി.എൽ. മുഖാന്തരം സ്ഥാപിക്കുന്ന എൽ.എം.ഒ. (Liquid Medical Oxygen) പ്ലാന്റിന്റെ നിർമ്മാണം മാർച്ച് മാസത്തോടെ പൂർത്തിയാകുന്നതാണ്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിരുന്നു. സിവിൽ പ്രവൃത്തികൾക്കായി 24 ലക്ഷം രൂപയാണ് അധികമായി വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ 12 ലക്ഷം രൂപ ചെലവഴിച്ച് പത്ത് കിടക്കകളോടുകൂടിയ പീഡിയാട്രിക്സ് ഐ.സി.യു. സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 25 കോടി രൂപയുടെ നബാർഡ് ധനസഹായത്തോടെ നിർമ്മാണം നടത്തിവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം ഏകദേശം 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് അതിനുള്ള എക്യുപ്മെൻസും മറ്റ് അനുബന്ധ കാര്യങ്ങളുമാണ്. 1.40 കോടി രൂപ വിനിയോഗിച്ചുകൊണ്ട് കെ.എം.എസ്.സി.എൽ. മുഖാന്തരം ഒഫ്ത്താൽമിക് ഓപ്പറേറ്റിംഗ് ടേബിൾ, അത്യാഹിത വിഭാഗം, ഐ.സി.യു., വാർഡുകൾ, ഒ.പി. എന്നിവിടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനായി വെന്റിലേറ്ററുകൾ, മൾട്ടിപാരാ മോണിറ്ററുകൾ ഉൾപ്പെടെയുള്ള എക്യുപ്മെന്റുകളും ഫർണിച്ചറും വിതരണം ചെയ്തിട്ടുണ്ട്; ബാക്കിയുള്ളവ ലഭിച്ചുകൊണ്ടിരിക്കുകയാണ്. നേത്രരോഗ വിഭാഗത്തിലേയ്ക്ക്

സർജിക്കൽ മൈക്രോസ്കോപ്പ്, ഓപ്പറേറ്റിംഗ് ടേബിൾ തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ നിലവിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരടക്കം 23 ഡോക്ടർമാരും 19 സ്റ്റാഫ് നഴ്സുമാരുമാണുള്ളത്. ഇപ്രകാരം സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തിക 89 ആണ്. ഇതിനുപുറമെ ഒരു അനസ്തേഷ്യ ഡോക്ടർ, നാല് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 55 താൽക്കാലിക ജീവനക്കാരെ ആരോഗ്യകേരളം മുഖേന നിയമിച്ചിട്ടുണ്ട്. കൂടാതെ എച്ച്.എം.സി., കാസ്പ്, അഡ്ഹോക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ 112 താത്കാലിക ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ ആകെ 256 ജീവനക്കാരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തുമായി ഏകദേശം 21 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ പെരിഫെറിയിൽനിന്നും യോഗ്യതയുള്ള ഒരു അസിസ്റ്റന്റ് സർജനെ നിയോഗിച്ച് അവിടെ ഫോറൻസിക് സർജന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കണമെന്നുതന്നെയാണ് കാണുന്നത്, അക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. വയനാട് ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് സർക്കാർ മുഖ്യ പരിഗണന നൽകുന്നുണ്ട്. ഉദാഹരണത്തിന് മാനന്തവാടി

ആശുപത്രിയെ മെഡിക്കൽ കോളേജായി കൺവെർട്ട് ചെയ്തതിനുശേഷം 115 അദ്ധ്യാപക വിഭാഗം ഡോക്ടർമാരും 25 അനദ്ധ്യാപക ജീവനക്കാരുമടക്കം 140 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജായി മാറ്റിയശേഷം ഏതാണ്ട് 17 കോടിയോളം രൂപ അവിടെ ചെലവഴിച്ചിട്ടുണ്ട്. കൽപ്പറ്റ, വൈത്തിരി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള വയനാട് ജില്ലയിലെ ആശുപത്രികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് ആരോഗ്യ മേഖലയുടെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

(10) വഖഫ് ബോർഡ് ഗ്രാന്റ്

ശ്രീ. പി. ഉബൈദുള്ള: സർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുഖേന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് നൽകിവരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കേണ്ടതിന്റെയും നിലവിൽ പെൻഡിംഗുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കേണ്ടതിന്റെയും ആവശ്യകത സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വഖഫ് ബോർഡ് മുഖേന സാമൂഹ്യക്ഷേമ പദ്ധതികൾക്ക് 2022-23 വർഷത്തെ ബഡ്ജറ്റിൽ 1.32 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. ഇന്നത്തെ സാഹചര്യത്തിൽ ഈ തുക അപര്യാപ്തമായതിനാൽ ക്ഷേമ പദ്ധതികൾക്കുള്ള സ്പെഷ്യൽ ഗ്രാന്റും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. ക്ഷേമ പെൻഷനുവേണ്ട 1.20 കോടി രൂപയും വിവാഹ ധനസഹായത്തിന് വേണ്ടിവരുന്ന 80 ലക്ഷം രൂപയും ചികിത്സാ ധനസഹായത്തിനുവേണ്ട 60 ലക്ഷം രൂപയും ചേർത്ത് ആകെ 2.60 കോടി രൂപ ഒരു വർഷത്തെ സാമൂഹ്യ പദ്ധതികൾക്ക് മാത്രമായി വഖഫ് ബോർഡിന് വേണ്ടിവരും. നിലവിൽ നിർദ്ധനരായ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായമായി 10,000/- രൂപയും മാരകരോഗം ബാധിച്ചവർക്കുള്ള ചികിത്സാ ധനസഹായമായി 15,000/- രൂപയുമാണ് നൽകിവരുന്നത്. നാലുവർഷമായി ഇതിനുള്ള അപേക്ഷകൾ പെൻഡിംഗിലായതുകൊണ്ടുതന്നെ അപേക്ഷകർക്ക് സഹായം ലഭിക്കുമ്പോഴേയ്ക്കും അവർ മരണപ്പെട്ടുകഴിഞ്ഞിരിക്കും. ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചാലുടൻ അതിന് തീർപ്പുകൽപ്പിച്ച് അർഹരായവർക്ക് നൽകാൻ കഴിയുന്ന സംവിധാനമുണ്ടാകണം. നിലവിൽ ബോർഡിന് ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ 6 കോടിയോളം രൂപ

അഡീഷണൽ ഗ്രാന്റായി അനുവദിക്കുകയും വിവാഹത്തിനും ചികിത്സയ്ക്കും നൽകിവരുന്ന തുച്ഛമായ തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മാസംതോറും 1,600/- രൂപയാണ് വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി നൽകിവരുന്നത്. എന്നാൽ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് 1,000/- രൂപ മാത്രമാണ് പെൻഷനായി നൽകിവരുന്നത്. മറ്റ് പെൻഷനുകൾക്ക് സമാനമായി വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. 10 കോടി രൂപയിലേറെവരുന്ന എട്ട് ന്യൂനപക്ഷ സ്കോളർഷിപ്പുകളാണ് ഇപ്പോൾ തടഞ്ഞുവച്ചിരിക്കുന്നത്. നവംബർ-ഡിസംബർ മാസങ്ങളിൽ അപേക്ഷ ക്ഷണിക്കേണ്ട ഈ സ്കോളർഷിപ്പുകൾക്ക് ഫെബ്രുവരി മാസമായിട്ടും അപേക്ഷ ക്ഷണിച്ചിട്ടില്ലെന്ന് മാത്രമല്ല കഴിഞ്ഞ വർഷത്തെ ചില സ്കോളർഷിപ്പുകളുടെ തുക ഇനിയും വിതരണം ചെയ്തിട്ടുമില്ല. കേന്ദ്ര സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ഇല്ലാതാക്കുമ്പോഴാണ് സംസ്ഥാന സർക്കാരും ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ കാര്യത്തിൽ അലംഭാവം തുടരുന്നത്. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൾ കലാം

സ്കോളർഷിപ്പ്, സി. എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, നഴ്സിംഗ് പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള മദർ തെരേസ സ്കോളർഷിപ്പ് എന്നിവയ്ക്കൊന്നും ഇതുവരെയും അപേക്ഷ ക്ഷണിച്ചിട്ടില്ല. ഇത് അനീതിയാണ്. അതുകൊണ്ട് വഖഫ് ബോർഡിന് നൽകിവരുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കാനും ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പുകൾക്കുമുള്ള അപേക്ഷ ഉടനെ സ്വീകരിച്ച് എത്രയുംവേഗം വിതരണം ചെയ്യാനും സത്വരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേരള സംസ്ഥാന വഖഫ് ബോർഡിന്റെ 'സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്ന പദ്ധതിപ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്നുള്ളവർക്ക് ചുവടെ പറയുന്ന ധനസഹായം അനുവദിച്ചുവരുന്നു.

- പ്രതിമാസ ധനസഹായം (പെൻഷൻ);
- മാരക രോഗം ബാധിച്ചവർക്കുള്ള ചികിത്സാ ധനസഹായം;
- നിർദ്ധനരായ മുസ്ലീം പെൺകുട്ടികളുടെ വിവാഹ ധനസഹായം;
- കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുള്ള ഇസ്ലാമിക് ചെയർ ഗ്രാന്റ്.

വഖഫ് വകുപ്പുമന്ത്രി ചെയർമാനായുള്ള വഖഫ് ബോർഡ് സാംഗ്ഷൻ കമ്മിറ്റിയാണ് അപേക്ഷകൾ പാസ്സാക്കുന്നത്. വഖഫ് ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടി 1.32 കോടി രൂപ വകയിരുത്തുകയും ആദ്യഗഡുവായി ഒരു കോടി രൂപ അനുവദിച്ചുനൽകുകയും ചെയ്തിരുന്നു. ബാക്കി 32 ലക്ഷം രൂപ ഫെബ്രുവരി 4-ാം തീയതി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ പണം ഉപയോഗിച്ച് പെൻഡിംഗുള്ള അപേക്ഷകൾ കഴിയുന്നത്ര തീർപ്പാക്കിയിട്ടുണ്ട്. നിലവിൽ സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയിട്ടുള്ളതും ധനസഹായം നൽകാൻ ബാക്കിയുള്ളതുമായ അപേക്ഷകളുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുന്നു+.

വിവിധ തീയതികളിൽ സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയ അപേക്ഷകൾക്ക് നൽകേണ്ട ധനസഹായം നൽകുന്നതിനായി 6 കോടി രൂപ അധിക ധനസഹായമായി ധനകാര്യ വകുപ്പിനോട് ഈ സാമ്പത്തിക വർഷം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ല. പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ ബഡ്ജറ്റിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട നിരവധി സ്കോളർഷിപ്പുകൾ റദ്ദ്

+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

ചെയ്തിട്ടുണ്ട്. മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് തുടങ്ങി നിരവധി സ്കോളർഷിപ്പുകൾ റദ്ദ് ചെയ്തതായി പ്രസ്തുത ബഡ്ജറ്റിൽ അറിയിച്ചിട്ടുണ്ട്.

**[12.10 PM]**

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**[12.11 PM]**

## VII. ധനകാര്യം

2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ച 2023-2024 വർഷത്തെ സംസ്ഥാന ബഡ്ജറ്റിനെ അതിയായ അഹ്ലാദത്തോടും അതിലേറെ അഭിമാനത്തോടുംകൂടി ഞാൻ അംഗീകരിക്കുന്നു. വികസനത്തിന്റെ ബദൽ മാതൃകയാണ് ഈ ബഡ്ജറ്റിലൂടെ നാം കാണുന്നത്. ഒരു ഫെഡറൽ ഭരണഘടനയുടെ ചട്ടക്കൂടിനകത്ത് പ്രവർത്തിക്കാൻ ബാധ്യസ്ഥതയുള്ള നമ്മുടെ യൂണിയൻ ഗവൺമെന്റ്, കേരളം പോലെയുള്ള സംസ്ഥാനങ്ങളെ തുടർച്ചയായി അവഗണിക്കുകയും ഞെക്കിക്കൊല്ലുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ചങ്ങാത്ത മുതലാളിത്തത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനും സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾ കൊയ്യാനും എന്തും ചെയ്യാൻ മടിക്കാതെ ഭരണഘടനാ മൂല്യങ്ങൾ കാറ്റിൽപ്പറത്തുന്ന ഇവർ, സാമ്പത്തിക ഫെഡറലിസത്തെ ഞെരിച്ച് തകർക്കുകയും സംസ്ഥാനത്തിന്റെ അർഹതപ്പെട്ട വിഭവങ്ങൾ കവർന്നെടുക്കുകയും ചെയ്യുകയാണ്. കേരളത്തിന് ലഭിക്കേണ്ട വിഹിതം പത്താം ധനകാര്യ കമ്മീഷൻ മുതൽ കുറച്ചുകുറച്ച് 1.92 ശതമാനമാക്കി. ജി.എസ്.ടി നടപ്പിലാക്കിയതിലൂടെ സംസ്ഥാന സർക്കാരിന് ഭീമമായ നഷ്ടമാണ് നേരിടേണ്ടിവന്നിരിക്കുന്നത്. ജി.എസ്.ടി. കോമ്പൻസേഷൻ

നിർത്തലാക്കിയതിലൂടെ കേരള സമൂഹത്തെ നെറികേടുകളുടെ ഇരകളാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്. ഇതിനെതിരെ പ്രതികരിക്കുകയും ചങ്കുറ്റത്തോടെ നേരിടുകയും ചെയ്യേണ്ട ജനപ്രതിനിധികളും നേതാക്കന്മാരും പാർലമെന്റിനകത്തും പുറത്തും തുടരുന്ന കുറ്റകരമായ നിസംഗത നമ്മെ അമ്പരപ്പിക്കുന്നു. പിറന്ന നാടിന് നേരെയുള്ള കൊടുംക്രൂരതകൾ കണ്ട് ആനന്ദിക്കുന്ന ഇത്തരം സാഡിസ്റ്റുകളുടെ മൗനാനുവാദത്തോടെ കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് കൊല്ലാനുള്ള തന്ത്രങ്ങളാണ് ഒളിഞ്ഞും തെളിഞ്ഞും കേന്ദ്ര ഭരണാധികാരികൾ തുടർന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ സത്യാഗ്രഹമെന്ന പേരിൽ നാല് പേർ സഭയ്ക്ക് പുറത്തിരിക്കുന്നുണ്ട്. അവർ എന്തിനാണ് ഇപ്പോൾ മുതലക്കണ്ണീർ ഒഴുക്കുന്നത്? 2014-ൽ പെട്രോളിന് 45 രൂപയും ഡീസലിന് 40 രൂപയുമായിരുന്നു. അവിടെനിന്നും ഘട്ടംഘട്ടമായാണ് 106 രൂപ വരെയായത്. ആയിരത്തി ഇരുനൂറോളം രൂപ നൽകിയാൽ മാത്രമെ ഇപ്പോൾ പാചകവാതകം ലഭിക്കുകയുള്ളൂ. ഇത്തരത്തിൽ ഘട്ടംഘട്ടമായി വില ഉയർത്തിയപ്പോൾ ഒരു വിരൽ ചൂണ്ടിയെങ്കിലും അതിനെ ചോദ്യം ചെയ്യുകയോ എതിർക്കുകയോ ചെയ്യാത്തവരാണ് കേരളത്തിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സത്യാഗ്രഹമെന്ന പേരിൽ നിയമസഭയുടെ വാതിൽക്കൽ ഇരിക്കുന്നത്.

ജനങ്ങൾ ഈ മുതലക്കണ്ണീർ പരിഹാസത്തോടെ മാത്രമെ കാണുകയുള്ളൂ. കേരളത്തിൽനിന്നും ജനങ്ങൾ വോട്ട് ചെയ്ത് തെരഞ്ഞെടുത്ത് അയച്ച 18 എം.പി.-മാർ അവിടെ സത്യാഗ്രഹം ചെയ്യണമെന്നില്ല, ഒരാളെങ്കിലും ഒരു വിരൽ ചൂണ്ടി എതിർത്താൽ മതിയായിരുന്നു; എന്നാൽ അതുപോലും ചെയ്തിട്ടില്ല. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പ്രതികരിക്കാതെ, കേരളത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മുതലക്കണ്ണീർ ഒഴുക്കി സത്യാഗ്രഹം കിടക്കുകയാണ്. ഇത്തരം കാര്യങ്ങളാണ് യു.ഡി.എഫ്. ചെയ്യുന്നത്. പ്രളയകാലത്തും കോവിഡുകാലത്തും കേരളത്തിന് നൽകിയ അരിയുടെ തുക തിരികെ ചോദിച്ചപ്പോഴെങ്കിലും എന്തെങ്കിലും ഒരക്ഷരം പറഞ്ഞ് പ്രതിരോധിക്കാത്തവരാണ് പുറത്ത് സത്യാഗ്രഹം കിടക്കുന്നത്. ഈ ദുഷ്ടശക്തികളെല്ലാമുണ്ടായിട്ടും ഓരോ കാര്യങ്ങളിലും പ്രതിരോധിച്ചും ജയിച്ചും കേരളം മുന്നേറുകയാണ്. തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ലെന്ന് ധീരമായി പ്രഖ്യാപിക്കുന്ന ബഡ്ജറ്റാണിത് എന്നരീതിയിൽ ജനങ്ങൾ നെഞ്ചിലേറ്റുകയാണ്.

എന്റെ മണ്ഡലത്തിലെ പ്രിയ കവി ശ്രീ. സത്യചന്ദ്രൻ പൊയിൽക്കാവിന്റെ 'കുമ്മായം' എന്നൊരു കവിതയുണ്ട്. "നിനക്കറിയില്ല എത്ര വെന്തിട്ടാണ് ഈ നിറമെന്ന് " എന്നതാണ് ആ കവിത.

കുമ്മായത്തിന്റെ വെണ്മയ്ക്ക് പിന്നിലുള്ള നീറ്റൽ പോലെ ഈ ബഡ്ജറ്റിന്റെ പിന്നിലുള്ള നീറ്റൽ ജനങ്ങൾ തിരിച്ചറിയുകയാണ്. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും എണ്ണ വില ഇപ്പോൾ പലരും താരതമ്യം ചെയ്യുകയാണ്. കർണ്ണാടകത്തിൽ കഞ്ഞികുടിക്കാൻ വകയില്ലാത്ത പാവപ്പെട്ട ജനവിഭാഗത്തിന് അവർ നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻ 600 രൂപയാണ്. എന്നാൽ കേരളത്തിൽ നൽകുന്ന പെൻഷൻ 1600 രൂപയാണ്. കടമാണെങ്കിലും ഒരുപാട് പ്രതിരോധിച്ചിട്ടാണെങ്കിലും ഒരു പ്രയാസവുമില്ലാതെ ഇന്നുവരെ അത് നൽകാൻ സർക്കാർ തയ്യാറാകുന്നുണ്ട്. 62 ലക്ഷം ജനങ്ങൾക്കാണ് 1600 രൂപ വീതം നൽകുന്നത്. ഇത് മനസ്സിലാക്കാതെയാണ് കർണ്ണാടകത്തിന്റെ കാര്യം പറയുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ എന്ന ഊന്നുവടിയിൽ താങ്ങി മാത്രം ജീവിതം മുന്നോട്ട് കൊണ്ടുപോകുന്ന 62 ലക്ഷത്തോളം കുടുംബങ്ങൾ കേരളത്തിലുണ്ട്. അവരിൽ 35 ലക്ഷവും സ്ത്രീ ജനങ്ങളാണ്. അവരെ കണ്ണീർക്കയത്തിലേയ്ക്ക് തള്ളിവിടുകയെന്ന ദുഷ്ടലാക്കോടുകൂടിയാണ് കേന്ദ്രം മുന്നോട്ടുപോകുന്നത്. കേന്ദ്രം പെൻഷൻ നിധിക്ക് വിലക്കുകൾ ഏർപ്പെടുത്തുകയാണ്. കേരളത്തിലെ ദരിദ്രവിഭാഗത്തെ ഈ രീതിയിൽ സർക്കാർ ചേർത്ത് പിടിക്കുന്നതുകൊണ്ടാണ് ദാരിദ്ര്യമില്ലാതെ മുന്നോട്ടുപോകുന്നത്.

തീരദേശ മേഖലയിൽ താമസിക്കുന്നവർക്കും കടലിന്റെ മക്കൾക്കും വലിയ രീതിയിൽ ആഹ്ലാദിക്കാൻ കഴിയുന്ന ഒരു ബഡ്ജറ്റാണിത്. തീരദേശത്തോടും അവിടത്തെ ജനതയോടും ഈ ബഡ്ജറ്റ് പ്രകടിപ്പിക്കുന്ന കരുതലും കാവലും തീരദേശ മണ്ഡലങ്ങളിലൊന്നായ കൊയിലാണ്ടിയുടെ പ്രതിനിധിയെന്ന നിലയിൽ അഭിമാനത്തോടെയാണ് ഞാൻ ഉൾക്കൊള്ളുന്നത്. നാടാകെ ദുരിതക്കയത്തിൽ മുങ്ങിത്താഴ്ന്ന കാലത്ത് കേരളത്തിന്റെ സ്വന്തം സൈന്യമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി വികാരവായ്പോടെ വിശേഷിപ്പിച്ച മത്സ്യത്തൊഴിലാളികളുടെ സർവ്വോത്മുഖമായ ക്ഷേമം ലക്ഷ്യമാക്കി 322 കോടിയോളം രൂപ വകയിരുത്തിയാണ് കടലിന്റെ മക്കളെ ഈ സർക്കാർ ചേർത്തുപിടിക്കുന്നത്. മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമുദ്ര പ്രോജക്ട്, സമുദ്രത്തിൽനിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്ന ശുചിത്വസാഗരം പദ്ധതി, ഫിഷിംഗ് ബോട്ടുകളുടെ ആധുനികവത്കരണം, ഫിഷറീസ് സർവ്വകലാശാല, കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ ഉപദേശ-നിർദ്ദേശങ്ങൾ, മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന അക്വാഫാമിംഗ് (ജലകൃഷി), സമുദ്രോല്പന്നങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാനുള്ള സാങ്കേതികവിദ്യകൾ, സീഫുഡ് പ്രോസസിംഗ്

പാർക്ക്, മാനവവിഭവശേഷി വികസനത്തിനും തീരസംരക്ഷണത്തിനുമുള്ള വിവിധ പദ്ധതികൾ എന്നിവയാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ യൂറോപ്പ് പര്യടനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിൽ നടപ്പാക്കാൻ പോകുകയാണ്. നൂതന ആശയങ്ങൾ പ്രയോഗികമാക്കിക്കൊണ്ട് ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ ഭാവിയുടെ വാഗ്ദാനമായി മാറുമെന്നതിൽ തർക്കമില്ല. കാപ്പാട് ചരിത്ര മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കേരളത്തിന് അഭിമാനകരമാണെന്ന് മാത്രമല്ല, അവിടെയുള്ള ജനങ്ങളുടെ ചിരകാല അഭിലാഷം കൂടിയായിരുന്നു. ഇതിനകം ലോകശ്രദ്ധ ആകർഷിച്ച ബ്ലൂ ഫ്ലാഗ് പദവിയിലുള്ള കാപ്പാടിന് ഈ രീതിയിലുള്ള അംഗീകാരം ലഭിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. കേന്ദ്രം ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയെ തകർക്കാനുള്ള ഗവേഷണത്തിലാണ്. ആ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട്, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം നഗരങ്ങളിലെ അയ്യങ്കാളി തൊഴിൽ പദ്ധതി സജീവമാക്കാനുമാണ് കേരള സർക്കാർ ഊന്നൽ നൽകുന്നത്. വീടില്ലാത്തവരെയും അധഃസ്ഥിത

വിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന ഗവൺമെന്റെന്ന രീതിയിൽ വീടില്ലാത്തവർക്കും കഷ്ടപ്പെടുന്നവർക്കും ലൈഫ് പദ്ധതി വഴി 323844 വീടുകളാണ് നൽകിയിട്ടുള്ളത്. ലൈഫ് പദ്ധതിയുടെ കാര്യത്തിൽ നേരത്തെ പ്രതിപക്ഷം വലിയ രീതിയിലുള്ള ചർച്ചകൾ നടത്തിയിരുന്നു. ലൈഫ് പദ്ധതി ഇല്ലായിരുന്നെങ്കിൽ വഴിയാധാരമാകുന്ന ധാരാളം ആളുകളുണ്ടാകുമായിരുന്നു. കടത്തിണ്ണയിൽ കിടക്കാൻ ഒരാളുമുണ്ടാകരുത്; അങ്ങനെയുള്ള അവസ്ഥയുണ്ടാകരുത് എന്ന ഉദ്ദേശത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്തെ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്നതാണ് ഇ.എം.എസ്. ഭവന പദ്ധതി. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് 'ഇ.എം.എസ്. ഭവന പദ്ധതി ഇനിയുണ്ടാകില്ല' എന്ന് പറഞ്ഞിട്ടുള്ളവരാണ് ഇപ്പോൾ ഘോരഘോരം പ്രസംഗിക്കുന്നത്.

കേരളം വിലക്കയറ്റം പിടിച്ചു നിർത്താനുള്ള ഭഗീരഥ യജ്ഞത്തിലാണ്. രണ്ടായിരം കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്. രാജ്യം ഇപ്പോഴും ഒന്നാം തലമുറ വികസന സൂചികയിൽ അള്ളിപ്പിടിച്ചിരിക്കുമ്പോൾ കേരളം നേരിടുന്ന സവിശേഷമായ രണ്ടാം തലമുറ വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും ഈ ബഡ്ജറ്റ് തയ്യാറാകുന്നുണ്ട്. വർക്ക് അറ്റ് ഹോമിൽനിന്നും വർക്ക് നിയർ ഹോമിലേയ്ക്കും അവിടെനിന്ന് വർക്ക് ഫ്രം

ഹോളിഡേ ഹോമിലേയ്ക്കും നമ്മുടെ ചുവടുകൾ നീളുകയാണ്. ജീവിതവും ജോലിയും ഒന്നിച്ച് ആസ്വദിക്കാൻ വർക്ക് ഫ്രം ഹോളിഡേ ഹോം സ്കീം എന്ന രീതിയിൽ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ട് എല്ലാവിഭാഗം ജനങ്ങളെയും ചേർത്തുപിടിക്കുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത് എന്നുള്ളതുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ
ശ്രീ. കെ. ബാബു (നെന്മാറ)]

ശ്രീമതി ഉമ തോമസ്: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2023-24 ബഡ്ജറ്റിനെ ഞാൻ നിശിതമായി എതിർക്കുന്നു. 'ചേച്ചീ, നിങ്ങൾക്കൊക്കെ സുഖമല്ലേ, ഞങ്ങളൊക്കെ തെണ്ടികളല്ലേ', ഞാൻ ഈ പറഞ്ഞ വാക്യത്തിന്റെ സന്ദർഭം അപ്പുറത്തിരിക്കുന്നവർ അറിയണം. ഇത് ചാനലിൽ വന്ന ഒരു ഓട്ടോ ഡ്രൈവറുടെയോ ശ്രീ. കടകംപള്ളി സുരേന്ദ്രൻ സഭയിൽ പറഞ്ഞ ഡ്രൈവറിന്റെയോ പ്രതികരണമല്ല. എന്റെ മണ്ഡലത്തിലെ ഒരു ഓട്ടോ തൊഴിലാളി വൈറ്റില ജംഗ്ഷനിൽ വച്ച് ഈ ബഡ്ജറ്റിനെക്കുറിച്ച്, തന്റെ ശിഷ്ടകാലം എങ്ങനെ ജീവിച്ച് തീർക്കുമെന്നറിയാതെ മനസ്സിൽ തട്ടുന്ന രീതിയിൽ എന്നോട് പ്രതികരിച്ചപ്പോഴുണ്ടായ വാചകങ്ങളാണിത്. കേന്ദ്ര

സർക്കാർ പെട്രോൾ/ഡീസൽ വില വർദ്ധിപ്പിക്കുന്നുവെന്ന് ആക്ഷേപം പറയുന്ന സംസ്ഥാന സർക്കാർ ഇവിടെ ഇന്ധനവിലയിൽ രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തിയിരിക്കുന്നു. ജനം നട്ടം തിരിയുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വക ഇരുട്ടടിയാണുണ്ടായിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് എന്റെ മനസ്സിലെ സങ്കല്പം ഇതൊന്നുമായിരുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലൂടെ കേരളത്തെ വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലെത്തിച്ചെന്ന സന്തോഷം അറിയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആമുഖ പ്രസംഗം ആരംഭിച്ചത്. 2022-23-ൽ സുരക്ഷിത പാതയിലാണെന്ന് സൂചിപ്പിക്കുമ്പോൾതന്നെ, 2023-24 സാമ്പത്തിക വർഷത്തിൽ എടുത്താൽ പൊങ്ങാത്ത സാമ്പത്തികഭാരം ജനങ്ങളിൽ അടിച്ചേല്പിക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ വർഷവും അടിമ നൽകേണ്ട ചുങ്കം എത്രയെന്ന് യജമാനൻ കുറിച്ച ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് പൊള്ളയാണെന്ന് മാത്രമല്ല ചട്ടിയിൽ ഉള്ളതുകൂടി മടിക്കുത്തിലാക്കുകയാണ് ചെയ്തിരിക്കുന്നത്. ഓരോ ദിവസവും രാവിലെ ചുരുങ്ങിയത് നാലോ അഞ്ചോ സ്ത്രീകളെങ്കിലും എന്റെ ഓഫീസിൽ എത്തുന്നുണ്ട്; ഇതിൽ അധികവും വിധവകളാണ്. കോവിഡ് കാരണമുണ്ടായ

പ്രശ്നങ്ങളാൽ വിവിധ ബാങ്കുകളിൽനിന്നും മറ്റ് സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തത് തിരികെ അടയ്ക്കാൻ സാധിക്കാതെ, ജപ്തി നോട്ടീസും കയ്യിലേന്തി കണ്ണീരൊലിപ്പിച്ച്, ആത്മഹത്യയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയിലായി എന്നാണ് അവർ പറയുന്നത്. വൺടൈം സെറ്റിൽമെന്റ് മുഖേന തുകയടച്ച് ജപ്തി നടപടി ഒഴിവാക്കാൻ അവർക്ക് പ്രാപ്തിയില്ല. ഒന്നുകിൽ അവർക്ക് കുറച്ച് സാവകാശം കൊടുക്കണം അല്ലെങ്കിൽ വായ്പ എഴുതിത്തള്ളണം; എന്നാൽ മാത്രമെ അവരെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. എല്ലാ മാധ്യമങ്ങളും ഒരേസ്വരത്തിൽ ബഡ്ജറ്റിനെ വിമർശിച്ചപ്പോൾ, 'കിട്ടാത്ത മുന്തിരി പുളിക്കും എന്നതുപോലെ മാധ്യമ പരിലാളന ഏറ്റുവളർന്നവരല്ല ഞങ്ങൾ' എന്ന് ഒരു ഭരണപക്ഷ മെമ്പർ പറയുന്നതുകേട്ടു. എങ്ങനെ പരിലാളിക്കും? തലോടലിനുള്ള ഒരു പ്രവൃത്തിയും കാണുന്നില്ല. ചെയ്തികളൊന്നുമില്ലാതെ എങ്ങനെ പരിലാളിക്കും? ഉപതെരെഞ്ഞെടുപ്പ് കാലത്ത് 20 മന്ത്രിമാരും തൃക്കാക്കര നിയോജകമണ്ഡലം നേരിട്ട് സന്ദർശിച്ച് അവിടത്തെ ജനങ്ങളുടെ പ്രശ്നം കണ്ടറിഞ്ഞതാണ്. ഓരോരുത്തരും എന്തെല്ലാം വാഗ്ദാനങ്ങളാണ് നൽകിയത്? അവരുടെ നാട്ടിലുള്ള പലരും ജീവിതോപാധിക്കുവേണ്ടി തൃക്കാക്കര മണ്ഡലത്തിൽവന്ന് താമസിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകും. 99 സീറ്റ് നേടി രണ്ടാം

എൽ.ഡി.എഫ്. സർക്കാർ തെരെഞ്ഞെടുക്കപ്പെട്ടതുമുതൽ അഹങ്കാരത്തിന് കൈയും കാലും മുളച്ച രീതിയിൽ, കണ്ണുകളിൽ തിമിരം ബാധിച്ച്, മരണത്തെപ്പോലും സൗഭാഗ്യമായി കാണുന്ന ഈ ഏകാധിപത്യ പ്രവണത ഇവിടെ നടക്കില്ല. ഈ നിയമസഭാ കവാടത്തിന് മുമ്പിൽ സർവ്വശ്രീ. ഷാഫി പറമ്പിൽ, നജീബ് കാന്തപുരം, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ തുടങ്ങിയ ഞങ്ങളുടെ പ്രിയപ്പെട്ട നാല് മെമ്പർമാർ നടത്തുന്ന സത്യാഗ്രഹ സമര പോരാട്ടത്തിൽ കടുകിട വിട്ടുവീഴ്ചയില്ലാതെ ഒപ്പം നിൽക്കാൻ പ്രതിപക്ഷവും കേരളത്തിലെ ജനതയുമുണ്ട്. ഇനിയും കിറ്റുകൾ തയ്യാറാക്കി ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നോക്കേണ്ട. പ്രത്യേകിച്ച് പുതിയ കർമ്മ പദ്ധതികളൊന്നുമില്ലാതെ ശമ്പളം കൊടുക്കാനും പെൻഷൻ കൊടുക്കാനും മാത്രമായിട്ടല്ലേ ഈ പുതിയ നികുതികൾ അടിച്ചേൽപ്പിക്കുന്നത്; ക്ഷേമപെൻഷൻ ഒരു രൂപയെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോ; ഓരോ വർഷവും വർദ്ധിച്ചുവരുന്ന കാൻസർ രോഗികൾക്കായി ഇപ്പോഴും 1000 രൂപയാണ് നൽകുന്നത്. ഭാരിച്ച ചികിത്സാ ചെലവുകളും തുടർ പരിശോധനയ്ക്കായി നിവൃത്തിയുമില്ലാത്ത നിർദ്ധനരായ കാൻസർ രോഗികൾക്കുള്ള പെൻഷൻ 3000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഇത്രയുംനാൾ ലൈഫ് എന്ന വാക്കിന്റെ അർത്ഥം 'ജീവിതം' എന്നായിരുന്നെങ്കിൽ, ഇന്ന് അതിന്റെ അർത്ഥം 'കാത്തിരിപ്പ്' എന്നായിരിക്കുന്ന എന്നുപറഞ്ഞ ശ്രീ. പി. കെ. ബഷീർ, എം.എൽ.എ.-യുടെ വാക്കുകളോട് ഞാൻ കൈകോർക്കുകയാണ്. അതുതന്നെയാണ് ലൈഫ് മിഷന്റെ കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നികുതി പിരിവിലെ കെടുകാര്യസ്ഥത കാരണമല്ലേ കേരളം ഇന്ന് ഈ സ്ഥിതിയിൽ എത്തപ്പെട്ടത്? കഴിഞ്ഞ 5 വർഷം നികുതിയിനത്തിൽ പിരിക്കാൻ സാധിക്കാതെ ഈ തുക 70000 കോടി രൂപയിലേറെയാണെന്നാണ് സർക്കാർ കണക്കുകൾ സൂചിപ്പിക്കുന്നത്. തൃക്കാക്കര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.ജി. റോഡ് പുല്ലേപ്പടി-തമ്മനം-ബൈപ്പാസ്- അരക്കക്കടവ്- സീ പോർട്ട് - എയർ പോർട്ട് റോഡ് എറണാകുളം സിറ്റിയുടെ വികസനവുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമുള്ളതാണ്. കെ.എം.ആർ.എൽ. സെക്കന്റ് ഫേസ് (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഫേസ്- 2) പ്രവർത്തനം തുടങ്ങുമ്പോൾ ഒരു പാരലൽ ട്രാഫിക് റൂട്ട് ടി റോഡായിരിക്കും. ബി.എം.സി. മുതൽ ചിത്രപ്പുഴ വരെയുള്ള സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനം സമയബന്ധിതമായി പൂർത്തീകരിക്കുകയാണെങ്കിൽ കാക്കനാട് പ്രദേശത്തെ

ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ പരിഹാരമാകും. ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളുടെ റെസ്റ്റൊറേഷൻ വർക്കുകൾ ഇതുവരെയും നടത്തിയിട്ടില്ല. മദ്യത്തിന് ഇരുപതും നാൽപതും രൂപ വർദ്ധിപ്പിച്ചാൽ ഈ നാടിനുണ്ടാകാൻ പോകുന്ന നേട്ടമെന്താണ്; മദ്യപന്മാർ തീർച്ചയായും മദ്യപിക്കും, വീട്ടുചെലവിനായി സ്ത്രീകൾക്ക് നൽകുന്ന പണമല്ലേ കുറയുന്നത്? ഇതെല്ലാം ലഹരിക്ക് അടിമപ്പെടാനുള്ള വഴിയാണ് കാണിച്ചുകൊടുക്കുന്നത്. ജനങ്ങളുടെ നടുവൊടിക്കുന്ന വിവിധ നികുതി നിർദ്ദേശങ്ങളിലൂടെ ജനജീവിതത്തെ ബുദ്ധിമുട്ടിക്കാൻ സൃഷ്ടിച്ച ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ച അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും 2023-24 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ഹൃദയപൂർവ്വം പിന്താങ്ങുന്നു. പിറക്കാനിരിക്കുന്ന നവകേരളത്തിന്റെ ബ്ലൂപ്രിന്റ് എന്ന നിലയിലാണ് കേരള ജനത ബഡ്ജറ്റിനെ നോക്കിക്കാണുന്നത്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ആർജ്ജിച്ചെടുത്ത നിരവധി സാമൂഹിക മാറ്റങ്ങൾ അതുല്യമാണെന്ന്

എല്ലാവർക്കുമറിയാം. ശിശുമരണ നിരക്ക്, ജനന നിരക്ക്, മരണ നിരക്ക്, ആയുർദൈർഘ്യം, സാക്ഷരത എന്നിങ്ങനെ എത്രയോ കാര്യങ്ങളിൽ കേരളം മുന്നിലാണ്. കേരളത്തിൽ ജനിക്കുന്ന ആയിരം ശിശുക്കളിൽ 6 പേർ മാത്രമാണ് മരിച്ചുപോകുന്നത്. കൗമാരപ്രായത്തിലെ ഗർഭധാരണ നിരക്കും കേരളത്തിൽ കുറവാണ്. അതുകൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാടെന്ന് കേരളം വിശേഷിപ്പിക്കപ്പെടുന്നത്. എന്നാൽ നാം നേടിയ സാമൂഹിക നേട്ടങ്ങളെ നമ്മുടെ കുഴപ്പമായി കേന്ദ്രസർക്കാർ വിലയിരുത്തുന്ന സാഹചര്യം പരിശോധിക്കപ്പെടേണ്ടത് അനിവാര്യമാണ്. കേരളത്തിന് അർഹിക്കുന്ന വിഹിതം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് അവർ തടസ്സമായി പറയുന്നത്? കേന്ദ്രസർക്കാരിന്റെ സമീപനത്തെക്കുറിച്ച് വളരെ സജീവമായ ചർച്ച നടക്കുകയാണ്. നേരത്തെ ഒരു അംഗം സൂചിപ്പിച്ചതുപോലെ ഓട്ടോറിക്ഷയിലെ ആളുകൾ വരെ ചർച്ച നടത്തുന്ന തലത്തിലേയ്ക്ക് ഇത് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളത് വലിയ കാര്യമാണ്. സാധാരണക്കാർ നാട്ടിൽ ചർച്ച ചെയ്യുന്നതെന്താണ്? വായ്പാ പരിധി ഉയർത്തുന്നതിനും നികുതി വരുമാനത്തിന്റെ അർഹമായ വിഹിതം നൽകുന്നതിനും ജി.എസ്.ടി. നഷ്ടപരിഹാര തുക നൽകുന്നതിനും നമ്മൾ ആവശ്യപ്പെട്ട AIIMS, ശബരി റെയിൽ പാത, കോച്ച് ഫാക്ടറി തുടങ്ങിയവ

കേരളത്തിന് അനുവദിക്കുന്നതിനും അനുകൂലമായ എന്തെങ്കിലും തീരുമാനമോ മനോഭാവമോ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റിലുണ്ടോ? ബഡ്ജറ്റിൽ ഭൂതക്കണ്ണാടി വച്ച് നോക്കിയാൽപോലും കേരളത്തിനുള്ള സാമ്പത്തിക പിന്തുണയോ വികസന പദ്ധതികളോ കണ്ടെത്താൻ കഴിയില്ല. അങ്ങനെ കണ്ടെത്താൻ കഴിയാത്ത സ്ഥാനത്ത്, ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാനത്തിന് പല നിയന്ത്രണങ്ങളും ഏർപ്പെടുത്തുകയാണ്. നമുക്ക് എവിടെയാണ് നികുതി വർദ്ധിപ്പിക്കാൻ കഴിയുന്നത്? നികുതി വർദ്ധിപ്പിക്കാൻ ഇഷ്ടമുള്ളതുകൊണ്ടല്ല, മറ്റൊരു മാർഗവുമില്ലാതെ നിർബന്ധിതമായ സാഹചര്യത്തിലാണ് ധനകാര്യ വകുപ്പുമന്ത്രിക്ക് പെട്രോൾ, ഡീസൽ എന്നിവയുടെ വില ഉയർത്തേണ്ടിവന്നത്. ടി സാഹചര്യത്തെ ശരിയായ അർത്ഥത്തിൽ കാണേണ്ടതിനുപകരം, 100 ഡിഗ്രി സെൽഷ്യസിൽ വെള്ളം തിളയ്ക്കുന്നതുപോലെ പ്രതിപക്ഷം എല്ലായിടത്തും പ്രക്ഷോഭങ്ങളും സമരങ്ങളും സംഘടിപ്പിക്കുകയാണ്. ഈ സർക്കാർ മാത്രമാണോ വില വർദ്ധിപ്പിച്ചത്; ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് എത്രയോ തവണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ധന വില 56 രൂപയിൽനിന്നും 100 രൂപയിലെത്തിയപ്പോഴും അറുപതോളം രൂപ

വർദ്ധിച്ചപ്പോഴും ഒരു പ്രശ്നവുമില്ല. രണ്ട് രൂപ വർദ്ധിപ്പിച്ചപ്പോൾ അത് വലിയ പോരായ്മയായി വ്യാഖ്യാനിക്കപ്പെടുകയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തെ നിർദ്ദാക്ഷണ്യം പിന്തള്ളുന്ന സമയത്തും അവർ അവതരിപ്പിച്ച ബഡ്ജറ്റിന്റെ പ്രത്യേകത എന്തെന്ന് നമുക്ക് കാണാൻ കഴിയും. ഒൻപത് സംസ്ഥാനങ്ങളുമായിച്ചേർന്ന് തയ്യാറാക്കിയ 'വോട്ട് യോജന പത്രിക' അല്ലെങ്കിൽ 'വോട്ട് യാചന' എന്നുപറയാവുന്ന ഒരു ബഡ്ജറ്റാണ് കേന്ദ്ര സർക്കാർ അവതരിപ്പിച്ചത്. ഒൻപത് വർഷമായി 'അച്ഛാദിൻ' നൽകാമെന്ന് പറഞ്ഞ് കേന്ദ്ര സർക്കാർ നമ്മെ കൊതിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അച്ഛാദിൻ എന്തായി; 'അച്ഛാദിൻ മർ ഗയേ', അതൊക്കെ പോയി. ഇപ്പോൾ പുതിയ കാര്യം പറയുകയാണ്; മരണമില്ലാത്ത കാലത്തിന്റെ വരവാണ്, അടുത്ത ഇരുപത്തിയഞ്ച് വർഷങ്ങൾ 'അമൃതകാലം' എന്നാണ് സൂചിപ്പിക്കപ്പെടുന്നത്. അച്ഛാദിൻകൊണ്ട് ക്ലച്ച് പിടിച്ച ഏക ആൾ ആരാണെന്ന് നമുക്കെല്ലാവർക്കുമറിയാം, അത് ഗൗതം അദാനിയാണ്. അദ്ദേഹം ഇപ്പോൾ ഹിൻഡൻബർഗിന്റെ അടിയേറ്റ് ഓഹരി കമ്പോളത്തിൽ അടിപടലം തകർന്ന് വെന്റിലേറ്ററിലാണെന്നാണുള്ള പുതിയ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് അതിൽ നിന്നും പുറത്തേയ്ക്ക് വരാൻ ഇനി 'അമൃതകാലം' വരണം. ഏതായാലും നമ്മുടെ

സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനം തുറന്നുപറയാൻ യു.ഡി.എഫ്. ഉൾപ്പെടെയുള്ള ഈ സഭയിലെ എല്ലാ അംഗങ്ങളും ഒരുമിച്ചുണ്ടാകണം. അതിനെ കേവലം രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമോ? ലൈഫ് ഭവന പദ്ധതി തകരാറിലാണെന്ന് പറഞ്ഞുകൊണ്ടായിരുന്നു ശ്രീ. പി. കെ. ബഷീർ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഏത് സമ്പ്രദായമെടുത്താലും അത് തകരാറാണെന്ന് മഞ്ഞക്കണ്ണുകളോടെ വീക്ഷിക്കേണ്ടതുണ്ടോ? നിങ്ങളുടെ തെറ്റ് തിരുത്തുകതന്നെ വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ത്യൻ ഭരണാധികാരികൾ ഇപ്പോൾ ഇന്ത്യയെ കൊണ്ടെത്തിച്ചിരിക്കുന്ന അവസ്ഥ പരിശോധിക്കുന്നത് നന്നായിരിക്കും. ആഗോള വിശപ്പ് സൂചികയിൽ 121 രാജ്യങ്ങളിൽ 107-ാം സ്ഥാനവും മാനവ ദാരിദ്ര്യ സൂചികയിൽ 107 രാജ്യങ്ങളിൽ 62-ാം സ്ഥാനവും ജനാധിപത്യ സൂചികയിൽ 179 രാജ്യങ്ങളിൽ 93-ാം സ്ഥാനവുമാണ് ഇന്ത്യയ്ക്കുള്ളത്. ഇനിയും ഞെട്ടിക്കുന്ന പല കണക്കുകളും പുറത്തുവരാനുണ്ട്. എന്റെ പ്രസക്തമായ ചോദ്യം, 140 കോടി ജനങ്ങൾക്കും സുരക്ഷിതമായി ജീവിക്കാൻ കഴിയുന്ന ഒരു സാമ്പത്തിക ശക്തിയായി ഇന്ത്യയെ മാറ്റാൻ നമുക്ക് കഴിയുമോ; അതിനുള്ള സാധ്യതയുണ്ടോ? നമ്മെയൊക്കെ ഭയപ്പെടുത്തുന്ന പ്രശ്നം അതാണ്. എന്റെ സുഹൃത്ത് കേരളത്തിന്റെ പ്രിയപ്പെട്ട

കവി ശ്രീ. പി. എൻ. ഗോപീകൃഷ്ണൻ 'ബിരിയാണി' എന്ന പേരിൽ ഒരു കവിതയെഴുതിയിട്ടുണ്ട്. അതിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്;

"ചരിത്രത്തെ വെറും ചപ്പാത്തി മാത്രമാക്കി

തിരിച്ചും മറിച്ചുമിട്ട് അവർ അത് ചെയ്യും".

ബിരിയാണി നിരോധിക്കണമെന്നാണ് അവർ പറയുന്നത്.

"തലശ്ശേരിയിലെ, കോഴിക്കോട്ടെ, ഫോർട്ട് കൊച്ചിയിലെ,

പഴക്കമുള്ള ബിരിയാണിച്ചെമ്പുകളെ

അവർ ബോംബ് വച്ച് തകർത്തേക്കും".

ചരിത്രമെന്നത് വർത്തമാനകാലം ഭൂതകാലവുമായി നടത്തുന്ന നിരന്തര സംവാദത്തിന്റെ ചുരുക്കപ്പേരാണ്. 'മുഗൾ ഗാർഡൻ' -ന് 'അമൃത് ഉദ്യാൻ' എന്ന് പേര് മാറ്റി വിളിക്കുമ്പോൾ അവർ ചരിത്രത്തെ മാത്രമല്ല നമ്മുടെ രീതികളെയും പാരമ്പര്യങ്ങളെയുമാണ് തകർക്കുന്നത്. ഇവിടെയാണ് കേരളമെന്ന് പറയുന്ന കൊച്ചു സംസ്ഥാനത്തിന്റെ അഭിമാനകരമായ നേട്ടം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങളെയും യാതൊരുതരത്തിലും പ്രശ്നമില്ലാത്തതും വർഗ്ഗീയ ലഹളയില്ലാത്തതുമായ തരത്തിൽ ഒരുമിച്ച് ചേർത്ത് പിടിച്ചുകൊണ്ട് പോകുന്നതിനെക്കാൾ കൂടുതൽ മെച്ചമായി നാം എന്താണ് ആഗ്രഹിക്കേണ്ടത്? പ്രിയപ്പെട്ടവരെ, കേരളം

വളർച്ചയുടെയും അഭിവൃദ്ധിയുടെയും ഘട്ടത്തിലേയ്ക്ക് വരുമെന്ന ശുഭാപ്തി വിശ്വാസം അരക്കിട്ടുറപ്പിക്കാനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുള്ളത്. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം പന്ത്രണ്ട് ശതമാനമായി വളർന്ന് നേട്ടം കൈവരിച്ചത് ദേശീയ നിരക്ക് ഏഴ് ശതമാനം മാത്രമായിരിക്കുന്ന സാഹചര്യത്തിലാണെന്ന് നാം ഓർക്കണം. അതുമാത്രമല്ല, മറ്റ് പലകാര്യങ്ങളിലും നമ്മൾ ഉയർച്ചയിലേയ്ക്ക് പോകുകയാണ്. കേരളം ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത നാടായി മാറുന്നുവെന്ന് ചില മാധ്യമങ്ങൾ എഴുതുന്നുണ്ട്, അതാണോ സത്യം; ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത നാടാണോ? പൊതുവിദ്യാഭ്യാസ സംരക്ഷണവും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിദ്യാഭ്യാസ കാര്യങ്ങളിലുള്ള പുരോഗതിയുംവഴി ഉപരിപഠനം നടത്തുന്നതിനായി വിദേശത്തേയ്ക്ക് പോകാൻ നമ്മുടെ മക്കളെ സജ്ജമാക്കാൻ കഴിഞ്ഞത് നേട്ടമായി കണക്കാക്കണം. കേരളം ഒരു വൃദ്ധസദനമായി മാറുന്നുവോ എന്ന് ആശങ്കപ്പെടുത്തുന്ന അർത്ഥത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നുവെന്നത് നാം തിരിച്ചറിയണം. ഈ ബഡ്ജറ്റ് യുവാക്കൾക്ക് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിൽ സംശയമില്ല. 2023 ജനുവരി ആയപ്പോൾ 245 ദിവസംകൊണ്ട് എം.എസ്.എം.ഇ.-കൾ മുഖേന വ്യവസായ വകുപ്പിന്

1,64,463 തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അഞ്ചു വർഷംകൊണ്ട് 25 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന ഇടതുമുന്നണിയുടെ കാഴ്ചപ്പാട് നിറവേറ്റപ്പെടാൻ കഴിയുന്ന രീതിയിലുള്ള ഉയർച്ചയിലേയ്ക്കാണ് വ്യവസായവകുപ്പ് പോകുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കാൻ സാധ്യതയുള്ള ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന തരത്തിലേയ്ക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുവേണ്ടിയുള്ള 'മേക്ക് ഇൻ കേരള' പദ്ധതിക്ക് അടങ്കൽ തുകയായി ഏകദേശം 100 കോടി രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം, വെസ്റ്റ് കോസ്റ്റ് കനാൽ എന്നിവ കേന്ദ്രീകരിച്ചുള്ള വ്യാപാര ഇടനാഴി, കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി, കണ്ണൂർ ഐ.ടി. പാർക്കിന്റെ നിർമ്മാണം ഇതെല്ലാം ചേരുമ്പോൾ തൊഴിലവസര സൃഷ്ടിയുടെ ഒരു പൂക്കാലമാണ് ആർത്തുണരുന്നത്. 'രാമേശ്വരത്തെ ക്ഷൗരം' എന്ന് സാധാരണയായി പറയാറുണ്ട്; ഒരു പദ്ധതി തുടങ്ങിയാൽ ഇടയ്ക്കുവച്ച് ഉപേക്ഷിക്കപ്പെടുന്ന രീതിയാണുണ്ടായിരുന്നത്. 2021-ൽ അവതരിപ്പിക്കുന്ന പദ്ധതി 2022-ഉം 2023-ഉം കാണാതെ പോകുന്ന അവസ്ഥയാണുണ്ടായിരുന്നത്. ഈ സർക്കാർ പദ്ധതിയുടെ തുടർച്ചയ്ക്കായി മുൻ-പിൻ ബന്ധങ്ങളിൽ ശ്രദ്ധകൊടുത്താണ് മുന്നോട്ട് പോകുന്നതും അതനുസരിച്ചുള്ള പദ്ധതികൾ വച്ചിട്ടുള്ളതെന്നതും വളരെ

ആശ്വാസകരമാണ്. സമ്മോഹനമായ ഭാവിയുടെ വഴിവിളക്കുകളായി മാറുന്ന പുതിയ പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് തുടക്കമിടുകയാണ്. സ്ത്രീകൾക്കായി പ്രത്യേക മെൻസ്ട്രുവൽ കപ്പ് ഉപയോഗം പ്രചരിപ്പിക്കാൻ 10 കോടി രൂപ അനുവദിച്ചത് ഈ മേഖലയിലുണ്ടാകുന്ന മാറ്റം ചെറുതല്ലെന്നും അത്രയും ആശ്വാസകരമായ ഒരു പദ്ധതിയായിരിക്കുമെന്നും കാലം വെളിവാക്കുക തന്നെചെയ്യും. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നു രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം കിഫ്ബിയിൽ പ്രഖ്യാപിച്ച ഏറ്റവും ബൃഹത് പദ്ധതിയായ അഴീക്കോട്-മുനമ്പം പാലത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാകുകയും കുറച്ച് അധിക തുക പാസ്സാക്കുന്നതിനുള്ള ഘട്ടത്തിലുമാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താല്പര്യമെടുത്ത് അത് അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. രണ്ട്, കൊടുങ്ങല്ലൂർ-ഗുരുവായൂർ റെയിൽപാതയുടെ സാധ്യതാപഠനം നേരത്തെ നടത്തിയിട്ടുണ്ട്; ടി പദ്ധതിക്കുള്ള തുക എങ്ങനെ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്. മൂന്ന്, റിപ്പബ്ലിക്കിന്റെ ആദ്യ രക്തസാക്ഷി സഖാവ് സർദാർ ഗോപാലകൃഷ്ണന്റെ പേരിലുള്ള ഒരു പഠനഗവേഷണ കേന്ദ്രം ഇടത്തുരുത്തിയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കണം. സാധാരണയായി ഒരു കുട്ടിയുടെ ജീവൻ

രക്ഷപ്പെടുത്താൻ വേണ്ടിയാണ് സിസേറിയൻ പ്രസവം നടത്തുന്നത്. തീർച്ചയായും നമ്മുടെ ബഹുമാനപ്പെട്ട ധനാകാര്യ വകുപ്പുമന്ത്രി കേരളത്തിന്റെ വലിയ വികസനം സ്വപ്നം കണ്ടുകൊണ്ട് ഒരു സർജിക്കൽ സ്ട്രൈക്കാണ് ചെയ്തിരിക്കുന്നത്. ഈ ബഡ്ജറ്റ് നമ്മുടെ പൊതുവായ അന്തരീക്ഷത്തെ മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. നികുതിയിനത്തിൽ വലിയൊരു ഭാരം ജനങ്ങളുടെ ചുമലിൽ കെട്ടിവയ്ക്കുന്ന നിലയിലേയ്ക്ക് ഈ ബഡ്ജറ്റ് മാറിയിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് ഏകദേശം 10 ഇനം സാധനങ്ങൾ കിറ്റുകളായി നൽകി, ജനങ്ങളെ കിറ്റുകളിലിറക്കി, അത് വോട്ടുകളാക്കി മാറ്റാനുള്ള രാഷ്ട്രീയ ശ്രമമാണ് നടത്തിയത്. ഈ സർക്കാരിന്റെ ഭരണത്തുടർച്ച അന്നത്തെ സാമൂഹ്യാന്തരീക്ഷത്തെ വ്യക്തമായി മുതലെടുത്തുകൊണ്ടുള്ളതായിരുന്നു. വീണ്ടും അധികാരമേറ്റശേഷം ഈ ബഡ്ജറ്റിലൂടെ വലിയൊരു നികുതിഭാരം (കെട്ടിട നികുതി, വൈദ്യുതിചാർജ്ജ്, പെട്രോൾ - ഡീസൽ സെസ്സ്, വെള്ളക്കരം മുതലായവ വർദ്ധിപ്പിച്ചതടക്കം) ജനങ്ങളുടെ മേൽ കെട്ടിവച്ചുകൊണ്ട് നിങ്ങൾ മുമ്പോട്ട്

പോകുമ്പോൾ, അതിനെതിരെ വലിയ തോതിൽ ഉയരുന്ന ജനകീയ വികാരത്തെ പ്രതിഫലിപ്പിച്ചുകൊണ്ടാണ് യു.ഡി.എഫ്.-ലെ നാല് എം.എൽ.എ.-മാർ ഇന്നിവിടെ സത്യാഗ്രഹം അനുഷ്ഠിക്കുന്നത്. അവർ കേരളജനതയുടെ വികാരമാണ് ഇവിടെ പ്രകടമാക്കുന്നത്. സർക്കാരിന്റെ കെടുകാര്യസ്ഥതയും നികുതികുടിശ്ശിക പിരിക്കുന്നതിലുള്ള അപാകതയുംമൂലമുണ്ടായ വലിയ സാമ്പത്തിക ഭാരം ജനങ്ങളുടെ മേൽ തള്ളിവിടുന്ന സാഹചര്യം ഇവിടെയുണ്ടായിരിക്കുകയാണ്. ഐ.ജി.എസ്.ടി. റിട്ടേണുകൾക്ക് ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പാക്കാത്തതിനാൽ സർക്കാരിന് 5 വർഷംകൊണ്ട് 25000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി പറഞ്ഞിരിക്കുന്നത്. അതായത് പ്രതിവർഷം 5000 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. വിഭവ സമാഹരണത്തിന് ഇത്തരത്തിൽ അനവധി പദ്ധതികൾ നമ്മുടെ മുന്നിൽ ഉണ്ടെന്നിരിക്കെ നികുതി കുടിശ്ശികയടക്കം പിരിച്ചെടുക്കുന്ന കാര്യത്തിൽ സർക്കാരിന് വലിയ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. എ.ജി.-യുടെ 2022-ലെ ഓഡിറ്റ് റിപ്പോർട്ടിൽ മൂലധന ചെലവിന്റെ കാര്യത്തിൽ സർക്കാർ പിന്നിലേയ്ക്ക് പോകുന്നുവെന്നാണ് പരാമർശിച്ചിട്ടുള്ളത്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ

ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല; 354 പ്രവൃത്തികൾക്കായി ആകെ 1362 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വളരെയധികം കുറഞ്ഞുവരുന്നു. ഓഫ് ബഡ്ജറ്റ് പദ്ധതിയായ കിഫ്ബിയെ നിങ്ങൾ ഉയർത്തിക്കാണിക്കുകയാണ്. കിഫ്ബിയിൽ 993 പദ്ധതികൾ പ്രഖ്യാപിച്ചതിൽ 120 പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. അവയൊക്കെ മോശമാണെന്നോ കുറവാണെന്നോ ഉള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. അതിന്റെ എണ്ണം നിങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ പ്രസംഗത്തിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കിയ പ്രവൃത്തികളെക്കുറിച്ച് സൂചിപ്പിച്ചല്ലോ; എല്ലായിടത്തും കിഫ്ബിയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. കിഫ്ബി വർക്കുകൾ ഒന്നുകിൽ പൂർണ്ണമായും സ്തംഭനാവസ്ഥയിൽ അല്ലെങ്കിൽ പൂർത്തിയാക്കാൻ കഴിയാത്ത വിധം കാലതാമസമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നു. ഗവൺമെന്റ് സഹകരണ നിക്ഷേപങ്ങൾ സർക്കാരിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിക്കുകയാണ്. യൂണിവേഴ്സിറ്റികളുടെ സ്ഥിരം നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റാൻ പോകുന്നുവെന്നാണ് അവസാനം വന്ന റിപ്പോർട്ടുകൾ

സൂചിപ്പിക്കുന്നത്. സർവ്വകലാശാലകളുടെ സ്വയംഭരണത്തിലും സാമ്പത്തിക അവകാശത്തിൽപ്പോലും കടന്നുകയറുന്ന നിലയിൽ അവരുടെ തുകകൂടി ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള നടപടിയിലേയ്ക്ക് നീങ്ങുകയാണ്. ഗവൺമെന്റ് ഗ്രാന്റുകൾപോലും കൊടുക്കാൻ കഴിയാത്ത നിലയിൽ നിൽക്കുമ്പോഴാണ് സർവ്വകലാശാലകളുടെ തുക ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നത്. ഗവൺമെന്റ് വളരെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന Education Loan Repayment Support Scheme മുഖേന ലഭിച്ച 78000 അപേക്ഷകളിൽ 37000-ഓളം അപേക്ഷകൾ നിരസിക്കുകയുണ്ടായി. 2018-നുശേഷം ഈ പദ്ധതി മുന്നോട്ടുപോകാനാകാത്ത അവസ്ഥയിലാണ്. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2017-ൽ നിയമസഭയിൽ ചട്ടം 300 പ്രകാരം പ്രസ്താവന നടത്തിയശേഷം കൊണ്ടുവന്ന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം, യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ പദ്ധതിയിൽ തുക അടച്ചവർക്കുപോലും വീണ്ടും തുക അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബാങ്ക് നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. വളരെ പ്രതീക്ഷ നൽകിയിരുന്നതും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ വായ്പ തിരിച്ചടക്കാനുള്ള സപ്പോർട്ട് എന്ന നിലയിൽ നിയമസഭയിൽ പ്രഖ്യാപിച്ചതുമായ Education Loan

Repayment Support Scheme പോലും നടപ്പാക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. പല പ്രഖ്യാപനങ്ങളും ഉണ്ടാകുന്നുവെന്നല്ലാതെ അതിന്റെ തുടർനടപടികൾ ഉണ്ടാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 20 വർക്കുകൾ എം.എൽ.എ.-മാരിൽനിന്നും ചോദിച്ച് വാങ്ങിയെടുക്കുന്നുണ്ട്; അങ്ങ് അവരോട് നീതി പുലർത്തണം. ഇത്തരത്തിൽ പേരിനുവേണ്ടി മാത്രം ഒരു വർക്ക് നൽകുമ്പോൾ, പലപ്പോഴും പ്രധാനപ്പെട്ട പല വർക്കുകളും അവഗണിക്കപ്പെട്ടുപോകുന്ന അവസ്ഥയാണുള്ളത്. ഓരോ പ്രദേശത്തെയും പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അതിനനുസരിച്ച് പ്രാദേശിക വികസനം കൊണ്ടുവരാൻ തയ്യാറാകണം. അല്ലെങ്കിൽ അങ്ങ് ദയവായി ഈ വർക്കുകൾ ചോദിച്ച് വാങ്ങരുത്. എം.എൽ.എ.-മാരിൽനിന്നും ചോദിച്ചു വാങ്ങുന്ന വർക്കുകൾ പൂർത്തിയാക്കാനുള്ള സന്മനസ്സും രാഷ്ട്രീയ ഉത്തരവാദിത്വവും ഗവൺമെന്റ് കാണിക്കണം.

ശ്രീ. പ്രമോദ് നാരായൺ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേന്ദ്ര ഭരണത്തിന്റെ കുടിലതകളുടെ കാലത്തും പുതിയ കേരളത്തിനായുള്ള ആഗ്രഹങ്ങളും അഭിനിവേശങ്ങളും

ഉള്ളിൽ സൂക്ഷിക്കുന്ന മുഴുവൻ മലയാളി സമൂഹത്തിനുമുള്ള സഞ്ചാരപാത തുറന്നിടുന്നതാണ് ഈ ബഡ്ജറ്റ് എന്നാണ് ആമുഖമായി പറയാനുള്ളത്. ഈ ബഡ്ജറ്റിനെ നാം ഇന്ത്യയുടെ ഇന്നത്തെ സാഹചര്യം മുൻനിർത്തിയാണ് വിലയിരുത്തേണ്ടത്. ജനാധിപത്യത്തിന്റെയും ഫെഡറലിസത്തിന്റെയും അവശേഷിക്കുന്ന പാദമുദ്രകളെപോലും മായ്ച്ചുകളയുന്ന ക്രോണിക് ക്യാപ്പിറ്റലിസവും കോർപ്പറേറ്റ് അജണ്ടയും സംസ്ഥാനങ്ങളുടെ പരമാധികാരത്തെയും സാമ്പത്തിക സ്വാതന്ത്ര്യങ്ങളെയും ധ്വംസിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ഫെഡറലിസത്തിന്റെ ആധാര പ്രേരണ ഫിസ്കൽ ഫെഡറലിസമാണെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചും വായ്പാപരിധി ക്രമീകരിച്ചും ജി.എസ്.ടി.-യിൽനിന്നുള്ള നഷ്ടപരിഹാരം അവസാനിപ്പിച്ചും റവന്യൂ കമ്മി ഗ്രാന്റ് പൂർണ്ണമായി ഇല്ലാതാക്കിയും കിഫ്ബി പോലെയുള്ള (ബഡ്ജറ്റിന് പുറത്തുള്ള) സാമ്പത്തികം സമാഹരിക്കാനുള്ള സ്വാതന്ത്ര്യം തല്ലിക്കെടുത്തുകയും സംസ്ഥാനങ്ങളെ മുഴുവൻ സാമ്പത്തിക ബന്ധികളായി കേന്ദ്ര സർക്കാർ മാറ്റുകയും ചെയ്യുമ്പോൾ, ഇന്ത്യയിൽ ഫിസ്കൽ ഫെഡറലിസത്തെ അട്ടിമറിക്കലല്ല, മറിച്ച് ഫിസ്കൽ ഫാസിസമാണ്

സംഭവിക്കുന്നതെന്ന് ആവുന്നത്ര ശബ്ദത്തിൽ ഒരുമിച്ച് പറയാൻ നമുക്ക് കഴിയണം. അധിക വിഭവ സമാഹരണത്തിനുള്ള നികുതി നിർദ്ദേശങ്ങളെ പ്രതിപക്ഷം വിമർശിക്കുകയുണ്ടായി. എന്നാൽ എന്തിനുവേണ്ടിയാണ് നികുതി സമാഹരിക്കുന്നത്; സർക്കാർ അത് എവിടെയാണ് നിക്ഷേപിക്കുന്നത്; ആർക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്? ലോകത്തിന്റെയും ഇന്ത്യയുടെയും സമ്പദ് വ്യവസ്ഥകളുടെ അവകാശവാദങ്ങൾ ജി.ഡി.പി.-യുടെ വർദ്ധനവ് ചൂണ്ടിക്കാട്ടിക്കൊണ്ടാണ് ഒഴുകി പരക്കുന്നത്. എന്നാൽ, ഇത്തരം വർദ്ധനവുകൾ വരുമ്പോഴും നാം കാണേണ്ടത് ജോബ്ലെസ്സ് ഗ്രോത്താണ്. ഇന്ത്യയിലെ അസംഘടിത തൊഴിൽമേഖലയ്ക്ക് കോർപ്പറേറ്റുകളുടെ കൊഴുത്ത പണത്തിൽനിന്നും ചിതറിത്തെറിക്കുന്ന trickle down ഔദാര്യങ്ങൾ മാത്രംമതിയെന്ന് പറയുന്ന കേന്ദ്ര സർക്കാരിന്റെ ഭരണകാലത്താണ് ഇന്ത്യയിൽ തൊഴിൽ നഷ്ടം വർദ്ധിച്ചിരിക്കുന്നതെന്ന് നാം തിരിച്ചറിയണം. സംസ്ഥാന സർക്കാർ തൊഴിലിന്റെയും നിക്ഷേപത്തിന്റെയും ആഭ്യന്തര ഉത്പാദനത്തിന്റെയും കാര്യത്തിൽ 'മേക്ക് ഇൻ കേരള' എന്ന പദ്ധതിക്കായി നൂറ് കോടി രൂപ മാറ്റിവച്ചത് കേരളത്തിലെ യുവാക്കൾക്ക് പ്രതീക്ഷ നൽകുന്നതാണ്; നാം അത് കാണാതെ പോകരുത്. എത്രയോ കാലമായി പ്രവാസികൾ അവരെ

കൊള്ളയടിക്കുന്ന വിമാന യാത്രാക്കൂലിയെക്കുറിച്ച് പറയുന്നുണ്ട്. എന്നാൽ ഈ സർക്കാർ കോർപ്പസ് ഫണ്ടായി പ്രവാസികൾക്ക് പതിനഞ്ച് കോടി രൂപ നൽകാൻ തയ്യാറായിരിക്കുന്നു. റബ്ബർ കർഷകർക്ക് നൽകുന്ന സബ്സിഡി വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിക്കാൻ അങ്ങ് തയ്യാറായി. റബ്ബറിന്റെ താങ്ങുവില/സംഭരണവില 170 രൂപയിൽനിന്നും വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കണം. വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റാനുള്ള പ്രയാണത്തിന് ബഡ്ജറ്റ് നിർദ്ദേശങ്ങൾ വേഗത നൽകുന്നു. ആധുനിക വിജ്ഞാനം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ ബൃഹത്തായ നിക്ഷേപം ആവശ്യമാണ്. അതിനായി സഹകരണ മേഖലയുടെ സഹകരണത്തോടെ അക്കാഡമിക് സിറ്റികൾ ആരംഭിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കപ്പെടണം. കേരളം വൈജ്ഞാനിക സമൂഹമായി മാറുമ്പോൾ അങ്കണവാടികൾ മുതൽ ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ മികവിലേയ്ക്ക് നയിക്കുന്നതും തൊഴിൽ വൈദഗ്ദ്ധ്യമുണ്ടാക്കാൻ സഹായിക്കുന്നതും കേരളത്തിന് മാതൃകയാകുന്നതുമായ 'റാന്നി നോളഡ്ജ് വില്ലേജ് ' എന്ന പദ്ധതിക്ക് സർക്കാർ നൽകുന്ന പിന്തുണയ്ക്ക് നന്ദി പറയുന്നതോടൊപ്പം അതിൽ വൈജ്ഞാനിക സമൂഹത്തിനുള്ള പദ്ധതികൾകൂടി

ഉൾപ്പെടുത്തുന്നതോടൊപ്പം കൂടുതൽ സാമ്പത്തിക സഹായം നൽകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. History എന്നാൽ His Story അല്ല; അത് Her Story കൂടിയാണ്. ചരിത്രമെന്നാൽ അവളുടേതുകൂടിയാണെന്ന് തെളിയിച്ച അഭിമാനകരമായ പദ്ധതിയാണ് കുടുംബശ്രീ. കേരളം നടപ്പാക്കുന്ന ലഹരിക്കെതിരായ പ്രതിരോധത്തിന്റെ മാതൃകയിൽ ക്ലാസ്മുറികൾ മുതൽ കുടുംബശ്രീ വരെ കോർത്തിണക്കി ലിംഗ സമത്വത്തിനുള്ള വലിയ ക്യാമ്പയിൻ ഇന്ത്യയ്ക്കാകെ മാതൃകയായി ഉയർത്തിക്കാണിക്കാനുള്ള പ്രഖ്യാപനം ഉണ്ടാകണം. ഈ ബഡ്ജറ്റ് ഒരു പൊരുതലാണ്, പ്രതിരോധമാണ് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. പ്രതിസന്ധികളുടെ നടുവിൽപോലും കേരളത്തിന്റെ തനിമ കൈവിടാതെ 2023-24-ലെ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തോട് പ്രത്യേക പകവച്ചുകൊണ്ടാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നും നികുതി പണമായി ഒരു രൂപ കേന്ദ്രത്തിലേയ്ക്ക് പോകുമ്പോൾ കേവലം ഇരുപത്തിയഞ്ച് പൈസയാണ് നമുക്ക്

തിരിച്ചുകിട്ടുന്നത്. എന്നാൽ ഇന്ത്യയിൽത്തന്നെയുള്ള സംസ്ഥാനമായ ഉത്തർപ്രദേശ് ഒരുരൂപ നികുതി കൊടുക്കുമ്പോൾ 1.69 രൂപ തിരികെ ലഭിക്കുന്നു. ഈ ഡിസ്പാരിറ്റിയിൽനിന്ന് കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണന മനസ്സിലാക്കാൻ സാധിക്കും. ലൈഫ് ഭവന പദ്ധതിയിലെ വീടുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 15 ശതമാനമാണ് കേരളത്തിന് ലഭിക്കുന്നതെങ്കിൽ ഉത്തർപ്രദേശിന് 65 ശതമാനമാണ് ലഭിക്കുന്നതെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അടിയന്തരപ്രമേയ ചർച്ചാ വേളയിൽ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് ഇത്രത്തോളം കടുത്ത വിവേചനം കാണിക്കുമ്പോൾ, കേരളത്തിന്റെ അവകാശം നേടിയെടുക്കുന്നതിനുവേണ്ടി കക്ഷിരാഷ്ട്രീയ വ്യത്യാസമെന്യേ ഒറ്റക്കെട്ടായി നിൽക്കുന്നതിനുപകരം യു.ഡി.എഫ്. ഇവിടെ സമരം ചെയ്യുകയാണ്. കേരളത്തിൽനിന്ന് പാർലമെന്റിലേയ്ക്ക് പോയ 18 എം.പി.-മാർ അവിടെ സമരം ചെയ്തിരുന്നെങ്കിൽ ഒരുപക്ഷേ കേരളത്തിന് ന്യായമായി ലഭിക്കേണ്ട വിഹിതം ലഭിക്കുമായിരുന്നു. അങ്ങനെയെങ്കിൽ ഇവിടെ ചുമത്തിയെന്ന് പറയപ്പെടുന്ന ചെറിയ തോതിലുള്ള സെസ്സും നികുതിയും ഒഴിവാക്കാൻ കഴിയുമായിരുന്നല്ലോ; അതിനുവേണ്ടി ശ്രമിച്ചിട്ടും നടക്കാതെ വന്നിട്ട്

ഇവിടെ സമരം നടത്തിയിരുന്നെങ്കിൽ ന്യായമുണ്ടെന്ന് പറയാമായിരുന്നു. കോൺഗ്രസ് ഇപ്പോൾ ബി.ജെ.പി.-യോടൊപ്പമാണ്. സത്യത്തിൽ ഇവർ ആരെയോ ഭയക്കുന്നില്ലേ; ഇവരെന്തിനാണ് കാര്യങ്ങൾ പറയാൻ പേടിക്കുന്നത്? ഇക്കാര്യത്തിൽ കോൺഗ്രസ് ന്യായത്തോടൊപ്പം നിൽക്കാനുള്ള ആർജ്ജവം പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്നാൽ മുസ്ലീംലീഗിന് മനംമാറ്റം വന്നിട്ടുണ്ടെന്ന് തോന്നുന്നു. ഇപ്പോൾ അവർ കോൺഗ്രസ്സിനെ പോലെയല്ല, കാര്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ പ്രശ്നങ്ങളെ ഏത് രീതിയിലാണ് കൈകാര്യം ചെയ്യുന്നത്; അവരുടെ ധനപ്രതിസന്ധി പരിഹരിക്കുന്നത് പൊതുസ്വത്ത് വിറ്റും കടമെടുത്തുമല്ലേ? കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ഈ വർഷത്തെ ബഡ്ജറ്റ് പ്രകാരം 15.4 ലക്ഷം കോടി രൂപയാണ് കടമെടുക്കാൻ പോകുന്നത്. എന്നാൽ കേരളം കടമെടുക്കാൻ പാടില്ലെന്ന് പറയുന്നതോടൊപ്പം കേരളത്തിന് ലഭിക്കേണ്ട പദ്ധതി വിഹിതം ലഭ്യമാക്കാതെയും ജി.എസ്.ടി.-യുടെ കോമ്പൻസേഷൻ അനുവദിക്കാതെയും ഒരു ശത്രുരാജ്യത്തോട് പെരുമാറുന്ന രീതിയിലാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തോട് പെരുമാറുന്നത്. യു.ഡി.എഫ്.-ന് ഇക്കാര്യത്തിൽ ബദൽ നിർദ്ദേശം അവതരിപ്പിക്കാനുണ്ടെങ്കിൽ,

അതിനെക്കുറിച്ച് ചർച്ച നടത്തുകയാണെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും അത് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പ്രതിപക്ഷം അങ്ങനെയൊരു കാര്യമേ ഉന്നയിക്കുന്നില്ല; അവർ കുറ്റം പറയാൻ മാത്രം സമയം കണ്ടെത്തുന്നുവെന്നല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. കമ്മ്യൂണിസ്റ്റ് വിരുദ്ധതയിൽ കെട്ടിപ്പിടിച്ചുനിൽക്കുന്ന കോൺഗ്രസ്സും ബി.ജെ.പി.-യും കാര്യങ്ങൾ മനസ്സിലാക്കിയില്ലെങ്കിൽ നിങ്ങൾക്ക് ജനങ്ങൾ മറുപടി നൽകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിനോട് അവർ സ്വീകരിക്കുന്ന സമീപനമെന്താണ്? 'കാടൻപൂച്ച മാന്തുക' എന്ന് ഒരു നാടൻ ചൊല്ലുണ്ട്. ആ രീതിയിൽ കോൺഗ്രസും യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും കുറെ പത്രങ്ങളുംകൂടി പിണറായി സർക്കാരിനെ മാന്തിക്കൊണ്ടിരിക്കുകയാണ്. അതിലൊന്നും പതറുന്ന ഗവൺമെന്റല്ല കേരളം ഭരിക്കുന്നത്. കേരളത്തെ തകർക്കാൻ സാധിക്കില്ലെന്നും ഈ ഗവൺമെന്റിന് ഒരു കോട്ടവുമുണ്ടാവില്ലെന്നും നിങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. എട്ട് വർഷംകൊണ്ട് ഡീസലിന് ഒൻപത് മടങ്ങും പെട്രോളിന് മൂന്ന് മടങ്ങും നികുതി വർദ്ധിപ്പിച്ച് 26 ലക്ഷം കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ജനങ്ങളിൽനിന്ന് കൊള്ളയടിച്ചത്. അതിനെതിരെ യു.ഡി.എഫ്. യാതൊന്നും സംസാരിക്കുന്നില്ല. ഒന്നാം പിണറായി

സർക്കാരിനുമുമ്പ് യു.ഡി.എഫ്. ഭരണകാലത്ത് ഏഴ് തവണ ഡീസലിനും 17 തവണ പെട്രോളിനും വില വർദ്ധിപ്പിച്ചില്ലേ? 62 ലക്ഷത്തോളംവരുന്നതും സാധാരണക്കാരും ജീവിക്കാൻ വഴിയില്ലാതെ ബുദ്ധിമുട്ടുന്നവരുമായവർക്ക് സമാശ്വാസ പെൻഷൻ നൽകുന്നതുമായ ക്ഷേമ പദ്ധതിക്കുവേണ്ടി രണ്ട് ശതമാനം സെസ്സ് ചുമത്തിയതിന് നമ്മുടെ നാട്ടിൽ ഇത്രമാത്രം കോലാഹലം സൃഷ്ടിക്കേണ്ട കാര്യമുണ്ടോ? ഈ പെൻഷൻ നൽകേണ്ടെന്നാണെങ്കിൽ കോൺഗ്രസ്സിന് അത് തുറന്നുപറയാനുള്ള ആർജ്ജവമുണ്ടാകണം. അവർ അതിനുള്ള ആർജ്ജവം കാണിച്ചാലും ഇതിൽനിന്ന് പിന്നോട്ടുപോകാൻ ഈ ഗവൺമെന്റ് തയ്യാറല്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചുകഴിഞ്ഞു. രാജ്യത്ത് നിരവധി കാര്യങ്ങൾ ചെയ്യാനുള്ളപ്പോൾ അതിനു സമയം ചെലവിടാതെ നമ്മുടെ സുഹൃത്തുക്കൾ പുറത്തിരുന്ന് സത്യാഗ്രഹം നടത്തുന്നത് കാണുമ്പോൾ അതൊരു വിരോധാഭാസമായാണ് തോന്നുന്നത്. ജനങ്ങളെ പറ്റിക്കാൻ നാല് ദിവസം സത്യാഗ്രഹം കിടന്നതുകൊണ്ടൊന്നും മനം മാറ്റമുണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിക്കേണ്ട. കക്ഷി രാഷ്ട്രീയ വ്യത്യാസമെന്യേ ഒറ്റക്കെട്ടായി സംസ്ഥാനത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയാൽ നന്നായിരുന്നു. പക്ഷേ, കോൺഗ്രസ് അത് ചെയ്യുന്നില്ല; കാരണം അവരുടെ പാരമ്പര്യം

അങ്ങനെയാണ്. ഇവിടെ അധികാരത്തിൽ വന്ന ആദ്യത്തെ ഇടതുപക്ഷ ഗവൺമെന്റ് നല്ലകാര്യങ്ങളാണ് ചെയ്തത്. കാർഷിക പരിഷ്കരണ നിയമവും വിദ്യാഭ്യാസ പരിഷ്കരണ നിയമവും കൊണ്ടുവന്നപ്പോൾ അതിനെതിരെ വിമോചന സമരം നടത്തി ആ ഗവൺമെന്റിനെ 356-ാം വകുപ്പ് ഉപയോഗിച്ച് പിരിച്ചുവിടുകയാണ് ചെയ്തത്. പക്ഷേ ഇപ്പോൾ അവർക്ക് കേന്ദ്രഭരണം ഇല്ലെന്നുള്ളതുകൊണ്ടുതന്നെ 356-ാം വകുപ്പ് പ്രയോഗിക്കാൻ സാധിക്കുകയില്ല. വിമോചന സമരത്തിനുപകരം ബി.ജെ.പി.-യോടൊപ്പം ചേർന്ന് വിരോധ സമരം സംഘടിപ്പിക്കുകയെന്ന പ്രവൃത്തിയാണ് കോൺഗ്രസ് അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഉള്ളിയുടെ ഗുണത്തെക്കുറിച്ച് നീതിസാരത്തിൽ ഒരു ശ്ലോകമുണ്ട്. 'കർപ്പൂരത്തടത്തിൽ ഉള്ളി നട്ട് അതിനെ കസ്തൂരി വളമായി പനിനീരുകൊണ്ട് അഭിഷേകം ചെയ്താലും ഉള്ളി അതിന്റെ പഴയ ഗന്ധത്തെ ഉപേക്ഷിക്കുന്നില്ല.' കോൺഗ്രസിന്റെ സ്വഭാവം മാറ്റാൻ ആരുവിചാരിച്ചാലും സാധിക്കില്ല. അത് അലിഞ്ഞലിഞ്ഞ് ഇല്ലാതാകുന്ന പ്രവണതയിലേയ്ക്കാണ് പോകുന്നതെന്ന് അവർ മനസ്സിലാക്കണം. ഇതിനുമുമ്പ് കടുത്ത പ്രതിസന്ധിയുണ്ടായപ്പോഴും കേരളം പതറിയിട്ടില്ല. ജനങ്ങളെ ചേർത്തുപിടിച്ച് ജനങ്ങളുടെ സഹകരണത്തോടെയാണ് പിണറായി സർക്കാർ പ്രശ്നങ്ങളെ തരണം ചെയ്തിട്ടുള്ളത്. കേരളം

ഏതെങ്കിലും ഒരു വികസന പദ്ധതി മുന്നോട്ടുവച്ചാൽ അത് മുടക്കാൻ 18 എം.പി.-മാർ ഡൽഹിയിലുണ്ട്; ഇതൊക്കെ കേരള ജനത തിരിച്ചറിയുന്നുണ്ട്. യു.പി.എ. ഗവൺമെന്റ് പ്രഖ്യാപിച്ച കോച്ച് ഫാക്ടറി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ജനങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടിയെങ്കിലും ഒരു സമരം നടത്തണ്ടേ; അവർ അത് ചെയ്യുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോടാണ് ആ കോച്ച് ഫാക്ടറി വരേണ്ടത്. പക്ഷെ അവർ ഷാഫി പറമ്പിലിന്റെ നിയോജകമണ്ഡലത്തിലെ കോട്ടമൈതാനത്ത് തറക്കല്ലിട്ടിട്ട് മുങ്ങിയതാണ്; ഇതുവരെ പൊന്തിയിട്ടേയില്ല. കേരളത്തിൽനിന്നും ജയിച്ച് പാർലമെന്റിലേയ്ക്കുപോയ 18 കോൺഗ്രസ് എം.പി.-മാർ കേരളത്തിലെ ജനങ്ങളെ അപമാനിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. മഹാഭാരതത്തിൽ ഒരു കണ്ണാടിയുടെ കഥയുണ്ട്. ഛായാമുഖിയെന്നാണ് ആ കണ്ണാടിയുടെ പേര്. വനവാസകാലത്ത് ഹിഡുംബിയുമായി ഭീമസേനൻ പ്രണയത്തിലായി; ഘടോൽകചൻ എന്ന ഒരു കുട്ടിയും ജനിച്ചു. ഛായാമുഖിയെന്ന കണ്ണാടിയിൽ നോക്കുന്നയാളുടെ പ്രതിബിംബമല്ല പതിയുന്നത്; മറിച്ച് മനസ്സിൽ ആരാണോ ഉള്ളത് അവരുടെ പ്രതിബിംബമാണ്. ഭീമസേനന്റെ സ്നേഹം അളക്കാൻവേണ്ടി ഛായാമുഖിയിൽ നോക്കിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ

ഹിഡുംബിയല്ല ദ്രൗപതിയാണെന്നാണ് മനസ്സിലായത്. കോൺഗ്രസ്സുകാരുടെ മുമ്പിൽ ആ കണ്ണാടി കാണിച്ചാൽ കോൺഗ്രസ്സിനെയും ശ്രീ. രാഹുൽ ഗാന്ധിയെയുമല്ല കാണുക, അതിൽ ബി.ജെ.പി.-യെയും ശ്രീ. നരേന്ദ്ര മോദിയെയുമാണ് കാണുകയെന്നതിന് യാതൊരു സംശയവുമില്ല. ആ രീതിയിലാണ് കോൺഗ്രസ് പ്രവർത്തിക്കുന്നത്. തീർച്ചയായും അവർ ഇതിൽ മാറ്റം വരുത്തുമെന്ന് പ്രതീക്ഷിക്കുന്നത്.

കഴിഞ്ഞപ്രാവശ്യം പാലക്കാട് ജില്ലയിലെ എല്ലാ ഡാമുകളിലും ധാരാളം വെള്ളമുണ്ടായിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ 174, 178 ഖണ്ഡികകളിൽ ഫീൽഡ് ചാനലുകളും ഡ്രെയിനുകളും കാഡാ കനാലുകളും നവീകരിക്കാൻ യഥാക്രമം 8 കോടി രൂപയും 22 കോടി രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൽ വാളയാർ ഡാം ഉൾപ്പെടാത്തതിനാൽ അതുകൂടി ഉൾപ്പെടുത്തണം. കേരളത്തിൽ 74000 കർഷകരിൽനിന്ന് ആദ്യ വിളയിൽ നെല്ല് സംഭരിക്കുകയുണ്ടായി. അതിൽ പാലക്കാട് ജില്ലയിലെ 45943 കർഷകരിൽ 27815 പേർ നെല്ല് നൽകിയിട്ടും കഴിഞ്ഞ അഞ്ച് മാസമായി പണം ലഭിച്ചിട്ടില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ താത്പര്യമെടുക്കുകയും ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഭക്ഷ്യ-

പൊതുവിതരണ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ കേരളാ ബാങ്കുമായി ചർച്ചനടത്തുകയും കർഷകർക്ക് വേഗത്തിൽ പണം നൽകാനുള്ള എഗ്രിമെന്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇന്ന് പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാവിയിൽ ഇത്തരം പ്രതിസന്ധികളുണ്ടാകാതിരിക്കാനും നെൽക്കർഷകരെ രക്ഷിക്കാനുമുള്ള ശാശ്വത പരിഹാരം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ സൂചിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തീർച്ചയായും കേരളത്തിന്റെ പ്രത്യേകത ഉയർത്തിപ്പിടിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ പുരോഗതിക്കും വികസനത്തിനുംവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും ക്രിയാത്മകമായി നേരിട്ടുകൊണ്ട് സംസ്ഥാനത്തിന്റെ വികസന മേഖലയും വികസന പ്രവർത്തനങ്ങളും ശക്തിപ്പെടുത്താൻ വികസന പഥങ്ങളിലൂടെ സഞ്ചരിക്കുന്ന പ്രതീക്ഷാനിർഭരമായതും യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ളതുമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ

അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് എന്തെല്ലാം വിഘാതമുണ്ടാക്കാൻ സാധിക്കുമെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഭരണ ഭീകരതയുടെ നീക്കങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പ്രവർത്തനങ്ങളിൽ നിറഞ്ഞുകാണുന്നത്. കേരളത്തിന് കടമെടുക്കാവുന്ന തുകയിൽ 2,700 കോടി രൂപ കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന്റെ തലേദിവസമാണ് അത് സംഭവിച്ചിരിക്കുന്നത്. ഇനി മൂന്ന് മാസത്തിനുള്ളിൽ 937 കോടി രൂപ മാത്രമേ കടമെടുക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിൽ വിൽക്കുന്ന ഒരോ ലിറ്റർ പെട്രോളിനും 30 രൂപയും ഡീസലിന് 27 രൂപയും നികുതിയായി കേന്ദ്രഗവൺമെന്റ് പിരിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ഓരോ കാര്യങ്ങളിലും കേന്ദ്രഗവൺമെന്റ് പ്രതിബന്ധം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. വിപണിയിൽനിന്നുള്ള കടമെടുപ്പ് പരിധി കേന്ദ്രം വെട്ടിക്കുറച്ചതുമൂലം 4,000 കോടി രൂപയുടെ കുറവാണ് സംഭവിച്ചിരിക്കുന്നത്. കിഫ്ബി, സാമൂഹ്യസുരക്ഷ പെൻഷൻ എന്നിവയ്ക്കായി എടുത്ത വായ്പ സംസ്ഥാനത്തിന്റെ മൊത്തം കടത്തിൽ ഉൾപ്പെടുത്തിയതുകൊണ്ട് കടമെടുപ്പിൽ ഈ വർഷം 3100 കോടി രൂപയുടെ കുറവുണ്ടാകും. കടമെടുപ്പുപരിധി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നാല് ശതമാനമാക്കി ഉയർത്തണമെന്ന ആവശ്യം

പരിഗണിച്ചാൽ വിഹിതം ഗണ്യമായി കുറയുന്ന ദുരവസ്ഥയുണ്ടായേക്കാം. ഇവ രണ്ടും ഡിവിസിബിൾ പൂളിലായിരുന്നുവെങ്കിൽ 2023-24 വർഷം 6,634 കോടി രൂപ ലഭിക്കുമായിരുന്നു. പൊതു വിഭവ സമാഹരണം കടബാധ്യതയായി കണക്കിലെടുത്ത കേന്ദ്ര നയംമൂലം ഒരു വർഷം 10,000 കോടി രൂപയുടെ വായ്പ നഷ്ടമായി. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതുമൂലം നടപ്പ് സാമ്പത്തികവർഷം 7,000 കോടി രൂപയുടെ കുറവും 2023-24 സാമ്പത്തികവർഷം ഏകദേശം 5,200 കോടി രൂപയുടെ കുറവും ഉണ്ടായേക്കാം. 2021-22 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യു ഡെഫിസിറ്റ് ഗ്രാന്റിന് 84 കോടി രൂപയുടെ കുറവ് സംഭവിക്കുകയും അടുത്ത വർഷം അതില്ലാതാകുകയും ചെയ്യും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിന്റെ നികുതി വിഹിതം 41 ശതമാനമായി കുറവ് ചെയ്തപ്പോൾ അത് 1.925 ശതമാനമാകുകയും ഇതുമൂലം 10,000/- കോടി രൂപയുടെ കുറവ് ഓരോ വർഷവുമുണ്ടാകുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിലാണ് അതിജീവനത്തിന്റെ കരുത്തുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് രൂപംകൊടുത്തിരിക്കുന്നത്. ഇത് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള, യാഥാർത്ഥ്യബോധമില്ലാത്ത, പ്രഹസനപരമായ

ബഡ്ജറ്റായിരുന്നെങ്കിൽ വിമർശകർക്ക് കൂടുതൽ വിമർശനങ്ങൾ പറയാൻ കഴിയുമായിരുന്നു. എന്നാൽ ഇത് യാഥാർത്ഥ്യബോധത്തോടുകൂടി അവതരിപ്പിച്ചതുകൊണ്ടാണ് വിമർശകർക്ക് കൂടുതലായൊന്നും പറയാൻ സാധിക്കാത്തത്. തീർച്ചയായും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്കും ഇക്കാര്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

'മേക്ക് ഇൻ കേരള' പദ്ധതിക്കായി 100 കോടി രൂപ, വിലക്കയറ്റം തടയാൻ 2,000 കോടി രൂപ, റബ്ബർ വിലയിടിവ് തടയാൻ 600 കോടി രൂപ, വിനോദ സഞ്ചാര മേഖലയ്ക്ക് 362.15 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 1,325.77 കോടി രൂപ, റോഡുകൾക്കും പാലങ്ങൾക്കും 1,144.22 കോടി രൂപ, കുടുംബശ്രീക്ക് 260 കോടി രൂപ, 'ലൈഫ് മിഷൻ' പദ്ധതിക്ക് 1,436.26 കോടി രൂപ എന്നിങ്ങനെയാണ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഇത്തരം വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖയും ഈ ബഡ്ജറ്റിലുണ്ട്. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി ബഡ്ജറ്റിനെ വിലയിരുത്തി മുന്നോട്ടുപോകാൻ സന്നദ്ധരായാൽ തീർച്ചയായും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഈ ബഡ്ജറ്റ് വളരെ കരുത്താകും.

കേരളത്തിന് സമഗ്രമായ പുരോഗതിയുണ്ടാകരുതെന്നാണ് കേന്ദ്ര സർക്കാർ ആഗ്രഹിക്കുന്നത്. കാരണം, ഭരണപരമായ കാര്യങ്ങളിലും രാഷ്ട്രീയപരമായ തീരുമാനങ്ങളിലും കേന്ദ്രത്തിന് മുന്നിൽ ഒരു ദേശീയ ബദലാണ് ഈ സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ആ യാഥാർത്ഥ്യം അറിയാവുന്ന കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ ഞെരുക്കാനും അമർച്ച ചെയ്യാനുംവേണ്ടി നടത്തുന്ന ശ്രമങ്ങൾ ശക്തമായി തുടരുകയാണ്. ഈ സന്ദർഭത്തിൽ സാമ്പത്തിക പരിമിതികളും പ്രയാസങ്ങളും സൃഷ്ടിക്കാൻ ബോധപൂർവ്വം നിരവധി പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ജനസാന്ദ്രത, രൂക്ഷമായിക്കൊണ്ടിരിക്കുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ കേരളത്തിലുണ്ട്. സംസ്ഥാനത്തിന്റെ പരിമിതമായ സാമ്പത്തിക സമാഹരണ സംവിധാനത്തെ എങ്ങനെ തകർക്കാമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. ഒരു ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത്, ഭരണഘടനാപരമായ അവകാശം സംരക്ഷിച്ചുകൊണ്ട് ജനാധിപത്യപരമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും പരമാധികാരവും നൽകാനുള്ള സാമാന്യ ജനാധിപത്യ മര്യാദപോലും കാണിക്കുന്നില്ലെങ്കിൽ അത് ആപത്കരമായി മാറുമെന്നതിൽ സംശയമില്ല.

ആ നീക്കത്തിന്റെ ഫലമായാണ് പ്രളയകാലത്ത് സംസ്ഥാനത്തിന് നൽകിയ റേഷൻ അരിയുടെ പണം തിരികെ ചോദിച്ചത്. സത്യം പറഞ്ഞാൽ, അത് മാനുഷിക പരിഗണനയ്ക്കും മനുഷ്യത്വത്തിനും മര്യാദയ്ക്കും ചേർന്ന നടപടിയായിരുന്നില്ല. പക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൃത്യ സമയത്തുതന്നെ ആ പണം തിരികെ നൽകുകയുണ്ടായി. കേരളത്തിന്റെ ആത്മാഭിമാനം സംരക്ഷിക്കാൻ തർക്കം പറഞ്ഞ് ഒത്തുതീർപ്പാക്കാതെ തിരിച്ചുകൊടുക്കുകതന്നെയാണ് ചെയ്യേണ്ടിയിരുന്നത്. പണം തിരികെ ചോദിച്ചവരാണ് മാന്യതയും സംസ്കാരവും കാണിക്കേണ്ടത്. അതുകൊണ്ടുതന്നെ ഇത്തരം നിലപാടുകൾ സ്വീകരിക്കുന്ന കേന്ദ്ര സർക്കാർ കേരളത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ നിരാകരിക്കുകയല്ലാതെ, സ്വീകരിക്കുന്ന യാതൊരു സമീപനവുമെടുക്കാത്തതിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, വ്യാവസായിക മേഖലയിൽ ഒരുപാട് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുവെന്ന യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് കേന്ദ്രത്തിനെതിരെയുള്ള ശക്തമായ പോരാട്ടത്തിൽ, സംസ്ഥാനത്തിന്റെ അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ പ്രതിപക്ഷം അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നത് നന്നായിരിക്കുമെന്ന്

ഓർമ്മിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സമഗ്രമായ, സാർവ്വത്രികമായ സർവ്വതലസ്പർശിയായ, വികസനോന്മുഖമായ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനം നേരിടുന്ന ഗുരുതരമായ ധനപ്രതിസന്ധിയെയും ജനജീവിതം നേരിട്ടുകൊണ്ടിരിക്കുന്ന ദുരിതങ്ങളെയും ക്രമസമാധാന പ്രശ്നങ്ങളെയും യാഥാർത്ഥ്യ ബോധത്തോടെയും ആത്മാർത്ഥതയോടെയും ആത്മ വിമർശനപരമായും അഭിസംബോധന ചെയ്യാൻ തയ്യാറാകാത്ത, അകം പൊള്ളയായ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു. സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഭരണപരമായ കഴിവുകേടുകൾ മറച്ചുവച്ച് പകൽക്കൊള്ള നടത്താൻ സർക്കാർ ജനകീയതയുടെ മുഖമണിയുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ ഒരു രൂപപോലും വർദ്ധിപ്പിക്കാതെ സാമൂഹ്യ സുരക്ഷയ്ക്കായി സെസ്സ് ഏർപ്പെടുത്തിയത് ജനങ്ങളെ കൊള്ളയടിക്കാൻ ശ്രമിക്കുന്ന സർക്കാരിന്റെ വിരോധാഭാസമാണ്. ബഡ്ജറ്റിൽ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു വരിപോലും ഉൾപ്പെടുത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ രക്ഷയ്ക്കായി പദ്ധതികളൊന്നുമില്ല.

ഭരണാധികാരികളുടെ ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും വിഴപ്പുഭാണ്ഡം സാധാരണക്കാരുടെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയാണ്. ലക്ഷങ്ങൾ ചെലവിട്ട് പ്രൊഫ. കെ. വി. തോമസിനെ സംസ്ഥാനത്തിന്റെ പ്രതിനിധിയായി ഡൽഹിയിൽ കുടിയിരുത്തിയിരിക്കുന്നു. ഗതികെട്ട ജനങ്ങളുടെ നികുതിപിരിച്ച് അവസരവാദികളെയും അധികാരമോഹികളെയും അഭീഷ്ട പദവികളിൽ അരിയിട്ടുവാഴിക്കുന്ന ഈ സർക്കാർ ജനങ്ങളുടെ ക്ഷമ പരീക്ഷിക്കുകയാണ്. ഖജനാവിൽ പൂച്ചപ്പേറ് നടക്കുന്ന ഒരു സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ വസതിയിലെ ആർഭാടത്തൊഴുത്തിന് 42 ലക്ഷം രൂപയും ലിഫ്റ്റിന് 25 ലക്ഷം രൂപയും ചെലവഴിക്കുമ്പോൾ സാധാരണക്കാരന്റെ വീടിന് 4 ലക്ഷം രൂപയാണ് നൽകുന്നത്; ഇതാണ് ഇടതുപക്ഷ സമീപനം. ഇപ്പോൾ ആ തുകയും കൊടുക്കുന്നില്ല. കിണ്ടി മുതൽ കിണ്ണംവരെ പണയത്തിലായ സംസ്ഥാനത്ത് സർക്കാരിന്റെ വാർഷിക ആഘോഷങ്ങൾക്ക് കോടികൾ വാരിയെറിഞ്ഞ് മഹോത്സവമാക്കുന്നതെന്തിനാണ്? സാധാരണക്കാരന് 2 സെന്റ് ഭൂമി വാങ്ങി ഒരു ചെറിയ വീടുവയ്ക്കാൻപോലും കഴിയാത്ത അവസ്ഥയാണിന്നുള്ളത്. ഭൂമിയുടെ ന്യായവിലയിൽ 30 ശതമാനവും പെർമിറ്റ്, വീട്ടുകരം എന്നിങ്ങനെ എല്ലാം വർദ്ധിപ്പിച്ചിരിക്കുകയാണ്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ അവസ്ഥ വലിയ കഷ്ടമാണ്. പ്രതിമാസം 600/- രൂപ നൽകുന്ന 'ആശ്വാസകിരണം' പദ്ധതിക്ക് രണ്ടു വർഷത്തെ കുടിശ്ശികയുണ്ട്. കുടിശ്ശിക നൽകാൻ മാത്രം ഏകദേശം 584 കോടി രൂപ ആവശ്യമായിവരുന്ന സ്ഥാനത്ത് ഈ പദ്ധതിക്കായി 54 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്; അധികമായി ഒരു രൂപപോലും വർദ്ധിപ്പിക്കാൻ തയ്യാറായിട്ടില്ല; അവർക്ക് പ്രത്യേക പരിഗണന ആവശ്യമാണെന്ന കാര്യം മുൻനിർത്തി ഇക്കാര്യം പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഭിന്നശേഷിക്കാർക്കുള്ള സ്കൂൾ ബസ്സുകളുടെ നികുതി കുറച്ചത് സ്വാഗതാർഹമാണ്. പക്ഷെ അവർ വലിയ ബസ്സുകളിലല്ലാതെ ഓട്ടോറിക്ഷകളിലും വാനുകളിലും പോകുന്നുണ്ട്. ഇതൊന്നും ചാരിറ്റബിൾ സൊസൈറ്റികളുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയല്ല, ആ വാഹനങ്ങളുടെ നികുതികൂടി കുറയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്. സംസ്ഥാനത്ത് വലിയ തോതിൽ കണ്ടുവരുന്ന എച്ച്.ഐ.വി. രോഗബാധിതർക്ക് സഹായധനമായി നൽകിവരുന്ന 1000 രൂപ മുടങ്ങിയിട്ട് എട്ടുമാസത്തോളമായി. ഇത് നൽകുന്നതിനായി ഏകദേശം 12 കോടി രൂപ ആവശ്യമായി വരുമെങ്കിലും ടി തുക നൽകാനുള്ള യാതൊരു പരിഗണനയും ബഡ്ജറ്റിൽ കാണുന്നില്ല. എച്ച്.ഐ.വി., കാൻസർ രോഗബാധിതർക്ക് നൽകിവരുന്ന സഹായധനം

വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകണം; കൂടാതെ ഇവർക്കുള്ള ചികിത്സാമരുന്നുകൾ എല്ലായിടത്തും ലഭ്യമാകാത്ത സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

കിഫ്ബിയെക്കുറിച്ചുള്ള ആശങ്ക ഇന്ന് യാഥാർത്ഥ്യമാകുകയാണ്. കിഫ്ബി പദ്ധതികൾ പ്രഖ്യാപിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തുകയും ബഡ്ജറ്റിലൂടെതന്നെ അവയുടെ തിരിച്ചടവ് നടത്തുകയും ചെയ്യുന്ന സർക്കാർ കിഫ്ബിയുടെ കടം ബഡ്ജറ്റിലുൾപ്പെടുത്താത്തത് വിചിത്രമാണ്. പ്രതിസന്ധി മൂക്കറ്റം മൂടിനിൽക്കുന്ന സമയത്തുപോലും കടമെടുപ്പ് സമ്പദ് വ്യവസ്ഥയിൽനിന്ന് പുറത്തുകടക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചന നടത്തുന്നില്ല. സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനം 2020-21 സാമ്പത്തിക വർഷം -8.4 ശതമാനത്തിൽനിന്ന് 2021-22 സാമ്പത്തിക വർഷം 12.01 ശതമാനമായി വളർന്നുവെന്നാണ് സാമ്പത്തിക അവലോകന റിപ്പോർട്ട് പറയുന്നത്. 20.4 ശതമാനം വളർച്ചയുണ്ടായിരിക്കുന്നുവെന്ന് ഊറ്റംകൊള്ളുന്ന സർക്കാർ, പെൻഷൻ നൽകാനെന്ന വ്യാജേന വൻനികുതികൾ പ്രഖ്യാപിച്ചിരിക്കുകയാണ്.

പോലീസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് 152.90 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ക്രമസമാധാന നിലയാകെ തകർന്നിരിക്കുന്ന അതീവ ഗുരുതരമായ സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. പോലീസ് സേനയിലെ ഉദ്യോഗസ്ഥർ, ഭരണപക്ഷ പാർട്ടിക്കാരുടെയും ലഹരി കടത്തുകാരുടെയും മന്ത്രിമാരുടെയും എസ്കോർട്ടായിമാത്രം മാറുന്ന അവസ്ഥയാണുള്ളത്. പൊതുജനങ്ങളോടും നിരപരാധികളോടുമുള്ള ക്രൂരമായ പെരുമാറ്റത്തിന്റെയും ലോക്കപ്പ് കൊലകളുടെയും കസ്റ്റഡി മർദ്ദനങ്ങളുടെയും കേസ് അട്ടിമറിയുടെയും ഗുണ്ടാസൗഹൃദങ്ങളുടെയും മാഫിയ ചങ്ങാത്തത്തിന്റെയുമൊക്കെ പേരിൽ ആഭ്യന്തര വകുപ്പ് പ്രതിക്കൂട്ടിലാണ്. പോലീസ്സേനയെ ആധുനികവത്കരിക്കുന്നതിന് മുമ്പ് ഇവരെ പോലീസുകാരാക്കി മാറ്റുകയാണ് വേണ്ടത്. പോലീസ് സേനയിലെ ഭിന്നതകളും ലഹരി മാഫികളുടെ ഇടപെടലുകളും ക്രിയാത്മകമായി അമർച്ച ചെയ്ത് ഇവരെ മനുഷ്യരാക്കുന്ന നടപടിയാണ് വേണ്ടത്. ഇതൊന്നും പ്രതിപാദിക്കാത്ത ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്ന

കേന്ദ്രസമീപനം നിലവിലുള്ളപ്പോൾ അതിന്റെ ആഘാതം കേരളത്തിലെ ജനങ്ങൾക്ക് ഏൽക്കാത്തവിധം സമസ്ത ജനവിഭാഗങ്ങളെയും ആരോഗ്യം, വിദ്യാഭ്യാസം, വ്യാവസായികം, കാർഷികം, റബ്ബർ എന്നിങ്ങനെ എല്ലാ മേഖലകളെയും തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയെയും സംരക്ഷിച്ചുകൊണ്ടുള്ള 1,76,089 കോടി രൂപയുടെ ചെലവുവരുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഇത്രയും തുകയുടെ ചെലവ് വരുമ്പോൾ, സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം നൽകാതെ കേരളത്തെ വരിഞ്ഞുമുറുക്കുമ്പോൾ, അതിനെതിരെ ശബ്ദിക്കാൻപോലും പ്രതിപക്ഷത്തിന് സമയമില്ല. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രതിപക്ഷം വീണ്ടും പുതിയ നിർദ്ദേശങ്ങൾ വയ്ക്കുകയാണ്. അതിന് എവിടെനിന്നാണ് പണം കണ്ടെത്തേണ്ടത്? ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള നികുതി പിൻവലിക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. 1,76,089 കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 750 കോടി രൂപയുടെ പെട്രോൾ സെസ് ഏർപ്പെടുത്തിയതിനാണ് അവർ പ്രതിഷേധിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ 2011 കാലയളവിൽ പെട്രോളിന് 26 ശതമാനം സെസ്സുണ്ടായിരുന്നത് 2016-ൽ 31.8 ശതമാനമാക്കി

വർദ്ധിപ്പിച്ചശേഷമാണ് അധികാരത്തിൽനിന്നും പോയത്. 5 വർഷത്തിനിടയിൽ 17 തവണ അതിലിടപെടുകയും 4 തവണ സെസ് കുറയ്ക്കുകയും 13 തവണ വർദ്ധിപ്പിക്കുകയും ചെയ്തു. അതുകൊണ്ടാണ് 26.64 ശതമാനമെന്നുള്ളത് 31.8 ശതമാനമായി മാറിയത്. അതുപോലെ ഡീസലിന് 22.76 ശതമാനം നികുതി എന്നത് 24.76 ശതമാനമായി വർദ്ധിപ്പിച്ചു. അങ്ങനെ പെട്രോളിനും ഡീസലിനും സെസ് വർദ്ധിപ്പിച്ചു. പെട്രോളിനും ഡീസലിനുമൊക്കെ നികുതി വർദ്ധിപ്പിക്കുമ്പോൾ അന്നത്തെ സർക്കാരിന്റെ ചെലവ് എത്രയാണ്? അന്ന് 600 രൂപ നിരക്കിൽ മുപ്പത്തിമൂന്ന് ലക്ഷം പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിക്കൊണ്ടിരുന്നത്. അതിലേയ്ക്കായി 200 കോടി രൂപയാണ് ചെലവ് വന്നിരുന്നത്. ആ കാലയളവിൽ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ സാമൂഹ്യസുരക്ഷാ പെൻഷനുമാത്രം 950 കോടി രൂപയാണ് ഒരു മാസം ചെലവുവരുന്നത്. അതുപോലെ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന 3.875 ശതമാനം കേന്ദ്രവിഹിതം 1.92 ശതമാനമായി കുറവ് ചെയ്തിരിക്കുന്നു. അതാണ് ഇന്ന് കേരളം നേരിടുന്ന പ്രതിസന്ധി. ആസ്സാമിനും ഛത്തീസ്ഗഡിനും കൊടുക്കുന്ന പരിഗണനപോലും കേന്ദ്രം കേരളത്തിന്

നൽകാത്തതിൽ ഇവിടത്തെ യു.ഡി.എഫ്.-ന് യാതൊരു പ്രതിഷേധവുമില്ല. ഈ പ്രതിസന്ധികൾക്കിടയിലും ജി.എസ്.ടി.-യുടെ നഷ്ടപരിഹാരം അവസാനിപ്പിക്കുകയുണ്ടായി; അത് ഏകദേശം പന്ത്രണ്ടായിരം കോടി രൂപയായിരുന്നു ഉണ്ടായിരുന്നത്. റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയതിന്റെ ഫലമായി 8460 കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ നഷ്ടങ്ങൾ എല്ലാം സംഭവിച്ചിട്ടും കേരളത്തിലെ സമസ്ത വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 1600 രൂപ നിരക്കിൽ 62 ലക്ഷം പേർക്കാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്. ഈ ബഡ്ജറ്റിന്റെ കാലാവധി അവസാനിക്കുമ്പോൾ അത് മിനിമം രണ്ട് ലക്ഷം രൂപയായെങ്കിലും വർദ്ധിക്കും. അക്കാര്യങ്ങളൊന്നും കാണാതെയും യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെയുമാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നത്. ശ്രീമതി ഉമ തോമസിനോട് തൃക്കാക്കരയിലെ ഓട്ടോഡ്രൈവർ 'സുഖമാണോ ചേച്ചി' എന്ന് ചോദിക്കുകയുണ്ടായി; ആ ചോദ്യം കറക്ടാണ്. കേരളത്തിന് അർഹമായ വിഹിതവും റവന്യൂ കമ്മി ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരവും നൽകാതെയും തൊഴിലുറപ്പ് പദ്ധതിയിലെ ദിനങ്ങൾ വെട്ടിക്കുറച്ചും പെട്രോളിനും ഗ്യാസിനും ക്രമാതീതമായി വില വർദ്ധിപ്പിച്ചും 30 രൂപവരെ

സെസ് വർദ്ധിപ്പിക്കുകയുമാണ് കേന്ദ്രസർക്കാർ ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാർ ഇവിടെ രണ്ട് രൂപ മാത്രം വർദ്ധിപ്പിച്ചപ്പോൾ പ്രതിപക്ഷം ബഹളം വയ്ക്കുകയാണ്. പെട്രോളിന് വില വർദ്ധിക്കുമ്പോൾ അതിന്റെ വിഹിതം കേരളത്തിനും ലഭിക്കുമെന്ന് ഇവിടെ പ്രചരിപ്പിക്കുന്നുണ്ട്. സെസ്സിന്റെ ഷെയർ കേരളത്തിന് ലഭിക്കില്ല. പിന്നീട് കേന്ദ്ര സർക്കാർ 10 രൂപ കുറവ് ചെയ്തെങ്കിലും ഇപ്പോഴും 20 രൂപ സെസ്സുണ്ട്. 2 രൂപ വർദ്ധിപ്പിച്ചപ്പോൾ 750 കോടി രൂപ കേരളത്തിന് ലഭിക്കുമെങ്കിൽ 20 രൂപ സെസ്സുള്ളപ്പോൾ 7500 കോടി രൂപ ഓരോ വർഷവും കേന്ദ്രസർക്കാർ ഇവിടെനിന്നും പിരിച്ചുകൊണ്ടുപോകുന്നതിൽ പ്രതിഷേധിക്കാതെ, ഈ പ്രതിസന്ധികൾക്കിടയിലും കേരള ജനതയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഈ സർക്കാരിനെതിരെ സമരം ചെയ്യുന്ന യു.ഡി.എഫ്.-നെ നോക്കിയാണ്, ശ്രീമതി ഉമ തോമസിനോട് 'സുഖമാണോ ചേച്ചി' എന്ന് ആ ഓട്ടോറിക്ഷ തൊഴിലാളി ചോദിച്ചതെന്ന് മനസ്സിലാക്കണം. ഇന്ധന വിലവർദ്ധനവിനെത്തുടർന്ന് എന്താണ് അഭിപ്രായമെന്ന് പാലക്കാട്ടെ ഓട്ടോറിക്ഷാ തൊഴിലാളികളോട് ഏഷ്യാനെറ്റ് ചാനലുകാർ ചോദിച്ചപ്പോൾ അവർ കൃത്യമായി മറുപടി പറഞ്ഞല്ലോ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചാനലുകാർ സി.ഐ.ടി.യു.-കാരോടാണ് അഭിപ്രായം ചോദിച്ചത്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, അപ്പോൾ ശ്രീമതി ഉമ തോമസിനോട് ചോദിച്ചത് കോൺഗ്രസുകാരാണോ? സി.ഐ.ടി.യു. ആണോ എന്ന് ചോദിച്ചിട്ടല്ല ഏഷ്യാനെറ്റ് ചാനലുകാർ അവരോട് അഭിപ്രായം ചോദിച്ചത്. ആ തൊഴിലാളികളോട് അങ്ങനെ ചോദിച്ചത് കണ്ടിട്ടാണ് ശ്രീമതി ഉമ തോമസിനോട് 'സുഖമാണോ ചേച്ചി' എന്ന് ചോദിച്ചത്. എഫ്.ആർ.ബി.എം. ആക്ട് (Fiscal Responsibility and Budget Management Act) അനുസരിച്ചല്ലേ കടമെടുക്കുന്നത്; കേരളം ഇന്നുവരെ അതിന്റെ പരിധി ലംഘിച്ചിട്ടുണ്ടോ; കടമെടുക്കുന്ന പണം ആർക്കുവേണ്ടി ഉപയോഗിക്കുന്നു? ഈ നാട്ടിലെ സ്കൂളുകളും ആശുപത്രികളും റോഡുകളും നന്നാക്കുന്നതിനും റേഷനും പെൻഷനും കിറ്റും നൽകുന്നതിനുമാണ് ഈ പണം ഉപയോഗിക്കുന്നത്. നിങ്ങൾ ആക്ഷേപിക്കുമെങ്കിലും ജനജീവിതം സുരക്ഷിതമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. അങ്ങനെ കടമെടുത്ത് ഈ പ്രവൃത്തികൾ നടത്തിയതിന്റെ പേരിൽ കടമെടുക്കൽ പരിധിയിൽ കേരളത്തെ ഉൾപ്പെടുത്തി ഔദ്യോഗികമായി വീണ്ടും കടമെടുക്കുന്നതിൽ കുറവ് വരുത്തുന്നതിലൊന്നും നിങ്ങൾ

പ്രതിഷേധിക്കുന്നില്ല. അതിന് നിങ്ങളെ പറഞ്ഞിട്ട് കാര്യമില്ല. കാരണമെന്താണ്? ബി.ജെ.പി. എന്നുകേട്ടാൽ നിങ്ങൾ സായിപ്പിനെ കാണുമ്പോൾ കവാത്ത് മറക്കുമെന്നുള്ളതുപോലെയാണ്. ആർ.എസ്.എസ്. ശാഖയ്ക്ക് സംരക്ഷണം കൊടുക്കുമെന്ന് പരസ്യമായി പറഞ്ഞ ശ്രീ. കെ. സുധാകരനാണല്ലോ കെ.പി.സി.സി. പ്രസിഡന്റ്; ഡി.പി.സി. റിപ്പോർട്ടിനെതിരെ പരസ്യമായി പ്രതികരിച്ച ശ്രീ. അനിൽ ആന്റണിയാണല്ലോ നിങ്ങളുടെ നേതാവ്. അതുപോലെ അഡ്വക്കേറ്റ് അനിൽ ബോസ് ലൈവായി കൊടുത്തത് നാം കണ്ടല്ലോ; ഭാരത് ജോഡോ യാത്ര നടത്തിയപ്പോൾ നിങ്ങൾ അടൽ ബിഹാരി വാജ്പേയിയുടെ സ്മൃതിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയില്ലേ; ബി.ജെ.പി. എന്നുകേട്ടാൽ നിങ്ങൾക്ക് മുട്ടുവിറയ്ക്കും. അത്തരത്തിൽ ബി.ജെ.പി. അനുകൂല നിലപാട് സ്വീകരിക്കുന്നത് കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. നിലവിൽ കേന്ദ്രസർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ അതിനെ പ്രതിരോധിക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാണ്. 2018-ൽ സംസ്ഥാന സർക്കാർ നികുതി കുറച്ചത് കാണാതെ പോകരുത്. പ്രളയകാലത്തും കോവിഡുകാലത്തും നികുതി വർദ്ധിപ്പിച്ചില്ല. മുൻ ധനകാര്യ വകുപ്പുമന്ത്രി ഒരു രൂപയുടെ നികുതിപോലും വർദ്ധിപ്പിച്ചില്ല. അന്നും

നിങ്ങൾ ബഡ്ജറ്റിനെ എതിർത്തു. കേരളത്തിലെ ജനങ്ങൾ അതെല്ലാം മനസ്സിലാക്കുന്നുണ്ട്. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, കേന്ദ്രം കേരളത്തിന് ഏർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തെ മറികടക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലൂടെ കേരളത്തിന്റെ പ്രിയങ്കരനായ ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ പിന്തുണയ്ക്കുകയാണ്. മകൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ കണ്ണീര് കണ്ടാൽ മതിയെന്ന അമ്മായിയമ്മയുടെ നിലപാടാണ് ഇപ്പോൾ കേരളത്തിലെ യു.ഡി.എഫ്. നേതൃത്വം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളം എങ്ങനെയെങ്കിലും നശിച്ചാലും വേണ്ടില്ല, പിണറായി വിജയൻ ഗവൺമെന്റിന്റെ അസ്ഥിവാരം കണ്ടാൽ മതിയെന്ന നിലയിലേയ്ക്ക് തരംതാഴ്ന്നുപോകുന്ന നിലപാടാണ് യു.ഡി.എഫ്. കേരളത്തിൽ സ്വീകരിക്കുന്നതെന്ന് വ്യസനസമേതം സൂചിപ്പിക്കുകയാണ്. കേരളത്തിനെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്നതിനായി കേന്ദ്ര സർക്കാർ

സ്വീകരിച്ചിരിക്കുന്ന നയങ്ങളെ ഇവിടെ സമരംചെയ്യുന്ന യു.ഡി.എഫ്.-കാർക്ക് കാണാൻ കഴിയുന്നില്ലെന്നുള്ളത് വ്യസനകരമാണ്.

കേരളം അതിജീവനത്തിനുവേണ്ടി മുന്നിട്ടിറങ്ങുമ്പോൾ, അതിനുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി മുന്നോട്ടുവച്ചിരിക്കുന്ന നിർദ്ദേശങ്ങൾക്കെതിരെ സമരം ചെയ്യുമ്പോൾ, കേന്ദ്രം സ്വീകരിക്കുന്ന നിലപാടുകൾക്കെതിരെ പ്രതിഷേധിക്കാനെങ്കിലും തയ്യാറാകേണ്ടതുണ്ടെന്ന് വിനയപുരസ്സരം യു.ഡി.എഫ്.-നെ ഓർമ്മിപ്പിക്കുകയാണ്. ഡിവിസിബിൾ പൂളിൽ ഉണ്ടായ മാറ്റത്തിനനുസരിച്ച് കേന്ദ്രം പിരിച്ചെടുക്കുന്ന നികുതിയുടെ 59 ശതമാനം കേന്ദ്രത്തിനും 41 ശതമാനം സംസ്ഥാനങ്ങൾക്കും എന്നനിലയിൽ വീതംവച്ച് നൽകേണ്ടതാണ്. പത്താം ധനകാര്യ കമ്മീഷന്റെ ഭാഗമായി അപ്രകാരം വീതം വച്ച് ലഭിക്കേണ്ട 41 ശതമാനത്തിൽനിന്ന് കേരളത്തിന് ലഭ്യമായത് 3.87 ശതമാനമായിരുന്നു. എന്നാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിലേയ്ക്ക് എത്തുമ്പോൾ അത് 1.925 എന്ന നിലയിലേയ്ക്ക് മാറുകയുണ്ടായി. ചുരുക്കിപ്പറഞ്ഞാൽ 100 രൂപ ലഭ്യമായിക്കൊണ്ടിരുന്ന കാലയളവിൽ നമുക്ക് ലഭിച്ചിരുന്നത് 3 രൂപ 87 പൈസയായിരുന്നുവെങ്കിൽ ഇപ്പോഴത് ഒരു രൂപ 92 പൈസയാണ്. അതിന്റെ ഭാഗമായി കേരളത്തിന്റെ വരുമാനത്തിൽ 18,000 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. ജി.എസ്.ടി. റവന്യൂ

ന്യൂട്രൽ റേറ്റുമായി ബന്ധപ്പെട്ടുകൊണ്ട് 16 ശതമാനത്തിൽനിന്ന് നിന്ന് 11 ശതമാനത്തിലേയ്ക്ക് മാറ്റിയപ്പോൾ നമുക്ക് നഷ്ടം വന്നത് 15000 കോടി രൂപയാണ്. ഈ രണ്ട് മാറ്റങ്ങളിലൂടെ മാത്രം കേരളത്തിൽ 33000 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. ഈ കുറവ് എങ്ങനെയാണ് പരിഹരിക്കാൻ കഴിയുന്നത്? ദുരിതകാലത്തുപോലും സംസ്ഥാനത്തിന് നൽകിയ അരിയുടെ വില ചോദിക്കുന്ന കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം കേരളത്തിനെതിരാകുമ്പോൾ അതിനെതിരെ ശബ്ദിക്കാൻ യു.ഡി.എഫ്.-ന് കഴിയുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്.

1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്. ഗവൺമെന്റ് മുതൽ ഇന്ന് 2023-ൽ അധികാരത്തിലിരിക്കുന്ന പിണറായി വിജയൻ ഗവൺമെന്റ് വരെയുള്ള കാലഘട്ടങ്ങളിലെ ഗവൺമെന്റുകളുടെ മുഖ്യവരുമാനം നികുതിയായിരുന്നു. നികുതിഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; അതാണ് ഗവൺമെന്റുകളെ മുന്നോട്ട് കൊണ്ടുപോകുന്നത്. നികുതിയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, 2011-16-ൽ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ പെട്രോളിന് 17 തവണയും ഡീസലിന് 7 തവണയുമാണ് നികുതി വർദ്ധിപ്പിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 2021-ൽ 24.52 ശതമാനത്തിലേയ്ക്ക് നികുതി വർദ്ധിപ്പിച്ചു.

പെട്രോളിന്റെ നികുതി 26 ശതമാനത്തിൽ നിന്ന് 31.8 ശതമാനത്തിലേയ്ക്കും വർദ്ധിപ്പിച്ചു. ഈ സമരവുമായി മുന്നോട്ടുപോകുമ്പോൾ ഇവർ ഓർക്കേണ്ട കാര്യം, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇത്രയധികം നികുതി പിരിച്ചിട്ടും വന്ദ്യവയോധികർക്ക്, 600 രൂപ വീതം 33 ലക്ഷം ജനങ്ങൾക്ക് പെൻഷൻ കൊടുക്കേണ്ട ഘട്ടത്തിൽ ഇവർ പാവപ്പെട്ട മനുഷ്യരെ 18 മാസം ബാങ്കുകൾക്ക് മുന്നിൽ ക്യൂ നിർത്തിയിട്ടുണ്ട്. നിങ്ങൾ വരുത്തിയ 1473 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. യു.ഡി.എഫ്. ഭരണകാലത്ത് ദേശീയപാതാ വികസനം കൃത്യമായി നടപ്പാക്കാത്തതിന്റെ ഭാഗമായി ഒന്നാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അതിലേയ്ക്കായി 5570 കോടി രൂപ അധികമായി കേരളത്തിന് മുടക്കേണ്ടിവന്നു.

പൊതുവിദ്യാഭ്യാസ മേഖലയിൽ, പൊട്ടിയ ബഞ്ചിലിരുന്ന് ആകാശത്തെ നോക്കി വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ യു.ഡി.എഫ്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് നൽകിയ ഓമനപ്പേരായിരുന്നു 'അൺ ഇക്കണോമിക്'. എന്നാൽ ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു മനോഹരമായ പേര് നൽകി; 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം'. ഇവർ മൈക്കും

പിടിച്ചുപോയത് നമ്മൾ കണ്ടതല്ലേ. ഓട്ടോറിക്ഷാ തൊഴിലാളികൾ, കയറ്റിറക്ക് തൊഴിലാളികൾ, ദിവസവേതനക്കാർ എന്നിവരുടെ മക്കൾക്ക് പഠിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പൊക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ 10 ലക്ഷം കുട്ടികളെ പൊതുവിദ്യാലയത്തിലേയ്ക്ക് കൊണ്ടുവന്നതും ഈ ഗവൺമെന്റാണെന്ന് മറന്നുപോകരുത്. കേരളത്തിലെ ചില മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനമെന്താണ്? കേരളത്തിന്റെ അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടത്തെ ഊതിപ്പെരുപ്പിച്ച് കേരളത്തിൽ വലിയ ഭീകരതയുണ്ടെന്ന് വാർത്ത സൃഷ്ടിക്കുന്ന മാധ്യമങ്ങളെ നാം തിരിച്ചറിയണം. കേരളത്തിൽ വീടില്ലാതിരുന്ന എത്ര പേർക്കാണ് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകിയത്?

ഇന്നത്തെ അടിയന്തരപ്രമേയം വളരെ രസകരമായാണ് എനിക്ക് തോന്നിയത്. അടിയന്തരപ്രമേയത്തിൽ ലൈഫ് പദ്ധതിയിൽ വീടുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് വലിയരൂപത്തിലുള്ള ചർച്ച നടക്കുകയുണ്ടായി. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 3,22,922 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. അടിയന്തരപ്രമേയ ചർച്ചയുടെ ഭാഗമായി മറുപടി പറഞ്ഞുകൊണ്ട്

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിരവധി കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ ഇന്ദിര ആവാസ് യോജന പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വശ്രീ. കെ. മുരളീധരൻ, തേറമ്പിൽ രാമകൃഷ്ണൻ, എം. എ. വാഹീദ്, പി. സി. വിഷ്ണനാഥ് എന്നിവർ ഉന്നയിച്ച ചോദ്യം: "കേന്ദ്രസർക്കാരിന്റെ എന്ത് ധനസഹായമാണ് ഈ പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കാമോ?" എന്നായിരുന്നു. അതിനുള്ള മറുപടി ഇങ്ങനെയാണ്; "ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം 48,500 രൂപ. ഇതിൽ കേന്ദ്രവിഹിതം 36,375 രൂപ, 75 ശതമാനം കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം 12,125 രൂപ." വീട് വയ്ക്കുന്നവർക്ക് 48,500 രൂപ കൊടുത്തിട്ട് അവൻ കടം വാങ്ങി ബാങ്കുകളിൽനിന്ന് ലോണെടുത്ത് നിർമ്മിച്ച വീടുകളുടെ എണ്ണമാണ് നിയമസഭയിൽവന്ന് വലിയ രൂപത്തിൽ വിളിച്ചുപറഞ്ഞത്. ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ സാധാരണക്കാരന് വീടുവയ്ക്കുന്നതിനുവേണ്ടി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കൊടുക്കുന്നത് നാലുലക്ഷം രൂപയാണെന്ന് ഓർക്കണം.

കൃഷിക്കാരെക്കുറിച്ച് വളരെ വ്യാകുലതയോടുകൂടി അംഗങ്ങൾ പ്രസംഗിക്കുന്നത് കേട്ടപ്പോൾ അത്ഭുതം തോന്നി. ആരാണ് ഈ

രാജ്യത്തിന്റെ വാതിലുകൾ തുറന്നിട്ടുകൊടുത്തത്? ആസിയൻ കരാർ നടപ്പാക്കുന്ന സമയത്ത് കേരളത്തിന് സമാനമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ളതും നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും നിർമ്മിക്കുന്നതുമായ രാജ്യങ്ങൾക്ക് ഈ രാജ്യത്തിന്റെ വാതിലുകൾ തുറന്നിട്ടുകൊടുത്താൽ ഇങ്ങോട്ട് ഇറക്കുമതി വരുമെന്നും കേരളത്തിലെ നാണ്യവിളകൾക്കും സുഗന്ധവ്യഞ്ജനങ്ങൾക്കും വിലയുണ്ടാവില്ലെന്നും കേരളത്തിലെ ഇടതുപക്ഷം വിളിച്ചുപറഞ്ഞപ്പോൾ കാതടച്ചവരാണ് ഇവർ. സാധാരണക്കാരായ കർഷകരെ ഇവർ കാണാതെ പോയിട്ടും കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് അവരെ തള്ളിക്കളഞ്ഞില്ല. കേരളത്തിലെ റബ്ബർ കർഷകരെ രക്ഷിക്കാൻ 600 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ഈ രാജ്യത്ത്, ഏറ്റവും ഉയർന്ന നിലയിൽ നെല്ല് സംഭരിക്കുന്നത് നമ്മുടെ സംസ്ഥാനത്താണ്. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽ നിന്നും 34 രൂപയായി ഉയർത്തുകയുണ്ടായി. കേരളത്തിൽ 16 ഇനം പഴം-പച്ചക്കറികൾക്ക് വില വർദ്ധിപ്പിച്ചപ്പോൾ താങ്ങുവില പ്രഖ്യാപിച്ച ഏക സംസ്ഥാനം കേരളമാണ്. ഇത്തരത്തിൽ കേരള ഗവൺമെന്റിന്റെ നിലപാട് മുന്നോട്ടുപോകുകയാണ്.

വന്യമൃഗശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമെന്ന നിലയിൽ അതിലേയ്ക്കായി 50.85 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. വന്യമൃഗങ്ങൾ ആക്രമിക്കപ്പെടുന്ന അല്ലെങ്കിൽ കാടുകൾ കയ്യേറുന്ന കാലഘട്ടത്തിൽ ഏർപ്പെടുത്തിയ നിയമമാണ് 1972-ൽ നടപ്പിലാക്കിയ വന്യമൃഗ സംരക്ഷണ നിയമം. വന്യമൃഗ ശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

ഇവിടെ ധൂർത്തിന്റെ കാര്യം പറഞ്ഞു- ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വാഹനം വാങ്ങുമ്പോൾ അത് ധൂർത്താണ്. ഞങ്ങൾക്കറിയാഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, കേരളത്തിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് വാങ്ങുന്ന കാർ ധൂർത്തിന്റെ പരിധിയിൽ വരുമോ; അത് എന്തുകൊണ്ടാണ് ധൂർത്തിന്റെ പരിധിയിൽ വരാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാർ വാങ്ങുമ്പോൾ ധൂർത്താകുന്നു; പ്രതിപക്ഷനേതാവ് കാർ വാങ്ങുമ്പോൾ അത് ധൂർത്താകാതിരിക്കുന്നത് എങ്ങനെയാണ്? മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും

പ്രതിപക്ഷനേതാവിനും ആവശ്യമുള്ള വാഹനങ്ങൾ വാങ്ങുന്നതിനെക്കുറിച്ച് ഞാൻ തർക്കിക്കുന്നില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.... ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയാനുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ലിന്റോ ജോസഫ്: സർ, ഇവരുടെ ഇത്തരം നിലപാടുകളെയും പൊള്ളയായ ആശയങ്ങളെയും കപട രാഷ്ട്രീയത്തെയും തിരിച്ചറിയാൻ കേരളത്തിലെ ഗവൺമെന്റിന്റെ ഭാഗമായി നിൽക്കുന്ന ജനങ്ങൾ തയ്യാറാകുമെന്ന് മാത്രമല്ല, ഇവരുടെ തെറ്റായ നിലപാടുകളെ പുറംകാലുകൊണ്ട് തട്ടിത്തെറിപ്പിക്കുമെന്നും സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. 'പല്ലക്കിലേറാൻ മോഹമുണ്ട് പക്ഷെ ഊന്നിക്കയറാൻ ശക്തിയില്ല' എന്ന അവസ്ഥയിൽ നിൽക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നാം കണ്ടത്. ബഡ്ജറ്റിന്റെ ഓരോ പേജ് മറിക്കുമ്പോഴും വാവിട്ടുള്ള കരച്ചിലും നവകേരളം ഉണ്ടാക്കാൻ ഞങ്ങളെ സമ്മതിക്കുന്നില്ലേ' എന്ന ആർത്തനാദവുമാണ് കേൾക്കാൻ സാധിച്ചത്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വീതംവയ്പിൽ കേരളത്തിന് കേന്ദ്ര സർക്കാരിൽ നിന്നുണ്ടായ അവഗണനയെ ആഘോഷിക്കുന്നവർ ആരുടെ പക്ഷത്താണ് നിൽക്കുന്നതെന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്. പക്ഷെ വൈരുദ്ധ്യം അവിടെയല്ല; ഇതിനെത്തുടർന്ന് പല സ്ഥലത്തും കേന്ദ്രത്തിൽനിന്നുള്ള വിഹിതം ആഗ്രഹിക്കുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രിയെ നമ്മൾ കാണുകയാണ്. മൃഗസംരക്ഷണത്തിന് 9.91 കോടി രൂപയും ഗ്രാമവികസനത്തിന് 4515.29 കോടി രൂപയും പ്രധാനമന്ത്രി സഡക് യോജനയ്ക്ക് 120 കോടി രൂപയും പ്രതീക്ഷിക്കുന്നുണ്ടെന്ന് ബഡ്ജറ്റിൽ പറയുന്നുണ്ട്. നമ്മെ അവഗണിക്കുന്നവരിൽനിന്നും എന്തെങ്കിലും പ്രതീക്ഷിക്കുന്നവരെ (ധനകാര്യ വകുപ്പുമന്ത്രിയെ) 'സ്വപ്നാടകൻ' എന്നല്ലാതെ എന്ത് വിളിക്കാനാണ്; എന്നിട്ട് എല്ലാ ചീത്തയും ഞങ്ങൾക്കാണ്. ദേശീയ രാഷ്ട്രീയത്തിൽ വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ ഒരു പെട്ടിക്കടയെങ്കിലും തുറക്കാനും അദാനി-നരേന്ദ്രമോദി കൂട്ടുകെട്ടിലുണ്ടായ ക്രോണി ക്യാപിറ്റലിസത്തെക്കുറിച്ച് മുഖത്തുനോക്കി പറയാനും ശ്രീ. രാഹുൽ ഗാന്ധി ധൈര്യം കാണിച്ചിട്ടുണ്ട്. അങ്ങനെയുള്ള രാഷ്ട്രീയ പ്രസ്ഥാനം നരേന്ദ്രമോദിയെ സഹായിക്കുന്നുവെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; ആർ.എസ്.എസ്.-കാരെ സഹായിച്ചതാരാണെന്ന്

ഇവിടെയിരിക്കുന്ന പ്രിയപ്പെട്ട ഇ. ചന്ദ്രശേഖരനോട് ചോദിച്ചാൽ മനസ്സിലാകും. സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റി നേതാക്കന്മാർ നടത്തിയ കാര്യങ്ങളെ വിമർശിച്ചുകൊണ്ട് സി.പി.ഐ. ദേശീയ നിർവ്വാഹക സമിതിയംഗം ശ്രീ. പ്രകാശ് ബാബു ഫേസ്ബുക്കിൽ എഴുതിയിട്ടുണ്ട്. അതിലൂടെ ആർ.എസ്.എസ്.-നെ സഹായിക്കുന്നത് ഞങ്ങളല്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. ഇ. ചന്ദ്രശേഖരനെ അടിച്ച ആർ.എസ്.എസ്.-കാർ അദ്ദേഹത്തിന്റെ മൂക്കിന്റെ മുന്നിലൂടെ ഇപ്പോഴും അങ്ങോട്ടും ഇങ്ങോട്ടും നടന്നിട്ടും അവരെ തൊടാൻപോലും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഈ ബഡ്ജറ്റിൽ പോലീസിനെക്കുറിച്ച് ഒരു വാക്കുപോലും പറയാനുള്ള ധൈര്യം ശ്രീ. കെ. എൻ. ബാലഗോപാൽ കാണിക്കാത്തതിൽ എനിക്ക് സന്തോഷമുണ്ട്. പോലീസ് എന്നൊരു വിഭാഗമേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പോലീസിനെക്കൊണ്ട് ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിയ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണിതെന്ന് ഞങ്ങൾ കരുതുകയാണ്. മാത്രമല്ല മറ്റ് പല സ്ഥലത്തും, വികസിത രാജ്യമായ ബ്രിട്ടനിൽപ്പോലും മൂന്ന് പ്രധാനമന്ത്രിമാർ വന്നുവെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നുണ്ട്. അതിന്റെ അർത്ഥം എന്താണ്; സാമ്പത്തിക നഷ്ടമുണ്ടായിട്ടും ഒരു മുഖ്യമന്ത്രി തന്നെയാണ് ഇവിടെ ഭരിക്കുന്നത് എന്നതിലുള്ള

അദ്ദേഹത്തിന്റെ ഖേദമാണ് ഇവിടെ പ്രകടിപ്പിച്ചത്. അത് വായിച്ചതിനുശേഷമെങ്കിലും കാര്യം മനസ്സിലാകുന്നില്ലെങ്കിൽ ഞങ്ങൾ എന്തു ചെയ്യാനാണ്?

ഈ ബഡ്ജറ്റിൽ Hard Budget Constraints എന്നുപറയുന്ന അപകടകരമായ പദം പ്രയോഗിച്ചിട്ടുണ്ട്. സാമ്പത്തിക അച്ചടക്കമില്ലെന്ന പേരിൽ സാമ്പത്തിക അരാജകത്വം കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഒരു പദമാണിത്. Jonathan A. Rodden, Gunnar S. Eskeland and Jennie Litvack എന്നിവർ എഡിറ്റ് ചെയ്ത Fiscal Decentralization and the Challenge of Hard Budget Constraints എന്ന പുസ്തകത്തിൽ fiscal discipline ഇല്ലാത്തതുകൊണ്ടാണ് hard budget constraints ഉണ്ടാകുന്നതെന്ന് പറയുന്നുണ്ട്. ഇവിടെ Fiscal discipline ഇല്ലെന്ന് തെളിയിക്കുന്ന നിരവധി കാര്യങ്ങളുണ്ട്. Expenditure Review Report മേശപ്പുറത്ത് വച്ചിട്ടില്ല; പക്ഷെ ടി റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. IGST (Integrated Good and Services Tax)-യുടെ റിട്ടേണിന്റെ ഘടനാപരമായ പരിഷ്കാരത്തിൽ വന്നിട്ടുള്ള പ്രശ്നംകൊണ്ട് ഒരു വർഷം 5000 കോടി രൂപവച്ച് അഞ്ച് വർഷംകൊണ്ട് 25000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് Expenditure Review Report-ൽ പറയുന്നുണ്ട്. IGST റിട്ടേൺ ഫയൽ

ചെയ്യുന്നതിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് tax return form-ൽ മാറ്റം വരുത്തേണ്ടതുണ്ട്. അതിന് ജി.എസ്.ടി. കൗൺസിൽ മുമ്പാകെപോയി വാദിക്കണം. Fiscal discipline ഇല്ലാതെ ജി.എസ്.ടി.-യുടെ പേരിൽ നമുക്ക് വന്നിട്ടുള്ള നഷ്ടത്തിന് വേറെ ആരെയും ഉത്തരവാദികളാക്കിയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി. കൗൺസിലിൽ ആവേശത്തോടെ പ്രസംഗിക്കുന്നതുകേട്ട് ഞങ്ങൾക്ക് ഉൾപ്പുളകം തോന്നിയിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് ജി.എസ്.ടി. ഇനത്തിൽ നമുക്ക് 30 ശതമാനം തുക ലഭിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ പണം വന്ന് നിറയുമെന്ന് ഞങ്ങൾ സ്വപ്നംകണ്ടിരുന്നു; ഇപ്പോൾ നോക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനത്തിന് കിട്ടേണ്ട പണംപോലും ലഭിക്കുന്നില്ല. പഞ്ചാബിൽ ഉണ്ടാക്കുന്ന സാധനത്തിന്റെ ഉപഭോക്താക്കൾ നമ്മളാണെങ്കിൽ അതിന്റെ 50 ശതമാനം തുക നമുക്കുള്ളതാണ്; അത് വാങ്ങിയെടുക്കാൻപോലും കഴിയാതെ ഇന്ന് ജി.എസ്.ടി.-യുടെ പേരിൽ നമ്മൾ നട്ടം തിരിയുകയാണ് . ചെക്പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള Artificial Intelligence camera നോക്കുകുത്തിയായി മാറിയിരിക്കുന്നു. വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് റീഡിംഗിന് ക്യാമറ വാങ്ങിയിട്ട് ഒരു കാര്യവുമുണ്ടായിട്ടില്ല.

സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ നയം സ്വീകരിക്കണോ എന്നാലോചിച്ച് നാല് വർഷം കാത്തിരുന്നു. ഇതിന്റെയൊക്കെ പേരിൽ വന്നിട്ടുള്ള നഷ്ടങ്ങൾ ചില്ലറയല്ല. ഈ നഷ്ടം ആരുടെ കയ്യിൽ നിന്നും പിടിക്കാനാണ് ഉദ്ദേശിക്കുന്നത്? ഇതൊക്കെ പാവപ്പെട്ട ജനങ്ങളിൽ നിന്നാണ് പിടിച്ചെടുക്കുന്നത്. എന്ത് വന്നാലും (പ്രളയം, കോവിഡ് തുടങ്ങിയവ) പാവപ്പെട്ട ജനങ്ങളുടെ കീശയിൽ കയ്യിടുന്നത് എന്തിനാണ്; നിങ്ങളല്ലേ ഒരു കാലത്ത് സാലറി ചലഞ്ച് കൊണ്ടുവന്നത്; ഏതെങ്കിലും ഒരു കാര്യം വന്നാൽ ഉടനെ സെസ് ചുമത്തുകയാണ്. ഇപ്പോൾ കള്ളുകുടിയന്മാർക്ക് പറയാൻ ഒരു ന്യായം കിട്ടിയിരിക്കുകയാണ്. കള്ളുകുടിയന്മാർ വീട്ടിൽ ചെല്ലുമ്പോൾ നിങ്ങൾ മൂക്കറ്റം കുടിച്ചിട്ടില്ലേ എന്ന് ചോദിച്ചാൽ സാമൂഹ്യ സുരക്ഷാ പെൻഷനുവേണ്ടി കുടിച്ചുകൊണ്ടിരിക്കുകയാണെന്നാണ് മറുപടി. എന്ത് ചെയ്യാൻ സാധിക്കും? ഞങ്ങൾ ശ്രീ. കെ. എൻ. ബാലഗോപാലിനെ എണ്ണ തേയ്പ്പിക്കാൻ കാത്തിരുന്നപ്പോൾ അദ്ദേഹം ഞങ്ങളെ പെട്രോൾ തേച്ച് കുളിപ്പിച്ച് കിടത്തിയിരിക്കുകയാണ്. എല്ലാറ്റിനും സെസ് ചുമത്തുകയാണ്. സാധാരണക്കാരനല്ലേ സെസിന്റെ പ്രശ്നം വരുന്നത്?

ലൈഫ് പദ്ധതിപ്രകാരം 4 ലക്ഷം രൂപയ്ക്ക് ഒരു വീട് പൂർത്തീകരിക്കാൻ സാധിക്കുമോ? കല്ലിനും സിമെന്റിനും വില വർദ്ധിച്ചു. വീട് നിർമ്മാണത്തിനുള്ള നാല് ലക്ഷം രൂപയെന്നത് അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ വില വർദ്ധിപ്പിക്കുമ്പോൾ, ലൈഫ് പദ്ധതിക്കുവേണ്ടി പ്രത്യേകം കല്ലോ സിമന്റോ വരുമോ? ഇതൊക്കെ കാണുമ്പോൾ ലൈഫ് പദ്ധതിപോലും നടപ്പാക്കാൻ പാടില്ലെന്നതാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ ലക്ഷ്യമെന്ന് ഞങ്ങൾക്ക് തോന്നിപ്പോകുകയാണ്. എന്നാൽ ഇവിടത്തെ പണക്കാർക്കോ നേതാക്കൾക്കോ പ്രശ്നമില്ല. പശുവിന് റോക്ക് മ്യൂസിക് കേൾക്കുന്നതിനുള്ള സൗകര്യവും എ.സി.-യും ലിഫ്റ്റും ഏർപ്പെടുത്തുന്നുണ്ട്. കേരള സംസ്ഥാന യുവജനകമ്മീഷൻ അദ്ധ്യക്ഷ ശ്രീമതി ചിന്ത ജെറോമിന് കുടിശ്ശിക കൊടുക്കുന്നതിന് പണമുണ്ട്. അവർ ഇത്രയുംകാലം റിസോർട്ടിലാണ് താമസിച്ചുകൊണ്ടിരുന്നത്. ആ റിസോർട്ടിന് 50 ലക്ഷം രൂപ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞു. നിങ്ങൾ വിദേശ യാത്രകൾക്കുവേണ്ടി പണം ചെലവഴിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, പോയിന്റ് ഓഫ് ഓർഡർ, സഭയിൽ ഇല്ലാത്ത ആളെക്കുറിച്ചുള്ള പരാമർശം രേഖയിലുണ്ടാകാൻ പാടില്ല.

ഡോ. എം. കെ. മുനീർ: സർ, ഒരു പോയിന്റുമില്ലാതെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതെന്തിനാണ്; റൂൾസ് ഓഫ് പ്രൊസീഡ്യുവർ എടുത്തുനോക്കണ്ടേ? ഈ സർക്കാർ പാവപ്പെട്ടവനെ പിഴിയുകയാണ്. പ്രൊഫ. കെ. വി. തോമസ് അഞ്ച് ലക്ഷത്തിന്റെ വീട് കിട്ടുമോ എന്ന് നോക്കി നടക്കുകയാണ്. അദ്ദേഹം ക്യാബിനറ്റ് റാങ്ക് എന്ന് കേട്ടപ്പോൾ ഓടിയതാണ്; പക്ഷേ എത്തിയത് കേരള ഹൗസിലായിപ്പോയി. ശ്രീ. മൻമോഹൻസിംഗിന്റെ കൂടെ പ്രവർത്തിച്ചിരുന്ന പ്രൊഫ. കെ. വി. തോമസ് ക്യാബിനറ്റ് എന്ന പദം കേട്ടപ്പോൾ അങ്ങോട്ടേയ്ക്ക് ചാടിയതാണ്. ആ ക്യാബിനറ്റും ഈ ക്യാബിനറ്റും തമ്മിൽ അജഗജാന്തരമുണ്ട്. പക്ഷേ അദ്ദേഹത്തിനുവേണ്ടി ഈ ഗവൺമെന്റ് പൈസ കൊടുക്കാൻ പോകുകയാണ്. ദേശീയ രാഷ്ട്രീയത്തിൽ കേന്ദ്രത്തിനെ എതിർക്കുന്നതിൽ ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ആർ.എസ്.എസ്.-നെ പേടിച്ച് കഴിയുന്നവരല്ല ഞങ്ങൾ. ഇപ്പോഴും ഇന്ത്യയിൽ ഫാസിസം വന്നിട്ടില്ലെന്നാണ് ശ്രീ. എം. എ. ബേബി പറയുന്നത്. അദ്ദേഹത്തിന് നേരം വെളുത്തിട്ടില്ല. നമുക്ക് സ്വതന്ത്രമായി സംസാരിക്കാൻ പറ്റുന്നുണ്ടല്ലോ എന്നാണ് അദ്ദേഹം പറയുന്നത്. എന്നാൽ ശ്രീ. സീതാറാം യെച്ചൂരി ഇന്ത്യയിൽ ഫാസിസം എത്തിയെന്നാണ് പറയുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദൻ

അദ്ദേഹത്തിന്റെ കൂടെയായിരുന്നു. എന്നാൽ ശ്രീ. എം. എ. ബേബിയുള്ളത് ശ്രീ. പ്രകാശ് കാരാട്ടിന്റെ കൂടെയാണ്. ഇന്ത്യയിൽ ഫാസിസം എത്തിയില്ലെങ്കിൽ എന്തിനാണ് ശ്രീകുമാറും ടീസ്റ്റയും സഞ്ജീവ് ഭട്ടും ജയിലിൽ കിടക്കുന്നത്; അവർക്ക് സംസാരിക്കാനുള്ള വഴിയുണ്ടോ? ടെലിവിഷനുകളിൽ സംസാരിക്കാമെന്ന് ശ്രീ. എം. എ. ബേബി പറയുന്നു. ടെലിവിഷനുകളൊക്കെ ഫാസിസ്റ്റുകൾ വാങ്ങിക്കഴിഞ്ഞുവെന്ന സത്യം മനസ്സിലാക്കണ്ടേ? Ramachandra Guha എഴുതിയ പുസ്തകവും Christophe Jaffrelot എഴുതിയ പുസ്തകവും വായിച്ചു നോക്കിയാൽ Dr. Moonje ഇറ്റലിയിൽപോയി മുസോളിനിയുമായി നേരിട്ട് നടത്തിയ ചർച്ചകളിലൂടെ ഉണ്ടായതാണ് ഇവിടത്തെ ആർ.എസ്.എസ്.-ഉം സംഘ്പരിവാറും എന്ന് മനസ്സിലാക്കാൻ ശ്രീ. എം. എ. ബേബിയെപ്പോലെയുള്ളവർക്ക് ഇനിയെങ്കിലും സാധിക്കണം. രണ്ട് കാലിലും മന്തുള്ള നിങ്ങൾ ഒരു കാലിൽ ഉണലുപോലുമില്ലാത്ത ഞങ്ങളെ നോക്കി മന്തുകാലാ എന്ന് വിളിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്? ഇവിടെ സത്യാഗ്രഹമിരിക്കുന്ന സർവ്വശ്രീ. ഷാഫി പറമ്പിൽ, നജീബ് കാന്തപുരം, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ എന്നീ നാല് എം.എൽ.എ.- മാരുടെ ജീവൻ അപകടത്തിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവരുമായി സംസാരിച്ച് അവർക്ക്

എന്താണ് പറയാനുള്ളതെന്ന് കേൾക്കണം. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സത്യാഗ്രഹം കിടക്കുന്ന സമര സഖാക്കളെ അവിടെ പോയി നോക്കാൻപോലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൂട്ടാക്കിയില്ലെങ്കിൽ ഇതിൽനിന്നും എന്താണ് ഉദ്ദേശിക്കുന്നതെന്നുമാത്രം ചോദിച്ചുകൊണ്ട് എല്ലാ അർത്ഥത്തിലും ഞാൻ ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു. എന്റെ മണ്ഡലത്തിലെ ഒരു വിഷയവും പറയാനുള്ള സമയം എനിക്ക് ലഭിച്ചില്ല; അത് പറഞ്ഞിട്ട് കാര്യവുമില്ല. ഈ ബഡ്ജറ്റ് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ശക്തിയായി പിന്താങ്ങുകയാണ്. മുങ്ങിക്കയറാൻ കഴിയാത്ത മന്ത്രിയാണ് ധനകാര്യ വകുപ്പുമന്ത്രിയെന്ന് പറഞ്ഞുകൊണ്ടാണ് ഡോ. എം. കെ. മുനീർ ഇവിടെ സംസാരിച്ച് തുടങ്ങിയത്. മുൻഗണനാക്രമത്തിൽ വിഭവ ലഭ്യതയ്ക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ചെയ്യുകയാണ് പ്രധാനം; അത്തരത്തിലൊന്നല്ലേ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് എന്നാണ് എനിക്ക് ഡോ. എം. കെ. മുനീറിനോട് ചോദിക്കാനുള്ളത്. ഈ ബഡ്ജറ്റിനെക്കുറിച്ച് എല്ലാവരും സംസാരിച്ചു.

സംസ്ഥാനത്ത് അവതരിപ്പിച്ച ബഡ്ജറ്റിന്റെ വരുമാനം 1,35,419 കോടിരൂപയും ചെലവ് 1,76,089 കോടിരൂപയുമാണ്. സ്വാഭാവികമായും വരവ് കുറവും ചെലവ് കൂടുതലുമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശമ്പളത്തിനും പെൻഷനും മറ്റ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പണം കണ്ടെത്തേണ്ടതുണ്ട്. വരുമാനത്തിൽ കവിഞ്ഞ ഈ ചെലവുകൾ നിർവ്വഹിച്ച് വികസനം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്കാണ് ഈ ബഡ്ജറ്റ് പ്രധാനമായും ഊന്നൽ നൽകുന്നത്. ഇപ്പോൾ നികുതിപിരിവ് പൂർണ്ണമായും കേന്ദ്രത്തിന്റെ അധികാരപരിധിയിലാണ്. സംസ്ഥാനങ്ങൾക്ക് നികുതി പിരിക്കാനുള്ള നാമമാത്രമായ അധികാരമാണുള്ളത്. കേന്ദ്രം പിരിക്കുന്ന നികുതിയിൽനിന്ന് ജനസംഖ്യാനുപാതികമായി കേരളത്തിന് അനുവദിക്കേണ്ട വിഹിതം നൽകുന്നില്ല. കേന്ദ്ര സർക്കാരിനെപ്പോലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻ സംസ്ഥാനങ്ങൾക്ക് സാധിക്കുന്നില്ല. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന വിഹിതത്തോടൊപ്പം സംസ്ഥാനത്തിന് ജനങ്ങളിൽനിന്നും നേരിട്ട് നികുതി പിരിക്കാൻ കഴിയണം. അത്തരത്തിലല്ലാതെ സംസ്ഥാനത്തെ ജനങ്ങളുടെ വികസന, ക്ഷേമ ആവശ്യങ്ങൾ എങ്ങനെയാണ് നിറവേറ്റാൻ സാധിക്കുന്നത്? ഇതിനായി പ്രത്യേക മാജിക്

എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞുതന്നാൽ നന്നായിരുന്നു. ഏത് നികുതിയും ജനങ്ങളിൽ കുറച്ചുപേർക്കെങ്കിലും എന്തെങ്കിലും പ്രയാസങ്ങൾ സൃഷ്ടിക്കാറുണ്ട്. ആർക്കും ഒരു പ്രയാസവുമുണ്ടാക്കാത്ത രീതിയിലുള്ള ഒരു നികുതിയും ഉണ്ടാകാറില്ല. സർക്കാർ ജനങ്ങളിൽനിന്ന് വേറിട്ടുനിൽക്കുന്ന ഒരു സംവിധാനമല്ല, മറിച്ച് ജനങ്ങളുടെ ഭാഗമാണ് . പക്ഷേ ബഡ്ജറ്റ് വന്നതിന്റെ തൊട്ടടുത്ത ദിവസം ജനങ്ങളെ എങ്ങനെ ഇളക്കാമെന്നാണ് ഒരു മലയാള ദിനപത്രം ശ്രദ്ധിച്ചത്. ആ പത്രത്തിന്റെ പ്രധാന ഹെഡ്‌ലൈൻ "അടിയോടടി അയ്യോ!" എന്ന് വലിയ അക്ഷരത്തിൽ അച്ചുനിരത്തിയതിനുശേഷം "ഭരിക്കണം പക്ഷെ ഭാരമാകരുത്" എന്നൊരു എഡിറ്റോറിയലും എഴുതി. ഉപദേശത്തിന് നന്ദി. ചാനലുകാർ ഇതുകേട്ട് നാടുമുഴുവൻ ഓടിനടന്ന് പലരെയും ഇന്റർവ്യൂ നടത്തി. പക്ഷേ അത് നേരിട്ടുള്ള സംപ്രേക്ഷണമായതിനാൽ കാര്യങ്ങളൊന്നും മറയ്ക്കാൻ സാധിച്ചില്ല. അതിൽ സംസാരിച്ചത് സി.ഐ.ടി.യു.-കാരാണെന്നാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അവിടെയിരുന്ന് പറഞ്ഞത്. അവരുടെ പേരൊന്നും അതിൽ കണ്ടില്ല. പാവപ്പെട്ട ഒരു ഓട്ടോറിക്ഷാ ഡ്രൈവറും നിരത്തുവഴി സഞ്ചരിക്കുന്ന ആളുകളുമാണ് അതിൽ സംസാരിച്ചത്. പാവപ്പെട്ടവരെല്ലാം സി.ഐ.ടി.യു.-കാരാണെന്ന കൺസെപ്റ്റാണെങ്കിൽ

ഞാനതിനെ അംഗീകരിക്കുന്നു. ജനങ്ങൾ ബഡ്ജറ്റിനെ സ്വീകരിക്കുന്ന സാഹചര്യമാണുള്ളത്. ഷവർമ്മ കഴിച്ച് ഒരാൾ മരണപ്പെട്ടതിന്റെ അടുത്തദിവസം രാവിലെ ഈ പത്രത്തിൽ, "ഇനിയെത്ര ജീവൻ വേണം സർക്കാരേ" എന്ന് ഹെഡ്‌ലൈൻ കൊടുത്ത് അച്ചടിച്ചുവന്നു. എലിവിഷം പോലുള്ള വിഷം കഴിച്ചാണ് ആൾ മരണപ്പെട്ടതെന്ന് പിന്നീട് പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നപ്പോൾ മനസ്സിലായി. എത്ര മോശമായ വാർത്തയാണ് ദിനപത്രങ്ങൾ നൽകുന്നത്. ഇടക്കാലത്ത് "നകരതുല്യമീ ജീവിതം" എന്നൊരു ലേഖനം അച്ചടിച്ചുവരുകയുണ്ടായി. അതങ്ങനെയല്ലെന്ന് പിന്നീട് മനസ്സിലായി. ഒരു സാമുദായിക നേതാവ് ഒരു ചാനലുകാരനോട് പറഞ്ഞകാര്യം ഞാൻ ഈ അവസരത്തിൽ പറയുന്നില്ലെങ്കിലും അതിലുള്ള പദപ്രയോഗം വേണ്ടിവരുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. നിങ്ങൾക്ക് ജനങ്ങളെ മനസ്സിലാകുന്നില്ല. അവർക്ക് കാര്യങ്ങൾ നന്നായി അറിയാം. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ അത് കൃത്യമായി മനസ്സിലായതാണ്. ഇവിടെ ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ കേന്ദ്രത്തിൽനിന്നും ധനകാര്യ വകുപ്പുമന്ത്രി പ്രതീക്ഷിക്കുകയാണെന്നും ഇങ്ങനെ ഓരോ കാര്യങ്ങളിലും പ്രതീക്ഷിക്കുകയാണെന്നും സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ പ്രതീക്ഷിക്കണ്ടേ; ആരുടെയെങ്കിലും കുടുംബസ്വത്തിൽ നിന്നെടുത്താണോ

നമുക്ക് തരേണ്ടത്? ന്യായമായി കേരളത്തിന് ലഭിക്കേണ്ട വിഹിതം കൃത്യമായി തരണം. മുസ്ലീംലീഗുകാർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമുണ്ട്, ബഡ്ജറ്റുമായി ബന്ധപ്പെട്ട് നിങ്ങൾ അന്ധമായി സംസാരിക്കുകയാണ്. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സ്കോളർഷിപ്പ് ഇനത്തിൽ 87 ശതമാനവും മദ്രസ ന്യൂനപക്ഷ സ്ഥാപന ഫണ്ടിൽനിന്നും 93 ശതമാനവും വെട്ടിക്കുറയ്ക്കുകയുണ്ടായി. ആ ബഡ്ജറ്റിനെതിരെ മുസ്ലീംലീഗുകാർ ഒരക്ഷരം സംസാരിച്ചില്ല. ന്യൂനപക്ഷ മന്ത്രാലയത്തിന്റെ ആകെ വിഹിതം 38 ശതമാനമായി ചുരുക്കി. ന്യൂനപക്ഷ വിഭാഗങ്ങളിൽനിന്നും പ്രൊഫഷണൽ ടെക്നിക്കൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിരുന്ന 365 കോടി രൂപ 44 കോടി രൂപയായി കുറച്ചു. മദ്രസകൾക്കും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വകയിരുത്തിയിരുന്ന കേന്ദ്ര സഹായം 160 കോടി രൂപയിൽനിന്നും 10 കോടി രൂപയാക്കി കുറച്ചു. അപ്പോഴും ഡോ. എം. കെ. മുനീറിന് ഇതിനെക്കുറിച്ച് ഒന്നും പറയാനില്ല. സി.പി.ഐ.(എം) ഇവിടെ ആർ.എസ്.എസ്.-കാരെ സഹായിക്കുകയാണെന്ന് പറയുകയുണ്ടായി. ഇവിടെ സി.പി.ഐ.(എം)-യുടെ ഒരു നേതാവ് പറഞ്ഞ കാര്യത്തെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. ശ്രീ. കാനം രാജേന്ദ്രൻ

പറയുന്നത് വിശ്വസിച്ചാൽപോരെ, വേറെ ആരെങ്കിലും പറയുന്നത് വിശ്വസിക്കേണ്ട കാര്യമുണ്ടോ എന്ന് നിങ്ങൾ പരിശോധിക്കണം. ഞാൻ തിരുവനന്തപുരത്തുകാരനാണ്. ഒട്ടേറെ ബുദ്ധിമുട്ടുകൾക്കും പ്രയാസങ്ങൾക്കുമിടയിലും ഈ ബഡ്ജറ്റ് തലസ്ഥാനത്തിന് കൈനിറയെ സഹായങ്ങൾ നൽകി, അതെല്ലാം പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട കോറിഡോറിന് 1000 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ആർ.സി.സി.-യെ സംസ്ഥാന കാൻസർ സെന്ററാക്കുന്നതിന്, നഗരത്തിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട്, സയൻസ് പാർക്ക്, ഹൈഡ്രജൻ ഹബ്ബ്, നിഷ്, ടൂറിസം പദ്ധതി എന്നിവയ്ക്കുള്ള സഹായം തുടങ്ങി തിരുവനന്തപുരത്തെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾക്കെല്ലാം തുക നീക്കിവച്ചിട്ടുണ്ട്. കരമന-കളിയിക്കാവിള റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പകുതിഭാഗം പൂർത്തിയായിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിനുവേണ്ടി പെട്രോളിന്റെ സെസ് 2 രൂപകൂടി വർദ്ധിപ്പിച്ചു. പ്രതിപക്ഷാംഗങ്ങൾ അവരവരുടെ മണ്ഡലങ്ങളിൽപോയി നോക്കണം. പെൻഷനായി ലഭിക്കുന്ന 1600 രൂപ നോക്കിയിരിക്കുന്ന

നിരവധി പാവപ്പെട്ടവരുണ്ടെന്നും ഗുളിക വാങ്ങാനും രാവിലെയും വൈകുന്നേരവും പുറത്തിറങ്ങുമ്പോൾ ചായ കുടിക്കാനും പേരക്കുട്ടിക്ക് ബിസ്കറ്റ് വാങ്ങാനുമൊക്കെ പണം കണ്ടെത്തുന്നത് ഇതിൽനിന്നാണെന്നും നിങ്ങൾ മനസ്സിലാക്കണം. ഇത് നൽകാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കില്ല. ഇതിനായി സോഷ്യൽ സെക്യൂരിറ്റി ഫണ്ട് എടുക്കാൻ പാടില്ല, ഖജനാവിൽ പണമുണ്ടെങ്കിൽ പെൻഷൻ കൊടുത്താൽമതിയെന്നാണ് പറയുന്നത്. പ്രതിപക്ഷത്തിന്റെ അഭിപ്രായം 'പെൻഷൻ കൊടുക്കരുത്, ആളുകൾ മുഴുവൻ ഭരണപക്ഷത്തിന് എതിരാകണം' എന്നാണ്. ആ തുക നൽകാൻവേണ്ടി സെസ് ഏർപ്പെടുത്തി. നിങ്ങൾ മനസ്സിലാക്കേണ്ടത്, കേരളത്തിലാണ് ഏറ്റവും കൂടുതൽ പേർ പെൻഷൻ വാങ്ങുന്നതെന്നാണ്. തമിഴ്നാട്ടിൽ 21 പേരിൽ ഒരാളും കർണ്ണാടകയിൽ 12 പേരിൽ ഒരാൾക്കുമാണ് പെൻഷൻ കൊടുക്കുന്നത്. കേരളത്തിൽ 6 പേരിൽ ഒരാൾക്ക് പെൻഷൻ കൊടുക്കുന്നുണ്ട്. പെട്രോളിന്റെ വില സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചു. പെട്രോളിന്റെ വില ഏറ്റവും കൂടുതൽ തെലങ്കാനയിലാണ് ; അവിടെ 111.83 രൂപയാണ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ 108.44 രൂപയും ബി.ജെ.പി. ഭരിക്കുന്ന മഹാരാഷ്ട്രയിലും മധ്യപ്രദേശിലും 108 രൂപയുമാണുള്ളത്. ഇതൊന്നും മനസ്സിലാക്കാതെയാണ് ഇവിടെവന്ന്

സംസാരിക്കുന്നത്. നികുതിയുടെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. നികുതി നിരക്ക് പരിശോധിച്ചാൽ, കേരളത്തിന് 1.9 ശതമാനം, യു.പി.-ക്ക് 18 ശതമാനം, കേരളത്തെക്കാൾ ജനസംഖ്യ കുറഞ്ഞ ഛത്തീസ്ഗഢിന് 3.4 ശതമാനം, ആസ്സാമിന് 3.1 ശതമാനം, ഒഢീഷയ്ക്ക് 4.5 ശതമാനം എന്നിങ്ങനെയാണ്. ഇതെന്ത് ന്യായമാണ്? കേരളത്തിൽ ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്നു. ഭാവിയിൽ എന്നെങ്കിലും കോൺഗ്രസ് ഭരണത്തിൽ വന്നാൽ ഇക്കാര്യങ്ങൾ മനസ്സിലാക്കണ്ടേ? ഇവിടെ നിങ്ങളിൽ നാലുപേർ സത്യാഗ്രഹസമരത്തിലാണ്. ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെയല്ല, അഞ്ചുനേരം ഭക്ഷണം കഴിച്ചുകൊണ്ടാണ് അവരവിടെ കിടക്കുന്നത്. സത്യാഗ്രഹമാണ്, നിരാഹാര സത്യാഗ്രഹമല്ല. എല്ലാ സംവിധാനങ്ങളോടുംകൂടി സുഖലോലുപതയിലാണ് അവരവിടെ സത്യാഗ്രഹം അനുഷ്ഠിക്കുന്നത്. അപ്പോഴാണ് നിങ്ങൾ പുറത്തുനിന്ന് ആളെയിറക്കി മന്ത്രിയുടെ വാഹനം തടയുകയും കറുത്ത കൊടി കാണിക്കുകയും ചെയ്യുന്നതും ഈ നാടുമുഴുവൻ അക്രമങ്ങളിലേയ്ക്ക് പോകുന്നതും. പെട്രോളിനും ഡീസലിനും 50 രൂപ വർദ്ധിപ്പിച്ചപ്പോൾ ഒരു പ്രത്യേക സമരംപോലും രൂപപ്പെടുത്താൻ കഴിയാത്ത പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. കോൺഗ്രസിനെക്കുറിച്ച് പറയാതിരിക്കുന്നതാണ് ഭേദം. കോൺഗ്രസ് പാർട്ടിയുടെ ലീഡർഷിപ്പുതന്നെ

പ്രശ്നമാണ്. I will go with BJP എന്ന് പറഞ്ഞ ആളിനെ കെ.പി.സി.സി. പ്രസിഡന്റാക്കുന്നു. അങ്ങനെയുള്ള ആളിനെ നിങ്ങൾ മണ്ഡലം കോൺഗ്രസ് പ്രസിഡന്റാക്കുമോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെപ്പോലും ആക്ഷേപിച്ച ശ്യാമ പ്രസാദ് മുഖർജിയെന്ന ആർ.എസ്.എസ്.-കാരനെ നിങ്ങൾ ഇപ്പോഴും താലോലിച്ച് കൊണ്ടുനടക്കുന്ന സാഹചര്യമാണുള്ളത്. ഇവിടെ ബി.ബി.സി.-യുടെ ഡോക്യുമെന്ററിയെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. കേരളത്തിലെയും ഇന്ത്യയിലെയും അറിയപ്പെടുന്ന കോൺഗ്രസ് നേതാവിന്റെ മകനായ ശ്രീ. അനിൽ ആന്റണിയുടെ ഉള്ളിലിരിപ്പെന്തായിരുന്നു? ബി.ജെ.പി.-യോട് ചങ്ങാത്തം. 'അയ്യോ മോദിജിയെപ്പറ്റി അങ്ങനെ പറയല്ലേ' എന്നായിരുന്നു. 2002-ലെ ഗുജറാത്ത് കലാപത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട രംഗങ്ങൾ ചിത്രീകരിച്ചുകൊണ്ടും അതിന്റെ പ്രത്യേകതകൾ കാണിച്ചുകൊണ്ടുമുള്ള ബി.ബി.സി.-യുടെ ഡോക്യുമെന്ററിക്കെതിരായ ഒരു കോൺഗ്രസ് നേതാവിന്റെ ശബ്ദമാണ് ഈ നാട് കണ്ടത്, അല്ലെങ്കിൽ കേട്ടതെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെയും അതിന്റെ തലവനായ സഖാവ് പിണറായി വിജയനെയും തകർക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സുകാരെ

സംബന്ധിച്ചിടത്തോളം നിങ്ങളുടെ നേതാക്കന്മാരെ നിങ്ങളുടെ പ്രധാനപ്പെട്ട ആളുകൾക്കുപോലും വിശ്വാസമില്ല. കെ.പി.സി.സി. പ്രസിഡന്റ് കഴിഞ്ഞാൽ, കോൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ആൾ കെ.പി.സി.സി.-യുടെ ട്രഷറർ ആണ്. അത് നല്ല കോൺഗ്രസ്സുകാരനായിരുന്ന, യശ:ശ്ശരീരനായ പ്രതാപ ചന്ദ്രനായിരുന്നു. അദ്ദേഹത്തിന്റെ മക്കൾ കേരള മുഖ്യമന്ത്രിക്ക് ഒരു ഇ-മെയിൽ സന്ദേശമയച്ചു. ആ ഇ-മെയിലിൽ പറയുന്നത് 'എന്റെ അച്ഛൻ ഹൃദയസ്തംഭനംമൂലം മരണപ്പെട്ടു, ഹൃദയ വേദനയോടെ മരണപ്പെട്ടു' എന്നാണ്. എന്താണ് കാരണം? അദ്ദേഹത്തെ ജീവനോടെ കൊല്ലുകയായിരുന്നു. മുഖ്യമന്ത്രിയോടാണ് ഞങ്ങൾക്ക് വിശ്വാസം, കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനോടാണ് ഞങ്ങൾക്ക് വിശ്വാസമെന്ന് അവർ പറഞ്ഞു. ഇപ്പോൾ ഒരു മുൻ മുഖ്യമന്ത്രിയുടെ സഹോദരൻ ഒരു കത്ത് കെ.പി.സി.സി. പ്രസിഡന്റിനോ പ്രതിപക്ഷ നേതാവിനോ അല്ല കൊടുത്തത്, കേരളത്തിന്റെ മുഖ്യമന്ത്രിക്കാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു ചെറിയ പാർട്ടിയാണ്, അത് ഞങ്ങൾ സമ്മതിക്കുന്നു. ഇന്ത്യയിൽ സിംഹത്തെക്കാൾ കൂടുതൽ കഴുതകളാണ്; എണ്ണക്കൂടുതൽകൊണ്ട് കഴുതകളാണ് നല്ലതെന്ന് ആരും പറയില്ലല്ലോ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തിയായി എതിർക്കുന്നു. കൗടില്യൻ, അദ്ദേഹത്തിന്റെ 'അർത്ഥശാസ്ത്ര' എന്ന പുസ്തകത്തിൽ നികുതി പിരിക്കുന്ന ഭരണാധികാരികൾക്ക് ഒരു ഉപദേശം നൽകുന്നുണ്ട്: നിങ്ങൾ നികുതി പിരിക്കുമ്പോൾ തുമ്പി പൂവിൽനിന്നും തേൻ നുകരുന്നതുപോലെ, പൂവറിയാതെവേണം നികുതി പിരിക്കാൻ എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പൂവ് നിൽക്കുന്ന ചെടിതന്നെ പിഴുതെടുത്ത് കാൽച്ചുവട്ടിലിട്ട് ചവിട്ടിയരയ്ക്കുന്ന രംഗമാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നമുക്ക് തോന്നുന്നത്. ഞാൻ 22 വർഷമായി നിയമസഭാംഗമാണ്. ഈ 22 വർഷത്തിനിടയിൽ ഇവിടെ അവതരിപ്പിച്ച എല്ലാ ബഡ്ജറ്റ് ചർച്ചയുടെയും ഭാഗമാകാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഞാൻ എന്റെ നിയമസഭാ അനുഭവംകൊണ്ട് പറയുകയാണ്: ഇത്രമാത്രം പരിതാപകരമായ, ദിശാബോധമില്ലാത്ത, ദീർഘവീക്ഷണമില്ലാത്ത, സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങളെക്കുറിച്ച് വിസ്മരിച്ചുപോയ ഒരു ബഡ്ജറ്റ് കേരള നിയമസഭ ഈ കാലഘട്ടത്തിൽ കണ്ടിട്ടില്ല. എപ്പോഴും ഒരു ബഡ്ജറ്റ് തയ്യാറാക്കുന്നതിനുമുമ്പ് സാമ്പത്തിക-സാമൂഹിക യാഥാർത്ഥ്യങ്ങൾ എന്താണെന്ന് കൃത്യമായി വിലയിരുത്തണമെന്ന് ഞാൻ ഇന്നലെയും

സൂചിപ്പിച്ചിരുന്നു. ഒരു പ്രത്യേക സെക്ടറിലേയ്ക്ക് നികുതി കൊണ്ടുവരുമ്പോൾ, ആ സെക്ടർ എന്താണെന്ന് പഠിക്കണം; ഈ നികുതി നിർദ്ദേശം വന്നാൽ ആ സെക്ടറിന് എന്താണ് സംഭവിക്കാൻ പോകുന്നത്; അതിന്റെ ഇംപാക്ട് എന്തായിരിക്കുമെന്ന് പരിശോധിച്ചുവേണം നടപ്പാക്കേണ്ടത്. ഇങ്ങനെ നികുതി നിർദ്ദേശിക്കാനാണെങ്കിൽ ജനാധിപത്യ വ്യവസ്ഥിതിയുടെ ആവശ്യമില്ല, ഉദ്യോഗസ്ഥരെ ഏൽപ്പിച്ചാൽ മതി അവർ അവരുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളും. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടി ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ...(ബഹളം).... ഞാൻ പറയുന്നത്, ഇതിൽനിന്നും നിങ്ങൾ ലാഭമുണ്ടാക്കുകയില്ല എന്നാണ്. ഞാൻ പറയുന്ന കാര്യങ്ങൾ നിങ്ങൾ എഴുതിവച്ചുകൊള്ളൂ. ഈ ബഡ്ജറ്റ്മൂലം കേരളത്തിന്റെ സമ്പദ്ഘടനതന്നെ derail ചെയ്യപ്പെടും. കാരണം തെറ്റായ മാർഗ്ഗത്തിലൂടെയാണ് നിങ്ങൾ നികുതി നിർദ്ദേശങ്ങളുമായി പോകുന്നത്. ഈ സർക്കാർ ഇത്രയും വലിയ ധനപ്രതിസന്ധിയിലെത്തിയതുകൊണ്ടും സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കേണ്ടതുള്ളതുകൊണ്ടും ഒരുപാട് ബാധ്യതകളുള്ളതുകൊണ്ടുമാണ് നാലായിരം കോടി രൂപയുടെ നികുതി നിർദ്ദേശം നൽകുന്നതെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. കേരളം ഇത്രയും വലിയ ധന

പ്രതിസന്ധിയിലെത്താനുള്ള കാരണമെന്താണ്? ഒന്ന്, കേന്ദ്ര സർക്കാരിന്റെ ഡെവല്യൂഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഞാൻ ഈ പ്രതിസന്ധിയുടെ ഒന്നാമത്തെ കാരണമായി കാണുന്നത് നികുതി പിരിവിലുണ്ടായ ദയനീയ പരാജയമാണ്. മാനുഫാക്ചറിംഗ് പോയിന്റിൽ ടാക്സുണ്ടായിരുന്ന വാറ്റ് സിസ്റ്റം കേരളത്തിന് വളരെ ദോഷകരമായിരുന്നു. കാരണം കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായിരുന്നു. പക്ഷേ വാറ്റ് നിലവിൽവന്നപ്പോൾ കേരളം അന്ന് കോമ്പൻസേഷൻ പീരിയഡിൽ ഒരു സിസ്റ്റം എസ്റ്റാബ്ലിഷ് ചെയ്തിരുന്നു. 2012-13-ൽ 24 ശതമാനമായിരുന്നു ടാക്സിന്റെ വളർച്ച; അതായത് ശരാശരി പതിനാല് ശതമാനം. വാറ്റ് നിലവിലുണ്ടായിരുന്ന കാലത്ത് (പ്രതികൂലമായ വാറ്റ് സിസ്റ്റത്തിൽ) നികുതി നിരക്കിൽ വർദ്ധനവുണ്ടായി. ജി.എസ്.ടി.-യുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം ഇന്ത്യയിൽ നമ്പർ വൺ ആകണമായിരുന്നു. കാരണം കേരളമാണ് ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റ്. കൺസ്യൂമർ പോയിന്റിൽ ടാക്സേഷനുള്ള സിസ്റ്റമാണ് ജി.എസ്.ടി. ഈ സിസ്റ്റം നടപ്പാക്കിയപ്പോൾ ഡോ. ടി. എം. തോമസ് ഐസക് അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അരുൺ ജെയിറ്റ്ലിയുടെ കൂടെനിന്ന് കേരളത്തിനത് ഗുണകരമായിരിക്കുമെന്നും കേരളമായിരിക്കും നമ്പർ വൺ

ബെനിഫിഷ്യറിയെന്നും എല്ലാ വർഷവും 30 ശതമാനത്തിലധികം വർദ്ധനവ് നികുതി വരുമാനത്തിലുണ്ടാകുമെന്നും പറഞ്ഞു. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് എന്താണ്? ശരാശരി ഗ്രോത്ത് റേറ്റ് രണ്ട് ശതമാനമാണ്. ഇന്ത്യയിലെ പത്തൊൻപത് പ്രധാനപ്പെട്ട സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തപ്പോൾ കേരളമാണ് നികുതി പിരിവിൽ ഏറ്റവും അവസാനം നിൽക്കുന്ന സംസ്ഥാനം. ആ നികുതി പിരിക്കുന്ന സംവിധാനം മുഴുവൻ പാളിപ്പോയി. വാറ്റിന്റെ കീഴിലുള്ള നികുതിഭരണ സംവിധാനം മാറ്റി, ജി.എസ്.ടി.-ക്ക് അനുരോധമായ ഒരു ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം റീസ്ട്രക്ചർ ചെയ്യണമെന്ന് ഞാൻതന്നെ അര ഡസൻ തവണയെങ്കിലും ആവശ്യപ്പെട്ടിരുന്നു; അതിന്റെ തെളിവുണ്ട്. എന്നാൽ ഇപ്പോഴാണ് മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ട പ്രഖ്യാപനം നടത്തിയത്; അതും പൂർണ്ണമായൊരു റീസ്ട്രക്ചറിംഗല്ല. അഞ്ചുകൊല്ലം നമുക്കുണ്ടായ നഷ്ടം ആര് സഹിക്കും? ഇന്ത്യയിലെ തൊണ്ണൂറ് ശതമാനം സംസ്ഥാനങ്ങളും റീസ്ട്രക്ചറിംഗ് നടത്തിയിട്ടും കേരളം അതിന് തയ്യാറായില്ല, ഉഴപ്പായിരുന്നു. ഞാൻ അതിനെ ഉഴപ്പെന്നല്ല പറയാൻ പോകുന്നത്; മറിച്ച് കോമ്പൻസേഷൻ ആലസ്യമാണ്. ജി.എസ്.ടി.യിൽ നിന്നുള്ള വരുമാനം 14 ശതമാനത്തിൽ കുറവാണെങ്കിൽ അതിന് കോമ്പൻസേഷൻ കിട്ടുമായിരുന്നു. ഇപ്രകാരം ഇഷ്ടംപോലെ

കേമ്പൻസേഷൻ ലഭിക്കുമെന്നും പിന്നെ എന്തിനാണ് നമ്മൾ ഇത്രയും വലിയ എൻഫോഴ്സമെന്റിന് പോകുന്നതെന്നും ഡോ. ടി. എം. തോമസ് ഐസക് സഭയിൽ പറഞ്ഞിട്ടുണ്ട്. ഒരു ദിവസം കോമ്പൻസേഷൻ പീരിയഡ് അവസാനിക്കുമെന്ന് അന്ന് ഞാൻ പറയുകയുണ്ടായി. കോമ്പൻസേഷൻ പീരിയഡ് എന്തിനാണ് നിശ്ചയിച്ചിട്ടുള്ളത്? കോമ്പൻസേഷൻ പീരിയഡ് പുതിയ ഒരു സിസ്റ്റത്തെ എസ്റ്റാബ്ലിഷ് ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ആ കോമ്പൻസേഷൻ പീരിയഡിലാണ് ജി.എസ്.ടി.-യെ കേരളത്തിന് അനുയോജ്യമായ രീതിയിൽ റീസ്ട്രക്ചർ ചെയ്ത് മാറ്റിയെടുക്കേണ്ടത്. അത് ചെയ്യേണ്ട സമയത്ത് നിങ്ങൾ നന്നായി കിടന്നുറങ്ങി. ആ അനാസ്ഥയാണ് ഇന്ന് കേരളത്തെ ഗൗരവതരമായി ബാധിച്ചിരിക്കുന്നത്. ജി.എസ്.ടി. നടത്തിപ്പിലെ പരാജയമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ജി.എസ്.ടി. രണ്ട് വിധത്തിലുണ്ടെന്ന് നമുക്കറിയാം. ഒന്ന്, എസ്.ജി.എസ്.ടി. (State Goods and Services Tax); അത് സംസ്ഥാനത്തിനകത്ത് നടക്കുന്ന വ്യാപാരങ്ങളിൽനിന്നും സർവ്വീസുകളിൽനിന്നും ലഭിക്കുന്ന ടാക്സാണ്. ഐ.ജി.എസ്.ടി. (Integrated Goods and Services Tax) എന്നുപറയുന്നത് സംസ്ഥാനാന്തര ബിസിനസ് നടക്കുമ്പോൾ ലഭിക്കുന്ന ടാക്സാണ്. ഐ.ജി.എസ്.ടി.-യിൽനിന്നും ലഭിക്കുന്ന ടാക്സ് നേരെ ഐ.ജി.എസ്.ടി.

പൂളിലേയ്ക്കാണ് പോകുന്നത്. അവിടെനിന്നും കേന്ദ്ര ഗവൺമെന്റ് അതിന്റെ ഷെയർ നമുക്ക് തരികയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് ഹരിയാനയിൽനിന്നും ഒരാൾ ഒരു കാർ വാങ്ങുന്നു, ആ കാറിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപയോഗിച്ചുകൊണ്ട് അവിടെ ടാക്സ് കൊടുക്കുന്നു. ആ കാർ ഡീലർ ഇവിടെയുള്ള ഒരു ഡീലർക്ക് വിൽക്കുന്നു. ശരിക്കും പറഞ്ഞാൽ ഇയാളുടെ കണക്ക് അവിടെ വാങ്ങിയ ഐ.ജി.എസ്.ടി. സെറ്റ് ഓഫ് ചെയ്യും. എന്നിട്ട് ഐ.ജി.എസ്.ടി. പൂളിൽനിന്നും നമ്മുടെ സംവിധാനത്തിലേയ്ക്ക് വരും. എന്നാൽ ഈ സംവിധാനം ഇവിടെ നടക്കുന്നില്ല. ഇതുമൂലം ആയിരക്കണക്കിന് കോടിരൂപയുടെ നഷ്ടമാണുണ്ടാകുന്നത്. ഐ.ജി.എസ്.ടി. ഡീൽ ചെയ്യുന്നതിൽ വലിയ പാളിച്ചകൾ സംഭവിച്ചതുകൊണ്ട് കോടാനുകോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ അതുണ്ടെന്നാണ് എന്റെ അറിവ്. ഞങ്ങൾ ഇതിനുമുമ്പും ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഐ.ജി.എസ്.ടി. പിരിച്ചെടുക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റില്ലാത്ത ചില കേസ്സുകളുണ്ട്, അതിൽ രജിസ്ട്രേഷനുണ്ടാകില്ല. അവർ സാധനങ്ങൾ കൊണ്ടുവന്ന് നമ്മുടെ സംസ്ഥാനത്ത് വിൽക്കുമ്പോൾ വില്പന ഡിക്ലയർ ചെയ്യുന്നില്ല. വില്പന

ഡിക്ലയർ ചെയ്താൽ മാത്രമെ ശരിയായി ഐ.ജി.എസ്.ടി. വാങ്ങാൻ കഴിയുകയുള്ളൂ. വില്പന ഡിക്ലയർ ചെയ്യാത്തതിനാൽ ഐ.ജി.എസ്.ടി. വാങ്ങാൻ സാധിക്കുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ഇതിലൂടെ അയ്യായിരം കോടിരൂപയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. നമ്മുടെ സിസ്റ്റത്തിലുണ്ടായ പരാജയം കാരണം ഐ.ജി.എസ്.ടി. പൂളിലുള്ള പണം വാങ്ങിയെടുക്കാൻ കഴിഞ്ഞില്ല. പിന്നെ ബിസിനസ് ടു കസ്റ്റമർ സംവിധാനമുണ്ട്. ഇപ്പോൾ ചെക്ക്പോസ്റ്റ് ഇല്ലാതായിരിക്കുന്നതു കാരണം ആറ് കോടിരൂപയുടെ ക്യാമറകൾ ചെക്ക്പോസ്റ്റുകളിൽ തകർന്നു തരിപ്പണമായി കിടക്കുകയാണ്. ഇത്രമാത്രം കള്ളക്കച്ചവടം നടക്കുന്ന ഒരു കാലം കേരളത്തിലുണ്ടായിട്ടില്ല. ഇരുപത്തിയെട്ട് ശതമാനം ടാക്സുള്ള ഐറ്റംസ് വരെ കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും കൊണ്ടുവന്ന് കേരളത്തിൽ വിൽക്കുകയാണ്. ഞാൻ ഇതിനുമുമ്പും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഇതുമൂലം നമുക്ക് രണ്ട് അപകടങ്ങളുണ്ട്. ഒന്ന്, സംസ്ഥാന ഗവൺമെന്റിനുള്ള ടാക്സ് നഷ്ടപ്പെടും. രണ്ട്, വാടകയും ഇലക്ട്രിസിറ്റി ചാർജ്ജും വാട്ടർ ചാർജ്ജും കൊടുത്ത് എംപ്ലോയീസിനെ വച്ച് സ്ഥാപനം നടത്തുന്ന genuine tax payers-ന് കട അടച്ചുപൂട്ടേണ്ടി വരും. കാരണം അയാളുടെ കടയിൽനിന്ന് സാധാനങ്ങൾ

വാങ്ങാൻ ആരും വരില്ല; ടാക്സ് കൊടുക്കാതെ സാധനം പുറത്തുകിട്ടുന്നതിനാൽ അവിടെനിന്നും വാങ്ങുന്ന സ്ഥിതിവിശേഷമുണ്ടാകും. Genuine tax payer-നെ സംരക്ഷിക്കാനുള്ള ബാധ്യത സംസ്ഥാന സർക്കാരിനുണ്ട്. കാരണം genuine tax payers ഫെയിലായാൽ നാളെ വരാനിരിക്കുന്ന നമ്മുടെ വരുമാനം ഇല്ലാതാകും. ഈ കള്ളക്കച്ചവടത്തിന് എന്ത് സർവെയലൻസാണുള്ളത്; എന്ത് സംവിധാനമാണ് സംസ്ഥാനത്തുള്ളത്? സെൻട്രൽ ജി.എസ്.ടി.-ക്കുള്ള അതേ അധികാരങ്ങൾ സ്റ്റേറ്റ് ജി.എസ്.ടി.-ക്കുമുണ്ടെന്ന് നിയമത്തിലുണ്ട്. ടാക്സ് ഇല്ലാതെ കോടാനുകോടി രൂപയുടെ കച്ചവടം കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഞാൻ അതിനൊരു ഉദാഹരണം പറയാം. ഒരു സാമ്പത്തിക ശാസ്ത്രജ്ഞ പറഞ്ഞത് സ്വർണ്ണത്തിൽനിന്ന് മാത്രം പതിനയ്യായിരം കോടിരൂപയുടെ ടാക്സ് കേരളത്തിൽനിന്നും കിട്ടുമെന്നാണ്. വേൾഡ് ഗോൾഡ് കൗൺസിൽ പറയുന്നത് ലോകത്തിൽതന്നെ ഏറ്റവും കൂടുതൽ സ്വർണ്ണം വാങ്ങുന്നത് കേരളത്തിലാണെന്നാണ്. ഒരു മലയാളിയുടെ per capita expenditure per month ഇരുന്നൂറ്റിയെട്ടുരൂപയാണ്. തൊട്ടടുത്തു നിൽക്കുന്ന തമിഴ്നാട്ടിൽ നാൽപ്പത്തിനാല് രൂപയേയുള്ളൂ. അത്രമാത്രം സ്വർണ്ണം വാങ്ങുന്ന സംസ്ഥാനമാണ് കേരളം. VAT (Value-added tax) നിലവിലുണ്ടായിരുന്ന

സമയത്ത് ടാക്സ് ഇനത്തിൽ നമുക്ക് ഏറ്റവും അവസാനം 750 കോടിരൂപ ലഭിച്ചിരുന്നു. VAT rate 1.25 ആയിരുന്നു. സംയുക്ത ഘടന (compounding structure) ആയിരുന്നു VAT പ്രകാരമുള്ള സ്വർണ്ണത്തിനുണ്ടായിരുന്നത്. ജി.എസ്.ടി.-യിൽ അത് മൂന്നുശതമാനമായി. അപ്പോൾ ടാക്സ് ഇരട്ടിയിലധികം ആകേണ്ടതല്ലേ; 2021-2022-ൽ സ്വർണ്ണത്തിന്റെ ടാക്സ് ഇനത്തിൽ ലഭിച്ചിരുന്ന 343 കോടിരൂപ എവിടെപ്പോയി? മാത്രമല്ല VAT ഉണ്ടായിരുന്ന കാലത്ത് ഒരു ഗ്രാം സ്വർണ്ണത്തിന്റെ വില 2,500 രൂപയായിരുന്നു. ഇപ്പോൾ ഒരു ഗ്രാം സ്വർണ്ണത്തിന്റെ വില 5,200 രൂപയാണ്. അതായത് ടോട്ടൽ തുക ഇരട്ടിയായി. അതിനാനുപാതികമായി ടാക്സും ഇരട്ടിയാകണ്ടേ? പതിനയ്യായിരം കോടി രൂപ എന്നൊന്നും ഞാൻ പറയുന്നില്ല, യഥാർത്ഥത്തിൽ സ്വർണ്ണത്തിന് അയ്യായിരം കോടിരൂപയ്ക്കും പതിനായിരം കോടിരൂപയ്ക്കും ഇടയിൽ ടാക്സ് കളക്ട് ചെയ്യാൻ സാധിക്കുമായിരുന്നു. ഇപ്പോൾ കല്ല്യാണം തീരുമാനിച്ചുകഴിഞ്ഞാൽ ഉടനെ എത്ര പവനാണ് കൊടുക്കുന്നതെന്നും ചോദിച്ച് briefcase-ഉം ആയി ആളുകൾ വീട്ടിൽ വരികയാണ്. നൂറ് പവൻ എന്നുപറയുമ്പോൾ നൂറ് പവൻ ഞങ്ങൾ തരാം, നല്ല സ്വർണ്ണമാണ്, ഒരു കുഴപ്പവുമില്ല, ടാക്സ് കൊടുക്കേണ്ട എന്നുപറയുമ്പോൾ

ആളുകൾ അവരുടെ കയ്യിൽനിന്നും വാങ്ങുകയാണ്. യഥാർത്ഥ കടകളിൽനിന്നല്ല ആളുകൾ ഇപ്പോൾ സ്വർണ്ണം വാങ്ങുന്നത്. വീടുകൾ വാടകയ്ക്കെടുത്ത് സ്വർണ്ണം പണിയിച്ച് കൊടുക്കുകയാണ്. ജി.എസ്.ടി. വകുപ്പ് ഇത് അറിയുന്നുണ്ടോ; വ്യാപകമായി സ്വർണ്ണത്തിന്റെ കള്ളക്കച്ചവടമാണ് നടക്കുന്നത്. പണ്ടുണ്ടായിരുന്ന വരുമാനത്തിന്റെ പത്തിരട്ടി വരുമാനം ഉണ്ടാകേണ്ട സമയത്ത് സ്വർണ്ണത്തിന്റെ വരുമാനം എവിടെ പോയെന്ന് അന്വേഷിക്കാൻ ഒരു സംവിധാനവുമില്ലാത്ത അരാജകത്വമാണോ കേരളത്തിന്റെ നികുതി രംഗത്തിലുണ്ടായത്, അത് പറയേണ്ട കാര്യമല്ലേ?

ബാറുകളുടെ ടേൺ ഓവർ ടാക്സ് പത്ത് ശതമാനമാണ്. അവർ ബിവറേജസിൽനിന്ന് വാങ്ങുന്നത്, ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ്-അൺ ലോഡിംഗ് ചാർജ്, വില്പന ഇതെല്ലാംകൂടി കഴിഞ്ഞിട്ട് പത്ത് ശതമാനമാണ് ടേൺ ഓവർ ടാക്സ്. 2019-2020-ൽ കിട്ടിയത് 603 കോടിരൂപയാണ്. യഥാർത്ഥത്തിൽ ഇത്രയും കിട്ടിയാൽ പോരാ. 2021-2022-ൽ കിട്ടിയത് 107 കോടിരൂപയാണ്. ടേൺ ഓവർ ടാക്സ് 107 കോടിരൂപ ആയതെങ്ങനെയാണ്? ബാറിൽ കച്ചവടം കുറഞ്ഞോ; ബാറുകളുടെ എണ്ണം കൂടുകയല്ലേ ചെയ്തത്. ബാറിന്റെ എണ്ണം കൂടിയിട്ടും ടേൺ ഓവർ ടാക്സ്

കുത്തനെ താഴോട്ടുവരികയാണ്. പരിശോധനയില്ലാത്തതാണ് കാരണം. ബാറുകളിൽപോയി അവർ കൊടുക്കുന്ന പെഗ്ഗിന്റെ അളവുവച്ച് റിട്ടേൺ കൊടുക്കുന്നുണ്ടോ എന്നുപോലും പരിശോധിക്കാനുള്ള സംവിധാനം ഇവിടെ ഇല്ല. പ്രോപ്പറായി റിട്ടേൺ കൊടുക്കാത്ത എത്രയോ ബാറുടമകളുണ്ട്. റിട്ടേൺ കൊടുക്കുന്നവരും നന്നായി ബിസിനസ്സ് ചെയ്യുന്നവരും കൃത്യമായി ടാക്സ് അടയ്ക്കുന്നവരുമുണ്ട്. എന്നാൽ ടാക്സ് കുറഞ്ഞുവരുന്നതിനുള്ള കാരണമെന്താണ്? ഈ സിസ്റ്റം പരിശോധിക്കാനുള്ള സംവിധാനമില്ല. അങ്ങനെയാകുമ്പോൾ നികുതി വെട്ടിക്കാനുള്ള tendency കൂടും. ടാക്സ് വെട്ടിക്കുമ്പോൾ കണ്ടുപിടിക്കപ്പെട്ടുമെന്ന് കണ്ടാൽ പരമാവധി അടയ്ക്കാൻ നോക്കും; പിടിക്കില്ലെന്നു കണ്ടാൽ നികുതി വെട്ടിപ്പിനുള്ള സാധ്യത വർദ്ധിക്കും. അതിനാലാണ് ടാക്സ് നേരെ കുത്തനെ താഴേയ്ക്കുപോയത്. ആളുകൾ മദ്യപാനം കുറച്ചോ; ബിവറേജസ് കോർപ്പറേഷന്റെ ഷെയർ നമ്മുടെ ടാക്സ് ഇനത്തിൽ കൂടിക്കൊണ്ടിരിക്കുകയാണല്ലോ; ആ ബിവറേജസ് കോർപ്പറേഷനിൽ നിന്നുതന്നെയാണ് ബാർ നടത്തിപ്പുകാർ സാധനം വാങ്ങുന്നത്. കള്ളിന്റെ/ലിക്വറിന്റെ കൺസംപ്ഷനിൽ ഒരു കുറവുമില്ല; പക്ഷേ ടാക്സ് കുറയുന്നു. ഗവൺമെന്റ് അതിന് ഉത്തരം പറയണം. അത് സർക്കാരിന്റെ പരാജയമാണ്.

കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് എല്ലാവരും ഒരേ കാര്യമാണ് പറഞ്ഞത്. സംസ്ഥാനത്തിനുള്ള നികുതി വിഹിതം 1.95 ശതമാനമായി എന്നാണ് പറയുന്നത്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ ബി.ജെ.പി. ഇതര സ്റ്റേറ്റുകളിൽ ഫിനാൻസ് കമ്മീഷന്റെ അവാർഡിൽ കുറവ് വന്നിട്ടുണ്ട്. കോൺഗ്രസ്സ് അതിനെ ദേശീയതലത്തിൽ ശക്തമായി എതിർക്കുന്നുണ്ട്. കേരളത്തിന് കുറവ് വന്നിട്ടുണ്ട്. 2014-ൽ 2.5 ആയിരുന്നത് ഇപ്പോൾ 1.95 ശതമാനമാണ്. ഞങ്ങൾ സമരം നടത്തുന്നുണ്ട്, ഞങ്ങൾ പുറപ്പെടുവിച്ച വൈറ്റ് പേപ്പറിൽ പ്രത്യേക ചാപ്റ്ററും ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയതലത്തിൽ കേന്ദ്ര സർക്കാരിനെതിരെ ഞങ്ങൾ സമരം ചെയ്യുന്നതോടൊപ്പം പാർലമെന്റിലും ഇക്കാര്യങ്ങൾ ശക്തമായി ഉന്നയിക്കാറുണ്ട്. കേന്ദ്രത്തിൽനിന്നും കുറെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടല്ലോ; റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഇനത്തിൽ കേരളത്തിനാണ് ഏറ്റവും കൂടുതൽ തുക കിട്ടിയത്. 2025-2026 വരെ നമുക്കുള്ള തുക 53,137 കോടിരൂപയാണ്. ഇതുവരെ നമുക്ക് 39,605 കോടി രൂപ ലഭിച്ചിട്ടുണ്ട്. വരാനിരിക്കുന്ന വർഷങ്ങളിൽ ബാക്കി തുകകൂടി ലഭിക്കുന്നതാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് കിട്ടിയതിനേക്കാൾ ഇരട്ടിയിലധികം തുക എൽ.ഡി.എഫ്.-ന്റെ കാലത്ത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിച്ചിരുന്നു. അത്

മറച്ചുവയ്ക്കേണ്ട. ജി.എസ്.ടി. കോമ്പൻസേഷൻ ലഭിച്ചില്ലെന്ന് ഇവിടെ പറയുന്നത് കേട്ടു. എനിക്ക് തോന്നുന്നത്, അവസാനം 750 കോടിരൂപ മാത്രമെ ലഭിക്കാൻ ബാക്കി ഉണ്ടായിരുന്നുള്ളുവെന്നും ബാക്കി തുക മുഴുവനും ലഭിച്ചിട്ടുണ്ടെന്നുമാണ്. യഥാസമയം ജി.എസ്.ടി. കോമ്പൻസേഷൻ നൽകണമെന്ന് എല്ലാ വർഷവും പാർലമെന്റിൽ ശക്തമായി ഉന്നയിക്കാറുള്ളതാണ്. ഇടയ്ക്ക് കാലതാമസം വന്നുവെങ്കിലും പിന്നീട് കൊടുത്തിട്ടുണ്ട്. കേന്ദ്രം ഡെവല്യൂഷനിൽ വരുത്തിയ കുറവ് സംബന്ധിച്ച് നേരിട്ട് ഫൈറ്റ് ചെയ്യണം. ആ വിഷയത്തിൽ ഞങ്ങൾ കൂടെയുണ്ടെന്ന കാര്യത്തിൽ യാതൊരുവിധ സംശയവും വേണ്ട.

ഏകദേശം പത്ത് മേഖലകളിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്. അത്രയേ സാധിക്കുകയുള്ളൂ; പരമാവധി ചെയ്തിട്ടുണ്ട്. ഇവിടെ എല്ലാ സെക്ടറിനെയും കടന്നാക്രമിച്ചിരിക്കുകയാണ്. ഒരു സെക്ടറിനെയും വെറുതെ വിട്ടിട്ടില്ല. ഈ മേഖലകളിലെല്ലാം ഉണ്ടാകുന്ന ഇംപാക്ട് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ? സാമൂഹ്യസുരക്ഷ ഫണ്ടിനുവേണ്ടിയെന്നാണ് പറയുന്നത്. അത് ഗവൺമെന്റിന്റെ ലയബിലിറ്റിയാണ്; ഗവൺമെന്റ് അത് ചെയ്യണം. പക്ഷേ അതിനുവേണ്ടി മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. മദ്യത്തിന്റെ നികുതി

വർദ്ധിപ്പിക്കുമ്പോൾ സാധാരണഗതിയിൽ പ്രതിപക്ഷം ഒന്നും പറയാറില്ല. പക്ഷെ, ഇപ്പോൾ ഞങ്ങൾ പറയും. കാരണം ഇപ്പോൾത്തന്നെ മദ്യത്തിന് 251 ശതമാനം നികുതിയുണ്ട്. മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചാൽ ഉപഭോഗം കുറയുമെന്ന് പറയുന്നത് തെറ്റാണ്. ഇതുവരെ കേരളത്തിൽ അങ്ങനെ കുറഞ്ഞിട്ടില്ല. നികുതി വർദ്ധിപ്പിക്കുമ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നത്; ഇന്നലെ വരെ മൂന്ന് പെഗ്ഗ് മദ്യം കഴിച്ചയാൾ ഇന്ന് രണ്ട് പെഗ്ഗായി കുറയ്ക്കില്ല. അയാൾ വീട്ടിലേയ്ക്ക് നൽകുന്ന തുകയിൽ കുറവുവരും. എല്ലാ കാലഘട്ടത്തിലും മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പക്ഷെ, നികുതി വല്ലാതെ വർദ്ധിപ്പിച്ചാൽ ഇതാണ് സംഭവിക്കുന്നത്. ഇതിലൊരു അപകടംകൂടിയുണ്ട്. എൽ.ഡി.എഫ്. സർക്കാർ ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തുകയാണ്. മദ്യത്തിന് വലിയരീതിയിൽ വില വർദ്ധിച്ചാൽ അതിനേക്കാൾ ചീപ്പായി ലഭിക്കുന്ന ഡ്രഗ്സിലേയ്ക്ക് ആളുകൾ പോകും. നമ്മൾ ഒരു വശത്ത് ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തുകയും മറുവശത്ത് ലഹരി ഉപയോഗത്തിലേയ്ക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്യുന്നൊരു നയമുണ്ടാകും. ലിക്വർ സംബന്ധിച്ച് ആളുകളുടെ കൺസംപ്ഷൻ എങ്ങനെയാണെന്നും ആ മേഖലയിൽ എന്താണെന്നും പരിശോധിച്ചതിനുശേഷമല്ലേ നികുതി ചുമത്തേണ്ടത്?

ഇന്ധന സെസ്സ് വർദ്ധിപ്പിച്ചാൽ എന്താണ് കുഴപ്പമെന്നാണ് ചോദിക്കുന്നത്; നമ്മൾ കേന്ദ്ര സർക്കാരിനെതിരെ സമരം ചെയ്യുകയല്ലേ; ഞങ്ങളും നിങ്ങളുമൊക്കെ എത്രമാത്രം സമരപരിപാടികളാണ് നടത്തിയത്; ഇന്ധന നികുതി അതിന്റെ പീക്കിൽ നിൽക്കുകയാണ്. ആ സമയത്ത് വീണ്ടും വർദ്ധിപ്പിച്ചാൽ വിലക്കയറ്റം രൂക്ഷമാകും. കഴിഞ്ഞ വർഷം ഒരു വീടിനുണ്ടായിരുന്ന ചെലവും ഈ വർഷം ഒരു സാധാരണ അഞ്ചംഗ കുടുംബത്തിനുണ്ടാകുന്ന ചെലവും കണക്കാക്കിയാൽ വിലക്കയറ്റംകൊണ്ട് 3,500 മുതൽ 4,000 രൂപ വരെപുതിയ ബാധ്യത ഉണ്ടായിരിക്കുകയാണ്. ഇന്ധന നികുതി വർദ്ധിപ്പിക്കുമ്പോൾ നാച്വറലും ഓർഗാനിക്കുമായ വിലക്കയറ്റത്തോടൊപ്പം ആർട്ടിഫിഷ്യലായ വിലക്കയറ്റവും മാർക്കറ്റിലുണ്ടാകുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുന്നുണ്ട്. നമുക്കത് താങ്ങാൻ പറ്റാത്ത തലത്തിലേയ്ക്ക് പോകും. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 17 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചെന്ന് കഴിഞ്ഞ ദിവസം പലരും പറയുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് 13 തവണയാണെന്ന് പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത് 6 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പല ഗവൺമെന്റുകളും മാറിമാറി നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. വി. എസ്.

അച്യുതാനന്ദൻ ഗവൺമെന്റും ഉമ്മൻ ചാണ്ടി ഗവൺമെന്റും നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 6 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചപ്പോൾ നാലുപ്രാവശ്യം, അതായത്, പെട്രോളിന്റെയും ഡീസലിന്റെയും വില അതിന്റെ ടോപ്പിൽനിന്ന സമയത്ത്, നമ്മളത് ഒഴിവാക്കി. അറുന്നൂറ്റിചില്വാനം കോടിരൂപ അന്ന് വേണ്ടെന്നുവച്ചു. ബാരലിന് 110 രൂപ യു.എസ്. ഡോളർ വരെ ഉയർന്ന സമയത്താണ് ഇത് വേണ്ടെന്ന് വച്ചത്. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില 45 ഡോളറായി കുറഞ്ഞ സമയത്താണ് ഇവിടെ നികുതി വർദ്ധിപ്പിച്ചത്. ആ സമയത്തുള്ള റവന്യൂ ന്യൂട്രൽ അഡ്ജസ്റ്റ് ചെയ്യാൻവേണ്ടിയാണ് വർദ്ധിപ്പിച്ചത്. പലപ്രാവശ്യം നമ്മൾ നികുതി കുറച്ചിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് നികുതി വരുമാനത്തിലെ വർദ്ധനവിന്റെ പേരിൽ ലഭിച്ചത് 500 കോടി രൂപയാണ്. നിങ്ങൾക്ക് കിട്ടിയത് എത്രയാണെന്ന് അറിയാമോ; നിങ്ങൾക്ക് 5000 കോടിരൂപ കേന്ദ്രം ഇത് വർദ്ധിപ്പിച്ചപ്പോഴുള്ള അധിക നികുതിയായി ലഭിച്ചു. അതുകൂടാതെ പെട്രോൾ, ഡീസൽ സെസ്സിന് 900 കോടിരൂപ; അതാണ് കിഫ്ബിയിലേയ്ക്ക് പോകുന്ന തുക. ഞങ്ങൾക്ക് 500 കോടിരൂപ ലഭിച്ചപ്പോൾ നിങ്ങളുടെ കാലത്ത് 6000 കോടിരൂപ ലഭിച്ചു. കേന്ദ്രത്തിൽ വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാനത്തിനും തുക ലഭിക്കും.

അത്രയുംതുക നിങ്ങളുടെ കാലത്ത് ലഭിച്ചു. എന്നിട്ടും ഇത് വർദ്ധിപ്പിക്കാനുള്ള തീരുമാനം ഉചിതമല്ല.

കഴിഞ്ഞ വർഷം 10 ശതമാനവും ഈ വർഷം 20 ശതമാനവും ഫെയർ വാല്യു വർദ്ധിപ്പിച്ചു. ഇപ്പോൾത്തന്നെ അതിൽ ആക്ഷേപമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കറിയാം. പല സ്ഥലത്തും ഫെയർ വാല്യു അശാസ്ത്രീയമായാണ് നിശ്ചയിച്ചിരിക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിലുള്ള ഒരു പ്രദേശത്തെ ആളുകൾ ഭയങ്കര സങ്കടത്തിലാണ്. ഫെയർ വാല്യു മാർക്കറ്റ് വിലയേക്കാൾ കൂടുതലാണ്. ഈ അശാസ്ത്രീയത പരിശോധിച്ച് ജില്ലാ കളക്ടർമാരെക്കൊണ്ട് അത് മാറ്റേണ്ടതാണ്; പക്ഷേ അത് ഇപ്പോഴും നിലനിൽക്കുകയാണ്. ഫെയർ വാല്യു മാർക്കറ്റ് വാല്യുവിനേക്കാൾ കൂടുതലായാൽ ഒരു സ്ഥലവും വിൽക്കാൻ പറ്റില്ല. കേരളത്തിലെ ഒരുപാട് സ്ഥലങ്ങളിൽ ഈ പ്രശ്നമുണ്ട്. അത് നിങ്ങളുടെ ഗവേർണൻസിന്റെ കുഴപ്പമാണ്. അത് ഗുഡ് ഗവേർണൻസിന്റെ ഭാഗമല്ല. അത് കറക്ട് ചെയ്തശേഷമാണ് നിശ്ചിത ശതമാനം വർദ്ധിപ്പിക്കേണ്ടത്. കഴിഞ്ഞ വർഷവും ഈ വർഷവും കൂടിയായപ്പോൾ ഫെയർ വാല്യു 30 ശതമാനമാണ് വർദ്ധിക്കുന്നത്. ഇത് നിങ്ങൾക്ക് നഷ്ടം വരുത്തും. എന്താണെന്നറിയാമോ; ക്രയവിക്രയങ്ങൾ കുറയും. ടാക്സിന്റെ ബേസിക്

പ്രിൻസിപ്പിൾ അതാണ്. അമിതമായി നികുതി വർദ്ധിപ്പിക്കുകയോ മറ്റോ ചെയ്താൽ അവിടെ ആക്റ്റിവിറ്റികൾ ഇല്ലാതാകും. ബഡ്ജറ്റ് എപ്പോഴും ഇക്കണോമിക് ആക്റ്റിവിറ്റി ഉണ്ടാകാനായി സ്റ്റിമുലസ്സായിരിക്കണം; ബഡ്ജറ്റ് നിർദ്ദേശങ്ങൾ അതിനുള്ള ഉത്തേജകമായിരിക്കണം. ഈ ബഡ്ജറ്റിൽ വിപണിയെ കെടുത്തുന്ന നിർദ്ദേശങ്ങളാണുള്ളത്. അവിടെയാണ് നിങ്ങൾക്ക് സംഭവിച്ച ഏറ്റവും വലിയ പാളിച്ച. ഈയൊരു മാന്ദ്യത്തിന് സമാനമായ കാലത്ത് ബഡ്ജറ്റ് പ്രൊപ്പോസൽ ഇറക്കുമ്പോൾ വിപണിയെ ഉത്തേജിപ്പിക്കാനും ആക്ടീവായി നിലനിർത്താനും നികുതി വരുമാനമുണ്ടാക്കാനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതിന് പകരം കെട്ടുപോകുന്ന വിപണിയെ സൃഷ്ടിക്കുന്ന ബഡ്ജറ്റാണിതെന്നതാണ് ഏറ്റവും വലിയ കുഴപ്പമായി ഞാൻ കാണുന്നത്.

കിഫ്ബിയുടെ പ്രാധാന്യം ഇനിയെന്താണ്; കിഫ്ബി രൂപീകരിച്ചതെന്തിനാണ്; പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ തുടങ്ങിയ വകുപ്പുകൾ പ്രഖ്യാപിക്കുന്ന പദ്ധതികൾ ബഡ്ജറ്റിലുൾപ്പെട്ടതാണ്. കിഫ്ബി ബഡ്ജറ്റിന് പുറത്തുള്ള സെപ്പറേറ്റ് വെഹിക്കിളാണ്. കടമെടുപ്പിന്റെ പരിധിയിൽ വരാതിരിക്കാൻവേണ്ടി അതിന്റെ പുറത്തുനിന്ന് കടം വാങ്ങാൻ വേണ്ടിയുള്ളതാണ്. കിഫ്ബി കൊണ്ടുവന്നപ്പോൾ ഞങ്ങൾ മുന്നറിയിപ്പ്

നൽകിയതുപോലെ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സി.&എ.ജി. റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചതുപോലെയോ കേന്ദ്ര സർക്കാർ പറഞ്ഞതുപോലെയോ ഇനി കിഫ്ബിയുടെ കടമെടുപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരും. അങ്ങനെ വന്നാൽ ഇനി കിഫ്ബി എന്തിനാണ്; പി.ഡബ്ല്യൂ.ഡി.-യുടെ വർക്ക് പി.ഡബ്ല്യൂ.ഡി.-ക്ക് ചെയ്താൽപോരെ; കിഫ്ബിയെന്ന വെള്ളാനയെ ഇനി പോറ്റുന്നതെന്തിനാണ്; നിങ്ങൾ എന്തിനുവേണ്ടിയാണ് കിഫ്ബി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്; ആ പർപ്പസ് പരാജയപ്പെട്ടു. You cannot avail loan from outside. It should be within the limit of your fiscal limit. അങ്ങനെയായാൽ അതിന് പ്രസക്തിയില്ല. ഇതുവെറുതെ nurse ചെയ്ത് nurture ചെയ്ത്, റിട്ടയർ ചെയ്ത കുറെ ആളുകളെ സംരക്ഷിച്ച് പോകാൻവേണ്ടി മാത്രമുള്ളതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേന്ദ്ര ഗവൺമെന്റിന്റെ സമാനമായ സംവിധാനമായാണ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ചിരിക്കുന്നത്. കേന്ദ്രത്തിന്റെ വായ്പാ പരിധിയിൽ വരാതിരിക്കുകയും നമ്മുടെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തുകയും ചെയ്ത വിവേചനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, അത് തെറ്റാണ്. പക്ഷെ, ഞങ്ങളിത് മുൻകൂട്ടി പറഞ്ഞിരുന്നു. ഒരു സംസ്ഥാനവും ഇത് ചെയ്യാൻ സമ്മതിക്കില്ല. കേന്ദ്ര സർക്കാർ ഇത് നേരത്തെ ചെയ്തിരുന്നു. കേന്ദ്ര സർക്കാർ 2014 മുതൽ അതിൽനിന്ന് വിത്ഡ്രോ ചെയ്തിരിക്കുകയാണ്. ശ്രീ. പി. ചിദംബരത്തിന്റെ സമയം മുതൽ വിത്ഡ്രോ ചെയ്തുവരികയാണ്. ഇപ്പോഴുണ്ടെങ്കിൽ നമ്മളത് ചൂണ്ടിക്കാണിക്കണം. നമുക്ക് വേറെ ഓപ്ഷനില്ലല്ലോ; ഫിസ്കൽ ലിമിറ്റനകത്ത്, കടമെടുപ്പിന്റെ പരിധിയിൽ ഇതുവരുമെന്ന് പറഞ്ഞാൽ നമുക്കിനി വേറെ ഓപ്ഷനൊന്നുമില്ല. കാരണം, അവർ പണം തരില്ല. അപ്പോൾ പിന്നെ കിഫ്ബി എന്തിനാണെന്നതാണ് എന്റെ ചോദ്യം; കിഫ്ബി irrelevant ആയി. നിങ്ങൾ ആലോചിച്ചുനോക്കൂ. കിഫ്ബിക്ക് ഇനി ഒരു പ്രസക്തിയുമില്ല. കിഫ്ബി നിങ്ങൾക്കിനി ഒരു അധിക ബാധ്യതയാണ്.

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സംസാരിച്ചപ്പോൾ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ചും തൊഴിലുറപ്പ് പദ്ധതിയിൽ തുക കുറച്ചതിനെക്കുറിച്ചും പ്രതിപക്ഷനേതാവ് ഒന്നും പറഞ്ഞില്ലെന്ന് പറയുകയുണ്ടായി, അങ്ങ് പത്രം വായിക്കാത്തതുകൊണ്ടാണോ ശ്രദ്ധിക്കാത്തതുകൊണ്ടാണോ അതോ മനഃപൂർവ്വം പറഞ്ഞതാണോ എന്നറിയില്ല, 'ബഡ്ജറ്റ് കണക്കുകൾകൊണ്ടുള്ള

കൗശലം മാത്രം'- മലയാള മനോരമ ദിനപത്രത്തിൽവന്ന വാർത്തയാണ്. (മലയാള മനോരമ ദിനപത്രത്തിന്റെ കട്ടിംഗ് ഉയർത്തിക്കാണിച്ചു.) എല്ലാ പത്രങ്ങളിലും അത് വന്നിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയെ വിമർശിച്ചില്ല എന്നുപറഞ്ഞു. 'തൊഴിലുറപ്പ് പദ്ധതിയെ ഞെരിച്ചുകൊല്ലുന്ന ബഡ്ജറ്റെന്ന് വി. ഡി. സതീശൻ'. എല്ലാ പത്രത്തിലും വാർത്തയുണ്ടായിരുന്നു. മലയാള മനോരമയിൽ ഒരു ദിവസം വൈകിയാണ് വന്നത്. പക്ഷെ, ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം വളരെ നന്നായി അച്ചടിച്ചുവന്നിരുന്നു. ഞാൻ കാശ്മീരിലായിരുന്നു; അവിടെ നല്ല മഞ്ഞായിരുന്നു; ഒരു പ്രത്യേക അനുഭവമായിരുന്നുവെന്നൊക്കെ കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞിരുന്നു. ഞാൻ അവിടെനിന്ന് ഒരു ഫോട്ടോ അയച്ചു. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് മുകളിൽനിന്നും താഴെയിറങ്ങിയാണ് അവിടെ ഇരിക്കുന്നത്. അതിനെക്കാളും xxxxxx+ താഴേയ്ക്ക് പോകരുത്. ഇല്ലാത്ത കാര്യങ്ങൾ അങ്ങനെ ദയവുചെയ്ത് പറയരുത്. (...ബഹളം...) അശാസ്ത്രീയമായും അന്യായമായും ഏർപ്പെടുത്തിയ മുഴുവൻ നികുതിയും പിൻവലിക്കണം. സർക്കാർ നികുതി ഏർപ്പെടുത്താൻ പാടില്ലെന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഫ്യൂവൽ സെസ്സിന്റെ നികുതി പിൻവലിക്കണം. ഫെയർവാല്യു കുറയ്ക്കണം. മദ്യത്തിന് ഏർപ്പെടുത്തിയ അനാവശ്യ നികുതി

\+ ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

കുറയ്ക്കണം. നിങ്ങൾക്ക് ആവശ്യമുള്ള, ഒഴിവാക്കാൻ പറ്റാത്ത നികുതികൾ ഏർപ്പെടുത്തുന്നതിൽ കുഴപ്പമില്ല. ഈ നികുതി മുഴുവൻ കേരളത്തിന് വലിയ ദോഷകരമായ സാഹചര്യമുണ്ടാക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ രാഷ്ട്രീയ വിമർശനമാണ് ഉന്നയിച്ചത്. അതിന് ഇവിടെ ഉപയോഗിച്ച വാക്ക് ഈ സഭയ്ക്ക് നിരക്കുന്നതാണോ എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. മാത്രമല്ല, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് എല്ലാവരും കേട്ടതാണ്. അവിടെനിന്ന് ഇവിടെ താഴെ വന്നാണിരിക്കുന്നത്. അതിനെക്കാൾ xxxxx+ അതിനർത്ഥം ചെയറിൽ ഇരിക്കുമ്പോൾ xxxxxx+ പെരുമാറിയത് എന്നാണോ; അങ്ങനെയാണോ അങ്ങ് നേരത്തെ പറഞ്ഞത്?

മി. സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

ശ്രീ. എം. ബി. രാജേഷ്: സർ, ഇക്കാര്യത്തിൽ അവ്യക്തത ഉണ്ടാകാൻ പാടില്ല. ഞാനിവിടെ പറഞ്ഞത് ഇത്രയേയുള്ളൂ. അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പേജിൽ കേന്ദ്ര ബഡ്ജറ്റ് വന്ന ദിവസം കാശ്മീരിൽനിന്നുള്ള ഒരു

\+ ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

\+ ബഹുമാനപ്പെട്ട അംഗം പ്രസ്തുത പരാമർശം പിൻവലിച്ചു.

ഫോട്ടോയാണ് കണ്ടത്. അതിലെന്താണ് തെറ്റായ കാര്യമുള്ളത്? അദ്ദേഹം തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചുപോലും ഒന്നും പ്രതികരിച്ചതായി ഫേസ്ബുക്ക് പേജിൽ കണ്ടില്ല എന്നുമാത്രമെ പറഞ്ഞിട്ടുള്ളൂ. അദ്ദേഹം പ്രസ്താവന ഇറക്കിയോ ഇല്ലയോ എന്നുള്ളത് ഞാൻ പറഞ്ഞിട്ടില്ല. ഫേസ്ബുക്ക് പേജിൽ കണ്ടകാര്യം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അതിനൊക്കെ ഇത്ര പ്രകോപിതനായി അദ്ദേഹം സംസാരിക്കേണ്ട കാര്യമില്ലായിരുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേരളത്തിലെ അടുത്ത വർഷത്തെ ആകെയുള്ള പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഡ്ജറ്റ് സംബന്ധിച്ചാണ് കഴിഞ്ഞ മൂന്ന് ദിവസമായി നിയമസഭയിൽ ചർച്ച നടക്കുന്നത്. ഈ ചർച്ചകളുടെ ഭാഗമായി നിരവധി പുതിയ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളെക്കുറിച്ച് ലോകത്തിന്റെയും രാജ്യത്തിന്റെയും പശ്ചാത്തലത്തിലുള്ള വിലയിരുത്തലുകളും വന്നിട്ടുണ്ട്. സാമ്പത്തിക രംഗത്ത് വലിയ പ്രതിസന്ധിയാണ് ലോകത്താകെയും നമ്മുടെ രാജ്യത്തുമുള്ളതെന്ന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും അംഗീകരിച്ചിട്ടുണ്ട്. ഒരു hard budget constraint-നകത്ത് നിന്നുകൊണ്ട്

ഈ കാര്യങ്ങൾ നടത്തുന്നുവെന്നുള്ളതും ആ കണക്കുകളിൽക്കൂടി വ്യക്തമാക്കുകയുണ്ടായി. പക്ഷെ അങ്ങനെ പറയുമ്പോൾ രാഷ്ട്രീയത്തിന്റെ അതിപ്രസരം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഈ ഘട്ടത്തിലുണ്ടാകുമെന്ന് ഞാൻ കരുതിയില്ല. രാഷ്ട്രീയമായ ചേരിതിരിവുകളും വ്യത്യാസവുമെല്ലാം ഉണ്ടെങ്കിലും പൊതുവിൽ ഇത്തരം സാഹചര്യത്തെ നേരിടാൻ നമുക്ക് എങ്ങനെ കഴിയുമെന്നുള്ളത് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട ഘട്ടത്തിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. 1930-കൾക്കുശേഷമുള്ള ഏറ്റവും കടുത്ത പ്രതിസന്ധിയാണെന്ന തരത്തിൽ പല പഠനങ്ങളും നടന്നിട്ടുണ്ട്; ഇത് ലോക സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നുമുണ്ട്. ഇന്ത്യയുടെ പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ഇതാദ്യമായി സാമ്പത്തിക രംഗത്തെപ്പറ്റി പറയുന്നു. സാധാരണഗതിയിൽ എല്ലാം ഉജ്ജ്വലമായി പോകുന്നുവെന്ന് പറയുന്ന സമീപനമാണ് ഇന്ത്യയിലെ ഇന്നത്തെ ഭരണാധികാരികൾ സ്വീകരിക്കുന്നത്. എന്നാൽ ഇന്ന് നമ്മൾ ഏറ്റവുംവലിയ പ്രതിസന്ധിയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്. അതിന്റെ ഭാഗമായി ലോകത്തിലെ ഉദാഹരണങ്ങളെല്ലാം ഇവിടത്തെ ചർച്ചകളിലുണ്ടായിരുന്നു. ആ ചർച്ചകളുടെ ഭാഗമായി വന്ന കാര്യങ്ങളൊന്നും ഞാനെടുത്ത് പറയുന്നില്ല.

നൂറ് വർഷക്കാലത്തിനിടയ്ക്കുള്ള ഏറ്റവും വലിയ പ്രതിസന്ധി ഇന്ത്യയിൽ വരില്ലെന്ന് കരുതിയിരുന്ന ഘട്ടമാണിത്. ലോക രാജ്യങ്ങളിലുണ്ടായ സംഭവങ്ങളുടെ തുടർച്ച ഇന്ത്യയിലും ഉണ്ടാകുന്നോ എന്ന തരത്തിൽ ആശങ്കപ്പെടുത്തുന്ന സംഭവങ്ങൾ കഴിഞ്ഞ ദിവസം അഖിലേന്ത്യാതലത്തിൽ ഉണ്ടായിരിക്കുകയാണ്.

ലോകത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യം സൃഷ്ടിച്ച ബ്രിട്ടനിൽ രണ്ടുമാസത്തിനിടയിൽ അവരുടെ മൂന്ന് പ്രധാനമന്ത്രിമാർ മാറിപ്പോയിയത് പ്രധാനപ്പെട്ട കാര്യമാണ്. അതിൽ കഴിഞ്ഞ തവണ മാറിയ ലിസ് ട്രസ് എന്ന പ്രധാനമന്ത്രി ഇന്നലെ സംസാരിച്ച കാര്യങ്ങൾ ഇന്നത്തെ പത്രമാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ലോക ബാങ്കിലെയും ഐ.എം.എഫ്. (ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്)-ലെയും ഉദ്യോഗസ്ഥർ പറഞ്ഞ ചിലകാര്യങ്ങൾ നടപ്പാക്കാൻ ശ്രമിച്ചതുകൊണ്ടാണ് അവർക്ക് ഇത്രയും ബുദ്ധിമുട്ടുണ്ടായതെന്നും എന്തായാലും എല്ലാ കാര്യങ്ങളിലും അവർ എടുത്ത തീരുമാനങ്ങൾ ശരിയായില്ലെന്നും പ്രധാനമന്ത്രി സ്ഥാനത്തുനിന്നും ഒഴിവായശേഷം അവർ ഒരു സെമിനാറിൽ സംസാരിക്കവേ പറഞ്ഞിരിക്കുന്നു. കാരണം അത്തരം തീട്ടൂരങ്ങൾ, അതായത് ലോക ബാങ്കിന്റെയും വേൾഡ് ബാങ്കിന്റെയും സാമ്പത്തിക ക്യാപ്സ്യൂളുകൾ

നടപ്പിലാക്കാൻ ശ്രമിച്ചാൽ ഈ ലോകത്ത് പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന കാര്യം അവർക്ക് വേണ്ടത്ര മനസ്സിലായില്ലെന്ന തരത്തിലാണ് അവർ സംസാരിച്ചത്. ആ സംഭവങ്ങളെല്ലാം എന്തുകൊണ്ടാണ്; ഇപ്പോൾ മനുഷ്യനെ കാണാത്ത, മനുഷ്യന്റെ വികസനം കാണാത്ത, സാമ്പത്തിക നയം നടപ്പിലാക്കുന്നതുകൊണ്ടാണത്. അതിന്റെ അടുത്തഘട്ടമായി ലോകത്താകെ വരുന്നത് ജനാധിപത്യത്തിന്റെ തകർച്ചയാണ്. ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പിള്ളത്തൊട്ടിലെന്ന് അവകാശപ്പെടുന്ന അമേരിക്കയിലും മറ്റും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റുകളെ അട്ടിമറിക്കുന്ന സംഭവങ്ങളുണ്ടാകുന്നു. അവിടെയാണ് ക്യാപ്പിറ്റോൾ ഹിൽസിലേയ്ക്കുപോയ, തോറ്റെങ്കിലും ഞങ്ങൾ അധികാരം വിടില്ലെന്ന് പറഞ്ഞ ഡോണാൾഡ് ട്രംപിന്റെ പെരുമാറ്റമുണ്ടായത്. അത് സംബന്ധിച്ച് അവിടത്തെ പാർലമെന്റ് അന്വേഷണം നടത്തുന്നുണ്ട്. ഇപ്പോൾ ബ്രസീലിൽ വന്ന ലൂല ഡാ സിൽവയുടെ അധികാരം ഞാൻ അംഗീകരിക്കില്ലെന്ന് പറഞ്ഞുകൊണ്ട് പാർലമെന്റിലേയ്ക്ക് പ്രകടനം നടത്തിയ ബൊൽസനാരോയുടെ വലിയ സമരവും അതുപോലെ തന്നെയാണ്. 'തെരഞ്ഞെടുപ്പിൽക്കൂടി അധികാരത്തിൽവന്ന ഗവൺമെന്റുകളെ അംഗീകരിക്കാൻ ഞങ്ങൾ തയ്യാറല്ല, ഇത് ഗവൺമെന്റല്ല, ഞങ്ങൾ

പറയുന്നതാണ് ഗവൺമെന്റ് എന്നതാണ് അവരുടെ നിലപാട്. അധികാരം വളരെ ഫ്രൈജെയിലായ അവസ്ഥയിൽ, ലോകത്തെ പല രാജ്യങ്ങളിലെയും ജനാധിപത്യ സംവിധാനം ഫ്രൈജെൽ സിറ്റുവേഷനിലൂടെ കടന്നുപോകുന്നുണ്ട്. മുമ്പും ഇക്കാര്യങ്ങൾ ഈ ഹൗസിൽതന്നെ പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്. മുസ്സോളിനിക്കുശേഷം ലോകത്ത് ആദ്യമായി ഒരു ഫാസിസ്റ്റ് ഭരണാധികാരി അധികാരത്തിൽ വന്നിരിക്കുകയാണ്. ഞാൻ ഫാസിസ്റ്റാണ്, മുസ്സോളിനി പറയുന്ന കാര്യങ്ങളാണ് ഞാൻ അംഗീകരിക്കുന്നതെന്ന് പറയുന്ന 45 വയസ്സുകാരിയായ ഒരു പ്രധാനമന്ത്രി ഇന്ന് ഇറ്റലിയിൽ അധികാരമേറ്റിരിക്കുന്നു. സാധാരണജനങ്ങളുടെ കയ്യിൽ പണമില്ലാത്തതുകൊണ്ടാണ് ലോകത്ത് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. ജനങ്ങൾക്ക് തൊഴിലും ശമ്പളവും ഭക്ഷണവുമില്ല, ചികിത്സയ്ക്കുപോലും അവരുടെ കൈയ്യിൽ പണമില്ല. അത്തരമൊരു സാഹചര്യം, നമ്മൾ നേരിട്ട് അനുഭവിച്ചിട്ടില്ലാത്ത ഒന്നാം ലോക മഹായുദ്ധത്തിന്റെയും രണ്ടാം ലോക മഹായുദ്ധത്തിന്റെയും കാലത്തേയ്ക്ക് ലോകത്തെ വലിച്ചുകൊണ്ടുപോകുമെന്ന ആശങ്ക സാമ്പത്തിക ശാസ്ത്രജ്ഞൻമാർ ഉന്നയിക്കുമ്പോൾ, അതൊക്കെ ചുമ്മാ പറയുന്നതാണെന്നും കേരളത്തിൽ ഇതൊന്നും വരാൻ പോകുന്നില്ലെന്നും ഞങ്ങൾ ഇവിടത്തെ ഗവൺമെന്റിനെ പ്രവർത്തിക്കാൻ

അനുവദിക്കില്ലെന്നുമുള്ള വളരെ പരിമിതമായ രാഷ്ട്രീയം മാത്രം പറയേണ്ടവരാണോ കേരളത്തിലെ പ്രതിപക്ഷം? ഇന്ത്യയിൽ ഇത്തരമൊരു സാമ്പത്തിക പ്രതിസന്ധി ഇന്നുണ്ട്. 2008-ൽ ആ പ്രതിസന്ധി ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ ഗവൺമെന്റുമുതൽ സ്വീകരിച്ച സമ്മിശ്ര സമ്പദ്‌വ്യവസ്ഥ (മിക്സഡ് ഇക്കോണമി)യുടെ ഭാഗമായി പൊതുമേഖലാ ബാങ്കുകളും പൊതുസാമ്പത്തിക സംവിധാനവുമെല്ലാം ഉണ്ടായിരുന്നതുകൊണ്ടാണ് 2008-ൽ സാമ്പത്തിക തകർച്ച ഉണ്ടാകാതിരുന്നതെന്ന് നമ്മൾ വിശ്വസിച്ചിരുന്നു. ലീമെൻസ് ബാങ്ക് (Lehman Brothers) പോലെ നൂറും നൂറ്റിഅൻപതും വർഷം പഴക്കമുള്ള ബാങ്കുകൾ തകർന്നടിഞ്ഞ ഘട്ടത്തിൽ പബ്ലിക് ഫിനാൻസ് അടക്കമുള്ള സാമ്പത്തിക മേഖലയിൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞു. നമ്മുടെ സമ്പദ്‌വ്യവസ്ഥ ഊതിവീർപ്പിച്ച ഒരു ബലൂണാണോ എന്ന് ആശങ്കപ്പെടുന്ന തരത്തിൽ കഴിഞ്ഞദിവസം ചില സംഭവങ്ങളുണ്ടായി. ലോകത്തെ മൂന്നാമത്തെയും ഇന്ത്യയിലെ ഒന്നാമത്തെയും സമ്പന്നനായി ഉയർന്നുവന്ന ബിസിനസ്സുകാരനായ അദാനിയുടെ ഷെയർ മാർക്കറ്റിലെ ആസ്തി ഇടിഞ്ഞ് പതിനാറാമത്തെയോ ഇരുപതാമത്തെയോ ഇരുപത്തിയഞ്ചാമത്തെയോ നിലയിലേയ്ക്കെത്തിയെന്നുള്ളത്

ഷെയർമാർക്കറ്റിൽ പണം നിക്ഷേപിച്ചവരുടെമാത്രം പ്രശ്നമല്ല. എല്ലാ കമ്പനികളിലും സാധാരണ LIC (Life Insurance Corporation of India)-പോലുള്ള സ്ഥാപനങ്ങളെക്കൊണ്ട് നിക്ഷേപിപ്പിക്കാറുണ്ട്. പണ്ട് യു.പി.എ. ഭരിക്കുന്ന കാലത്ത് UTI (Unit Trust of India) തകർന്ന സംഭവം ഓർമ്മയുണ്ടാകുമല്ലോ; ഹർഷദ് മേത്തയുടെ കാലഘട്ടത്തിൽ കൊള്ളക്കമ്പനികളിൽ നിക്ഷേപിച്ച് ഷെയർ മാർക്കറ്റ് വർദ്ധിപ്പിച്ചതിന്റെ ഫലമായി യു.ടി.ഐ. തകർന്നുപോയെങ്കിൽ ഇന്നിപ്പോൾ എൽ.ഐ.സി.-യുടെ ഷെയറിന്റെ വില വല്ലാതെയിടിഞ്ഞിരിക്കുന്നു. അല്ലെങ്കിൽത്തന്നെ എൽ.ഐ.സി.-യെ വിൽക്കാൻ വച്ചിരിക്കുകയാണ്. എൽ.ഐ.സി.-യുടെ ഷെയറിന്റെ വില ഇടിയുമ്പോൾ ഒരു കാര്യംകൂടി മനസ്സിലാക്കണം, ഈ നാട്ടിലെ സാധാരണക്കാരുടെ നിക്ഷേപം; സഹകരണ മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ചെറിയൊരു പ്രശ്നം വന്നാൽപ്പോലും വല്ലാതെ വേദനിക്കുന്നവരാണ് കേരളീയർ. ഇത്തരം സംഭവങ്ങൾ ഇന്ത്യയിലെ സാധാരണക്കാരുടെയും ഇടത്തരക്കാരുടെയുമൊക്കെ ലക്ഷക്കണക്കിന് കോടി രൂപയുടെ ഷെയർ ഇടിഞ്ഞുപോകുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെത്തിക്കും. ഇന്ത്യയുടെ ഇക്കണോമിക് പ്രോസ്പെരിറ്റിയും

പ്രോഗ്രസ്സും വല്ലാത്ത അപകടത്തിലേയ്ക്ക് പോകുന്നുവെന്നത് നമ്മെ ആശങ്കപ്പെടുത്തുകയാണ്.

ഇന്നലെ ശ്രീ. രാഹുൽ ഗാന്ധി പാർലമെന്റിൽ നടത്തിയ പ്രസംഗത്തിന്റെ കുറെ ഭാഗം ഞാൻ കണ്ടു. പ്രസംഗത്തിലൂടെ അദ്ദേഹത്തിന്റെ നിലപാടുകൾ വ്യക്തമാക്കി. മുമ്പ് ലോക്സഭയിലുണ്ടായിരുന്ന അംഗങ്ങൾ ഇന്ന് ഈ സഭയിലുണ്ട്. പലപ്പോഴും കോൺഗ്രസ്സ് നേതാക്കന്മാർതന്നെ അദ്ദേഹം പറയുന്നതിന് വലിയ സപ്പോർട്ട് കൊടുത്തിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്; അത് ഇന്റേണലായ വിഷയമാണ്. ഇന്നലെ അദ്ദേഹം അതിശക്തമായി ഇന്ത്യൻ പ്രധാനമന്ത്രിയെക്കുറിച്ച് ഓരോ കാര്യങ്ങളും എടുത്തുപറഞ്ഞപ്പോൾ കഴിഞ്ഞ കുറെക്കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഏറെക്കുറെ നിശബ്ദതയോടെ അവർ കേട്ടിരുന്നു. ബി.ജെ.പി.-യുടെ ഭരണത്തിൽ ആദ്യമായാണ് ഇത്രയും നിശബ്ദമായ അവസ്ഥയുണ്ടാകുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉൾപ്പെടെ അധികാരത്തിന്റെ എല്ലാ അഹങ്കാരവും പേറിനിൽക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടുകൾ ജനവിരുദ്ധമാണെന്ന് തെളിയിക്കുന്ന സംഭവങ്ങൾ ഓരോന്നോരോന്നായി ദിവസേന പുറത്ത് വരികയാണ്. ആ സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് നമ്മൾ നിൽക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ ബഡ്ജറ്റ്

അവതരിപ്പിക്കുമ്പോൾ, ഭാവിയിലേയ്ക്ക് നോക്കാതെ സാധാരണഗതിയിൽ കാര്യങ്ങൾ ചെയ്യാൻ പാടുണ്ടോ? ഒരു മഹാവനത്തിലെ കാട് കാണാതെ മരം കാണുന്നുവെന്ന് പറയുന്നതുപോലെ, ഈ ദുക്ഷമായ അവസ്ഥ കാണാതെ ഇവിടെയുള്ള ചില ഒറ്റപ്പെട്ട കാര്യങ്ങൾമാത്രം കണ്ടുകൊണ്ട് ഗവൺമെന്റിന്റെയും സംസ്ഥാനത്തിന്റെയും പ്രവർത്തനം വിലയിരുത്തുന്നുവെന്നുള്ളത് വളരെ ദുഃഖകരമാണ്. കേരളത്തിൽ അവതരിപ്പിക്കപ്പെട്ട 27 ബഡ്ജറ്റ് പ്രസംഗങ്ങൾ കേട്ടിട്ടുണ്ടെന്നും അതിൽ ഏറ്റവും മോശമായ, ലക്ഷ്യബോധമില്ലാത്ത ബഡ്ജറ്റാണിതെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചർച്ചയിൽ പറയുകയുണ്ടായി. ബഡ്ജറ്റിന്റെ ചില പഴയ രേഖകളിൽക്കൂടി ഞാൻ കടന്നുപോയി. ആ പ്രസംഗങ്ങൾ എടുത്തുപരിശോധിച്ചപ്പോൾ അതിലും ഈ നേതാക്കന്മാരിൽ പലരും പറയുന്നത്, ഇത്രയും മോശമായൊരു ബഡ്ജറ്റ് കണ്ടിട്ടില്ലെന്നാണ്. ഓരോ ബഡ്ജറ്റ് അവതരണത്തിനുശേഷവും ഇങ്ങനെതന്നെയാണ് പറയുന്നത്. നമ്മൾ റീസണബിളായ കാര്യങ്ങളാണ് പറയേണ്ടത്. എല്ലാ ബഡ്ജറ്റിനെക്കുറിച്ചും, ഗവൺമെന്റിന് ലക്ഷ്യബോധമില്ല, ബഡ്ജറ്റിൽ ഒന്നുമില്ലെന്ന് പറയുന്നതാണോ ശരി; ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? ഈ ഗവൺമെന്റിന് ലക്ഷ്യബോധമുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക്

ലക്ഷ്യബോധമുണ്ടെന്നുള്ളത് കൃത്യമായി കാണാൻ സാധിക്കും. ഒന്നാം ഗവൺമെന്റ് മുതൽ ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുന്നുണ്ട്. അങ്ങനെ നല്ലകാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ ഞാൻ പറഞ്ഞ കണക്കുകളൊക്കെ ഈ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിലുള്ള സാമ്പത്തിക ശൈലിയിലെ വ്യത്യാസത്തെക്കുറിച്ചെങ്കിലും പറയേണ്ടതല്ലേ; പ്രതിപക്ഷത്തുനിന്നും ആരും അങ്ങനെ പറയുന്നതുകേട്ടില്ല. കഴിഞ്ഞ ദിവസം കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചത് എങ്ങനെയോ അതേ രീതിയിൽ തന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെയും സമീപനമെന്ന് ചില പ്രതിപക്ഷനേതാക്കന്മാർ പറഞ്ഞല്ലോ? കേന്ദ്ര ഗവൺമെന്റ് എത്രവലിയ നികുതി ഇളവാണ് കോർപ്പറേറ്റുകൾക്ക് കൊടുക്കുന്നത്. ഇന്നലെ രാജ്യസഭാംഗമായ ശ്രീ. എ. എ. റഹീം ഉന്നയിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ, കഴിഞ്ഞ രണ്ട് വർഷമായി രണ്ടര ലക്ഷം കോടി രൂപയുടെ കോർപ്പറേറ്റ് ടാക്സ് മാത്രം കുറച്ചുകൊടുത്തതിന്റെ കണക്ക് വന്നിട്ടുണ്ട്. രണ്ടര ലക്ഷം കുറഞ്ഞുവെന്ന് പറഞ്ഞാൽ അതിൽ ഇപ്പോൾ കിട്ടുന്ന ശതമാനം ഉപയോഗിച്ചാൽപോലും നമുക്ക് 5000 കോടി രൂപ അധികം ലഭിക്കും. അതായത്, ഞാൻ ഈ പറയുന്ന ഡിവിസിബിൾ പൂളിൽനിന്ന് കുറച്ചുകൊണ്ട്

ഇപ്പോൾ നമുക്ക് ലഭിക്കുന്ന തുകയനുസരിച്ച് കിട്ടിയാൽപോലും നമുക്ക് 5000 കോടി രൂപ അധികം ലഭിക്കും. 30 ശതമാനമായിരുന്ന കോർപ്പറേറ്റ് ടാക്സ് 22 ശതമാനമാക്കിക്കൊടുത്തു. അങ്ങനെ വന്ന കുറവാണ് ഞാൻ പറഞ്ഞ രണ്ടരലക്ഷം കോടിയോളം രൂപ. ആ കോർപ്പറേറ്റ് ടാക്സ് കുറച്ചുകൊടുത്തു, എല്ലാ മേഖലയ്ക്കും ടാക്സ് കുറച്ചുകൊടുത്തിട്ടുണ്ട്. പക്ഷേ മറുവശത്ത് ഏറ്റവും സാധാരണക്കാരന്റെ ആനുകൂല്യങ്ങൾ വെട്ടിക്കളയുകയും ചെയ്തു. രാജ്യത്ത് ഓരോ മേഖലയിലെയും കൃത്യമായ കണക്കുണ്ടാകും. ദരിദ്രർക്ക് കൊടുക്കുന്ന തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ ഒരു മേഖലയിലും പണം വർദ്ധിപ്പിച്ചിട്ടില്ല. അക്കാര്യത്തിൽ അഖിലേന്ത്യാ തലത്തിൽ കോൺഗ്രസ് പാർട്ടി ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസ് പാർട്ടി അക്കാര്യം കണ്ടമട്ട് കാണുന്നില്ല; കാരണം, ഇവിടെ അങ്ങനെ കൊടുക്കാൻ കഴിയില്ലായിരിക്കും. സഭയിലും അക്കാര്യം പരാമർശിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ വലിയ വെട്ടിക്കുറവുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി കോൺഗ്രസിന്റെ ഭരണകാലത്ത് കൊണ്ടുവന്നതാണ്. അതിൽ വലിയ തോതിലുള്ള വെട്ടിക്കുറവുണ്ട്; അതായത് ഒന്നൊന്നര ലക്ഷം കോടി രൂപയുടെ വെട്ടിക്കുറവ് വന്നിട്ടുണ്ട്. നെല്ലും ഗോതമ്പുമൊക്കെ ശേഖരിക്കുന്നതിനുള്ള പണത്തിലും വെട്ടിക്കുറവ് വന്നിട്ടുണ്ട്. വളം

സബ്സിഡിയിൽ 50,000 കോടി രൂപയും പെട്രോളിയം സബ്സിഡിയിൽ 6900 കോടി രൂപയും വെട്ടിക്കുറച്ചിട്ടുണ്ട്. ഇന്ത്യയിലെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രസംഗിച്ചത്. കർഷകരുടെ വലിയ പ്രക്ഷോഭത്തിന്റെ പശ്ചാത്തലം നമ്മുടെ തൊട്ടുമുമ്പിലുണ്ട്. ഒന്നും ഇരട്ടിയാക്കിയില്ലെന്നുമാത്രമല്ല, PM-KISAN ഫണ്ട് വിഹിതം മാത്രം ആയിരക്കണക്കിന് കോടി രൂപ വെട്ടിക്കുറച്ചു. പൊതുമേഖലയെ വിൽക്കുന്നത് കേന്ദ്രത്തിന്റെ നയമാണ്. അവരുടെ സാമ്പത്തിക നയത്തിന്റെ ഭാഗമായി ആദ്യം വന്നത് ഡീമോണിറ്റൈസേഷൻ ആയിരുന്നു. നോട്ട് നിരോധനമുണ്ടാക്കിയ അപകടങ്ങളെക്കുറിച്ച് ഞാൻ പറയേണ്ടതില്ല. ഇപ്പോൾ വന്ന പുതിയൊരു പോളിസിയാണ് മോണിറ്റൈസേഷൻ. ഇത് നിലവിൽ വന്നിട്ട് രണ്ടുവർഷമായി. മോണിറ്റൈസേഷൻ എന്ന് പറഞ്ഞാൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിൽക്കുക; അതുവഴി ലാഭമുണ്ടാക്കുകയാണ് ലക്ഷ്യം. ഏറ്റവും അവസാനം വിൽക്കാൻ വച്ചിരിക്കുന്നത് എൽ.ഐ.സി.-യെയാണ്. കേരളത്തിലെ പ്രമുഖമായ പല റെയിൽവെ സ്റ്റേഷനുകളും വിൽക്കുന്നതിന് ലിസ്റ്റ് ചെയ്തുകഴിഞ്ഞു. കേരളത്തോടും മറ്റെല്ലാ സംസ്ഥാനങ്ങളോടും അവർ പറയുന്നത് ഇതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെ

വിൽക്കണമെന്നാണ്. ആ നയമല്ല കേരളത്തിന്റേത്. കേന്ദ്രം ഇറച്ചി വിലയ്ക്ക് വിറ്റ സ്ഥാപനങ്ങൾ വില കൊടുത്തുവാങ്ങി നടത്തുന്നതാണ് കേരളത്തിന്റെ അനുഭവം. വെള്ളൂർ കെ.പി.പി.എൽ., പഴയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് അതിൽ ഉൾപ്പെടുന്നതാണ്. ഇന്നലെയും ഇന്നുമൊക്കെ നമ്മൾ വായിച്ച ഹിന്ദു പത്രത്തിന്റെ ഉൾപ്പേജുകൾ അച്ചടിച്ചത് അവർ അടച്ചുപൂട്ടിപോയ ന്യൂസ് പ്രിന്റുകളിൽനിന്ന് ഈ ഗവൺമെന്റ് വീണ്ടും പ്രവർത്തനമാരാംഭിച്ച പേപ്പർ മില്ലിലെ പേപ്പർ ഉപയോഗിച്ചാണ്. അത്തരത്തിൽ സിറാജും ചന്ദ്രികയും മംഗളവും ദേശാഭിമാനിയും ഉൾപ്പെടെ എല്ലാവരും വാങ്ങുന്ന പല പത്രങ്ങളുമുണ്ട്. ആ അടച്ചുപൂട്ടിയ ഫാക്ടറിയിൽ വീണ്ടും പത്രം അച്ചടിക്കുന്നു, പ്രവർത്തിക്കുന്നു. വലിയ ഒരു ഏരിയയിലാണ് വെള്ളൂർ ന്യൂസ് പ്രിന്റ് സ്ഥിതി ചെയ്തിരുന്നത്. അതേ സ്ഥലത്തുതന്നെയാണ് നമ്മൾ ഏക്കർ കണക്കിന് സ്ഥലമെടുത്ത് റബ്ബർ പാർക്ക് ആരംഭിച്ചത്. ആ റബ്ബർ പാർക്കിന് ഈ വർഷവും 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വെള്ളൂർ ന്യൂസ് പ്രിന്റിന്റെയും കാസർഗോഡുള്ള ടെൽക്-ന്റെയും മറ്റ് ഫാക്ടറികളുടെയും അനുഭവമാണ് നമുക്കുള്ളത്. ഏറ്റവും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ തിരുവനന്തപുരത്തെ എച്ച്.എൽ.എൽ.-നെ ഏറ്റെടുക്കാമെന്ന് പറഞ്ഞിരുന്നു. അവിടത്തെ അസംസ്കൃത പദാർത്ഥം റബ്ബറാണ്. എന്നാൽ

അവരത് ലേലത്തിൽപ്പോലും നമുക്ക് തരില്ലെന്നാണ് പറയുന്നത്. ഞങ്ങൾ ലേലത്തിന് ചേരാമെന്ന് പറഞ്ഞപ്പോൾ സംസ്ഥാന സർക്കാരിന് ലേലത്തിൽ ചേരാൻ പ്രൊവിഷനില്ലെന്നാണ് അവർ പറയുന്നത്. ഈ ലിസ്റ്റ് ചെയ്തിരിക്കുന്നതിൽ സംസ്ഥാന സർക്കാരുകളെ ഉൾപ്പെടുത്തിയിട്ടില്ല, പ്രൈവറ്റ് പ്ലെയേഴ്സ് മാത്രമേയുള്ളൂ എന്നാണ് പറയുന്നത്. അങ്ങനെ നമുക്ക് ഏറ്റെടുക്കാൻ സാധിക്കുന്നില്ല. തിരുവനന്തപുരം എയർപോർട്ട് ഇപ്പോൾ വലിയ വിവാദത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലാണല്ലോ; സിയാൽ (CIAL) ഇന്ത്യയിലെന്നല്ല ലോകത്തിലെതന്നെ ഏറ്റവും മികച്ച മോഡലാണ്. ആ എയർപോർട്ടിനെ ഏറ്റെടുക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല; പക്ഷേ അങ്ങനെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ പ്രാപ്തമാണ് കേരളം. ആ നേട്ടം കേവലം ഇടതുപക്ഷത്തിന്റേത് മാത്രമായി ഞങ്ങൾ അവകാശപ്പെടുകയല്ല മറിച്ച് നമുക്കൊരുമിച്ച് അവകാശപ്പെടാവുന്ന ഒരുപാടു നേട്ടങ്ങളുണ്ട്. ഈ സാഹചര്യത്തിൽ അത്തരം കാര്യങ്ങൾപോലും അംഗീകരിക്കാനോ സൂചിപ്പിക്കാനോ തയ്യാറാകുന്നില്ല. നമ്മുടെ നയം ഇത്തരം കാര്യങ്ങൾ ചെയ്യുക എന്നതാണ്. നേരെമറിച്ച് കേന്ദ്ര സർക്കാർ എടുക്കുന്ന നിലപാടല്ല നമ്മുടേത്. ഈ ബഡ്ജറ്റിലെ കാഴ്ചപ്പാടും അതുതന്നെയാണ്. റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് മുതൽ ബാങ്കിംഗ് സർവ്വീസസ് റിക്രൂട്ട്മെന്റ് ബോർഡും

യു.പി.എസ്.സി.-യും ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളെയും കേന്ദ്ര സർക്കാർ തകർക്കുകയാണ് ചെയ്തത്. പത്തുലക്ഷം ഒഴിവുകളുള്ളതിൽ കുറേ ഒഴിവുകൾ നികത്തുമെന്ന് ഇപ്പോൾ കേന്ദ്ര സർക്കാർ പ്രസ്താവിച്ചിരിക്കുന്നു. ഒന്നര ലക്ഷം ഒഴിവുകൾക്ക് പ്രധാനമന്ത്രിതന്നെ നേരിട്ട് ആദ്യത്തെ അപ്പോയിന്റ്മെന്റ് ഓർഡർ അയച്ചു കൊടുക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു. എത്രയോ വർഷമായി കേന്ദ്ര സർക്കാരിൽ പത്ത് ലക്ഷം ഒഴിവുകൾ നികത്താതെ കിടക്കുകയാണ്. അതിൽ ഒന്നര ലക്ഷം ഒഴിവുകൾ മാത്രമെ നികത്തുന്നുള്ളൂ. യൂണിവേഴ്സിറ്റികളിൽ 37000 അധ്യാപക തസ്തികകൾ റിപ്പോർട്ട് ചെയ്യുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 37000 അധ്യാപക തസ്തിക എന്ന് പറഞ്ഞാൽ സെന്റട്രൽ യൂണിവേഴ്സിറ്റിയിലെ 50 ശതമാനം ഒഴിവുകളിൽ ഒരു ഭാഗം മാത്രമെ വരുന്നുള്ളൂ. പട്ടാളത്തിൽ റിസർവ്വേഷൻ പാലിക്കുന്നില്ലെന്ന വിവാദം നേരത്തേയുണ്ട്. പട്ടാളത്തിലുൾപ്പെടെയുള്ള വകുപ്പുകളിൽ നാലു വർഷത്തെ കോൺട്രാക്ടിലാണ് ആളുകളെ നിയമിക്കുന്നത്. 5 വർഷം തികച്ച് നൽകുന്നില്ല. കേന്ദ്രം അങ്ങനെയൊരു സമീപനമെടുക്കുമ്പോൾ നമ്മുടെ സമീപനം എന്താണ്; ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി കേരളത്തിൽ 161361 നിയമനങ്ങൾ നടത്തുകയും അന്ന്

37840 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിരുന്നു. രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അഹങ്കാരം വന്നുവെന്ന് നിങ്ങൾ പറഞ്ഞല്ലോ; അഹങ്കാരമല്ല, നാട്ടുകാർക്കുവേണ്ടി ചെയ്യാനുള്ള കാര്യങ്ങളിൽ കൂടുതൽ താൽപ്പര്യമാണ് കാണിച്ചത്. ഈ സർക്കാരിന്റെ കാലത്ത് 8731 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും 37340 പേരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വർഷവുമുള്ള വ്യത്യാസമാണ് ഞാൻ സൂചിപ്പിച്ചത്. ഇതേസമയം മറ്റ് സംസ്ഥാനങ്ങളിലെ പി.എസ്.സി.-കളുടെ ശരാശരി കണക്ക് വന്നിട്ടുണ്ട്. ഇതിൽ ചെറിയ കറക്ഷനുകൾ ഉണ്ടാകും; കാരണം നമുക്ക് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. കേരളത്തിൽ ശരാശരി 33396 പേർക്ക് ഒരു വർഷം പി.എസ്.സി. വഴി നിയമനം ലഭിക്കുന്നുണ്ട്. ഇത് ഗുജറാത്തിൽ 628-ഉം വെസ്റ്റ് ബംഗാളിൽ 937-ഉം ആണ്. ഇവിടെയൊക്കെ കേരളത്തിന്റെ ഇരട്ടി ജനസംഖ്യയുണ്ടെന്ന് ഞാൻ പറയേണ്ടതില്ലല്ലോ; ഇടതുപക്ഷം ഏറെക്കാലം ഭരിച്ച സംസ്ഥാനമായ വെസ്റ്റ് ബംഗാളിൽ കഴിഞ്ഞ പത്ത് വർഷത്തിലധികമായി പി.എസ്.സി. വഴി ആകെ പതിനായിരത്തിലധികം ആളുകളെ മാത്രമെ നിയമിച്ചിട്ടുള്ളു. അതേസമയം ഇവിടെ ഏകദേശം രണ്ടര-മൂന്ന് ലക്ഷത്തോളം ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഇടതുപക്ഷം തകർന്നാൽ

എന്തായിരിക്കും ഉണ്ടാകുകയെന്നതിന് വെസ്റ്റ് ബംഗാളും ത്രിപുരയും ഉദാഹരണങ്ങളാണ്. ഇടതുപക്ഷത്തിന്റെ പൊതുരാഷ്ട്രീയത്തിന്റെ ഭാഗമായാണ് ഈ പരിമിതിക്കകത്ത് നിന്നുകൊണ്ട് ഇതെല്ലാം ചെയ്യുന്നത്. ലാഭകരമായ പൊതുമേഖലാ സ്ഥപനങ്ങളുടെ കണക്ക് എത്രയാണ്; പൊതുമേഖലാ സ്ഥപാനങ്ങളിൽനിന്ന് കഴിഞ്ഞ വർഷം നികുതിയായും ലാഭമായും ലാഭവിഹിതമായും 387 കോടി രൂപ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്നതല്ല നമ്മുടെ സമീപനം. ഇത്തരത്തിൽ സവിശേഷമായ ഒരുപാട് കാര്യങ്ങൾ ചെയ്തുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നമ്മുടെ സമ്പദ് വ്യവസ്ഥയുടെ ഇപ്പോഴുള്ള സ്ഥിതിയിലേയ്ക്ക് വളരെ പെട്ടെന്ന് വന്നതല്ല. വൈക്കം സത്യാഗ്രഹത്തിന്റെ നൂറാം വാർഷികം അടുത്തവർഷം നടക്കാൻ പോകുന്നതിനെക്കുറിച്ച് ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആ സത്യാഗ്രഹം നടക്കുമ്പോൾ ഇന്ത്യയിൽനിന്ന് കേരളത്തിലേയ്ക്ക് മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധ പതിഞ്ഞതും സിഖ് സമര സേനാനികളും പെരിയാർ ഇ. വി. രാമസ്വാമി നായ്ക്കർ ഉൾപ്പെടെയുള്ള തമിഴ്നാട്ടിലെ പ്രമുഖ നേതാക്കന്മാരും പങ്കെടുത്തിരുന്നതുമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ കടുത്ത വിവേചനവും അയിത്തവും

നവോത്ഥാനവുമെന്ന് പറയാവുന്ന ഒന്നാണ് വൈക്കം സത്യാഗ്രഹം. ഇപ്പോഴത്തെ സ്ഥിതിയിൽനിന്നും നേരെ വിപരീതമായ കാര്യങ്ങൾ നടക്കുന്ന കാലഘട്ടമായിരുന്നു അത്. ആ വൈക്കം സത്യാഗ്രഹം നടന്നതിന്റെ നൂറാം വാർഷികം വന്നപ്പോൾ ഇന്ത്യയിലും ലോകത്തും ശ്രദ്ധേയമായ സാമൂഹ്യ പുരോഗതിയുടെയും നവോത്ഥാനത്തിന്റെയും കേന്ദ്രമായി കേരളം മാറിയെങ്കിൽ, അതിന്റെ അടിസ്ഥാനം ഈ നാട്ടിലെ നവോത്ഥാന പ്രസ്ഥാനവും ഇടതുപക്ഷവുമാണെന്ന് നമുക്കെല്ലാവർക്കും ഒരുമിച്ച് അവകാശപ്പെടാവുന്നതാണ്. ആ സമരത്തിന്റെ ഭാഗമായി അന്ന് കോൺഗ്രസ് പാർട്ടിയുണ്ടായിരുന്നു. എ. കെ. ഗോപാലനും കേളപ്പനും ഉൾപ്പെടെ എല്ലാവരുമുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ആ കോൺഗ്രസ് പാർട്ടിയുടെ ആത്മാവ് പോയിരിക്കുകയാണ്; അതിന് ആത്മാവില്ല, ആ പാർട്ടിയുടെ സ്വഭാവമാകെ മാറി. ഇ.എം.എസ്.-ഉം എ.കെ.ജി.-യും സി. അച്യുതമേനോനും ഉൾപ്പെടെയുള്ളവർ അന്നത്തെ കോൺഗ്രസ് നേതാക്കന്മാരായിരുന്നു. അവരൊക്കെ പഴയ കോൺഗ്രസ്സുകാരാണ്. ആ കോൺഗ്രസ്സിന്റെ സ്വഭാവം തകർന്ന് ഇന്നെവിടെ എത്തിനിൽക്കുന്നുവെന്ന് ഞാൻ പറയേണ്ട കാര്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ സത്യാഗ്രഹമാണ് വൈക്കം സത്യാഗ്രഹം. ആ വൈക്കം സത്യാഗ്രഹത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ള പങ്കിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കേരളത്തിലും വൈക്കത്തും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനനം എന്നാണെന്നതിനെക്കുറിച്ച് അദ്ദേഹം പറയേണ്ടതല്ലേ; ഇന്ത്യൻ നാഷണൽ കോൺഗ്രസ്, എ.ഐ.സി.സി.-യുടെ തീരുമാനപ്രകാരം മഹാത്മാഗാന്ധിയുടെ അംഗീകാരത്തോടെ നടത്തിയ സമരത്തെ ഈ നിയമസഭയുടെ മറ ഉപയോഗിച്ചുകൊണ്ട് തട്ടിയടിക്കാൻ ശ്രമിക്കുന്നത് ശരിയാണോയെന്ന് അങ്ങ് പരിശോധിക്കണം.

<u>മി. സ്പീക്കർ</u>: അത് പരിശോധിക്കാം.+

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി ആ സമരത്തിൽ പങ്കെടുത്തുവെന്ന ഒരു വാക്കെങ്കിലും ഞാൻ പറഞ്ഞോ? അങ്ങയുടെ മനസിൽ കുറ്റബോധം കിടന്ന് കുത്തുന്നതുകൊണ്ടാണ്, നിങ്ങൾ അതിൽനിന്നെല്ലാം അകന്നുപോയതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 2364/ഇ.ബി/2023/നി.സെ. തീയതി 08-02-2023) സഭാരേഖകളിൽ നിലനിർത്തി.

എ. കെ. ഗോപാലനും പി. കൃഷ്ണപിള്ളയും ഗുരുവായൂർ സത്യാഗ്രഹത്തിൽ പങ്കെടുത്തത് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച് അതിശക്തരായ പ്രവർത്തകരായി മാറിയതിനുശേഷമല്ലല്ലോ? എന്നിട്ടും അവർ എത്രയോ വലിയ പ്രവർത്തനം നടത്തി. എ.കെ.ജി. പറഞ്ഞ കാര്യം ഞാൻ ഒന്നുകൂടി സൂചിപ്പിക്കുകയാണ്, " ഞാൻ എന്റെ ജീവിതകാലം മുഴുവൻ എന്തിനുവേണ്ടിയാണോ സമരം ചെയ്തത് ആ മഹത്തായ ഇന്ത്യയുടെ സ്വാതന്ത്ര്യം നേരിട്ട് കാണാൻ എനിക്ക് അവസരം വന്നില്ല, അന്ന് ഞാൻ ജയിലഴികൾക്കകത്ത് ആയിപ്പോയി"- കോൺഗ്രസ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എ.കെ.ജി. ജയിലിനകത്തായിരുന്നു. കോൺഗ്രസുകാർ അന്ന് ആളുകളെ കൈകാര്യം ചെയ്തത് എങ്ങനെയാണെന്നതിന്റെ ഉദാഹരണമാണ് ചൂണ്ടിക്കാണിച്ചത്. സ്വാതന്ത്ര്യ സമരത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചും അതിന്റെ പൊതുധാരയെക്കുറിച്ചുമാണ് ഞാൻ പറഞ്ഞത്. ഏതായാലും സ്വാതന്ത്ര്യസമരത്തിന്റെ പൊതുധാരയിൽ ആർ.എസ്.എസ്. ഇല്ലല്ലോ, അങ്ങനെ ഇല്ലെന്നതിൽ തർക്കമില്ല. ഈ കാര്യങ്ങളെല്ലാം പറയുമ്പോൾ നിങ്ങൾക്ക് വല്ലാതെ കൊള്ളേണ്ടതില്ല. നിങ്ങൾക്ക് ബഡ്ജറ്റ് എന്നത് വെറും കണക്ക് പുസ്തകം മാത്രമാണോ; ഈ രാജ്യത്തുണ്ടായ മാറ്റമൊന്നും

സൂചിപ്പിക്കണ്ടേ? കേരളത്തിൽ വഴിനടക്കാൻ അവകാശമില്ലാത്തവർക്ക് വേണ്ടി സമരം ചെയ്ത മഹാത്മാ അയ്യങ്കാളിയെക്കുറിച്ച് പരാമർശിക്കുന്ന, ഉജ്ജ്വലമായ കല്ലുമാലാ സമരത്തെക്കുറിച്ച് ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. മാറ് മറയ്ക്കാൻ അവകാശമില്ലാത്ത സ്ത്രീകൾ ദേശാഭിമാന പ്രചോദിതരായി നടത്തിയ ഉജ്ജ്വലമായ സമരത്തിന്റെ ഭാഗമായി അവർ അണിയണമെന്ന് നിഷ്കർഷിക്കപ്പെട്ടിരുന്ന കല്ലയും മാലയും പറിച്ചെറിഞ്ഞ ആ സമരം ഇന്നത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിലെത്തുന്ന അവസ്ഥയുടെ അടിസ്ഥാനമല്ലേ? ബഡ്ജറ്റിൽ എന്തുമാകാമെന്നല്ല; ഇന്ത്യയിലെ മറ്റ് ചില സംസ്ഥാനങ്ങളിൽ ഇപ്പോഴും വഴിനടക്കാനും മറ്റും അവകാശമില്ലാത്ത പ്രദേശങ്ങളുണ്ട്; ആ അവസ്ഥയിലേയ്ക്ക് കേരളം തിരിച്ചുപോകരുത്. നവോത്ഥാനത്തിന്റെ ഭാഗമായാണ് നമുക്ക് ഈ അവകാശങ്ങളെല്ലാം ലഭ്യമായത്. ആ പ്രവർത്തനങ്ങളുടെ ഭാഗമായി ഉയർന്നുവന്ന കേരളം അഭിമാനകരമായി ആ മൂല്യങ്ങൾ തുടരുന്നുവെന്നാണ് ഞാൻ പറയുന്നത്. എൽ.പി. സ്കൂളുകളുൾപ്പെടെ 13300-ൽ അധികം സ്കൂളുകൾ കേരളത്തിലുണ്ട്. അന്ന് സ്കൂളുകളിൽ പഠിക്കാനായി കയറിയിരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരുന്നു. 'എന്റെ സമുദായത്തിൽപ്പെട്ട കുട്ടികളെ നിങ്ങൾ പഠിപ്പിക്കാൻ തയ്യാറായില്ലെങ്കിൽ ഞങ്ങൾ പാടത്തിറങ്ങി പണി ചെയ്യില്ല'

എന്ന് പറഞ്ഞുകൊണ്ട് ഉജ്ജ്വലമായ സമരം നടത്തപ്പെട്ടു, ആ പ്രക്ഷോഭങ്ങൾക്കുംമറ്റും തുടർച്ചകളുണ്ടായി. ആ അനുഭവത്തിന്റെ തുടർച്ചകളായി സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. അതിന്റെ നേരവകാശികളായ ഇടതുപക്ഷക്കാരും കമ്മ്യൂണിസ്റ്റുകാരുമാണ് അത് ഇന്നും കൊണ്ടുനടക്കുന്നതെന്ന കാര്യത്തിലേയ്ക്ക് എത്തണമെങ്കിൽ ബഹുമാനപ്പെട്ട ചില അംഗങ്ങളെങ്കിലും ഇവിടെ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കേണ്ടിവരും. ഞാൻ സൂചിപ്പിച്ചതരത്തിലുള്ള അന്തരീക്ഷത്തിലേയ്ക്ക് കേരളത്തെ മാറ്റിയെടുത്ത തുടർച്ചകളിലേയ്ക്ക് നാം പോകുമ്പോൾ, ദൗർഭാഗ്യകരമെന്ന് പറയട്ടെ, ചരിത്രത്തെ മാറ്റാനും തമസ്കരിക്കാനും ശ്രമിക്കുന്ന ശക്തികളാണ് ഇന്ത്യയിൽ അധികാരത്തിലിരിക്കുന്നത്. അതിനെ പിന്തുണച്ചുകൊണ്ട് നാം പോകാൻ പാടില്ല. ചരിത്രത്തെ ഫാസിസ്റ്റുകൾ തിരസ്കരിക്കാറുണ്ട്. ലോകത്തെ ഏറ്റവും വലിയ ശിലാ പ്രതിമകളായ ബാമിയാൻ ബുദ്ധവിഗ്രഹങ്ങളെ തകർക്കുന്ന പ്രവൃത്തിയാണ് താലിബാൻ ആദ്യം ചെയ്തത്. ഇന്ത്യയിലും അത്തരത്തിലുള്ള ഓർമ്മകളെയും അവശേഷിപ്പുകളെയും മാത്രമല്ല ചരിത്രപുസ്തകങ്ങളും ഇല്ലാതാക്കുന്ന എന്തിനേറെ, ആധുനികത കൊണ്ടുവരാതെ സയൻസിലും ടെക്നോളജിയിലുംപോലും മാറ്റങ്ങൾ വരുത്താനുള്ള ശ്രമം നടക്കുകയാണ്.

അത്തരമൊരു ഘട്ടത്തിൽ അതിനൊക്കെ എതിരായി കേരളത്തിൽ കുറേയേറെ കാര്യങ്ങൾ നടക്കുന്നുണ്ടെന്ന് പറയണ്ടേ? ഇത്രയേറെ സ്കൂളുകളുള്ളത് കേരളത്തിൽ മാത്രമാണ്. കേരളത്തിൽ 50,000 രൂപയെങ്കിലും ഒരു കുട്ടിക്കുവേണ്ടി നാം ചെലവാക്കുന്നുണ്ട്. സ്കൂളിലെ അധ്യാപകരുടെ കണക്കെടുത്താൽ 1:40 എന്ന അനുപാതമല്ല, വാസ്തവത്തിൽ 1:21, 1:22 എന്നീ അനുപാതങ്ങൾ ഇവിടെ പലയിടത്തും പ്രയോഗത്തിൽവരുന്നുണ്ട്. കുട്ടികൾ കുറഞ്ഞതടക്കം എല്ലാ സ്കൂളുകളും നടത്തിക്കൊണ്ടുപോകുന്നതുകൊണ്ടുള്ള വലിയ കാര്യമാണത്. വിദ്യാഭ്യാസമാണ് ഏറ്റവും പ്രധാനമെന്നതിനാൽ ആ വിദ്യാഭ്യാസത്തിന് നമ്മൾ കൊടുക്കുന്ന പ്രാധാന്യം ഒരു വശത്ത് നിൽക്കുമ്പോൾ മറുവശത്ത് വിദ്യാഭ്യാസത്തിനായുള്ള ആനുകൂല്യങ്ങളെല്ലാം കേന്ദ്ര ബഡ്ജറ്റിൽ കട്ട് ചെയ്യുകയാണ്. എന്നാൽ സംസ്ഥാനം ഈ മേഖലയിൽ ഒരു പൈസപോലും കുറച്ചില്ലല്ലോ; ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പണം വകയിരുത്തിക്കൊണ്ട് കാര്യങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നുവെന്നതാണ് ഈ ബഡ്ജറ്റിന്റെ പൊതുവായ കാഴ്ചപ്പാട്. വിദ്യാഭ്യാസമെന്നത് പൊതുവിദ്യാഭ്യാസം മാത്രമല്ല, ഉന്നതവിദ്യാഭ്യാസത്തിന്റെ മേഖലകൂടി ഉൾപ്പെട്ടതാണ്. പൊതുവിദ്യാഭ്യാസ

മേഖലയിൽ വളരെയധികം പുരോഗതിയുണ്ട്. മറ്റ് സ്റ്റേറ്റുകളുടെയും സ്കൂളുകളുടെയും കണക്കൊന്നും ഇപ്പോൾ പരാമർശിക്കുന്നില്ല. നമ്മെക്കാൾ ഇരട്ടി ജനസംഖ്യയുള്ള സംസ്ഥാനങ്ങളിൽപ്പോലും നമ്മുടെ സ്കൂളുകളുടെ എണ്ണത്തിന്റെ പകുതിപോലും ഇല്ലെന്നുള്ളത് സംബന്ധിച്ച് കണക്കുകളിലൂടെ പറയാം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമ്മുടെ നിലവാരം കൂടുതൽ ഉയരേണ്ടതുണ്ട്. അതിനുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിലും കഴിഞ്ഞ ബഡ്ജറ്റിലും സ്വീകരിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളെല്ലാം ഇതേ സമീപനംതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. 1957 -ലെ ഒന്നാം ഗവൺമെന്റ് മുതലുള്ള തുടർച്ചയാണിത്. ഇതൊക്കെ ആ തുടർച്ചയുടെ ഭാഗമായാണ് വരുന്നത്. ഒന്നാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അധികാരത്തിൽനിന്നും താഴെ ഇറക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രകോപനം വിദ്യാഭ്യാസ നിയമമടക്കമുള്ള കാര്യങ്ങളാണ്. അത്തരം കാര്യങ്ങളിലൂടെ കേരളത്തിലെ സാധാരണക്കാരന് ഭൂമിയും വിദ്യാഭ്യാസവും ലഭിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തപ്പോൾ അതിനെതിരായി അന്നുനടന്നത് ഒരു നിരാഹാരമല്ല, ആ ഗവൺമെന്റിനെത്തന്നെ പിരിച്ചുവിടാനുള്ള ശേഷി അന്ന് നിങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതില്ലാത്തതുകൊണ്ട് ചില സമരങ്ങൾ ചെയ്യാനേ സാധിക്കുകയുള്ളൂ; ഇപ്പോൾ സത്യാഗ്രഹം

നടത്തുകയാണ്. അന്ന് എ.ഐ.സി.സി. പ്രസിഡന്റിനെയും ഇന്ത്യൻ പ്രധാനമന്ത്രിയെയും സ്വാധീനിച്ച് ആ ഗവൺമെന്റിനെത്തന്നെ പിരിച്ചുവിട്ട ആളുകളാണ് നിങ്ങൾ. അങ്ങനെയൊരു ചരിത്രവുമുണ്ട്, അവയെ നേരിട്ട് വലിയ മുന്നേറ്റം നടത്തിയാണ് ഇത്രത്തോളം എത്തിയത്. വ്യവസായത്തിലും കൃഷിയിലും സർവ്വീസ് സെക്ടറിലുമെല്ലാം വലിയ പുരോഗതി കൈവരിക്കുന്നതിനുള്ള കാര്യങ്ങൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതോടൊപ്പം 11,000 കോടി രൂപ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്ന സംസ്ഥാനമാണ് കേരളം. പെൻഷൻ നൽകുന്നത് 60 ലക്ഷത്തിൽ കൂടുതൽ ആളുകൾക്കാണ്. കൃത്യമായി പറഞ്ഞാൽ 4.5 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നത് ക്ഷേമനിധികളിൽ നിന്നാണ്. 6.75 ലക്ഷം പേർ ക്ഷേമനിധി അംഗങ്ങളാണെങ്കിലും പല ക്ഷേമനിധികളും ചെറുതും പണമില്ലാത്തവയും ആയതിനാൽ പെൻഷൻ നൽകാൻ കഴിയാത്ത അത്തരം ക്ഷേമനിധികളിലുള്ളവർക്കും 51 ലക്ഷത്തോളം വരുന്ന മറ്റാളുകൾക്കും പൂർണ്ണമായും 1600 രൂപ വീതം നൽകുന്ന ഒരു വലിയ പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്. കേരളത്തിൽ ഏകദേശം 85 ലക്ഷം വീടുകളാണുള്ളത്. 85 ലക്ഷം വീടുകളുള്ള കേരളത്തിൽ 60 ലക്ഷം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. അങ്ങനെ

നൽകുന്ന 11,000 കോടി രൂപ നമ്മുടെ ബഡ്ജറ്ററി എക്സ്പെൻഡിച്ചറിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്നാമത്തെയോ നാലാമത്തെയോ ഇനമാണ്. ശമ്പളം, പലിശ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം തുടങ്ങിയ ക്രമത്തിൽ അടുത്ത ഇനമായി ഈ തുകയുംവരും. അത്രയും പണം സാമൂഹ്യക്ഷേമ പെൻഷനുകൾക്കായി മാറ്റിവയ്ക്കുന്നുണ്ട്. പെൻഷൻ നൽകിക്കൊണ്ട് ഈ നാട്ടിലെ സാധാരണക്കാരെ സംരക്ഷിക്കുന്ന നിലപാട് ശക്തമാക്കണമെന്ന കാഴ്ചപ്പാട് അതിശക്തമായി ഞങ്ങൾ മുമ്പോട്ടുവയ്ക്കുമ്പോൾ അതില്ലാതാക്കണമെന്ന ആഗ്രഹം പറഞ്ഞാൽ ഞങ്ങൾ സമ്മതിക്കില്ല, അതുമാത്രമെ ഞങ്ങൾ പറഞ്ഞുള്ളൂ. ചികിത്സയുടെ കാര്യത്തിൽ 42 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപവരെ ലഭ്യമാകുന്നതരത്തിലുള്ള ചികിത്സാ പദ്ധതിയാണ് ഇവിടെയുള്ളത്. പ്രതിവർഷം 1400 കോടി രൂപയാണ് ഇതിനാവശ്യമായി വരുന്നത്. ബഡ്ജറ്റിൽ 800 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും ചെലവാക്കി വന്നപ്പോൾ 1400 കോടി രൂപ ആവശ്യമായിവരുന്നു. നെല്ല്, നാളികേരം തുടങ്ങിയവയ്ക്കൊക്കെ ഇന്ത്യയിൽത്തന്നെ ഏറ്റവും ഉയർന്ന വില ലഭ്യമാകുന്നത് കേരളത്തിലാണ്. റബ്ബറിന് താങ്ങുവില നൽകുന്നതിന് വകയിരുത്തുന്ന തുക 600 കോടി രൂപയായി വർദ്ധിപ്പിച്ചു. സബ്സിഡി നിരക്കിൽ അരി നൽകുന്നതിനും

സംസ്ഥാനത്തേയ്ക്ക് അരി എത്തിക്കുന്നതിനുമൊക്കെ 810 കോടി രൂപ ചെലവാകുന്നുണ്ട്. ഇങ്ങനെ ഓരോ മേഖലയിലും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. പൊതു സ്കൂളുകളിൽ 10 ലക്ഷം കുട്ടികൾ വർദ്ധിച്ച കാര്യമെല്ലാം കണക്കുകളിൽ സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഒരു കാര്യവും ചെയ്യുന്നില്ലെന്ന് പറയാൻ പറ്റുമോ? കെ.എസ്.ആർ.ടി.സി.-ക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം 3376 കോടി രൂപയാണ് നൽകിയത്; നടപ്പ് സാമ്പത്തിക വർഷം 1325 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇന്ന് രാവിലെയുള്ള അടിയന്തരപ്രമേയത്തിൽ ലൈഫ് പദ്ധതിയുടെ കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചിരുന്നു, എല്ലാവർക്കും വീട് എന്നതാണ് നമ്മുടെ കാഴ്ചപ്പാട്. ഏകദേശം 3 ലക്ഷം ആളുകൾക്കുകൂടി വീട് ഉണ്ടായിക്കഴിഞ്ഞാൽ, മുഴുവൻ ആളുകൾക്കും വീടുണ്ടായിരിക്കുന്ന, സോഷ്യലിസ്റ്റ് രാജ്യത്തിന് പുറത്തുള്ള ആദ്യത്തെ പ്രദേശമായി കേരളം മാറും; അതാണ് ലൈഫ് പദ്ധതി. കേരളത്തിന്റെ വികസന മാതൃകയിലും പ്രത്യേകതയുണ്ട്. ഇന്ത്യയിൽ ആകെയുള്ള ജനങ്ങളിൽ ഒന്നോ രണ്ടോ ശതമാനം ആളുകളിലാണ് ഇന്ത്യയുടെ സ്വത്തിന്റെ 40 ശതമാനവും ഉള്ളതെന്നാണ് Oxfam-ന്റെ കണക്കുകളിൽ പറയുന്നത്. എന്നാൽ കേരളത്തിൽ അങ്ങനെയല്ല, സ്വത്ത്

ഡിസ്ട്രിബ്യൂട്ട് ചെയ്ത ആളുകൾക്ക് മാന്യമായി ജീവിക്കാൻ സാധിക്കണം. നമ്മുടെ കാഴ്ചപ്പാടും അതുതന്നെയാണ്. ആ തരത്തിലുള്ള വികസനമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ദേശീയ ശരാശരിയെക്കാൾ ഒന്നര ഇരട്ടിയിലധികമാണ് നമ്മുടെ ആളോഹരി വരുമാനം. ഇതിന്റെ ഭാഗമായി കേരളത്തിന് ലഭിച്ച വിവിധ പുരസ്കാരങ്ങളെക്കുറിച്ച് ഞാൻ ഓർമ്മിപ്പിക്കുന്നില്ല. ആരോഗ്യ-വിദ്യാഭ്യാസ-ക്രമസമാധാന മേഖലകളിലും സംസ്ഥാന പുരോഗതിയിലും സംസ്ഥാനത്തിന് വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇതൊക്കെ ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞ് സംതൃപ്തിയടഞ്ഞ് മുന്നോട്ടുപോകുകയെന്ന നയമല്ല നാം സ്വീകരിച്ചിരിക്കുന്നത്. ബഡ്ജറ്റിലെ പ്രധാനപ്പെട്ട thrust എന്തൊക്കെയാണ്? ഇതിന്റെ ആമുഖത്തിൽത്തന്നെ കഴിഞ്ഞ വർഷങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ നിലവിലെ സ്ഥിതിയാണ് പറഞ്ഞിരിക്കുന്നത് . വെറുതെ പ്രസംഗം നടത്തി പോയതല്ല, അന്ന് പ്രഖ്യാപിച്ച കാര്യങ്ങളിൽ ചില പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഓരോ സാമാജികരുടെയും മണ്ഡലങ്ങളിലും ജില്ലകളിലും ഓരോ പ്രദേശത്തും ആ പ്രവർത്തനങ്ങൾ തീർച്ചയായും വരുന്നതാണ്. ഗ്രാഫീൻ പോലുള്ളവയിൽ ഒരുസ്ഥലത്ത് ഗവേഷണം നടന്നുകൊണ്ടിരിക്കുമ്പോൾ മറ്റൊരിടത്ത് ഉത്പാദനം നടക്കുകയാണ്. Carborundum Universal Ltd. അതിന്റെ ചില

ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഘട്ടത്തിലേയ്ക്ക് എത്തിയെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. പല മേഖലകളിലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് വികസനം ഉറപ്പാക്കുന്നുണ്ട്. 1970-80-കളിൽ കശുവണ്ടി ഫാക്ടറികളും കയർ ഫാക്ടറികളും നമുക്കുണ്ടായിരുന്നു; ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അടക്കമുള്ളവർക്ക് ആ ചരിത്രത്തെക്കുറിച്ച് അറിയാവുന്നതാണ്. നമ്മുടെ പരമ്പരാഗത വ്യവസായ മേഖല സ്വാഭാവികമായും ഒരു Sunset industry ആണ്. ആ മേഖലയെ ശക്തിപ്പെടുത്തണമെന്ന് പറയുമ്പോൾത്തന്നെ പ്രസ്തുത മേഖലയിലെ വളർച്ചയുടെ വേഗം കുറഞ്ഞു. വ്യാവസായിക ഉത്പാദനത്തിൽ 7 ശതമാനംവരെ കുറവുണ്ടായിരുന്നു. എന്നാൽ അഭിമാനത്തോടെ പറയാം, നമ്മൾ അതിൽ 15 ശതമാനത്തിലേയ്ക്ക് എത്തിക്കഴിഞ്ഞു. ഇതിൽത്തന്നെ ഉത്പാദനം മാത്രം നോക്കിയാൽ 18 ശതമാനത്തിൽ കൂടുതലുണ്ട്. ശ്രീ. സി. ബാലഗോപാൽ ഐ.എ.എസ്.-ന്റെ പുസ്തകത്തിൽ ഇവിടെയുള്ള 50 വ്യവസായ സംരംഭങ്ങളെക്കുറിച്ച് പ്രത്യേകം പറയുന്നുണ്ട്. ഇവിടെ ഒരു അംഗം ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട കുറെ ഹെഡ്ഡിംഗുകളെടുത്ത് വായിച്ചു. ഇന്ത്യയിലെ പ്രഗത്ഭ ഇക്കോണമിസ്റ്റുകളായ ഡോ. കെ. പി. കണ്ണനും ശ്രീമതി നിർമ്മല പത്മനാഭനും FICCI

(Federation of Indian Chambers of Commerce & Industry)-യുടെയും മറ്റ് സ്ഥാപനങ്ങളുടെയും വ്യവസായ രംഗത്തെ വിദഗ്ദ്ധരുമൊക്കെ ഈ ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞ പല വാർത്തകളും അനാലിസിസുമുണ്ട്. ഇതിനെക്കുറിച്ച് പറഞ്ഞ സുഹൃത്തുക്കൾക്ക് ഞാൻ അത് അയച്ചുതരാം. ഇവിടെ അവതരിപ്പിച്ചത് ഭാവിയെ അറിയുന്ന ബഡ്ജറ്റാണെന്ന് പറഞ്ഞു. കേരളത്തിന്റെ പ്രത്യേകതയെന്താണ്? കേരളത്തിലെ ഡെമോഗ്രഫിയുടെ മാറ്റം നാം ഗൗരവത്തോടെ ആലോചിക്കേണ്ടതുണ്ട്. ഇന്ന് നമ്മുടെ നാട്ടിൽ ഒരു വർഷം 4.6 ലക്ഷം കുട്ടികൾ പുതുതായി ജനിക്കുന്നുണ്ട്. നേരത്തെ ഇത് 5.6 ലക്ഷവും 1980-കളിൽ 6.6 ലക്ഷവുമായിരുന്നു. പ്രായമായവരുടെ എണ്ണം വർദ്ധിക്കുകയാണ്. ജെറിയാട്രിക് പോപ്പുലേഷൻ വർദ്ധിക്കുന്നത് നല്ലതാണ്. നമ്മുടെ ആരോഗ്യം മെച്ചമായതുകൊണ്ടാണ് അവരുടെ എണ്ണം വർദ്ധിക്കുന്നത്. പക്ഷെ പുതിയ കുട്ടികളുടെ ജനനവും എണ്ണവും കുറയുന്നുണ്ട്; അടുത്ത പത്തുവർഷം കഴിയുമ്പോൾ ഇത് 3.6 ലക്ഷമായി കുറയുന്നതാണ്. ഒരുപക്ഷെ കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും ഗൗരവമായ പ്രശ്നം ഇതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രശ്നം പോലെയാണോ? കേരളത്തിലെ ഏറ്റവും പ്രധാന പ്രശ്നം ഇതാണ്. പ്രായമുള്ള 4 ആളുകൾക്കുവേണ്ടി 2 ആൾപോലും

ഇവിടെ കാണില്ല എന്നുപറയുന്നത് ചെറിയ പ്രശ്നമാണോ; എത്ര പണമുണ്ടെങ്കിലും എത്ര മറ്റുകാര്യങ്ങളുണ്ടെങ്കിലും നമ്മുടെ നാട്ടിൽ ആളുകളില്ലാതിരുന്നാൽ ശരിയാകില്ല. അതുകൊണ്ട് ജെറിയാട്രിക് പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. അതുപോലെ ഏറ്റവും നല്ല തൊഴിൽ സാഹചര്യങ്ങളും സൗകര്യങ്ങളും വരാനുള്ള കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്നതിനുതന്നെയാണ് പ്രാധാന്യം നൽകുന്നത്. അതിന് വിവിധ പദ്ധതികൾ നടപ്പാക്കണം. നമ്മെ ഒരുപോലെ ബാധിക്കുന്ന പ്രശ്നമാണിത്. കേരളത്തിന് പുറത്ത് പഠിക്കാനായി പോകുന്നവരിൽ ചിലർ അവിടെത്തന്നെ താമസമാക്കുന്നുമുണ്ട്. ആ സൗകര്യങ്ങളൊക്കെ ഇവിടെ ഒരുക്കിയാൽ ആളുകൾ തിരിച്ചുവരും. അത്തരം സൗകര്യങ്ങളൊരുക്കുന്നതിന് റോഡുകളിലും കെട്ടിടങ്ങളിലും ഇൻഫ്രാസ്ട്രക്ചറിലുമൊക്കെ വലിയ മാറ്റമുണ്ടാകേണ്ടതുണ്ട്. അതിലേയ്ക്കുള്ള ഓരോ കാര്യങ്ങൾക്കും പണം വകയിരുത്തിയിട്ടുണ്ട്. മേക്ക് ഇൻ കേരള എന്ന പരിപാടി സംബന്ധിച്ച് പ്രാഥമികമായി സി.ഡി.എസ്. നടത്തിയ പഠനത്തിൽ ട്രേഡ് ഡെഫിസിറ്റുതന്നെ അറുപതിനായിരം കോടി രൂപയ്ക്കടുത്താണെന്നാണ് മനസ്സിലായത്. സംസ്ഥാനത്തുനിന്നും പുറത്തേയ്ക്കുപോകുന്ന സാധനങ്ങളെക്കാളും ഇരട്ടിയിലധികം സാധനങ്ങൾ അകത്തേയ്ക്ക് വരുന്നുണ്ട്.

പുറത്തേയ്ക്ക് പോകുന്നതിൽ ഏറ്റവും കൂടുതൽ റോ റബ്ബർ പോലെയുള്ള സാധനങ്ങളാണ്. പത്തിരുപത് ശതമാനമെങ്കിലും പ്രൊഡക്ഷൻ വന്നാൽ അത്രയും ജോലിയും ഉത്പാദനവുമുണ്ടാകും. അതുപോലെ കാർഷിക മേഖലയിലെ വാല്യൂ ആഡഡ് പ്രൊഡക്ഷനുവേണ്ടി മുൻകൈയെടുക്കുന്നതിന് ഇന്നത്തെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി മറുപടി പറഞ്ഞിരുന്നു. ഇത്തരം കാര്യങ്ങൾ വരുമ്പോൾ നമ്മുടെ നാട്ടിലെ ഉത്പാദനം വർദ്ധിക്കുമെന്ന് മാത്രമല്ല; കൂടുതൽ തൊഴിലവസരങ്ങളും ലഭിക്കുന്നതാണ്. അതിനുവേണ്ടിയാണ് മേക്ക് ഇൻ കേരള പദ്ധതി. ഇപ്പോഴുള്ള ബഡ്ജറ്റ് തുകയുടെകൂടെ പൊതുവിൽ ഉത്പാദനത്തിനായി ആയിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുന്ന ഈ വർഷം 100 കോടി രൂപ അതിനായി മാറ്റി വയ്ക്കുന്നുണ്ട്. മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, വിഴിഞ്ഞം തുറമുഖത്തിന്റെ കാര്യമാണ്. കിഫ്ബി പോലുള്ള പദ്ധതികളെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള ചർച്ച നടത്തിയതുകൊണ്ടാണ് ഞാൻ അതിനുവേണ്ടി സമയമെടുക്കാത്തത്. കിഫ്ബി പദ്ധതി ഇല്ലാതാക്കാൻ കേന്ദ്രം ശ്രമിച്ചാൽ ഇനി കിഫ്ബി ഇല്ല, അതുകൊണ്ട് കിഫ്ബിയില്ലാത്തതുപോലെ പെരുമാറണമെന്നല്ല ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഇന്ത്യാഗവൺമെന്റിനുള്ള അവകാശംപോലെ നമുക്കും അവകാശമുണ്ടെന്നു പറഞ്ഞ് പോരാടാനും പൊരുതാനും പ്രതിപക്ഷനേതാവുംകൂടി കേരളത്തിന്റെകൂടെ നിൽക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. അതാണ് വേണ്ടത്. മറ്റ് സംസ്ഥാനങ്ങളായ രാജസ്ഥാനും തെലങ്കാനയും തമിഴ്നാടും അത് പറയുന്നുണ്ടല്ലോ; രാജസ്ഥാനിൽ കോൺഗ്രസ്സല്ലേ ഭരിക്കുന്നത്? അങ്ങനെയൊരു സമീപനമെടുക്കുകയും ശക്തിപ്പെടുത്തുകയും വേണം. അതോടൊപ്പം കേരളത്തിന്റെ വികസനത്തിൽ എങ്ങനെയാണ് പുതിയ കാര്യങ്ങൾ ചെയ്യുന്നത്? വിഴിഞ്ഞത്ത് ഏകദേശം 70 കിലോമീറ്റർ നീളം വരുന്ന ഒരു ഇൻഡസ്ട്രിയൽ കോറിഡോറാണ് നമ്മൾ പ്ലാൻ ചെയ്തിരിക്കുന്നത്. അത് സാധാരണ ഒരു റോഡല്ല, അതിനെക്കാൾ കൂടുതൽ വിസ്താരത്തിൽ 70 മീറ്ററിലധികംവരുന്ന റോഡാണ്. സിംഗപൂർ, ദുബായ്, ഷാങ്ഹായ് പോലെയുള്ള വലിയ പോർട്ടുകളുടെ ചുറ്റുമാണ് വലിയ നഗരങ്ങൾ വന്നിട്ടുള്ളത്. അതാണ് വലിയ പോർട്ടുകളുടെ പ്രത്യേകത. എക്സ്പോർട്ട് പ്രൊമോഷനുവേണ്ടിയുള്ള കാര്യങ്ങൾ നിർമ്മിക്കാനും അതുമായി ബന്ധപ്പെട്ട ആക്ടിവിറ്റി നടത്താനുമുള്ള സൗകര്യങ്ങളുണ്ട്. അങ്ങനെ വരുമ്പോൾ വിഴിഞ്ഞത്തിന് ചുറ്റുപാടുമുള്ള സ്ഥലത്ത് പുതിയ വികസനം വരേണ്ടതുണ്ട്. റോഡ് വന്നതുകൊണ്ടുമാത്രം കാര്യമില്ല. ഞങ്ങൾ പുതിയ കാഴ്ചപ്പാട്

വച്ചിട്ടുണ്ട്. ഇതിൽ ഗവൺമെന്റിന്റെയും പ്രൈവറ്റിന്റെയും സപ്പോർട്ടും ലാൻഡ് പൂളിംഗും ഉൾപ്പെടെയുണ്ടാകും. വസ്തുവിന്റെ ഉടമസ്ഥർക്ക് നല്ല വില ലഭിക്കും. നമ്മൾ വിദ്യാർത്ഥികളായിരുന്ന സമയത്ത്, അതായത് ടെക്നോപാർക്കിന്റെ വികസന ഘട്ടത്തിൽ ആയിരം രൂപയ്ക്കുപോലും ഒരു സെന്റ് സ്ഥലം അവിടെ ലഭിക്കുമായിരുന്നു. ഇന്ന് അവിടെയൊക്കെ എത്ര ലക്ഷം രൂപയാണ് വില പറയുന്നതെന്ന് പരിശോധിക്കണം. അങ്ങനെ വലിയതോതിൽ വില വർദ്ധനവുണ്ടാകും. സാധാരണക്കാർക്ക് ഗുണം കിട്ടുന്ന തരത്തിലേയ്ക്ക് ലാൻഡ് പൂളിംഗ് നടത്താൻ ഫലപ്രദമായ പി.പി.പി. വഴി ആ മേഖലയിൽ വലിയതോതിലുള്ള വികസനം കൊണ്ടുവരുന്നതാണ്. ഭാവിയിൽ ലക്ഷകണക്കിന് ആളുകൾക്ക് ജോലി നൽകാൻ കഴിയുന്ന, ഏറ്റവും വലിയ സാധ്യതകളുള്ള സ്ഥലമാണ്. വിഴിഞ്ഞത്തിനുവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രയോറിറ്റിയാണ് ഇതിൽ കൊടുത്തിരിക്കുന്നത്. കേരളത്തിന്റെ ഭാവിയുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായിരിക്കും വിഴിഞ്ഞം പദ്ധതി. കോ-ഓപ്പറേറ്റീവ് സെക്ടറിനെയും മറ്റുമൊക്കെ എങ്ങനെ ഉപയോഗിക്കാമെന്ന് ശ്രീ. പി. അബ്ദുൽ ഹമീദ് ചോദിച്ചു. കോ-ഓപ്പറേറ്റീവ് സെക്ടറിൽ രണ്ടരലക്ഷം കോടി രൂപ നമുക്കുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഒരു പുതിയ പ്രശ്നം വന്നിട്ടുണ്ട്. നേരത്തെ വില്ലേജ് തലത്തിലും പഞ്ചായത്തുകളിലുമൊന്നും

അവരുടെ കോ-ഓപ്പറേറ്റീവ്സ് ഇല്ലായിരുന്നു. ആകെ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്സ് മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും കോ-ഓപ്പറേറ്റീവ് സെക്ടറിനെ കൊണ്ടുവരാൻ ശ്രമം നടത്തിവരികയാണ്. അത് നമ്മുടെ കോ-ഓപ്പറേറ്റീവ് സെക്ടറിനെ തകർക്കാനുള്ള നിയമമാണ്. അങ്ങനെ വരുമ്പോൾ നമ്മൾ വളരെ ശ്രദ്ധാപൂർവ്വം പോകണം. നമ്മുടെ നിക്ഷേപം ഡെഡ് മണിയായി കിടന്നിട്ടില്ല. സംസ്ഥാന സർക്കാർ പലപ്പോഴും ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യാറുണ്ട്; എന്നാലും ധാരാളം പണമുണ്ട്. നമ്മുടെ നാട്ടിൽ പി.പി.പി. റോഡുകളാണ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്നത്. പലകാര്യങ്ങളിലും നന്നായി റിട്ടേൺ ലഭിക്കുന്ന പദ്ധതികൾക്ക് സഹകരണ മേഖലയുടെയും സർക്കാരിന്റെയും സംയുക്തമായ പദ്ധതികൾ ഉപയോഗിക്കുകയെന്നുള്ളത് വളരെ പ്രധാനമാണ്. അതിനുള്ള പദ്ധതികൾ തയ്യാറാക്കി അതും ഉപയോഗിക്കാവുന്നതാണ്. ഞാൻ കഴിഞ്ഞ ദിവസം കോ-ഓപ്പറേറ്റീവ് മേഖലയെയും മറ്റ് മേഖലകളെയും ഉപയോഗിച്ച് വലിയ വികസന കാര്യങ്ങൾ കൊണ്ടുവരാമെന്ന് ഒരു അംഗത്തിന്റെ സബ്മിഷന് മറുപടിയായി പറയുകയുണ്ടായി. കേരളത്തിന്റെ ഹെൽത്ത് സെക്ടർ ഏറ്റവും ശ്രദ്ധേയമാണ്. അതിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

ലോകത്തിന്റെ പലഭാഗത്തുനിന്നും ഇന്ത്യയിലേയ്ക്ക് ചികിത്സയ്ക്ക് ആളുകളെ എത്തിക്കുക എന്നുപറയുന്നത് ചെറിയ കാര്യമില്ല. അതിന്റെ പ്രാഥമികമായ പ്രവർത്തനങ്ങൾക്ക് 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലോകോത്തരമായ ആശുപത്രികൾ ഉൾപ്പെടെയുള്ള പല സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ഓരോ മേഖലയ്ക്കും തുക വകയിരുത്തിയതൊന്നും പ്രതിപക്ഷം കണ്ടിട്ടേയില്ല. ഒരു രൂപ കുറയ്ക്കുമെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തതുകൊണ്ട് അത് കേന്ദ്രീകരിച്ച് സമരം ചെയ്യാൻ പോയാൽ ഇതൊക്കെ ആരാണ് ചർച്ച ചെയ്യുന്നത്; ഇത് ചർച്ച ചെയ്യേണ്ടതല്ലേ; കേരളത്തിൽ ഇത്രയും സാധ്യതകളുണ്ട്. കേരളത്തിനകത്തെ നിർദ്ദേശങ്ങൾകൂടി വച്ചല്ലേ ഒരു ബഡ്ജറ്റ് പൂർത്തീകരിക്കേണ്ടത്; കേരളത്തിൽ ചെറിയ പ്രദേശങ്ങളിലേയ്ക്കുള്ള എയർപോർട്ടുകൾ, മേക്ക് ഇൻ കേരള എന്നതുപോലെതന്നെ വർക്ക് നിയർ ഹോം-ന്റെ ഭാഗമായി ഒരു ലക്ഷം സീറ്റുകളെങ്കിലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകണം. റാന്നിയിലെ നോളഡ്ജ് ഹബ്ബിനെക്കുറിച്ച് റാന്നി അംഗം സൂചിപ്പിച്ചു. ഓരോ പ്രദേശത്തും ഒരു സീറ്റിന് ഒരു ലക്ഷം രൂപ വീതം വേണ്ടിവരും. നൂറ് ഇരുനൂറ് സീറ്റുകളൊക്കെയുള്ള സെന്ററുകളാകാം; അതിന് വെറുതെ പണം കൊടുത്ത് കെട്ടിടം നിർമ്മിച്ചിട്ട് കാര്യമില്ല. ആദ്യം ഒരു സ്കീമുണ്ടാക്കി

അവിടെ ആളുകൾ ജോലിക്ക് വരുന്നമുറയ്ക്ക് കിഫ്ബിയുടെക്കൂടി സഹായത്തോടെ ആ പണം കൊടുക്കും. അത് ഡെവലപ് ചെയ്യുമ്പോൾ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. ഏഴെട്ട് വർഷംകൊണ്ട് സാധാരണ റിട്ടേൺ കിട്ടും. അത്തരം പരിപാടികൾ ഇതു സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ഇതുപോലെ വിവിധ കാര്യങ്ങളാണുള്ളത്. വെസ്റ്റ് കോസ്റ്റ് കനാലുമായി ബന്ധപ്പെട്ട് അതിന് ഭൂമിയെടുക്കാനും അതിന്റെ വശങ്ങളിൽ വികസനം നടത്താനും ടൂറിസത്തിന്റെ ഭാഗമായി കുറെയേറെ കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ കോറിഡോറുകളെക്കുറിച്ചുമൊക്കെ പറഞ്ഞിട്ടുണ്ട്. ഗ്രീൻ ഹൈഡ്രജന് ഏറ്റവും സാധ്യതയുള്ള സ്ഥലമാണ് കേരളം. ഗ്രീൻ ഹൈഡ്രജൻ എന്നുപറഞ്ഞാൽനല്ല വെള്ളം കിട്ടുന്നതിനുവേണ്ടി സോളാർ പവർ കൊണ്ട് അതിനെ വിഘടിപ്പിച്ചെടുക്കുന്ന പുതിയ ടെക്നോളജിയാണ്. ഇഷ്ടംപോലെ വെയിലും നല്ല ശുദ്ധമായ വെള്ളവുമുണ്ട് എന്നതാണ് കേരളത്തിന്റെ പ്രത്യേകത. ഇതുരണ്ടും ഉപയോഗിക്കാവുന്ന ഇത്രയും നല്ല സ്ഥലങ്ങൾ വേറെയില്ല. മരുഭൂമിയിൽപോയി ഗ്രീൻ ഹൈഡ്രജൻ ഉണ്ടാക്കാൻ സാധിക്കില്ല. കേരളത്തിലെ ഗ്രീൻ ഹൈഡ്രജൻ ഹബ്ബിനായി ഇന്ത്യാ ഗവൺമെന്റ് കുറെയേറെ ഇനിഷ്യേറ്റീവ്സ് പറഞ്ഞിട്ടുണ്ട്. ഗ്രീൻ ഹൈഡ്രജൻ ഹബ്ബിന്റെ

ഭാഗമായി ഗ്രീൻ ഹൈഡ്രജൻ ഉത്പാദിപ്പിക്കാനുള്ള എല്ലാ അനുവാദവും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി 200 കോടി രൂപയുടെ ഒരു പദ്ധതിയാണ് പറഞ്ഞിട്ടുള്ളത്. ഈ വർഷംതന്നെ അതിന് പണം മാറ്റിവയ്ക്കുന്നുണ്ട് ന്യൂ എനർജി പാർക്ക് എന്നുപറയുമ്പോൾ പലതരം എനർജിയുണ്ട്. ഇലക്ട്രിക് വെഹിക്കിളുകളുണ്ട്, ബാറ്ററിയിൽ പ്രവർത്തിക്കുന്നതുണ്ട്, കാറ്റാടി, പങ്കയിൽ നിന്നുള്ള കറണ്ട്, സോളാർ തുടങ്ങി കൂടുതൽ ഫലപ്രദമായ കാര്യങ്ങൾ വന്നിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു പ്രത്യേക പാർക്ക് ആരംഭിക്കുന്നതിനുള്ള പണം വകയിരുത്തിയിട്ടുണ്ട്. പരിസ്ഥിതി കാര്യങ്ങളിൽ കുറെയേറെ ഇനിഷ്യേറ്റീവ്സുണ്ട്. മെൻസ്ട്രുവൽ കപ്പ് സംബന്ധിച്ച ഒരു ക്യാമ്പയിന് 10 കോടി രൂപയേ വേണ്ടിവരുകയുള്ളൂ. നമ്മുടെ വനിതാ അംഗങ്ങൾ തന്നെയാണ് ഈ നിർദ്ദേശം വച്ചത്. കഴിഞ്ഞ പ്രാവശ്യംതന്നെ ആരോഗ്യ രംഗത്തെ പ്രവർത്തകർ നിർദ്ദേശം നൽകിയിരുന്നു. ശ്രീമതി ദെലീമ അതുസംബന്ധിച്ച് വീണ്ടും ഒരു നോട്ട് നൽകിയതിന് അവരെ അഭിനന്ദിക്കുകയാണ്. ഒരു സർക്കാർ അത് നടപ്പാക്കുമ്പോൾ അതിന്റെ സിസ്റ്റമനുസരിച്ച് നടപ്പിലാക്കണം. അത് വന്നുകഴിഞ്ഞാൽ നാപ്കിൻ പാഡ് ഡിസ്പോസ് ചെയ്യുന്നതിലൂടെയുണ്ടാകുന്ന ആയിരക്കണക്കിന് ടണ്ണിന്റെ

വേസ്റ്റ് ഒഴിവാക്കാൻ കഴിയും. കാരണം അത് ഭൂമിയിൽ അലിയുന്നതല്ല. വളരെ നന്നായി അത്തരം കാര്യം കൊണ്ടുവരുന്നുണ്ട്. ഈ ബഡ്ജറ്റിനകത്ത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറെയേറെ കാര്യങ്ങളാണുള്ളത്; അത്തരം കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അദ്ദേഹത്തിന്റെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാണ് കോട്ടയം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മിച്ചത്. നല്ല കാര്യം ആര് ചെയ്താലും അഭിനന്ദിക്കണമല്ലോ? പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചാണ് ആ ബസ് സ്റ്റേഷൻ നിർമ്മിച്ചിരിക്കുന്നത്. ഞാൻ അവിടെ സന്ദർശിച്ചിരുന്നു. അതിന്റെ നിർമ്മാണത്തിന് ഒരു സ്ക്വയർ ഫീറ്റിന് 1500/- രൂപയിൽ താഴെ മാത്രമാണ് ചെലവായത്. ഞാൻ എന്തുകൊണ്ടാണ് ഇവിടെ ഇത് പറയുന്നതെന്നാൽ, പലപ്പോഴും നിർമ്മാണച്ചെലവുകൾ വർദ്ധിക്കാറുണ്ട്. എം.എൽ.എ. ക്വാർട്ടേഴ്സിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. അതിന്റേത് വളരെ കൂടുതൽ ചെലവ് വരുന്ന നിർമ്മാണരീതിയാണ്. എന്നാൽ ചെലവ് കുറഞ്ഞ ധാരാളം

നിർമ്മാണരീതികളുമുണ്ട്. ആ നിർമ്മാണ രീതിയുടെ ഭാഗമായാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലത്തിൽ ബസ് സ്റ്റേഷൻ നിർമ്മിച്ചത്. നിലവിലുള്ള ബസ് സ്റ്റേഷന്റെ പ്രധാന കെട്ടിടം 1 കോടി രൂപയ്ക്ക് നിർമ്മിക്കാൻ കഴിഞ്ഞു. സാധാരണരീതിയാണെങ്കിൽ രണ്ട് മുതൽ രണ്ടര കോടി രൂപവരെ ചെലവാകുമായിരുന്നു. ചെലവ് കുറയ്ക്കുക എന്ന് പറഞ്ഞാൽ ഇവിടെ സാധാരണ ചർച്ച ചെയ്യപ്പെടുന്നതുപോലെ ഒരു കാർ ആരെങ്കിലും വാങ്ങുകയോ വിദേശത്ത് കുറച്ചുപേർ പോകുകയോ ചെയ്യുകയാണെങ്കിൽ, അതൊന്നും ഒഴിവാക്കുന്നതല്ല ചെലവ് ചുരുക്കൽ. ഇക്കാര്യങ്ങളെല്ലാം രാഷ്ട്രീയ പ്രചരണത്തിന് കൊള്ളാം. കൊല്ലം ജില്ലയിലെ ഒരു കോടതി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അതിന്റെ ഇനിഷ്യൽ റിപ്പോർട്ടിൽ 147 കോടി രൂപ ചെലവ് വരുമെന്നാണ് പറഞ്ഞിരുന്നത്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയോട് സംസാരിക്കുകയും ചെയ്തിരുന്നു. അതിന് അത്രയും ചെലവിന്റെ ആവശ്യമില്ല. 70 കോടി രൂപയിൽ എത്തിക്കാമെന്നാണ് രണ്ടാമത് പരിശോധിച്ചപ്പോൾ പറയുന്നത്. ഓവർ ഡിസൈൻ വരുന്നതാണ് പ്രശ്നം. അതുകൊണ്ട് കേരളത്തിന് അനുയോജ്യമായ ഡിസൈനും പുതിയ മെറ്റീരിയൽസുമാണ് ഉത്തമം. ചെലവ് കുറയ്ക്കുക എന്നതിൽ കേരളാ ഗവൺമെന്റിന്റെ കാഴ്ചപ്പാട്

പ്രായോഗികവും ശാസ്ത്രീയവുമാണ്. അതുകൊണ്ടാണ് കോട്ടയത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ കാര്യം പറഞ്ഞത്. ചെലവ് കുറഞ്ഞ നിർമ്മാണരീതി ഉപയോഗിച്ച് സംസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന എട്ട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ മന്ദിരങ്ങളുടെ പേരുകൾ ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. മലപ്പുറം ബസ് സ്റ്റാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സമീപനം സ്വീകരിക്കുന്നത് പക്ഷേ ഈ മോഡലിൽ അല്ല. പലപ്പോഴും മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ നിയമസഭയിൽ വന്ന് ചർച്ച ചെയ്യുമ്പോൾ, സത്യസന്ധമായി കാര്യങ്ങൾ പറയുകയെന്നത് പ്രധാനമാണ്. ഇന്നിവിടെ ഒരു ബഹുമാനപ്പെട്ട അംഗം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ പണിത ഒരു തൊഴുത്തിന് നാൽപ്പത്തിരണ്ട് ലക്ഷം രൂപ ചെലവഴിച്ചുവെന്ന് പറയുകയുണ്ടായി. ഞാൻ അതിന്റെ കണക്കുകൾ പരിശോധിച്ചപ്പോൾ മനസ്സിലായത്, ക്ലിഫ് ഹൗസ് സ്ഥിതി ചെയ്യുന്നത് വലിയൊരു കോമ്പൗണ്ടിനകത്താണ്. അതിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനും മറ്റ് പ്രവൃത്തികൾക്കും ചെലവായ ആകെ തുകയാണ് നാൽപ്പത്തിരണ്ട് ലക്ഷം രൂപ. നിങ്ങൾ പറയുന്നത് കേട്ടാൽ എ.സി. കാലിത്തൊഴുത്താണ് അവിടെ നിർമ്മിച്ചതെന്ന് തോന്നും. ഇങ്ങനെയൊന്നും പറയാൻ പാടില്ല; ഇതെല്ലാം

ധൂർത്താണെന്ന് പറയുന്നതും ശരിയല്ല. കാട് കാണാതെ മരം കാണരുത്. ക്ലിഫ് ഹൗസിന്റെ കോമ്പൗണ്ടിൽ കോൺഗ്രസ് പ്രവർത്തകർ മഞ്ഞ കല്ല് സ്ഥാപിക്കാൻ വന്നത് ഓർമ്മയുണ്ടോ? സെക്യൂരിറ്റിയുടെ ഭാഗമായാണ് ചുറ്റുമതിൽ കെട്ടിയത്. മാധ്യമങ്ങളിലെ വാർത്ത കാണുമ്പോൾ ജനങ്ങൾ എന്താണ് വിചാരിക്കുന്നത്? അതുകൊണ്ട് തെറ്റായ പ്രചരണങ്ങൾ നടത്താൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ബഡ്ജറ്റിന്റെ ഭാഗമായി ഒന്നുരണ്ട് കാര്യങ്ങളിൽ പുതിയ ഇനിഷ്യേറ്റീവ്സ് കൊണ്ടുവന്നിട്ടുണ്ട്. ജെൻഡർ ബഡ്ജറ്റ് ഇതിന്റെ ഭാഗമായിട്ടുണ്ട്. 2023-24-ലെ ജെൻഡർ ബഡ്ജറ്റിൽ അലോക്കേറ്റ് ചെയ്തിരിക്കുന്ന തുക 4670.22 കോടി രൂപയാണ്. 2022-23-ൽ 20.90 ശതമാനമായിരുന്നത് ഇപ്പോൾ 21.12 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ചരിത്രത്തിലാദ്യമായി ബഡ്ജറ്റിന്റെകൂടെ ഒരു R&D (Research and Development) ബഡ്ജറ്റും അവതരിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ ശരാശരി 0.2 ശതമാനമാണ് R&D-ക്കുവേണ്ടി മാറ്റിവയ്ക്കുന്നത്. എന്നാൽ കേരളത്തിലത് 0.3 ശതമാനമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. അതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് R&D ബഡ്ജറ്റ്. ഇതിലൂടെ കേരളത്തിന്റെ പൊതു അഭിമാനമെന്നനിലയിൽ R&D രംഗത്തെ

പ്രവർത്തനങ്ങൾ ഉയർത്തിക്കാണിക്കാൻ സാധിക്കും. കാലാവസ്ഥാ വ്യതിയാനവും ലോകമെമ്പാടും വലിയ വെല്ലുവിളി ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളുമായും ബന്ധപ്പെട്ട് പരിസ്ഥിതി ബഡ്ജറ്റെന്ന നിലയിൽ അവതരിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട ചെയർ അനുവദിക്കുകയാണെങ്കിൽ ഈ സമ്മേളന കാലയളവിൽത്തന്നെ അതിന്റെ ഭാഗമായ ഒരു സമീപനരേഖ ഈ സഭയിൽ സമർപ്പിക്കുന്നതാണ്. 2023-24 ബഡ്ജറ്റിലെ അനുബന്ധം IV-ലെ പേജ് നമ്പർ 34-ൽ 92-ാമത്തെ ശീർഷകത്തിൽ ഒരു പിശകുവന്നിട്ടുണ്ട്. അത് 'ഭിന്നശേഷി' എന്ന് തിരുത്തി വായിക്കണമെന്നുള്ള കറക്ഷൻകൂടിയുണ്ട്. ഞാൻ അതിന്റെ വിശദാംശം സമർപ്പിക്കുന്നതാണ്.

സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ സംബന്ധിച്ച് വന്നിട്ടുള്ള വിമർശനങ്ങൾ ഓരോന്നും എടുത്തുപറയുന്നില്ല. ഈ ഗവൺമെന്റ് കാര്യമായിട്ടൊന്നും പ്രവർത്തിച്ചില്ലെന്നും സാമ്പത്തിക രംഗത്ത് യാതൊരുവിധത്തിലുള്ള ശ്രമങ്ങളും നടത്താത്തതുകൊണ്ടാണ് വർദ്ധനവൊന്നും ഉണ്ടാകാത്തതെന്നുമുള്ള രീതിയിലുള്ള വിമർശങ്ങൾ വരികയുണ്ടായി. ഒരു കാര്യം ജനങ്ങൾ വിശ്വസിക്കണമെങ്കിൽ വസ്തുതകൾ വ്യക്തമാക്കണം. 2020-21-ൽ State's Own Tax Revenue (SOTR)

കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. എന്തുകൊണ്ടാണ് അത് കുറഞ്ഞത്; അതിന്റെ അടിസ്ഥാനമെന്താണ്? കോവിഡ്, രണ്ട് പ്രളയങ്ങൾ, നിപ, ഓഖി തുടങ്ങി ഇത്രയേറെ പ്രതിസന്ധികൾ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടായിട്ടുണ്ടോ? ഈ പ്രതിസന്ധി ഘട്ടങ്ങളിൽ അങ്ങോട്ട് പണം ചെലവഴിക്കുകയല്ലാതെ ഒന്നും നമുക്ക് തിരിച്ച് കിട്ടിയിട്ടില്ല. ആ സമയത്തേതിൽ നിന്നും വ്യത്യസ്തമായി ഒരു വളർച്ചയുണ്ടായി തുടങ്ങിയിട്ടുണ്ട്; അതിനുവേണ്ടി നമ്മൾ പരിശ്രമിച്ചിട്ടുണ്ട്. നോൺ-ടാക്സ് കൂട്ടാതെ 47660.84 കോടി രൂപയായിരുന്ന State's Own Tax. അത് ഈ സർക്കാരിന്റെ ആദ്യത്തെ വർഷത്തെ അവസാനത്തെ അക്കൗണ്ട് വന്നപ്പോൾ 58,340 കോടി രൂപയായി. എന്നുപറഞ്ഞാൽ പതിനൊന്നായിരത്തി ചില്വാനം കോടി രൂപയുടെ വർദ്ധനവ് വന്നു. അതായത് 20 ശതമാനത്തിലധികം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഈ വർഷം ഞങ്ങൾ പ്രതീക്ഷിക്കുന്നത് 70,188 കോടി രൂപയാണ്. അതായത് വീണ്ടും 12,000 കോടി രൂപയിലധികമാണ്. ഇത് നോൺ-ടാക്സ് കൂടി വരുമ്പോൾ ഒരു വർഷം 13,000 കോടി രൂപയാകും. ഈ വർഷം 15,000 കോടി രൂപയിലധികമാണ് വർദ്ധനവുണ്ടായിരിക്കുന്നത്. നിങ്ങളെല്ലാവരും സഹകരിക്കുകയാണെങ്കിൽ അടുത്ത വർഷം നോൺ-ടാക്സ്

കൂട്ടാതെ 81,000 കോടി രൂപയും നോൺ-ടാക്സ് കൂടി ചേർക്കുമ്പോൾ 95,000 കോടി രൂപയിലുമെത്തുന്നതാണ്. ഈ വർഷത്തെ ജി.എസ്.ടി. വർദ്ധനവ് മാത്രം 25 ശതമാനമാണ്. അതുപോലെ Value Added Tax (VAT)-ലും 20 ശതമാനത്തിന് മുകളിൽ വർദ്ധനവുണ്ട്. നോൺ-ടാക്സിനകത്ത് നല്ല വർദ്ധനവുണ്ട്. അതുകൊണ്ട് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ അംഗീകരിക്കണം. ഇക്കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഇവിടെ ഇക്കണോമിക് ഫാക്ടേഴ്സിന്റെ ഡിനോമിനേറ്റേഴ്സ് നോക്കുമ്പോൾ നമ്മുടെ റവന്യൂ ഡെഫിസിറ്റിലും ഫിസ്കൽ ഡെഫിസിറ്റിലുമൊക്കെ വലിയ വ്യത്യാസം വരുത്തിയില്ലേ? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ധനക്കമ്മി 3.91 ശതമാനം ആയിരിക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ അതിനെ 3.61 ശതമാനത്തിലേയ്ക്ക് എത്തിക്കാൻ സാധിച്ചു. അടുത്ത വർഷം 3.5 ശതമാനം ആകും. ഇതുപോലെ നമ്മുടെ ആകെ കടത്തിന്റെ കാര്യത്തിലും ഒന്നേമുക്കാൽ ശതമാനത്തോളം കുറവ് വന്നിട്ടുണ്ട്. അതുകൊണ്ട് കേരളമാകെ കടക്കെണിയിലാണ്; കട്ടപ്പുറത്താണെന്ന് പറയരുത്. അങ്ങനെ കട്ടപ്പുറത്താണെന്ന് കരുതുന്നവരുടെ സ്വപ്നം കട്ടപ്പുറത്താകുമെന്നല്ലാതെ കേരളത്തെ കട്ടപ്പുറത്താക്കി

മുന്നോട്ടുകൊണ്ടുപോകാനല്ല സർക്കാർ ആഗ്രഹിക്കുന്നത്. ഇവിടെ ജി.എസ്.ടി.-യെ സംബന്ധിച്ച് അങ്ങ് പറഞ്ഞ കുറേ കാര്യമുണ്ട്. ജി.എസ്.ടി.-യുടെ കാര്യത്തിൽ എന്ത് വരുമാന വർദ്ധനവുണ്ടായി? ഇവിടെ കുറെയേറെ കണക്കുകൾ പറയുകയുണ്ടായി. സ്വർണ്ണത്തിന്റെ കണക്ക് പരിശോധിച്ചാൽ നമുക്ക് വരുമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്. നേരത്തെ അതിൽനിന്നുള്ള വരുമാനം 5 ശതമാനമായിരുന്നു. ജി.എസ്.ടി. വന്നപ്പോൾ അത് 3 ശതമാനമായി കുറഞ്ഞു. നമുക്കതിന്റെ പകുതി (1.5 ശതമാനം) മാത്രമെ ലഭിക്കുന്നുള്ളൂ. സ്വർണ്ണത്തിന്റെ മേഖലയിൽനിന്നും ഇനിയും ടാക്സ് ലഭിക്കാനുണ്ട്. പഴയ കണക്കുവച്ച് താരതമ്യം ചെയ്തു നോക്കുമ്പോഴുള്ള കുറവല്ല പ്രശ്നം. നമുക്ക് വരുമാനം ലഭിക്കാനുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇപ്പോഴത്തെ സ്ഥിതിയിൽ അക്കാര്യത്തിൽ കുറവ് വന്നിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. അതുപോലെ കിട്ടാനുള്ള കടത്തിന്റെ കാര്യത്തിൽ പറഞ്ഞ കണക്കുകൾ പൂർണ്ണമായും ശരിയല്ല. നമ്മുടെ കണക്കനുസരിച്ച് 12,923 കോടി രൂപയുടെ നികുതി കുടിശ്ശികയാണുള്ളത്. അതിൽ 4,799 കോടി രൂപ ഹൈക്കോടതി ഉൾപ്പെടെയുള്ള വിവിധ കോടതികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. 6,739 കോടി രൂപ റവന്യൂ റിക്കവറി അതോറിറ്റി മുമ്പാകെയും 1,384 കോടി രൂപ മറ്റ് നടപടിയിലുമാണ്. ഇത്

ലഭിക്കുന്നതിന് നടപടി ആവശ്യമാണ്. അതിന് അങ്ങയുടെ അഭിപ്രായം കൂടി പരിഗണിക്കുന്നതാണ്.

VAT നിയമം പ്രാബല്യത്തിലുണ്ടായിരുന്ന സമയത്തെ കുറെയേറെ കുടിശ്ശിക ലഭിക്കാനുണ്ട്. നിലവിലെ നിയമമനുസരിച്ച് ആക്ട് അമെന്റ്മെന്റ് നടത്തി, ജുഡീഷ്യൽ പ്രോസസ്സിൽക്കൂടി മാത്രമെ കുടിശ്ശിക തീർപ്പാക്കാൻ സാധിക്കുകയുള്ളൂ. VAT നിയമമനുസരിച്ച് ബെസ്റ്റ് ജഡ്ജ്മെന്റിൽ ഒരാൾക്ക് 100 കോടി രൂപ ടാക്സ് ആണെന്ന് പറഞ്ഞാൽ അത് തീർപ്പാക്കുന്നതിന് ഏതെങ്കിലുമൊരു ജുഡീഷ്യൽ പ്രോസസ്സ് വേണം. ആ ഒരു പ്രോസസ്സ് കൊണ്ടുവരുന്നതിനുവേണ്ടി നിയമത്തിൽ ഭേദഗതി വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഭേദഗതി പ്രാബല്യത്തിൽ വന്നാൽ ഇക്കാര്യത്തിൽ കുറച്ചുകൂടി എഫക്ടുണ്ടാകും. ബാറുകളുടെ കണക്കുകളുടെ കാര്യത്തിൽ ഒരു വർഷത്തെ കുറവ് വന്നിട്ടുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. കേരളത്തിൽ ബാറുകൾ പ്രവർത്തിക്കാതിരുന്ന ലോക്ഡൗൺ സമയത്തെ സംബന്ധിച്ചാണ് അങ്ങ് പറഞ്ഞത്. ലോക്ഡൗണിന് തൊട്ടടുത്ത വർഷം എങ്ങനെയാണ് ടേൺ ഓവർ ടാക്സ് വരുന്നത്? അതാണ് പ്രശ്നം. ടാക്സ് സംബന്ധിച്ച അങ്ങയുടെ നിർദ്ദേശങ്ങളും വിമർശനങ്ങളും ഞാൻ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുന്നു. നികുതി ലഭ്യമാക്കുന്നതിന് ശക്തമായി

പ്രവർത്തിക്കണമെന്ന് പറയുന്നതിൽ തർക്കം എന്തിനാണ്; നികുതി പരമാവധി ലഭിക്കുന്നതിന് ശക്തമായ പ്രവർത്തനം വേണമെന്ന് പറയുന്നതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നുമില്ല. ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെക്കിംഗ്, അന്വേഷണം, ആഡിറ്റ് എന്നിവയിൽ നൂറുശതമാനം ശരിയായില്ലെങ്കിലും അത്തരം കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ജി.എസ്.ടി. വകുപ്പിനെ ഇപ്പോൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്നതിനെക്കാളും വ്യത്യസ്തമായി കുറെക്കൂടി കാര്യങ്ങൾ ചെയ്യുന്നുണ്ട്. വകുപ്പിനെ ആഡിറ്റ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ്, ടാക്സ് പേയർ സർവ്വീസസ് എന്നിങ്ങനെ മൂന്ന് സംവിധാനങ്ങളായി പുന:സംഘടിപ്പിച്ച് അതിനുള്ള സംവിധാനങ്ങളും ട്രെയിനിംഗും നൽകാൻ പോകുന്നു. ഡാറ്റ അനലെറ്റിക്സ് ഉൾപ്പെടെ നടപ്പിലാക്കും. ആഡിറ്റുൾപ്പെടെ ചെയ്തുകൊണ്ട് നമ്മൾ മുന്നോട്ടുവരും. ഇന്ത്യയിൽ ജി.എസ്.ടി. വന്നതിനുശേഷം പ്രായോഗികമായ കുറേ പ്രശ്നങ്ങളുണ്ട്. ജി.എസ്.ടി.-യെ സംബന്ധിച്ച ആശങ്കകളൊക്കെ ശരിയാണെന്ന് തെളിയിക്കുന്നതാണ് ടാക്സ് കുറച്ചതുൾപ്പെടെയുള്ള പ്രശ്നങ്ങൾ. റവന്യൂ ന്യൂട്രൽ റേറ്റ് സംബന്ധിച്ച് ഞാൻ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയ സമയത്ത് 100 രൂപയ്ക്ക് 16 ശതമാനമായിരുന്ന

ടാക്സ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 11 ശതമാനമേയുള്ളൂ. അതാണ് റവന്യൂ ന്യൂട്രൽ ടാക്സ് കുറഞ്ഞുവെന്ന് പറഞ്ഞത്. ലക്ഷ്വറി ഐറ്റങ്ങളുടെ ടാക്സ് കുറച്ചതുകൊണ്ട് കസ്റ്റമേഴ്സിന് ഗുണം ലഭിച്ചില്ല. ഇതിന്റെ ഭാഗമായി നമുക്ക് മൂന്നിലൊന്ന് നികുതി കുറഞ്ഞു. ഞങ്ങളുടെ നേതാവും മുൻ ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി. വന്നുകഴിഞ്ഞാലുള്ള കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. വന്നുകഴിഞ്ഞാൽ ആ റേറ്റനുസരിച്ച് പ്രായോഗികമായ ചില ഗുണങ്ങൾ ഉണ്ടാകും. അതെല്ലാം ചർച്ച ചെയ്യണം. ഇങ്ങനെയല്ല ജി.എസ്.ടി. നടപ്പിലാക്കേണ്ടതെന്നാണ് അദ്ദേഹം ഉൾപ്പെടെയുള്ള ഞങ്ങളുടെ പാർട്ടി പറഞ്ഞത്. ഞാൻ രാജ്യസഭാംഗമായിരിക്കുമ്പോൾ ജി.എസ്.ടി. നടപ്പിലാക്കുന്നതിനെതിരെ നൽകിയ വിയോജനക്കുറിപ്പിലെ പ്രധാനപ്പെട്ട കാര്യം അങ്ങയുടെ അറിവിലേയ്ക്കായി പറയാം. സി.പി.ഐ. (എം.) പാർട്ടിയുടെ പൊതുവായ തീരുമാനത്തിന്റെ ഭാഗമായി ഞാനും സഖാവ് ഡി. രാജയും ഒരുമിച്ചാണ് വിയോജനക്കുറിപ്പ് എഴുതിയത്. അതിൽ " Goods and Services Tax Bill are likely to adversely impact the federal structure of the country. There is a need for decentralization of powers and devolution of the taxes in favour of the States and further

to the Local bodies. Fiscal Federalism and protection of the powers of the states is important while a frame work is created for a Pan Indian Common Economic Zone and market through goods and services Tax Structure............." അതിന്റെ അവസാനം " GST should not be in the interest of big corporate houses, who want a free flow of goods and services with the technology promoted and owned by them. With the Centre having an absolute say over the decision making process on the GST, the States will lose its financial independence in the long run and corporate will dictate the policies of even the local Governments. So, these concerns must be given due consideration in the Bill." ഈ വിയോജനക്കുറിപ്പ് 2015 ജൂലൈ 21-ന് നൽകിയതാണ്. അന്നുമുതലേ ഞങ്ങളുടെ സമീപനം ഇതാണ്. ഞങ്ങൾ അന്നേ ഇക്കാര്യം പറഞ്ഞിട്ടുണ്ടായിരുന്നു. സി.പി.ഐ.(എം.)-ന്റെയും ഇപ്പോഴത്തെ സി.പി.ഐ.യുടെയും ജനറൽ സെക്രട്ടറിയായ ശ്രീ. ഡി. രാജയും ഞാനും ഒരുമിച്ചാണ് വിയോജനക്കുറിപ്പ് നൽകിയത്. അന്ന് നടപ്പിലായ ജി.എസ്.ടി. അനുസരിച്ചാണെങ്കിൽ കേരളത്തിന് ഇതിനെക്കാൾ വരുമാനം ലഭിക്കണം. അങ്ങ് ഇവിടെ പെർസന്റേജ് കുറച്ചതിനെ സംബന്ധിച്ചും ഐ.ജി.എസ്.ടി.-

യെ സംബന്ധിച്ചും പറഞ്ഞു. Expenditure Committee Report-കളൊന്നും ഇതുവരെ സമർപ്പിച്ചിട്ടില്ല. എന്നാൽ ഐ.ജി.എസ്.ടി.-യുടെ കാര്യത്തിൽ ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടെന്ന കാര്യം ഞാൻ തന്നെയാണ് ജി.എസ്.ടി. ഓഫീസർമാരുടെ മീറ്റിംഗിലും മറ്റും പറഞ്ഞത്. ഐ.ജി.എസ്.ടി.-യിൽ ടാക്സ് റിട്ടേൺ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഐ.ജി.എസ്.ടി. അതായത് ഉത്തരേന്ത്യയിൽ നിന്നോ തമിഴ്നാട്ടിൽനിന്നോ വാങ്ങുന്ന ഒരു സാധനത്തിന്റെ കൃത്യമായ കളക്ഷൻ കേരളത്തിന് ലഭിക്കുന്നില്ല. അതുസംബന്ധിച്ച കണക്കുകൾ സ്വീകരിക്കുന്നുണ്ട്; കുറച്ച് സങ്കീർണ്ണമായ കാര്യമാണെങ്കിലും അത് നമുക്ക് ലഭിക്കും. കേരളത്തിന് നാലര ശതമാനത്തിലധികം ജി.ഡി.പി. ഉള്ളതനുസരിച്ച് വരുമാനം ലഭിക്കേണ്ടതാണെന്ന കാര്യത്തിൽ തർക്കമില്ല. അതുമായി ബന്ധപ്പെട്ട് വർക്ക് ചെയ്യുന്നുണ്ട്, അതിന്റെ ഗുണം ലഭിക്കുമെന്ന് കരുതുന്നു. ശ്രീ. എൻ. ഷംസുദ്ദീന്റെ ശ്രദ്ധയിലേയ്ക്കായി ഒരു കാര്യം പറയുകയാണ്: ഞങ്ങൾ മാത്രമേ ജി.എസ്.ടി.-ക്കെതിരെ പാർലമെന്റിൽ വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളൂ. നിങ്ങളാരും നൽകിയിട്ടില്ല. ഈ അഭിപ്രായങ്ങൾ ഞങ്ങൾ അന്നേ ചൂണ്ടിക്കാട്ടിയതാണ്. നിങ്ങളുടെ കുഞ്ഞാണത്, അതിനെ വളർത്തി മോശമാക്കിയെന്നാണ് നിങ്ങൾ

പറയുന്നത്. യഥാർത്ഥത്തിൽ പ്രണബ് മുഖർജിയുടെ സമയത്താണ് നിങ്ങൾ ജി.എസ്.ടി. കൊണ്ടുവന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ,....(മൈക്ക് ഓഫ്)....

ശ്രീ. കെ. എൻ. ബാലഗോപാൽ: Academic interest ആണെങ്കിൽ തീർച്ചയായും ചോദിക്കാം.

മി. സ്പീക്കർ: അവസാനം Academic interest-ൽ നിൽക്കില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജി.എസ്.ടി. തുടങ്ങിയതിനുശേഷം അഞ്ച് വർഷവും അതിനുമുമ്പുള്ള അഞ്ച് വർഷവും ലഭിച്ച ടാക്സും VAT-ഉം ഇപ്പോൾ ജി.എസ്.ടി.-യിൽനിന്നും ലഭിക്കുന്ന ഷെയറും പരിശോധിക്കുമ്പോൾ, അതിൽ ഏറ്റവും കൂടുതൽ ഏതാണെന്നത് സംബന്ധിച്ച് ഏതെങ്കിലും പരിശോധനയോ പഠനമോ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.എസ്.ടി. വരുന്നതിനുമുമ്പുണ്ടായിരുന്ന നമ്മുടെ നികുതി സമ്പ്രദായം തന്നെയായിരുന്നു നേട്ടം. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ട്, വളരെ വ്യക്തവുമാണ്. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ കാര്യങ്ങളിലൊന്നും ഒരു വ്യത്യാസവുമില്ല. നികുതിയിനത്തിൽ അന്ന് 16 ശതമാനമായിരുന്നു ലഭിച്ചിരുന്നതെങ്കിൽ

ഇപ്പോഴത്തെ വളർച്ചാ നിരക്കനുസരിച്ച് ഈ വർഷം 42,000 കോടി രൂപ നമുക്ക് ലഭിക്കുമായിരുന്നു. ഈ വർഷം പരമാവധി പ്രതീക്ഷിക്കുന്നത് 30,000 കോടി രൂപ മാത്രമാണ്. നമ്മുടെ വർക്കിൽ കുറച്ച് മെച്ചം വന്നതുകൊണ്ടാണ് 30,000 കോടി രൂപയിലേയ്ക്ക് എത്തുന്നത്. കഴിഞ്ഞ വർഷം 24,000 കോടി രൂപയ്ക്ക് താഴെയായിരുന്നു. 25 ശതമാനം വർദ്ധനവ് വരും. എന്നിരുന്നാലും പഴയ നികുതി സമ്പ്രദായമായിരുന്നുവെങ്കിൽ നമുക്ക് 42,000 കോടി രൂപ ലഭിക്കുമായിരുന്നു. നികുതി 11 ശതമാനമായി കുറച്ചതുകാരണം അതിന്റെ മൂന്നിൽ രണ്ട് ഭാഗമേ നമുക്ക് ലഭിക്കുന്നുള്ളൂ. മുഴുവനും ലഭിക്കുകയാണെങ്കിൽ ആ വർദ്ധനവുകൂടി ലഭിക്കുന്നതാണ്. ആ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

നഷ്ടപരിഹാരത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോ; നഷ്ടപരിഹാരം ബാക്കി കിട്ടാനുള്ളതല്ല. കേരളത്തിന് 4000 കോടി ലഭിക്കാനുണ്ടായിരുന്നത് സംബന്ധിച്ച് ഡോ. ശശി തരൂർ പാർലമെന്റിൽ ഒരു ചോദ്യം ഉന്നയിച്ചതിന് 750 കോടി രൂപ മാത്രമെ കേരളത്തിന് ലഭിക്കാനുള്ളൂവെന്നാണ് മറുപടി നൽകിയത്. യഥാർത്ഥത്തിൽ കേരളത്തിന് 4000 കോടി രൂപ ലഭിക്കാനുണ്ടായിരുന്നു. ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ കത്തയയ്ക്കുകയും കേന്ദ്രസർക്കാരുമായി

നേരിട്ട് ബന്ധപ്പെടുകയും ചെയ്തതിന്റെ ഫലമായി യൂണിയൻ ഫിനാൻസ് മിനിസ്റ്റർ ഇടപെട്ട് കുറച്ച് വിഹിതം നൽകി. അതിന്റെ ബാക്കി 750 കോടി രൂപയേ ലഭിക്കാനുള്ളൂ. അങ്ങ് പറഞ്ഞത് ശരിയാണ്. ഇന്ത്യയിലാകെ സാമ്പത്തിക പ്രതിസന്ധിയും കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള പ്രശ്നങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാരം നീട്ടി നൽകണമെന്ന പൊതുവായ നിർദ്ദേശമാണ് സംസ്ഥാനങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അഞ്ച് വർഷത്തേയ്ക്ക് നീട്ടി നൽകണമെന്നാണ് കേരളം ആവശ്യപ്പെടുന്നത്. രണ്ട് വർഷമെങ്കിലും വേണമെന്ന് പറയുന്ന സംസ്ഥാനങ്ങളുമുണ്ട്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളും അങ്ങനെതന്നെയാണ് പറയുന്നത്. രാഷ്ട്രീയപരമായ അന്തിമ തീരുമാനം വരുമ്പോൾ സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുന്നതല്ല. ചില സംസ്ഥാനങ്ങൾക്ക് total budget cost-ന്റെ 65 ശതമാനം വരുമ്പോൾ കേരളത്തിന് 35 ശതമാനം മാത്രമെ വരുന്നുള്ളൂ. ജി.എസ്.ടി.-യിൽനിന്നും മാത്രമല്ലാതെ വ്യത്യസ്തമായ നിരവധി മേഖലകളിലും ഇത്തരം പ്രശ്നങ്ങളുണ്ടെന്നാണ് അദ്ദേഹം നേരത്തെ പറഞ്ഞത്. എല്ലാ മേഖലയിലും അങ്ങനെയാണ്. പെൻഷൻ നൽകുന്നതിന് ആകെ 11,000 കോടി രൂപ വേണം. പക്ഷെ 250 കോടി രൂപ മാത്രമേ കേന്ദ്ര വിഹിതമായി

ലഭിക്കുന്നുള്ളൂ. കേന്ദ്രം വിഹിതം നൽകുന്നുണ്ടെന്നാണ് ബി.ജെ.പി. പ്രവർത്തകർ പറഞ്ഞു നടക്കുന്നത്. കേന്ദ്ര വിഹിതമായി 250 കോടി രൂപയേ ലഭിക്കുന്നുള്ളൂ. കഴിഞ്ഞ രണ്ട് വർഷമായി കേന്ദ്ര ഗവൺമെന്റ് ടാക്സ് വിഹിതമായി പണമൊന്നും നൽകിയിട്ടില്ല. യു.ജി.സി.യുമായി ബന്ധപ്പെട്ട് 750 കോടി രൂപ നൽകാനുണ്ട്. ഇത്തരം സാഹചര്യത്തിൽ എന്ത് സമീപനം സ്വീകരിച്ച് മുന്നോട്ട് പോകണമെന്ന് ആലോചിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളതും സ്വീകരിക്കാൻ കഴിയുന്നതുമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്. എന്നാൽ ചില കാര്യങ്ങളിൽ വന്നിട്ടുള്ള തെറ്റിദ്ധാരണകൾ മാറ്റിയെടുക്കാനുള്ള കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്.

ചർച്ചകൾ നടക്കുമ്പോൾ അധികം ഡിമാന്റുകൾ വന്നുവെന്ന് പറയാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെ പൊതുവായ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അറിയാമെന്നും എല്ലാംകൂടി ഒരുമിച്ച് പറയാൻ സാധിക്കില്ലെന്നും വ്യക്തിപരമായി കാണുമ്പോൾ അവർ പറയാറുണ്ട്. ഞാൻ വ്യക്തികളെ മോശപ്പെടുത്താൻ പറയുന്നതല്ല; ഇവിടത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് എല്ലാവർക്കുമറിയാം. എങ്കിലും കേന്ദ്രം ചെയ്തതുപോലെ നമ്മൾ ഒന്നിനും കുറവ് വരുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് 0.5 ശതമാനം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യുമ്പോൾ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിന് തുകയൊന്നും ലഭിച്ചില്ലെന്ന് പറഞ്ഞത് ശരിയല്ല. അവിടത്തെ തുളു അക്കാദമിക്കും യക്ഷഗാനം അക്കാദമിക്കും ഗോവിന്ദ പൈ സ്മാരക കേന്ദ്രത്തിനുമൊക്കെ തുക നീക്കിവച്ചിട്ടുണ്ട്. കാസർഗോഡിന്റെ പ്രവർത്തനങ്ങൾക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ലാംഗ്വേജിന്റെ പ്രത്യേകയുള്ളതുകൊണ്ട് അവിടത്തേയ്ക്ക് തുക നീക്കിവച്ചിട്ടുണ്ട്. കാസർഗോഡ് ബസ്സ്റ്റാൻഡിന്റെ പ്രവർത്തനത്തിനായി തുക നീക്കിവച്ചിട്ടുണ്ട്. ടാറ്റ ഹോസ്പിറ്റലിന് കുറെയധികം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ അവസരം ഉപയോഗിച്ചുകൊണ്ട് ഞാൻ ഒരു കാര്യം പറയുകയാണ്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷിനെതിരെ ഞാൻ നടത്തിയ

പരാമർശം ഖേദം പ്രകടിപ്പിച്ച് പിൻവലിക്കുന്നു. അക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ അറിയിച്ചിട്ടുണ്ട്. ലോക്കൽ ബോഡിയിലേയ്ക്കുള്ള ഡെവല്യൂഷന്റെ കാര്യത്തിൽ ഒരു വ്യത്യാസവും വന്നിട്ടില്ലെന്ന് അങ്ങിവിടെ പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്തിന്റെ റോഡ് മെയിന്റനൻസുമായി ബന്ധപ്പെട്ട കേസ് ഉദാഹരണമായി പറയാം. നേരത്തെ 52 കോടി രൂപ, 51 കോടി രൂപ, 53 കോടി രൂപ, 61 കോടി രൂപ വരെയാണ് കൊടുത്തത്. ഈ വർഷം 12 കോടി രൂപയാണുള്ളത്. ഇത് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ മാത്രം കേസല്ല; ബഡ്ജറ്റ് ഡോക്യുമെന്റ്സ് നോക്കുമ്പോൾ ലോക്കൽ ബോഡിയിലേയ്ക്ക് കൊടുക്കുന്നതിൽ ഗണ്യമായ കുറവ് കാണുന്നുണ്ട്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പറയുന്നതിൽ അക്കാദമിക് കാര്യങ്ങളാണുള്ളത്, പൊളിറ്റിക്സില്ല. ഫെയർ വാല്യൂവിൽ ഇരുപത് ശതമാനം ഹൈക്കാണ് പറഞ്ഞിട്ടുള്ളത്. നോട്ടിഫിക്കേഷൻ വന്നത് 2010-ലാണെന്ന കാര്യം നമുക്കറിയാം. അതിനുശേഷം ഇതിനകം 100 ശതമാനം ഹൈക്ക് വന്നുകഴിഞ്ഞു. അങ്ങനെ ഇരുന്നൂറ് ശതമാനം ഹൈക്കിലെത്തി നിൽക്കുകയാണ്. നിങ്ങൾ 20 ശതമാനം ഹൈക്ക് പറഞ്ഞാലും 2010-ലെ

നോട്ടിഫിക്കേഷനനുസരിച്ചല്ലെങ്കിൽ അവിടെ 40 ശതമാനത്തിന്റെ വർദ്ധനവ് വരും. ഇവിടെ ഒരു ക്ലാരിറ്റി ആവശ്യമാണ്. രണ്ടാമതായി, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ 6700 കോടി രൂപയുടെ കുറവുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നു. പക്ഷേ ഡോക്യുമെന്റ്സിൽ ഇക്കാര്യം കാണുന്നില്ല. ഇക്കാര്യത്തിൽക്കൂടി വ്യക്തത വരുത്തിയാൽ നന്നായിരുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, രണ്ട് കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എട്ട് രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ച് ദിവസം ഉച്ചഭക്ഷണം കൊടുക്കുന്നതിന് നാൽപ്പത് രൂപയാണ് ലഭിക്കുന്നത്. ഈ തുക ഉപയോഗിച്ച് രണ്ട് ദിവസം പാലും ഒരു ദിവസം മുട്ടയും കൊടുക്കണം. ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത തുക തീർച്ചയായും വർദ്ധിപ്പിക്കണമെന്നൊരാവശ്യം അങ്ങയുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. രണ്ടാമത്തെ കാര്യം, ബഡ്ജറ്റ് വെറുമൊരു കണക്ക് പുസ്തകം മാത്രമല്ല എന്ന് സ്ഥാപിക്കാനായി കല്ലുമാല സമരത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. അങ്ങയുടെ മുൻഗാമി ഇതുപോലൊരു ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ മഹാനായ അയ്യങ്കാളി സ്ഥാപിച്ച അയ്യങ്കാളി സ്കൂൾ ഏറ്റെടുക്കുകയും ആ സ്മാരകത്തെ നവീകരിക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ അതുമായി ബന്ധപ്പെട്ട് ഒരു

നടപടിയുമുണ്ടായിട്ടില്ല. ബഹുമാന്യനായ വി. ശശിയുടെ പ്രസ്തുത ആവശ്യം അദ്ദേഹം പേരെടുത്ത് പറഞ്ഞുകൊണ്ടാണ് അന്ന് ഇത്തരത്തിലൊരു പ്രഖ്യാപനം നടത്തിയത്. കല്ലുമാല സമരത്തിന്റെ സ്മാരകത്തിന് അത്തരത്തിലൊരു ഗതിയുണ്ടാകരുതെന്നുകൂടി ഞാൻ പറയുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അയ്യൻകാളി സ്മാരകത്തിന്റെ കാര്യത്തിൽ, ആ പ്രദേശത്ത് കോടതിയുടെ കേസും മറ്റ് തടസ്സങ്ങളുമുണ്ട്. അയ്യൻകാളിയുടെ പേരിൽ പ്രഖ്യാപിച്ച പ്രസ്തുത സ്മാരകത്തിന്റെയോ സ്കൂളിന്റെയോ കാര്യത്തിൽ ഒരു തടസ്സവും വരില്ല. കല്ലുമാല സ്മാരകത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം ഒരു മൈതാനമാണ്. വലിയ സംഭവം നടന്ന പ്രസ്തുത സ്ഥലത്ത് സ്മാരകം യാഥാർത്ഥ്യമാകാൻ യാതൊരു തടസ്സവുമുണ്ടാവില്ല. കേരളത്തിലെ ഏറ്റവും പ്രമുഖമായ ഹാളിന് വി.ജെ.ടി. ഹാൾ എന്നല്ല ഇപ്പോൾ പേര് നൽകിയിരിക്കുന്നത്; അതിന് മഹാത്മാ അയ്യങ്കാളി ഹാൾ എന്ന് പേരിട്ടത് ഈ ഗവൺമെന്റാണ്.

ഗ്രാന്റിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം ഏകദേശം 6,700 കോടി രൂപയുടെ കുറവ് വന്നു. ഫിനാൻസ് കമ്മീഷൻ വളരെ ഡിട്രിമെന്റലായാണ് സംസ്ഥാനത്തോട് പെരുമാറിയത്. ഇവിടെ കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി എന്തുമാത്രം വിമർശനമാണ്

കേൾക്കുന്നത്. അത്തരം വിമർശനങ്ങൾക്ക് മറുപടി പറയാതിരിക്കാൻ കഴിയുമോ? സംസ്ഥാനത്തിന് ധനകാര്യ കമ്മീഷൻ നൽകേണ്ട തുക സംബന്ധിച്ച് സ്വീകരിച്ച തിയറിയോട് വിയോജിപ്പുണ്ട്. അവർ ഒരുമിച്ച് ഒരു തുക പറഞ്ഞു. കഴിഞ്ഞ വർഷം 19,000 കോടി രൂപ, അതിനടുത്ത വർഷം ഏകദേശം 13,000 കോടി രൂപ, അതിനടുത്ത വർഷം 3,000 കോടി രൂപ എന്നിങ്ങനെയാണ് അവർ പറഞ്ഞത്. അതായത് അടുത്ത വർഷം മൂവായിരം കോടി രൂപ മാത്രമെയുള്ളൂ. അടുത്ത വർഷം നമുക്ക് വരുന്ന യഥാർത്ഥ വരുമാനക്കുറവ് ഈ വർഷം കിട്ടുന്ന 13,000 കോടി രൂപയിൽനിന്ന് 3,000 കോടി രൂപയിലേയ്ക്കെത്തുമ്പോൾ പതിനായിരം കോടി രൂപയ്ക്കടുത്ത് കുറവ് സംഭവിക്കും. നിങ്ങൾക്ക് ആ കാര്യത്തിൽ തർക്കമുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, തെറ്റിദ്ധരിപ്പിക്കരുത്. ഫിനാൻസ് കമ്മീഷൻ 2021 മുതൽ 2026 വരെ നമുക്ക് ഫിക്സ് ചെയ്ത തുക 53,137 കോടി രൂപയാണ്. ഇതിനകംതന്നെ അതിൽനിന്ന് 39,000 കോടി രൂപ വാങ്ങിക്കഴിഞ്ഞു. ബാക്കി തുകയാണ് കിട്ടാനുള്ളത്. അങ്ങനെയല്ലേ; അതോ മറിച്ചാണോ? ഓരോ വർഷവും അവർ ഫിക്സ് ചെയ്ത് തരുന്നു; അതിന്റെ കണക്ക് നിങ്ങളുടെ പക്കലുണ്ട്. ആ ഡോക്യുമെന്റിൽ വളരെ ക്ലിയറായി പറയുന്നുണ്ട്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തങ്ങൾ കൊടുക്കുന്ന പണംകൊണ്ടാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ജീവിക്കുന്നതെന്ന് ബി.ജെ.പി.-യുടെ ഒരു സംസ്ഥാന നേതാവ് കഴിഞ്ഞ ദിവസം പറയുകയുണ്ടായി. അത് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? ഓരോ വർഷവും കുറഞ്ഞുവെന്ന് നിങ്ങൾ പറഞ്ഞു. 3.92 ശതമാനത്തിൽനിന്ന് 1.92 ശതമാനമാകുമ്പോൾ ഈ വർഷം നമുക്ക് കിട്ടുന്നത് ഏകദേശം 18,500 കോടി രൂപയാണ്. കോർപ്പറേറ്റ് ടാക്സ് വെട്ടിക്കുറച്ചതിനുശേഷം ഈ വർഷം കേരളത്തിന് ലഭിക്കുന്നത് 18,000 കോടി രൂപയാണെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞു. നേരത്തെയുള്ള 3.92 എന്ന റേറ്റായിരുന്നെങ്കിൽ 18,000 കോടി രൂപയെന്നത് ഇരട്ടിയാകുമായിരുന്നു, അതായത് 36,000 കോടി രൂപയാകുമായിരുന്നു. കേരളത്തിന് കിട്ടേണ്ട 18,000 കോടി രൂപ വെട്ടിക്കുറച്ച് വൺ ടൈം ആയി എഫ്.ഡി. ഗ്രാന്റല്ല വേണ്ടത് എന്നതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്, അത് കുറഞ്ഞുകുറഞ്ഞ് ഏറ്റവും അവസാനം രണ്ടര ശതമാനമായി എന്ന് അവർ പറയുന്നു. അങ്ങനെ രണ്ടര ശതമാനമാണെങ്കിലും നമുക്ക് ഒരു വർഷം അയ്യായിരമോ ആറായിരമോ കോടി രൂപ അധികം ലഭിക്കേണ്ടതാണ്. ഇത് സംസ്ഥാനത്തിന്റെ

പ്രശ്നമാണ്. അതിൽ ബി.ജെ.പി.-യുടെ കേന്ദ്രമന്ത്രിയോ ഉദ്യോഗസ്ഥരോ പറയുന്ന ന്യായത്തിന് പിന്നാലെയല്ല പോകേണ്ടത്. കേരളത്തിന് കഴിഞ്ഞ തവണ ലഭിച്ച 19,000 കോടി രൂപ ഇപ്പോൾ 13,000 കോടി രൂപയായി കുറഞ്ഞിരിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 13-ാം ധനകാര്യ കമ്മീഷന്റെ കാലയളവിലാണ് ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അന്നത്തെ ഡോക്യുമെന്റ്സ് പരിശോധിക്കണം; അന്ന് ഞങ്ങൾക്ക് ലഭിച്ചത് 2 ശതമാനത്തിലധികമായിരുന്നു. അതിനുശേഷം വർദ്ധനവ് വന്നു. 14-ാം ധനകാര്യ കമ്മീഷൻ വന്നപ്പോൾ 2.5 ശതമാനമായിരുന്നു. ഇപ്പോൾ താഴോട്ട് പോയി. ഞങ്ങൾ ഭരിക്കുമ്പോഴും വളരെ കുറവായിരുന്നു ലഭിച്ചിരുന്നത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് സംബന്ധിച്ച് ഇപ്പോഴൊരു താരതമ്യം നടത്തിയാൽ, കേരള ചരിത്രത്തിൽ ഇതുപോലെ ലഭിച്ച ഒരു കാലഘട്ടമുണ്ടായിട്ടില്ല. അങ്ങേയ്ക്ക് ഡോക്യുമെന്റ്സ് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബി.ജെ.പി. പറയുന്ന ന്യായംതന്നെയാണ് അങ്ങ് പറയുന്നത്. ഡെഫിസിറ്റ് ഗ്രാന്റിനെപ്പറ്റിയല്ല, ഡിവിസിബിൾ പൂളിൽനിന്നും കിട്ടേണ്ട പണത്തെക്കുറിച്ചാണ് ഒന്നാമതായി ആലോചിക്കേണ്ടത്. കേന്ദ്രത്തിന് എന്തൊക്കെ നികുതിയാണ് ലഭിക്കുന്നത്?

ഇൻകം ടാക്സ്, എക്സൈസ്, കോർപ്പറേറ്റ് തുടങ്ങിയ നികുതികളെല്ലാം കേന്ദ്രമാണ് പിരിച്ചെടുക്കുന്നത്. നേരത്തെ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന സെയിൽസ് ടാക്സ് പൂർണ്ണമായെടുത്ത് ജി.എസ്.ടി. ആക്കി. അതിൽ സംസ്ഥാനത്തിന് തൊടാനേ കഴിയില്ല. ഓരോ പ്രാവശ്യവും ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ സിഗരറ്റിന് വില കൂടുമോ, എണ്ണയ്ക്ക് വില കുറയുമോ എന്നൊക്കെയായിരുന്നു ചിന്തിക്കുന്നത്. ഇപ്പോൾ ആകെ പെട്രോളിനും ഡീസലിനും മദ്യത്തിനും മാത്രമാണ് വില വർദ്ധിപ്പിച്ചിട്ടുള്ളത്. ഗ്യാസിനുപോലും വിലവർദ്ധനവ് വരുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിത്തുടങ്ങിയപ്പോൾ അവർ നിരക്ക് തീരുമാനിച്ചു. 16 ശതമാനം കിട്ടിക്കൊണ്ടിരുന്നത് 11 ശതമാനമായി കുറച്ചപ്പോൾ നമുക്ക് ലഭിക്കുന്ന ടാക്സിന്റെ മൂന്നിലൊന്ന് കുറഞ്ഞു. അതിനെയെല്ലാം അംഗീകരിച്ചശേഷം അവർ പറയുന്നതാണ് ശരിയെന്ന് പറഞ്ഞാൽ അതിൽ ന്യായമുണ്ട്. അതിൽ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയേ പറഞ്ഞുള്ളൂ. കഴിഞ്ഞ വർഷത്തെ 19,000 കോടി രൂപയിൽനിന്ന് 13,000 കോടി രൂപയായി. മൂവായിരം കോടി രൂപയും നാലായിരം കോടി രൂപയുമടുത്താണ് അടുത്ത വർഷംവരുന്നത്. ഇതിലെ കണക്ക് പരിശോധിച്ചാൽ ഗ്രാന്റിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ കാര്യത്തിൽ

മൂന്ന് വർഷവും നമ്മുടെ ധനകാര്യ സ്ഥിതി ഒരേ നിലയിൽത്തന്നെ നിൽക്കുന്ന സ്ഥിതിയാണുള്ളത്. ഗ്രാന്റ്-ഇൻ-എയ്ഡ് 31,000 കോടി രൂപ ഉണ്ടായിരുന്നത് യഥാക്രമം 30,017-ഉം 30,505 കോടി രൂപയും 2022-23-ൽ 29,940 കോടി രൂപയുമായി. ഈ വർഷമുള്ള 29,940 കോടി രൂപയിൽനിന്ന് അടുത്ത വർഷം 15,866 കോടി രൂപയാകും. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 1,34,097 കോടി രൂപയായിരുന്നത് അടുത്ത വർഷം 1,35,000 കോടി രൂപയായിട്ടേ നിൽക്കുന്നുള്ളൂ. കാരണം ഈ പതിനായിരം കോടി രൂപകൂടി വെട്ടിക്കുറച്ചതിനാൽ അത്രയും പണമേയുള്ളൂ. അങ്ങനെയൊരു സാഹചര്യത്തിൽ ഓരോ വർഷവും ചെലവ് പതിനായിരം കോടി രൂപയെങ്കിലും അധികം വർദ്ധിക്കും. ഇത് നമ്മെ ശ്വാസം മുട്ടിക്കുന്നതാണ്. ഇതിനൊപ്പമാണ് എപ്പോഴും ആവർത്തിക്കുന്ന കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും പേരിൽ കടമെടുത്തത്. 2,700 കോടി രൂപകൂടി ഈ വർഷം കട്ട് ചെയ്തതായി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് തലേദിവസം കേന്ദ്രത്തിൽനിന്ന് ഒരു കത്തുവരികയുണ്ടായി. ഗവൺമെന്റിന്റെ ബഡ്ജറ്റ് റിക്കോർഡിലുള്ള കണക്കുകളാണ് ഇവിടെ പറഞ്ഞത്. ഈ വർഷം അടുത്ത മൂന്ന് മാസക്കാലത്തേയ്ക്ക് ആകെ 937 കോടി രൂപയാണ് കേരളത്തിന് കടമെടുക്കാൻ അവകാശമുള്ളതെന്നുപറഞ്ഞാൽ കൈയടിച്ച് ഒരു കണക്ക്

പുസ്തകമായി അവർക്കനുകൂലമായേ നിങ്ങൾ പറയൂ. 22,000 കോടി രൂപയാണ് കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ ശമ്പളം നൽകുന്നതിനും നിർമ്മാണം, പഞ്ചായത്തിന്റെയും കോൺട്രാക്ടർമാരുടെയും ബില്ലുകൾ തുടങ്ങി മറ്റ് കാര്യങ്ങൾക്കുമായി ട്രഷറിയിൽനിന്ന് കൊടുത്തത്. 22,000 കോടി രൂപ കൊടുക്കേണ്ട സ്ഥാനത്ത് കഴുത്തിന് പിടിച്ച് തുക വെട്ടിക്കുറയ്ക്കുമ്പോൾ നിങ്ങൾ ആർക്കുവേണ്ടിയാണ് ഈ കണക്കുകൾ പറയുന്നത്? കേരളത്തിനെതിരായാണ് പെരുമാറുന്നതെന്നുമാത്രമെ പറയുന്നുള്ളൂ. ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റും കേന്ദ്രമന്ത്രിയും പറയുന്നത് ന്യായീകരിക്കാനാണ് നിങ്ങൾ ഇരിക്കുന്നതെങ്കിൽ അത് പറഞ്ഞാൽമതി. കേരളത്തിന് അർഹമായ പണം കിട്ടുന്നില്ലെന്ന പ്രശ്നമാണ് ഞാൻ പറഞ്ഞത്. അത് പൊളിറ്റിക്സാണ്. നിങ്ങൾ ടാക്സ് പിരിക്കാനുള്ള അവകാശം മൊത്തം എടുത്തുകളഞ്ഞു. ഇപ്പോൾ 16 ശതമാനം ലഭിക്കേണ്ട ടാക്സ് 11 ശതമാനമായി കുറച്ചു. എന്നിട്ട് നമ്മൾ മിണ്ടാതിരിക്കണമെന്നാണോ പറയുന്നത്? കേരളത്തിനാവശ്യമായ സ്കൂളുകളുണ്ട്, കേരളത്തിൽ എല്ലാവീട്ടിലും ശൗചാലയമുണ്ട്, വീടുകൾക്ക് സൗകര്യമുണ്ട് എന്നതുകൊണ്ട് കേരളത്തിന് നൽകേണ്ട ഡിവിസിബിൾ പൂളിന്റെ ശതമാനത്തിൽ കുറവ് ചെയ്യുകയാണുണ്ടായത്. ഞാൻ മറ്റ് സംസ്ഥാനങ്ങളെക്കുറിച്ചൊന്നും

പറയുന്നില്ല. കഴിഞ്ഞ ദിവസം പറഞ്ഞല്ലോ, നമ്മെക്കാളും ജനസംഖ്യ കുറഞ്ഞതും പലതരത്തിലും പരിഗണന കിട്ടേണ്ടാത്ത സംസ്ഥാനങ്ങൾക്കൊക്കെ കൂടുതൽ തുക കൊടുക്കുന്നു. അതിനെ ന്യായീകരിക്കുന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. കേരള നിയമസഭയിൽ യു.ഡി.എഫ്.-ന്റെ ഒരു നേതാവ് കേരളത്തിന് ഇത്രയും തുക ലഭിക്കേണ്ട എന്നൊരു ന്യായം പറയുന്നുണ്ടല്ലോ; എന്ത് അക്കാഡമിക്കായാലും അത് ശരിയല്ല. ....(ബഹളം)... കേരളത്തിന് ലഭിക്കേണ്ട തുക ലഭിക്കണമെന്നുതന്നെ പറയണം, അതാണ് നല്ലത്. ഇത് പൊളിറ്റിക്കൽ കാര്യംതന്നെയാണ്, ഞാൻ പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് പറയുന്നത്. പ്രണബ് കുമാർ മുഖർജി ജി.എസ്.ടി. കൊണ്ടുവന്ന സമയത്ത് ഞങ്ങൾ ഡിസന്റ് രേഖപ്പെടുത്തിക്കൊണ്ടാണ് നിലപാടെടുത്തത്. അന്ന് കോൺഗ്രസ്സിന്റെ ഒരാളുപോലും ഡിസന്റ് പറഞ്ഞില്ല. അന്ന് ഇന്ത്യയിലെ അപൂർവ്വം ചിലയാളുകൾ മാത്രമെ ഡിസന്റ് പറഞ്ഞുള്ളൂ. ഇന്നിപ്പോൾ എല്ലാവരും ഡിസന്റ് പറയുകയും അതിലെ കണക്കുകളെ ന്യായീകരിക്കുകയും ചെയ്യുകയാണ്. ഞങ്ങൾ കിട്ടിയ പണം ചെലവാക്കിയെന്ന് പറയാനല്ലേ; അതല്ല ഈ കാര്യത്തിലുള്ള ശരി.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരുകാര്യം അങ്ങ് രണ്ടുമൂന്ന് പ്രാവശ്യമായി ആവർത്തിച്ചുപറയുന്നു. നിങ്ങൾ മുമ്പൊരു അമെന്റ്മെന്റിന്റെ നോട്ടീസും കൊടുത്തിട്ട്, ജി.എസ്.ടി. കൊണ്ടുവന്നതിനെ കോൺഗ്രസ്സുകാരാരും എതിർത്തില്ലെന്ന് പറയുന്നു. ഞങ്ങൾ ജി.എസ്.ടി കൊണ്ടുവരാൻ ആലോചിച്ചതാണ്. പക്ഷേ ഞങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിച്ചതുപോലെയല്ല കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് ജി.എസ്.ടി. കൊണ്ടുവന്നത്. വികലമായ രീതിയിലാണ് ജി.എസ്.ടി നടപ്പാക്കുന്നത്. അത് പൈലറ്റായി ചെയ്യണം. സ്റ്റാൻഡേർഡ് ടാക്സ് റേറ്റിനെ സംബന്ധിച്ച് ഞങ്ങളും ബി.ജെ.പി. ഗവൺമെന്റും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. ഇക്കാര്യങ്ങൾ ഞങ്ങളുടെ പ്രമുഖ നേതാക്കന്മാർ പാർലമെന്റിനകത്തും പുറത്തും പറഞ്ഞതാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഏറ്റവും വലിയ പ്രഖ്യാപനം, ഇത് 'Gabbar Singh Tax' ആണെന്നാണ്. ഞങ്ങൾ ജി.എസ്.ടി.-ക്കെതിരായി ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. ശ്രീ. എ. പി. അനിൽ കുമാർ ചോദിച്ചതെന്താണ്; ധനകാര്യ കമ്മീഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഫിനാൻസ് കമ്മീഷന്റെ കാലാവധിയിലേയ്ക്ക് (2026-27 വരെ) 53,000 കോടി രൂപയായി ഫിക്സ് ചെയ്തിരിക്കുകയാണ്. ആ 53,000 കോടി രൂപ ഓരോ വർഷമായി നമുക്ക്

നൽകിക്കൊണ്ടിരിക്കുകയാണ്. അതിൽ ഒരോ വർഷത്തെ റേറ്റ് അല്ലേ ഫിക്സ് ചെയ്തിരിക്കുന്നത്; അതല്ലേ നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്; അതിൽ കുറവ് വന്നിട്ടില്ലല്ലോ എന്നാണ് അദ്ദേഹം ചോദിച്ചത്. ഈ ചോദ്യത്തിന് ബി.ജെ.പി.-യുടെ കേന്ദ്രമന്ത്രിയും സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനും പറയുന്നതാണ് ശ്രീ. എ. പി. അനിൽ കുമാർ പറയുന്നതെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. ഡെവല്യൂഷനെ സംബന്ധിച്ച് ഞാൻ ചോദിച്ച ചോദ്യമുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ലഭിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് ലോക്കൽ ബോഡിക്ക് കൊടുത്തിരിക്കുന്ന പ്ലാൻ ഫണ്ടിൽ, അവരുടെ മെയിന്റനൻസ് ഗ്രാന്റിൽ കുറവ് വരുത്തിയിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് പറഞ്ഞപ്പോഴാണ് ഞാനത് ചോദിച്ചത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അത് ആവർത്തിക്കുന്നില്ല. സംസ്ഥാനങ്ങളുടെ അർഹമായ അവകാശം വെട്ടിക്കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. സാങ്കേതികമായ അവരുടെ കണക്ക് അംഗീകരിക്കാൻ പറ്റില്ല. കാരണം എൻ.എച്ച്.എ.ഐ.-യ്ക്കുവേണ്ടി 3 ലക്ഷം കോടി രൂപ കേന്ദ്രം എടുക്കുന്നുണ്ട്. എന്നാൽ കിഫ്ബി എടുക്കരുതെന്ന് അവർ പറയുന്നത് ശരിയാണോ? കേന്ദ്രത്തിന്റെ ഫിസ്കൽ

ഡെഫിസിറ്റ് 6.9 ശതമാനമാണ്, എന്നാൽ കേരളം 3.5 ശതമാനം മാത്രമെ എടുക്കാൻ പാടുള്ളൂവെന്നാണ് പറയുന്നത്. ആകെയുള്ള ജി.ഡി.പി.-യുടെ 70 ശതമാനം കേന്ദ്ര ഗവൺമെന്റിന് കടമുണ്ട്. കേരളത്തിന്റെ കടം 32 ശതമാനം ആക്കണമെന്ന് കേന്ദ്രം പറഞ്ഞു. അത് ശരിയാണല്ലോ? ആ ശരിയെ ശരിയല്ലെന്നാണ് ഇന്ത്യയിലെ കോൺഗ്രസ് ഗവൺമെന്റ് എല്ലാസ്ഥലങ്ങളിലും പറയുന്നത്. ആ ഭാഗം പറയുന്നത് വെറും ടെക്നിക്കൽ ന്യായമാണ്. സ്റ്റേറ്റിന്റെ താൽപര്യമല്ല. ഇവിടെ നടത്തുന്ന മാനേജ്മെന്റൊന്നും ശരിയല്ലെന്ന ന്യായം പറഞ്ഞതുകൊണ്ടാണ് ഞാൻ ആദ്യമേ പറഞ്ഞത്, ഞങ്ങൾ ഈ രണ്ട് വർഷമായി 27000 കോടി രൂപ അധികം നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന്. സാധാരണരീതിയിൽ ഒരു സ്റ്റേറ്റിന് അതിനപ്പുറം പിരിച്ചെടുക്കാൻ സാധിക്കുമോ; ഞങ്ങൾ അക്കാര്യം ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇന്ത്യയിലെ ബി.ജെ.പി. ഇതര ഗവൺമെന്റുകൾ സ്വീകരിക്കുന്ന നിലപാടുകളുടെ സമീപനത്തിലേയ്ക്ക് ശ്രീ. എ. പി. അനിൽകുമാർ ഉൾപ്പെടെയുള്ളവർ ദയവുചെയ്ത് നിൽക്കണമെന്നുള്ള അഭിപ്രായമാണെനിക്കുള്ളത്. അതാണ് കേന്ദ്ര ഗവൺമെന്റിനെതിരെ സ്വീകരിക്കേണ്ട ഒരു നിലപാട്. പഞ്ചായത്തുകൾക്ക് വകയിരുത്തിയ തുകയെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു.

മെയിന്റനൻസ് ഗ്രാന്റിൽ പുതുക്കൽ വന്നതുകൊണ്ടാണ് വ്യത്യാസം വന്നത്. ഇത് ആസ്തിയുടെ അടിസ്ഥാനത്തിലുള്ളതാണ്. കഴിഞ്ഞ പ്രാവശ്യവും ഇതേ പ്രശ്നം വന്നിരുന്നു. ജില്ലാ പഞ്ചായത്തുകളുടെ ആസ്തിയേക്കാൾ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ആസ്തി കൂടുതൽ വരും. ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായ ആറാം ധനകാര്യ കമ്മീഷൻ ഒരു ഫോർമുല പറഞ്ഞിട്ടുണ്ട്. ഇത് ആസ്തിയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. സത്യത്തിൽ ഇതിലൂടെ ജില്ലാപഞ്ചായത്തുകൾക്കാണ് വലിയ കുറവ് വരുന്നത്. അതിന് ഒരു പ്രത്യേക പഞ്ചായത്ത് എന്നൊന്നുമില്ല. എല്ലാവരെയും ബാധിക്കും. കഴിഞ്ഞ പ്രാവശ്യം ഇതേ പ്രശ്നം വന്നപ്പോൾ, നമ്മൾ തത്കാലത്തേയ്ക്ക് അത് തുടരാൻ തീരുമാനിച്ചു. ഇപ്രാവശ്യം നിർബന്ധമായും ആസ്തിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പറഞ്ഞതനുസരിച്ചുള്ളത് ചെയ്യണമെന്ന് പറഞ്ഞപ്രകാരമാണ് ഇത് വന്നിരിക്കുന്നത്. പഞ്ചായത്തിന്റെ വിഹിതം 26.50 ശതമാനം എന്നത് 27.1 ശതമാനമായിട്ടുണ്ട്. പൊതുവിൽ ശതമാനം വർദ്ധിച്ചെങ്കിലും ആസ്തിയുടെ കാര്യത്തിൽ ഈ പ്രശ്നമുണ്ട്. ആ മേഖലയുമായി ബന്ധപ്പെട്ടവർക്ക് അതറിയാം. ആറാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചാണ് അതൊക്കെ ചെയ്തത്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് വളരെ ഗുരുതരമായ പ്രശ്നമാണ്. പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും കുറയുകയാണ്. എറണാകുളം ജില്ലാ പഞ്ചായത്തിന് 750 കി. മീ. റോഡുണ്ട്. അത് മെയിന്റയിൻ ചെയ്യണമെങ്കിൽ 60 കോടി രൂപ വേണം. അവിടെ 12 കോടി രൂപ കൊടുത്താൽ അസറ്റ് എങ്ങനെയാണ് മെയിന്റയിൻ ചെയ്യുന്നത്? പ്ലാൻ ഫണ്ട് എന്തുകൊണ്ട് കുറയുന്നു. പ്ലാൻ ഫണ്ട് കുറയാൻ പാടില്ലല്ലോ?

ശ്രീ. പി. കെ. ബഷീർ: സർ, 5 കോടി രൂപയാണ് ആസ്തി വികസന ഫണ്ട്. 18 ശതമാനമാണ് അതിന് ജി.എസ്.ടി.. അത് ഏകദേശം 90 ലക്ഷം രൂപ വരുന്നുണ്ട്. അതുകൊണ്ട് ആസ്തി വികസന ഫണ്ട് 6 കോടി രൂപയാക്കിക്കൂടെ; ഏതായാലും നിങ്ങൾക്ക് ഒന്നും തരാൻ കഴിയുന്നില്ല. അതെങ്കിലും ഒരു കോടി രൂപ വർദ്ധിപ്പിക്കുന്നതിന് ഒരു മാർഗ്ഗമുണ്ടാക്കിക്കൂടെ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2012-ൽ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് ഈ 5 കോടി രൂപ വന്നത്. ഇപ്പോൾ 11 വർഷമായി, ആസ്തി വികസന ഫണ്ടിൽ ഒരു കോടി രൂപയുടെ വർദ്ധനവ് ന്യായമാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ അക്കാദമിക്കും പ്രാക്ടിക്കലുമായ കാര്യമാണ്. കഴിഞ്ഞ ഒന്നുരണ്ട് വർഷമായി നമ്മെ

സാമ്പത്തിക സ്ഥിതി ഞെരുക്കുന്നുവെന്നാണല്ലോ പറയുന്നത്. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട വരുമാനം വെട്ടിക്കുറച്ചു. യഥാർത്ഥ വരുമാനം കുറഞ്ഞതുകൊണ്ടാണ് ചെറിയൊരു ടാക്സ് ഏർപ്പെടുത്താമെന്ന് കരുതിയത്. നിലവിലുള്ള വരുമാനം നിലനിർത്താൻ വേണ്ടിയാണത്. അതുപോലും പറ്റില്ല, പക്ഷെ ഇത് വേണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് സാധിക്കുന്നത്. നമുക്ക് വരുമാനം വേണ്ടേ? ഈ കണക്കുകകളനുസരിച്ച് വരുന്ന സാമ്പത്തിക വർഷമാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നത്. അതുകഴിയുമ്പോൾ നമുക്ക് നോക്കാം. ഇപ്പോൾ അതിനെക്കുറിച്ചുള്ള കാര്യങ്ങൾ പരിഗണിക്കുന്നില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, നിലവിൽ എം.എൽ.എ. ഫണ്ടിൽ 20 പ്രൊപ്പോസലാണ് നൽകാൻ കഴിയുന്നത്. പഞ്ചായത്തുകളുടെ ഗ്രാമീണ റോഡുകൾക്കൊന്നും ഇപ്പോൾ ഫണ്ടില്ലാതെ, വെട്ടിക്കുറച്ചതുകൊണ്ട് എല്ലാസ്ഥലത്തും പ്രശ്നം നേരിടുകയാണ്. അതുകൊണ്ട് 20 പ്രൊപ്പോസൽ എന്നുള്ളത് 30 പ്രൊപ്പോസലാക്കി വർദ്ധിപ്പിക്കാനുള്ള നടപടി അത്യാവശ്യമാണ്. അത് നഷ്ടം വരുത്തുന്ന കാര്യമല്ല. ഓരോ റോഡുകൾക്ക് മാത്രമായി ഇപ്പോൾ പ്രൊപ്പോസൽ കൊടുക്കേണ്ടിവന്നിരിക്കുകയാണ്. നേരത്തേ രണ്ടുംമൂന്നും റോഡുകൾക്ക് ഒന്നിച്ച് കൊടുക്കാമായിരുന്നു.

അതിലെല്ലാം മാറ്റം വരുത്തുകയുണ്ടായി. അതുകൊണ്ട് 20 പ്രൊപ്പോസലുകൾ എന്നത് 40 പ്രൊപ്പോസലുകൾ എന്നാക്കി മാറ്റിയിരുന്നെങ്കിൽ ഏറ്റവും ആശ്വാസകരമായിരുന്നു. ആവശ്യമുള്ള എം.എൽ.എ.-മാർക്ക് അത് ഉപകരിക്കും. അല്ലെങ്കിൽ അതിന്റെ എണ്ണം 30 എങ്കിലുമാക്കി വർദ്ധിപ്പിക്കണം. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കുക എന്നത് രാഷ്ട്രീയത്തിനതീതമായ പൊതു ആവശ്യമാണ്. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കാലോചിതമായ പരിഷ്കാരം വേണമെന്നാണോ അങ്ങ് പറയുന്നത്. അപ്പോൾ കാലോചിതമായ വർദ്ധനവ് റവന്യൂവിലും ഉണ്ടാകണമെന്നാണോ? ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാം. വർദ്ധനവ് വരുത്തുന്ന കാര്യത്തിൽ ഉറപ്പ് പറയുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യത്തെക്കുറിച്ച് പറയാം. 2020-2021-ൽ ലിക്വറിന്റെ ടേൺഓവർ ടാക്സ് 200.47 കോടി രൂപ ആയിരുന്നത് 2021-22-ൽ 539.96 കോടി രൂപയായി. 2022-2023-ൽ ഇതുവരെ 507 കോടി രൂപ വന്നിട്ടുണ്ട്. ലിക്വറിന്റെ കണക്ക് ശ്രദ്ധിക്കേണ്ടതായതുകൊണ്ടാണ് പറഞ്ഞത്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ കഴിഞ്ഞ വർഷം ലഭിച്ചതിനെക്കാൾ 24000 കോടി രൂപ കുറവാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ തുക കുറഞ്ഞിട്ടില്ല. ലഭിച്ച പണത്തിൽനിന്ന് ജില്ലാ പഞ്ചായത്തുകളിലേയ്ക്കുള്ള അലോക്കേഷന്റെ കാര്യത്തിലാണ് വ്യത്യാസം വന്നത്. പ്ലാൻ ഫണ്ടിൽ 0.5-ലധികം വർദ്ധനവുണ്ടായിട്ടേയുള്ളൂ. ആസ്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമെ വന്നിട്ടുള്ളൂ.

ചർച്ചയുടെ ഭാഗമായി എ.കെ.ജി. സ്മാരകത്തിന് പണം കൊടുക്കുന്ന കാര്യം ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ. സൂചിപ്പിക്കുകയുണ്ടായി. സ്ഥലം വാങ്ങി അതിന്റെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ കാര്യമാണ് നേരത്തെ പറഞ്ഞത്. അങ്ങ് മണ്ഡലത്തിലെ ഏതെങ്കിലും കോൺഗ്രസ്സുകാരോട് അന്വേഷിച്ചിരുന്നെങ്കിൽ അവർ കൃത്യമായി പറഞ്ഞുതരുമായിരുന്നു. ഇവിടെ തെറ്റായ കാര്യം പറയേണ്ടതില്ലായിരുന്നു. .....(ബഹളം).... സമാധാന സമ്മേളനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ വളരെ ആക്ഷേപഹാസ്യത്തിൽ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദേശത്ത് പോയപ്പോൾ നോബേൽ സമ്മാനം കൊടുക്കുന്ന ഏജൻസിയുടെ ഹെഡ്ക്വാർട്ടേഴ്സ് സന്ദർശിച്ചതും സംസാരിച്ചതുമെല്ലാം പറഞ്ഞു. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നുണ്ട്. ഇങ്ങനെയൊരു സമാധാന സമ്മേളനം നടത്താൻ

തീരുമാനിച്ചതുകൊണ്ട് ശ്രീ. വ്ലാഡിമിർ പുടിനും ശ്രീ. വ്ലാഡിമിർ സെലൻസ്കിയും അഭിപ്രായം മാറ്റിയെന്നും ആക്ഷേപ ഹാസ്യത്തിൽ ഇവിടെ പറഞ്ഞു. പാബ്ലോ പിക്കോസോയുടെ പ്രശസ്തമായ രചനകൾ, നമ്മുടെ നാട്ടിൽ സമാധാനത്തിനുവേണ്ടി നടത്തിയിട്ടുള്ള രചനകളും മറ്റും പോലുള്ള കാര്യങ്ങളെ തമാശയായി കാണേണ്ടെന്നാണ് പറയാനുള്ളത്.

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ചർച്ചയിൽ നിലമ്പൂർ ബൈപ്പാസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ഒരു കാര്യം പറഞ്ഞിരുന്നു. അദ്ദേഹം അക്കാര്യം എഴുതി നൽകുകയും ചെയ്തിരുന്നു. അതിനായി 29.5 കോടി രൂപ പ്ലാൻ ഫണ്ടിൽത്തന്നെ വകയിരുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പിനുവേണ്ടി ഈ തുക ഉപയോഗിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു; അത് അനുവദിക്കുമെന്നാണ് പറയാനുള്ളത്. അമല ആർ.ഒ.ബി. റോഡ് കുപ്പിക്കഴുത്ത് പോലെയുള്ള റോഡായതുകൊണ്ട് തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസനത്തിനായി പ്രഖ്യാപിക്കപ്പെട്ട കിഫ്ബി പദ്ധതിയിൽ അതുകൂടി ചേർക്കണമെന്ന ആവശ്യംവന്നിരുന്നു. പ്രായോഗികമായ ആ റോഡിന്റെ വികസനത്തിനുവേണ്ടി ടി റോഡ് കൂടി കിഫ്ബി പദ്ധതിയിൽ ചേർക്കാമെന്നാണ് പറയാനുള്ളത്. കരമന-കളിയിക്കാവിള റോഡിന്റെ വികസന പരിപാടിക്കുള്ള നടപടികൾ

അതിവേഗത്തിൽ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു. നിലവിൽ എയർപോർട്ട് അതോറിറ്റിയുടെ കൈവശമുള്ള ഒരേയൊരു റോഡായ കോഴിക്കോട് എയർപോർട്ടിലേയ്ക്കുള്ള പൊളിഞ്ഞുകിടക്കുന്ന റോഡ് മെച്ചപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇന്ത്യയിൽ ആദ്യമായി നടക്കുന്ന ഭിന്നശേഷി കുട്ടികളുടെ കലാമേളയാണ് മാജിക് പ്ലാനറ്റിൽ പ്രവർത്തിക്കുന്ന Different Arts Centre (DAC) സംഘടിപ്പിക്കുന്ന 'സമ്മോഹനം' എന്ന പരിപാടി. അതിലേയ്ക്കായി 20 ലക്ഷം രൂപ അനുവദിക്കുന്നു. അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ടിന്റെ പ്രശ്നം ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചിരുന്നു. വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നു. പാലക്കാട് ജില്ലയിലെ കനാലുകളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി തീരുമാനിച്ചിട്ടുണ്ട്. അതിൽ വാളയാർ ഡാമിന്റെ ഏരിയകൂടി ഉൾപ്പെടുത്തണമെന്ന് ശ്രീ. എ. പ്രഭാകരൻ എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. അതിലേയ്ക്കായി തുക നീക്കിവച്ചിട്ടുള്ളതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. നിലമ്പൂർ ബൈപ്പാസിന് തുക വകയിരുത്തിയിട്ടുണ്ട്. അത് ഡൈവെർട്ട് ചെയ്യുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു; അധിക തുക വകയിരുത്തുന്നില്ല. കേരളത്തിലെ അഭിഭാഷകർക്ക് തുടർവിദ്യാഭ്യാസം

ഉറപ്പുവരുത്തുകയെന്ന ഉദ്ദേശ്യത്തോടെ കേരള ബാർ കൗൺസിൽ സ്ഥാപിക്കുന്ന കേരള ലായേഴ്സ് അക്കാഡമിക്ക് സർക്കാർ അനുവദിച്ച ഒരേക്കർ സ്ഥലത്ത് നിർമ്മാണം ആരംഭിക്കുന്നതിനായി ഒരു കോടി രൂപ അനുവദിക്കുന്നതാണ്. കായിക വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 50:50 അനുപാതത്തിൽ വിഹിതം വകയിരുത്തി പഞ്ചായത്തുതല സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ പദ്ധതി തയ്യാറാക്കുകയും അതിലേയ്ക്കായി സ്പോർട്സ് കൗൺസിലും പഞ്ചായത്തും തുക നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിൽ സ്കൂളുകളിലെ സ്പോർട്സ് പരിശീലനത്തിനായി 3 കോടി രൂപ അനുവദിക്കുകയാണ്. അഷ്ടമുടി കായൽ ശുചീകരണത്തിനായി 5 കോടി രൂപ അനുവദിക്കുന്നു. മലപ്പുറം കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിന് ആവശ്യപ്പെട്ടിരുന്ന 5 കോടി രൂപ അനുവദിക്കുന്നു. ടൂറിസം ഇടനാഴിയിൽ മലയോര മേഖലയിലെ അരുവിക്കര, നെയ്യാർഡാം, ബോണക്കാട്, പൊൻമുടി എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെയും പരവൂരിനെയും വർക്കലയെയും ഉൾപ്പെടുത്തണമെന്ന് അഭിപ്രായം വന്നിരുന്നു; അതിനുള്ള തുക നീക്കിവച്ചിട്ടുണ്ട്. ആ സ്കീമുകൾകൂടി അതിൽ വരത്തക്കരീതിയിൽ അത് ഉൾപ്പെടുത്തുന്നു. എറണാകുളം നഗരത്തിലെ വെള്ളക്കെട്ടിന്റെ പ്രശ്നം സൂചിപ്പിച്ചിരുന്നു. 'ഓപ്പറേഷൻ ബ്രേക്ക്

ത്രൂ' പദ്ധതിക്ക് 10 കോടി രൂപ അനുവദിക്കുന്നു. തലശ്ശേരി മണ്ഡലത്തിലെ മയ്യഴി വിനോദസഞ്ചാര പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിക്കുന്നു. ഹജ്ജ് എംബാർക്കേഷനുവേണ്ടി കണ്ണൂർ എയർപോർട്ടിൽ അംഗീകരിച്ച ഒരു പുതിയ പോയിന്റിനായി ഒരു കോടി രൂപ അനുവദിക്കുന്നു. മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗ പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള നടപടി ആരംഭിക്കുന്നതാണ്; അതിലേയ്ക്കായി സ്ഥലമെടുത്തുകൊണ്ടിരിക്കുന്നു; ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ പണി പകുതി കഴിഞ്ഞിട്ടേയുള്ളൂ. അതുകൊണ്ട് തുകയെക്കുറിച്ച് ഇപ്പോൾ പറയുന്നില്ല. അതിന് ആവശ്യമായ തുക വകയിരുത്തി പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എം.എൽ.എ.-മാർക്ക് പ്രത്യേക വികസന ഫണ്ടിൽനിന്നും ഗ്രാമവണ്ടിക്ക് തുക അനുവദിക്കാനുള്ള അനുമതി കൊടുക്കുന്നുണ്ട്. ഗ്രാമവണ്ടിക്ക് അനുമതി വേണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ആവശ്യമുള്ളവർ എടുക്കുന്നതിന് അനുവാദം കൊടുക്കാം. പട്ടയം മിഷൻ എന്നത് സംസ്ഥാനത്തെ ഒരു സ്കീമാണ്. അതിന് 2 കോടി രൂപ അനുവദിക്കുന്നുണ്ട്. അങ്കണവാടിയിലെ ആശാവർക്കർ, പ്രീപ്രൈമറി

അധ്യാപകർ, പാചകതൊഴിലാളികൾ, സാക്ഷരതാ പ്രവർത്തകർ തുടങ്ങിയവരുടെ വേതനത്തിൽ പ്രശ്നമുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വലിയ തുകയല്ലെങ്കിൽപ്പോലും തുർക്കി-സിറിയ ഭൂകമ്പ ബാധിത മേഖലയിലെ ദുരിതാശ്വാസത്തിന് മരുന്നിനും മറ്റ് സഹായങ്ങൾക്കുമായി കേരള ഗവൺമെന്റിന്റെ വിഹിതമായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അത് നമ്മുടെ കേരള നിയമസഭയുടെ ഗുഡ്‌വിൽ ജെസ്റ്ററാണ്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുമാത്രമെ അത് കൊടുക്കാൻ സാധിക്കുകയുള്ളൂ. മറുപടി പ്രസംഗത്തിൽ കുറേയേറെ കാര്യങ്ങൾ പറയുന്നതാണ് സാധാരണ രീതി. സീപോർട്ട് -എയർപോർട്ട് റോഡിന്റെ കാര്യത്തിൽ നിലവിൽ ഇപ്പോൾ തുക കണക്കാക്കി വച്ചിട്ടില്ല. അത് പൂർത്തീകരിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. രണ്ടുമൂന്ന് മെമ്പർമാരും മന്ത്രിയും ആ കാര്യത്തെക്കുറിച്ച് പറയുകയുണ്ടായി; വികസനത്തിന്റെ കാര്യമായതുകൊണ്ട് വളരെ വേഗത്തിൽ ചെയ്യുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, ...(മൈക്ക് ഓഫ്)....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വൈക്കത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. നേരത്തെ അനുവദിച്ച തുക നൽകുന്ന കാര്യത്തിൽ പ്രശ്നമില്ല.

ഓരോന്നും ഇനി എടുത്തുപറയാൻ പറ്റില്ല. നെല്ല് ഏറ്റെടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി; കേരള ബാങ്കിൽനിന്നും വായ്പയെടുത്ത് നെൽ കർഷകർക്ക് സംഭരണവില കൊടുക്കുന്നതിന് സംസ്ഥാന സർക്കാർ ഒരുക്കങ്ങൾ നടത്തിവരികയാണ്. 1957 ഏപ്രിൽ 5-ന് കേരളത്തിലെ പ്രഥമ സർക്കാരിന്റെ സമയത്ത്, കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ യുഗപ്രഭാവനായ സഖാവ് ഇ.എം.എസ്. നടത്തിയ നയപ്രഖ്യാപനത്തിലെ ആവേശം ജനിപ്പിക്കുന്ന വാക്കുകൾ ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അദ്ദേഹം പറഞ്ഞത്, "ഞങ്ങൾ തികച്ചും ഇഷ്ടപ്പെടാത്ത നിയമങ്ങളും നടപടിക്രമങ്ങളും ചട്ടങ്ങളും മറ്റുമടങ്ങുന്ന ഒരു ഭരണവ്യവസ്ഥയുടെ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ടുവേണം പ്രവർത്തിക്കാൻ. എന്നാൽ ഈ പ്രതികൂല സാഹചര്യങ്ങളെയെല്ലാം നേരിട്ടുകൊണ്ട് മുന്നേറാൻ കഴിയുമെന്ന് ഞങ്ങൾക്ക് വിശ്വാസം നൽകുന്ന രണ്ട് മുഖ്യഘടകങ്ങളുണ്ട്. അതിൽ ഒന്നാമത്തേത്, ഞങ്ങൾ ഈ ചുമതല ഏറ്റെടുക്കുന്നത് ഏതാനും വ്യക്തികളെന്ന നിലയ്ക്കല്ല. കാൽനൂറ്റാണ്ടോളം പഴക്കമുള്ള ഒരു മഹനീയമായ പ്രസ്ഥാനത്തിന്റെ പ്രതിനിധികളായിട്ടാണെന്ന പരമാർത്ഥമാണ്. ഞങ്ങളിപ്പോൾ ഏറ്റെടുത്തിട്ടുള്ള ഭാരമേറിയ ചുമതല ശരിയാംവണ്ണം നിറവേറ്റുന്നതിൽനിന്ന് ഞങ്ങളെ പിന്തിരിപ്പിക്കാൻ യാതൊന്നിനെയും

ഞങ്ങൾ അനുവദിക്കില്ല. സ്വന്തം കടമ നിറവേറ്റുന്നതിന് തടസ്സമായി നിൽക്കുന്ന ശക്തികളെയെല്ലാം എതിർക്കുന്നതിൽ മൺമറഞ്ഞ സഖാക്കൾ പ്രകടിപ്പിച്ച ത്യാഗസന്നദ്ധത ഞങ്ങൾ പ്രകടിപ്പിക്കുന്നു." എന്നാണ്. 65 വർഷത്തിനുപ്പുറം സഖാവ് ശ്രീ. പിണറായി വിജയൻ മുന്നിൽനിന്ന് നയിക്കുന്ന ഇടതുപക്ഷസർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ പറയുന്നത്, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, സംസ്ഥാനത്തിനുവേണ്ടി എല്ലാ തടസ്സങ്ങളെയും പ്രതിസന്ധികളെയും ചെറുത്ത് തോൽപ്പിച്ചുകൊണ്ട് ഒരു നവകേരള സൃഷ്ടിക്കായി ഞങ്ങൾ മുന്നോട്ട് പോകുകതന്നെ ചെയ്യുമെന്നാണ്. ഒരു സ്വാശ്രയ സാമ്പത്തിക ശക്തിയായി കേരളത്തെ മാറ്റുന്നതിനുള്ള ചാലകശക്തിയായി ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെയും ഈ ബഡ്ജറ്റിനെയും ചരിത്രം അടയാളപ്പെടുത്തുമെന്ന് ആത്മാർത്ഥതയോടെ പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെയും അതിലെ നികുതി നിർദ്ദേശങ്ങളെയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ പൊതുവിൽ പറഞ്ഞ കാര്യങ്ങൾ പൊതുബഡ്ജറ്റിനെക്കുറിച്ചാണ്. നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ചും കുറെയേറെ കാര്യങ്ങൾ പറയുകയുണ്ടായി. ഇത്രയും വലിയ നിരക്കിലുള്ള നികുതി ഉണ്ടായിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് വലിയ വിമർശനവും വരികയുണ്ടായി. യഥാർത്ഥത്തിൽ

നികുതി എന്ന നിലയിൽ അതിൽ ചില ഡയറക്ഷനുകളാണുള്ളത്. പലതും റൂൾസിൽ മാറ്റംവരുത്തി ചെയ്യാവുന്നതേയുള്ളൂ. ക്വാറികളുടെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. അത് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ റൂളിൽ ഉൾപ്പെടുന്നതാണ്. ഇത് സംസ്ഥാന ഗവൺമെന്റിന് പണം ലഭിക്കുന്നതല്ല. പലപ്പോഴും പഞ്ചായത്തുകളിൽ 1960-1970 വർഷങ്ങളിലെ നികുതിയാണ് വാങ്ങുന്നത്. നമ്മുടെ നാട്ടിൽ കാര്യങ്ങൾ വേണ്ടത്ര നല്ലരീതിയിൽ നടപ്പാക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ നല്ലൊരു ഭാഗവും യു.ഡി.എഫ്. ആണ്; എൽ.ഡി.എഫും ഉണ്ട്. ഇതൊന്നും സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നതല്ല. ടി നികുതി കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്; എന്നാൽ മാത്രമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നോട്ടുവരാൻ കഴിയുകയുള്ളൂ. ഇതെല്ലാം സംസ്ഥാന സർക്കാർ വാങ്ങുകയാണെന്ന് പറയേണ്ട കാര്യമില്ല. രണ്ടുമൂന്നു മേഖലകളിൽ മാത്രമാണ് സംസ്ഥാന സർക്കാരിന് നികുതിയുള്ളത്. കോർട്ട് ഫീ സ്റ്റാമ്പിന്റെ തുകയുടെ വലിപ്പത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പല പരിപാടികളിലും പങ്കെടുക്കുമ്പോൾ ജുഡീഷ്യറിയിലെതന്നെ ഉന്നത ഉദ്യോഗസ്ഥർ പറയുന്നത് കോർട്ട് ഫീ സ്റ്റാമ്പിന്റെ തുക വളരെ കുറവായതുകൊണ്ട് അത് പരിഷ്കരിക്കണമെന്നാണ്. മോട്ടോർ വെഹിക്കിളിന്റെ കാര്യവുമായി

ബന്ധപ്പെട്ട് കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ നികുതികൂടി പരിശോധിച്ചശേഷമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. പക്ഷേ പ്രൈവറ്റ് ബസുകൾ സർവ്വീസ് അവസാനിപ്പിച്ചുവരികയാണ്. പബ്ലിക് ട്രാൻസ്പോർട്ട് ഇല്ലെങ്കിൽ യാത്ര സാധ്യമല്ല. വാസ്തവത്തിൽ കുറച്ചുകൂടി നികുതി ഇളവ് കൊടുക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. പക്ഷെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ അങ്ങനെ കൊടുക്കാൻ പറ്റില്ല. 10 ശതമാനമാണ് കുറച്ചത്; 28 കോടി രൂപയായിരുന്നത് കുറച്ചുകൊടുത്തിട്ടുണ്ട്.

മദ്യത്തിന് കഴിഞ്ഞ രണ്ടു വർഷമായി നികുതി വർദ്ധിപ്പിച്ചിട്ടില്ല. കഴിഞ്ഞ വർഷം പ്രൈസ് അഡ്ജസ്റ്റ്മെന്റ് നടത്തിയത്, TOT (Turn over tax)-യുടെ അഡ്ജസ്റ്റുമെന്റാണ്. അത് 10 രൂപയിൽ താഴെവരുന്ന നികുതിയാണ്. രണ്ട് വർഷമായി നികുതിയൊന്നും വർദ്ധിപ്പിച്ചിട്ടില്ല. അരിക്കും ചായയ്ക്കും പാലിനും വില വർദ്ധിക്കുന്നതുപോലെ മദ്യത്തിന് വില വർദ്ധനവുണ്ടാകില്ല. കാരണം അത് കോൺസ്റ്റന്റ് പ്രൈസാണ്. സർക്കാർ തീരുമാനിച്ചാലേ മദ്യത്തിന്റെ നികുതി വർദ്ധിക്കുകയുള്ളൂ. രണ്ടു വർഷമായി മദ്യത്തിന് ഒരേ നിരക്കാണ്; അതിൽ മാറ്റം വന്നിട്ടില്ല. 500 രൂപയ്ക്ക് മുകളിൽ 1000 രൂപവരെയുള്ളതും 1000 രൂപയ്ക്ക് മുകളിൽ വിലവരുന്നതും

എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. അതിൽ 500 രൂപ മുതൽ 1000 രൂപ വരെയുള്ളതിന് 20 രൂപയും 1000 മുതൽ മുകളിലോട്ടുള്ളതിന് 40 രൂപയുമാണ് നികുതി. 1000 മുതൽ മുകളിലേയ്ക്കുള്ളതിന്റെ സെയിൽസ് ടാക്സ് 8 ശതമാനമേയുള്ളൂ. 500 രൂപയ്ക്ക് താഴെയുള്ള വിഭാഗത്തിൽ മദ്യമാണ് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത്. ആകെ വിൽക്കപ്പെടുന്ന മദ്യത്തിന്റെ നല്ലൊരു ഭാഗവും താഴെത്തട്ടിലുള്ളവരാണ് ഉപയോഗിക്കുന്നത്. ഇത് സോഷ്യൽ സെക്യൂരിറ്റി സീഡ് ഫണ്ടിലേയ്ക്ക് പോകുകയാണ്. സീഡ് ഫണ്ടിനെക്കുറിച്ച് സാധാരണഗതിയിൽ നിയമസഭയിൽ കൊണ്ടുവന്ന് പറയേണ്ട കാര്യമില്ലല്ലോ? സീഡ് ഫണ്ട് ഒരു പ്രത്യേക ഫണ്ടെന്ന നിലയിലാണ് കൊണ്ടുവന്നത്. ആകെ വേണ്ട പെൻഷന്റെ 10 ശതമാനത്തിൽ താഴെ തുകമാത്രമെ ഇതിൽനിന്ന് ലഭിക്കുകയുള്ളൂ, അല്ലാതെ ആകെ പെൻഷൻ കൊടുക്കാനല്ല.

കേന്ദ്രഗവൺമെന്റ് കേരളത്തിൽ നിന്ന് പിരിക്കുന്ന പെട്രോൾ നികുതിയിൽ, ഒരു ലിറ്ററിന് 20 രൂപ ഇപ്പോൾ ശേഖരിക്കുന്നുണ്ട്. ഡീസലിനും ഇത്തരത്തിൽ നികുതി ശേഖരിക്കുന്നുണ്ട്. 750 കോടി രൂപയെന്ന് ഇതിൽ പറയുമ്പോൾ 7500 കോടി രൂപയാണ്

കേന്ദ്രഗവൺമെന്റ് പിരിച്ചെടുക്കുന്നത്. സർചാർജിനും സെസ്സിനുമെതിരെ ഞങ്ങൾ ഒരു നിലപാട് പറഞ്ഞിരുന്നു. സർചാർജ്ജും സെസ്സും പാടില്ലെന്നല്ല, ഇതിൽ കേന്ദ്രഗവൺമെന്റ് ഇടപെടുന്നതുകൊണ്ടാണ്. കാരണം ആർട്ടിക്കിൾ 261 അനുസരിച്ച് പെട്രോൾ, ഡീസൽ, ലിക്വർ എന്നിവ സ്റ്റേറ്റ് സബ്ജക്ട്സ് ആണ്. ഈ കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റിന് നികുതി പിരിക്കാൻ അവകാശമില്ല; അവർക്ക് എക്സൈസ് ഡ്യൂട്ടി മാത്രമേ പിരിക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ സ്പെഷ്യൽ സർചാർജ്ജോ അഡീഷണൽ ഡ്യൂട്ടിയോ പ്രത്യേക സാഹചര്യത്തിൽ പിരിക്കാമെന്നാണ് അതിനുള്ള പ്രൊവിഷനിൽ പറയുന്നത്. ആ പ്രത്യേക സാഹചര്യം എന്താണ്? നാച്ചുറൽ കലാമിറ്റീസ്, യുദ്ധം തുടങ്ങിയ കാര്യങ്ങൾ വരുമ്പോൾ ഒരു ചെറിയ കാലയളവിലേയ്ക്ക് നികുതി കളക്ട് ചെയ്യാമെന്ന അവകാശം ഉപയോഗിച്ചുകൊണ്ടാണ് 20 രൂപ വീതം പിരിച്ചുകൊണ്ടുപോകുന്നത്. നമ്മുടെ കണക്കനുസരിച്ച് മിനിമം 7500 കോടി രൂപയിലധികം കഴിഞ്ഞ എത്രയോ വർഷമായി പിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരണവേളയിൽ ഇങ്ങനെയൊരു പ്രതിഷേധം നടത്തുന്നത് ശരിയല്ല. 27 ബഡ്ജറ്റ് പ്രസംഗങ്ങൾ കേട്ടിട്ടുള്ള ആളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. അത്രത്തോളം നമ്മൾ കേട്ടിട്ടില്ലെങ്കിലും

ഇവിടെയിരിക്കുന്നവർ അതുപോലെ പരിചയമുള്ളവരാണ്. ബഡ്ജറ്റ് പ്രൊപ്പോസൽ വരുമ്പോൾത്തന്നെ മോട്ടോർ സൈക്കിൾ കത്തിച്ചുംമറ്റും പ്രതിഷേധിക്കുന്നത് ശരിയല്ല. ഏറ്റും അടിയുമൊക്കെയുണ്ടാകുമെങ്കിലും വണ്ടികൊണ്ടുവന്ന് കത്തിക്കുന്ന പ്രവണത ഒഴിവാക്കാമായിരുന്നു. അങ്ങനെയുള്ള സമരം ഉൾപ്പെടെയാണ് നടക്കുന്നത്. ഇവിടെ ചുമത്തിയിരിക്കുന്ന നികുതി അസാമാന്യ ഭാരമുള്ളതല്ല. 60-62 ലക്ഷം പേർക്ക് പെൻഷൻ കൊടുക്കുന്ന പദ്ധതി നിർത്തിവയ്ക്കണോ; ഇത് വേണ്ടെന്ന് തീരുമാനിക്കണോ; അതോ കേരളത്തിന്റെ വികസനം മുന്നോട്ട് കൊണ്ടുപോകണമോ?

ശ്രീ. വി. ഡി. സതീശൻ: സർ, കേന്ദ്ര സർക്കാർ സെസ്സും നികുതിയും പിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ; സംസ്ഥാനം 30 ശതമാനത്തിലധികം നികുതി പിരിക്കുന്നുണ്ട്. കിഫ്ബിയിലേയ്ക്ക് വീണ്ടും പെട്രോളിന്റെയും ഡീസലിന്റെയും സെസ്സ് പിരിക്കുന്നുണ്ട്. ഇതൊരു ലയബിലിറ്റി അല്ലേ; ഇത് സംസ്ഥാന സർക്കാർ കൊടുക്കേണ്ട കാര്യമല്ലേ; പെട്രോളിയം ഉത്പന്നങ്ങൾക്ക് വീണ്ടും വില വർദ്ധിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചപ്പോൾ അതിനെതിരെ സമരം ചെയ്തവരാണ് നാം. പെട്രോളിയം ഉത്പന്നങ്ങളുടെ വില ഉയർന്നു നിൽക്കുന്ന

സമയത്ത് സംസ്ഥാനംകൂടി നികുതി വർദ്ധിപ്പിച്ച് വിലക്കയറ്റമുണ്ടാകുന്ന അന്തരീക്ഷമുണ്ടാക്കുന്ന രീതിയോട് യോജിക്കുന്നത് ശരിയല്ല. ഞങ്ങൾ അതിനോടുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയാണ്. അങ്ങ് ഇപ്പോൾ പറഞ്ഞത്, വിലക്കയറ്റം ഒരു കാരണവശാലും പിൻവലിക്കില്ല എന്നാണ്. സർക്കാർ ഒരു നികുതിയും പിൻവലിക്കില്ലെന്ന ഈ നിലപാടിനോട് ഞങ്ങളുടെ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുകയാണ്. ഇതുമായി ഞങ്ങൾക്ക് യോജിച്ച് മുന്നോട്ട് പോകാൻ കഴിയില്ല.

(ഇന്ധന സെസ് ഉൾപ്പെടെയുള്ള നികുതികൾ പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ചു.)

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം ഞാൻ വിശദീകരിച്ചു. 2018-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഒന്നാം ഗവൺമെന്റിന്റെ ഭരണകാലത്ത് വില വർദ്ധിപ്പിച്ചതിനുശേഷം കേരളത്തിൽ വില വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശരിയാണ്. അതുവരെ എല്ലാ വർഷവും ബഡ്ജറ്റിന്റെ ഭാഗമായി വില വർദ്ധനവ് വന്നിരുന്നതാണ്. ഇനി ടാക്സ് ഏർപ്പെടുത്താതെ മുന്നോട്ടുപോകാൻ കഴിയില്ല. ഇത് വലിയൊരു നികുതിയല്ല. പത്രങ്ങളിൽ

ഒരു രൂപ കുറയ്ക്കുമെന്ന് വാർത്ത വന്നതാണ് യു.ഡി.എഫ്.-ന് വിഷമമായത്. ഒരു രൂപ കുറയ്ക്കുമെന്ന് വാർത്ത വന്നപ്പോൾ സമരം കിടന്ന് ഞങ്ങൾ നികുതി കുറപ്പിച്ചുവെന്ന് വരുത്താനാണ് ശ്രമിക്കുന്നത്. കേരളത്തിലെ 60 ലക്ഷത്തിലധികം വരുന്ന കുടുംബങ്ങളുടെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ സഹായം, ചികിത്സ എന്നിവയ്ക്കൊക്കെ പൊതുവിൽ സഹായകരമായ ഒരു ബഡ്ജറ്റ് നിർദ്ദേശമാണിത്. ഇത് അംഗീകരിച്ച് പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2023-2024-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഞാൻ അവതരിപ്പിക്കുന്നു.

(രൂപ കോടിയിൽ)

| | |
|---|---:|
| റവന്യൂ വരവ് | 135418.67 |
| റവന്യൂ ചെലവ് | 159360.91 |
| റവന്യൂ കമ്മി | (-)23942.24 |
| മൂലധന ചെലവ് (തനി) | (-)14539.23 |
| വായ്പകളും മുൻകൂറുകളും (തനി) | (-)1180.76 |
| പൊതുകടം (തനി) | 28552.79 |
| പൊതുകണക്ക് (തനി) | 11073.94 |
| ആകെ കമ്മി | (-)35.49 |
| വർഷാരംഭ രൊക്ക ബാക്കി | (-)314.76 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)350.25 |
| ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് | (-)2640 |
| നികുതി ഇളവുകൾ | (-)50 |

| | |
|---|---|
| അധിക വിഭവ സമാഹരണം | 2955 |
| വർഷാന്ത്യ രൊക്ക ബാക്കി | (-)85.25 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | (-)44.20 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം | ഇല്ല |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച നികുതി ഇളവുകൾ | ഇല്ല |
| വർഷാന്ത്യ രൊക്ക ബാക്കി | (-)129.45 |

## [4.00 PM]

## VIII. അറിയിപ്പ്

ഇ-നിയമസഭ ആപ്ലിക്കേഷന്റെ ആദ്യഘട്ട ഉദ്ഘാടനം

മി. സ്പീക്കർ: ഇ-നിയമസഭാ ആപ്ലിക്കേഷന്റെ (ഒന്നാം ഘട്ടം) ഔപചാരിക ഉദ്ഘാടനവും പ്രഖ്യാപനവും സഭ പിരിഞ്ഞാലുടൻ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും സഭ പിരിഞ്ഞാലുടൻ അവിടെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി മാസം 09-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 04.01-ന് പിരിഞ്ഞു.)

**അനുബന്ധം 1**

**2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**എല്ലാരും പാടത്തേയ്ക്ക്**

6(*126) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കവും കോവിഡും പ്രതിസന്ധികൾ സൃഷ്ടിച്ച കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പ്രളയം ദുരിതത്തിലാഴ്ത്തിയ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികളാണ്

'പുനർജ്ജനി'യും 'റീബിൽഡ് കേരള ഇനിഷ്യേറ്റീവും'. കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി തരണം ചെയ്യുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ബഹുജന പങ്കാളിത്തത്തോടെ സമഗ്രമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വളരെ വിജയകരമായി നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് 'സുഭിക്ഷ കേരളം'. ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധപ്രവർത്തകർ, അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ തുടങ്ങിയ വിവിധ പങ്കാളികളുടെ സഹായത്തോടെ കാർഷിക മേഖല പുനരുദ്ധരിക്കുന്നതിന് നടപ്പിലാക്കിയ ഈ പദ്ധതി വഴി കാർഷികവിളകൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നെൽവിത്ത്, പച്ചക്കറി വിത്ത് കിറ്റുകൾ, അത്യുത്പാദനശേഷിയുള്ള പച്ചക്കറി തൈകൾ, ദീർഘകാല സുഗന്ധവ്യഞ്ജനവിളകളുടെ നടീൽ വസ്തുക്കൾ എന്നിവയും മണ്ണിന്റെ ഫലഭൂയിഷ്ഠത തിരികെ എത്തിക്കുന്നതിനുള്ള വസ്തുക്കളും സൗജന്യ നിരക്കിൽ കർഷകരുടെയിടയിൽ വിതരണം ചെയ്തിട്ടുണ്ട്. പുനർജ്ജനി പദ്ധതിക്കായി സർക്കാർ 2018-19 വർഷത്തിൽ 65.81 കോടിരൂപ ചെലവഴിക്കുകയുണ്ടായി.

പുനർജ്ജനി പദ്ധതിയുടെ തുടർച്ചയായി 2020-21, 2021-22 വാർഷിക പദ്ധതികളിലുൾപ്പെടുത്തി 'പുനർജ്ജനി-പ്രളയാനന്തര കാർഷിക മേഖലയുടെ

പുനഃസ്ഥാപനം' എന്ന പദ്ധതി നടപ്പിലാക്കി. 2022-23 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി തുടർന്നുവരുന്നു. കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമിട്ട് ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ സുഭിക്ഷ കേരളം പദ്ധതി വിജയം കണ്ടെത്തി. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സഹകരണം, ജലസേചനം മുതലായ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. സാധ്യമായ തരിശുഭൂമിയിലൊക്കെയും കൃഷി ചെയ്യുകയെന്ന ലക്ഷ്യവും പ്രാദേശിക വിപണി ഉറപ്പാക്കുകയെന്ന ലക്ഷ്യവും സുഭിക്ഷ കേരളം പദ്ധതിവഴി കൈവരിക്കുവാൻ സാധ്യമായി. സംയോജിത കൃഷി സമ്പ്രദായം പ്രാവർത്തികമാക്കുക, മഴമറ കൃഷി പ്രോത്സാഹിപ്പിക്കുക, ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക എന്നിവയും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

മഹാപ്രളയം ഉൾപ്പെടെ അടിക്കടി ഉണ്ടായ പ്രകൃതിദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ പുനർനിർമ്മിക്കുന്നതിനും കാലാവസ്ഥ വ്യതിയാനത്താലുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുംവിധം ആസ്തികൾ രൂപാന്തരം വരുത്തുന്നതിനുമായി ലോകബാങ്കിന്റെ

സഹായത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പദ്ധതിയിൽ കാർഷികമേഖലയിലെ 18 പ്രോജക്ടുകളെ ഉൾപ്പെടുത്തുകയും 2019-20 കാലഘട്ടത്തിൽ 522.0086 കോടിരൂപ വകയിരുത്തുകയും ചെയ്തു. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, തകർന്ന ആസ്തികളുടെ പുനരുദ്ധാരണം, കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത മെച്ചപ്പെടുത്താൻ ആദിവാസി മേഖലയ്ക്കായുള്ള പ്രത്യേക പദ്ധതികൾ, വിള ഇൻഷ്വറൻസിന്റെ കാര്യക്ഷമമായ നടത്തിപ്പ് സംബന്ധിച്ച പഠനം, കയറ്റുമതിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം മുതലായ പദ്ധതികൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കേരളത്തെ കാർഷിക സ്വയംപര്യാപ്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന എല്ലാരും പാടത്തേയ്ക്ക് ഉൾപ്പെടെയുള്ള കർഷക സൗഹൃദ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കർഷക വരുമാനം ഇരട്ടിയാക്കുകയെന്ന ഉദ്ദേശ്യത്തോടെയും കാർഷിക വൃത്തിയിൽ കൂടുതൽ ജനവിഭാഗങ്ങളെ ആകർഷിക്കുകയെന്ന ഉദ്ദേശ്യത്തോടെയുമാണ് ഈ സർക്കാർ കാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. നിലവിൽ കൃഷിവകുപ്പ് എല്ലാവരും പാടത്തേയ്ക്ക് എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ഈ ആശയംകൂടെ

ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ബഹുജന മുന്നേറ്റ ക്യാമ്പയിൻ ആണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതി. സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നതിനും വരുമാന ഭദ്രതയ്ക്കുംവേണ്ടി എല്ലാത്തരം ജന വിഭാഗങ്ങളെയും സാധ്യമായ എല്ലാ ഭൂവിഭാഗങ്ങളിലും കൃഷി ചെയ്യുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സംഘങ്ങളാണ് കൃഷിക്കൂട്ടങ്ങൾ. സ്വയംസഹായ സംഘ മാതൃകയിൽ പ്രവർത്തിക്കുന്ന ഇത്തരം കൃഷിക്കൂട്ടങ്ങൾ ഉത്പാദന, വിപണന, സേവന, സംസ്കരണ, മൂല്യവർദ്ധന മേഖലകളിൽ പ്രത്യേകം കേന്ദ്രീകരിച്ച് പ്രവർത്തിക്കും.

"ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിനിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25,887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ആഗസ്റ്റ് 17) കർഷകദിനത്തോടനുബന്ധിച്ച് 1,02,314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയും ആരംഭിച്ചു.

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുന്നതിലും അതുവഴി സംസ്ഥാനത്തിന്റെ ഉല്പാദനത്തിൽ ഗണ്യമായ സംഭാവന

നൽകുന്നതിലും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ലക്ഷ്യമിട്ടുകൊണ്ട് ഈ വർഷം കൃഷിയിട ആസൂത്രണാധിഷ്ഠിത വികസന സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. വിളയാധിഷ്ഠിത സമീപനത്തിൽ നിന്നുംമാറി സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൈവശ ഭൂമിയിൽനിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുകയെന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തെരഞ്ഞെടുക്കുന്നതിലൂടെയും കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയുംവഴി വിളനാശംമൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ടുഭൂമിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ സാധ്യമാകും. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശഭരണ സംവിധാനത്തിന്റെ പിന്തുണയോടെ കൃഷിഭവനുകൾ മുഖേന ബ്ലോക്കുതല കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും

കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണരേഖ പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക. ഈ സമീപനത്തിൽ കാർഷിക അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയും ഉൾപ്പെടും.

ഈ വർഷം 10,760 കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിൽ ഊന്നിയ മാതൃകാ കൃഷിത്തോട്ടങ്ങൾ പദ്ധതിക്കുകീഴിൽ വികസിപ്പിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ പരിപാടിയുടെ ഭാഗമായി ഉല്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നതിനായി കർഷക കൂട്ടായ്മകളെ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. ഒരു കൃഷി ഭവൻ കേന്ദ്രീകരിച്ച് ഒരു ഉല്പന്നം എന്ന നിലയിൽ വിപണിയിലേയ്ക്ക് കാർഷിക ഉല്പന്നങ്ങൾ എത്തിക്കുവാനുള്ള ശ്രമം നടത്തുന്നതോടൊപ്പം കൃഷി വകുപ്പിന്റെ 100 ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കുവാനുള്ള നടപടികളും പൂർത്തീകരിച്ചുവരുന്നു.

മൂല്യ വർദ്ധനവ് ലക്ഷ്യമാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 'മൂല്യ വർദ്ധിത കാർഷിക മിഷൻ' പ്രവർത്തനം

ആരംഭിച്ചുകഴിഞ്ഞു. കൃഷിക്കൂട്ടങ്ങൾ വഴിയുള്ള "മൂല്യ വർദ്ധിത കൃഷി" ഈ മിഷന്റെ പ്രധാന പ്രവർത്തന മേഖലയിലൊന്നായിരിക്കും. മൂല്യ വർദ്ധിത കാർഷിക മിഷന്റെ പ്രവർത്തനത്തിന് ഊർജ്ജമേകുവാനും ഉറപ്പായ വിപണി കണ്ടെത്തുവാനും കേരളാ അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കൃഷിവകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കർഷക സൗഹൃദമായി തന്നെയാണ് നടപ്പാക്കിവരുന്നത്. ജനകീയ പങ്കാളിത്തവും ജനപ്രതിനിധി പങ്കാളിത്തവുമുള്ള കാർഷിക വികസന സമിതി മുതലായവവഴി എല്ലാ പദ്ധതികളെയും കുറിച്ച് വിപുലമായ പ്രചാരണം നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. സോഷ്യൽ ആഡിറ്റ് നടത്തി ജനകീയ അവലോകനവും സാധ്യമാക്കുന്നുണ്ട്.

മേൽപ്പറഞ്ഞ ജനകീയ ക്യാമ്പയിനിലൂടെയും കൃഷിവകുപ്പിന്റെ കാർഷിക വിജ്ഞാന വ്യാപന ശാക്തീകരണ പ്രവർത്തനങ്ങളിലൂടെയും ഈ സാമ്പത്തിക വർഷത്തെ മറ്റു പ്രധാന പദ്ധതികൾ കർഷകരിലേയ്ക്കും മറ്റു ജനങ്ങളിലേയ്ക്കും എത്തിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

7(*127) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:

ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകുമെന്ന സർക്കാർ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടിരൂപയിൽ എത്തിച്ചുവെങ്കിലും വരവിനെക്കാൾ ചെലവേറിവരുന്ന സാഹചര്യത്തിൽ ചില മാസങ്ങളിൽ അഞ്ചാം തീയതിക്കുമുമ്പായി ശമ്പളം വിതരണം ചെയ്യാൻ സാധിക്കാറില്ല. ഓരോ മാസവും ലഭ്യമാകുന്ന വരുമാനത്തിൽനിന്നും കോർപ്പറേഷൻ മിച്ചംപിടിക്കുന്ന തുക, സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ലഭ്യമാക്കിയാണ് ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നത്. സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ട്രഷറി/ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ എത്താനെടുക്കുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ്

ചില മാസങ്ങളിൽ അഞ്ചാം തീയതിക്കുശേഷം ശമ്പളം വിതരണം ചെയ്യേണ്ടിവരുന്നത്.

(ബി) സർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ ജീവനക്കാർ അംഗീകരിച്ചിട്ടും ശമ്പളത്തിന്റെ കാര്യത്തിൽ സർക്കാർ നൽകിയ ഉറപ്പ് പാലിക്കാൻ സാധിക്കാത്തത് ജീവനക്കാരോടുള്ള അനീതിയായി വിലയിരുത്തപ്പെടുമെന്ന് കരുതുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി സർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ ജീവനക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടും എല്ലാ മാസവും അഞ്ചാം തീയതിക്കുമുമ്പായി ശമ്പളം വിതരണം ചെയ്യാൻ സാധിക്കാത്തത് കടുത്ത സാമ്പത്തിക പ്രതിസന്ധിയും ട്രഷറി/ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കാനെടുക്കുന്ന സ്വാഭാവിക കാലതാമസവും നിമിത്തമാണ്. സാമ്പത്തിക പരാധീനതകൾക്കിടയിലും പ്രതിമാസ വരുമാനത്തിൽനിന്നും മിച്ചംപിടിക്കുന്ന തുകയോടൊപ്പം സർക്കാർ ധനസഹായവും ഓവർഡ്രാഫ്റ്റ് വായ്പയും തരപ്പെടുത്തിയാണ് എല്ലാ മാസങ്ങളിലും ജീവനക്കാരുടെ ശമ്പളവിതരണം നടത്തുന്നത്. എന്നാൽ സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ട്രഷറി/ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ

എത്താനെടുക്കുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് ചില മാസങ്ങളിൽ അഞ്ചാം തീയതിക്കുശേഷം ശമ്പളം വിതരണം ചെയ്യേണ്ടി വരുന്നത്.

(സി) പ്രസ്തുത ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതകൾക്കിടയിലും പ്രതിമാസ വരുമാനത്തിൽനിന്നും മിച്ചംപിടിക്കുന്ന തുകയോടൊപ്പം സർക്കാർ ധനസഹായവും ഓവർഡ്രാഫ്റ്റ് വായ്പയും തരപ്പെടുത്തി എല്ലാ മാസങ്ങളിലും ആദ്യത്തെ ആഴ്ചയിൽതന്നെ ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നതിന് പരമാവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

### ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങൾ

8(*128) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിലും മാംസത്തിലും മനുഷ്യശരീരത്തിന് ഹാനികരമായ പല വിഷവസ്തുക്കളും അടങ്ങിയിരിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസനവകുപ്പ് ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ 11/01/2023-ന് നടത്തിയ പരിശോധനയിൽ 15,300 ലിറ്റർ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ അംശം കണ്ടെത്തിയിരുന്നു. മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ 02/09/2019, 11/02/2020, 13/02/2020 എന്നീ തീയതികളിൽ നടത്തിയ പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിധ്യം കണ്ടെത്തിയിരുന്നു.

മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിലവിലുണ്ട്.

(ബി) എങ്കിൽ ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിലും മാംസത്തിലും അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ

ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകളിൽ നിലവിലുണ്ടോ; വിശദമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ പരിശോധനയ്ക്ക് വിപുലമായ പരിശോധനാ സംവിധാനങ്ങളാണ് ക്ഷീരവികസന വകുപ്പിനുള്ളത്. ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിനുപുറത്ത് നിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും

തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന (NABL അക്രഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്.

മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രോഡക്ട് എന്ന സ്ഥാപനത്തിൽ നിലവിലുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കടന്നുവരുന്ന കന്നുകാലികളുടെ ആരോഗ്യ പരിശോധന നടത്തുന്നതിനായി 2021-22 വർഷത്തിൽ സ്ഥാപിച്ച ഒരു ചെക്ക്പോസ്റ്റ് ഉൾപ്പെടെ 19 ചെക്ക്പോസ്റ്റാണ് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഈ ലാബുകളിൽ ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റു സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തിവിടുന്നത്.

അതോടൊപ്പം അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്കെത്തുന്ന ഭക്ഷ്യ ഉത്പന്നങ്ങളായ കോഴി, പാൽ, മുട്ട, കന്നുകാലികൾ, ആട്, പന്നി

എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തിവിടുന്നത്.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധിച്ചില്ലെങ്കിൽ പാലിലും മാംസത്തിലും അടങ്ങിയിരിക്കുന്ന പല വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയാൻ കഴിയില്ലെന്നതിനാൽ അതിർത്തി ചെക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് പ്രാഥമിക പരിശോധന മാത്രമാണ് ചെക്ക്പോസ്റ്റിൽ നടത്താറുള്ളത്. പരിശോധനയിൽ ഗുണനിലവാരമില്ലാത്ത പാൽ കണ്ടെത്തിയാൽ, പ്രസ്തുത വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്തുവരുന്നത്. നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരം.

മാംസത്തിൽ അടങ്ങിയിരിക്കുന്ന ആന്റിബയോട്ടിക്കിന്റെയും വിഷവസ്തുക്കളുടെയും സാന്നിധ്യം തിരിച്ചറിയുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രോഡക്ട് എന്ന സ്ഥാപനത്തിൽ നിലവിലുണ്ട്.

അതിർത്തി ചെക്ക്പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ പരിശോധനാ സംവിധാനങ്ങളിലൂടെ മാംസത്തിലും മുട്ടയിലും അടങ്ങിയിരിക്കുന്ന പല വിഷവസ്തുക്കളുടെയും സാന്നിധ്യം നിശ്ചിത സമയ പരിധിക്കുള്ളിൽ തിരിച്ചറിയാൻ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) പാൽ, മാംസം എന്നിവയുടെ കാര്യത്തിൽ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവയിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകൾക്ക് നിയമപരമായ കൂടുതൽ അധികാരങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം പാൽ, മാംസം ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് റൂൾസ് 2011 ചട്ടം 2.1.3 പ്രകാരം ഫുഡ് സേഫ്റ്റി ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ, ക്ഷീരവികസന ഓഫീസർ തുടങ്ങിയവർക്ക് ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരങ്ങൾ നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

പാൽ, മാംസം എന്നിവയുടെ കാര്യത്തിൽ ഗുണനിലവാര പരിശോധന, തുടർനടപടികൾ എന്നിവ സ്വീകരിക്കുന്നതിനുള്ള മൃഗസംരക്ഷണ വകുപ്പിലെ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

## മൃഗരോഗ നിയന്ത്രണ പദ്ധതി

9(*129) ശ്രീമതി ഒ. എസ്.അംബിക:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഡോ. സിജിത് വിജയൻപിള്ള:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംക്രമികവും സാംക്രമികേതരവുമായ കാലിരോഗങ്ങൾ ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കുന്നതിനാൽ മൃഗരോഗ നിയന്ത്രണ പദ്ധതി പ്രകാരം രോഗ നിയന്ത്രണത്തിനും രോഗ പ്രതിരോധത്തിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

2004 മുതൽ സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP) പ്രവർത്തിച്ചുവരുന്നു. ആറുമാസം ഇടവിട്ട് 26 റൗണ്ട് എഫ്.എം.ഡി. ക്യാമ്പയിൻ സംസ്ഥാനത്ത് നടത്തി. 2020 മുതൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ (NADCP) ഭാഗമായി FMDCP ക്യാമ്പയിനുകൾ

നടത്തിവരുന്നു. മൂന്ന് റൗണ്ട് FMD വാക്സിനേഷൻ പൂർത്തിയാക്കികഴിഞ്ഞു. എല്ലാവർഷവും ASCAD പദ്ധതി (Assistance to States for the Control of Animal Diseases) പ്രകാരം കോഴികൾക്കും താറാവുകൾക്കും പ്രതിരോധ വാക്സിനേഷനുകൾ നടത്തുന്നു. 2023 ജനവരി മുതൽ ചർമ്മമുഴയുടെ (LSD) കാർപെറ്റ് വാക്സിനേഷൻ നടത്തിവരുന്നു. കൂടാതെ പാലോട് IAH & VB-യിൽനിന്നും HS, ആന്ത്രാക്സ്, BQ, PPR, ക്ലാസിക്കൽ സ്വൈൻ ഫീവർ എന്നീ രോഗങ്ങൾക്കെതിരെയുള്ള വാക്സിനുകൾ സംഭരിച്ച് ആവശ്യാനുസരണം സംസ്ഥാനത്തെ പക്ഷിമൃഗാദികളെ വാക്സിനേറ്റ് ചെയ്ത് ജന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിവരുന്നു.

(ബി) രോഗ പ്രതിരോധ പ്രവർത്തനത്തിനായി വർഷത്തിൽ രണ്ടുതവണ വീതം വെറ്ററിനറി ഡോക്ടർമാർ ഭവന സന്ദർശനം നടത്തുന്നത് കാര്യക്ഷമമാകുന്നുണ്ടോ?

രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ മൃഗാശുപത്രികളിൽനിന്നും വാക്സിനേഷൻ സ്ക്വാഡുകൾ ഭവനസന്ദർശനം നടത്തി കന്നുകാലികളിൽ പ്രതിരോധകുത്തിവയ്പ്പ് നടത്തിവരുന്നു. വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് അതത് പഞ്ചായത്തുകളിലെ വാക്സിനേഷൻ നടക്കുന്നത്.

(സി) മൃഗരോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നാല് റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബുകളും (RDDL), എല്ലാ ജില്ലകളിലുമായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ ഒരു ലാബ്, വെറ്ററിനറി പോളി ക്ലിനിക്കുകളിൽ ഓരോ ലാബും മൃഗരോഗ നിർണയത്തിനായി പ്രവർത്തിച്ചുവരുന്നു. കുടപ്പനക്കുന്നിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയും ജില്ലാതലത്തിൽ റഫറൽ ആശുപത്രിയായി ജില്ലാ വെറ്ററിനറി കേന്ദ്രവും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ചികിത്സയ്ക്കായി ചുരുങ്ങിയത് ഒരു വെറ്ററിനറി ഡിസ്പെൻസറിയെങ്കിലും എന്ന രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## പക്ഷിപ്പനി പ്രതിരോധിക്കാൻ മുൻകരുതൽ

10(*130) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ പക്ഷിപ്പനി ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലകളിൽ നടത്തിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിക്കുന്നത് തടയുന്നതിനും സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ?

(എ & ബി) ഉണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നുണ്ട്. അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവയും ശാസ്ത്രീയമായി നശിപ്പിക്കുന്നു. തുടർന്നുള്ള സാനിറ്റൈസേഷൻ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു.

(സി) പക്ഷിപ്പനി ബാധയിൽ കർഷകർക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനും വളർത്തുപക്ഷികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

പക്ഷിപ്പനി പ്രതിരോധിക്കുന്നതിനുള്ള പ്രതിരോധ കുത്തിവയ്പുകൾ നിലവിൽ ലഭ്യമല്ല. ആയതിനാൽ മൃഗസംരക്ഷണ വകുപ്പ് കൃത്യമായി രോഗനിരീക്ഷണം നടത്തിവരുന്നു. രോഗംമൂലം ചത്ത പക്ഷികളുടെ കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

1) രണ്ടുമാസത്തിന് താഴെയുള്ള താറാവ്, കോഴി എന്നിവയ്ക്ക് 100 രൂപ.

2) രണ്ടുമാസത്തിന് മുകളിൽ താറാവ്, കോഴി എന്നിവയ്ക്ക് 200 രൂപ.

3) ഒരു മുട്ടയ്ക്ക് 5 രൂപ

2022 വരെയുള്ള നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു.

(ഡി) പക്ഷിപ്പനി മനുഷ്യരിലേയ്ക്ക് പടരാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പ്രതിരോധിക്കുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പക്ഷികളിൽനിന്നും പക്ഷികളിലേയ്ക്ക് ബാധിക്കുന്ന ഒരു സാംക്രമിക രോഗമാണ് പക്ഷിപ്പനി. ദേശാടന പക്ഷികൾ രോഗവാഹകരാകുന്നു. രോഗാണുബാധയുള്ള പക്ഷികളുടെ സ്രവങ്ങളിൽക്കൂടി വൈറസ് പുറത്തുവരുന്നു. എന്നാൽ ചില ഘട്ടങ്ങളിൽ മനുഷ്യരിലേയ്ക്ക് പകരാൻ കഴിയുംവിധം വൈറസിന് രൂപഭേദം സംഭവിക്കാം. ഇവ വായുവിലൂടെയും മലിനമാക്കപ്പെട്ട തീറ്റയിലൂടെയും തുണി, പക്ഷിക്കൂട്, രോഗാണുബാധയുള്ള പക്ഷികളുടെ ഇറച്ചി, മുട്ട, ഇവ കൊണ്ടുപോകുന്ന വാഹനങ്ങൾ

ഇവയിലൂടെയുമൊക്കെ അണുബാധയുണ്ടാകാം. ഇവയുമായുള്ള സമ്പർക്കവും വൈറസ് ഉൾക്കൊള്ളുന്ന സൂക്ഷ്മ കണികകൾ ശ്വസിക്കുന്നതിലൂടെയും രോഗാണു മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നു. രോഗബാധയേറ്റ പക്ഷികളുമായി അടുത്ത സമ്പർക്കം പുലർത്തുന്നവർ, പരിപാലിക്കുന്നവർ, വളർത്തു പക്ഷിയുമായി ഇടപഴകുന്ന കുട്ടികൾ, വീട്ടമ്മമാർ, കശാപ്പുകാർ, വെറ്ററിനറി ഡോക്ടർമാർ, മറ്റ് ബന്ധപ്പെട്ട ജീവനക്കാർ എന്നിവർ രോഗബാധ ഏൽക്കാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കാനായി ബോധവത്കരണം നൽകിവരുന്നുണ്ട്. രോഗം വ്യാപിക്കാതിരിക്കാനും മനുഷ്യരിലേയ്ക്ക് പകരാതിരിക്കാനും പക്ഷികളിൽ രോഗം റിപ്പോർട്ട് ചെയ്ത സ്ഥലത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്തെ മുഴുവൻ പക്ഷികളെയും ശാസ്ത്രീയമായി കൊന്ന് സംസ്കരിക്കുന്നു. ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരാണ് ഇത് ചെയ്യുന്നത്. ഇവർക്ക് പ്രതിരോധത്തിന്റെ ഭാഗമായി ഒസൾട്ടാമിവിർ മരുന്ന് നൽകിവരുന്നു. Culling-നുശേഷം തുടർന്നുള്ള 10 ദിവസത്തേയ്ക്ക് Institutional Quarantine ഉറപ്പാക്കിയിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പക്ഷികളെ കൊന്നൊടുക്കിയ 1 KM ചുറ്റളവിലും അതിന് പുറത്തുള്ള 9 KM ചുറ്റളവിലും മനുഷ്യരിലേയ്ക്ക് രോഗം വ്യാപിക്കുന്നുണ്ടോ

എന്നറിയാനുള്ള രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ഫീൽഡുതലത്തിലും ആരോഗ്യ കേന്ദ്രങ്ങളിലും സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ചും ചെയ്യുന്നുണ്ട്.

ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ആശാ വോളണ്ടിയർമാർക്കും ആവശ്യമായ പരിശീലനം നൽകിയശേഷം വീടുകൾ സന്ദർശിച്ച് പനിയുള്ളവരെ കണ്ടെത്തുകയും അവരിൽ ശ്വാസകോശ രോഗലക്ഷണങ്ങളോടുകൂടിയ പനിയുള്ളവരെയും രോഗം ബാധിച്ച പക്ഷികളുമായി ഇടപഴകിയവരെയും ഡോക്ടർമാരുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരം ഒസൾട്ടാമിവിർ ഗുളിക നൽകുന്നുണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്തിന്റെ 10 KM ചുറ്റളവിൽ 10 ദിവസത്തോളം പനി ഉള്ളവരെ പ്രത്യേകം നിരീക്ഷിക്കുന്നുണ്ട്. സംശയാസ്പദമായ രോഗലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിൾ ലാബ് പരിശോധനയ്ക്കയച്ച് മനുഷ്യരിലേയ്ക്ക് രോഗം പകരുന്നില്ലെന്ന് ഉറപ്പാക്കുന്നുണ്ട്.

ഏതെങ്കിലും സാഹചര്യത്തിൽ മനുഷ്യരിലേയ്ക്ക് രോഗം പകർന്നാൽ നേരിടുവാനായി എല്ലാ ജില്ലയിലും ഐസൊലേഷൻ സെന്റർ സജ്ജീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി സ്ഥിരീകരിച്ച പ്രദേശത്ത് നിന്നുവരുന്ന സംശയാസ്പദമായ പനി കേസുകൾ താമസം കൂടാതെ ഐസൊലേഷൻ

ഫെസിലിറ്റിയിൽ അഡ്മിറ്റ് ചെയ്യുവാനുള്ള തുടർ നടപടികൾ കൈക്കൊള്ളുവാൻ ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട ക്രിട്ടിക്കൽ കേസുകൾ ചികിത്സിക്കാനായി മെഡിക്കൽ കോളേജ് ആശുപത്രികളാണ് തെരഞ്ഞെടുക്കാനായി നിർദ്ദേശിച്ചിട്ടുള്ളത്.

ബഫർ സോണിൽ (3 KM-നും 10 KM-നും ഇടയ്ക്കുള്ള സ്ഥലം) ഉൾപ്പെട്ട പ്രദേശങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും സർവ്വൈലൻസ് ശക്തിപ്പെടുത്താനുമായുള്ള പൂർണ്ണമായ ചുമതല അതത് ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർക്കായി നൽകിയിട്ടുണ്ട്. ഐസൊലേഷൻ ഫെസിലിറ്റികൾക്ക് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ആരോഗ്യ സ്ഥാപനങ്ങളുടെയും PPE, OSELTAMIVIR എന്നിവയുടെ സ്റ്റോക്ക് പരിശോധിക്കുകയും ആവശ്യമായവ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

പക്ഷികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കോ, Culling പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കോ, കർഷകർക്കോ സംശയാസ്പദമായ പനിയുള്ള സാഹചര്യത്തിൽ ഇത്തരം ആൾക്കാരെ

ഹോസ്പിറ്റലിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാനായി പ്രത്യേക ആംബുലൻസ് സംവിധാനം സജ്ജമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് റെഡ് സോണിൽ (1 KM) വരുന്ന ഫിവർ കേസുകൾ നേരിട്ട് ജനറൽ ഒ.പി.-യിൽ വരുന്നതിനുപകരം ആരോഗ്യ വകുപ്പ് ജീവനക്കാരെ മുൻകൂട്ടി അറിയിച്ച് പ്രത്യേക ഒ.പി. സൗകര്യം പ്രയോജനപ്പെടുത്തുവാൻ ബോധവത്കരണം നടത്തുന്നുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക് ഉപയോഗം, കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകൽ, സാനിട്ടൈസർ ഉപയോഗം എന്നിവ തുടരുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി**

11(*131) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ അത് പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 05-09-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് എല്ലാ മാസവും അഞ്ചാം തീയതിക്കുമുമ്പായി ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് ശമ്പള വിതരണത്തിനായുള്ള സർക്കാർ ധനസഹായം എല്ലാ മാസവും പരമാവധി അഞ്ചാം തീയതിക്കുള്ളിൽതന്നെ നൽകാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ട്രഷറി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ എത്താനുള്ള കാലതാമസം, ശമ്പള വിതരണത്തിനായി മിച്ചമുള്ള തുകയ്ക്കായി ഓവർഡ്രാഫ്റ്റ് ലഭ്യമാക്കുക എന്നിങ്ങനെ വിവിധ പ്രക്രിയകൾക്കുണ്ടാകുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് നിശ്ചിത തീയതിക്കകം ശമ്പള വിതരണം നടത്താൻ കഴിയാതെ പോകുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവീസുകൾ പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ്/ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാനും ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്യാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിവാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. ചെലവുകുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും

ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുകവഴി 800 ബസുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനത് ഫണ്ട് /സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കേന്ദ്ര ഭവന നഗരകാര്യ വകുപ്പിന്റെ ഏറ്റവും മികച്ച പൊതുജന പങ്കാളിത്തത്തോടെയുള്ള ഗതാഗത ആസൂത്രണ വിഭാഗത്തിൽ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് ആരംഭിച്ച ഗ്രാമവണ്ടി പദ്ധതിക്ക്, ഏറ്റവും മികച്ച നഗര ഗതാഗത പുരസ്കാരം നേടിയ ഈ പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്

സ്പോൺസർ ചെയ്യാവുന്നതുമാണ്. യൂണിറ്റുകളിലെ നിലവിലെ സർവീസുകളുടെ സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാനം ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന്, നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ച് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്), സിറ്റി ഷട്ടിൽ സർവീസുകൾ, സിറ്റി റേഡിയൽ സർവീസുകൾ എന്നിവ ആരംഭിക്കുകയും അവ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതുമാണ്. പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് ചെലവുകുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു. ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം

രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്കുൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.

മേൽ കൈക്കൊണ്ട വൈവിധ്യവത്കരണത്തിലൂടെ പ്രതിമാസ വരുമാനം ആദ്യ ഘട്ടത്തിൽ 8 കോടി രൂപയും ക്രമാനുഗതമായി അത് 10 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

12(*132) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലിറ്ററായി വർദ്ധിച്ചു. 2017-18

വർഷത്തിൽ കേരളത്തിലെ പാലുല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി ഇതര സംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

(ബി) പാൽ ഉല്പന്നങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് മൂല്യവർദ്ധിത ഉല്പന്ന വൈവിധ്യവത്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മൂല്യവർദ്ധിത

ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിന് മിൽമയും മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ മിൽമ പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്.

നെയ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ലേവേർഡ് മിൽക്കുകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ ശ്രേണിതന്നെ നിലവിൽ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷംതന്നെ കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആൻഡ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വില്പനയെക്കാൾ കൂടുതലായതുകൊണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളായ പാൽപ്പൊടി, ലോംഗ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതുവഴി കൂടുതൽ വിറ്റുവരവ് ഉണ്ടാക്കുവാനും അതേ സമയത്ത് ക്ഷീരകർഷകരിൽ നിന്നും

മുടക്കമില്ലാതെ പാൽ സംഭരിക്കുന്നതിനും സാധിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്ത് ലഭിക്കുന്ന വിറ്റുവരവിൽനിന്നും അധിക തുക കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും സാധിക്കും. കേരളത്തിന് പുറത്തുള്ള വിപണികളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചുകൊണ്ടും വിദേശ രാജ്യങ്ങളിൽ മിൽമ ഉല്പന്നങ്ങൾ കയറ്റുമതി നടത്തിയും മിൽമയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാപകമായി വിപണനം നടത്തിവരുന്നു. മിൽമയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മേഖലകളിലേയ്ക്ക് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എത്തിക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ക്ഷീര സഹകരണ മേഖലയിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധന സഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പാലുൽപ്പാദനം കൂടിവരുന്ന സാഹചര്യത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന്റെ ഭാഗമായി മിച്ചമുള്ള പാൽ

പാൽപ്പൊടിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ ഇല്ലാത്തത് മുൻനിർത്തി മുൻഗണനാടിസ്ഥാനത്തിൽ പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കാനാണ് മിൽമ മലബാർ മേഖലാ യൂണിയൻ ലക്ഷ്യമിടുന്നത്. 53.93 കോടിരൂപ അടങ്കൽ തുകവരുന്ന ഈ പദ്ധതിക്ക് 15 കോടിരൂപ സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതമായും 32.72 കോടിരൂപ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി NABARD മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കിവരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലാ യൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ സിവിൽ വർക്കുകൾ, മെക്കാനിക്കൽ വർക്കുകൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ പുരോഗമിച്ചുവരികയാണ്. കൂടാതെ മലിനജല നിർമ്മാർജ്ജന പ്ലാന്റ്, ബോയിലറിനായുള്ള കെട്ടിടം, സ്ട്രക്ചറൽ ഗ്ലേസിംഗ് വർക്കുകൾ, പൈപ്പ് ലൈൻ വർക്കുകൾ, ഫയർ ആൻഡ് സേഫ്റ്റി വർക്കുകൾ, എന്നിവ പുരോഗമിച്ചുവരുന്നു.

(ഡി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമീകൃത കാലിത്തീറ്റയുടെയും ഉപോല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. സബ്സിഡി നിരക്കിൽ കർഷകർക്ക് സമീകൃത കാലിത്തീറ്റ നൽകിവരുന്നുണ്ട്. പ്രതിദിനം 300 ടൺ വീതം ഉല്പാദനശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികൾ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും മിൽമയുടെ കീഴിലുണ്ട്. ഈ 2 കാലിത്തീറ്റ ഫാക്ടറികൾവഴി കാലികളുടെ പാലുല്പാദന ശേഷിക്കനുസരിച്ചുള്ള വിവിധയിനം തീറ്റകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കൂടുതൽ ഉല്പാദന ശേഷിയുള്ള കാലികൾക്കായുള്ള മിൽമ ഗോൾഡ് കാലിത്തീറ്റ, മിൽമ ബൈപ്രോ കാലിത്തീറ്റ എന്നിവയും ഈ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കാലികളുടെ ആരോഗ്യത്തിനും പാലുല്പാദന വർദ്ധനവിനും പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള അനുബന്ധ തീറ്റ വസ്തുക്കളായ മിനറൽ മിക്സ്ചർ (മിൽമ മിൻ), ബൈപ്പാസ് ഫാറ്റ് (ക്ഷീര സമൃദ്ധിനി) എന്നിവയും മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. സമീകൃത കാലിത്തീറ്റയുടെയും ഉപോല്പന്നങ്ങളുടെയും ഉല്പാദനം

വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. അപ്രകാരം തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ കരുനാഗപ്പള്ളി യൂണിറ്റും (പ്രതിദിന ഉത്പാദന ശേഷി 300 മെട്രിക് ടൺ), മലയോര പ്രദേശങ്ങളുൾപ്പെടുന്ന ഇടുക്കി, കോട്ടയം ജില്ലകൾക്കായി തൊടുപുഴ യൂണിറ്റും (പ്രതിദിന ഉത്പാദനശേഷി 500 മെട്രിക് ടൺ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ കാലിത്തീറ്റ വിതരണത്തിനായി കല്ലേറ്റുംകര യൂണിറ്റും (പ്രതിദിന ഉത്പാദനശേഷി 650 മെട്രിക് ടൺ), വടക്കൻ മേഖലയിലെ കാലിത്തീറ്റ വിതരണം സുഗമമാക്കുന്നതിനായി വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി തിരുവങ്ങൂർ യൂണിറ്റും (പ്രതിദിന ഉല്പാദന ശേഷി 300 മെട്രിക് ടൺ) സ്ഥാപിച്ചിരിക്കുന്നത്. ഇവ സ്ഥാപിക്കുക വഴി കേരള ഫീഡ്സ് ലിമിറ്റഡിന്റെ പ്രതിദിന ഉല്പാദനശേഷി 1750 ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപോല്പന്നങ്ങളായ ധാതുലവണ മിശ്രിതം നിർമ്മിക്കുന്നതിനായി മലപ്പുറം ജില്ലയിലെ ആതവനാട്ടും സമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട (TMR)

നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ മുതലമടയിലും കമ്പനിക്ക് പ്രത്യേക ഫാക്ടറികളുണ്ട്.

**കെ.എൽ.ഡി.ബി.-യുടെ പ്രവർത്തനങ്ങൾ**

13(*133) ശ്രീമതി ദെലീമ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് പാലുല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ?

കേരളത്തിലെ ആകെ പാലുല്പാദനം 2015-16-ൽ 26.50 ലക്ഷം മെട്രിക് ടണ്ണായിരുന്നു. 2020-21-ൽ കേരളത്തിലെ ആകെ പാലുല്പാദനം 25.34 ലക്ഷം മെട്രിക് ടൺ ആണ്. 2015-16 വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് പാലുല്പാദനത്തിൽ 2021-22-ൽ 4.5 ശതമാനത്തിന്റെ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 2015-16-ൽ 5.57 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22-ൽ 7.73 ലക്ഷം മെട്രിക് ടണ്ണായി

ഉയർന്നു, അതായത് 21.19 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. 2018, 2019 വർഷങ്ങളിലെ പ്രളയം ക്ഷീരോല്പാദനത്തെ വളരെ സാരമായി ബാധിച്ചെങ്കിലും ക്ഷീരോല്പാദനം കാര്യമായി കുറയാതെ പിടിച്ചു നിർത്താൻ സാധിച്ചു.

(ബി) ക്ഷീരോല്പാദന ക്ഷമതയിൽ രാജ്യത്ത് ഒന്നാമതാകുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ ഭാഗമായി ഗുണലഭ്യതയുള്ള കന്നുകാലി വികസനത്തിൽ കെ.എൽ.ഡി.ബി. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ക്ഷീരോല്പാദന ക്ഷമതയിൽ രാജ്യത്ത് ഒന്നാമതാകുകയെന്ന ലക്ഷ്യത്തോടെ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു:-

1) കന്നുകാലി ഇൻഷ്വറൻസ്

കന്നുകാലികൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പരിരക്ഷ കുറഞ്ഞ പ്രീമിയം നിരക്കിൽ വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50 ശതമാനവും എസ്.സി/എസ്.ടി വിഭാഗത്തിന് 70 ശതമാനവും സർക്കാർ സബ്സിഡി നൽകിയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്.

2) കന്നുകുട്ടി പരിപാലന പദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ 4 മുതൽ 6 മാസം വരെ പ്രായമായ പശുകുട്ടികളെയും എരുമക്കുട്ടികളെയും തെരഞ്ഞെടുത്ത് ഇവയ്ക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും ധാതുലവണ മിശ്രിതവും നൽകുകയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു.

3) കൃത്രിമ ബീജസങ്കലനം

കർഷകർക്ക് ആവശ്യാനുസരണം അവരവരുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ കെ.എൽ.ഡി. ബോർഡ് ലഭ്യമാക്കുന്ന സെക്സ് സോർട്ടഡ് സെമൻ കൂടുതലായി കിടാരികളിലും ഒന്നാം പ്രസവം കഴിഞ്ഞ പശുക്കളിലും കുത്തിവച്ച് കൂടുതൽ പശുക്കിടാങ്ങളെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്രകൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും കെ.എൽ.ഡി.ബി.

വാങ്ങി അവയുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. വളരെ ഉയർന്ന ജനിതക ശേഷിയുള്ള 5 ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമനിയിൽനിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും കെ.എൽ.ഡി.ബി.-യുടെ മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്യുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. വിത്തുകാളകളുടെ ജനിതകമേന്മ തെളിയിക്കുന്നതിനുള്ള 'സന്തതി പരിശോധനാ പദ്ധതി' സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെനിന്നും ഉന്നത ജനിതക മേന്മയുള്ള വിത്തുകാളകളെ ഉല്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉല്പാദിപ്പിക്കുവാനും കർഷകരുടെ

ഇടങ്ങളിലുള്ള ഉല്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. സന്തതി പരിശോധന (പ്രോജനി ടെസ്റ്റിംഗ്) പദ്ധതിയിലൂടെ ജനിക്കുന്ന മേൽത്തരം വിത്തുകാളക്കുട്ടികളുടെ പ്രജനന മൂല്യം (breeding value) ജനിതക ശാസ്ത്ര രീതികളിലൂടെ കണ്ടെത്തി, അവയിൽ ഏറ്റവും മെച്ചമായവയെ പ്രജനന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു. ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ച് ഗർഭധാരണം ഉറപ്പാക്കി ത്വരിതഗതിയിൽ സംസ്ഥാന കന്നുകാലി ജനുസ്സുകളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ക്ഷീരോല്പാദനത്തിന്റെ ഭാഗമായി മൃഗചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മൃഗചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും-മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ, രാത്രികാല അടിയന്തര മൃഗചികിത്സ സേവന പദ്ധതി, പ്രതിരോധ കുത്തിവെയ്പ്പ് തീവ്ര യജ്ഞങ്ങൾ, മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, കേന്ദ്രീകൃത

കോൾ സെന്റർ സംവിധാനം തുടങ്ങിയവ മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കുന്നു.

215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്കുതലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രമായ SIAD പാലോട് ഉൾപ്പെടെ, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാ നിവാരണ ഓഫീസ്, കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി, അതിർത്തി ചെക്ക് പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ ആധുനിക സജ്ജീകരണങ്ങളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലും പ്രവർത്തിച്ചുവരുന്നുണ്ട്.

മൃഗചികിത്സയ്ക്ക് അത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾവഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽവഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉല്പാദിപ്പിച്ച്, മൃഗാശുപത്രികൾവഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല

അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും നടപ്പിലാക്കിവരുന്നു.

വർഷം തോറും രണ്ടുതവണ വീതം സംഘടിപ്പിക്കുന്ന ഭവന സന്ദർശനം വഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിയാണ് 'ഗോരക്ഷ'.

കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലി മെഡിക്കൽ സൗകര്യങ്ങളോടുകൂടി നിലവിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ മാതൃകയിൽ മേഖലാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ മേഖലകൾ കേന്ദ്രീകരിച്ച് 2 ടെലി വെറ്ററിനറി യൂണിറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റുകളിൽ X-Ray, അൾട്രാസൗണ്ട് സ്കാനിംഗ് കൂടാതെ കിടപ്പിലായ പശുക്കളെ ഉയർത്തുന്നതിനുവേണ്ടിയുള്ള അനിമൽ ലിഫ്റ്റിംഗ് ഡിവൈസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, വയനാട് പാലക്കാട് ജില്ലകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 29 ബ്ലോക്കുകളിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്.

കർഷകർക്ക് ബന്ധപ്പെടാനായി ഒരു ഏകീകൃത " കാൾസെന്റർ" സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. " 1962" എന്ന ടോൾഫ്രീ നമ്പർ മുഖേന കർഷകർക്ക് പ്രസ്തുത കാൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്.

## കരിക്കുലം പരിഷ്കരണം

14(*134) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തി മാതൃകാ കരിക്കുലം രൂപീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽതന്നെ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യൂക്കേഷൻ

കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. യു.ജി. പ്രോഗ്രാമുകളുടെ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃക കരിക്കുലം ഫ്രെയിം വർക്ക് രൂപീകരിക്കുന്നതിനുമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിട്ടുണ്ട്.

കരിക്കുലം പരിഷ്കരണങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഒരു കരിക്കുലം ശില്പശാല 2022 നവംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.

കരിക്കുലം പരിഷ്കരണം നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് 2022 ഡിസംബർ 8-ന സർവകലാശാല വൈസ് ചാൻസലർമാർ, മറ്റ് സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരുടെ ഒരു ആലോചനായോഗം തിരുവനന്തപുരത്തു വിളിച്ചുചേർത്തിരുന്നു.

31-01-2023-ന ചേർന്ന കരിക്കുലം കമ്മിറ്റി യോഗത്തിൽ കരിക്കുലം ഫ്രെയിം വർക്കിന്റെ ഒരു കരട് രൂപരേഖ കൂടുതൽ ചർച്ചകൾക്കായി അവതരിപ്പിച്ചിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾകൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അസാപ്, കെ-ഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

വൈജ്ഞാനിക മേഖലയിലെ നൂതന പഠന വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ അസാപ് കേരള വികസിപ്പിക്കുന്നുണ്ട്. നൂതന പഠന വിഷയങ്ങൾകൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അസാപ്, കെ-ഡിസ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനു നടപടികൾ സർവകലാശാലാ തലത്തിൽ സ്വീകരിക്കുന്നുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ അവസാനമായി കരിക്കുലം പരിഷ്കരണം നടത്തിയത് എന്നായിരുന്നു; കരിക്കുലം പരിഷ്കരണം ഈ വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്രമായ കരിക്കുലം പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് 2009-10 അക്കാദമിക വർഷമാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രൊഫ. എം. വിജയൻ അദ്ധ്യക്ഷനായ സമിതി മുന്നോട്ടുവച്ച ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകളിൽ ബിരുദതല പ്രോഗ്രാമുകളുടെ സമഗ്രപരിഷ്കരണത്തിന് നിദാനമായി.

കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചതിനുശേഷം 2023 മാർച്ച് മാസത്തോടെ കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിന്റെ പൂർണ്ണരൂപം സർവകലാശാലകൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഈ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കരിക്കുലം രൂപീകരിക്കുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർവകലാശാലകൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

15(*135) <u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റുമെന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റുമെന്ന സർക്കാരിന്റെ വാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1312.13 കോടിരൂപ നാളിതുവരെ വായ്പ ധനസഹായമായും 12.51 കോടിരൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതി വാഹന ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് ചെലവുകുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനത് ഫണ്ട്

/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

മേൽ കൈക്കൊണ്ട വൈവിധ്യവത്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

(ബ) നഷ്ടത്തിൽനിന്നും കരകയറുന്നതിനോ ജീവനക്കാർക്ക് കൃത്യമായി മാസ ശമ്പളം നൽകുവാനോ കഴിയാത്ത അവസ്ഥയിൽ കെ.എസ്.ആർ.ടി.സി. എത്തിനിൽക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനവും വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചുവെങ്കിലും വരവിനെക്കാൾ ചെലവേറി വരുന്ന സാഹചര്യത്തിൽ സ്വന്തം വരുമാനത്തിൽനിന്നും ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുവാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. ഡീസൽ, സ്പെയർ പാർട്സ് വിലയിലെ അനിയന്ത്രിത വർദ്ധനവ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണം അനുവദിച്ചതുമൂലമുള്ള അധിക ബാധ്യത, കൺസോർഷ്യം വായ്പ തിരിച്ചടവ് എന്നിങ്ങനെയുള്ള ചെലവുകൾ ഏറിയത് കാരണമാണ് ജീവനക്കാരുടെ മാസശമ്പളം കൃത്യമായി

മാസാദ്യം നൽകാൻ കഴിയാത്തത്. എന്നാൽ ജീവനക്കാരുടെ 2022 ഡിസംബർ വരെയുള്ള ശമ്പളം നൽകിക്കഴിഞ്ഞു. 2023 ജനുവരി മാസത്തെ ശമ്പളം നല്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) കെ.എസ്.ആർ.ടി.സി. നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവീസുകൾകൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യൂണിറ്റുകളിലെ നിലവിലെ സർവീസുകളുടെ സാധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവുകുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകളുപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി 2023 ജനുവരി 16-ന് ആരംഭിച്ചു.

ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു. മേൽ കൈക്കൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ

പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

## കർഷക കടാശ്വാസ കമ്മീഷൻ

16(*136) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ച പ്രധാന നടപടികൾ വിശദമാക്കുമോ?

വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007-ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരുന്നത്. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം കർഷകരുടെ കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി 2 വർഷംകൂടി വർദ്ധിപ്പിച്ചു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ

കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നത്. കർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ 2023 ജനവരി 1 മുതൽ ജൂൺ 30 വരെ സമയം അനുവദിച്ചു. പരമാവധി 2 ലക്ഷംരൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്. അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07-01-2022-ൽ ഈ സർക്കാർ അനുമതി നൽകി.

കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16 കോടിരൂപ കൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക സർക്കാർ വിതരണം ചെയ്യുന്നത്. അവാർഡ് വിതരണത്തിലെ കാലതാമസം

ഒഴിവാക്കുന്നതിനായി സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്.

(ബി) നാഷണലൈസ്ഡ് ബാങ്കുകളിൽനിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പാ തിരിച്ചടവുകളിൽ കർഷക കടാശ്വാസ കമ്മീഷന് ഇടപെടാൻ കഴിയുന്ന രീതിയിൽ കമ്മീഷന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബാങ്കിംഗ് എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയമായതിനാൽ നാഷണലൈസ്ഡ് ബാങ്കുകളെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല.

(സി) കർഷക കടാശ്വാസ കമ്മീഷനെ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിനുപുറമെ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16

കോടിരൂപ കൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക സർക്കാർ വിതരണം ചെയ്യുന്നത്. അവാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്. കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ പുതുക്കി നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

## അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

17(*137) ശ്രീ. കെ. ബി. ഗണേഷ്കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ 3 കമ്മീഷനുകളെ സർക്കാർ നിയമിച്ചിരുന്നു. ടി കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയതു നടപ്പിലാക്കുന്നതിനായി 26-07-2022-ലെ സ.ഉ.(സാധാ)നം.1158/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ് ദാസ്

അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കരിക്കുലം പരിഷ്കാരം</u>:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു. (കേരള ഹയർ എഡ്യുക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്).

2. <u>പുതുതലമുറ കോഴ്സുകൾ</u>:- സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവകലാശാലയിലും കോളേജുകളിലും പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന് 05-11-2020-ലെ GO(Ms)No.389/2020/H.Edn. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിരുന്നു.

3. സർവകലാശാലകളിൽ പ്രോജക്റ്റ് മോഡ് പ്രോഗ്രാമുകൾ, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, ഇന്റർനാഷണൽ/ഡൊമസ്റ്റിക് ഹോസ്റ്റലുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. <u>മറ്റ് പ്രധാന പദ്ധതികൾ</u>:-

- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ വികസനം (കാൽനെറ്റ്)
- ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അദ്ധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടൽ ഫെലോഷിപ്പ്

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ ഉൾപ്പെടെ

ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഗുണനിലവാരം/മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നേരിട്ട് സർവകലാശാലയിൽ അപേക്ഷകൾ ലഭിക്കുമ്പോൾ നിലവിലെ ചട്ടങ്ങൾ, സർവകലാശാല സ്റ്റാറ്റ്യൂട്ട് എന്നിവ പരിഗണിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ സർവകലാശാലകൾ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്ന ആവശ്യം**

18(*138) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ്, തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ട്രെയിനുകൾ അനുവദിക്കാത്തതും ഉള്ളവയ്ക്ക് വേഗത തീരെ കുറവായതും സംസ്ഥാനത്ത് റെയിൽ യാത്ര ദുരിത പൂർണ്ണമാക്കുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്നും വന്ദേ ഭാരത് ട്രെയിൻ ആരംഭിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും എങ്കിൽ ആയതിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റെയിൽവെയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി 01-12-2022 തീയതിയായി കേന്ദ്ര റെയിൽവെ മന്ത്രിക്ക് വിശദമായ കത്ത് നൽകിയിട്ടുണ്ട്. വന്ദേ ഭാരത് ട്രെയിനുകൾ അനുവദിക്കുന്നത് റെയിൽവേ മന്ത്രാലയം തീരുമാനിക്കേണ്ട നയപരമായ വിഷയമാണ്. കേരളം മുന്നോട്ടുവച്ച ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിലെ ട്രെയിനുകളുടെ വേഗത മണിക്കൂറിൽ 130 കിലോമീറ്ററായി വർദ്ധിപ്പിക്കുന്നതിന് റെയിൽവെ ഡിവിഷൻ, പാലക്കാട് കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സെക്ടറുകളിൽ ട്രെയിനുകൾക്ക് അനുവദിച്ചിട്ടുള്ള പരമാവധി വേഗതയും നിലവിലെ ശരാശരി വേഗതയും എത്ര വീതമെന്ന് അറിയിക്കാമോ?

കേരളത്തിലെ റെയിൽവെ സെക്ടറുകളിൽ (പാലക്കാട് ഡിവിഷൻ) അനുവദിച്ചിട്ടുള്ള വേഗത പരിധി ചുവടെ ചേർക്കുന്നു.

പോത്തന്നൂർ-പാലക്കാട് ഷൊർണ്ണൂർ-കോഴിക്കോട്-കണ്ണൂർ-മംഗലാപുരം ജംഗ്ഷൻ (ഡബിൾ ലൈൻ) - 110 കി.മി/മണിക്കൂർ

ഷൊർണ്ണൂർ ജംഗ്ഷൻ നിലമ്പൂർ റോഡ് (സിംഗിൾ ലൈൻ) - 75 ക.മി/മണിക്കൂർ

പാലക്കാട് ജംഗ്ഷൻ-പാലക്കാട് ടൗൺ (സിംഗിൾ ലൈൻ) - 55 കിമി/മണിക്കൂർ

പാലക്കാട് ടൗൺ-പൊള്ളാച്ചി ജംഗ്ഷൻ (സിംഗിൾ ലൈൻ) -100 ക.മി/മണിക്കൂർ

പൊള്ളാച്ചി ജംഗ്ഷൻ-പോത്തന്നൂർ ജംഗ്ഷൻ (സിംഗിൾ ലൈൻ) -80 കി.മി/മണിക്കൂർ

തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ട്രാക്കുകളിൽ മണിക്കൂറിൽ 70 കി.മീ. മുതൽ 110 കി.മീ. വരെ വേഗതയിൽ ട്രെയിൻ ഓടിക്കാനാണ്

അനുമതിയുള്ളത്. വിവിധതരം ട്രെയിനുകളുടെ ശരാശരി വേഗം വ്യത്യസ്ഥമാണ്. പാസഞ്ചർ ട്രെയിനുകളുടെ ശരാശരി വേഗം മണിക്കൂറിൽ 40 കിലോമീറ്ററും എക്സ്പ്രസ് ട്രെയിനുകൾക്ക് മണിക്കൂറിൽ 55 മുതൽ 60 കിലോമീറ്ററുമാണ്.

(സി) സംസ്ഥാനത്തെ റെയിൽ പാളങ്ങളുടെ വളവ് നിവർത്തി അവ ബലപ്പെടുത്തിയും സിഗ്നൽ സംവിധാനം മെച്ചപ്പെടുത്തിയും ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി കേന്ദ്രം അംഗീകരിച്ചതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

സർക്കാരിന് ഇക്കാര്യത്തിൽ ഔദ്യോഗികമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കേരളത്തിൽ ട്രെയിനുകളുടെ വേഗത മണിക്കൂറിൽ 130 കിലോമീറ്ററായി വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട റെയിൽവെ ഡിവിഷൻ കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന് ശിപാർശ സമർപ്പിക്കുകയും തുടർന്ന് തിരുവനന്തപുരം-മംഗലാപുരം സെൻട്രൽ സെക്ഷനിൽ ട്രെയിൻ വേഗത 130 കി.മീ. ആയി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ റെയിൽവെ കൺസ്ട്രക്ഷൻ ഓർഗനൈസേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഞങ്ങളും കൃഷിയിലേയ്ക്ക്

19(*139) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എം. എം. മണി</u>:

ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക് ".

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 25887 കൃഷിക്കൂട്ടങ്ങൾ ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുവാനും 1,36,344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുവാനും സാധ്യമായിട്ടുണ്ട്. ഇവയിൽ 12808 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. മറ്റുള്ളവയുടെ രജിസ്റ്റ്രേഷൻ നടപടി തുടർന്നുവരുന്നു.

ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ

നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

"ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ആരംഭത്തിൽ (2021-22 സാമ്പത്തിക വർഷത്തിൽ) സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെടുത്തി വിവിധ ഇനങ്ങൾ അടങ്ങിയ 10/- രൂപ വിലവരുന്ന 30 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും 2.5 രൂപ വിലവരുന്ന 34.341 ലക്ഷം പച്ചക്കറി തൈകളും വിതരണം നടത്തി. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 7.5 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 10 ലക്ഷം പച്ചക്കറി തൈകളും വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിനായി വിതരണം ചെയ്തു.

2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേയ്ക്ക് " പദ്ധതിയുടെ ഭാഗമായി ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10/- രൂപ വിലവരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 48.02 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും വിവിധ

ഇനത്തിൽപ്പെട്ട 149.92 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ വിവിധ സന്നദ്ധ സംഘടനകൾ/റെസിഡൻ്റ്സ് അസോസിയേഷനുകൾ മുഖേന 19660 എണ്ണം പച്ചക്കറി വിത്ത് കിറ്റുകളും വിതരണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൃഷിയിടങ്ങൾ സന്ദർശിച്ച് അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് പ്രഖ്യാപിച്ച കൃഷിദർശൻ പരിപാടി പ്രാവർത്തികമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരുമായി സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി സർക്കാർ വിഭാവനം ചെയ്ത പരിപാടിയായ 'കൃഷിദർശൻ' പരിപാടി പ്രാവർത്തികമായിട്ടുണ്ട്.

നാളിതുവരെ സംസ്ഥാനത്ത് മൂന്ന് ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(എ) ഒല്ലൂർക്കര ബ്ലോക്ക്, തൃശ്ശൂർ ജില്ല - 2022 ഒക്ടോബർ 25 മുതൽ 29 വരെ.

(ബി) തലശ്ശേരി ബ്ലോക്ക്, കണ്ണൂർ ജില്ല - 2022 നവംബർ 22 മുതൽ 26 വരെ

(സി) നെടുമങ്ങാട് ബ്ലോക്ക്, തിരുവനന്തപുരം ജില്ല - 2023 ജനുവരി 24 മുതൽ 28 വരെ.

കൃഷിദർശൻ പരിപാടിയോടനുബന്ധിച്ച് കാർഷിക പ്രദർശനം, കർഷകരെ നേരിട്ടുകണ്ട് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായുള്ള ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ കൃഷിയിട സന്ദർശനം, തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളും, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരും, പ്രാഥമിക സഹകരണസംഘം മേധാവികളുമായിട്ടുള്ള ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നയിക്കുന്ന സംവാദം, ഓൺലൈനായും നേരിട്ടും ലഭിച്ച പരാതികളിൻമേലുള്ള കർഷക അദാലത്തും കർഷക സംഗമവും നടത്തിവരുന്നു. കൂടാതെ ബ്ലോക്കിൽ 2026-ാം വർഷത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളടങ്ങിയ 'വിഷൻ 2026' കൃഷിദർശൻ പരിപാടിയുടെ ഭാഗമായി തയ്യാറാക്കി അവതരിപ്പിച്ചുവരുന്നു.

(സി) മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ടും ഉല്പന്ന വിപണി വിപുലീകരിച്ചുകൊണ്ടും കൃഷി ആദായകരമായ ഉപജീവന മാർഗ്ഗമായി വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മൂല്യവർദ്ധിതോല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ടും ഉല്പന്ന വിപണി വിപുലീകരിച്ചുകൊണ്ടും കൃഷി ആദായകരമായ ഉപജീവന മാർഗ്ഗമായി വളർത്തിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>എഫ്.പി.ഒ. പദ്ധതി:</u>

കേരളത്തിലെ അസംഘടിത മേഖലയിലെ കർഷകരെ സംഘടിത ശക്തിയായി വളർത്തുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് കർഷകോല്പാദക സംഘടനകൾ (എഫ്.പി.ഒ.-കൾ) രൂപീകരിക്കുന്നത്. സംസ്ഥാന കൃഷിവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി.) ആണ് കർഷകോത്പാദക സംഘടനകളുടെ രൂപീകരണം രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതി

പ്രകാരം നിർവ്വഹിക്കുന്നത്. പ്രസ്തുത പദ്ധതിപ്രകാരം പുതുതായി 50 കർഷകോത്പാദക സംഘടനകളും നിലവിലുള്ള 50 എണ്ണത്തിന്റെ ശാക്തീകരണവുമാണ് ലക്ഷ്യമിടുന്നത്.

കർഷകരെ സംഘടിപ്പിക്കുക, അവർക്കാവശ്യമുള്ള സാങ്കേതിക വിദ്യ, ഉൽപ്പാദനോപാധികൾ, വായ്പ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, ഉൽപ്പാദനമേഖലയിൽ ധനം നിക്ഷേപിക്കുന്നതിനുള്ള ആർജ്ജവം, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരിൽ വളർത്തിയെടുക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂട്ടായ വിപണന മാർഗ്ഗങ്ങൾ അവലംബിക്കാൻ പ്രോത്സാഹനം നല്കുക, കർഷകോല്പാദനം മെച്ചമാക്കുന്നതിന് പുതിയ ശാസ്ത്രീയ കൃഷി രീതികളിൽ പരിശീലനം നൽകുക, കാർഷികോല്പന്നങ്ങൾക്ക് ഗ്രേഡിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ നടത്തുന്നതിന് പാക്ക് ഹൗസുകൾ സ്ഥാപിക്കുക, ഉല്പന്നങ്ങൾക്ക് സർക്കാർ നേതൃത്വം വഹിച്ചുകൊണ്ട് ബ്രാൻഡിംഗ് ഏർപ്പെടുത്തുക എന്നിങ്ങനെ നാനോന്മുഖമായ പ്രവർത്തനങ്ങളാണ് കർഷകോല്പാദക സംഘടനകൾ രൂപീകരിക്കുക വഴി സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കർഷകർക്ക് ന്യായമായ നിരക്കിൽ അവരുടെ ആവശ്യത്തിനുതകുന്ന യന്ത്ര സാമഗ്രികൾ നൽകുന്നതിനുള്ള കസ്റ്റം ഹയറിംഗ് സെന്ററുകളും

ഉല്പാദനോപാധികൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകളും സ്ഥാപിക്കുന്നത് കർഷകോല്പാദക സംഘടന വഴി സാധ്യമാകുന്നു. ആഭ്യന്തര ഉപയോഗത്തിനുശേഷം ബാക്കിവരുന്ന കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം മെച്ചപ്പെടുത്തുന്നു. എഫ്.പി.ഒ.-കൾക്ക് വിവിധ പദ്ധതിപ്രകാരം നൽകുന്ന ആനുകൂല്യങ്ങൾ സംയോജിപ്പിച്ച് നൽകുവാൻ സാധിക്കും. ഇത്തരത്തിൽ എ.ഐ.എഫ്. ഫണ്ട്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതി തുടങ്ങിയ വിവിധ പദ്ധതിയാനുകൂല്യങ്ങൾ കർഷകോല്പാദക സംഘടനകളുടെ ശാക്തീകരണത്തിനായി സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ പുതുതായി രൂപീകരിക്കുന്ന കർഷകോല്പാദക സംഘടന ഒന്നിന് 60 ലക്ഷം രൂപയാണ് മൂന്ന് വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ളത്.

2021-2022 സാമ്പത്തിക വർഷത്തിൽ 44 കർഷകോൽപ്പാദക സംഘടനകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള 50 കർഷകോല്പാദക സംഘടനകളെ ശാക്തീകരിക്കുന്ന പ്രവൃത്തികളും നടന്നുവരുന്നു.

2. <u>വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതി</u>:

വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതി പ്രകാരം കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി. കേരള) മുഖേന സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹനം എന്ന ഘടക പദ്ധതി നടപ്പിലാക്കിവരുന്നു.

കാർഷിക മേഖലയിലെ സംരംഭകർക്ക് അവരുടെ ഫാക്ടറിയുടെ കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, സാങ്കേതികവിദ്യ തുടങ്ങിയ എല്ലാ ഘടകങ്ങൾക്കും ധനസഹായം നൽകുന്നു. സംരംഭകർ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി http://www.sfackerala.org എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം വിശദമായ പ്രോജക്ട്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ബാങ്ക് വായ്പയെ സംബന്ധിച്ചുള്ള വിവരങ്ങൾ, മൂല്യ വർദ്ധനവിന് ഉപയോഗിക്കുന്ന ഉല്പന്നത്തിന്റെ വിശദാംശങ്ങൾ തുടങ്ങിയവ സമർപ്പിക്കണം. സബ്സിഡി തുക നൽകുന്നത് മൂലധന നിക്ഷേപത്തിന് അനുസൃതമായാണ്. സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 1 | സൂക്ഷ്മതല സംരംഭം | 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50 ശതമാനം പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40 ശതമാനം പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30 ശതമാനം പരമാവധി 50 ലക്ഷം |

ദേശസാൽകൃത/സ്വകാര്യ/ഷെഡ്യൂൾഡ്/സഹകരണ/ഗ്രാമീണബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഗുണഭോക്താക്കൾക്ക് വായ്പ എടുക്കാവുന്നതാണ്. ബാങ്ക് വായ്പ അനുവദിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടും ബാങ്കിന്റെ അനുമതി പത്രവും സമർപ്പിക്കണം. സംയുക്ത സംരംഭ പ്രോജക്ടുകൾക്ക് പാർട്ട്ണർഷിപ്പ് ഉടമ്പടി, മെമ്മോറാണ്ടം/ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക്) എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്വന്തം പേരിലുള്ളതോ ഡയറക്ടർ ബോർഡ് മെമ്പറുടെ ഉടമസ്ഥതയിലുള്ളതോ ആയ സ്ഥലത്താണ് സംരംഭം പ്രവർത്തിക്കുന്നതെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ നികുതി അടച്ച രസീതിന്റെ പകർപ്പോ പാട്ടത്തിനാണെങ്കിൽ 10 വർഷത്തിനുമുകളിൽ

കാലാവധിയുള്ള പാട്ടക്കരാറിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്. പദ്ധതി രൂപരേഖ എസ്.എഫ്.എ.സി.-യുടെ സാങ്കേതിക സമിതിയുടെ വിശദ പരിശോധനയ്ക്ക് വിധേയമാക്കി റിപ്പോർട്ട് നൽകുന്നമുറയ്ക്ക് ഗവേർണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷം സബ്സിഡി തുക സംരംഭകരുടെ വായ്പ അക്കൗണ്ടിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നിക്ഷേപിക്കുന്നതാണ്. സംരംഭത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കുറഞ്ഞത് 5 വർഷമെങ്കിലും വിജയകരമായി നടപ്പിലാക്കേണ്ടതാണ്.

2021-22 വർഷത്തിൽ പദ്ധതിപ്രകാരം 17 സംരംഭകർക്ക് 2,47,74,519/- രൂപ ആനുകൂല്യമായി നൽകിയിരുന്നു. 2022-23 വർഷത്തിൽ 400 ലക്ഷം രൂപ ഈ ഘടക പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

3. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോല്പാദന ക്ഷമത വർദ്ധിപ്പിക്കുക, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശങ്ങളോടെയാണ് മൂല്യവർദ്ധിത മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

**പാലിന്റെ ഗുണനിലവാര പരിശോധന**

20(*140) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിന്റെ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന് ക്ഷീര വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടിൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യമില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശാസ്ത്രീയ പരിശോധനയിൽ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന ക്ഷീര വികസന വകുപ്പിന്റെ കണ്ടെത്തലിന് വിരുദ്ധമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ അന്തിമ പരിശോധനാ ഫലം വരാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിന്റെ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ടെന്ന് ക്ഷീരവികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പാലിലുള്ള പെറോക്സിഡേസിന്റെയും കാറ്റലെസിന്റെയും പ്രവർത്തനംമൂലം പാലിൽ ചേർക്കപ്പെട്ടിട്ടുള്ള ഹൈഡ്രജൻ പെറോക്സൈഡ് വെള്ളവും ഓക്സിജനുമായി പരിവർത്തനം ചെയ്യപ്പെടും. പാലിൽ ചേർത്തിട്ടുള്ള ഹൈഡ്രജൻ പെറോക്സൈഡിന്റെ അളവിന് അനുസൃതമായി അതിന്റെ സാന്നിധ്യം സമയം കഴിയുന്തോറും ഇല്ലാതാകും. അതുകൊണ്ട് മണിക്കൂറുകൾക്കുശേഷം നടത്തുന്ന പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിയാറില്ല. പാലിൽ രാസസാന്നിധ്യം കണ്ടെത്തിയതിനെത്തുടർന്ന് ഈ വിവരം ക്ഷീരവികസന വകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ നടത്തിയ അന്തിമ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താൻ കഴിയാത്തത് മേൽപ്പറഞ്ഞ കാരണത്താലാണ്.

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അവകാശം ക്ഷീര വികസന വകുപ്പിന് നൽകണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുമോ; വിശദമാക്കാമോ?

പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥർക്ക് തടസ്സങ്ങളില്ല. എന്നാൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നിയമപരമായ സാമ്പിളുകൾ ശേഖരിച്ച് നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണുള്ളത്. ക്ഷീരവികസന വകുപ്പിലെ ക്ഷീരവികസന ഓഫീസർമാരെ 2006-ലെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം പാലും പാലുല്പന്നങ്ങളും സംബന്ധിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടില്ല. അപ്രകാരം നോട്ടിഫൈ ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ട്.

## വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്ന കർഷകരുടെ ആശ്രിതർക്ക് ധനസഹായം

21(*141) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>) സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനിയുണ്ടായ സംഭവങ്ങൾ അടുത്ത കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 2022-23 വർഷത്തിൽ 5 കർഷകർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനിയുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട്, മലപ്പുറം ജില്ലകളിൽ ഓരോ കർഷകനും കണ്ണൂർ ജില്ലയിൽ മൂന്ന് കർഷകരും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി)വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്ന കർഷകരുടെ ആശ്രിതർക്ക് കൃഷിവകുപ്പ് എന്തെങ്കിലും സഹായങ്ങൾ നൽകാറുണ്ടോ; അറിയിക്കുമോ?

(സി) വനപ്രദേശത്തോട് ചേർന്ന സ്ഥലങ്ങളിൽ വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിനും അവയുടെ ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ കൃഷിവകുപ്പ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ബി&സി) കൃഷിവകുപ്പ്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം അംഗങ്ങളായ കർഷകർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്കായി, പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി, വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം വനം/വന്യ വകുപ്പ് മുഖാന്തരമാണ് സർക്കാർ അനുവദിക്കുന്നത്.

**കർഷക കടാശ്വാസ കമ്മീഷൻ**

22(*142) <u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ ഈ സാമ്പത്തിക വർഷം നടത്തിയ സിറ്റിംഗിന്റെ എണ്ണവും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണവും അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കമ്മീഷൻ മുമ്പാകെ 90,000 അപേക്ഷകൾ കെട്ടിക്കിടക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിമൂലം സിറ്റിംഗുകൾ നിർത്തി വയ്ക്കേണ്ടതായി വന്നിരുന്നു. കൂടാതെ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07-01-2022-ൽ ഈ സർക്കാർ അനുമതി നൽകി. ടി 33526 അപേക്ഷകൾകൂടി പരിഗണിക്കേണ്ടിവന്നതാണ് അപേക്ഷകളുടെ എണ്ണം കൂടാൻ കാരണം. ലോക്ഡൗണിനുശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 31-01-2023-ൽ തീർപ്പാക്കുവാൻ ഇനി അവശേഷിക്കുന്നത് 75781 അപേക്ഷകളാണ്.

(സി) കമ്മീഷൻ ശിപാർശ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും ഇരുന്നൂറ് കോടിരൂപ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവിന്മേൽ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺവരെയുള്ള കടാശ്വാസ തുക ഇതിനോടകംതന്നെ വിതരണം ചെയ്തിട്ടുണ്ട്. 2022 ജൂലൈ മാസം മുതൽ ലഭ്യമായ റിപ്പോർട്ടുകളിന്മേൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ കാലതാമസം ഒഴിവാക്കുന്നതിനായി പരിശോധന നടത്തുന്നതിനുമുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

(ഡി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനും അവ തീർപ്പാക്കാനും നടപടി സ്വീകരിക്കുമോ?

കോവിഡ്-19 മഹാമാരിമൂലം സിറ്റിംഗുകൾ നിർത്തി വെയ്ക്കേണ്ടതായി വന്നിരുന്നു. ലോക്ക്ഡൗണിനുശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 31-01-2023-ൽ തീർപ്പാക്കുവാൻ ഇനി അവശേഷിക്കുന്നത് 75781 അപേക്ഷകളാണ്.

കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പയുടെ തീയതി ഇടുക്കി, വയനാട് ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിൽ 31-03-2016 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസത്തിനുള്ള അപേക്ഷ സമർപ്പിക്കുവാൻ 30-06-2023 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്.

**പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി**

23(*143) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു.

2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുകവഴി 800 ബസുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ച് സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്), സിറ്റി ഷട്ടിൽ സർവീസുകൾ, സിറ്റി റേഡിയൽ സർവീസുകൾ ആരംഭിക്കുകയും അവ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് ചെലവുകുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി

ഉത്തരവായിട്ടുണ്ട്. മേൽ കൈക്കൊണ്ട വൈവിധ്യ വൽക്കരണത്തിലൂടെ പ്രതിമാസ വരുമാനം ആദ്യഘട്ടത്തിൽ 8 കോടി രൂപയും ക്രമാനുഗതമായി അത് 10 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

(ബി) ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ഫീഡർ സർവീസ് സംബന്ധിച്ച പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകളുപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവീസ് 2023 ജനുവരി 16-ന് ഫ്ലാഗ് ഓഫ് ചെയ്തു. റീ-ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ട്രാവൽ കാർഡുകൾ ഉപയോഗിക്കുന്നതിനാൽ ഡ്രൈവർ മാത്രമെ ടി സർവീസിന് ആവശ്യമുള്ളൂ. നിലവിൽ രണ്ട് ബസുകളുപയോഗിച്ചുള്ള ഈ സർവീസ് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുവാൻ സാധിക്കും.

(സി) പൊതുഗതാഗത രംഗത്തെ വാഹന സർവീസുകൾ സംബന്ധിച്ച സമയക്രമം അടക്കമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും യാത്രക്കാർക്കും കൃത്യമായി ലഭിക്കുന്ന തരത്തിൽ കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ജലഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവീസുകൾ നടത്തിവരുന്നു. പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനും

കൂടുതൽ സുരക്ഷിതമാക്കുന്നതിനും വേണ്ടി തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമെ കറ്റാമറൈൻ ഫൈബർ ബോട്ടുകളും പാസഞ്ചർ, പാസഞ്ചർ-കം-ടൂറിസ്റ്റ് സർവീസ്, ആംബുലൻസ് സർവീസ്, വാട്ടർ ടാക്സി സർവീസ് നടത്തിപ്പിനായി ഉപയോഗിച്ചുവരുന്നു. ജലഗതാഗത മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും ചെലവ് കുറഞ്ഞതും ഏറ്റവും സുരക്ഷിതവും എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള വിവിധ പദ്ധതികളിലൊന്നാണ് IRS നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 100, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 5 കാറ്റമറൈൻ ബോട്ടുകൾ സർവീസ് നടത്തുന്നു.

ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കുമായി കേരള ഇൻലാൻഡ് വെസ്സൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പാലിച്ചുവരുന്നു. കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ടുകൾ സർവീസ് നടത്തിവരുന്നത്.

**സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിനുള്ള നടപടി**

24(*144) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:

ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ കല്പിത സർവകലാശാലകൾ അനുവദിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടില്ല. സ്വകാര്യ കല്പിത സർവകലാശാലകൾ സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി, ഡോ. ശ്യാം ബി. മേനോൻ, (പ്രൊഫസർ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഡൽഹി സർവകലാശാല), പ്രൊഫ. സാബു തോമസ് (വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവകലാശാല) എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവകലാശാലകൾ ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവകലാശാലകൾ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ബി-ഡി)ബാധകമല്ല.

**എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം**

25(*145) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനത്തിന് ഗ്രാമീണ മേഖലയുടെ പ്രാധാന്യമുൾക്കൊണ്ട് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര കായികവികസനത്തിന് ഗ്രാമീണമേഖലയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലൂടെ കായിക ക്ഷമതയുള്ള യുവതലമുറയെ ഉയർത്തിക്കൊണ്ടുവരിക, ഏറ്റവും അടിസ്ഥാനതലത്തിൽനിന്നും കായിക വികസന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുക, എല്ലാവർക്കും ആരോഗ്യം ശാരീരികക്ഷമത, സന്തോഷം എന്നിവ പ്രദാനം ചെയ്യുക എന്നിവയാണ് പ്രാഥമികമായി ലക്ഷ്യമിടുന്നത്.

(ബി) ഗ്രാമീണ കായിക വികസനത്തിനായി 'എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം, കായിക പരിശീലനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കായിക യുവജനകാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ

സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി നിർവ്വഹണത്തിനുള്ള മാതൃകാ ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് 12-07-2022-ലെ സ.ഉ(അച്ചടി)നം.1/2022/കാ.യു.വ. നമ്പർ ഉത്തരവായിട്ടുണ്ട്. വിവിധ ജനപ്രതിനിധികളിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾ ടി പദ്ധതിയുടെ സ്കൂട്ടിനി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്ത 113 കളിസ്ഥലങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ മുഖേനയാണ് പ്രവൃത്തിക്കാവശ്യമായ തുക സമാഹരിക്കുന്നത്.

നടപ്പു സാമ്പത്തികവർഷത്തിൽ ടി പദ്ധതിക്കായി കായിക വകുപ്പിൽ 4 കോടിരൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ 8 പ്രവൃത്തികൾക്ക് കായിക യുവജനകാര്യാലയത്തിന്റെ പദ്ധതി വിഹിതത്തിൽ 50 ലക്ഷംരൂപ വീതം അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. 5 പ്രവൃത്തികൾക്കായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷംരൂപ വീതം അനുവദിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഭരണാനുമതി

നൽകിയിട്ടുണ്ട്. 1 കോടിരൂപ വീതം ഭരണാനുമതി ലഭ്യമായ 4 പദ്ധതികളിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും 1 പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, മുതലായവയും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുക, വോളിബോൾ കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ, പ്രാദേശിക ഡിമാന്റ്/ആവശ്യകത, ഫണ്ട് ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും, മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികൾ, പദ്ധതികൾ എന്നിവകൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്.

പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ ഉൾപ്പെടുന്ന ഒരു ഏക്കറിൽ കുറയാത്ത നിരപ്പായ ഭൂമി ആയിരിക്കണമെന്നും എല്ലാവർക്കും എളുപ്പത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നതും വെള്ളപ്പൊക്കത്തിന് സാധ്യത ഇല്ലാത്തതും വലിയ

രീതിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ആവശ്യമില്ലാത്തതും ഡേറ്റാ ബാങ്കിലോ നിർമ്മാണ നിയന്ത്രണമുള്ള മറ്റേതെങ്കിലും വിഭാഗത്തിലോ ഉൾപ്പെടാത്തതുമായിരിക്കണമെന്നും പദ്ധതി നിഷ്കർഷിക്കുന്നു. കൂടാതെ പദ്ധതിയിൽ വിഭാവനം ചെയ്യുന്ന ഇവെന്റുകൾക്കോ ഗെയിമുകൾക്കോ അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ കുറഞ്ഞ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്തിലുൾപ്പെടുന്ന സ്കൂൾ ഗ്രൗണ്ടുകൾക്കും പൊതു സ്വത്തിലുള്ള മൈതാനങ്ങൾക്കും മുൻഗണന നല്കി സ്ഥലം തെരഞ്ഞെടുക്കുന്നതിനും പദ്ധതി ഉദ്ദേശിക്കുന്നു. പദ്ധതിപ്രകാരം സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് കളിസ്ഥലം വികസിപ്പിക്കുന്നതിന് സാധ്യമല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**ജന്തുരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

26(*146) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. എം. മണി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2004 മുതൽ സംസ്ഥാനത്ത് ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP) പ്രവർത്തിച്ചുവരുന്നു. ആറുമാസം ഇടവിട്ട് 26 റൗണ്ട് എഫ്.എം.ഡി. ക്യാമ്പയിൻ സംസ്ഥാനത്ത് നടത്തി. 2020 മുതൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ (NADCP) ഭാഗമായി FMD CP ക്യാമ്പയിനുകൾ നടത്തിവരുന്നു. മൂന്ന് റൗണ്ട് FMD വാക്സിനേഷൻ പൂർത്തിയാക്കിക്കഴിഞ്ഞു. എല്ലാവർഷവും ASCAD പദ്ധതിപ്രകാരം കോഴികൾക്കും താറാവുകൾക്കും പ്രതിരോധ വാക്സിനേഷനുകൾ നടത്തുന്നു. 2023 ജനവരി മുതൽ ചർമ മുഴയുടെ (LSD) കാർപ്പെറ്റ് വാക്സിനേഷൻ നടത്തിവരുന്നു. കൂടാതെ പാലോട് IAH & VB -യിൽനിന്നും HS, ആന്ത്രാക്സ്, BQ, PPR, ക്ലാസിക്കൽ സൈ്വൻ ഫീവർ എന്നീ വാക്സിനുകൾ സംഭരിച്ച് ആവശ്യാനുസരണം സംസ്ഥാനത്തെ പക്ഷിമൃഗാദികളെ വാക്സിനേറ്റ് ചെയ്ത് ജന്തുരോഗം നിയന്ത്രണ പ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഡിസംബർ, ജനവരി മാസങ്ങളിൽ കണ്ടെത്തിയ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനും ഇത് മറ്റ്

മേഖലകളിലേയ്ക്ക് പടരുന്നത് തടയുന്നതിനുമായി സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നുണ്ട്. അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവയും ശാസ്ത്രീയമായി നശിപ്പിക്കുന്നു. തുടർന്നുള്ള സാനിട്ടൈസേഷൻ പ്രവർത്തനങ്ങൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു.

(സി) ഇത്തരത്തിൽ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കർഷകർക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) ഉണ്ട്. 2022 വരെയുള്ള കാലയളവിൽ പക്ഷിപ്പനിമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞു. 2023 വർഷത്തെ നാശനഷ്ടങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ചുവരുന്നു.

## കായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനം

27(*147) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. വിജിൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ കായിക പ്രതിഭകൾക്ക് വേണ്ടത്ര മികവ് പുലർത്താൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഉന്നത നിലവാരത്തിലുള്ള കായിക അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ, അന്തർദേശീയതലങ്ങളിൽ നടന്ന മത്സരങ്ങളിൽ സംസ്ഥാനത്ത് നിന്നുള്ള കായിക പ്രതിഭകൾക്ക് പ്രതീക്ഷിച്ച മികവ് പുലർത്താൻ കഴിഞ്ഞില്ലെങ്കിലും ലോക ബാഡ്മിന്റണിലെ പുരുഷ ചാമ്പ്യൻഷിപ്പ്, 44-ാമത് ഫിഡെ ലോക ചെസ് ഒളിമ്പ്യാഡ്, കോമൺ വെൽത്ത് ഗെയിംസ്, സന്തോഷ് ട്രോഫി, ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്, നാഷണൽ ഗെയിംസ് എന്നീ മത്സരങ്ങളിൽ കേരളത്തിൽനിന്നുള്ള കായിക

താരങ്ങൾക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കായിക മേഖലയിൽ തല്പരരായ കുട്ടികളെ കണ്ടെത്തി അവർക്ക് കായിക വകുപ്പിന്റെ കീഴിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ മികച്ച പരിശീലനം ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക താരങ്ങളായി അവരെ വളർത്തിയെടുക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ മികച്ച കായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും മികവിന്റെ കേന്ദ്രമായിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി Centre of Excellence in Districts എന്ന വിഷയത്തിൽ Workshop and Expert Panel Discussion എന്ന പരിപാടി 2022 ഡിസംബർ 1-ാം തീയതി SAI LNCPE-യിൽവച്ച് നടത്തുകയുണ്ടായി. കായിക രംഗത്തെ പ്രമുഖർ ടി സെമിനാറിൽ പങ്കെടുത്തു.

(ബി) കായിക ക്ഷമതയും മത്സരശേഷിയുമുള്ള യുവജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രാഥമികതല വിദ്യാലയങ്ങൾ മുതൽ കായിക വിദ്യാഭ്യാസം സിലബസിൽ ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ കായികപഠനം പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി., എച്ച്.എസ്. ക്ലാസുകളിൽ സ്വതന്ത്രമായും എന്ന രീതിയിലും നടന്നുവരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേയ്ക്ക് ടീച്ചർ ടെക്സ്റ്റ് ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. നിലവിലുള്ള പാഠ്യപദ്ധതിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച പുതിയ പാഠ്യപദ്ധതി പരിഷ്കരണം കായിക മേഖലയിലും കായിക വിദ്യഭ്യാസ രംഗത്തും വന്നിട്ടുള്ള നൂതനമായ മാറ്റങ്ങൾകൂടി ഉൾക്കൊള്ളുന്നതായിരിക്കും. ലോകത്ത് വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളുടെ പശ്ചാത്തലത്തിൽ അതിന്റെ പ്രതിരോധമാർഗ്ഗമായി സ്കൂൾതലം മുതൽ ആരോഗ്യ കായിക വിദ്യഭ്യാസത്തിന് അതീവ പ്രാധാന്യം നൽകും. കായിക വിദ്യാഭ്യാസത്തിലൂടെ ആരോഗ്യം എന്ന ദീർഘകാല

ലക്ഷ്യത്തിന് കൂടുതൽ കരുത്തുപകരുന്ന രീതിയിലുള്ള കൃത്യമായ ഇടപെടൽ പാഠ്യപദ്ധതിയുടെ ഭാഗമായുണ്ടാകും.

(സി) കായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കായികമേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. കായികവകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന് അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമെന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. 'എല്ലാവർക്കും ആരോഗ്യം' എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ ഏഴ് എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇതിനുപുറമേ എട്ടോളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഇതിൽ മൂന്ന് പ്രവൃത്തികൾ

പൂർത്തിയാക്കുകയും 5 പ്രവൃത്തികൾ നടന്നുവരികയുമാണ്. ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പൊതുയിടങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള പദ്ധതിക്കും ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കായിക യുവജന കാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം നവീകരണം തുടങ്ങിയ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. 120 കോടിരൂപ അടങ്കൽ തുക വരുന്ന 12 കിഫ്ബി പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ അടങ്കൽ തുക വരുന്ന 23

കിഫ്ബി പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 520 കോടിരൂപ അടങ്കൽ വരുന്ന 23 കിഫ്ബി പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനമായിട്ടുണ്ട്. കൂടാതെ കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റേയും ജില്ലാ സ്പോർട്സ് കൗൺസിലിന്റേയും കീഴിൽ കായിക താരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക് ഉൾപ്പെടെ അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിവരുന്നു.

## പാലിന്റെ ഗുണനിലവാരം

28(*148) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും വില്പനയ്ക്കായി സംസ്ഥാനത്ത് എത്തിക്കുന്ന പാലിനും പാലുല്പന്നങ്ങൾക്കും മതിയായ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം കൊണ്ടുവരുന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ അംശം ക്ഷീര വികസന വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം തിരിച്ചറിയാൻ ആറ് മണിക്കൂറിനുള്ളിൽ പരിശോധന നടത്തേണ്ടതുള്ളതിനാൽ ഒരേസമയം ക്ഷീരവികസന വകുപ്പിന്റെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

ഒരേസമയം ക്ഷീരവികസന വകുപ്പിന്റെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും പരിശോധന നടത്തുന്ന രീതി നിലവിലില്ല. ഭക്ഷ്യ സുരക്ഷാനിയമം 2006 പ്രകാരം നിലവിൽ പാൽ, മാംസം ഉൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. ക്ഷീരവികസന വകുപ്പിന് പാലിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനമുണ്ടെങ്കിലും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം നിലവിലില്ല. ക്ഷീരവികസന ഓഫീസർമാരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം പാലും പാലുല്പന്നങ്ങളും

സംബന്ധിച്ച ഭക്ഷ്യസുരക്ഷാ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടില്ല. അപ്രകാരം നോട്ടിഫൈ ചെയ്യണമെന്ന ആവശ്യം പരിഗണനയിലുണ്ട്.

**പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

29(*149) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ.ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിനുശേഷം സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അമിതമായ വർദ്ധനവ് ഗതാഗതക്കുരുക്കും അപകടങ്ങളും വർദ്ധിക്കുന്നതിന് കാരണമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

2018, 2019 കാലയളവിൽ പ്രതിവർഷം സംസ്ഥാനത്ത് 9 മുതൽ 10 ലക്ഷം പുതിയ വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിരുന്നത്. കോവിഡ് ബാധിതമായ 2020-ൽ ഇത് 6.40 ലക്ഷമായി ചുരുങ്ങുകയുണ്ടായി. എന്നാൽ 2021-ലും 2022-ലും ഏഴര ലക്ഷം പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇത് സൂചിപ്പിക്കുന്നത് കോവിഡിനുമുമ്പ് പ്രതിവർഷം രജിസ്റ്റർ ചെയ്തിരുന്ന സ്വകാര്യ വാഹനങ്ങളെക്കാൾ കുറവാണ്, കോവിഡാനന്തര കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതെന്നാണ്.

എന്നിരുന്നാലും സംസ്ഥാനത്തെ റോഡുകളിൽ വാഹന സാന്ദ്രത കൂടുന്നതായും തന്മൂലം അപകടങ്ങൾ വർദ്ധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് കാലത്തിനുമുമ്പ് 2019-ൽ സംസ്ഥാനത്ത് 41111 അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2022-ൽ അത് 43,968 ആയി വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും വിവിധ റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഫലമായി അപകട മരണങ്ങളിൽ ഈ കാലയളവിൽ 5 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തി ഫസ്റ്റ് മൈൽ-ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഫീഡർ സർവീസ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

(ബി&സി) പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകളുപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏരിയ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ്

സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവീസ് 2023 ജനുവരി 16-ന് തുടങ്ങി. റീ-ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ട്രാവൽ കാർഡുകൾ ഉപയോഗിക്കുന്നതിനാൽ ഡ്രൈവർ മാത്രമെ ടി സർവീസിന് ആവശ്യമുള്ളൂ. നിലവിൽ രണ്ട് ബസുകൾ ഉപയോഗിച്ചുള്ള ഈ സർവീസ് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കാൻ സാധിക്കും. ചെറിയ വാഹനങ്ങളെക്കൂടി ഉൾപ്പെടുത്തി സമഗ്രമായ ഒരു ഗതാഗതനയം രൂപീകരിക്കേണ്ടതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഓപ്പറേറ്റ് ചെയ്തുവരുന്ന ഓട്ടോറിക്ഷകൾ, 12 മുതൽ 18 വരെ സീറ്റുകളുള്ള ടെമ്പോ ട്രക്കർ, മിനി ബസുകൾ എന്നിവ ഉപയോഗപ്പെടുത്തി ഏര്യാ നോട്ടിഫിക്കേഷൻ (സമ്പൂർണ്ണ ദേശസാൽകൃത മേഖല) ഉള്ള പ്രദേശങ്ങളിലെയും ഇടുങ്ങിയ റോഡുകളുള്ള പ്രദേശങ്ങളിലേയും യാത്രക്കാരെ കയറ്റി ഏറ്റവും അടുത്തുള്ള പ്രധാനപ്പെട്ട റൂട്ടിൽ എത്തിച്ച് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് ഫീഡറായി പ്രവർത്തിക്കുന്നതിനും ഇത്തരം വാഹനങ്ങളെ കെ.എസ്.ആർ.ടി.സി. വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുത്ത് പെർമിറ്റ് നല്കി ഓപ്പറേറ്റ് ചെയ്യുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

(ഡി) ദൈനംദിന ഓഫീസ്, വാണിജ്യ ആവശ്യങ്ങൾക്കായി പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുന്ന യാത്രക്കാർക്ക് ടിക്കറ്റുകൾക്ക് പകരം ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാരുമായി ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ടിക്കറ്റുകൾക്കുപകരം കെ.എസ്.ആർ.ടി.സി. സ്മാർട്ട് ട്രാവൽ കാർഡുകൾ പുറത്തിറക്കിയിട്ടുണ്ട്.

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക**

30(*150) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ചശേഷം യഥാസമയം വില നൽകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

(ബി) സംസ്ഥാനത്തെ കർഷകരിൽനിന്നും ഹോർട്ടികോർപ്പ് പഴം, പച്ചക്കറി എന്നിവ സംഭരിച്ചയിനത്തിൽ നൽകുവാനുള്ള തുക വളരെക്കാലമായി കുടിശ്ശികയായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഹോർട്ടികോർപ്പ് കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ച ശേഷം യഥാസമയം വില നൽകാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഈ വിഷയം ഗൗരവത്തോടെ കാണുകയും 2022 ഡിസംബർ മാസംവരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ അപ്രകാരം കുടിശ്ശിക ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

സംസ്ഥാനം നേരിട്ട പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കടുത്ത പ്രതിസന്ധി കാലങ്ങളിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേരളത്തിലുടനീളമുള്ള കർഷകരുടെ ഉല്പന്നങ്ങൾ മുഴുവൻ ന്യായമായ വില നൽകി ഹോർട്ടികോർപ്പിന് സംഭരിക്കേണ്ടി വന്നിരുന്നു. എന്നാൽ ടി കാലത്ത് വില്പനയിൽ ഗണ്യമായ കുറവ് വരികയും സംഭരിച്ച പച്ചക്കറികൾ വിറ്റഴിക്കാനാകാതെ കേടായിപോകുകയും ചെയ്ത സാഹചര്യത്തിലും കൂടാതെ വിവിധ കാരണങ്ങളാൽ പച്ചക്കറികളുടെ അധിക സംഭരണം പല കാലയളവുകളിൽ നടത്തുന്നതിന് ഹോർട്ടികോർപ്പ് നിർബന്ധിതമാകുന്നതിനാലും സ്ഥാപനത്തിന് ഭീമമായ നഷ്ടം നേരിടേണ്ടി

വരാറുണ്ട്. ഈ സാഹചര്യങ്ങൾ മൂലമാണ് പച്ചക്കറികളുടെ തുക കർഷകർക്ക് നൽകുന്നതിനുള്ള കാലതാമസമുണ്ടായത്.

(ഡി) കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയായി കർഷകർക്കും കർഷക സംഘങ്ങൾക്കും 3,04,55,315/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ബഡ്ജറ്റിൽ അനുവദിച്ച് നൽകിയ 4,77,50,000/- രൂപ ഉപയോഗിച്ച് 31-12-2022 വരെ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനും അത് 2023 ഫെബ്രുവരി മാസം 10-ന് മുമ്പായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പട്ടിക വിഭാഗക്കാരെ പരമ്പരാഗത കാർഷിക രീതികളും ആധുനിക കൃഷിയും പരിശീലിപ്പിക്കുന്നതിന് പദ്ധതി**

1 (1602) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കാർഷിക രീതികളും ആധുനിക കൃഷിയും പരിശീലിപ്പിച്ച് അവരുടെ ജീവിത പ്രയാസങ്ങൾ

പരിഹരിക്കുന്നതിനായി കൃഷിവകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കൃഷി രീതി പരിശീലിപ്പിക്കുന്നതിനായി നോഡൽ ഓഫീസറുടെ (ആത്മ പ്രോജക്ട് ഡയറക്ടർ) മേൽനോട്ടത്തിൽ ജൈവ കൃഷി രീതികൾ, മാതൃ തോട്ട സന്ദർശനം തുടങ്ങിയവ നൽകി വരുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 'മില്ലെറ്റ് വില്ലേജ് പദ്ധതി' കൃഷിവകുപ്പും പട്ടികവർഗ്ഗവകുപ്പും സംയുക്തമായി നടപ്പിലാക്കിയിരുന്നു. കൂടാതെ 'അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി' കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പഠന യാത്രകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. തത്ഫലമായി ശീതകാല പച്ചക്കറികളായ ഉരുളക്കിഴങ്ങ് ഉൾപ്പെടെയുള്ളവ അട്ടപ്പാടിയിലെ ആദിവാസികളെക്കൊണ്ട് കൃഷി ചെയ്യിക്കാൻ സാധിച്ചു. കൂടാതെ 'കൃത്യത കൃഷി' അവലംബിച്ച് വരുന്നു. ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനും ഉൽപ്പന്നങ്ങൾ കൂടുതൽ വിലക്ക് വിൽക്കുന്നതിനും പ്രത്യേക വിപണനം

തുടങ്ങുന്നതിനും തൃശ്ശൂർ ജില്ലയിൽ ആതിരപ്പള്ളി ട്രൈബൽ വാലി എന്ന ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി എന്നിവ മുഖാന്തരം ആദിവാസി വിഭാഗങ്ങളെ കൃഷിയിലേയ്ക്ക് കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ കൃഷിവകുപ്പിന്റെ PKVY, BPKP പദ്ധതികൾ മുഖാന്തരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ പരമ്പരാഗത കൃഷിരീതികൾ പരിശീലിപ്പിക്കുന്നതിനായി ബ്ലോക്കുതല പരിശീലനം, പഠന യാത്രകൾ നാട്ടറിവുകളുടെ സംരക്ഷണം പരമ്പരാഗത വിത്തുകളുടെ സംരക്ഷണം, മാതൃക കൃഷിത്തോട്ടം എന്നിവയിലും പരിശീലനം നൽകി വരുന്നു.

മലപ്പുറം ജില്ലയിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് 2022--23 വർഷത്തിൽ ജനകീയാസൂത്രണം - തൊഴിലുറപ്പ് പദ്ധതികൾ സമന്വയിപ്പിച്ച് ഔഷധമഞ്ഞൾകൃഷി മേഖലയിൽ പരിശീലനം നടത്തിവരുന്നു. റീബിൽഡ് കേരള ഇനീഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി 7.91 കോടി രൂപ വകയിരുത്തി, പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത വിഭാഗക്കാർ വസിക്കുന്ന മേഖലകളിൽ നദി സംരക്ഷണവും ജലസേചന പദ്ധതികളും നടപ്പാക്കി കൃഷി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

അട്ടപ്പാടി പ്രദേശത്ത് നിലവിൽ പ്രാദേശികമായി യോജിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി സിഞ്ചായി യോജന പദ്ധതിയും ഈ മേഖലയിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**കാർഷിക പ്രവർത്തനങ്ങൾക്ക് മോണിറ്ററിംഗ് സംവിധാനം**

2 (1603) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവലോകനം നടത്തുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മസേനയുടെയും പ്രവർത്തനം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷിക്കുന്നതിനും

അവലോകനം നടത്തുന്നതിനും വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 'കാർഷിക സേവന കേന്ദ്രത്തിന്റെ സംഘാടനം പ്രവർത്തനം', 'കാർഷിക കർമ്മ സേനയുടെ സംഘാടനം പ്രവർത്തനം' എന്നിങ്ങനെ രണ്ടു മാനുവലുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മേഖലയിൽ കൂടുതലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മോണിറ്ററിംഗ് സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

കാർഷിക കർമ്മ സേനയുടെയും കാർഷിക സേവന കേന്ദ്രങ്ങളുടെയും പ്രവർത്തനം ശാക്തീകരിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനും രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ കാർഷിക സേവന കേന്ദ്രത്തിന്റെ സാമ്പത്തിക സ്ഥിതി, മാനവ വിഭവശേഷി, കാർഷിക യന്ത്രങ്ങൾ, മറ്റിതര ആസ്തികൾ എന്നിവയുടെ നിജസ്ഥിതി രേഖപ്പെടുത്തി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നുണ്ട്. കാർഷിക യന്ത്രവത്കരണ മിഷന്റെ നിർദ്ദേശം അനുസരിച്ച് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും പ്രവർത്തനങ്ങൾക്കുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മ സേനയുടെയും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും റിപ്പോർട്ട് യഥാസമയം നൽകുന്നതിനുമായി ഒരു ഓൺലൈൻ/സോഫ്റ്റ് വെയർ സംവിധാനം തയ്യാറാക്കാനും ഉദ്ദേശിക്കുന്നു.

**കർഷക കടാശ്വാസ കമ്മിഷൻ**

3 (1604) ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. ഐ .സി .ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും സർക്കാർ ഭീമമായ കുടിശിക നൽകാനുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്കു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്.

കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനുമുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.

(ബി) സർക്കാരിന്റെ പണം ലഭിക്കാത്തതിനാൽ കർഷകർ അവരുടെ വിഹിതം അടച്ചാലും സംഘങ്ങൾ ആധാരങ്ങൾ അടക്കം വിട്ടുനൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. കടാശ്വാസം അനുവദിച്ചുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ, സർക്കാരിൽനിന്നുള്ള വിഹിതം ലഭിക്കുന്നതിന് കാത്തുനില്ക്കാതെ കർഷകരുടെ ഈട് പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ ഈട് പ്രമാണങ്ങൾ മടക്കിനൽകണമെന്ന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവുപ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ വിവിധ സർക്കുലറുകൾ

പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ മടക്കി നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാണിയ്ക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ പ്രമാണം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും പ്രസ്തുത കുടിശിക നൽകി കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനുമുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്.

**നവീന കൃഷി രീതികൾ വ്യാപിപ്പിക്കാൻ നടപടി**

4 (1605) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോല്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയവും നവീനവുമായ കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ വിശദീകരിക്കുന്നു.

എല്ലാ കാർഷിക വിളകളുടെയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യം നിശ്ചയിക്കുകയും അതനുസരിച്ചുള്ള ശാസ്ത്രീയ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാനായി എടുത്ത സമീപനമാണ് 'കൃഷിയിടധിഷ്ഠിത' ആസൂത്രണം. ഒരു കൃഷിയിടത്തിലെ സാധ്യമായ എല്ലാ ഉല്പാദന-മൂല്യവർധന മേഖലകളെയും വിദഗ്ധരെ ഉൾപ്പെടുത്തി കണ്ടുപിടിക്കുകയും ഓരോ കൃഷിയിടത്തിനും ഒരു ശാസ്ത്രീയമായ ആസൂത്രണ രേഖ തയാറാക്കി നൽകുക എന്നതാണ് ഈ സമീപനത്തിന്റെ കാതലായ ആശയം.

ഈ സമീപനത്തിൽ ഉൾപ്പെടുത്തി 2022-2023 വർഷത്തിൽ 10760 മാതൃക കൃഷിയിടങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ് ഇതിനോടകം 10013 (06-02-2023 വരെ) ആസൂത്രണരേഖകൾ തയ്യാറാക്കിക്കഴിഞ്ഞു.

പരമ്പരാഗത ആസൂത്രണ സമീപനമായിരുന്ന വിള അധിഷ്ഠിത സമീപനത്തിൽനിന്നും തികച്ചും വിഭിന്നമായി കൃഷിയിടത്തിന്റെ സാധ്യതകൾ കണക്കിലെടുത്ത് ആഭ്യന്തര ഉല്പാദനവും ഉല്പന്നമൂല്യവും വർദ്ധിപ്പിക്കുകയും വിപണന സാധ്യത ഉറപ്പാക്കുകയും ചെയ്യുന്ന കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതികൾക്കായി 2022-2023 കാലയളവിൽ 33.50 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതികൾ ഫീൽഡ് തലത്തിൽ പുരോഗമിച്ചുവരുന്നു.

ശാസ്ത്രീയവും നവീനവുമായ കൃഷിരീതികൾ സമഗ്രമായി വ്യാപിപ്പിക്കുന്നതിനും എല്ലാ ജനവിഭാഗങ്ങളെയും സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25887

കൃഷിക്കൂട്ടങ്ങൾ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. അവയുടെ കൃഷിഭവൻതല രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ഉല്പാദനം, സേവനം, സംസ്കരണം, വിപണനം എന്നിങ്ങനെ പ്രത്യേക മേഖലകളിൽ പ്രവർത്തനം കേന്ദ്രീകരിക്കുന്ന സംഘങ്ങളാണ് കൃഷി കൂട്ടങ്ങൾ.

ഇവ കൂടാതെ നെല്ല്, തെങ്ങ്, പച്ചക്കറികൾ, ഫലങ്ങൾ, ഔഷധ സസ്യങ്ങൾ മുതലായ പദ്ധതികളിൽ നവീന ശാസ്ത്രീയ മാർഗ്ഗങ്ങൾ, പ്രത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ ഉപയോഗം, മികച്ച പരിപാലന മാർഗ്ഗങ്ങൾ മുതലായവയിൽ പ്രത്യേക പദ്ധതികളും കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഉല്പാദന പ്രവർത്തനങ്ങളിലും സംസ്കരണ പ്രക്രിയയിലും സാങ്കേതിക വിദ്യയുടെ പ്രയോഗം വിപുലമാക്കിക്കൊണ്ട് യുവസംരംഭകരെ അധികമായി ആകർഷിക്കാൻ ഉദ്ദേശ്യമുണ്ടോ?

സാങ്കേതിക വിദ്യാധിഷ്ഠിതമായ ഉല്പാദനത്തിനും സംസ്കരണത്തിനും ഈ സർക്കാർ വളരെയേറെ പ്രാമുഖ്യം നൽകുന്നു. ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും യുവസംരംഭകരെ ആകർഷിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. യുവസംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി എഫ്.പി.ഒ. പദ്ധതിയും എം.എസ്.എം.ഇ.

പദ്ധതിയും സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള എസ്.എഫ്.എ.സി വഴി നടപ്പിലാക്കി വരുന്നു.

(സി) കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരിശീലനം സിദ്ധിച്ച തൊഴിൽ സേന രൂപീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

കാർഷിക യന്ത്രങ്ങൾ പ്രചാരത്തിലാക്കുന്നതിനും അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കാർഷിക യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (Sub Mission on Agricultural Mechanization -SMAM). ഈ പദ്ധതിയിൽ പ്രധാനമായും മൂന്നു തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത്.

(i) വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ച് ചെറുകിട നാമമാത്ര കർഷകർക്കും, പട്ടികജാതി പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം

വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും പട്ടികജാതി, പട്ടികവർഗ്ഗ കർഷകർക്കും വനിതകൾക്കും 50 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാക്കുന്നു.

(ii) ഗ്രാമീണ സംരംഭകർ, കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു. കസ്റ്റം ഹയറിങ് സെന്ററുകൾ (കാർഷിക യന്ത്രോപകരണങ്ങളുടെ വാടക കേന്ദ്രങ്ങൾ) വഴി കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് വിവിധ കാർഷിക പ്രവൃത്തികൾ നടത്തി വരുന്നുണ്ട്.

(iii) തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷകരുടെ സഹകരണ സംഘങ്ങൾ, രജിസ്റ്റേർഡ് ഫാർമേഴ്സ് സൊസൈറ്റീസ്,

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, പഞ്ചായത്തുകൾ എന്നിവർക്ക് 10 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട യന്ത്രവത്കരണം വില്ലേജ് അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കുവാനും അതുവഴി തൊഴിലാളി ക്ഷാമം ഒരു പരിധിവരെ കുറയ്ക്കുവാനും ഇത് സഹായിക്കുന്നുണ്ട്. കൂടാതെ കാർഷിക യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ കാർഷിക യന്ത്രോപകരണങ്ങളുടെ കസ്റ്റം ഹയറിങ് സെന്ററുകളും കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(iv) പരിശീലനം സിദ്ധിച്ച തൊഴിലാളികളെയും യന്ത്രങ്ങളെയും യഥാസമയവും ന്യായമായ വേതനത്തിലും ആവശ്യാനുസരണം ലഭിക്കുന്നതിനായി നിലവിൽ 368 കാർഷിക കർമ്മസേനകൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയും ഇവയിലെ അംഗങ്ങൾക്ക് പരിശീലനം, യന്ത്രസാമഗ്രികൾ മുതലായവ നല്കിയിട്ടുള്ളതുമാണ്. കർമ്മസേനകൾ രൂപീകരിക്കുന്നതിന് ഒരു ലക്ഷം രൂപയും തുടർന്ന് യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 9 ലക്ഷം രൂപയും കൃഷിവകുപ്പ് നൽകിവരുന്നു.

ഇതുകൂടാതെ ബ്ലോക്കടിസ്ഥാനത്തിൽ കാർഷിക സേവനകേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതുവരെ 127 കാർഷികസേവന കേന്ദ്രങ്ങൾ/കൃഷിശ്രീ സെന്ററുകളാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ശരാശരി 32 ലക്ഷം രൂപ പരിശീലനത്തിനും യന്ത്ര സാമഗ്രികൾക്കുമായി കൃഷിവകുപ്പ് അനുവദിച്ച് നൽകുന്നുമുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

5 (1606) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

1995 മുതൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. 22-03-2017-ലെ സ.ഉ.(എം.എസ്)നം.37/2017/കൃഷി ഉത്തരവുപ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി,

തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കൂവരക്) എന്നിവയ്ക്ക് പദ്ധതി മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗ ബാധമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷികൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ്

അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. പദ്ധതി പൂർണമായും ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്.

നടപ്പു സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകുന്നതിനായി 40 കോടി രൂപ അനുവദിക്കുകയും അതിൽ 39.99 കോടി രൂപ 25563 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽനിന്നും 4.03 ലക്ഷം രൂപ ഈ ഇനത്തിൽ 46 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ഭാഗമായി 25609 കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

**കാർഷിക കമോഡിറ്റി ബോർഡുകൾ പിൻവലിക്കുന്നതിനെതിരെ നടപടി**

6 (1607) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:

ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കമോഡിറ്റി ബോർഡുകൾ കാര്യക്ഷമമല്ലെന്നും അവ പിൻവലിക്കണമെന്നും നിതി ആയോഗ് ശിപാർശ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയവയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിലേയ്ക്ക് നയിക്കുന്ന ഈ തീരുമാനം നടപ്പാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) ഉണ്ട്. കാർഷിക കമോഡിറ്റി ബോർഡായ റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും അവ പിൻവലിക്കണമെന്നും നീതി ആയോഗ് ശിപാർശ ചെയ്തത് പത്രമാധ്യമങ്ങളിലൂടെയും ചർച്ചകളിലൂടെയും അറിയുവാൻ ഇടയായതിനെത്തുടർന്ന് സംസ്ഥാന കൃഷി വകുപ്പിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ 23-12-2022-ലെ D.O. No. Agri-890/Min/2022-

Agri കത്ത് മുഖേന അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ കേന്ദ്രസർക്കാരിൽനിന്നും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാന കമോഡിറ്റി ബോർഡുകൾ ഏതൊക്കെയാണെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

1. റബർ ബോർഡ് പ്രവർത്തനങ്ങൾ

(1) ശാസ്ത്ര, സാങ്കേതിക, സാമ്പത്തിക ഗവേഷണം ഏറ്റെടുക്കുക, സഹായിക്കുക അല്ലെങ്കിൽ പ്രോത്സാഹിപ്പിക്കുക.

(2) നടീൽ, കൃഷി, വളപ്രയോഗം, തളിക്കൽ എന്നിവയുടെ മെച്ചപ്പെട്ട രീതികളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക.

(3) റബ്ബർ കർഷകർക്ക് സാങ്കേതിക ഉപദേശങ്ങളുടെ വിതരണം.

(4) റബ്ബറിന്റെ വിപണനം മെച്ചപ്പെടുത്തുക.

(5) എസ്റ്റേറ്റുകളുടെ ഉടമകൾ, ഡീലർമാർ, നിർമ്മാതാക്കൾ എന്നിവരിൽ നിന്നുള്ള സ്ഥിതിവിവര കണക്കുകളുടെ ശേഖരണം.

(6) മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഉറപ്പാക്കുകയും തൊഴിലാളികൾക്ക് സൗകര്യങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

(7) ഈ നിയമത്തിനുകീഴിലുള്ള ചട്ടങ്ങളനുസരിച്ച് ബോർഡിൽ നിക്ഷിപ്തമായേക്കാവുന്ന മറ്റേതെങ്കിലും ചുമതലകൾ നിർവഹിക്കുക.

(8) റബ്ബറിന്റെ ഇറക്കുമതിയും കയറ്റുമതിയുമുൾപ്പെടെ റബ്ബർ വ്യവസായത്തിന്റെ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കേന്ദ്ര സർക്കാരിനെ ഉപദേശിക്കൽ.

(9) റബ്ബറുമായി ബന്ധപ്പെട്ട ഏതെങ്കിലും അന്താരാഷ്ട്ര സമ്മേളനത്തിലോ പദ്ധതിയിലോ പങ്കെടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ ഉപദേശിക്കൽ.

(10) ഈ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള അർദ്ധവാർഷിക റിപ്പോർട്ടുകൾ കേന്ദ്ര ഗവൺമെന്റിനും അനുശാസിക്കുന്ന മറ്റ് അധികാരികൾക്കും സമർപ്പിക്കുക.

(11) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുക.

2) <u>സ്പൈസസ് ബോർഡ് പ്രവർത്തനങ്ങൾ</u>

(1) സുഗന്ധവ്യഞ്ജനങ്ങളുടെയും സുഗന്ധവ്യഞ്ജന ഉല്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക.

(2) കയറ്റുമതിയുടെ ഗുണനിലവാര പരിപാലനവും നിരീക്ഷണവും ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവുമായ ഗവേഷണങ്ങളിലൂടെ മെച്ചപ്പെട്ട ഉല്പാദന രീതികളുടെ വികസനവും നടപ്പാക്കലും.

(3) ശാസ്ത്രീയമായ കാർഷിക രീതികളിലൂടെ ഉയർന്നതും മികച്ചതുമായ വിളവ് ലഭിക്കുന്നതിന് കർഷകർക്ക് മാർഗ്ഗനിർദ്ദേശം. കർഷകർക്ക് സാമ്പത്തികവും ഭൗതികവുമായ പിന്തുണ നൽകൽ. സുഗന്ധവ്യഞ്ജനങ്ങളുടെ ജൈവ ഉല്പാദനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുക.

(4) സംസ്കരണത്തിനും മൂല്യവർദ്ധനയ്ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ സുഗമമാക്കുക.

(5) എല്ലാ സുഗന്ധവ്യഞ്ജന കയറ്റുമതിക്കാരുടെയും രജിസ്ട്രേഷനും ലൈസൻസിംഗും.

(6) മികച്ച പ്രോസസ്സിംഗ് രീതികൾ, ഫൂൾ പ്രൂഫ് ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റങ്ങൾ, മെച്ചപ്പെട്ട ഗ്രേഡിംഗ് രീതികൾ, ഫലപ്രദമായ പാക്കേജിംഗ്

ടെക്നിക്കുകൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾക്കും ഗവേഷണത്തിനുമുള്ള സഹായം.

(7)കയറ്റുമതിക്കാരുടെയും ഇറക്കുമതിക്കാരുടെയും പ്രയോജനത്തിനായി വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം.

(8) പരസ്പര സമ്പർക്കം സ്ഥാപിക്കുന്നതിന് ഇറക്കുമതിക്കാരെയും കയറ്റുമതിക്കാരെയും സഹായിക്കുക.

(9) ഇറക്കുമതിക്കാരുടെ പ്രത്യേക ആവശ്യങ്ങൾക്കായി യോഗ്യതയുള്ള വിതരണ സ്രോതസ്സുകൾ തിരിച്ചറിയുക.

(10) വിശ്വസനീയമായ കയറ്റുമതിക്കാർക്ക് വിദേശ വ്യാപാര അന്വേഷണങ്ങൾ പ്രോസസ്സ് ചെയ്യുകയും കൈമാറുകയും ചെയ്യുക.

(11) വേൾഡ് സ്പൈസ് കോൺഗ്രസിലൂടെ ഇന്ത്യൻ കയറ്റുമതിക്കാരും അന്തർദേശീയ വാങ്ങലുകാരും തമ്മിലുള്ള ആശയവിനിമയത്തിനായി ഒരു പൊതു പ്ലാറ്റ്ഫോം സംഘടിപ്പിക്കുക.

(12) തിരുത്തൽ, പ്രതിരോധ നടപടികൾക്കായി ഇറക്കുമതിക്കാരിൽ നിന്നുള്ള ഓരോ പരാതിയും പരിശോധിക്കുക.

(13) ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് നേതൃത്വം നൽകുക.

(14) കയറ്റുമതിക്കാർക്കും ഇറക്കുമതിക്കാർക്കുമായി സമഗ്രവും കാലികവുമായ ഒരു ഡാറ്റാ ബാങ്ക് കൈകാര്യം ചെയ്യുക.

(15) കോൺടാക്റ്റ് ഗ്രൂപ്പ് പ്രോഗ്രാമുകളിലൂടെ അന്താരാഷ്ട്ര സ്ഥാപനങ്ങളെയും കയറ്റുമതിക്കാരെയും നയരൂപീകരണക്കാരെയും ഒരുമിച്ച് കൊണ്ടുവരുക.

(16) പ്രധാന അന്താരാഷ്ട്ര ഭക്ഷ്യമേളകളിൽ ഇന്ത്യയുടെ സാന്നിധ്യം അറിയിക്കുക.

(17) ഭക്ഷ്യമേളകളും പാചക പ്രദർശനങ്ങളും നടത്തുക.

3. കോഫി ബോർഡ് പ്രവർത്തനങ്ങൾ

(1) 1996-ൽ പൂളിംഗ് നിർത്തലാക്കിയതിനുശേഷം കാപ്പി മേഖലയുടെ മുഴുവൻ മൂല്യ ശൃംഖലയ്ക്കും ഉപദേശം നൽകലും വഴികാട്ടിയായി പ്രവർത്തിക്കലും.

(2) ഗവേഷണവും വികസനവും, സാങ്കേതിക വിദ്യയുടെ കൈമാറ്റം, ഗുണമേന്മ മെച്ചപ്പെടുത്തൽ, വളരുന്ന മേഖലയ്ക്ക് വികസന പിന്തുണ വ്യാപിപ്പിക്കൽ, കയറ്റുമതിയിലും ആഭ്യന്തര വിപണിയിലും കാപ്പിയുടെ പ്രോത്സാഹനം.

(3) ഉല്പാദനം, ഉല്പാദനക്ഷമത, ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുക.

(4) ഇന്ത്യൻ കോഫിക്ക് ഉയർന്ന മൂല്യമുള്ള വരുമാനം നേടുന്നതിനുള്ള കയറ്റുമതി പ്രോത്സാഹനം.

(5) ആഭ്യന്തര വിപണിയുടെ വികസനത്തെ പിന്തുണയ്ക്കുക.

(6) പ്രധാന കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരായി പ്രതിരോധ ശേഷിയുള്ള മെച്ചപ്പെട്ട ഇനങ്ങൾ വികസിപ്പിക്കുന്നതും ഉല്പാദനം, ഉല്പാദനക്ഷമത, ഗുണമേന്മ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സാങ്കേതികവിദ്യയുടെ വികസനവും.

(7) കർഷകരിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും കപ്പാസിറ്റി വർദ്ധന പരിപാടികൾ സംഘടിപ്പിക്കുക, വിവിധ വികസന പിന്തുണകൾ നടപ്പിലാക്കുക, ബോർഡിന്റെ റിസ്ക് ഇൻഷ്വറൻസ്, തൊഴിൽ ക്ഷേമ പദ്ധതികൾ, വിളകളുടെ കണക്കെടുപ്പ്, വിളനഷ്ടം കണക്കാക്കൽ മുതലായ പ്രവർത്തികൾ ചെയ്യുക.

(8) മാർക്കറ്റ് വിവരങ്ങളുടെ ഇന്റലിജൻസ്, മാർക്കറ്റ് ഗവേഷണ പഠനങ്ങൾ, വില പ്രവചനം, കാപ്പി സാമ്പത്തിക വശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ നടത്തുക.

(9) WTO പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാപ്പി വ്യാപാരവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെക്കുറിച്ചുള്ള പഠനങ്ങളും യൂണിറ്റ് ഏറ്റെടുക്കുന്നു.

(10) പ്രതിദിന മാർക്കറ്റ് ഇന്റലിജൻസ് റിപ്പോർട്ടും കോഫിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റാബേസും (ത്രൈമാസിക) സജ്ജീകരിക്കുക.

(11) കാപ്പി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ (ഇന്ത്യ, വിയറ്റ്നാം, ബ്രസീൽ) ലോജിസ്റ്റിക്സ്, മത്സരക്ഷമത എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുക.

(12) റഷ്യയിലേയ്ക്കും സി.ഐ.എസ്. രാജ്യങ്ങളിലേയ്ക്കും ഇന്ത്യൻ കാപ്പി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള MAI സ്കീം നടപ്പിലാക്കുക.

(13) ഇന്ത്യൻ കോഫി കയറ്റുമതിയുടെ ഇടപാട് ചെലവുകൾ വഹിക്കുകയും കോഫി റീട്ടെയിലിംഗിനെക്കുറിച്ചുള്ള ഒരു മാന്വൽ തയ്യാറാക്കലും.

(14) സർക്കാരിന്റെ വിലസ്ഥിരതാ ഫണ്ട് പദ്ധതിയുടെ നടത്തിപ്പ്.

(15) കാപ്പി കർഷകർക്കുള്ള മഴക്കാല ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പ്.

(16) ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് യൂണിറ്റ് പരിപാലിക്കുക.

(17) കയറ്റുമതി വിപണിയിൽ ഇന്ത്യൻ കാപ്പിയുടെ പ്രോത്സാഹനവും ആഭ്യന്തര വിപണിയിൽ കാപ്പി ഉപഭോഗം പ്രോത്സാഹിപ്പിക്കുക.

(18) ഇന്ത്യൻ കോഫി കയറ്റുമതിയുടെ സഹായകന്റെയും പ്രൊമോട്ടറുടെയും പങ്ക് വഹിക്കുക.

(19) കയറ്റുമതിക്കാരുടെ രജിസ്ട്രേഷൻ നൽകുക.

20) 1942-ലെ കോഫി ആക്റ്റിന്റെ സെക്ഷൻ 20 പ്രകാരം ഇന്ത്യൻ കാപ്പി കയറ്റുമതി ചെയ്യുന്നതിനുള്ള അനുമതികൾ നൽകുക.

(21) അന്താരാഷ്ട്ര കാപ്പി ഉടമ്പടിയുടെ വ്യവസ്ഥകൾക്കനുസൃതമായി ഉത്ഭവ സർട്ടിഫിക്കറ്റുകളും നൽകുക.

(22) രാജ്യത്തെ പ്രധാന നഗരങ്ങളിൽ സ്ഥിതി ചെയ്യുന്ന 12 ഇന്ത്യൻ കോഫീ ഹൗസുകളിലൂടെ ഡിപ്പാർട്ട്മെന്റ് രാജ്യത്ത് കാപ്പി ഉപഭോഗം പ്രോത്സാഹിപ്പിക്കുക.

(23) ഉപഭോക്താക്കൾക്കിടയിൽ ഇന്ത്യൻ കോഫിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും മനുഷ്യന്റെ ആരോഗ്യത്തിൽ കാപ്പി ഉപഭോഗത്തിന്റെ ഗുണപരമായ ഫലങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതിനുമായി ദേശീയ തലത്തിലുള്ള എക്സിബിഷനുകളിലും വ്യാപാരമേളകളിലും പങ്കെടുക്കുക.

4. ടീ ബോർഡ് പ്രവർത്തനങ്ങൾ

(1) തേയിലയുടെ കൃഷി, നിർമ്മാണം, വിപണനം എന്നിവയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുക.

(2) കയറ്റുമതി പ്രൊമോഷൻ

(3) തേയില ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തേയിലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് സഹായം നൽകുക.

(4) തൊഴിലാളിക്ഷേമ പദ്ധതികളിലൂടെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങളിലേയ്ക്കും പരിമിതമായ രീതിയിൽ ധനസഹായം വ്യാപിപ്പിക്കുക.

(5) അസംഘടിത ചെറുകിട കർഷക മേഖലയെ സാമ്പത്തികമായും സാങ്കേതികമായും പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക. സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റയുടെയും പ്രസിദ്ധീകരണത്തിന്റെയും ശേഖരണവും പരിപാലനവും ചെയ്യുക.

5. നാളികേര വികസന ബോർഡ് പ്രവർത്തനങ്ങൾ

(1) നാളികേര വ്യവസായത്തിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(2) തെങ്ങ് കൃഷിയിലും വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്നവർക്ക് സാങ്കേതിക ഉപദേശം നൽകുന്നു.

(3) തെങ്ങിന്റെ വിസ്തൃതി വിപുലപ്പെടുത്തുന്നതിന് സാമ്പത്തികവും മറ്റ് സഹായങ്ങളും നൽകുന്നു.

(4) നാളികേരത്തിന്റെയും ഉൽപന്നങ്ങളുടെയും സംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

(5) നാളികേരത്തിനും ഉല്പന്നങ്ങൾക്കും പ്രോത്സാഹന വില ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(6) നാളികേരത്തിന്റെയും ഉല്പന്നങ്ങളുടെയും വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യുന്നു.

(7) നാളികേരത്തിന്റെയും അതിന്റെ ഉല്പന്നങ്ങളുടെയും ഇറക്കുമതിയും കയറ്റുമതിയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യുന്നു.

(8) നാളികേരത്തിനും അതിന്റെ ഉൽപന്നങ്ങൾക്കും ഗ്രേഡുകളും സവിശേഷതകളും മാനദണ്ഡങ്ങളും നിശ്ചയിക്കുന്നു.

(9) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ ഗുണനിലവാരവും വിളവും മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പദ്ധതികൾക്ക് ധനസഹായം നൽകുക.

(10) നാളികേരത്തെയും അതിന്റെ ഉല്പന്നങ്ങളെയും കുറിച്ചുള്ള കാർഷിക, സാങ്കേതിക, വ്യാവസായിക അല്ലെങ്കിൽ സാമ്പത്തിക ഗവേഷണങ്ങളെ സഹായിക്കുക, പ്രോത്സാഹിപ്പിക്കുക, ധനസഹായം നൽകുക.

(11) നാളികേരത്തിന്റെയും ഉല്പന്നങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക.

(12) പബ്ലിസിറ്റി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും നാളികേരത്തെയും അതിന്റെ ഉല്പന്നങ്ങളെയും കുറിച്ചുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുകയും ചെയ്യുക.

**പഴവർഗ്ഗങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് നടപടി**

7 (1608) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴവർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

(എ & ബി) ഇല്ല.

(സി) നിലവിൽ ദൈനംദിനം സംസ്ഥാനത്തിനാവശ്യമായ പഴവർഗ്ഗങ്ങളുടെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ?

ICMR കണക്കുകൾ പ്രകാരം ഒരു വ്യക്തിക്ക് 100 ഗ്രാം പഴവർഗ്ഗങ്ങളാണ് ഒരു ദിവസം ആവശ്യമായി വരുന്നതെന്നാണ്

കണക്കാക്കപ്പെട്ടിരിക്കുന്നത്. ജനസംഖ്യാനുപാതികമായി ദൈനംദിനം സംസ്ഥാനത്തിന് 3500 ടൺ പഴവർഗ്ഗങ്ങളാണ് ആവശ്യമായി വരുന്നത്. ഇപ്രകാരം സംസ്ഥാനത്തൊട്ടാകെ പ്രതിവർഷം 12775 ലക്ഷം മെട്രിക് ടൺ പഴവർഗ്ഗങ്ങൾ ആവശ്യമായി വരും. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2020-21 കാർഷിക വർഷത്തിലെ കണക്ക് പ്രകാരം 4.75 ലക്ഷം ടൺ മാങ്ങയും 0.8 ലക്ഷം ടൺ പപ്പായയും, 5.44 ലക്ഷം ടൺ ഏത്തയ്ക്കയും 4.12 ലക്ഷം ടൺ മറ്റ് വാഴ ഇനങ്ങളും, 1.12 ലക്ഷം ടൺ കൈതച്ചക്കയും, 12150 ലക്ഷം ടൺ ചക്കയും സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആകെ 12166.23 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിവർഷ ആവശ്യകതയായ 12775 ലക്ഷം ടൺ പഴവർഗ്ഗത്തിൽ 12166.23 ലക്ഷം കഴിച്ച് ബാക്കിയുള്ള 608.77 ലക്ഷം ടൺ പഴവർഗ്ഗങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നു.

(ഡി) പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

പഴവർഗ്ഗങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേഴ്സ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ് 2022-23 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം. ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങൾ വീട്ടുവളപ്പിലും, പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് വിഷരഹിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങൾ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മസേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിക്കുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ തൈകൾ 75% സബ്സിഡിയോടുകൂടിയും ഫലവൃക്ഷ തൈകളും വാഴക്കന്നും

പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ “ ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം” പദ്ധതിയിലൂടെ നാളിതുവരെ ആകെ 57,39,327 എണ്ണം ഫലവൃക്ഷതൈകൾ വിതരണം ചെയ്യുകയുണ്ടായി. ഇതിൽ 6,80,706 ഗ്രാഫ്റ്റ്കൾ, 4,11,948 ലെയർകൾ, 10,34,390 ടിഷ്യൂകൾച്ചർ വാഴ, 14,69,448 വാഴക്കന്ന്, 21,42,835 ഫലവൃക്ഷ തൈകൾ എന്നിവ വിതരണം ചെയ്തു. 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂകൾച്ചർ വാഴ ഇനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നുണ്ട്. ആയതിനാൽ സാധാരണയിലും വേഗതയിൽതന്നെ ഫലവർഗ്ഗ ഇനങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വാഴ, കൈതച്ചക്ക, സ്ട്രോബറി, ഡ്രാഗൺ ഫ്രൂട്ട്, പപ്പായ, മാവ്, പ്ലാവ്, അവോക്കാഡോ, റംബൂട്ടാൻ, മാഗോസ്റ്റീൻ മുതലായ പഴവർഗ്ഗവിളകളുടെ വിളവിസ്തൃതി വ്യാപനത്തിനായി ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 531 ഹെക്ടറിൽ വാഴ, 279 ഹെക്ടറിൽ കൈതച്ചക്ക, 15 ഹെക്ടറിൽ സ്ട്രോബറി, 131 ഹെക്ടറിൽ ഡ്രാഗൺ ഫ്രൂട്ട്, 68 ഹെക്ടറിൽ പപ്പായ, 65 ഹെക്ടറിൽ മാവ്, 429 ഹെക്ടറിൽ പ്ലാവ്,

26 ഹെക്ടറിൽ അവോക്കാഡോ, 192 ഹെക്ടറിൽ റംബൂട്ടാൻ, 50 ഹെക്ടറിൽ മാഗോസ്റ്റീൻ, 214 ഹെക്ടറിൽ പാഷൻഫ്രൂട്ട് എന്നിങ്ങനെ വിളവിസ്തൃതി വ്യാപനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, 2022-23 സാമ്പത്തിക വർഷം 591 ഹെക്ടറിൽ വാഴ, 360 ഹെക്ടറിൽ കൈതച്ചക്ക, 75 ഹെക്ടറിൽ സ്ട്രോബറി, 118 ഹെക്ടറിൽ ഡ്രാഗൺ ഫ്രൂട്ട്, 65 ഹെക്ടറിൽ പപ്പായ, 65 ഹെക്ടറിൽ മാവ്, 114 ഹെക്ടറിൽ പ്ലാവ്, 40 ഹെക്ടറിൽ അവോക്കാഡോ, 180 ഹെക്ടറിൽ റംബൂട്ടാൻ, 37 ഹെക്ടറിൽ മാഗോസ്റ്റീൻ, 54 ഹെക്ടറിൽ പാഷൻഫ്രൂട്ട് എന്നിങ്ങനെ വിളവിസ്തൃതി വ്യാപനം പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഹോർട്ടിക്കൾച്ചർ വിളകളുടെ വിളവെടുപ്പാനന്തര പരിപാലനത്തിനായി പായ്ക്ക്ഹൗസ്, ഇന്റഗ്രേറ്റഡ് പായ്ക്ക്ഹൗസ്, റീഫർവാൻ, പ്രീകൂളിംഗ്, കോൾഡ് റൂം എന്നീ സംവിധാനങ്ങൾക്കായും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിവഴി ധനസഹായം നൽകിവരുന്നു.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത

8 (1609) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില ക്രമാതീതമായി കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

(എ & ബി) ഇല്ല.

(സി) നിലവിൽ ദൈനംദിനം സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള മറ്റ് കാർഷികോല്പന്നങ്ങളുടെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്രയെന്നും വ്യക്തമാക്കുമോ?

നിലവിൽ ദൈനംദിനം സംസ്ഥാനത്തിന് 9652.5 ടൺ പച്ചക്കറി ആവശ്യമാണ്. എന്നാൽ സംസ്ഥാനത്ത് 4301.4 ടൺ പച്ചക്കറിയാണ് ദൈനംദിനം ഉല്പാദിപ്പിക്കുന്നത്. ദിവസേന 5351.1 ടൺ പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ആയത് ആവശ്യമായതിന്റെ 55 ശതമാനമാണ്.

(ഡി) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം

ചെയ്തിട്ടുള്ളതെന്നും ആയത് എപ്പോൾ മുതൽ നടപ്പിൽ വരുമെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് " ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവത്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി

വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധ സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു.

ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽനിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് " ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കിവരുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്കായി ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നു.

<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി</u>

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

<u>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി</u>

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1- 1.25 ലക്ഷം രൂപവരെ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റ് ഒന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു.

<u>പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം</u>

വേനൽകാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ

സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000/- രൂപ വരെ ധനസഹായം നൽകുന്നു. പന്തൽ ഇനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് 2 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾക്കുപുറമേ ഹൈബ്രിഡ് വിത്തുകളും അത്യുല്പാദനശേഷിയുള്ള തൈകളും വിതരണം ചെയ്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കൽ, തുറന്ന സ്ഥലത്തെ കൃത്യത കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്) പ്രോത്സാഹനം എന്നീ പദ്ധതി ഘടകങ്ങൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ പ്രസ്തുത പദ്ധതി ഘടകങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിലൂടെ 2026-27 സാമ്പത്തിക വർഷത്തോടുകൂടി ക്രമാനുഗതമായി പച്ചക്കറി

ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കൃഷി പഠനത്തിനായി വിദേശ പര്യടനം

9 (1610) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരെ ആധുനിക കൃഷി രീതികൾ പഠിപ്പിക്കുന്നതിനായി വകുപ്പുമന്ത്രി ഉൾപ്പെടുന്ന സംഘം വിദേശ പര്യടനം നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആദായകരമായി കൃഷി ചെയ്യുന്ന വിദേശരാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെയും കൃഷിയിടങ്ങൾ സന്ദർശിച്ച് 'ബെസ്റ്റ് പ്രാക്ടീസസ് ഇൻ അഗ്രിക്കൾച്ചർ' മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്ന പദ്ധതിക്കായി 2 കോടി രൂപ 2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളതും അതിൻപ്രകാരം കർഷകരുടെ പഠന സന്ദർശന യാത്രകൾക്ക് അനുമതി നൽകിക്കൊണ്ട് സ.ഉ(സാധാ)നം.124/2023/കൃഷി തീയതി 06-02-2023 ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(ബി) എവിടെല്ലാം സന്ദർശിക്കുന്നതിനാണ് നിലവിൽ പദ്ധതി ഇട്ടിട്ടുള്ളതെന്നും പര്യടനത്തിൽ ആരൊക്കെയാണ് മന്ത്രിയെ അനുഗമിക്കുന്നതെന്നും ഉദ്യോഗസ്ഥർ അടക്കം ആകെ എത്ര പേർ അടങ്ങുന്ന സംഘമാണ് വിദേശ പര്യടനം നടത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ പടിയായി കേരളത്തിൽനിന്നും പരമാവധി 29 കർഷകരെ ഉൾപ്പെടുത്തി ഇസ്രായേലിലേയ്ക്ക് ഒരു പഠന സന്ദർശനം നടത്താൻ സ.ഉ(സാധാ)നം.124/2023/കൃഷി തീയതി 06-02-2023 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഇസ്രായേൽ സന്ദർശനത്തിന് തെരഞ്ഞെടുത്തിട്ടുള്ള കർഷകരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+ പഠനയാത്രയിൽ കാർഷികോല്പാദന കമ്മീഷണർ സംഘത്തെ നയിക്കും. ഇതിൽ മന്ത്രി പങ്കെടുക്കുന്നില്ല.

(സി) എന്തൊക്കെ കൃഷി രീതികൾ പഠിക്കുന്നതിനാണ് സംഘം ആലോചിക്കുന്നതെന്ന് അറിയിക്കുമോ; സംസ്ഥാനത്തെ കാലാവസ്ഥക്ക് സമാനമായ കാലാവസ്ഥയുള്ള സ്ഥലങ്ങളാണോ സംഘം സന്ദർശിക്കുന്നതെന്നും വ്യത്യസ്തമായ കാലാവസ്ഥയിലെ കൃഷി രീതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇവിടെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോയെന്നും വിശദമാക്കാമോ?

ആധുനിക കാർഷിക സാങ്കേതിക വിദ്യകളായ ഹൈടെക് പ്രിസിഷൻ ഫാമിംഗ്, ഹൈഡ്രോപോണിക്സ്, പോളിഹൗസ് ഫാമിംഗ്, വെർട്ടിക്കൽ ഫാമിംഗ് മൈക്രോ/പ്രിസിഷൻ ഇറിഗേഷൻ, മൈക്രോ ഫെർട്ടിഗേഷൻ, പോളി ഹൗസ് ബേസ്ഡ് ഫാമിംഗ്, ടിഷ്യൂ കൾച്ചർ ടെക്നോളജി, ബയോടെക്നോളജി, വിപണന സാങ്കേതികവിദ്യ, ബയോ ഫ്യൂവൽ റവല്യൂഷൻ, ഹോർട്ടികൾച്ചർ, ബയോ കൺട്രോൾ ടെക്നോളജി തുടങ്ങിയവ ഉൾപ്പെടെയുള്ള സങ്കേതങ്ങളും രീതികളും പരിചയപ്പെടുന്നതിനും പഠിക്കുന്നതിനും ഈ സന്ദർശനത്തിലൂടെ കർഷകർക്ക് അവസരം ലഭ്യമാകുന്നു. പരമാവധി ഉല്പാദനക്ഷമത കൈവരിക്കുന്നതിനായി ലോകമെമ്പാടും പരീക്ഷിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള വിജയകരമായ സാങ്കേതിക വിദ്യകളാണ് ഇസ്രായേലിന്റെ പക്കലുള്ളത്. ഇസ്രായേൽ കാർഷിക സാങ്കേതികവിദ്യകൾ അടുത്തറിയുന്നതിനും സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുസൃതമായി പ്രസ്തുത കാർഷിക രീതികൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് ഇസ്രായേൽ സന്ദർശനം കൊണ്ടുദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത സന്ദർശനത്തിനായി സർക്കാർ ഖജനാവിൽനിന്നും ആകെ എത്ര രൂപ ചെലവുവരും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിദേശരാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെയും കൃഷി രീതികൾ കർഷകർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനുമായി ദേശീയ അന്തർദേശീയതലങ്ങളിൽ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് 200 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന നിർദ്ദിഷ്ട ഇസ്രായേൽ സന്ദർശന സംഘത്തിന് 99 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. വിമാനയാത്രച്ചെലവ് സ്വന്തമായി വഹിക്കാൻ തയ്യാറായ കർഷകരേയും സംഘത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത വിദേശ പര്യടനം സർക്കാരിനെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

ഇല്ല. ദേശീയ അന്തർദേശീയതലങ്ങളിൽ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന് 200 ലക്ഷം രൂപ 2022-2023 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## നീര പദ്ധതി

10 (1611) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ?

നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ രൂപീകരിച്ച നാളികേര ഉൽപ്പാദക കമ്പനികളുടെ കൺസോർഷ്യത്തിന്റെ 23.11.2022-ലെ നിവേദനത്തിന്മേൽ പ്രസ്തുത വിഷയം സർക്കാർ ചർച്ച ചെയ്തിട്ടുണ്ട്.

(ബി) വൻ തുക വായ്പയെടുത്ത നീര സംഘങ്ങൾ വലിയ കടക്കെണിയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൻ തുക വായ്പയെടുത്ത നീര സംഘങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വിവരം നാളികേര ഉല്പാദക കമ്പനികളുടെ കൺസോർഷ്യം അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സമർപ്പിച്ച സർക്കാരിന്റെ നാളികേര ഉല്പാദക കമ്പനികൾ (CPC)ക്കായുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാളികേര ഉല്പാദക

കമ്പനികളുടെ പ്രിൻസിപ്പൽ മോറട്ടോറിയത്തിന്റെ കാലാവധി 30-03-2022-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.46/2022/ധന പ്രകാരം 31-03-2023 വരെ നീട്ടിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

**തിരുത്തി-മോര്യാകാപ്പ് കാർഷിക പദ്ധതി**

11 (1612) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട തിരുത്തി-മോര്യാകാപ്പ് കാർഷിക പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ & ബി) തിരുത്തി-മോര്യാകാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ സമർപ്പിച്ച പദ്ധതി പ്രൊപ്പോസൽ 19-08-2022-ൽ കൂടിയ State Level Sanctioning Committee (SLSC) യിൽ പരിഗണിച്ചു. എന്നാൽ ആർ.കെ.വി.വൈ. പദ്ധതിയ്ക്കായുള്ള നീക്കിയിരുപ്പ് തുകയുടെ 10 ശതമാനം മാത്രമേ നെല്ല്/ഗോതമ്പ് കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക്

വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ എന്ന കേന്ദ്ര സർക്കാർ Expenditure Finance Committee-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് SLSC-യിൽ ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഈ പ്രവൃത്തിയുടെ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ആയതിന്റെ ഫയൽ നമ്പർ ഏതാണെന്നും വിശദമാക്കാമോ?

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ നിലവിൽ കൃഷി (പി.പി.എം സെൽ) വകുപ്പിലാണ്. ഫയൽ നമ്പർ 3387265/PPM/19/കൃഷി.

**സ്മാർട്ട് കൃഷി ഭവനുകൾ**

12 (1613) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതൊക്കെ കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകൾ ആക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ആയതുപ്രകാരം സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനായി തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ജില്ല** | **കൃഷിഭവന്റെ പേര്** |
|---|---|---|
| 1 | തിരുവനന്തപുരം | മംഗലപുരം, കരകുളം |
| 2 | കൊല്ലം | ആര്യങ്കാവ്, പരവൂർ |
| 3 | പത്തനംതിട്ട | അരുവാപ്പുലം, പുറമറ്റം |
| 4 | ആലപ്പുഴ | മാരാരിക്കുളം സൗത്ത്, മുളക്കുഴ, ചേർത്തല സൗത്ത് |
| 5 | കോട്ടയം | നീണ്ടൂർ, തൃക്കൊടിത്താനം |
| 6 | ഇടുക്കി | കൊക്കയാർ, കൊന്നത്തടി |
| 7 | എറണാകുളം | കോട്ടുവള്ളി, ആലങ്ങാട് |
| 8 | തൃശ്ശൂർ | അയ്യന്തോൾ, കണ്ടാണശ്ശേരി |
| 9 | പാലക്കാട് | കൊടുമ്പ്, പട്ടാമ്പി |
| 10 | മലപ്പുറം | വണ്ടൂർ, തൃപ്രങ്ങോട് |
| 11 | കോഴിക്കോട് | പനങ്ങാട്, പേരാമ്പ്ര |
| 12 | വയനാട് | തൊണ്ടർനാട് |
| 13 | കണ്ണൂർ | ചെറുതാഴം, ചെറുപുഴ |
| 14 | കാസർഗോഡ് | ബേഡഡുക്ക, കയ്യൂർ- ചീമേനി |

കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതിപ്രകാരം

ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി തെരെഞ്ഞെടുത്ത് നടപടി സ്വീകരിച്ചുവരുന്നു. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 14 കൃഷിഭവനുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. ടി പദ്ധതി കെ.എൽ.ഡി.സി മുഖാന്തരമാണ് നടപ്പിലാക്കുന്നത്.

| **ക്രമ നം.** | **ജില്ല** | **കൃഷിഭവൻ** |
|---|---|---|
| 1 | തിരുവനന്തപുരം | നഗരൂർ |
| 2 | കൊല്ലം | നെടുമ്പന |
| 3 | പത്തനംതിട്ട | മെഴുവേലി |
| 4 | ആലപ്പുഴ | നെടുമുടി |
| 5 | കോട്ടയം | റ്റി.വി.പുരം |
| 6 | ഇടുക്കി | വണ്ണപ്പുറം |
| 7 | എറണാകുളം | കുന്നത്തുനാട് |
| 8 | തൃശ്ശൂർ | വടക്കാഞ്ചേരി |
| 9 | പാലക്കാട് | പെരുവെമ്പ |
| 10 | മലപ്പുറം | തിരുനാവായ |
| 11 | കോഴിക്കോട് | തിരുവമ്പാടി |
| 12 | വയനാട് | മുട്ടിൽ |
| 13 | കണ്ണൂർ | കൂത്തുപറമ്പ് |
| 14 | കാസർഗോഡ് | പുത്തിഗെ |

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് കർഷകർക്ക് അധികമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തുകൊണ്ട് കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. കർഷകർക്ക് കൃഷിഭവനിൽ എത്തിച്ചേരാതെതന്നെ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നു. ഇത് കർഷകർക്ക് കൂടുതൽ സമയം കൃഷിയിടങ്ങളിൽ

ചെലവഴിക്കുന്നതിന് സഹായകമാകുന്നു. സേവനങ്ങൾ ഓൺലൈൻ ആയി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.

കൂടാതെ കർഷകരുടെ കൃഷിസ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടുകൂടിയുള്ള ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

13 (1614) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് കാർഷികോല്പാദനവും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി

സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ നടത്തിപ്പിനായി ആവശ്യമായ സംസ്ഥാന വിഹിതമായി 650.66 കോടി രൂപയും കേന്ദ്ര വിഹിതമായി 156.30 കോടി രൂപയും ബഡ്ജറ്റ് വിഹിതവും 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2022-23 വരെ കാർഷിക മേഖലയുടെ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതിയുടെ കീഴിൽ സുഭിക്ഷ കേരളം പരിപാടിയിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ കൃഷി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി.

**തോട്ടവിളകളുടെ സംരക്ഷണം**

14 (1615) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ . സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനും കാര്യക്ഷമമായ പദ്ധതികൾ നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

തേയില, കാപ്പി, റബ്ബർ, ഏലം എന്നീ തോട്ടവിളകളുടെ ഉത്പാദനം, വികസനം, കയറ്റുമതി എന്നിവയുടെ ഉത്തരവാദിത്വം കേന്ദ്ര വാണിജ്യ

മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കമോഡിറ്റി ബോർഡുകൾ മുഖേനയാണ് നടത്തിവരുന്നത്. തോട്ടവിളകൾക്കുള്ള ഇൻഷ്വറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും യന്ത്രവത്കരണവും മൂല്യവർദ്ധനവിനുള്ള വിവിധ പദ്ധതികളും മാത്രമാണ് ഇപ്പോൾ കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളായ PMFBY, RWBCIS, MIDH, SMAM, അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടത്. തോട്ടവിളകൾ ഉൾപ്പെടെയുള്ള കൃഷിക്ക് ഗുണകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി സംസ്ഥാന മൂല്യവർദ്ധന കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായും മൂല്യവർദ്ധനവിന് പ്രോത്സാഹനം ലഭ്യമാക്കുന്നുണ്ട്. യന്ത്രവത്കരണത്തിനായുള്ള സബ്മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികളും തോട്ടവിളകൾക്കായി കൃഷിവകുപ്പ് മുഖാന്തരം ലഭ്യമാക്കുന്നുണ്ട്.

(ബി) ഏലം, റബ്ബർ, കാപ്പി, തേയില തുടങ്ങിയ തോട്ടവിളകളുടെ കൃഷി വിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തേയില, കാപ്പി, റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ തോട്ടവിളകളുടെ കൃഷി വിസ്തൃതി, ഉല്പാദനം, വികസനം ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ഉത്തരവാദിത്വം പ്രത്യേകമായി പ്രവർത്തിച്ചുവരുന്ന കമോഡിറ്റി ബോർഡുകളിൽ നിക്ഷിപ്തമാണെങ്കിലും തോട്ടവിളകളുടെ കൃഷി വിസ്തൃതി സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നു.

(സി) തോട്ടവിളകളുടെ സംരക്ഷണത്തിനും മൂല്യവർദ്ധനവിനും ഉല്പാദനക്ഷമത വർദ്ധനവിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

തേയില, കാപ്പി, റബ്ബർ, ഏലം എന്നീ തോട്ടവിളകളുടെ ഉത്പാദനം, വികസനം, കയറ്റുമതി എന്നിവയുടെ ഉത്തരവാദിത്വം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കമോഡിറ്റി ബോർഡുകൾ മുഖേനയാണ് നടത്തിവരുന്നത്. തോട്ടവിളകൾക്കുള്ള ഇൻഷ്വറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും യന്ത്രവത്കരണവും മൂല്യവർദ്ധനവിനുള്ള

വിവിധ പദ്ധതികളും മാത്രമാണ് കൃഷി വകുപ്പ് മുഖേന നടപ്പാക്കുന്നത്. തോട്ടവിളകൾ ഉൾപ്പെടെയുള്ള കൃഷിക്ക് ഗുണകരമായ പരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടി മൂല്യവർദ്ധനവിനുള്ള സംസ്ഥാന മിഷൻ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ ഭാഗമായും മൂല്യവർദ്ധനവിന് പ്രോത്സാഹനം ലഭ്യമാക്കുന്നുണ്ട്. യന്ത്രവത്കരണത്തിനായുള്ള 'സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ' പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ആവശ്യമുള്ള യന്ത്രസാമഗ്രികളും തോട്ടവിളകൾക്കായി കൃഷിവകുപ്പ് മുഖാന്തരം ലഭ്യമാക്കുന്നുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

15 (1616) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഒന്നാം വർഷം നടപ്പിലാക്കുന്ന പയ്യാവൂർ കേരഗ്രാമത്തിലും രണ്ടാം വർഷം നടപ്പിലാക്കുന്ന ആലക്കോട്

കേരഗ്രാമത്തിലും ചുവടെ ചേർത്തിട്ടുള്ള സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്.

പയ്യാവൂർ പഞ്ചായത്ത് കേരഗ്രാമം ഒന്നാം വർഷം (22-23) ഫണ്ട് : 25.67 ലക്ഷം.

| നം. | പ്രവർത്തിയിനം | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | തടം തുറക്കൽ @ രൂ.35/തെങ്ങ് | 17500 തെങ്ങുകൾക്ക് | 612500 |
| 2 | ജൈവവളം @ രൂ.25/തെങ്ങ് | 17500 തെങ്ങുകൾക്ക് | 437500 |
| 3 | കുമ്മായം @ രൂ.9/കിലോ | 17500 തെങ്ങുകൾക്ക് | 157500 |
| 4 | തെങ്ങ് വെട്ടിമാറ്റൽ രൂ.1000/തെങ്ങ് | 500 എണ്ണം | 500000 |
| 5 | തെങ്ങിൻ തൈ നടീൽ രൂ.60/തൈ | 340 എണ്ണം | 20400 |
| 6 | ഇടവിള കൃഷി രൂ.6000/ഹെ | 32 ha | 192100 |
| 7 | പമ്പ് സെറ്റ് (50% സബ്സിഡി) | 25 nos | 250000 |
| 8 | തെങ്ങ് കയറ്റ യന്ത്രം @ രൂ.2000 | 25 എണ്ണം | 50000 |
| 9 | Operational support to KB | | 7000 |
| 10 | ജൈവവള യൂണിറ്റ് @ രൂ.10000 | 4 എണ്ണം | 40000 |
| 11 | പഞ്ചായത്തുതല കേര സമിതിക്കുള്ള ധനസഹായം | | 100000 |
| 12 | മൂല്യവർദ്ധന ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ധനസഹായം | | 200000 |
| | **ആകെ** | | **2567000** |

കൃഷി ഭവൻ ആലക്കോട് കേരഗ്രാമം രണ്ടാം വർഷം (2022-23) ഫണ്ട് 20.00 ലക്ഷം.

| നം. | പ്രവൃത്തിയിനം | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | തടം തുറക്കൽ & തെങ്ങിന് ജൈവവളം | 43750 തെങ്ങുകൾക്ക് | 925000 |
| 2 | കുമ്മായം | 43750 തെങ്ങുകൾക്ക് | 350000 |
| 3 | രാസവളം (പൊട്ടാഷ്) | 43750 തെങ്ങുകൾക്ക് | 700000 |
| 4 | കൃഷിഭവനകൾക്കുള്ള ധനസഹായം | | 5000 |
| 5 | കേരസമിതികൾക്കുള്ള ധനസഹായം | | 20000 |
| | **ആകെ** | | **2000000** |

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കൃഷി ഭവനിലും എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്; വിശദമാക്കുമോ?

ഇരിക്കൂർ മണ്ഡലത്തിലെ 2022-23 വർഷത്തിൽ കേരഗ്രാമം നടപ്പിലാക്കുന്ന കൃഷിഭവനകളിൽ ഗുണഫലം ലഭിക്കുന്ന കർഷകരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കേരഗ്രാമം | കൃഷിഭവൻ | കർഷകരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഒന്നാം വർഷം | പയ്യാവൂർ | 1213 |
| 2 | രണ്ടാം വർഷം | ആലക്കോട് | 2047 |

## പൊന്നാനി കോൾ കൃഷി വികസന പദ്ധതി

16 (1617) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന പൊന്നാനി കോൾ കൃഷി വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

തൃശ്ശൂർ ജില്ലയിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കി വരുന്ന പൊന്നാനി കോൾ കൃഷി വികസന പദ്ധതിയിൽ കുന്നംകുളം, ഗുരുവായൂർ നിയോജകമണ്ഡലങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. കുന്നംകുളം നിയോജകമണ്ഡലത്തിൽ ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് പ്രവൃത്തികളും ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിയും നടപ്പിലാക്കി വരുന്നു. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാർഷിക വികസന വകുപ്പ് മുഖേനയുള്ള പദ്ധതികൾ

17 (1618) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ കാർഷിക വികസന വകുപ്പ് അനുവദിച്ച വിവിധ പദ്ധതികളുടെയും തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന മാവേലിക്കര, ചാരുംമൂട് ബ്ലോക്കുകളിലെ മാവേലിക്കര മുനിസിപ്പാലിറ്റി, തെക്കേക്കര, തഴക്കര, വള്ളികുന്നം, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം എന്നീ കൃഷിഭവനുകളിലേയ്ക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അനുവദിച്ച വിവിധ പദ്ധതികളുടെയും തുകകളുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കി സാമ്പത്തിക ലക്ഷ്യം 100 ശതമാനം കൈവരിച്ചിട്ടുള്ളതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 വർഷത്തെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ നിർവ്വഹണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**തോടുകളും കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കൽ പദ്ധതി**

18(1619) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ., ആർ.കെ.വി.വൈ. എന്നിവ മുഖേന നടപ്പിലാക്കിയ തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കൽ പദ്ധതിയുടെ വിശദവിവരം അറിയിക്കുമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോൾ മേഖലയിൽ 94432 കി.മീ. മെയിൻ ചാലുകളുടെയും 209.875 കി.മീ. ഉൾച്ചാലുകളുടെയും ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. XIX, XX, XXI, XXII, XXIV പദ്ധതികളിൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിയ 19 കുളങ്ങളുടെയും, ആർ.കെ.വി.വൈ. 2015-16, 2017-18,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018-19, 2019-20 പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 5 കുളങ്ങളുടെയും പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നബാർഡ് ആർ.ഐ.ഡി.എഫ്. XXII, XXV പദ്ധതികളിൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന കുപ്പത്തോട്, വിയ്യൂർ പുഴയ്ക്കൽതോട്, ചാത്തൻചാൽ എന്നിവയുടെ സംരക്ഷണ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നബാർഡ് ആർ.ഐ.ഡി.എഫ്. XX -ൽ ഉൾപ്പെടുത്തി കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

തൃശ്ശൂർ ജില്ലയിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ XIX മുതൽ XXV വരെയുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 12 പദ്ധതികളും റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 28 പദ്ധതികളും, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കൽ പദ്ധതിയുടെ വിശദവിവരം അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിൽ ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയുടെയും കൃഷി എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ഗുരുവായൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പുന്നയൂർ ഗ്രാമപഞ്ചായത്തിലെ മന്നംകുന്ന് യസീം പള്ളി അറപ്പത്തോട് ഫ്ളഡ് കൺട്രോൾ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുണ്ട്. 20.05 ലക്ഷം രൂപ അടങ്കൽ തുകയുള്ള ടി പദ്ധതിയിൽ 12.89 ലക്ഷം രൂപ ചെലവഴിച്ച് തോടിന്റെ ആഴവും വീതിയും കൂട്ടി നീരൊഴുക്ക് സുഗമമാക്കി കയർ ഭൂവസ്ത്രം വിരിച്ച് വശങ്ങൾ സംരക്ഷിച്ചിട്ടുണ്ട്.

## കാർഷികവൃത്തി ലാഭകരമാക്കുന്നതിന് കർമ്മപദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

19 (1620) <u>ഡോ. മാത്യ കുഴൽനാടൻ</u>:
<u>ശ്രീ. ഐ .സി .ബാലകൃഷ്ണൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിളകൾക്ക് താങ്ങുവിലയും സ്ഥിരവിലയും ലഭിക്കാത്തതിനാൽ കർഷകർ പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

കർഷക താല്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

1)<u>പച്ചത്തേങ്ങ സംഭരണം</u>

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുള്ളത്. പച്ചത്തേങ്ങയുടെ സംഭരണ വില 27/- രൂപയായിരുന്നത് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14-01-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കൂടാതെ

അടുത്ത സാമ്പത്തിക വർഷം മുതൽ പച്ചത്തേങ്ങയുടെ സംഭരണ വില 34 രൂപയാക്കി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

2) നെല്ല് സംഭരണം

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പുവരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നത്. 2022-23 സീസണിലെ നെല്ലിന്റെ സംഭരണ വില 28.20 രൂപയായി സംസ്ഥാന സർക്കാർ നിശ്ചയിച്ച് സംഭരണം നടത്തിവരുന്നു.

3) കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു.

മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്,

ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

4) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യത്തിന് സംഭരണ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ബഹുഭ്രരിപക്ഷം കർഷകരും ന്യായവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിളകൾ വിറ്റഴിക്കുവാൻ നിർബന്ധിതരാകുന്ന നിലവിലെ സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതാത് ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ ഉപഭോക്താക്കൾക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 201 ഗ്രേഡ് 1 മാർക്കറ്റുകളും, 660 ഗ്രേഡ് 2 മാർക്കറ്റുകളും, 595 ഗ്രേഡ് 3 മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്. ഉത്സവ കാലങ്ങളാണ് കേരളത്തിൽ ഗണ്യമായ തോതിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സമയം. ഇക്കാലയളവിൽ വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉല്പാദനം ഉണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില

ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി പ്രകാരം 2016 മുതൽ ഓണചന്തകൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ച് പ്രവർത്തിക്കുന്നു. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. 2022 ഓണക്കാലത്ത് സംസ്ഥാനത്ത് 2010 ഓണവിപണികൾ സംഘടിപ്പിച്ചു.

ഇതിനെല്ലാം ഉപരിയായി, സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു.

മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ്

അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതിപ്രകാരം ഓരോ വിളയ്ക്കും പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന വിലയെക്കാൾ മാർക്കറ്റ് വില താഴുമ്പോൾ കർഷകരിൽനിന്നും അടിസ്ഥാന വിലയ്ക്ക് പഴം പച്ചക്കറികൾ സംഭരിച്ചു വരുന്നു.

കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾ വഴി സംഭരിക്കുന്നു.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ

കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളും ഉണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പ് പ്രധാന ഔട്ട്ലെറ്റുകൾ മുഖേനെ വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിന് കീഴിലുള്ള പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ് ' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും, കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്തും നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

ഈ സാമ്പത്തിക വർഷവും പഴം പച്ചക്കറി സംഭരണ വിപണനത്തിനായി വിവിധങ്ങളായ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിലേക്കായി കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ

സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് / ബ്ലോക്ക്/ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ഇക്കോഷോപ്പുകൾ നടത്തുന്നതിനായി 150 ലക്ഷം രൂപയും ഗ്രാമ ചന്തകളുടെ ശാക്തീകരണത്തിന് 33 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനായി 2614.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു.

പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു.

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതി കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്‌ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്.

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഈ വർഷം 35 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടു കൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്.

കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, പച്ചക്കറി, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് സംഭരിക്കുന്നതിലൂടെ ഈ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നുണ്ട്.

(സി) കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സംഭരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ ഒരുക്കി കാർഷികവൃത്തി ലാഭകരമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിപണനത്തിലും മൂല്യവർദ്ധവിനും സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പങ്ക് ഏറെയാണ്. 2022-23 വർഷത്തിൽ വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പദ്ധതിപ്രകാരം 20% സബ്സിഡിയിൽ കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ (PACS) കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ (2022-23) പ്രോജക്ടധിഷ്ഠിതമായി മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി (PACS) 200 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായി കേരളത്തിൽ പുതിയതായി നടപ്പാക്കുന്ന മൂല്യവർദ്ധിത കാർഷിക മിഷൻ നിലവിൽ വന്നുകഴിഞ്ഞു. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനപഥത്തിൽ വരുന്നതോടെ മൂല്യവർദ്ധന മേഖലയിൽ സഹകരണ സംഘങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കുവാൻ സാദ്ധ്യമാകും.

കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക്

മൂല്യവർധിത യൂണിറ്റുകൾ മുഖേനയുള്ള വിപണനത്തിനും ശാക്തീകരണത്തിനുമായി കൃഷി വകുപ്പിനുകീഴിലെ ചെറുകിട കാർഷിക വ്യാപാര കൺസോർഷ്യം (SFAC) വഴി മാനദണ്ഡങ്ങൾക്കനുസൃതമായി നൽകുന്നതിന് 140 ലക്ഷം നീക്കിവച്ചിട്ടുണ്ട്.

**വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ**

20 (1621) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പിൽ പുതുതായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരുടെ വരുമാന വർദ്ധനവിനായി നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവവിശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുന്നതിലും അതുവഴി സംസ്ഥാനത്തിന്റെ ഉല്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്നതിലും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഈ വർഷം കൃഷിയിടാസൂത്രണാധിഷ്ഠിത വികസന

സമീപനമാണ് കൈകൊണ്ടിട്ടുള്ളത്. വിളയധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേക്ക് മാറ്റത്തിലൂടെ നിലവിലുള്ള കൈവശഭൂമിയിൽനിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം.

സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനത്തേയും വിഷരഹിത ഭക്ഷണ ഉല്പാദനത്തിൽ പങ്കാളിയാക്കുക, സ്ഥായിയായ കാർഷികമേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, കാർഷിക മേഖലയിലെ മൂല്യവർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക

കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്.

കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽതന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയാണ് കൃഷി ദർശൻ. സാങ്കേതിക വിദ്യ കൈമാറ്റം, വിപണനം, മൂല്യവർദ്ധനവ് എന്നിവ ഉൾപ്പെടെയുള്ള കാർഷിക വിജ്ഞാന വ്യാപനത്തിനാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ മുഖ്യധാരാ ഘടകങ്ങളിലൊന്നായി ഈ പരിപാടി ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുക, പരമാവധി വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുക ആയതിലൂടെ കർഷകരുടെയും കൃഷിയുടെയും ഉന്നമനം ഉറപ്പാക്കുക എന്ന

ലക്ഷ്യത്തോടുകൂടി കൃഷിഭവനകളെ 'സ്മാർട്ട് കൃഷി ഭവനകൾ' ആക്കുക എന്നതാണ് ഈ വർഷത്തെ മറ്റൊരു പ്രത്യേക പദ്ധതി. കാർഷിക മേഖലയിലെ എല്ലാത്തരത്തിലുള്ള സേവനങ്ങളുടെയും വിവരങ്ങളുടെയും കേന്ദ്രമായി കൃഷി ഭവനകളെ മാറ്റുകയാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കിവരുന്നു.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും

നടപ്പിലാക്കുന്ന കേര രക്ഷാവാരം പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പയറുവർഗ്ഗ വിളകളുടെയും പച്ചിലവളങ്ങളുടെയും ഉപയോഗം വ്യാപിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പിഎം കുസും' (PM KUSUM) വഴി കൃഷിയിൽ സൗരോർജ്ജത്തിന്റെ ഉപയോഗം അനെർട്ടുമായി സഹകരിച്ച് കൃഷി വകുപ്പ് പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പിഎം കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതിക വിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, K-SWIFT തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജസ്രോതസ്സുകളുടെ ഉപയോഗം,

വനവൽക്കരണ സംരംഭങ്ങൾ, ജൈവ പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. കാർബൺ ന്യൂലിത പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം ആലുവയെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂലിത ഫാം ആയി പ്രഖ്യാപിക്കുകയുണ്ടായി. സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളും ഉല്പന്നങ്ങളും സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറിയിൽ ഉല്പാദിപ്പിക്കുന്ന ജൈവിക നിയന്ത്രണകാരികളും ഓൺലൈനായി ലഭിക്കത്തക്കവിധം പുതിയ പദ്ധതി നടപ്പിലാക്കി. നിലവിൽ ഇത്തരത്തിലുള്ള 66 ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാണ്.

കാർഷിക ബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പ് കല്പിക്കുന്നതിനും ആ പ്രദേശത്തേക്ക് വേണ്ട ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതിന് കൃഷി വകുപ്പുമന്ത്രിതന്നെ ഉദ്യോഗസ്ഥരോടും വിദഗ്ദ്ധരോടുമൊപ്പം കൃഷിയിടത്തിൽവച്ച് നടത്തുന്ന കാർഷിക വിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ. ഇതുവരെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, കണ്ണൂർ ജില്ലയിലെ

തലശ്ശേരി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നീ ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

ഉൽപ്പാദനക്ഷമത. സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിള വൈവിധ്യവത്കരണത്തിനുള്ള പദ്ധതി. ഇടവിളയായിട്ടോ പ്രാഥമിക വിളയ്ക്ക് ശേഷമോ അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റ് ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതി 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മെച്ചപ്പെട്ട സങ്കരയിനം പച്ചക്കറി വിത്തുകളുടെ ഉപയോഗത്തിലൂടെ കേരളത്തിൽ പച്ചക്കറി കൃഷിയിൽ മികച്ച ഉലാദനവും ഉല്പാദനക്ഷമതയും കൈവരിക്കുവാൻ സാധിക്കും. കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ കൃഷി വകുപ്പ് ഫാമുകളിൽ സങ്കരയിനം പച്ചക്കറി വിത്ത് ഉത്പാദനം 2023-24 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്നു.

കർഷകരുടെ കൃഷി സംബന്ധമായ പ്രശ്നങ്ങൾ പ്രാദേശികമായി ചർച്ച ചെയ്ത് പരിഹാരം ലഭ്യമാക്കുന്നതിനും, വിവിധ പദ്ധതികൾക്കായുള്ള

അപേക്ഷകളുടെ ശേഖരണ കേന്ദ്രമായും പഞ്ചായത്തുതലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ അഗ്രോക്ലിനിക്കുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) വകുപ്പിന്റെ കീഴിൽ നിലവിലുണ്ടായിരുന്നതും നൂതനവുമായ പദ്ധതികളിൽ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(ബി & സി) വള്ളിക്കുന്ന് മണ്ഡലത്തിൽ പരപ്പനങ്ങാടി, കൊണ്ടോട്ടി ബ്ലോക്കുകളിൻ കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

21 (1622) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുണ്ടറ പഞ്ചായത്തിലെ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി 2022-23 നടപ്പിലാക്കുന്നതിനായി നാളികേര സമിതിയുടെ രജിസ്ട്രേഷൻ നടത്തുകയും കൃഷി ഓഫീസർ, നാളികേര സമിതി സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ ജോയിന്റ് അക്കൗണ്ട് തുടങ്ങുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിനായി കർഷകരിൽനിന്ന് അപേക്ഷ സ്വീകരിച്ചു വരുന്നു. ഏകദേശം 96 ഹെക്ടർ വിസ്തീർണം ആയിട്ടുണ്ട്. ലഭിച്ച അപേക്ഷകളുടെ സർവ്വെ, ഡാറ്റാ എൻട്രി തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 25.67 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടങ്ങൾ ആരംഭിച്ചു. രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റുന്നതിനുവേണ്ടി സ്ഥല പരിശോധന നടത്തി അടയാളപ്പെടുത്താൻ തുടങ്ങി. പ്രസ്തുത പദ്ധതിയിൽ കേരസമിതിയുടെ അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പ്രകാരം ഒന്നാം വർഷം നടപ്പിലാക്കുന്ന ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പുതിയ പദ്ധതികൾ

22 (1623) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനം- സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിൽനിന്നും 'ഫാം പ്ലാൻ' അധിഷ്ഠിത വികസന സമീപനം ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. ഓരോ കൃഷിഭവനുകീഴിലും 10 കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച് സാങ്കേതിക-സേവന-ഉല്പാദനോപാധികൾ

നൽകിക്കൊണ്ട് അവയുടെ സമഗ്ര കാർഷിക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഞങ്ങളും കൃഷിയിലേക്ക്- സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25,887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ആഗസ്റ്റ് 17) കർഷക ദിനത്തോടനുബന്ധിച്ച് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചു. പച്ചക്കറി, നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, തെങ്ങ്, കവുങ്ങ്, എന്നീ കൃഷിയ്ക്കും മൂല്യ വർദ്ധനവിനും വിപണനത്തിനായും പ്രസ്തുത കൃഷികൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നു.

സ്മാർട്ട് കൃഷി ഭവൻ -ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, അടിസ്ഥാന സൗകര്യ വികസനം

എന്നിവ ലക്ഷ്യമിട്ട് കൃഷിഭവനകളെ ‘ സ്മാർട്ട് കൃഷി ഭവനകളായി’ പരിഷ്കരിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു.

കൃഷിശ്രീ സെന്ററുകളുടെ സ്ഥാപനം- കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾക്ക് 2022-ൽ തുടക്കമിട്ടു. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി കുറവ് മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കേരരക്ഷാ വാരം- തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിള പരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേര രക്ഷാ വാരം പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി

പയറുവർഗ്ഗ വിളകളുടെയും പച്ചിലവളങ്ങളുടെയും ഉപയോഗം വ്യാപിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പിഎം കുസും'(PM KUSUM)- 'പിഎം കുസും' വഴി അനെർട്ടുമായി സഹകരിച്ച് കൃഷിയിൽ സൗരോർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പിഎം കുസുമിന്റെ ഗുണഭോക്താക്കൾക്ക് ഈ വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി' എന്നതിൽ ഉൾപ്പെടുത്തി ടോപ്പ് അപ്പ് സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നു.

വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ- നിലവിലെ സാഹചര്യത്തിന്റെ സാങ്കേതിക വിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIIMS പോർട്ടൽ, K-SWIFT തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

കാർബൺതുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം, വനവത്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ,

മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

കാർബൺ തുലിത പ്രവർത്തനങ്ങൾ- കാർബൺ തുല്യത പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം ആലുവയെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ തുലിതാ ഫാം ആയി പ്രഖ്യാപിക്കുകയുണ്ടായി.

ഫാമുകളുടെ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിലെത്തിക്കൽ- സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളും ഉല്പന്നങ്ങളും സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറിയിൽ ഉല്പാദിപ്പിക്കുന്ന ജൈവിക നിയന്ത്രണകാരികളും ഓൺലൈനായി ലഭിക്കത്തക്കവിധം പുതിയ പദ്ധതി നടപ്പിലാക്കി നിലവിൽ ഇത്തരത്തിലുള്ള 66 ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാണ്.

കൃഷി ദർശൻ- കാർഷിക ബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പു കല്പിക്കുന്നതിനും ആ പ്രദേശത്തേക്ക് വേണ്ട ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതിന് കൃഷി വകുപ്പു മന്ത്രിതന്നെ ഉദ്യോഗസ്ഥരോടും വിദഗ്ധരോടുമൊപ്പം കൃഷിയിടത്തിൽവച്ച് നടത്തുന്ന പ്രാദേശിക കാർഷിക

വിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ. ഇതുവരെ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നി ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

<u>സോഷ്യൽ ഓഡിറ്റിംഗ്-</u> കൃഷിവകുപ്പിന്റെ പദ്ധതികൾ കൂടുതൽ ജനകീയമാക്കുന്നതിനും നിർവഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് സോഷ്യൽ ഓഡിറ്റിംഗ്. എല്ലാ ജില്ലകളിലും ഇതിനോടകം പൂർത്തികരിച്ചിട്ടുണ്ട്.

(ബി) നെല്ലുല്പാദനത്തിൽ എത്രമാത്രം വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം നെല്ലിന്റെ ഉല്പാദനക്ഷമത 2016-17-ൽ ഒരു ഹെക്ടറിൽ 2.547 ടൺ ആയിരുന്നു. ആയത് 2020-21 സാമ്പത്തിക വർഷത്തിൽ 3.09 ടൺ ആയി വർദ്ധിപ്പിക്കുവാൻ സാധിച്ചു. 2021-2022 വർഷത്തെ നെല്ലിന്റെ ഉല്പാദനക്ഷമത സംബന്ധിച്ച അന്തിമ വിവരങ്ങൾ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ഇതുകൂടാതെ നെല്ലിന്റെ

സംഭരണ വില 28 രൂപ 20 പൈസയായി വർദ്ധിപ്പിച്ചു. നാളിതു വരെ 2.03 ലക്ഷം ടൺ നെല്ല് സംഭരിക്കുന്നതിനായി സാധിച്ചിട്ടുമുണ്ട്.

**കാർഷികോല്പന്നങ്ങളുടെ സംഭരണം**

23 (1624) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ.കെ. രാമചന്ദ്രൻ:
ശ്രീ. പി.പി. സുമോദ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ വിളവെടുപ്പുകാലത്ത് വിലയിലുണ്ടാകുന്ന അസ്ഥിരത കാരണം കൃഷി നഷ്ടത്തിലാകുന്നുവെന്ന പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി,

പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിട്ടറിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉല്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾവഴി സംഭരിക്കുകയും ചെയ്യുന്നു. പദ്ധതിപ്രകാരം പഴം പച്ചക്കറികൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന അടിസ്ഥാനവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് DBT-യായി നൽകുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. കൂടാതെ ഉല്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് കർഷകരിൽനിന്നും

സംഭരിച്ചുവരുന്നു. നിലവിൽ കിലോയ്ക്ക് 32 രൂപ എന്ന കണക്കിൽ പച്ചത്തേങ്ങയും കിലോയ്ക്ക് 28.20 രൂപ എന്ന കണക്കിൽ നെല്ലും സഭരിച്ചു വരുന്നു. വരുന്ന സാമ്പത്തിക വർഷം പച്ചത്തേങ്ങയുടെ സംഭരണ വില 34 രൂപയാക്കി വർദ്ധിപ്പിക്കാൻ ബഡ്ജറ്റിൽ ശിപാർശയുണ്ട്. സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും (Rs.170/കിലോ) റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

(ബി) കാർഷികോല്പന്നങ്ങൾ കേടുവരാത്ത വിധത്തിൽ സംഭരിച്ചുവയ്ക്കുന്നതിന് ശീതീകരണ സൗകര്യവും നൂതന സാങ്കേതിക

വിദ്യാധിഷ്ഠിത സംവിധാനവും ജില്ല തലത്തിലെങ്കിലും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

2021-22 വർഷത്തിൽ 19 ശീതീകരിച്ച വാഹനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും എഫ്.പി.ഒ.-കൾക്കും നൽകിയിട്ടുണ്ട്. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് 2022-2023 വർഷത്തിൽ 35 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷിക മൊത്തവ്യാപാര വിപണികളിൽ കാർഷികോൽപ്പന്നങ്ങൾ കേടുവരാതെ സംഭരിച്ചുവയ്ക്കുന്നതിന് 23 കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ നിലവിലുണ്ട്.

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR) സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ ലഭ്യമാക്കുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവെച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉല്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം

മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്. കൂടാതെ ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി ഹോർട്ടികോർപ്പ് നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിന് കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനും സംഭരണത്തിനും പര്യാപ്തമായ തോതിലുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ കൃഷി വകപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിചിട്ടുള്ള എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ചചന്തകൾ തുടങ്ങിയവ മുഖേന അതാതു ഗ്രാമപഞ്ചായത്ത്/ബ്ലോക്കു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 29 ഗ്രേഡ് I മാർക്കറ്റുകളും 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത

വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിന് കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക്/ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ഗ്രാമചന്തകൾക്ക് 33 ലക്ഷം രൂപയും എക്കോഷോപ്പുകൾക്ക് 15 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം 2022-2023 വർഷത്തിൽ 2614.95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി

ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ് ' എന്ന ലേബലിൽ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്ത് നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തിവരുന്നു. കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി

അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നുമുതൽ നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഗല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്‌ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO-കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO-കളും 2021-22

വർഷത്തിൽ 36 FPO-കളും 2022-23 വർഷത്തിൽ 2 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങളുടെ വിപണി ഉറപ്പാക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നുകഴിഞ്ഞു. കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതോടെ കാർഷികോല്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും.

**കാർഷിക മേഖലയുടെ പുരോഗതിയും കർഷകരുടെ അഭിവൃദ്ധിയും**

24 (1625) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ പുരോഗതിക്കും കർഷകരുടെ അഭിവൃദ്ധിക്കുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കാർഷിക മേഖലയുടെ പുരോഗതിക്കും കർഷകരുടെ അഭിവൃദ്ധിക്കുമായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബ്ലോക്ക്തലത്തിൽ കൃഷി അസിസ്റ്റന്റ്

ഡയറക്ടർമാരുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിലും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറുടെ നേതൃത്വത്തിലും വിലയിരുത്തൽ നടത്താറുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്പെയ്സ് സംവിധാനംവഴി എല്ലാ മാസവും പദ്ധതികളുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങൾ സർക്കാർതലത്തിലും വിലയിരുത്താറുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയും കുറവുകളും ആവശ്യങ്ങളും വിലയിരുത്തുന്നതിനായി കൃഷിമന്ത്രിയുടെ നേതൃത്വത്തിൽതന്നെ ബ്ലോക്ക് അടിസ്ഥാനത്തിൽ കൃഷിദർശൻ എന്ന പരിപാടി ഓരോ ജില്ലകളിലുമായി നടത്തിവരുന്നു. പ്രസ്തുത പരിപാടിയിൽ കൃഷി അദാലത്തുകൾ, കർഷകരുടെ കൃഷിയിട സന്ദർശനം എന്നിവ കൃഷി വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തി പദ്ധതികളുടെ വിലയിരുത്തൽ നടത്താറുണ്ട്.

(ബി) നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് സഹായ സഹകരണങ്ങൾ നൽകുന്നതിനുമായി സംഘടിപ്പിച്ചിട്ടുള്ള കമോഡിറ്റി ബോർഡുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

എങ്കിൽ ഈ തീരുമാനം നടപ്പിലാക്കുന്നതോടുകൂടി കാർഷിക മേഖല അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് സഹായ സഹകരണങ്ങൾ നൽകുന്നതിനുമായി സംഘടിപ്പിച്ചിട്ടുള്ള കമോഡിറ്റി ബോർഡുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കമോഡിറ്റി ബോർഡുകൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ ഇവ പിൻവലിക്കുന്നത് സംബന്ധിച്ച് ഒന്നുംതന്നെ കൃഷി വകുപ്പിൽ ലഭ്യമല്ല.

## വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷൻ പദ്ധതി

25 (1626) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വാല്യു ആഡഡ് അഗ്രിക്കൾച്ചർ മിഷൻ (വാം) പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുക, കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉത്പന്ന സംഭരണം, ഉത്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission-VAAM) രൂപീകരിച്ചിട്ടുള്ളത്. പ്രാഥമിക കാർഷികോല്പന്നങ്ങളുടെ ഉല്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/ സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉല്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിലുണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതിക വശങ്ങൾ എന്നിവ പരിഗണിച്ച് പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി മൂല്യവർദ്ധിത കൃഷി

പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു മാർഗരേഖയും VAAM പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും സാങ്കേതികവിദ്യയും അറിവ് പങ്കിടൽ, ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനുമായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ദ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി കൃഷിയിൽ മൂല്യനിർണ്ണയത്തെ പിന്തുണയ്ക്കുന്നതിനായിരിക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര, അന്തർദ്ദേശീയ വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) കാർഷികമേഖല നേരിടുന്ന പ്രതിസന്ധിക്കുള്ള മുഖ്യകാരണം ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനമാണെന്നിരിക്കെ അവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് നൂതന സ്വഭാവത്തോടെയുള്ള യന്ത്രവൽക്കരണവും സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കുമോ?

മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിന് നൂതന സ്വഭാവത്തോടെയുള്ള യന്ത്രവത്കരണവും സാങ്കേതിക വിദ്യകളുടെ ഉപയോഗവും മൂല്യവർദ്ധിത കാർഷിക മിഷൻ പദ്ധതിവഴി ഉറപ്പുവരുത്തും. ഇതിനായി സംസ്ഥാനത്ത് അനുകൂലമായ ഒരു ആവാസവ്യവസ്ഥ രൂപപ്പെടുത്തുന്നതിന് താഴെപ്പറയുന്ന വിപണിയുമായി ബന്ധപ്പെട്ട ഇടപെടലുകൾ VAAM മുഖേന നടപ്പിലാക്കും. മൂല്യവർദ്ധിത കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി കയറ്റുമതി സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ ഉല്പാദകർക്കും FPO-കൾക്കും MSME-കൾക്കും ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, പ്രത്യേക ഉല്പന്നങ്ങളുടെ ആഗോള ബ്രാൻഡിംഗും വിപണനവും പരിഗണിക്കുക, ഇവയുടെ കയറ്റുമതിക്കായി പ്രത്യേക പാക്കേജുകൾ, വിളവെടുപ്പിന് ശേഷമുള്ള കൈകാര്യം ചെയ്യൽ, പ്രോട്ടോക്കോളുകൾ ഇവ തയ്യാറാക്കുക, സേഫ് ടു ഈറ്റ് ഉല്പന്നത്തിന്റെ

പ്രദർശനത്തിനും സമാഹരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രീകൃത ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം രൂപീകരിക്കുക, മൂല്യവർദ്ധനവിനും ഉല്പാദന കയറ്റുമതിക്കും സാധ്യതയുള്ള ഗ്രാസ് റൂട്ട് സംരംഭങ്ങളെ പ്രോ-ആക്ടീവായി സംയോജിപ്പിക്കുക, വ്യവസായ വകുപ്പിന്റെയും നോർക്കയുടെയും സഹായത്തോടെ ശക്തമായ കയറ്റുമതി രജിസ്ട്രേഷനോടെ 'Kitchen of the Gulf' ആയി പ്രവർത്തിക്കാൻ കേരളത്തെ തയ്യാറാക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവിന് കയർ ഉൾപ്പടെ ഒരു കേന്ദ്ര പ്ലാറ്റ്ഫോം ആവിഷ്കരിക്കുക തുടങ്ങിയവ വിപണിയുമായി ബന്ധപ്പെട്ട ഇടപെടലുകളിൽ ഉൾപ്പെടുന്നു.

(സി) മൂല്യവർദ്ധിത കൃഷിമിഷന്റെ ഘടന എപ്രകാരമാണെന്ന് വിശദമാക്കാമോ?

കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കൽ, കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം. ഉല്പന്നങ്ങളുടെ വില. മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഘടനയോടുകൂടി മൂല്യവർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട്.

1. ബഹു. മുഖ്യമന്ത്രി- ചെയർപേഴ്സൺ

2. ബഹു. കൃഷി വകുപ്പുമന്ത്രി, ബഹു. വ്യവസായ വകുപ്പുമന്ത്രി - വൈസ് ചെയർപേഴ്സൺ

3. പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ - കൺവീനർ & മിഷൻ സെക്രട്ടറി

4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് - കോ കൺവീനർ

5. **അംഗങ്ങൾ**

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി

ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പുമന്ത്രി

ബഹു. ധനകാര്യ വകുപ്പുമന്ത്രി

ബഹു. ജലവിഭവ വകുപ്പുമന്ത്രി

ബഹു. മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി

ബഹു.മത്സ്യബന്ധന വകുപ്പുമന്ത്രി

ബഹു. വൈദ്യുതി വകുപ്പുമന്ത്രി

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി

ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സെക്രട്ടറി, സഹകരണ വകുപ്പ്

സെക്രട്ടറി, വൈദ്യുതി വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ

കോ-ഓർഡിനേറ്റർ

പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ കൺവീനറായും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-കൺവീനറായും ഒരു മൾട്ടി ഡിസിപ്ലിനറി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

26 (1627) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2016-21 കാലയളവിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ - സി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി. മുഖേന ആർ.ഐ.ഡി.എഫ്-XX-ൽ ഉൾപ്പെടുത്തി 3 പ്രവൃത്തികൾക്കും ആർ.ഐ.ഡി.എഫ്-XXII-ൽ ഉൾപ്പെടുത്തി 3 പ്രവൃത്തികൾക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്കായി 999.035 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പരമ്പരാഗത കൃഷി രീതികൾ പകർന്ന് കൊടുക്കാൻ പദ്ധതി

27 (1628) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി ജനതയുടെ പരമ്പരാഗത കൃഷിരീതികളും കൃഷിയിടങ്ങളും യുവകർഷകർക്ക് പകർന്ന് കൊടുക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

ഉണ്ട്. ആദിവാസി ജനതയുടെ പരമ്പരാഗത കൃഷിരീതികൾ ഉൾപ്പെടെയുള്ള ജൈവ കൃഷിരീതികൾ യുവകർഷകർക്ക് പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ഭാരതീയ പ്രകൃതി കൃഷി, മില്ലെറ്റ് വില്ലേജ് അട്ടപ്പാടി, അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം

28 (1629) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് എത്തിക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സേഫ് ടു ഈറ്റ് പദ്ധതി പ്രകാരമുള്ള 56-ാമത് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട് (2021 ഏപ്രിൽ മുതൽ 2022 മാർച്ചുവരെ നടത്തിയ 56-ാമത് റിപ്പോർട്ട് ) ഫലം അനുസരിച്ച് സംസ്ഥാനത്തെ പൊതു വിപണിയിൽനിന്നും ശേഖരിച്ച 32.87 ശതമാനം സാമ്പിളുകളിലും പച്ചക്കറിക്ക് ശിപാർശ ചെയ്യിട്ടില്ലാത്ത കുമിൾനാശിനി/കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്.

ബജിമുളക്, ചുവപ്പ് കാപ്സിക്കം, മഞ്ഞ കാപ്സിക്കം, ഉലുവയില എന്നിവയിലെ ശേഖരിച്ച എല്ലാ സാമ്പിളുകളിലും പച്ചക്കറിക്ക് ശിപാർശ ചെയ്യിട്ടില്ലാത്ത കുമിൾനാശിനി/കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. ചുവന്ന ചീര, പച്ച കാപ്സിക്കം, സാമ്പാർ മുളക്, മല്ലിയില, പച്ചമുളക്, കോവൽ, പുതിനയില, പാലക്ക്ഇല, പയർ, ഉള്ളിയില എന്നിവയിൽ പച്ചക്കറിയ്ക്ക് ശിപാർശ ചെയ്യിട്ടില്ലാത്ത കുമിൾനാശിനി/കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്.

കുമ്പളം, ബ്രക്കോളി, വയലറ്റ് കാബേജ്, ചേമ്പ്, ചേന, ഇഞ്ചി ചുരയ്ക്ക, വെളുത്തുള്ളി, പച്ചമാങ്ങ, പച്ചവാഴയ്ക്ക, ചെറിയ ഉള്ളി, മത്തൻ, രംഭയില, മുളപ്പിച്ച പയർ, മുളപ്പിച്ച മുതിര, നേന്ത്രൻ, മധുരക്കിഴങ്ങ്, ഉരുളക്കിഴങ്ങ്,

വാളരിപ്പയർ പച്ചച്ചീര എന്നിവയിലെ സാമ്പിളുകളുടെ പരിശോധനയിൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടില്ല.

(ബി) പച്ചക്കറി കൃഷിയിൽ കീടബാധ തടയുന്നതിന് കർഷകർ ഉപയോഗിക്കുന്ന കീടനാശിനികളും പച്ചക്കറികൾ കൂടുതൽ സമയം കേടുകൂടാതെ ഇരിക്കുന്നതിനായി പ്രയോഗിക്കുന്ന മരുന്നുകളും മനുഷ്യ ശരീരത്തിന് ഹാനികരമാകുന്നുണ്ടോ എന്ന് പരിശോധന നടത്തുന്നതിനുള്ള സംവിധാനം അതിർത്തി ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറിയിലുള്ള കീടനാശിനിയുടെ അളവ് അപ്പോൾത്തന്നെ തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ ലഭ്യമല്ല. കാർഷിക സർവ്വകലാശാലകൾ നടത്തിയ ഗവേഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ കീടബാധയ്ക്കുമുള്ള ജൈവരാസകീടനാശിനികൾ നിശ്ചയിച്ചിട്ടുള്ളത്. രാജ്യത്ത് കീടനാശിനികളുടെ ഇറക്കുമതി, ഉൽപ്പാദനം, വിപണനം എന്നിവ The Insecticides Act 1968, The Insecticides Rules 1971 എന്നിവ പ്രകാരം നിയന്ത്രിതമാണ്.

(സി) വിഷരഹിത പച്ചക്കറിയാണ് സംസ്ഥാനത്തേയ്ക്ക്

എത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറികൾ സംസ്ഥാനത്ത് എത്തുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്തുന്നതിന് നിലവിൽ സംവിധാനമില്ല. എന്നാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെയും ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ "സേഫ് ടു ഈറ്റ് " എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക

സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും വെബ്സൈറ്റിലും എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധികരിക്കുന്നുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായവുമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു.

അന്യ സംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ " ഞങ്ങളും കൃഷിയിലേയ്ക്ക്" പദ്ധതിയുടെ ഭാഗമായി സുരക്ഷിത ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് നാം നമ്മുടെ വീട്ടുവളപ്പിൽതന്നെ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന്റെ ആവശ്യകതയും അതുവഴി വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും സാധ്യമാകുമെന്ന അവബോധവും നൽകുന്നതിന് ഈ ക്യാമ്പയിനിലൂടെ സാധ്യമാകുന്നു.

കൂടാതെ പരമ്പരാഗതമായ കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ നടത്തിയ കൃഷിദർശൻ പരിപാടികളിലൂടെ വിഷരഹിത ഭക്ഷണം സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ ശ്രദ്ധ ഈ വഴിയ്ക്ക് തിരിച്ചുവിടുന്നതിനും സാധിച്ചിട്ടുണ്ട്. വൈഗ 2023-ലൂടെ ജൈവ പച്ചക്കറികൾ, പഴങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് നല്ല വില കിട്ടുന്നതിന് B to B സംവിധാനത്തിലൂടെ സാദ്ധ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## സപ്ലൈകോ വഴി സംഭരിച്ച നെല്ല്

29 (1630) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സപ്ലൈകോ മുഖേന കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2021-22, 2022-23 സീസണിലുകളിലായി നാളിതുവരെ (31.01.2023) സംഭരിച്ച നെല്ലിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംഭരിച്ച നെല്ലിന്റെ വില യഥാസമയം നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

2022-23 സീസൺ മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ഡിജിറ്റൽ പേമെന്റ് മാർഗ്ഗത്തിൽ നേരിട്ട് തുക നൽകുന്നു. ഇതിനായി എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ചേർന്നുള്ള കൺസോർഷ്യത്തിൽനിന്ന് 2,500 കോടി രൂപ സപ്ലൈകോ വായ്പ എടുക്കുകയുണ്ടായി. നാളിതുവരെ 46314 കർഷകർക്ക് 369.36 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ജനുവരി 31 വരെ ഏകദേശം 28698 കർഷകർക്ക് നൽകുവാനുള്ള 195 കോടി രൂപ വിതരണം ചെയ്യാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## നെല്ല് സംഭരണത്തിനുള്ള സംവിധാനങ്ങൾ

30 (1631) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; നെല്ലിന് നിർണ്ണയിച്ചിട്ടുള്ള താങ്ങുവില എത്രയെന്ന് വ്യക്തമാക്കുമോ?

2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള മില്ലുകളെ കണ്ടെത്തുന്നതിനായി പത്ര മാധ്യമങ്ങൾവഴി 2022 ജൂലൈ മാസം താല്പര്യപത്രം ക്ഷണിച്ചു. ഒന്നാംവിള (വിരിപ്പ്) നെല്ല് സംഭരണത്തിനായുള്ള കർഷക രജിസ്ട്രേഷനുവേണ്ടി വെബ് സൈറ്റ് (www.supplycopaddy.in) 2022 ആഗസ്റ്റ് ഒന്നുമുതൽ കർഷകർക്ക് തുറന്നു കൊടുക്കുകയും ഇതുസംബന്ധിച്ച് മാധ്യമങ്ങൾവഴിയും കൃഷി വകുപ്പുവഴിയും കർഷകരെ അറിയിക്കുകയും ചെയ്തു. മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടശേഷം 30.09.2022 മുതൽ നെല്ല് സംഭരണം ആരംഭിച്ചു. 2023 ജൂൺ മാസത്തോടെ 2022-23 സീസണിലെ നെല്ല് സംഭരണം അവസാനിക്കുന്നതാണ്. നെല്ല് സംഭരണം സുഗമമായി നടപ്പിലാക്കുന്നതിനായി ഫീൽഡ്തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ എല്ലാ ജില്ലകളിലേയ്ക്കുമായി കൃഷി വകുപ്പുമുഖേന സപ്ലൈകോ നിയോഗിക്കുകയും പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിക്കുന്നതിന് മുമ്പുതന്നെ നെല്ല് സംഭരിക്കുന്നതിനായി മില്ലുകൾക്ക് പാടം അനുവദിച്ച് നൽകുകയും

പാടശേഖരങ്ങളിൽ കൊയ്ത്ത് ആരംഭിക്കുന്ന മുറയ്ക്കുതന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തരം സപ്ലൈകോ നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നെല്ലിന് നിശ്ചയിച്ചിട്ടുള്ള താങ്ങുവില കിലോ ഗ്രാമിന് 20.40 രൂപയാണ്. സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ പ്രഖ്യാപിച്ച 7.80 രൂപയും ചേർത്ത് കിലോ ഗ്രാമിന് ആകെ 28.20 രൂപയാണ് കർഷകർക്ക് നൽകിവരുന്നത്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞവർഷം ആകെ ഉല്പാദിപ്പിച്ച നെല്ല് എത്രയാണെന്നും ഇതിൽ എത്ര നെല്ല് മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ; ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ?

സാമ്പത്തിക സ്ഥിതിവിവരവകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം 2021-22 വർഷത്തിൽ 854321.473 മെട്രിക് ടൺ നെല്ല് സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽ (2021-22) 254072 കർഷകരിൽ നിന്നായി 748403.193 ടൺ നെല്ലിന് കിലോയ്ക്ക് 28 രൂപ നിരക്കിൽ ആകെ 2095.52 കോടി രൂപ വിതരണം ചെയ്തു.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും താങ്ങുവില നൽകി സംഭരിക്കുവാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം

വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടി എന്തെല്ലാമെന്ന് അറിയിക്കുമോ?

സപ്ലൈകോ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കർഷകരുടെയും നെല്ല് ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി സംഭരിക്കുന്നുണ്ട്. 2021-22, 2022-23 സീസണുകളിൽ സപ്ലൈകോ വഴി നാളിതുവരെ (31.01.2023) സംഭരിക്കപ്പെട്ട നെല്ലിന്റെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു.+

## ആലത്തൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

31 (1632) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഭാഗമായി വണ്ടാഴി ഗ്രാമപഞ്ചായത്തിലാണ് ഒന്നാം വർഷം കേരഗ്രാമം നടപ്പിലാക്കിവരുന്നത്. സ്ഥല പരിശോധനയുടെ 90 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. 16 പമ്പ് സെറ്റുകൾ നൽകിയിട്ടുണ്ട്. അതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനവിനിയോഗം ഉടൻ പൂർത്തീകരിക്കും. അഞ്ച് മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ പണി പുരോഗമിച്ചുവരുന്നു. സ്ഥല പരിശോധന പൂർത്തീകരിച്ചതിന് ശേഷമേ ധനവിനിയോഗം നടത്തുകയുള്ളൂ.

(ബി) ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 250 ഏക്കർ (100 ha) സ്ഥലത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി നീക്കിവെച്ച തുക 25.67 ലക്ഷം രൂപയിൽ 9.9 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ഇതുവരെ അനുവദിച്ചിട്ടുണ്ടെങ്കിലും ചെലവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

32 (1633) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശവും ലഭ്യമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കേരഗ്രാമങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

2016 -17 തെക്കേക്കര -തഴക്കര - 500ha

2019-20 വള്ളികുന്നം -250 ha

2021 -22 പാലമേൽ -250 ha

2022-23 താമരക്കുളം- 100 ha

മേൽ പരാമർശിത പഞ്ചായത്തുകളിൽ താമരക്കുളം പഞ്ചായത്ത് ഒഴികെ ബാക്കി പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഓരോ കേരഗ്രാമങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

33 (1634) ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പുതുകൃഷി /ആവർത്തന കൃഷിക്ക് ഹെക്ടറിന് 25,000/-രൂപ നിരക്കിൽ ധനസഹായം റബ്ബർ ബോർഡ് മുഖേന നൽകിവരുന്നുണ്ട്. അതുകൂടാതെ ഉല്പാദനക്ഷമതാ വർദ്ധനവിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിന് ഹെക്ടർ പ്രതി 5,000 രൂപയും മരുന്ന് തളിക്കുന്നതിന് 7,500 രൂപയും ധനസഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ റബ്ബർ ഉല്പാദക സംഘങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണശാലയിലെ വിവിധ ആവശ്യങ്ങൾക്കായി പരമാവധി ആറു ലക്ഷം രൂപയും നൽകിവരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധനസഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ധനകാര്യവകുപ്പും

റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നല്കുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

(ബി) റബ്ബർ വില സ്ഥിരതാ ഫണ്ട് നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരിയാണ്. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10-01-2023 വരെ റബ്ബർ ബോർഡ്

പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 9.013 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) റബ്ബർ വില സ്ഥിരതാ ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/-രൂപയിൽനിന്നും 250/-രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24-12-2022-ലെ D.O. No. AGRI-893/Min/2022-AGRI നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല.

**നാളികേര കർഷകർക്ക് സഹായം**

34 (1635) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാളികേര കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ

നട്ടുപിടിപ്പിക്കുന്നതും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതുമാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സമഗ്രമായ നാളികേര പുനരുദ്ധാരണ - പുനഃനടീൽ പരിപാടികൾ എന്നിവ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . പദ്ധതിയിലെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

a) <u>കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ</u>:

2022-23 വർഷത്തിൽ ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിന് തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന്

25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാം വർഷം 100 കേരഗ്രാമങ്ങൾക്ക് 2567.0 ലക്ഷം രൂപ.

b) കേര രക്ഷാവാരം:

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs.6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപ്പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. മണ്ട വൃത്തിയാക്കൽ, തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും (പ്രത്യേകിച്ച് കൊമ്പൻ ചെല്ലി, ചെമ്പൻചെല്ലി) രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവക്കുറിച്ചുള്ള പരിശീലനം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം 433 ലക്ഷം രൂപ.

c) കേരഗ്രാമം രണ്ടാം വർഷം:

2022-23 വർഷത്തിൽ 84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ ധനസഹായം നൽകുന്നു.

i) തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം( 19.75 ലക്ഷം )

ii)പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം )

iii) കൃഷി ഭവനുകളുടെ പ്രവർത്തന ചെലവ് കേരഗ്രാമം(0.0500 ലക്ഷം)

സംസ്ഥാന പ്ലാൻ വിഹിതം രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് 1680 ലക്ഷം രൂപ.

d) കേരഗ്രാമം മൂന്നാം വർഷം:

2022-23 വർഷത്തിൽ 15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായം നൽകുന്നു.

തെങ്ങിൻ തോപ്പുകളുടെ വളമിടീൽ- ജൈവവളം/രാസവളം (6.00 ലക്ഷം/ കേരഗ്രാമം). സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷം രൂപ.

e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻ തൈകളുടെ വിതരണം:

തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ച്പ്പാടോടുകൂടി 2018 മുതൽ 2028 വരെ മുന്തിയ ഇനം തെങ്ങിൻതൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവകലാശാലയുടെ സെന്ററുകൾ, ആറളം

ഫാർമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ് എന്നിവിടങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 12,63,531 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്തിട്ടുള്ളത്. സംസ്ഥാന പ്ലാൻ വിഹിതം 820.3191 ലക്ഷം രൂപ.

f) വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും

വിത്ത് തേങ്ങാ സംഭരണ കാലയളവിൽ 16.5 ലക്ഷം നെടിയ വിത്ത് തേങ്ങയും 1.5 ലക്ഷം കുറിയ ഇനം വിത്ത് തേങ്ങയും 2 ലക്ഷം സങ്കരയിനം വിത്ത് തേങ്ങയും ഉൾപ്പെടെ ആകെ 20 ലക്ഷം വിത്ത് തേങ്ങ കർഷകരിൽനിന്നും സംഭരിക്കുന്നതാണ്. നെടിയ, കുറിയ ഇനം വിത്ത് തേങ്ങക്ക് ഒന്നിന് 70 രൂപ പ്രകാരവും സങ്കരയിനം വിത്ത് തേങ്ങക്ക് 75 രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽനിന്നും ശേഖരിക്കുന്നത്. ഈയിനത്തിൽ 1410 ലക്ഷം രൂപ കർഷകർക്ക് നൽകുന്നതാണ്. സംസ്ഥാന സർക്കാർ നാളികേര കർഷകരെ സഹായിക്കുവാൻ പച്ചത്തേങ്ങയുടെയും കൊപ്രയുടെയും സംഭരണം നടത്തുന്നു.

(i) പച്ചത്തേങ്ങ സംഭരണം

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായാണ് സംസ്ഥാന 1 സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ, FPO-കൾ, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകിയാണ് സംഭരിച്ചു വരുന്നത്. 02/02/2023 വരെ 23332 കർഷകരിൽനിന്നും 8443.285 MT പച്ചത്തേങ്ങ കേരഫെഡ് സംഭരിച്ചിട്ടുണ്ട്. 2023-24 സംസ്ഥാന ബഡ്ജറ്റിൽ പച്ചത്തേങ്ങയുടെ സംഭരണ വില 34/- രൂപയായി ഉയർത്താൻ ശിപാർശയുണ്ട്.

(ii) <u>കൊപ്ര സംഭരണം</u>

2022 സീസണിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കൊപ്രയുടെ താങ്ങുവില (പി.എസ്.സി) പദ്ധതി 2022 പ്രകാരം കേരളത്തിലെ കർഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിനുവേണ്ടി നിലവിൽ മാർക്കറ്റ് ഫെഡ്ഡിനെയാണ് സ്റ്റേറ്റ് ലെവൽ ഏജൻസി (SLA) ആയി പ്രഖ്യാപിച്ച്

പ്രവർത്തനങ്ങൾ നടത്തുന്നത്. സംഘങ്ങൾ കൊപ്രാ കർഷകരിൽനിന്നും സംഭരിക്കുന്നതോടൊപ്പം പച്ചത്തേങ്ങയും സംഭരിച്ച് കൊപ്രയാക്കി മാർക്കറ്റ് ഫെഡിന് നൽകിയിട്ടുണ്ട്.

## കാർഷിക മേഖലയിലെ ഉല്പാദനവും തൊഴിലും

35 (1636) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രത്യകിച്ചും ഭക്ഷ്യ, നാണ്യവിള മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കാനും കാർഷിക മേഖലയിൽ തൊഴിൽ സൃഷ്ടിക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യോത്പാദനവും ഉല്പാദനക്ഷമത പ്രത്യേകിച്ചും ഭക്ഷ്യ, നാണ്യവിളകളുടെ കാര്യത്തിൽ വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട്

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 252.12 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. പ്രസ്തുത പദ്ധതികളും അവയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിവരികയാണ്. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ടി പദ്ധതികൾ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ ഭക്ഷ്യ സംസ്കരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രംഗത്ത് നൂതന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. വാഴപ്പഴം, നാളികേരം, സുഗന്ധവ്യജ്ഞനങ്ങൾ, പൈനാപ്പിൾ, മറ്റ് ഫലങ്ങൾ, പച്ചക്കറികൾ എന്നിവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ തുടങ്ങിയവ ഉൾപ്പെടെ പ്രാഥമിക സംസ്കരണം മുതലുള്ള സംസ്കരണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നു.

കാർഷിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്റർ സർവ്വീസ് ഡെലിവറി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനം ഉപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

ആർ.കെ.വി.വൈ. 2019-20 കർഷകോല്പാദക സംഘടനകൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി പ്രകാരം 50 പുതിയ കർഷക ഉല്പാദക

സംഘടനകൾ ആരംഭിക്കുകയും 50 കർഷക ഉല്പാദക സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. കർഷകോല്പാദക സംഘടനകളിൽ സാമ്പത്തിക സേവനങ്ങൾ, മാർക്കറ്റ് അധിഷ്ഠിത കൃഷി, കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, പാക്കിംഗ്, മാർക്കറ്റിംഗ്, സാങ്കേതിക സേവനങ്ങൾ, ഫാം മെഷീനറിയും സ്കിൽഡ് ടെക്നീഷ്യൻമാരുടെ സേവനം, പൊതു സേവന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നത് വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

(ബി) കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നടപ്പിലാക്കുന്ന പരിഷ്കാരങ്ങളും ഈ മേഖലയിലെ പുതിയ കാഴ്ചപ്പാടും വിശദമാക്കാമോ?

കാർഷികമേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ഒട്ടനവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നു. എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ജനകീയ ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി

വരുന്നത്. എല്ലാവരെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവ കൂടാതെ മഴമറകൾ, ഫെർട്ടിഗേഷൻ, സൂക്ഷ്മ ജലസേചനം തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിനും ധനസഹായം നൽകിവരുന്നു. സ്ഥല പരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും പച്ചക്കറി ഉല്പാദനത്തിനായി വെർട്ടിക്കൽ ഫാർമിംഗ് യൂണിറ്റുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകി ഈ വർഷം നടപ്പിലാക്കിവരുന്നു.

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽതന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്നതുമായ കൃഷി ഭവനുകളിൽനിന്നും കൃഷിയെക്കുറിച്ച് മനസ്സിലാക്കുന്നതിനും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ

നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്ക് വേണ്ടിയുള്ള ഈ പദ്ധതി ലക്ഷ്യമിടുന്നത്.

സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ അധികവില നേടിയെടുക്കുവാൻ സാധിക്കും. ഇതിന് കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി ഇൻകുബേഷൻ സെന്ററുകൾ മുഖാന്തരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, കേന്ദ്ര സുഗന്ധ വിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ യുവ സംരംഭകർക്ക് സാധിക്കും. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ്

സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും യുവ സംരംഭകർക്ക് കാർഷിക മേഖലയിൽ പങ്കാളികളാകാവുന്നതാണ്.

കാർഷിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് 'ഫാം യന്ത്രവല്ക്കരണത്തിനുള്ള സഹായം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു.

2022-23 വർഷത്തിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതാണ്. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക

തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കാർഷികോല്പന്നങ്ങളുടെ ചെറുകിട ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമുള്ള സംരംഭകർക്കും കർഷക കൂട്ടായ്മകൾക്കും ചെറുകിട കർഷക കാർഷിക വ്യവസായ കൺസോർഷ്യം (SFAC) മുഖാന്തരം സാങ്കേതിക, സാമ്പത്തിക പിൻതുണ നൽകിവരുന്നു. പച്ചക്കറി ഇനങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ സംരംഭങ്ങൾക്ക് എസ്.എഫ്.എ.സി. മുഖേന നൽകിവരുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കർഷക താല്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്.

(i) <u>പച്ചത്തേങ്ങ സംഭരണം</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനുമായി കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ, FPO-കൾ , VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണ വില നൽകി സംഭരിച്ചുവരുന്നു. 02/02/2023 വരെ 23332 കർഷകരിൽനിന്നും 8443.288 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

(ii) <u>നെല്ല് സംഭരണം</u>

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് 2021-22 വർഷത്തിലെ താങ്ങുവിലയിൽനിന്ന് ഒരു രൂപ വർദ്ധിപ്പിച്ചു. 2022-2023 വർഷത്തിലെ സംസ്ഥാനത്തെ നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 20 രൂപ 40 പൈസയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2022-23 സീസണിലെ നെല്ലിന്റെ സംഭരണ വില 28.20 രൂപയായി സംസ്ഥാന സർക്കാർ വീണ്ടും വർദ്ധിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയ്ക്ക് പുറമെ

അധികമായി പ്രോത്സാഹന ബോണസുംകൂടി അധികമായി നൽകിയാണ് സംസ്ഥാന സർക്കാർ സംഭരണ വില 28.20 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. 2022-23 സീസണിൽ 06-02-2023 വരെ 2.030 ലക്ഷം മെട്രിക് ടൺ നെല്ല് 76,611 കർഷകരിൽ നിന്നായി സംഭരിച്ചിട്ടുണ്ട്.

iii) കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും

അതിൻപ്രകാരം ഉല്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക് നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾ വഴി സംഭരിക്കുകയും ചെയ്തു വരുന്നു.

(iv) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് 30-11-2022 വരെ പദ്ധതിയിൽ രജിസ്റ്റർ

ചെയ്യാൻ അനുമതി നൽകിക്കൊണ്ടാണ് സർക്കാർ 01-07-2022 മുതൽ 30-06-2023 വരെയുള്ള 8-ാം ഘട്ടം നടപ്പിലാക്കുന്നത്. 2022-23 വർഷത്തിൽ 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ളത്.

## കാർഷിക മേഖലയിലെ ഉല്പാദനക്ഷമത

36 (1637) ശ്രീ ഒ. ആർ. കേളു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലകളുടെ വളർച്ചാനിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2021-22 ലെ Quick estimate അനുസരിച്ച് 2021-22 ൽ 2020-21-നെ അപേക്ഷിച്ച് സംസ്ഥാനത്തെ കാർഷിക അനുബന്ധ മേഖലകളുടെ സ്ഥിരവിലയിലെ (at constant price) വളർച്ചാ നിരക്ക് 4.64 ശതമാനവും നിലവിലെ വിലയിലെ (at current price) വളർച്ചാ നിരക്ക് 6.66 ശതമാനവുമാണ്.

(ബി) സംസ്ഥാനത്തെ കാർഷിക വിളകളുടെ കാര്യത്തിലുള്ള കുറഞ്ഞ ഉല്പാദനക്ഷമത വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഈ മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള ഉല്പാദനക്ഷമത പരിശോധിച്ചതിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ട കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികളിലും സംയോജിത കൃഷിക്കുവേണ്ടിയുള്ള പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പും കാർഷിക അനുബന്ധ വകുപ്പുകളായ മൃഗസംരക്ഷണം, ഡയറി, മത്സ്യബന്ധനം, മണ്ണ് സംരക്ഷണം എന്നിവരും പ്രധാന പങ്കാളികളാണ്. കാർഷിക മേഖലയിൽ നടപ്പിലാക്കുന്നതും അനുമതി ലഭിച്ചതുമായ കാർഷിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ജലസേചന വകുപ്പിന്റെയും എഞ്ചിനീയറിംഗ് വകുപ്പിന്റെയും ഏകോപനം അത്യന്താപേക്ഷിതമാണ്. ഇത്തരത്തിൽ ഏകോപനം

ഉറപ്പാക്കുന്ന തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണ പദ്ധതികൾ പുരോഗമിക്കുന്നുണ്ട്. 2023-24 കാലയളവിൽ കൃത്യത കൃഷി, വിള വൈവിധ്യവൽക്കരണം, കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലുള്ള മാതൃക കൃഷിയിടങ്ങൾ മുതലായ നൂതന മാർഗ്ഗങ്ങൾവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്നതും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പങ്കാളിത്തത്തോടെയും ലക്ഷ്യം കൈവരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) വിപണനം, സംഭരണം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയ സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷം 35 ലക്ഷം രൂപ മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കിവച്ചിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും

സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് 2022-23 സാമ്പത്തിക വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവെച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്. കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, പച്ചക്കറി, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് സംഭരിച്ച് കർഷകരെ സഹായിക്കുന്നുണ്ട്. നിലവിൽ പച്ച തേങ്ങ കിലോ ഗ്രാമിന് 32 രൂപ നിരക്കിലും നെല്ല് കിലോഗ്രാമിന് 28.20 രൂപ നിരക്കിലുമാണ് സംഭരിക്കുന്നത്.

സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിലേയ്ക്കായി കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ഇക്കോഷോപ്പുകൾ നടത്തുന്നതിനായി 150

ലക്ഷം രൂപയും ഗ്രാമ ചന്തകളുടെ ശാക്തീകരണത്തിന് 33 ലക്ഷം രൂപയും, നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപ ഹോർട്ടിക്കോർപ്പിനായി നീക്കിവച്ചിട്ടുണ്ട്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. വി. എഫ്. പി. സി. കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO-കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO-കളും 2021-22 വർഷത്തിൽ 36 FPO-കളും 2022-23 വർഷത്തിൽ 2 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാന്റ് ചെയ്ത് പഴം പച്ചക്കറികൾ വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതി

VFPCK നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ഡി) കൃഷി, തദ്ദേശസ്വയംഭരണം, സഹകരണം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി വിപണന ശൃംഖല ശക്തിപ്പെടുത്താൻ നടത്തിവരുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രെഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ

അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ അടിസ്ഥാന വിലയ്ക്ക്, നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾ വഴി സംഭരിക്കുന്നതാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിലുള്ള 300 മാർക്കറ്റുകൾകൂടി നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 വർഷത്തിൽ 9763 കർഷകർക്കായി 7.938 കോടി രൂപയും 2022-23 വർഷത്തിൽ നാളിതുവരെ 1.4515 കോടി രൂപയും കർഷകരുടെ അക്കൗണ്ടിലേക്ക് DBT യായി നൽകിയിട്ടുണ്ട്.

(ഇ) കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന പദ്ധതികളുടെ കുറവ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും. ഈ പദ്ധതിയിൽ (2022-23) ഉൾപ്പെടുത്തി സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കിവരുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി

2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി. യ്ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് പദ്ധതി മാനദണ്ഡപ്രകാരം സഹായം നൽകുന്നു. 2021- 2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് 2,47,74,519/- രൂപയാണ് സബ്സിഡി ആയി എസ്.എഫ്.എ.സി. മുഖേന പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.

കൃഷിവകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ 80.10 ലക്ഷം രൂപ മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി അനുവദിച്ച 3 യൂണിറ്റുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 39.28 ലക്ഷം രൂപയും 4 യൂണിറ്റുകൾക്കായി മറ്റ് സ്ഥാപനങ്ങൾ വഴി 40.82 ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ 105 വ്യക്തിഗത മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി. FPO-കൾ വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കേന്ദ്ര എസ്.എഫ്.എ.സി. മുഖേന 2 എഫ്.പി.ഒ.-കളും, എസ്.എൽ.എസ്.സി. അംഗീകാരം ലഭിച്ച 45 എഫ്.പി.ഒ.-കളിൽനിന്നും എസ്.എഫ്.എ.സി. മുഖേന 41 എണ്ണവും,

വി.എഫ്.പി.സി.കെ. മുഖേന 41 എഫ്.പി.ഒ.-കളും രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ വിളയെ അടിസ്ഥാനമാക്കി നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയാണ് അഗ്രോപാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിനാണ് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നത്. കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തിൽ വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും പ്രകാരം (2022-23) മൂല്യ വർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഒ.-കൾ എന്നിവയ്ക്ക് മൂല്യവർദ്ധിത യൂണിറ്റുകൾ മുഖേനയുള്ള വിപണനത്തിനും ശാക്തീകരണത്തിനുമായി കൃഷി വകുപ്പിന് കീഴിലെ ചെറുകിട വ്യാപാര കാർഷിക കൺസോർഷ്യം (എസ്.എഫ്.എ.സി.) വഴി മാനദണ്ഡങ്ങൾക്കനുസൃതമായി നൽകുന്നതിന് 140 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 20 ശതമാനം സബ്സിഡി നിരക്കിൽ

കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ (PACS), കാർഷിക കർമ്മസേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി 'മൂല്യവർദ്ധിത കാർഷിക മിഷൻ' രൂപീകരിച്ചിട്ടുണ്ട്.

**കശുവണ്ടി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

37 (1638) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കശുവണ്ടി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ?

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവിന്റെ വിള വിസ്തൃതി വ്യാപനത്തിനായി കൃഷി ചെലവിന്റെ 40 ശതമാനം പരമാവധി ഹെക്ടറിന് 12000/- രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ പ്രോജക്ട് അധിഷ്ഠിതമായി പ്രാഥമിക സംസ്കരണത്തിന് യൂണിറ്റൊന്നിന് 40 ശതമാനം പരമാവധി 10 ലക്ഷം രൂപ ധനസഹായമായി നൽകുന്നതാണ്.

## സോളാർ വേലികൾ

38 (1639) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗ ശല്യത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് സോളാർ വേലികൾ സ്ഥാപിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് കൃഷിവകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

സംസ്ഥാന കൃഷിവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ആനുകൂല്യം അനുവദിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി 50 ലക്ഷം രൂപ 'മാനേജ്മെന്റ് ഓഫ് വൈൽഡ് അനിമൽ അറ്റാക്ക്' എന്ന ഘടകത്തിൽ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് ഒരു ബൃഹത്തായ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ

പരിശോധിച്ചുവരുന്നു.

## കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

39 (1640) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കാർഷികോല്പാദനം, കർഷകരുടെ വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും പരിപാടികളുമാണ് കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. പ്രസ്തുത ലക്ഷ്യ സാക്ഷാത്കാരത്തിനായി 'ഞങ്ങളും കൃഷിയിലേക്ക് ' എന്ന ജനകീയ ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ആഗസ്റ്റ് 17) കർഷകദിനത്തോടനുബന്ധിച്ച് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിയും ആരംഭിച്ചു.

കർഷകരുടെ വരുമാന വർദ്ധനവ് ആദ്യപരിഗണനയായി മുന്നിൽകണ്ട് 14-ാം പഞ്ചവത്സര പദ്ധതി കാലം മുതൽ ഈ സർക്കാർ സ്വീകരിച്ചുവരുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. വിള കേന്ദ്രീകൃത ആസൂത്രണത്തിൽനിന്നും വിഭിന്നമായി കൃഷിയിടത്തിന്റെ സാധ്യതകൾ മുന്നിൽ കണ്ട് സ്വീകരിക്കുന്ന ശാസ്ത്രീയമായ സമീപനമാണിത്. നിലവിൽ വിള അടിസ്ഥാനമായുള്ള പദ്ധതികളോടൊപ്പംതന്നെ സമുചിതമായ ഭൂവിനിയോഗം കൈവരിക്കുക, സംയോജിത പോഷക പരിപാലന രീതികൾ പ്രോത്സാഹിപ്പിക്കുക, ദുരന്തനിവാരണ തന്ത്രമായി സമ്മിശ്ര കൃഷി പ്രോത്സാഹിപ്പിക്കുക, വിവിധ വിള സമ്പ്രദായങ്ങളിൽ വിള വൈവിധ്യം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികളും നടപ്പിലാക്കുന്നു. കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽതന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയാണ് കൃഷി ദർശൻ. സാങ്കേതിക വിദ്യ കൈമാറ്റം, വിപണനം, മൂല്യവർദ്ധന എന്നിവ

ഉൾപ്പെടെയുള്ള കാർഷിക വിജ്ഞാന വ്യാപനത്തിനാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

കാർഷിക ഉന്നമനത്തിനും കർഷകരുടെ വരുമാന വർദ്ധനവിനുമായി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന പ്രധാന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി 'മൂല്യവർദ്ധിത കാർഷിക മിഷൻ' രൂപീകരിച്ചിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് നൽകുന്നതിലെ കാലതാമസം

40 (1641) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നൽകുന്ന തുക ഏത് വർഷംവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി നടപ്പുസാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 4.8939426 കോടി രൂപ 5869 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത തുക 2021 ഏപ്രിൽ മാസംവരെയുള്ള നഷ്ടപരിഹാരത്തിനായി എയിംസ് മുഖേന സമർപ്പിച്ച അപേക്ഷകളിൽ അംഗീകരിച്ച ക്ലെയിമുകളുടെ തുക വിതരണം നടത്തിയിട്ടുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകുന്നതിന് നടപ്പുസാമ്പത്തിക വർഷത്തിൽ 30 കോടി രൂപ ബഡ്ജറ്റ് വിഹിതമായും 10 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിട്ടുണ്ട്. അതിൽ 39.99 കോടി രൂപ 25563 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത തുക 2022 മേയ് മാസം വരെയുള്ള നഷ്ടപരിഹാരത്തിനായി എയിംസ് മുഖേന സമർപ്പിച്ച അപേക്ഷകളിൽ അംഗീകരിച്ച ക്ലെയിമുകളുടെ തുക വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽനിന്നും 4.03 ലക്ഷം രൂപ ഈ ഇനത്തിൽ 46 കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

(ബി) നഷ്ടപരിഹാരത്തുക നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾമൂലം വിളനാശം അധികരിക്കുന്ന സാഹചര്യത്തിൽ ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് മതിയായ തുക ബഡ്ജറ്റിൽ ലഭ്യമല്ലാത്തതിനാലാണ് പലപ്പോഴും സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകുന്നതിന് കാലതാമസം നേരിടുന്നത്.

(സി) കാലവിളംബമില്ലാതെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭംമൂലമുള്ള കൃഷി നഷ്ടത്തിന് റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന SDRF-നു പുറമെ കൃഷി വകുപ്പ് സംസ്ഥാന വിഹിതംകൂടി ചേർത്താണ് കർഷകർക്ക് നൽകിവരുന്നത്. സർക്കാരിൽനിന്നും അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധികമായി തുക ആവശ്യം വന്നതിനാലാണ് സമയബന്ധിതമായി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടായത്. അതിനാൽ ഇനിയും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

41 (1642) <u>ശ്രീ. മോൻസ് ജോസഫ്</u>:

<u>ശ്രീ. അനൂപ് ജേക്കബ്</u>:

<u>ശ്രീ. മാണി സി. കാപ്പൻ</u>:

<u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കർഷക കടാശ്വാസ കമ്മീഷന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 18.9 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 34.9004 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ശമ്പള ഇനത്തിൽ 122.47 ലക്ഷം രൂപ വീതവും ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപ വീതവും ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. ഇതിനുപുറമെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ അധിക ധനാനുമതി മുഖേന 160 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കടക്കെണിയിലായ കർഷകരുടെ ഈടുവച്ച ആധാരങ്ങൾ ബാങ്കുകളിൽനിന്നും തിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

കടാശ്വാസം അനുവദിച്ചുകൊണ്ട് കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷക വിഹിതം അടച്ചു കഴിഞ്ഞാൽ സർക്കാരിൽനിന്നുള്ള വിഹിതം ലഭിക്കുന്നതിന് കാത്തുനില്ക്കാതെ കർഷകരുടെ ഈട് പ്രമാണങ്ങൾ തിരികെ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ ഈട് പ്രമാണങ്ങൾ മടക്കി നൽകണമെന്ന് സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ വിവിധ സർക്കുലറുകൾ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. രേഖകൾ മടക്കി നൽകുന്നതിൽ ചില സഹകരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ കർഷകവിഹിതം അടച്ച് കഴിഞ്ഞാൽ പ്രമാണം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കർഷകർക്ക് സഹകരണ ബാങ്കുകൾ ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കടാശ്വാസ കമ്മീഷൻ ഉത്തരവുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക വിതരണം ചെയ്യുന്നത്. ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷൻ നടത്തുന്നതിനുമുമ്പായി അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

(ഡി) കൃഷി മുഖ്യ വരുമാനമായിട്ടുള്ളവർ കാർഷികാവശ്യത്തിന് എടുത്ത കുടിശികയായിട്ടുള്ള വായ്പകളിൽ ഇളവ് അനുവദിക്കുന്നതിനായി കമ്മീഷൻ സിറ്റിംഗ് നടത്തുന്നുണ്ടോ; പ്രസ്തുത കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

വായ്പകളിൽ ഇളവ് അനുവദിക്കുന്നതിനായി കമ്മീഷൻ സിറ്റിംഗ് നടത്തിവരുന്നുണ്ട്. കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഇതുവരെ മുടങ്ങിയിട്ടില്ല. എന്നാൽ 2023 ജനുവരിയിലെ ശമ്പള വിതരണത്തിൽ 11 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

**വിളനാശം സംഭവിച്ച കർഷകനുള്ള നഷ്ടപരിഹാരം**

42 (1643) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി കൃഷിഭവൻ പരിധിയിൽ 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭംമൂലം വിളകൾക്ക് നാശനഷ്ടം സംഭവിച്ച അഹമ്മദ് നാഗാളിക്കാവ് എന്ന കർഷകന് നഷ്ടപരിഹാരത്തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകന്റെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച പിഴവുമൂലം പണം നൽകാൻ കഴിഞ്ഞിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി പുതുപ്പാടി കൃഷി ഓഫീസർ കൃഷി വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രീ. അഹമ്മദ് നാഗാളിക്കാവിന് നഷ്ടപരിഹാരത്തുകയായി എസ്.ഡി.ആർ.എഫ്. വിഹിതം 2,834/- രൂപയും സംസ്ഥാന വിഹിതം 19,001/- രൂപയും അനുവദിച്ചിരുന്നു. എസ്.ഡി.ആർ.എഫ്. വിഹിതമായ 2,834/- രൂപ 31-01-2022-ൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാന വിഹിതമായ 19,001/- രൂപ ടിയാൻ ഓൺലൈനായി രജിസ്റ്റർ ചെയ്തപ്പോൾ ഉണ്ടായ അക്കൗണ്ട് നമ്പറിലെ

സാങ്കേതിക പിഴവുമൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയത്തിൽ കൃഷി ഡയറക്ടർ ലഭ്യമാക്കിയ കത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നടപടിക്രമം പുറപ്പെടുവിച്ച് തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ 02-11-2022-ലെ 871/വി.ഐ.പി./എം./(അഗ്രി.)/22 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

പരാതി സംബന്ധിച്ച അന്വേഷണത്തിൽ എസ്.ഡി.ആർ.എഫ്. വിഹിതമായ 2,834/- രൂപ 31-01-2022-ൽ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും എന്നാൽ സംസ്ഥാന വിഹിതമായ 19,001/- രൂപ അക്കൗണ്ട് നമ്പറിലെ പിഴവുമൂലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും മനസ്സിലായിട്ടുണ്ട്. സംസ്ഥാന വിഹിതമായി അനുവദിച്ച തുക കർഷകന് ലഭ്യമാക്കുന്നതിനുവേണ്ടി പുതുക്കിയ നടപടിക്രമം പുറപ്പെടുവിച്ച് ഈ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം കൃഷി ഡയറക്ടർക്ക് നല്കിയിട്ടുണ്ട്.

## കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം

43 (1644) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരവും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടാകുന്ന വരൾച്ചയും കനത്ത മഴയും വെള്ളപ്പൊക്കവും കാരണം വ്യാപകമായി കൃഷിനാശം സംഭവിക്കുന്നുണ്ട്. തന്മൂലം നഷ്ടപരിഹാര വിതരണത്തിനായി ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്നുണ്ട്. പ്രസ്തുത തുക അധിക ധനാനുമതിയായി അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭ നഷ്ടപരിഹാര ഇനത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 489.39426 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി 3,000 ലക്ഷം രൂപയും അധിക ധനാനുമതിയായി 1,000 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ

3,999.62926 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും 4.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) കൃഷിനാശ നഷ്ടപരിഹാരത്തിനായി ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എന്നുവരെ ലഭിച്ച അപേക്ഷകൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

കൃഷിനാശത്തിനായി ഈ സർക്കാരിന്റെ കാലത്ത് 68846 അപേക്ഷകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 383787 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ളവ പൂർണ്ണമായും തീർപ്പാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്തുള്ളവയിൽ 13-05-2021 വരെയുള്ള എയിംസ് പോർട്ടൽ മുഖേന അംഗീകരിച്ചുവന്ന അപേക്ഷകൾക്ക് തുക നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലത്തും കഴിഞ്ഞ സർക്കാരിന്റെ കാലത്തും കർഷകർക്കുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും വിശദമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായ കൃഷി നാശത്തിനുള്ള നഷ്ട പരിഹാരത്തിനുള്ള അപേക്ഷ പൂർണ്ണമായും തീർപ്പ് കല്പിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ നല്കുവാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) കർഷക ജീവിതം കടുത്ത പ്രതിസന്ധി നേരിടുന്നത് കണക്കിലെടുത്ത് നഷ്ടപരിഹാരം സമയബന്ധിതമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രകൃതിക്ഷോഭംമൂലമുള്ള എസ്.ഡി.ആർ.എഫ്. വിഹിതത്തിനുപുറമെ സംസ്ഥാന വിഹിതവും അനുവദിക്കുന്നുണ്ട്. വിളനാശം അധികരിക്കുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി തുക ആവശ്യമായി വന്നിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാക്കി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്.

**മുണ്ടേരി അഗ്രി ഫാം**

44 (1645) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന മുണ്ടേരി അഗ്രി ഫാമിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; അഗ്രി ഫാം ആരംഭിക്കുവാൻ നേരിടുന്ന കാലതാമസം വ്യക്തമാക്കുമോ; അഗ്രി ഫാം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

'മുണ്ടേരി അഗ്രി ഫാം' എന്ന പദ്ധതി നിർദേശത്തിൽ മുണ്ടേരി ഗ്രാമ പഞ്ചായത്തിന്റെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനു വേണ്ട നിർദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒരു കോടി രൂപ അടങ്കൽ തുകയുള്ള ടി പദ്ധതിയിൽ കൃഷിവകുപ്പിന്റെ വിഹിതമായി 40 ലക്ഷം രൂപയും മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, കൃഷി എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ വിഹിതമായി 60 ലക്ഷം രൂപയുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 2021-22-ലെ കൃഷിവകുപ്പിന്റെ ബഡ്ജറ്റിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മുണ്ടേരി അഗ്രി ഫാം പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വിള വികസന ഘടകങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പ് മുഖേന നടപ്പാക്കികൊണ്ടിരിക്കുന്ന വിവിധ കാർഷിക വികസന പദ്ധതികളിലും അടിസ്ഥാന സൗകര്യ വികസനം, യന്ത്രവത്കരണം എന്നിവ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രോജക്ടുകളിലും ഉൾപ്പെടുത്തി നടപ്പിലാക്കുവാനുള്ള നിർദ്ദേശം കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിരുന്നു. കൃഷിയിടാസൂത്രണ (Farm Plan) വികസന സമീപനത്തിന്റെ ഭാഗമായുള്ള സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ കൃഷി അനുബന്ധ മേഖലകളെയും ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി ഡയറക്ടർക്ക് സർക്കാർ തലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. മുണ്ടേരി അഗ്രി ഫാം പ്രോജക്ടുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മുണ്ടേരി അഗ്രി ഫാം 1860 -ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് 21 പ്രകാരം 72 മെമ്പർമാരെ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. പ്രസ്തുത പദ്ധതിക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിലേയ്ക്ക് മുണ്ടേരി ഗ്രാമപഞ്ചായത്ത് ജലസേചനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2

ഏക്കർ ഭൂമി വിട്ടുകിട്ടുന്നതിനായി സർക്കാർ തലത്തിൽ നടപടി കൈക്കൊണ്ടുവരുന്നു.

3. പരിസ്ഥിതി ദിനത്തിൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുള്ള 2000 വൃക്ഷതൈകൾ ഉല്പാദിപ്പിച്ചു നൽകിയിട്ടുണ്ട്.

4. ഒന്നാം വിള നെൽകൃഷി 1 ഹെക്ടർ തരിശ് കൃഷി ഇറക്കിയിട്ടുണ്ട്.

5. രണ്ടാം വിളയ്ക്ക് 10 ഏക്കർ തരിശ് വയൽ കൃഷിയോഗ്യമാക്കുന്നതിന് നിലം ഒരുക്കിയിട്ടുണ്ട്.

മുണ്ടേരി അഗ്രി ഫാം പദ്ധതി നടപ്പിലാക്കുന്നതിന് സ്വന്തമായി സ്ഥലമില്ല എന്നതാണ് നേരിടുന്ന പ്രധാന പ്രശ്നം. ആവശ്യമായ സ്ഥലവും പ്രത്യേകമായി ഫണ്ടും ലഭ്യമാകുന്നതോടെ മുണ്ടേരി അഗ്രി ഫാം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനാവുന്നതാണ്.

## സ്മാർട്ട് കൃഷി ഭവനുകൾ

45 (1646) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര സ്മാർട്ട് കൃഷി ഭവനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ കൃഷി ഭവനകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ 140 നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കേണ്ട 139 കൃഷിഭവനകളുടെ പട്ടിക ലഭ്യമാക്കിയതു പ്രകാരമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്മാർട്ട് കൃഷിഭവനകളാക്കേണ്ട കൃഷിഭവനകളെ തെരഞ്ഞെടുത്തത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുത്ത 28 കൃഷിഭവനകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14

കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുള്ള നടപടികളും കെ.എൽ.ഡി.സി. മുഖാന്തരം പുരോഗമിക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ പുതുതായി എത്ര സ്മാർട്ട് കൃഷി ഭവനുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

2022-23 സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 3 കൃഷിഭവനുകൾക്കാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി ഭരണാനുമതി ലഭ്യമായിട്ടുള്ളത്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും മാരാരിക്കുളം സൗത്ത് കൃഷിഭവൻ, ചേർത്തല നിയോജകമണ്ഡലത്തിൽനിന്നും ചേർത്തല സൗത്ത് കൃഷിഭവൻ, ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്നും മുളക്കുഴ കൃഷിഭവൻ എന്നിവയാണ് ഭരണാനുമതി ലഭ്യമായിട്ടുള്ള കൃഷിഭവനുകൾ.

പ്രസ്തുത കൃഷിഭവനുകളിൽ സ്മാർട്ട് കൃഷിഭവൻ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ടെക്നിക്കൽ കമ്മിറ്റികളുടെ യോഗം ചേരുകയും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായും ഫ്രണ്ട് ഓഫീസ് സംവിധാനത്തിനായും പഞ്ചായത്ത് ഡെപ്പോസിറ്റ്

വർക്കായി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ, വിള ആരോഗ്യ ക്ലിനിക്കുകൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങൽ നടപടികൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് പുരോഗമിച്ചുവരുന്നു.

ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം കുട്ടനാട് നിയോജകമണ്ഡലത്തിൽനിന്നും നെടുമുടി കൃഷിഭവനാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി ഭരണാനുമതി ലഭ്യമായിട്ടുള്ളത്. ടി പദ്ധതി കെ.എൽ.ഡി.സി. മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ സ്ഥലം കൈമാറ്റ ഡോക്യുമെന്റേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത കൃഷി ഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും പൊതുജനങ്ങൾക്ക് കൃഷി അറിവ് പ്രദാനം ചെയ്യുന്നതിൽ സ്മാർട്ട് കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും വിശദീകരിക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക

സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തുകൊണ്ട് കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. വിള പരിപാലന ക്ലിനിക്കുകളുടെ നിർമ്മാണം/ശാക്തീകരണം നടത്തുന്നതിലൂടെ കർഷകർക്ക് കാർഷിക വിജ്ഞാന വ്യാപനം സാധ്യമാകുകയും അതിലൂടെ കീടരോഗ നിയന്ത്രണങ്ങൾക്കുള്ള സത്വര പരിഹാര മാർഗ്ഗങ്ങൾ സാധ്യമാകുകയും ചെയ്യുന്നു. സേവനങ്ങൾ ഓൺലൈനായി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.

കൂടാതെ കർഷകരുടെ കൃഷിസ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടുകൂടിയുള്ള

ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ വിള ഇൻഷ്വറൻസ് പദ്ധതി

46 (1647) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ 2021-22 -ൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത വിളനാശം സംഭവിച്ച എല്ലാ കർഷകർക്കും ഇൻഷ്വറൻസ് തുക നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കർഷകർക്ക് തുക അനുവദിച്ചുവെന്നും ആകെ എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വർഷത്തെ വിള ഇൻഷ്വറൻസ് തുക ഇനത്തിൽ കുടിശ്ശികയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മണലൂർ മണ്ഡലത്തിൽ 2021-22 വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത വിളനാശം സംഭവിച്ച 87 കർഷകർക്ക് തുക അനുവദിച്ചിട്ടുള്ളതും 17,19,030/- രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

(സി) മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാത്ത കർഷകരുടെ വിളനാശത്തിന് 2021-22-ൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മണ്ഡലത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാത്ത 175 കർഷകർക്കായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 8,49,347/- രൂപ അനുവദിക്കുകയും ആയതിൽ 8,35,633/- രൂപ ഇതുവരെ വിതരണം ചെയ്തിട്ടുള്ളതുമാണ്. വിതരണം ചെയ്യാനുള്ള ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മടിക്കൈ പഞ്ചായത്തിലെ വിള ഇൻഷ്വറൻസ്**

47 (1648) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവുമധികം വാഴ കൃഷി ചെയ്യുന്ന പഞ്ചായത്തുകളിലൊന്നായ മടിക്കൈയിലെ വാഴ കർഷകർക്ക് സാങ്കേതിക പ്രശ്നങ്ങൾമൂലം വിള ഇൻഷ്വർ ചെയ്യാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മടിക്കൈയിലെ വാഴ കർഷകർക്ക് വിള ഇൻഷ്വർ ചെയ്യാൻ പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. മടിക്കൈയിലെ വാഴ കർഷകർ വാഴകൃഷി ചെയ്യുന്നത് കൂടുതലും പുഴയുടെ തീരത്താണ്. ഈ മേഖല വെള്ളപ്പൊക്ക സാധ്യത മേഖലയിൽ ഉൾപ്പെട്ടതാണ്. ഈ വിവരങ്ങൾ ശരിവെക്കുന്ന കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ ബന്ധപ്പെട്ട മേഖലയുടെ ഫ്ലഡ് മാപ്പ് ലഭ്യമാണ്. ഇവിടെ വാഴകൃഷി തുടങ്ങുമ്പോൾ മഴപെയ്ത് വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. ഇത്തരം സ്ഥലങ്ങളിൽ വാഴകൃഷി ചെയ്താൽ നശിക്കുമെന്ന് ഉറപ്പുള്ളതിനാൽ ഇത്തരം പ്രദേശങ്ങളിൽ വാഴകൃഷി പ്രോത്സാഹിപ്പിക്കുവാൻ സാധിക്കുകയില്ല. ഇത്തരം സാങ്കേതിക പ്രശ്നങ്ങളാൽ വാഴകൃഷിക്ക് ഇൻഷ്വറൻസ് അനുവദിച്ചു വരുന്നില്ല. ഇത്തരം സ്ഥലങ്ങളിൽ അല്ലാതെ വാഴ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന അംഗങ്ങളാകാവുന്നതാണ്.

**റബ്ബറിന്റെ വിലത്തകർച്ച**

48 (1649) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി സംസ്ഥാനത്ത് റബ്ബർ വിലയിടിവിന് കാരണമായിട്ടുള്ളതിനാൽ കേന്ദ്ര സർക്കാരിനോട് പരിഹാര നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടി ഉണ്ടായില്ല.

(ബി) റബ്ബറിന്റെ ഉല്പാദന ചെലവ് കിലോയ്ക്ക് 250 രൂപയോളം വരുമെന്ന് കണക്കാക്കിയിട്ടുള്ളതിനാൽ പ്രൊഡക്ഷൻ ഇൻസെന്റീവ് 250 രൂപ ആക്കുന്നതിനുവേണ്ട ധനസഹായം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച പ്രതികരണം അറിയിക്കാമോ?

ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/- രൂപയിൽനിന്നും 250/- രൂപയായി ഉയർത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്രസർക്കാരിനോട് 24/12/2022-ലെ കത്ത് നമ്പർ D.O.No. Agri 893/Min/ 2022/Agri നം. പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല .

(സി) റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ അപ്രസക്തമാക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ റബ്ബർ നിയമത്തിൽ ഭേദഗതി വരുത്താൻ പോകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ?

പുതിയ കരട് റബ്ബർ ബില്ലിൽ റബ്ബർ ബോർഡിന്റെ ഘടനയിൽ വരുത്താൻ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ കേരളത്തിലെ റബ്ബർ കർഷകരെ ബാധിക്കുന്ന മാറ്റങ്ങൾ എന്നിവയിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## മറ്റത്തൂർ വി.എഫ്.പി.സി.കെ.-ക്ക് നൽകുവാനുള്ള തുക

49 (1650) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിൽനിന്നും പച്ചക്കറി വിറ്റ വകയിൽ മറ്റത്തൂർ വി.എഫ്.പി.സി.കെ.-ക്ക് നൽകാനുള്ള തുക നാളിതുവരെ നല്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക സംഖ്യ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് തുക ഉടൻ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ഉണ്ട്. മറ്റത്തൂർ വി.എഫ്.പി.സി.കെ വിപണിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 16,14,466/- രൂപ നൽകിയിട്ടുണ്ട്. 2022 ഡിസംബർ വരെയുള്ള ബില്ലുകളുടെ കുടിശ്ശികയായ 24,93,453/- രൂപ നൽകുവാനുണ്ട്. കുടിശ്ശിക തുക ഉടൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പച്ചക്കറികളും പഴവർഗ്ഗങ്ങളും ഹോർട്ടികോർപ്പ് സമാഹരിക്കുമ്പോൾ ആയതിന്റെ വില കാലതാമസം കൂടാതെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും ക്രമീകരണങ്ങളും സ്വീകരിക്കുമോ?

കർഷകരിൽനിന്നും ഹോർട്ടികോർപ്പ് സമാഹരിക്കുന്ന പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും വില വിറ്റുവരവിനനുസരിച്ച്

കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികളും ക്രമീകരണങ്ങളും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.

**പെരുമ്പാവൂർ മണ്ഡലത്തിലെ പദ്ധതികൾ**

50 (1651) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ജല, മണ്ണ് സംരക്ഷണ പദ്ധതികളിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ ?

പെരുമ്പാവൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXVI പദ്ധതിയിൽ ഉൾപ്പെടുത്തി ഒക്കൽ പഞ്ചായത്തിലെ കൊട്ടുവേലിത്തുറയുടെയും സമീപ പാടശേഖരങ്ങളുടെയും അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുമാണ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2023 ജൂണിൽ പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

| **ആർ.ഐ. ഡി.എഫ്.** | **ട്രാഞ്ചെ പ്രവൃത്തിയുടെ പേര്** | **നിലവിലെ സ്ഥിതി** |
|---|---|---|
| XIX | പായിപ്ര പഞ്ചായത്തിലെ തൃക്കളത്തൂർ ചിറ, നെല്ലിക്കുഴി പഞ്ചായത്തിലെ കോട്ടച്ചിറ എന്നീ കുളങ്ങൾ | പ്രവൃത്തികൾ പൂർത്തീകരിച്ചു |
| XXVI | കൊട്ടുവേലിത്തറ കുളപ്രവൃത്തി | പുരോഗമിച്ചുവരുന്നു |

(സി) ആർ.ഐ.ഡി.എഫ്. മുഖേന ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഈ വർഷം നിലവിൽ യാതൊരു പദ്ധതികൾക്കും അനുമതി ലഭിച്ചിട്ടില്ല.

## ആഗ്രോ സർവ്വീസ് സെന്ററുകൾ

51 (1652) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന ആഗ്രോ സർവ്വീസ് സെന്ററുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്ക്, ആലത്തൂർ ബ്ലോക്ക്, ഷോർണ്ണൂർ ബ്ലോക്ക് എന്നിവിടങ്ങളിലാണ് 2022-23 വർഷത്തിൽ അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നത്.

(ബി) ഓരോ ആഗ്രോ സർവ്വീസ് സെന്ററിനും എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ പുതിയ കൃഷിശ്രീ സെന്ററുകൾക്കും (ആഗ്രോ സർവീസ് സെന്ററിനും) നടപ്പ് സാമ്പത്തിക വർഷം 32.5334 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. പ്രസ്തുത തുകയുടെ ഉപഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കാർഷിക യന്ത്രങ്ങൾ വാങ്ങൽ | 22 |
| 2 | ഓഫീസ് സ്ഥാപിക്കൽ | 2 |
| 3 | മെയിന്റനൻസ് ഫണ്ട് | 3 |
| 4 | പ്രവർത്തന ചെലവ് | 2.4334 |
| 5 | അംഗങ്ങൾക്കുള്ള പരിശീലനം | 3.10 |
| | ആകെ | 32.5334 |

(സി) ആഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്കുകളുടെ പേരുവിവരം വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ ആലത്തൂർ, തൃത്താല, ഷൊർണ്ണൂർ എന്നീ ബ്ലോക്കുകളിലാണ് അഗ്രോ സർവ്വീസസ് സെന്റർ/കൃഷി സെന്ററുകൾ ആരംഭിക്കുന്നത്.

**കൂത്തുപറമ്പ് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം**

52 (1653) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അഗ്രോ പ്രോസസിംഗ്, അനിമൽ ന്യൂട്രിഷൻ എന്നിവയ്ക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം സെന്ററിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കോഴ്സുകൾക്ക് കേരള പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ലെന്ന വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ബയോ റിസോഴ്സ് കം അഗ്രോ സർവ്വീസ് സെന്റർ എന്ന സ്ഥാപനത്തിൽ Agro Processing and Value Addition (രണ്ടു സെമസ്റ്റർ), Animal Nutrition and Feed Plant Technology (ഒരു സെമസ്റ്റർ) എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് സ.ഉ.(കൈ) നം.26/ 2021/ കൃഷി, തീയതി 13-02-2021 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് ASAP-ന്റെ അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർതലത്തിൽ കോഴ്സുകൾ തുടങ്ങുകയാണെങ്കിൽ Guest Faculties-നെ അവരുടെ തനത് ജോലികൾക്ക് ഭംഗം വരാത്ത വിധത്തിൽ വിട്ടുനല്കാമെന്നും ആവശ്യമായ Technical Support നല്കാമെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാറും കേരള വെറ്റിനറി & ആനിമൽ സയൻസസ് സർവകലാശാല രജിസ്ട്രാറും അറിയിച്ചിട്ടുണ്ട്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ((MPI) യുമായി ചേർന്നു ബുച്ചറി മാനേജ്മെന്റ് കോഴ്സ് തുടങ്ങുന്ന കാര്യം പരിഗണിച്ചുവരുന്നു. മൃഗസംരക്ഷണ

രംഗത്തെ സ്റ്റാർട്ട് അപ്പ് ആരംഭിക്കുന്നതിനും സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്ന Incubation centre മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Incubation സെന്ററുമായും Kerala Start up മിഷനുമായും സഹകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. BESST HORT (Government of India), MSME മിനിസ്റ്ററി എന്നിവയുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തിവരുന്നു. കൃഷി മൃഗസംരക്ഷണ മേഖലയിൽ ബാച്ചലർ ഓഫ് വൊക്കേഷണൽ സ്റ്റഡീസ്, ബിരുദ കോഴ്സ് തുടങ്ങുന്നതിനുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു.

(ഡി) സൊസൈറ്റി ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സെന്ററിന്റെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കുമോ?

ഇല്ല. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) കുത്താട്ടുകുളത്തെ മീറ്റ് പ്രൊഡക്ഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് ബുച്ചറി മാനേജിംഗ് മീറ്റ് പ്രോസസിംഗ് കോഴ്സ് പോലെയുള്ള കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ ഇവിടെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കുത്താട്ടുകുളത്തെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായി ചേർന്ന് ബുച്ചറി മാനേജിംഗ് മീറ്റ് പ്രോസസിംഗ് കോഴ്സ് പോലെയുള്ള കൂടുതൽ തൊഴിൽ സാധ്യതയുള്ള കോഴ്സകൾ ഇവിടെ ആരംഭിക്കുന്നത് പരിഗണിച്ച വരുന്നു.

**കാസർഗോഡ് ജില്ലയിലുള്ള തസ്തികകൾ**

53 (1654) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) എത്ര കാലമായി ഈ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(സി) ഈ ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നു എന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(എ -സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വയനാട് ജില്ലയിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

54 (1655) <u>ശ്രീ ഒ. ആർ. കേളു</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കാർഷിക വികസന വകുപ്പിൽ ആകെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും അത് ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

8 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

കൃഷി ഓഫീസർ - 2

ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ - 1

മെക്കാനിക് - 2

ഫോർമാൻ - 1

ക്ലർക്ക് - 1

വാച്ച്മാൻ - 1

(ബി) ഇതിൽ ആറ് മാസത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്നും ഇങ്ങനെ ഒഴിവ് വരാനുണ്ടായ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ | ഒഴിവു വരുവാനുണ്ടായ കാരണം |
|---|---|
| കൃഷി ഓഫീസർ | പ്രൊമോഷൻ |
| മെക്കാനിക് | പ്രൊമോഷൻ |
| ക്ലർക്ക് | റിട്ടയർമെന്റ് |
| വാച്ച്മാൻ | പ്രൊമോഷൻ |

(സി) ജില്ലയിൽ കാർഷിക വികസന വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഒഴിവുകൾ എല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലർക്ക് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്.

**വാഴയൂർ കൃഷിഭവനിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ**

55 (1656) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴയൂർ കൃഷി ഭവനിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്നും അതിൽ നിലവിൽ ആരെല്ലാമാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ?

വാഴയൂർ കൃഷി ഭവനിൽ ഒരു കൃഷി ഓഫീസറുടെയും 3 കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകൾ നിലവിലുണ്ട്. അതിൽ കൃഷി അസിസ്റ്റന്റായി ശ്രീമതി ലസിദാസ് പി. സേവനം അനുഷ്ഠിക്കുന്നു. മറ്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) പ്രസ്തുത കൃഷി ഭവനിലെ കൃഷി ഓഫീസർ തസ്തിക എന്നുമുതൽ ഒഴിഞ്ഞ് കിടക്കുകയാണെന്ന് വ്യക്തമാക്കുമോ; ഈ കാലയളവിൽ ആർക്കെല്ലാം ചാർജ് നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ?

17-07-2022 മുതൽ ഒഴിഞ്ഞുകിടക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നിലവിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചുവെന്നും ഇനിയും എത്ര പേർ സ്ഥലം മാറ്റത്തിന്റെ ലിസ്റ്റിലുണ്ടെന്നും വ്യക്തമാക്കുമോ; സ്ഥലം മാറ്റിയവർക്ക് പകരം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഴയൂർ കൃഷി ഭവനിലെ 2 കൃഷി അസിസ്റ്റന്റുമാർ സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചതിനെത്തുടർന്ന് വിടുതൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒരു കൃഷി അസിസ്റ്റന്റ് പൊതു സ്ഥലമാറ്റ കരട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പകരം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള ഓൺലൈൻ പൊതു സ്ഥലമാറ്റ നടപടികൾ പൂർത്തിയായിവരുന്നു.

(ഡി) കൃഷി ഓഫീസർ അടക്കം ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തി ഓഫീസ് പ്രവർത്തനം സുഗമമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വാഴയൂർ കൃഷി ഭവനിലെ കൃഷി ഓഫീസർ തസ്തികയിലെ ഒഴിവു വിവരങ്ങൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊതു സ്ഥലമാറ്റ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ നികത്തപ്പെടുന്നതാണ്

**കുന്നംകുളം മണ്ഡലത്തിലെ ഒഴിവുകൾ നികത്താൻ നടപടി**

56 (1657) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളിലാണ് കൃഷി ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്; വിശദാംശം നൽകാമോ?

കടങ്ങോട് കൃഷി ഭവൻ

കൃഷി ഓഫീസർ-1

പാർട്ട് ടൈം സ്വീപ്പർ -1

കണ്ടാണശ്ശേരി കൃഷി ഭവൻ

കൃഷി അസിസ്റ്റന്റ് -1

പോർക്കുളം കൃഷി ഭവൻ

കൃഷി അസിസ്റ്റന്റ്-1

(ബി) ഈ തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൃഷി ഓഫീസറുടെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റുമാരുടെ പൊതു സ്ഥലമാറ്റ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പാർട്ട്ടൈം സ്വീപ്പർക്ക് വി.ആർ.എസ്

അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും പകരമുള്ള നിയമന നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

57 (1658) ശ്രീ. ജോബ് മൈക്കിൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ വിവിധ കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ ഏതെല്ലാം കൃഷി ഭവനുകളിലാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ ഓഫീസർമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ എല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി വഴിയുള്ള നിയമന നടപടി പൂർത്തീകരിക്കുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ ജില്ലയിലെ കൃഷി ഓഫീസർ ഒഴിവുകൾ

58 (1659) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര കൃഷി ഓഫീസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ ജില്ലയിൽ 105 കൃഷി ഭവനുകളാണുള്ളത്.

(ബി) ഇതിൽ എത്ര ഓഫീസുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്നും അവ എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അറിയിക്കുമോ?

തൃശ്ശൂർ ജില്ലയിൽ 12 കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ഒഴിവുള്ള തസ്തികകളിൽ എന്നത്തേയ്ക്ക് നിയമനം നടത്താനാകുമെന്ന് വിശദീകരിക്കുമോ?

ഒഴിവുകൾ എല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തെരെഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ തലത്തിൽ പൂർത്തിയായിവരുന്നു. PSC ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് നിയമന നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതാണ്. PSC വഴിയുള്ള നിയമന നടപടികൾ പൂർത്തീകരിക്കുന്നതുവരെ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ

59 (1660) ശ്രീ. പി. വി. ശ്രീനിജിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരവും നിർവഹണ പുരോഗതിയും വ്യക്തമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങളും നിർവ്വഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ വിശദവിവരം, നിർവ്വഹണ പുരോഗതി എന്നിവ വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നത്തുനാട് മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് (ജനകീയാസൂത്രണ പദ്ധതി പ്രകാരം) കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ വിശദ വിവരങ്ങളും നിർവ്വഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

## പൊലിമ പുതുക്കാട് കാർഷിക പദ്ധതി

60 (1661) ശ്രീ. കെ. കെ. രാമചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നാല്പതിനായിരത്തോളം വനിതകളെ കൃഷിയിലേയ്ക്ക് നയിക്കുന്ന പൊലിമ പുതുക്കാട് കാർഷിക പദ്ധതിക്കായി വിത്ത്, പച്ചക്കറി തൈകൾ, വളം, ജൈവ കീടനാശിനികൾ, ധനസഹായം എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പിന്റെ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി പുതുക്കാട് കാർഷിക വികസന പദ്ധതിയായ പൊലിമയുമായി സംയോജിപ്പിച്ച് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പച്ചക്കറി തൈകൾക്കും വിത്തിനുമായി ആകെ 1,97,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽത്തന്നെ പച്ചക്കറി വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ മിച്ചംവരുന്നതായി കണക്കാക്കുന്ന 8 ലക്ഷം രൂപ കൂടി സ്വരൂപിച്ച് പൊലിമ പദ്ധതിയിൽ കൂടുതൽ പച്ചക്കറി തൈകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള പൊലിമ പുതുക്കാട് കാർഷിക പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

കൃഷി വകുപ്പ് പൊലിമ പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. എന്നാൽ കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയ്ക്കായി അനുവദിച്ച തുക പൊലിമ പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതി നിർവ്വഹണം നടത്തി വരുന്നു. നിലവിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് പച്ചക്കറി വികസന പദ്ധതിയായ "പൊലിമ 2022-23"-നുവേണ്ടി 1,75,000/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

61 (1662) <u>ശ്രീ. എൻ. കെ. അക്ബർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിലെ ചെമ്മണ്ണൂർ (പുന്നയൂർക്കുളം), കുലിയൂർ(ഏങ്ങിയൂർ), വടക്കേക്കാട് എന്നീ പ്രദേശങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സബ്സിഡി നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.അബ്ദുൾ ഖാദർ, മാളിയേക്കൽ വീട്, വടക്കേക്കാട്,തൃശ്ശൂർ

2.മുഹമ്മദലി, വലിയകത്ത് വീട്, ചെമ്മണ്ണൂർ, പുന്നയൂർക്കുളം

**പുത്തിഗെ കൃഷി ഓഫീസ്**

62 (1663) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസാക്കി മാറ്റുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് കൃഷി ഓഫീസാക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. കെ.എൽ.ഡി.സി. ആണ് പുത്തിഗെ കൃഷി ഓഫീസിനെ സ്മാർട്ട് കൃഷി ഓഫീസാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിനായി സോയിൽ ടെസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർക്കിടെക്ചറൽ ഡിസൈൻ പൂർത്തിയായാലുടൻ ടെണ്ടർ നടപടി ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ?

1. കാർഷിക വിവരശേഖരണവും ഇതിന്റെ ഡിജിറ്റലൈസേഷനും മാപ്പിങ്ങും

2. പ്ലാൻ ഹെൽത്ത് ക്ലിനിക്കുകളുടെ വിപുലീകരണം

3. കൃഷിഭവനിലെ കമ്പ്യൂട്ടർവൽക്കരണം

4. കടലാസ് രഹിത ഓഫീസ് സംവിധാനം

5. എയിംസ് പോർട്ടൽ, സ്മാർട്ട് കാർഡ് വിതരണവും എയിംസ് പോർട്ടൽ വഴി കർഷകരുടെ വിവരശേഖരണവും

6. ഫ്രണ്ട് ഓഫീസ് സംവിധാനം

7. ഓൺലൈൻ ഓഡിറ്റിംഗ് സംവിധാനം

8. മാതൃക ഗ്രീൻഹൗസ് സംവിധാനം

9. മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ച്ചർ

10. കൃഷിഭവന്റെ നിർമ്മാണം

11. ഫാം പ്ലാനുകളുടെ ഡിജിറ്റൈസേഷൻ

12. ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി

എന്നീ കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ?

പദ്ധതി 2024 മാർച്ച് മാസത്തിന് മുൻപ് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

63 (1664) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടാമ്പി മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന നൂറ് ദിന പരിപാടികൾ ആസൂത്രണതലത്തിലാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന സെൻട്രൽ ഓർച്ചാഡ് എന്ന സ്ഥാപനത്തിൽനിന്ന് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന കൃഷിവകുപ്പിന് കീഴിലുള്ള സെൻട്രൽ ഓർച്ചാർഡ് എന്ന

സ്ഥാപനത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവുമാണ് നിലവിൽ നടന്നുവരുന്നത്. ഫലവൃക്ഷതൈകൾ, ഗ്രാഫ്റ്റു ചെയ്ത തൈകൾ, വേരു പിടുപ്പിച്ച കുരുമുളക് വള്ളികൾ, തെങ്ങിൻ തൈകൾ, കവുങ്ങിൻ തൈകൾ, അലങ്കാര സസ്യങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ ഉല്പാദിപ്പിക്കുകയും കൃഷിഭവൻവഴി വിവിധ പദ്ധതികളിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും പൊതുജനങ്ങൾക്ക് ഫാമിൽനിന്നും നേരിട്ട് വിപണനം നടത്തുകയും ചെയ്യുന്നു. ഇതിനുപുറമെ പച്ചക്കറി വിത്ത്, തൈകൾ എന്നിവയും ഉത്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു.

വരും വർഷങ്ങളിൽ നടീൽ വസ്തുക്കളുടെ ഉത്പാദനം ഇരട്ടിയാക്കുന്നതിനും സംയോജിത കൃഷി രീതി, നൂതന കൃഷി സമ്പ്രദായങ്ങൾ, ഫാം ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ ഫാമിനെ മാതൃകാഫാമായി ഉയർത്തുന്നതിനും അതിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫാം വികസനത്തിനായി കർമ്മപദ്ധതികൾ രൂപീകരിച്ചുവരുന്നു. വന്യമൃഗശല്യം (കാട്ടു പന്നി) രൂക്ഷമായി അനുഭവപ്പെടുന്ന ഫാമിന് ചുറ്റും ചുറ്റുമതിൽ നിർമ്മാണം, മഴവെള്ള സംഭരണി, ജലസേചന ടാങ്കുകൾ എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്തുക,

കന്നുകാലി വളർത്തൽ, ആട് വളർത്തൽ, മത്സ്യ കൃഷി എന്നിവ നടപ്പിലാക്കി ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്ക് ജൈവകൃഷിക്കാവശ്യമായ ഉത്പാദനോപാധികൾ ഉത്പാദിപ്പിച്ച് വിൽപന നടത്തുക, നിലവിലുള്ള ഫലവർഗ്ഗവിളകളുടെ പ്രജനനത്തോട്ടം വിപുലപ്പെടുത്തുക, വിദേശ ഫലങ്ങൾ ഉൾപ്പടെയുള്ള പുതിയ ഇനം ഫലവർഗ്ഗ വിളകളുടെ മാതൃസസ്യത്തോട്ടം തയ്യാറാക്കുക, പച്ചക്കറി വിത്തുത്പാദനം വർദ്ധിപ്പിക്കുക, അത്യൽപാദന ശേഷിയുള്ള കുരുമുളക് വള്ളികളുടെ മാതൃശേഖരം ഫാമിൽ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് കർമ്മ പദ്ധതി തയ്യാറാക്കിവരുന്നത് .

(സി) കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകർക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതി നിലവിൽ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. പുതുതായി ഒന്നാം

വർഷ പ്രവർത്തനം കല്ലക്കല്ലൂർ പഞ്ചായത്തിലും രണ്ടാം വർഷ പ്രവർത്തനം വിളയൂരും മൂന്നാം വർഷ പ്രവർത്തനം മുതുതല എന്നീ പഞ്ചായത്തിലും നടപ്പിലാക്കിവരുന്നു.

2. കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്കിലെ 216 അങ്കണവാടികളിലും പോഷകത്തോട്ടം അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

3. പൊതുജനങ്ങളിൽ കൃഷി ആഭിമുഖ്യം വളർത്തുന്നതിനായി കൃഷിഭവനുകൾ മുഖേന എല്ലാ വീടുകളിലും പച്ചക്കറി തൈകൾ നൽകിയിട്ടുണ്ട്.

4. പഞ്ചായത്ത് പദ്ധതികൾ മുഖേന മുതുതല, വിളയൂർ എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ഓരോ ടിഷ്യൂക്കൾച്ചർ വാഴ തൈകൾ വീതം വിതരണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

5. നെൽകർഷകർക്ക് കൃഷി ചെയ്യുന്നതിനായി വിത്ത് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

6. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബ്ലോക്കിലെ 500 ഹെക്ടർ സ്ഥലത്ത് ഭാരതീയ പ്രകൃതി കൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിവരുന്നു.

7. കൂടാതെ കർഷകർക്കും പൊതുജനങ്ങൾക്കും സെൻട്രൽ ഓർച്ചാഡും മണ്ണ് പരിശോധനാ ലാബും കൂടുതൽ ഉപയോഗപ്രദമാക്കുന്നതിനുവേണ്ടി പട്ടാമ്പി കൃഷിഭവൻ സ്മാർട്ട് കൃഷി ഭവനായി മാറ്റുന്നതിനും ആയത് സെൻട്രൽ ഓർച്ചാർഡ് ഏരിയയിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൃഷി വകുപ്പിന് കീഴിലെ നിർമ്മാണ പ്രവൃത്തികൾ**

64 (1665) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ 2016 മുതൽ നാളിതുവരെയായി എത്ര കോടി രൂപയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ (ബിൽഡിംഗ്, റോഡ്, ഇറിഗേഷൻ, പൈപ്പ് ലൈൻ, ഫാബ്രിക്കേഷൻ വർക്ക് ഉൾപ്പെടെ) നടത്തിയിട്ടുണ്ട്; ആയതിന്റെ വിശദാംശം ജില്ല തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെ വിശദാംശം (ഡിപ്പാർട്ട്മെന്റ്, നബാഡ്, ജില്ലാ പഞ്ചായത്ത് ഫണ്ട് അടക്കം) ജില്ല തിരിച്ച് ലഭ്യമാക്കുമോ?

(എ & ബി) കൃഷി വകുപ്പിന്റെ കീഴിൽ 2016 മുതൽ നാളിതുവരെയായി 240.58004 കോടി രൂപയുടെ കാർഷിക എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട സിവിൽ നിർമ്മാണ പ്രവർത്തികൾ (ബിൽഡിംഗ്, റോഡ്, ഇറിഗേഷൻ, പൈപ്പ് ലൈൻ, ഫാബ്രിക്കേഷൻ വർക്ക് ഉൾപ്പെടെ) നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നതിനായി (എസ്റ്റിമേറ്റ് എടുക്കുന്നതിനും മെഷർമെന്റ് രേഖപ്പെടുത്തുന്നതിനും) നിലവിൽ എത്ര അസിസ്റ്റന്റ് എൻജിനീയർ (സിവിൽ), ഓവർസീയർ, വർക്ക് സൂപ്രണ്ട് നിലവിലുണ്ട്; വിശദാംശം നൽകാമോ?

കൃഷിവകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കാർഷിക എഞ്ചിനീയറിംഗ് നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനും മെഷർമെന്റ് രേഖപ്പെടുത്തുന്നതിനും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ നിലവിൽ ഉള്ള അസിസ്റ്റന്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയർ(കൃഷി), ഓവർസീയർ, വർക്ക് സൂപ്രണ്ട് എന്നിവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ മേഖലാതലത്തിൽ കോഴിക്കോടും ആലപ്പുഴയിലും കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ കാർഷിക എഞ്ചിനീയറിംഗ് നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ)/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്ന ഒരു തസ്തിക നിലവിലുണ്ട്.

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യുന്നത് പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ/മാനുവൽ അനുസരിച്ചാണോ; വ്യക്തമാക്കുമോ?

അതെ

(ഇ) 1998-2000 കാലഘട്ടത്തിൽ കൃഷിവകുപ്പ് ഡയറക്ടേറ്റിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാം കോംപ്ലക്സിലും നിലവിലുണ്ടായിരുന്ന അസ്സിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയും ഡയറക്ടേറ്റിലുണ്ടായിരുന്ന അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (സിവിൽ) തസ്തികയും നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷി വകുപ്പ് ഡയറക്ടറേറ്റിലും മലപ്പുറം ജില്ലയിലെ മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാം കോംപ്ലക്സിലും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയും ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് (സിവിൽ) തസ്തികയും ഇപ്പോൾ നിലവിലില്ല.

10-11-2003-ലെ സ.ഉ(പി) 177/03/എ.ഡി. പ്രകാരം രണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്.

**കാഷ്വൽ തൊഴിലാളികളുടെ ശൂന്യവേതന അവധി**

65 (1666) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലെ ഫാമുകളിലെ കാഷ്വൽ തൊഴിലാളികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള ശൂന്യവേതന അവധി അനുവദിക്കേണ്ടതില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത ഉത്തരവിറങ്ങിയത് എന്നാണെന്നും ഉത്തരവിറങ്ങിയതിനുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

കാഷ്വൽ തൊഴിലാളികൾക്ക് നിലവിൽ ശൂന്യവേതനാവധിക്ക് അർഹതയില്ല.

(ബി) 09-04-1975-ലെ സ.ഉ.(ആർ.ടി) നം.1035/75 എന്ന കൃഷി വകുപ്പ് ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ ഇപ്പോഴും വകുപ്പിന് ബാധകമാണോ; ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ മറ്റേതെങ്കിലും ഉത്തരവുകൾ വഴി റദ്ദ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ?

09-04-1975-ലെ സ.ഉ.(സാധാ)നം. 1035/75 ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്. 25-04-1977-ലെ സ.ഉ.(സാധാ)നം. 1315/77/AD പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥിരം തൊഴിലാളികൾക്ക് ഒരു വർഷത്തിൽ 30 ദിവസംവരെ ശൂന്യവേതനാവധി അനുവദിക്കാമെന്നും പ്രത്യേക സാഹചര്യങ്ങളിൽ 90 ദിവസം വരെ അനുവദിക്കാമെന്നും ഉത്തരവായിട്ടുണ്ട്.

കൃഷി വകുപ്പിന്റെ 05-05-2008-ലെ സ.ഉ.(കൈ)നം.82/08/കൃഷി പ്രകാരം കൃഷിവകുപ്പിലെ സ്ഥിരം ഫാം തൊഴിലാളികളുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 120 ദിവസം വരെയുള്ള ശൂന്യവേതനാവധി അപേക്ഷ പ്രിൻസിപ്പൽ കൃഷി ഓഫീസർക്കും 120 ദിവസത്തിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷ സർക്കാരിനും അനുവദിക്കാവുന്നതാണ്.

കൃഷി വകുപ്പിന്റെ 26-02-2021-ലെ സ.ഉ.(സാധാ)നം.240/2021/കൃഷി പ്രകാരം നിലവിലുണ്ടായിരുന്ന നിർദ്ദേശമനുസരിച്ച് 120 ദിവസം വരെയുള്ള ശൂന്യവേതനാവധി അപേക്ഷ അതത് ജില്ലാ ഓഫീസർമാർക്കും അതിനു മുകളിലുള്ളത് അനുവദിക്കാൻ സർക്കാരിനുമാണ് അധികാരമുള്ളതെന്നും ഇത് തീർത്തും അപ്രായോഗികമായതിനാൽ ഇക്കാര്യത്തിൽ മാറ്റം ഉണ്ടാകുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 30 ദിവസം വരെയുള്ള ശൂന്യവേതനാവധി അതത് ഫാം സൂപ്രണ്ട്/ഫാം ഓഫീസർമാർക്കും 30 മുതൽ 180 ദിവസം വരെയുള്ളത് അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും 180 ദിവസത്തിനു മുകളിലുള്ളത് അതാത് വകുപ്പ് തലവൻമാർക്കും അനുവദിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

(സി) കാഷ്വൽ തൊഴിലാളികൾക്ക് ശൂന്യവേതനാവധി അനുവദിക്കേണ്ടതില്ല എന്ന കൃഷി ഡയറക്ടറുടെ 11-01-2023-ലെ എ.ഡി.എഫ്.ഡബ്ല്യു. 2816/2022-എൽ.ഡബ്ല്യു.സി.ഡി. നമ്പർ കത്ത്, തൊഴിലാളി വിരുദ്ധവും ദൂരവ്യാപക പ്രതികാര നടപടികൾക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്ത് പുന:പരിശോധിക്കുമോ; ആയതിന് നിർദ്ദേശം നൽകുമോ?

ഇല്ല. കാഷ്വൽ തൊഴിലാളികൾക്ക് നിലവിൽ ശൂന്യവേതനാവധിക്ക് അർഹതയില്ല.

(ഡി) അസുഖത്തെ തുടർന്നോ അപകടത്തെ തുടർന്നോ കൃഷി ഫാമുകളിലെ കാഷ്വൽ തൊഴിലാളികൾക്ക് ജോലിക്ക് ഹാജരാകാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാലും ശൂന്യവേതനാവധിക്ക് അർഹതയില്ലെന്നും അതിനാൽ മുൻകാല പ്രാബല്യത്തോടെ പിരിച്ചുവിടണമെന്നുമുള്ള തൊഴിലാളി വിരുദ്ധ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നയത്തിന് വിരുദ്ധമായ ഇത്തരം ഉത്തരവുകൾ പുന:പരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

പരിശോധിക്കുന്നതാണ്.

## വേങ്ങേരി മാർക്കറ്റ് ആധുനികവൽക്കരണം

66(1667) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വേങ്ങേരി പച്ചക്കറി മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന വേങ്ങേരി കാർഷിക നഗര മൊത്തവ്യാപാര വിപണന കേന്ദ്രം ആധുനികവത്കരിക്കുന്നതിന് 03.02.2018-ൽ കൂടിയ വേങ്ങേരി മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും വ്യക്തമാക്കാമോ?

വേങ്ങേരി കാർഷിക നഗര മൊത്തവ്യാപാര വിപണന കേന്ദ്രം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി പ്രധാനമായും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത പദ്ധതികളിൽ ഓക്ഷൻ ഹാൾ റിപ്പയറിന്റെയും ഓക്ഷൻ ഹാൾ റീ-വയറിംഗിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും റോഡിന്റെയും അറ്റകുറ്റപ്പണി, ജി-ബ്ലോക്കിലെയും ജെ-ബ്ലോക്കിലെയും പുനർനിർമ്മാണത്തിന്റെ പ്രവൃത്തികൾ എന്നിവ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**തിരൂർ വെറ്റില കർഷകർക്ക് സഹായം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

67 (1668) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൗമ സൂചിക ലഭിച്ചിട്ടുള്ള തിരൂർ വെറ്റില കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ;

(ബി) തിരൂർ വെറ്റില നിലവിൽ കൃഷി ചെയ്യുന്നവർക്കും പുതുതായി കൃഷി ചെയ്യാൻ തുടങ്ങുന്നവർക്കും പ്രത്യേക സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഭൗമ സൂചിക ലഭിച്ചിട്ടുള്ള തിരൂർ വെറ്റില കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് MIDH പദ്ധതി പ്രകാരം ഹെക്ടറിന് 40000/- രൂപ നൽകിവരുന്നുണ്ട്.

(സി) വെറ്റിലക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിനായി കർഷകരെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

**കാർഷിക അനുബന്ധ മേഖലകളിലെ വളർച്ച നിരക്ക്**

68 (1669) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലകളിലെ വളർച്ച നിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2021-22-ലെ Quick estimate അനുസരിച്ച് 2021-22-ൽ 2020-21-നെ അപേക്ഷിച്ച് സംസ്ഥാനത്തെ കാർഷിക അനുബന്ധ മേഖലകളുടെ സ്ഥിര വിലയിലെ (at constant price) വളർച്ചാ നിരക്ക്4.64 ശതമാനവും നിലവിലെ വിലയിലെ (at current price) വളർച്ചാ നിരക്ക് 6.66 ശതമാനവുമാണ്.

(ബി) കാർഷിക വിളവുകളുടെ കുറഞ്ഞ ഉത്പാദനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിപണനം, സംഭരണം തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയമായ സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള ഉല്പാദനക്ഷമത പരിശോധിച്ചതിൽ കാര്യമായ കുറവ് രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉത്സവ കാലങ്ങളാണ് കേരളത്തിൽ ഗണ്യമായ തോതിൽ പച്ചക്കറി ഉല്പാദിപ്പിക്കുന്ന സമയം. ഇക്കാലയളവിൽ

വിവിധ പച്ചക്കറി ഇനങ്ങളിൽ അധിക ഉല്പാദനമുണ്ടെങ്കിലും വിപണികളിൽ വിലക്കയറ്റം ദൃശ്യമാകാറുണ്ട്. ആയതിനാൽ കർഷകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണിയിൽ ഇടപെടൽ പദ്ധതി പ്രകാരം 2016 മുതൽ തുടർച്ചയായി ഓണച്ചന്തകൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ചുവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. വിപണി ഇടപെടൽ പദ്ധതിപ്രകാരം 2022 ഓണക്കാലത്ത് 2010 ഓണവിപണികൾ സംഘടിപ്പിച്ചു. ഇതിനെല്ലാം ഉപരിയായി സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കിവരുന്നു.

മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ അടിസ്ഥാനവിലയ്ക്ക് നോട്ടിഫൈ ചെയ്ത 300 മാർക്കറ്റുകൾവഴി സംഭരിക്കുകയും ചെയ്യുന്നു. പദ്ധതിപ്രകാരം പഴം, പച്ചക്കറികൾ സംഭരിക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാന വിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപയും 2021-22 വർഷത്തിൽ 9763 കർഷകർക്ക് 7.938 കോടി രൂപയും 2022-23 വർഷത്തിൽ നാളിതുവരെ 2196 കർഷകർക്ക് 1.4515 കോടി രൂപയും കേരളം ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാനവില പദ്ധതി പ്രകാരം

വിതരണം ചെയ്യു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. കൃഷി വകുപ്പ് വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ വഴി അതത് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലുള്ള 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ലേലത്തിൽ കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും കൃഷിവകുപ്പ് ഒരുക്കിയിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ

110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉത്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ ഹോർട്ടികോർപ്പിന്റെ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിനു കീഴിലുള്ള പാളയം സസ്യ സൂപ്പർമാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്തും നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റും ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

സംസ്ഥാനത്തെ ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിലേക്കായി കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ഇക്കോഷോപ്പുകൾ നടത്തുന്നതിനായി 150

ലക്ഷം രൂപയും ഗ്രാമചന്തകളുടെ ശാക്തീകരണത്തിന് 33 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിനായി 2614.95 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം, പച്ചക്കറികളുടെ വിപണനം നടത്തി വരുന്നു.

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം, പച്ചക്കറികൾ

വിപണിയിലെത്തിക്കുന്നതിനുമുള്ള പദ്ധതി കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം, പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്‌ലെറ്റുകൾ എന്നിവ ആരംഭിച്ചു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 50 FPO-കൾ പുതുതായി രൂപീകരിക്കുവാൻ ലക്ഷ്യമിട്ടതിൽ 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. വി.എഫ്.പി.സി.കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഈ വർഷം 35 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജ്ജത്തിൽ

പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്. 20 ശതമാനം സബ്സിഡിയിൽ കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ (PACS) കാർഷിക കർമ്മ സേനകൾ, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ (2022-23) പ്രോജക്ടധിഷ്ഠിതമായി മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി (PACS) 200 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. കൂടാതെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന സന്ദർഭങ്ങളിൽ പച്ചത്തേങ്ങ, നെല്ല് എന്നിവ സംഭരണ വില നിശ്ചയിച്ച് സംഭരിക്കുന്നതിലൂടെ നാളികേര കർഷകർക്കും നെല്ല് കർഷകർക്കും ന്യായവില ലഭ്യമാക്കുന്നതിന് സഹായിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി കർഷകരുടെ

വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

## സ്മാർട്ട് കൃഷി ഭവനുകൾ

69 (1670) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ടാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുവാനുള്ള നടപടികളാണ് സർക്കാർ കൈകൊണ്ട് വരുന്നത്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനുകളാക്കേണ്ട 139 കൃഷിഭവനുകളുടെ പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത 28 കൃഷിഭവനുകളെ ആദ്യഘട്ടത്തിൽ സ്മാർട്ട് കൃഷിഭവനങ്ങളാക്കുന്നതിന് നടപടി ആരംഭിച്ചു.

കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ജില്ലയിൽ ഒരു കൃഷിഭവൻ എന്ന തോതിൽ സംസ്ഥാനത്തെ 14 കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് കെ.എൽ.ഡി.സി. മുഖാന്തരം നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) കൃഷി ഭവനുകൾ സ്മാർട്ടാകുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; വിശദവിവരം അറിയിക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഐ.ടി. അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ, ഫ്രണ്ട് ഓഫീസ് സേവന സംവിധാനം എന്നിവ പ്രദാനം ചെയ്തുകൊണ്ട് കൃഷിഭവനുകളെ കാർഷിക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. സേവനങ്ങൾ ഓൺലൈനായി മാറുന്നതോടെ വേഗത്തിലും സമയബന്ധിതമായും സേവനങ്ങൾ കർഷകർക്ക് ലഭ്യമാകും.

കൂടാതെ കർഷകരുടെ കൃഷിസ്ഥലത്തിന്റേയും ഫാം പ്ലാനിന്റെയും ഡിജിറ്റൈസേഷൻ, നഴ്സറികളുടേയും വിവിധ ഫാമുകളുടെയും ഡിജിറ്റൈസേഷൻ, ജലസേചന സൗകര്യങ്ങളോടുകൂടിയുള്ള ഗ്രീൻഹൗസുകളുടെ നിർമ്മാണം, കൃഷിഭവൻ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തങ്ങൾ ആർ.ഐ.ഡി.എഫ്. സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നടപ്പാക്കുന്നതാണ്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളെയാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ടാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

സംസ്ഥാന വാർഷിക പദ്ധതിയായ 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയുടെ ആദ്യഘട്ടത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും പനങ്ങാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയത് 2023 മാർച്ച് മാസത്തിൽ പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കുണ്ടറ ചിറയിൽകുളം നവീകരണം**

70 (1671) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ ഗ്രാമപഞ്ചായത്തിലെ ചിറയിൽകുളം നവീകരണത്തിന്റെ ഭാഗമായി മണ്ണുമാറ്റൽ സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കുണ്ടറ ഗ്രാമപഞ്ചായത്തിലെ ചിറയിൽകുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തികളൊന്നുംതന്നെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തരം ചെയ്തു വരുന്നില്ല.

**മണ്ണ് സംരക്ഷണത്തിനായുള്ള പദ്ധതികൾ**

71 (1672) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കാർഷിക അടിസ്ഥാന സൗകര്യ വികസനവും പാരിസ്ഥിതിക പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തുടനീളം നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു. നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന RIDF പദ്ധതി, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശ സംരക്ഷണത്തിനായുള്ള പദ്ധതി, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂഗർഭജലവിതാന തോത് ആപത്കരമാംവണ്ണം കുറഞ്ഞിരിക്കുന്ന പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ ഭൂഗർഭജലവിതാനം ഉയർത്തുവാനുദ്ദേശിച്ചുള്ള വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയിലെ രണ്ടു കുളങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പ്രവർത്തനങ്ങളും ഉരുൾപൊട്ടൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി, കാട്ടാക്കട

തളിപ്പറമ്പ് എന്നീ നിയോജകമണ്ഡലങ്ങളിലെ സൂക്ഷ്മ നീർത്തട വികസന പദ്ധതി, തളിപ്പറമ്പ് നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി നബാർഡ് NIDA സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതി എന്നിവ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 60.94 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ചാ/വെള്ളപ്പൊക്ക നിവാരണത്തിനായുള്ള പദ്ധതി, പ്രധാൻമന്ത്രി കൃഷി സിൻചയാ യോജന (പി.എം.കെ.എസ്.വൈ.) പദ്ധതി, ജില്ലാ പഞ്ചായത്ത് പദ്ധതികൾ, ട്രൈബൽ ഡെവലപ്മെന്റ് സ്കീം എന്നിവയും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## ഗ്രൗണ്ട് പുനരുദ്ധാരണ പ്രവൃത്തികൾക്കായി എം.ഒ.യു. നൽകുന്നതിന് നടപടി

72 (1673) ഡോ.കെ.ടി.ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ കേളപ്പജി മെമ്മോറിയൽ കാർഷിക എഞ്ചിനീയറിംഗ് കോളേജിൽ വകുപ്പ് മുഖേന സ്പോർട്സ് ഗ്രൗണ്ട് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഒരു കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എം.ഒ.യു. നൽകുന്നതിനായി കത്ത് ലഭിച്ചിട്ടുണ്ടോ;

ഉണ്ട്.

(സി) ഉണ്ടെങ്കിൽ ഇതിന്മേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

എം.ഒ.യു. ഒപ്പ് വയ്ക്കുന്നതിന് മുന്നോടിയായ പരിശോധനാ നടപടികൾ കാർഷിക സർവ്വകലാശാലാ തലത്തിൽ സ്വീകരിച്ചുവരികയാണ്.

## എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

73(1674) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ അധ്യാപക നിയമനത്തിനുവേണ്ട യോഗ്യതകളുടെ വിശദാംശം നൽകാമോ?

ബന്ധപ്പെട്ട വിഷയത്തിൽ **55 ശതമാനം മാർക്കോടെ മാസ്റ്റേഴ്സ് ഡിഗ്രിയും നെറ്റ് യോഗ്യത പരീക്ഷയും പാസ്സായിരിക്കണം. 2009, 2016 UGC Regulation പ്രകാരം Ph.D ബിരുദം നേടിയിട്ടു**ള്ളവർക്ക് നെറ്റ് യോഗ്യത നിർബന്ധമില്ല.

(ബി) പ്രസ്തുത നിയമന മാനുവൽ പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല.

(സി) താൽക്കാലിക അധ്യാപക നിയമനത്തിന് എന്തെല്ലാം യോഗ്യതകളാണ് വേണ്ടത്; വിശദാംശം അറിയിക്കാമോ?

സ്ഥിര അധ്യാപക നിയമനത്തിനുള്ള യോഗ്യത താൽക്കാലിക നിയമനത്തിനും ആവശ്യമാണ്. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാസ്റ്റേഴ്സ് ഡിഗ്രിയുള്ളവരേയും പരിഗണിക്കുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം

74(1675) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ നവീകരണം

75(1676) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**1. കരിക്കുലം പരിഷ്കരണം:-** ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**2. സാക്ക് (SAAC - State Assessment & Accreditation Centre)**:- രാജ്യത്തെ സർവകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ

വിഭാവനം ചെയ്തിട്ടുള്ള 5 core values-ന് പുറമേ, Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook എന്നീ 3 core values-ന്റെകൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific)കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും.

**3. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Frame work) (KIRF)**:- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Frame work) (KIRF) പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്.

**4. പുതുതലമുറ കോഴ്സുകൾ:-** സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

**5. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ്):-** കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനമാരംഭിച്ചു.

**6. DIGICOL(കോളേജുകൾക്ക് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം):-**

കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി). കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന.സി. സൗജന്യമായി നൽകിവന്നിരുന്ന ഇൗ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-

ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

8. **ബ്രെയിൻ ഗെയിൻ**:- Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യ ഘട്ടത്തിൽ എം.ജി., KVASU, തോന്നയ്ക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ ഭാഗമാക്കാവുന്നത്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഇതരസംസ്ഥാനങ്ങളെയും ഇതരരാജ്യങ്ങളെയും ആശ്രയിച്ചുവരുന്നുവെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിദേശ പഠനത്തിനായി ധാരാളം വിദ്യാർത്ഥികൾ കേരളത്തിൽനിന്നും പോകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നോർക്ക-റൂട്ട്സ് തിരിച്ചറിയൽ കാർഡായ സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ് പദ്ധതി 2020 ഏപ്രിലിൽ ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിവഴി നാളിതുവരെ 54

രാജ്യങ്ങളിലായി 2020 സ്റ്റുഡന്റ്സ് കാർഡുകൾ വിതരണം ചെയ്യുകയും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കൂടാതെ, ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ,കണ്ണൂർ യൂണിവേഴ്സിറ്റി) അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്തുതന്നെ ഉറപ്പുവരുത്തേണ്ട ആവശ്യകത പരിഗണിക്കുമോ; എങ്കിൽ ആയതിനെന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്തുതന്നെ

ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. **കരിക്കുലം പരിഷ്കാരം:-** 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു. (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്)

2. **പുതുതലമുറ കോഴ്സുകൾ:-** സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

3. സർവകലാശാലകളിൽ പ്രോജക്ട്മോഡ് പ്രോഗ്രാമുകൾ/ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. മറ്റ് പ്രധാന പദ്ധതികൾ:-

1. കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന്

2. ഇ-ജേർണൽ കൺസോർഷ്യം

3. ഡിജികോൾ

4. ഓൺലൈൻ ഡിജിറ്റൽ ശേഖരം

5. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)

6. അധ്യാപക പരിശീലന പദ്ധതി

7. സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)

8. ബ്രെയിൻ ഗെയിൻ (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)

9. എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പ്രോഗ്രാം

10. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

11. K-REAP പദ്ധതി.

**സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ**

76(1677) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 5-11-2020-ലെ GO (Ms) No. 389/2020/H.Edn. ഉത്തരവ് പ്രകാരം ആരംഭിക്കുകയുണ്ടായി .

(ബി) മെറിറ്റും, സാമൂഹ്യനീതിയും, ഗുണനിലവാരവും ഒരുപോലെ ഉറപ്പുവരുത്തുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യനീതി ഉറപ്പാക്കുന്നതിലേയ്ക്കായി എല്ലാ സംവരണ തത്ത്വങ്ങളും (ഇ.ഡബ്ല്യൂ.എസ്., ട്രാൻസ്ജൻഡർ സംവരണം ഉൾപ്പെടെ) പാലിച്ചാണ് അഡ്മിഷൻ നടത്തുന്നത്. യു.ജി.സി./എൻ.സി.ടി.ഇ./ബി.സി.ഐ. മുതലായ റെഗുലേറ്ററി ബോഡികൾ നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ, അവയുടെ ഗുണനിലവാരം എന്നിവ കോളേജ് ഇൻസ്പെക്ഷൻ നടത്തുന്ന വേളയിൽ സർവകലാശാല ഉറപ്പുവരുത്തുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിക്കായി ചുവടെ പരാമർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

- കരിക്കുലം പരിഷ്കാരം- കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന് ഇ-ജേർണൽ കൺസോർഷ്യം
- ഡിജികോൾ
- ഓൺലൈൻ ഡിജിറ്റൽ ശേഖരം
- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)
- അധ്യാപക പരിശീലന പദ്ധതി
- സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC)
- ബ്രെയിൻ ഗെയിൻ- (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡാറ്റാബേസ്)
- എറുഡൈറ്റ് സോളാർ ഇൻ റസിഡൻസ് പ്രോഗ്രാം
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് .

(സി) കലാലയങ്ങളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

കണ്ണൂർ സർവകലാശാല പഠനവകുപ്പിൽ - 1, അഫിലിയേറ്റഡ് കോളേജിൽ -1 എന്നിങ്ങനെ മൊത്തം രണ്ട് ഇൻറഗ്രേറ്റഡ് പി.ജി. കോഴ്സുകൾ നിലവിലുണ്ട്.

കാലിക്കറ്റ് സർവകലാശാലയിലെ 15 കോളേജുകളിലായി 9 വ്യത്യസ്ത ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ നിലവിലുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കലാലയങ്ങളിൽ 9 ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ നിലവിലുണ്ട്.

കേരള സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നിലവിൽ ഒരു ഇന്റഗ്രേറ്റഡ് കോഴ്സ് നിലവിലുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 7 ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ നിലവിലുണ്ട്.

(ഡി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ചരിത്ര വിഷയത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ്

77(1678) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർവകലാശാലകളിൽ ചരിത്ര വിഷയത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം ഫെല്ലോഷിപ്പുകളാണ് നിലവിലുള്ളത്; ഇനം തിരിച്ചുള്ള വിശദാംശം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

## വയനാട് ജില്ലയിലെ ബിരുദ-ബിരുദാനന്തര സീറ്റുകളുടെ എണ്ണം

78(1679) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ ആകെയുള്ള ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം, സ്ഥാപനം, കോഴ്സ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2016-നുശേഷം വയനാട് ജില്ലയിൽ അനുവദിക്കപ്പെട്ട സർക്കാർ, എയ്ഡഡ് മേഖലയിലെ ബിരുദ, ബിരുദാനന്തര സീറ്റുകളുടെ എണ്ണം, സ്ഥാപനം, കോഴ്സ് എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ?

ബി.ടെക്. വിഭാഗം സിവിൽ ഡിപ്പാർട്ട്മെന്റിന് കീഴിൽ സിവിൽ & എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് കോഴ്സിൽ 30 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നിലവിൽ ഏതെങ്കിലും ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ സീറ്റ് ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതിന്റെ കണക്ക് സ്ഥാപനം/കോഴ്സ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

വയനാട് എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക്. (1st സെമസ്റ്റർ) 90 ഒഴിവുകളും എം.ടെക്. (1st സെമസ്റ്റർ) 29 ഒഴിവുകളുമുണ്ട്.

കണ്ണൂർ, കാലിക്കറ്റ് സർവകലാശാലകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിനുള്ള നടപടികൾ

79(1680) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ പ്ലസ് ടു കഴിഞ്ഞ എല്ലാവർക്കും സർക്കാർ, എയ്ഡഡ് കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോളേജ് വിദ്യഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2021-2022 വർഷത്തിൽ പ്ലസ് ടു കഴിഞ്ഞ 84584 വിദ്യാർത്ഥികൾ ഡിഗ്രി കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുണ്ട്. കൂടാതെ, വിവിധ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലും ബിരുദ കോളേജുകളിൽ പ്രവേശനം ലഭ്യമാണ്. പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളല്ലാതെ മെഡിക്കൽ, എഞ്ചിനീയറിംഗ്, പോളിടെക്നിക്, പ്രീ-പ്രൈമറി/പ്രൈമറി അദ്ധ്യാപക പരിശീലന കോഴ്സുകൾ, വിവിധങ്ങളായ തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയിലും പ്രവേശനം നേടാവുന്നതാണ്.

(ബി) മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകളില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി & സി) മലബാർ മേഖലയിൽ ഡിഗ്രി പ്രവേശനത്തിന് ആവശ്യമായ സീറ്റുകൾ ലഭ്യമാണ്. 2021-22-ൽ കോഴിക്കോട് സർവകലാശാലയിൽ 1,11,303 സീറ്റുകൾ ലഭ്യമായിരുന്നു.

**ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനം**

80(1681) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർക്കാർ ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ, മാവേലിക്കര, തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജുകളിൽ ഹോസ്റ്റലുകൾ തുടങ്ങുന്നതടക്കം അടിസ്ഥാന സൗകര്യ വിപുലീകരണത്തിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ഫൈൻ ആർട്സ് കോളേജുകളുടെയും സീറ്റുകളുടെയും പരിമിതിമൂലം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഫൈൻ ആർട്സ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി ഡിപ്ലോമ, ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഫൈൻ ആർട്സ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ ക്യാന്റീൻ കെട്ടിട നവീകരണത്തിനായി 11,35,000/- രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ DSOR 2018 പ്രകാരം എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവുണ്ടായതിനാൽ ടി തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) സ്വകാര്യ, സ്വാശ്രയ, സഹകരണ മേഖലകളിൽ ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിൽ സഹകരണ മേഖലയിൽ ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ സർവകലാശാലകളിൽ കണ്ണൂർ സർവകലാശാലയ്ക്ക് കീഴിൽ സ്വകാര്യ/സ്വാശ്രയ മേഖലയിൽ പിലാത്തറ എന്ന സ്ഥലത്ത് ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ആർട്സ്&സയൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത കോളേജിൽ ബി.എ. ഭരതനാട്യം (40 സീറ്റ്), ബി.എ. കർണാട്ടിക് മ്യൂസിക് (30 സീറ്റ്), എം.എ. ഭരതനാട്യം (20 സീറ്റ്) എന്നീ കോഴ്സുകൾ നിലവിലുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കി ഉയർത്തുന്നതിന് നടപടി

81(1682) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ.എം. സച്ചിൻദേവ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തരമാക്കി ഉയർത്തുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായി പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

യു.ജി. പ്രോഗ്രാമുകളുടെ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃക കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിനുമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ്ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന

ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ചിട്ടുണ്ട്.

കരിക്കുലം പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകളിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചതിനുശേഷം 2023 മാർച്ച് മാസത്തോടെ കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിന്റെ പൂർണ്ണരൂപം സർവകലാശാലകൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഈ ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിൽ കരിക്കുലം രൂപീകരിക്കുന്നതിനും സിലബസ് പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർവകലാശാലകൾ സ്വീകരിക്കുന്നതാണ്.

(ബി) പരമ്പരാഗത കോഴ്സുകൾക്ക് പകരമായോ അതിനോടൊപ്പമോ പുതുതലമുറ കോഴ്സുകൾ ആരംഭിക്കാനുള്ള പരിപാടിയിൽ കൈവരിച്ച പുരോഗതി പരിശോധിച്ചിട്ടുണ്ടോ?

05-11-2020-ലെ ജി.ഒ.(എം.എസ്.)നം. 389/2020/ഉവിവ., 30-12-2020-ലെ ജി.ഒ.(എം.എസ്.)നം. 473/2020/ഉവിവ., 17-02-2021-ലെ ജി.ഒ.(എം.എസ്.)നം. 112/2021/ഉവിവ., 25-02-2021-ലെ ജി.ഒ.(എം.എസ്.)നം. 150/2021/ഉവിവ. നമ്പർ ഉത്തരവുകൾ പ്രകാരം വിവിധ സർക്കാർ, എയ്ഡഡ് ആർട്സ്&സയൻസ് കോളേജുകളിൽ പുതുതലമുറ

കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. സർവകലാശാലകളിൽ നവീനമായ കോഴ്സുകൾ പ്രോജക്ട് മോഡിൽ ആരംഭിച്ചിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലും സർവകലാശാലകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുതലമുറ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ അനുവദിച്ച പുതുതലമുറ കോഴ്സുകളുടെ നേട്ടം/പുരോഗതി പരിശോധിച്ചുവരുന്നു.

(സി) പരമ്പരാഗത കോഴ്സുകൾക്കുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം പരിശോധിച്ച് കോഴ്സുകളിൽ ഉചിതമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത കോഴ്സുകളെ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടികൾ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്വീകരിച്ചുവരുന്നു.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾ

82(1683) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാശാലകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും ചെയ്യാൻ കഴിയുന്ന രീതിയിലുള്ള പാഠ്യപദ്ധതി അടുത്ത അക്കാദമിക് വർഷം മുതൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

വിദ്യാർത്ഥികൾക്ക് തൊഴിലിനൊപ്പം പഠനം നിർവ്വഹിക്കാൻ കഴിയുംവിധം “ Earn While You Learn (EWYL)" സ്കീം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിന് 'കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി' രൂപീകരിച്ചിട്ടുണ്ട്. കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കുന്ന അവസരത്തിൽ ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് മുതലായവ പഠന പ്രവർത്തനത്തിന്റെ ഭാഗമാകുന്നതാണ്. കൂടാതെ, നൈപുണി വികസനം, തൊഴിൽ ഇവയ്ക്ക് പ്രാധാന്യം നൽകുന്ന കോഴ്സുകൾ സിലബസിൽ ഉൾപ്പെടുത്തും.

കുസാറ്റിൽ ബി.ടെക്. VIII സെമസ്റ്റർ വിദ്യാർത്ഥികൾക്കായി ഒരു "Internship track option" കരിക്കുലത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം വിദ്യാർത്ഥികൾക്ക് Internship ആയി ജോലി ആരംഭിക്കാവുന്നതാണ്.

കേരള സർവകലാശാലയുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രമായ KUBIIC മുഖേന സംരംഭങ്ങൾ തുടങ്ങാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കിയിട്ടുണ്ട്. ചില സ്റ്റാർട്ടപ്പുകൾ company-കളായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വിദ്യാർത്ഥികൾ തൊഴിൽ സംരംഭകർ കൂടിയാവുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ സർവകലാശാലയിൽ Business Incubation Centre (BIC) എന്ന പദ്ധതി പ്രവർത്തിച്ചുവരുന്നു.

APJ Abdul Kalam Technological University-യിൽ കരിക്കുലം, സിലബസ് എന്നിവ ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പുതിയ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യങ്ങളും സർവകലാശാല ഒരുക്കിയിട്ടുണ്ട്. TCS, GOOGLE, INFOSYS, IBM, NISSAN-DIGITAL മുതലായ വൻകിട ബഹുരാഷ്ട്ര കമ്പനികൾ സർവകലാശാലയുമായി സഹകരിച്ചുവരുന്നു. നവാൽസിൽ നവീനമായ Skill based learning, Gamification പോലുള്ള പാഠ്യപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലെ സെമസ്റ്റർ രീതിയിലുള്ള പഠനരീതി മാറ്റി പഴയ രീതിയിലുള്ള പഠനം സാധ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് കുട്ടികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഇല്ല. സെമസ്റ്റർ സമ്പ്രദായം രാജ്യാന്തരതലത്തിലും ദേശീയതലത്തിലും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്റേണൽ മാർക്കുമായി ബന്ധപ്പെട്ട് കുട്ടികളുടെ പരാതി പരിഹാരത്തിന് മൂന്നുതലം പരാതി പരിഹാര സംവിധാനം നിലവിലുണ്ട്.

എ) ഡിപ്പാർട്ട്മെന്റ് തലം

ബി) കോളേജ് തലം

സി) യൂണിവേഴ്സിറ്റി തലം

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണ പ്രബന്ധങ്ങൾ വ്യക്തികൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി അവയിലെ കണ്ടെത്തലുകൾ പൊതുജനങ്ങൾക്ക് കൂടി പ്രയോജനം ചെയ്യുന്ന രീതിയിൽ പുനഃക്രമീകരിക്കുവാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ കണ്ടെത്തലുകൾ നാടിന്റെ ഉൽപാദന മേഖലയ്ക്ക് ഗുണകരമാകുന്ന തരത്തിൽ ഉപയോഗിക്കപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അക്കാദമിക്

വൃത്തത്തിൽ ചുരുങ്ങി നിൽക്കാതെ പ്രായോഗിക ജീവിതത്തിന് ഗുണപ്പെടുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെ മാറ്റുന്നതിനായി ട്രാൻസ്‌ലേഷണൽ ലാബുകളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ, കുസാറ്റ്, എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലകൾക്ക് ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്.

**ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ**

83(1684) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പഠിക്കാമെന്ന യു.ജി.സി. നിർദേശം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പഠിക്കാമെന്ന യു.ജി.സി. നിർദ്ദേശം സംബന്ധിച്ച മാർഗ്ഗരേഖ 2022 ഏപ്രിലിൽ യു.ജി.സി. പുറപ്പെടുവിക്കുകയുണ്ടായി. യു.ജി.സി. മാർഗ്ഗനിർദ്ദേശപ്രകാരം, ഒരു വിദ്യാർത്ഥിക്ക് ഒരേ സമയം നേരിട്ടുള്ള രീതിയിലുള്ള രണ്ട് full time

പ്രോഗ്രാമുകൾ പിൻതുടരാം. അല്ലെങ്കിൽ ഒരു full time പ്രോഗ്രാമും, ഒരു ODL/Online പ്രോഗ്രാമും, അല്ലെങ്കിൽ രണ്ട് ODL/Online പ്രോഗ്രാമുകളും ഒരേ സമയം പഠിക്കാം. ഈ വിഷയം സംബന്ധിച്ച യു.ജി.സി. നിർദ്ദേശങ്ങൾ കരിക്കുലം കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സ്വകാര്യ, വിദേശ യൂണിവേഴ്സിറ്റികൾ ആരംഭിക്കുന്നതിന് നടപടി**

84(1685) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ യൂണിവേഴ്സിറ്റികളും വിദേശ യൂണിവേഴ്സിറ്റികളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ യൂണിവേഴ്സിറ്റികളും വിദേശ യൂണിവേഴ്സിറ്റികളും ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല.

(ബി) ഇത്തരം സ്ഥാപനങ്ങളിലെ പ്രവേശനത്തിന് നിലവിലുള്ള സംവരണ തത്വങ്ങൾ പാലിക്കുമെന്ന് ഉറപ്പുവരുത്താൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുതലമുറ കോഴ്സുകൾ

85(1686) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർവകലാശാലകളിലും കോളേജുകളിലും ആരംഭിച്ച പുതുതലമുറ കോഴ്സുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർവകലാശാലകളിലും കോളേജുകളിലും ആരംഭിച്ച പുതുതലമുറ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കോഴ്സുകൾക്കായി എത്ര അധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതലമുറ കോഴ്സുകൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) പ്രസ്തുത കോഴ്സുകളിൽ എത്ര കുട്ടികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ)-യിൽ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർവകലാശാലകളിലും കോളേജുകളിലും ആരംഭിച്ച പുതുതലമുറ കോഴ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## പാലക്കാട് കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിട നിർമ്മാണം

86(1687) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ കോട്ടായി ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കുഴൽമന്ദം അപ്ലൈഡ് സയൻസ് കോളേജിന്റെ താഴത്തെ നിലയുടെ ബാലൻസ് വർക്കിന് 1,00,00,000/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഒരു കോടി) രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച പ്ലാൻഫണ്ടിൽനിന്നും പ്രസ്തുത തുക ടി പ്രവൃത്തിക്കായി പാലക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഐ.എച്ച്.ആർ.ഡി. ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പും നോളജ് ഇക്കോണമി മിഷനും ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ

87(1688) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി.സുമേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പും നോളജ് ഇക്കോണമി മിഷനും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) തൊഴിലിടങ്ങളിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി സംസ്ഥാന നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) തൊഴിൽ കമ്പോളത്തിൽ മത്സരിക്കുന്നതിനും തൊഴിൽമേളകളിലും അഭിമുഖങ്ങളിലും വിജയിക്കുന്നതിനും തൊഴിൽ നൈപുണ്യം കരഗതമാക്കുന്നതിനുമുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരള നോളജ് ഇക്കോണമി മിഷൻവഴി ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം മെച്ചപ്പെട്ട കരിയർ ലഭ്യമാക്കുന്നതിനായി കണക്ട് കരിയർ ടു ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ വിദ്യാഭ്യാസത്തിന് യോജിച്ച തൊഴിൽ മേഖല കണ്ടെത്തുവാനും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നല്കുന്നതിനും എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെൽ സ്ഥാപിക്കുകയും, പ്രസ്തുത സെല്ലിന്റെ നടത്തിപ്പിനായി ഒരു അധ്യാപകനെ കോ-ഓർഡിനേറ്ററായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ

നിയമിക്കപ്പെട്ടിട്ടുള്ള കോ-ഓർഡിനേറ്റർമാരുടെ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ കേരള നോളജ് ഇക്കോണമി മിഷന് സമർപ്പിക്കുകയും ആയതിന്മേൽ കേരള നോളജ് ഇക്കോണമി മിഷൻ ഉചിത നടപടി സ്വീകരിച്ചുവരികയുമാണ്. കോളേജ് തലത്തിലെ വിദ്യാർത്ഥിനികളെ നൈപുണ്യ പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുന്നതിനുള്ള "തൊഴിലരങ്ങത്തേയ്ക്ക്" പദ്ധതിയുടെ ഭാഗമായി ഫെബ്രുവരിയിൽ നടത്തുന്ന തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോളേജുകൾക്ക് റൂസ ഫണ്ട്**

88(1689) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) റൂസ രണ്ടാംഘട്ട പദ്ധതിയിൽ നിർമ്മാണ/ പുനരുദ്ധാരണ/പർച്ചേസ് പ്രവൃത്തികൾക്കായി രണ്ടുകോടി രൂപ വീതമാണ് പദ്ധതി അടങ്കലായി കോളേജുകൾക്ക് അനുവദിക്കുന്നത്. മൂന്ന് ഗഡുക്കളായിട്ടാണ് തുക അനുവദിക്കുന്നത്. അനുവദിച്ച ഗഡുവിലെ തുകയുടെ 75 ശതമാനം വിനിയോഗിച്ചാൽമാത്രമെ തുടർന്നുള്ള ഗഡു അനുവദിക്കുകയുള്ളൂ. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിട്ടുള്ള നാല് കോളേജുകൾക്ക് റൂസ പദ്ധതിയിൽ ആദ്യ ഗഡുവായ ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

1. എസ്.ബി. കോളേജ്

2. എൻ.എസ്.എസ്. ഹിന്ദു കോളേജ്.

3.എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്

4. അസംപ്ഷൻ കോളേജ്

ഇതിൽ എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജിന് മുനിസിപ്പാലിറ്റിയുടെ നിർമ്മാണാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ 38 ശതമാനം മാത്രമെ ഫണ്ടിനത്തിൽ വിനിയോഗിച്ചിട്ടുള്ളൂ. ദ്രുതഗതിയിൽ

പ്രവൃത്തി നടന്നുകൊണ്ടിരുന്ന മറ്റ് 3 സ്ഥാപനങ്ങൾക്കും ഒരു കോടി രൂപയ്ക്ക് പുറമെ അധിക തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് ഒഴികെ ബാക്കി 3 സ്ഥാപനങ്ങൾക്കും ഉയർന്ന വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 50 ലക്ഷം രൂപ വീതം അനുവദിച്ച് 01-02-2023-ലെ G.O.(Rt)No. 153/2023/HEDN. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പ്രസ്തുത 3 സ്ഥാപനങ്ങൾക്കും ആകെ ഒന്നരക്കോടി രൂപ വീതം റൂസ ഫണ്ടിനത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

(എ)-യിൽ നൽകിയിട്ടുണ്ട്.

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ ദത്തെടുക്കണമെന്ന നിർദേശം**

89(1690) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദസഞ്ചാരകേന്ദ്രങ്ങൾ ദത്തെടുക്കണമെന്ന് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സ്കീമിലൂടെ നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; സംസ്ഥാനത്തെ സർവകലാശാലകളിൽ ഈ നിർദ്ദേശം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ ദത്തെടുക്കുന്നതുമായി ബന്ധപ്പെട്ട് 25.01.2023-ലെ D.No. 2-103/2022(CPP-11) നമ്പറിൽ യു.ജി.സി. വെബ്സൈറ്റിൽ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ യു.ജി.സി.-യിൽനിന്നും ഔദ്യോഗികമായി നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് തീരുമാനമൊന്നും എടുത്തിട്ടില്ല.

**മലപ്പുറം സർക്കാർ വനിതാ കോളേജ് കെട്ടിട നിർമ്മാണം**

90(1691) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 13.85 കോടി രൂപ അനുവദിച്ച് ധനാനുമതി ലഭിച്ചെങ്കിലും കഴിഞ്ഞ രണ്ട് വർഷമായിട്ടും തുടർനടപടികളൊന്നുമുണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ നിർമ്മാണം വൈകുന്നതിന്റെ കാരണം അറിയിക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് കിഫ്ബി ഫണ്ടുപയോഗിച്ച് പ്രസ്തുത വനിതാകോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) മലപ്പുറം, സർക്കാർ വനിതാ കോളേജ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തിയുടെ പ്ലാൻ, ഗ്രഹ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാറ്റി തയ്യാറാക്കാൻ കിഫ്ബിയിൽനിന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശ പ്രകാരം മാറ്റങ്ങൾ വരുത്തിയ പ്ലാൻ കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. 2023 ഫെബ്രുവരി മാസത്തിൽ

നടക്കുന്ന കിഫ്ബിയുടെ ബോർഡ് മീറ്റിംഗ് അജണ്ടയായി പ്രസ്തുത കോളേജ് വർക്ക് ഉൾപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. അനുമതി ലഭ്യമായശേഷം പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോയുടെ നേതൃത്വത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

## കോടഞ്ചേരി സർക്കാർ കോളേജിൽ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവൃത്തി

91(1692) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി കോടഞ്ചേരി സർക്കാർ കോളേജിൽ കിഫ്ബി ധനസഹായത്തോടെ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.റ്റി.ഐ.എൽ. (കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്), ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്) സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രവൃത്തി നിർവഹണത്തിൽ കാലതാമസം വരുത്തുന്ന ഇത്തരം ഏജൻസികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കോടഞ്ചേരി ഗവ. കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി ധനസഹായത്തോടെ 5.69 കോടി രൂപയുടെ പദ്ധതി രൂപരേഖയാണ് തയ്യാറാക്കിയത്. കിഫ്ബി നിർദ്ദേശമനുസരിച്ച് GRIHA 3 സ്റ്റാർ റേറ്റിംഗ് ലഭിക്കത്തക്കരീതിയിൽ ഡിസൈൻ പുനർരൂപകല്പന നടന്നുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി KITCO-യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. KITCO DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ചശേഷം KSITIL-നെയാണ് ഈ പദ്ധതിയുടെ നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് KITCO, KSITIL തുടങ്ങിയ സ്ഥാപനങ്ങളെ പദ്ധതി നടപ്പിലാക്കുന്നതിൽനിന്നും നീക്കംചെയ്യുന്നത് സംബന്ധിച്ച ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

## സർവകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യവികസനം

92(1693) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി.സുമേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകൾ അവരുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി പ്രൊഫ. സുരേഷ്ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculam Committee for Higher Education) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

<u>നടപ്പിലാക്കിയ/നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ</u>:

1. <u>കരിക്കുലംപരിഷ്കാരം</u>- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്) രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു.

2. <u>പുതുതലമുറ കോഴ്സുകൾ</u>- സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിച്ചു. കൂടാതെ സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിച്ചു.

3. സർവകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

4. മറ്റ് പ്രധാന പദ്ധതികൾ:

•കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൽനെറ്റ്)

•ഇ-ജേർണൽ കൺസോർഷ്യം

•ഡിജികോൾ

•ഓൺലൈൻ ഡിജിറ്റൽ ശേഖരം

•കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF)

•അധ്യാപക പരിശീലന പദ്ധതി

•സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SACC)

•ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)

•എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം

•ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

(ബി) സർവകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി സർവകലാശാലകളിലും കോളേജുകളിലും സ്റ്റേറ്റ് പ്ലാൻ ഗ്രാന്റ്, KIIFB, RUSA ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, 2022-23-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പുതിയ ഡൊമസ്റ്റിക്, ഇന്റർനാഷണൽ ഹോസ്റ്റലുകൾ, ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ എന്നീ പദ്ധതികളും സർവകലാശാലകളിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത കോഴ്സിനാവശ്യമായ കേന്ദ്രീകൃത പാഠ്യപദ്ധതിയും അടിസ്ഥാന സൗകര്യവും തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

4 വർഷ ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി ചട്ടക്കൂട് മാത്രമാണ് പ്രൊഫ.സുരേഷ് ദാസ് അദ്ധ്യക്ഷനായ കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്നത്. പാഠ്യപദ്ധതിയുടെ ഭാഗമായി സിലബസ്സും മറ്റും അതത് സർവകലാശാലകളാണ് തയ്യാറാക്കേണ്ടത്. ഇത് നടപ്പിലാക്കാനാവശ്യമായ അക്കാദമിക പശ്ചാത്തലം ഒരുക്കേണ്ടതും സർവകലാശാലകളാണ്.

**കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളുടെ ഓഫീസുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

93(1694) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസവകുപ്പ്, എൻ.സി.സി. വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, അസാപ് എന്നിവയുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദ വിവരങ്ങൾ നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായി പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തിക ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നികത്താതെ കിടക്കുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ, എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ തസ്തിക പുനർനിർണ്ണയം

94(1695) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരവും തസ്തികകളും പുനർനിർണ്ണയിച്ച് 2020 ഏപ്രിലിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വിശദാംശം നൽകുമോ?

01-04-2020-ലെ സ.ഉ.(കൈ)നം. 155/2020/ഉവിവ. പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരം പി.ജി. വെയിറ്റേജ് ഇല്ലാതെ ആഴ്ചയിൽ 16 മണിക്കൂറായി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവുമൂലം തസ്തിക നഷ്ടം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലെത്ര തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

പ്രസ്തുത ഉത്തരവിനുശേഷം പുതിയ തസ്തികകൾ അനുവദിക്കുന്നതിനും നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും 16 മണിക്കൂർ

ജോലിഭാരം ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവുമൂലം നിലവിലുള്ള അധ്യാപകരുടെ ജോലി നഷ്ടമാവില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവിന്റെ പ്രത്യാഘാതം പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ ആരൊക്കെയാണ് അംഗങ്ങളെന്നും സമിതിയുടെ ശിപാർശകൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ഡി) സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന തുടർനടപടികൾ വിശദമാക്കുമോ?

(സി&ഡി) ഡോ. ഡി. കെ. സതീഷ്, പ്രൊഫ. കെ. എസ്. ജയചന്ദ്രൻ, ഡോ. കെ. പി. സുകുമാരൻ നായർ എന്നിവരായിരുന്നു അംഗങ്ങൾ. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 2020 ഏപ്രിലിലെ സർക്കാർ ഉത്തരവുമൂലം നഷ്ടമായ തസ്തികകൾക്ക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നപക്ഷം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകൾ സർവകലാശാലകൾ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ നിയമനത്തിന് നിലവിലുള്ള ഉയർന്ന പ്രായപരിധി സംബന്ധിച്ച നിബന്ധന ഭേദഗതി ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ആലപ്പുഴ എസ്.ഡി. കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക**

95(1696) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ എസ്.ഡി. കോളേജിലെ മൈക്രോബയോളജി വിഭാഗത്തിൽ ബയോടെക്നോളജി അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആലപ്പുഴ എസ്.ഡി. കോളേജിലെ മൈക്രോ ബയോളജി വിഭാഗത്തിൽ അനുവദിക്കപ്പെട്ട രണ്ട് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. ടി അദ്ധ്യാപക നിയമനങ്ങൾ നടത്തിയപ്പോൾ ഭിന്നശേഷി സംവരണം പാലിച്ചില്ലെന്നും നിയമനം ലഭിച്ചില്ലെന്നും കാണിച്ച് ശ്രീ. ദിനേശ് എം. ഡി. എന്നയാൾ WPC 23842/21 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി വിഷയത്തിൽ കോളേജ്

മാനേജ്മെന്റ് WP(C)34818/2022 നമ്പർ കേസ് ഫയൽ ചെയ്തു. രണ്ട് കേസുകളും ഒന്നിച്ച് പരിഗണിച്ച ബഹു. കോടതി തസ്തിക അനുവദിക്കുന്ന വിഷയം പരിഗണിക്കാൻ 05-12-2022-ൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. വർക്ക് ലോഡ് 48 മണിക്കൂറായി യൂണിവേഴ്സിറ്റി 27-9-2022-ൽ പുതുക്കി നൽകിയെങ്കിലും വർക്ക് ലോഡ് അദാലത്ത് പ്രകാരം ഇപ്പോഴും വർക്ക് ലോഡ് 47 മണിക്കൂറാണ്. മൈക്രോബയോളജി വിഭാഗത്തിൽ മൂന്നാം തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## ഡോ. ബി.ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

96(1697) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നബാർഡ് വഴി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് അനുമതിക്കായി നബാർഡിൽ സമർപ്പിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി, ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുക അനുവദിച്ച് നൽകുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് നബാർഡിൽ സമർപ്പിച്ചിട്ടില്ല.

**ആറ്റിങ്ങൽ ഗവ. കോളേജിലെ ഒഴിവ് നികത്താൻ നടപടി**

97(1698) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവ. കോളേജിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ സീറ്റ് ഒഴിവുണ്ടോയെന്ന് വ്യക്തമാക്കുമോ?

എം.കോം. കോഴ്സിന് ഒരു (1) സീറ്റ് ഒഴിവുണ്ട്.

(ബി) സാങ്കേതിക തടസ്സം നിമിത്തം അഡ്മിഷൻ നൽകാനാകാത്ത സാഹചര്യത്തെത്തുടർന്നുണ്ടായ സീറ്റ് ഒഴിവ് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ ഒഴിവ് നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഒരു സീറ്റ് ഒഴിവ് നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ സർവകലാശാലയുടെ ഭാഗത്തുനിന്നും സാങ്കേതിക തടസ്സമുണ്ടായിട്ടില്ല.

യൂണിവേഴ്സിറ്റിയുടെ സ്പോട്ട് അഡ്മിഷൻ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഒരു വിദ്യാർത്ഥിയും അഡ്മിഷന് ഹാജരാകാതിരുന്ന സാഹചര്യത്തിലാണ് ഒരു സീറ്റ് ഒഴിഞ്ഞുകിടക്കുന്നത്. നിലവിൽ അഡ്മിഷൻ പ്രക്രിയ അവസാനിച്ചതുകൊണ്ടും എൻറോൾമെന്റ് നടപടികൾ പൂർത്തിയായതുകൊണ്ടും ഇനി ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അഡ്മിഷൻ നടത്താൻ സാധിക്കുന്നതല്ല എന്ന് കേരള സർവകലാശാല അറിയിച്ചിട്ടുണ്ട്.

## പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

98(1699) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലാ കോളേജിലെ പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സർക്കാർ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനി ആയിരിക്കണം.

അപേക്ഷകയുടെ താമസസ്ഥലം ഹോസ്റ്റലിൽനിന്നും 40 കി.മീ.-ൽ കൂടുതൽ ആയിരിക്കണം.

പി.ജി. പ്രവേശനത്തിന് വിദ്യാർത്ഥി നേടിയ ഇൻഡക്സ് മാർക്കിനൊപ്പം ഹോസ്റ്റലിൽനിന്നും വിദ്യാർത്ഥിയുടെ താമസ സ്ഥലത്തേയ്ക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വെയിറ്റേജ് കൂടി ചേർത്താണ് ഹോസ്റ്റൽ പ്രവേശനത്തിനുള്ള മാർക്ക് കണക്കാക്കുന്നത്.

റാങ്ക് മാർക്ക്=ഇൻഡക്സ് മാർക്ക്+ദൂരത്തിനുള്ള വെയിറ്റേജ്

ദൂരത്തിനുള്ള വെയിറ്റേജ് ചുവടെ ചേർക്കുന്നു:

40-60 കി.മീ. : 1.00 x ഇൻഡക്സ് മാർക്ക്

60-100 കി.മീ. : 1.10 x ഇൻഡക്സ് മാർക്ക്

100 കി.മീ.-ന് മുകളിൽ (കേരളത്തിനുള്ളിൽ) : 1.20 x ഇൻഡക്സ് മാർക്ക്

100 കി.മീ.-ന് മുകളിൽ (കേരളത്തിന് പുറത്ത്) : 1.30 x ഇൻഡക്സ് മാർക്ക്

(ബി) കേരള സർവ്വകലാശാലാ കോളേജിലെ എം.എസ്സി. വിദ്യാർത്ഥിനികളായ കാസർഗോഡ് ജില്ലയിലെ ആയിഷത്ത് ആദില കെ.

കെ., മറിയം റഷീദ കെ. കെ., അനശ്രീ ടി. എന്നിവർക്ക് ദൂരപരിധി കണക്കാക്കി ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

കുമാരി ആയിഷത്ത് ആദില കെ. കെ., കുമാരി അനശ്രീ ടി., കുമാരി മറിയം റഷീദ കെ. കെ. എന്നീ വിദ്യാർത്ഥിനികൾ തൈക്കാട് വനിതാ ഹോസ്റ്റലിൽ പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷിക്കുകയും സെപ്റ്റംബർ അവസാനവാരം പ്രസിദ്ധീകരിച്ച ആദ്യ ഹോസ്റ്റൽ റാങ്ക് ലിസ്റ്റിൽ യഥാക്രമം 113, 120, 147 റാങ്കുകളിലായി ഉൾപ്പെടുകയും ചെയ്തിരുന്നു. (ബി.പി.എൽ. വിഭാഗത്തിൽ യഥാക്രമം 37, 40, 48). ഒന്നാം വർഷ പി.ജി. വിദ്യാർത്ഥികൾക്കുള്ള 40 സീറ്റിലേയ്ക്കുള്ള അലോട്ട്മെന്റ് ഒക്ടോബർ ആദ്യവാരം പ്രസിദ്ധീകരിക്കുകയും ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രവേശനം എടുക്കാത്തതുമൂലമുണ്ടായ 10 ഒഴിവിലേയ്ക്ക് നവംബർ അവസാനവാരം രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. രണ്ടാം റാങ്ക് ലിസ്റ്റിൽ ഈ വിദ്യാർത്ഥിനികൾ യഥാക്രമം 93, 101, 128 റാങ്കുകളിലായി ഉൾപ്പെടുകയും ചെയ്തിരുന്നു. (ബി.പി.എൽ. വിഭാഗത്തിൽ യഥാക്രമം 24, 28, 39). രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രവേശനമെടുക്കാത്തത്

കാരണം/പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഹോസ്റ്റൽ വെക്കേറ്റ് ചെയ്തതുമൂലം ഉണ്ടായ 5 ഒഴിവുകളിലേയ്ക്ക് 03.02.2023-ന് മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു.

മൂന്നാം റാങ്ക് ലിസ്റ്റിൽ ഈ വിദ്യാർത്ഥിനികൾ യഥാക്രമം 85, 93, 122 റാങ്കുകളിലായി ഉൾപ്പെട്ടിട്ടുണ്ട്. (ബി.പി.എൽ. വിഭാഗത്തിൽ യഥാക്രമം 20, 24, 35).

(സി) സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന പ്രസ്തുത വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം എപ്പോൾ അനുവദിക്കുമെന്ന് വിശദമാക്കുമോ?

ടി വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷ തൈക്കാട് വനിതാ ഹോസ്റ്റലിൽ ഒഴിവുവരുന്ന മുറയ്ക്ക് നിർദിഷ്ട ടേണിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

**മൊകേരി കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

99(1700) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ ഇന്റേണൽ റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

റോഡ് നിർമ്മാണ പ്രവൃത്തിയുടെ സാങ്കേതിക അനുമതി ലഭ്യമായി എന്ന് പൊതുമരാമത്ത് വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

(ബി) മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം 90 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്. മാർച്ച് 2023-ൽ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുള്ളത്.

ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ ഭാഗമായി പൈലിങ് വർക്കുകൾ ആരംഭിച്ചു. ആകെ വേണ്ടിയിരുന്ന 60 പൈലുകളിൽ 14 പൈലിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രവൃത്തി നിർത്തിവയ്ക്കുന്നതിനായി കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രവൃത്തി

നിർത്തിവയ്ക്കുകയും ചെയ്തു. തുടർന്ന് കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പദ്ധതി പ്രദേശത്ത് മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പദ്ധതി നിർവഹണ ഏജൻസിയായ KITCO കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചശേഷം നിർമ്മാണം പുനരാരംഭിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; പ്രവൃത്തികളുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം 2023 മാർച്ച് മാസവും ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണം 2023 ഡിസംബർ മാസവും പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുള്ളത്. ലൈബ്രറി ബ്ലോക്കിന്റെയും ലേഡീസ് ഹോസ്റ്റൽ ബ്ലോക്കിന്റെയും കരാർ കാലാവധി 21-01-2023 ആണ്. റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽമാത്രമെ കരാറിൽ ഏർപ്പെടാൻ സാധിക്കുകയുള്ളൂ.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ**

100(1701) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ നിലവിൽ ഉണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഇല്ലെങ്കിൽ ആയത് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പദ്ധതികൾ നിലവിലില്ല. എന്നാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലിൽ ഏർപ്പെടുന്നതിനും സാമ്പത്തികഭദ്രത കൈവരിക്കുന്നതിനുമായി 'Earn While You Learn' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തെ ബാധിക്കാതെ, ഒഴിവുസമയങ്ങളിൽ നിരവധി ഓൺലൈൻ, ഓഫ്‌ലൈൻ ജോലികളിൽ ഏർപ്പെടുന്നതിന്

അവസരം ഒരുക്കിനൽകിയിട്ടുണ്ട്. വിവിധ വസ്തുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ഓൺലൈൻ ജോബ്, കോളേജുകളിൽത്തന്നെ ചെയ്യാൻ കഴിയുന്ന അറ്റകുറ്റപണികൾ, കഴിഞ്ഞ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എല്ലാ കോളേജുകളിലും നിർമ്മിച്ച ഫ്രീഡം വാളിന്റെ നിർമ്മാണം, അടുക്കളത്തോട്ട നിർമ്മാണം എന്നിവയ്ക്കുവേണ്ട സാമ്പത്തിക സഹായം കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകുകയും അതോടൊപ്പം തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുള്ള വേതനം വിദ്യാർത്ഥികൾക്ക് നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം എന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ PAT (പ്രൊഡക്ഷൻ & ട്രെയിനിങ്) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ സർക്കാർ

പോളിടെക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി RLV സംഗീത കോളേജിൽ മിനി ഇൻഡ്സ്ട്രിയൽ യൂണിറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് ഇവ പഠനപ്രക്രിയയുടെ ഭാഗമാകുന്നത് പരിഗണിക്കുന്നുണ്ട്.

മേൽസൂചിപ്പിച്ച പദ്ധതികൾ അല്ലാതെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികൾക്ക് പാർട്ട് ടൈം ജോലി നൽകുന്ന പ്രത്യേകം പദ്ധതികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ

101(1702) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത എത്ര ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 57 ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഗ്രന്ഥശാലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ ഗ്രേഡ് അനുസരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത ലൈബ്രറികളുടെ ഗ്രേഡ് അനുസരിച്ചുള്ള ഗ്രാന്റും അലവൻസും ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

(സി) ഈ മണ്ഡലത്തിലെ ലൈബ്രറികളുടെ പുരോഗതിക്കായി ഈ വർഷം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കുട്ടികളുടെ വേദി പ്രവർത്തിക്കുന്ന ലൈബ്രറികളിൽ ബാലവേദിയും പ്രതിമാസ പരിപാടികൾ നടത്തിയ ലൈബ്രറികൾക്ക് ഈ വർഷത്തെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവർത്തന ഗ്രാന്റും അനുവദിക്കുന്നതാണ്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനവും, ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് സൗകര്യങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

102(1703) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) പഠനവും, ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പഠനത്തിൽ അധിഷ്ഠിതമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ പ്രവർത്തിച്ചുവരുന്നു. എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും ടെക്നിക്കൽ ഹൈസ്കൂളുകൾക്കും പൊതുവായി ഉപയോഗിക്കുവാൻ കഴിയുന്ന സൗകര്യങ്ങൾ ഉണ്ടാക്കുകയും ഒരു റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററായി പ്രവർത്തിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ, സാങ്കേതിക വകുപ്പിന്

കീഴിലുള്ള വിവിധ കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച വിശദാംശം 'അനുബന്ധമായി' ചേർത്തിട്ടുണ്ട്.+

അസാപ് കേരള വഴി നിർമ്മിത ബുദ്ധി മേഖലയിൽ ഒരു പുതിയ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ' ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് കോഴ്സ്' നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ഏജൻസിയായ NCVET-യുടെ അംഗീകാരത്തോടെയുള്ള, 720 മണിക്കൂർ ദൈർഘ്യമുള്ള പ്രസ്തുത കോഴ്സിലൂടെ നിർമ്മിതബുദ്ധി മേഖലയിൽ ഒരു വൻമുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്. IHRD ആറ്റിങ്ങൽ, കൊട്ടാരക്കര എഞ്ചിനിയറിംഗ് കോളേജുകളിൽ 2022-23 വർഷം മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തിൽ ബി.ടെക്. കോഴ്സുകൾ നടത്തുന്നുണ്ട്. കരുനാഗപ്പള്ളി കോളേജ് ഓഫ് എൻജിനീയറിംഗിൽ D.Voc (Artificial Intelligence and Robotics) എന്ന കോഴ്സ് നടത്തുവാൻ AICTE-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ ആധുനിക രീതിയിലുള്ള ഗവേഷണങ്ങൾ/പഠനങ്ങൾ വിദ്യാർത്ഥികൾക്ക് പ്രാപ്യമാകുന്ന രീതിയിൽ Artificial Intelligence, Machine Learning, Robotics and Automation എന്നീ വിഷയങ്ങളിൽ IHRD എഞ്ചിനിയറിംഗ് കോളേജുകളിൽ കോഴ്സുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിക്കുകയും, Model Engineering College-നെ KTU-ന്റെ സഹായത്തോടെ Centre of Excellence ആക്കി മാറ്റുവാനും അതുവഴി ടി കോളേജിനെ ഒരു പ്രാദേശിക ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം സർക്കാർ കോളേജ് കെട്ടിട നിർമ്മാണം**

103(1704) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭിച്ച പെരിങ്ങോം സർക്കാർ കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കിഫ്ബിയുടെ ധനാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതിയുടെ നിർവ്വഹണം തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എത്രയും വേഗം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പെരിങ്ങോം ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 9.27 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ തുക കിഫ്ബി വഴിയായി അനുവദിക്കുകയും ചെയ്തു. രണ്ട് തവണ ടെണ്ടർ നടപടികൾ നടത്തിയെങ്കിലും ടെണ്ടറിൽ തുക പര്യാപ്തമല്ല എന്ന കാരണത്താൽ ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് എസ്റ്റിമേറ്റ് DSR 2018-ലേക്കുമാറ്റി തയാറാക്കിയപ്പോൾ 11.34 കോടി രൂപ ഈ പ്രോജക്ട് നടപ്പിലാക്കാൻ ആവശ്യമാണെന്ന് കണ്ടെത്തി.

പദ്ധതിയുടെ SPV ആയ KITCO പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ആവശ്യം വരുന്ന തുകയ്ക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകിയാൽ ഉടൻതന്നെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## സർവ്വകലാശാലാ ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി

104(1705) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർവ്വകലാശാലാ ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാക്കുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും. സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State e-Journal Consortium) പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ സർവകലാശാലകൾ സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ

നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.

കേരള സർവകലാശാല

കേരള സർവകലാശാല ലൈബ്രറിയെ ഗവേഷണ കേന്ദ്രമാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല

അന്താരാഷ്ട്ര നിലവാരമുള്ള ജേർണലുകൾ, ഇ-ജേർണലുകളും, പ്രിന്റ് ജേർണലുകളും അടക്കം 11574 ജേർണലുകൾ ലഭ്യമാണ്. സർവകലാശാലയുടെ സെൻട്രൽ ലൈബ്രറിയും ഡിപ്പാർട്ട്മെന്റ് ലൈബ്രറികളും കമ്പ്യൂട്ടർ നെറ്റ്‌വർക്ക് വഴി ബന്ധിപ്പിച്ച് ലൈബ്രറി കാറ്റലോഗ് ഓൺലൈൻ വഴി ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപകർക്കും, ഗവേഷക വിദ്യാർത്ഥികൾക്കും ഉപകാരപ്രദമായ വിധത്തിൽ ഡിജിറ്റൽ റിസോഴ്സുകൾ റിമോട്ട് ആക്സസ് സംവിധാനം വഴി ലഭ്യമാക്കിയിട്ടുണ്ട്. ഗവേഷക പ്രബന്ധങ്ങളുടെ Plagiarism പരിശോധിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

<u>കണ്ണൂർ സർവകലാശാല</u>

കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറി 2001 വർഷം മുതൽ വിവിധ വിഷയങ്ങളുടെ അംഗീകൃത ഗവേഷണ കേന്ദ്രമാക്കിയിട്ടുണ്ട്. അന്തർദേശീയ പ്രാധാന്യമുള്ള ഒട്ടേറെ e-resources സർവകലാശാല ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവ മുഴുവൻ സമയവും ഒരു mobile/desk top app. വഴി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

<u>എം.ജി. സർവകലാശാല</u>

ദേശീയ-അന്തർദേശീയ തലത്തിൽ പ്രചാരത്തിലുള്ള ഗവേഷണ പ്രസിദ്ധീകരണങ്ങൾ പ്രിന്റ്, ഇലക്ട്രോണിക് രൂപങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

- സർവകലാശാല ലൈബ്രറിയിൽ ലഭ്യമല്ലാത്ത വിവര സ്രോതസ്സുകൾ ഇന്ത്യയിലെ മറ്റു ലൈബ്രറികളിൽനിന്നും വരുത്തിക്കൊടുക്കാൻ ഇന്റർ ലൈബ്രറി ലോൺ (Inter Library Loan), ഡോക്യുമെന്റ് ഡെലിവറി (Document Delivery) സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- അക്കാദമിക സമൂഹത്തിന്റെ ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി മികച്ച ഗവേഷണ പ്രസിദ്ധീകരണങ്ങൾ

കണ്ടെത്തുന്നതിനായി വെബ് ഓഫ് സയൻസ് (Web of Science), സ്കോപ്പസ് (Scopus) എന്നീ ഇൻഡക്സിങ് സേവനങ്ങൾ ലഭ്യമാണ്.

•ഗവേഷണ പ്രബന്ധങ്ങളുടെയും ലേഖനങ്ങളുടെയും സാമ്യത പരിശോധന (Similarity Checking) നടത്തുന്നതിനായി Ouriginal, Ithenticate എന്നീ രണ്ടു സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്.

•ഗവേഷണ നൈതികത (Research Ethics), സാഹിത്യ ചോരണം (Plagiarism) എങ്ങിനെ ഒഴിവാക്കാം, വിവര സാക്ഷരത (Information Literacy), റഫറൻസ് മാനേജ്മന്റ് എന്നീ വിഷയങ്ങളിൽ ഗവേഷണ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലൈബ്രറിയിൽ അവബോധവും, പരിശീലനവും നൽകിവരുന്നു.

NUALS

ലൈബ്രറി മാനേജ്മെന്റിനായി ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ KOHA ഒരു പൂർണ്ണ ഓട്ടോമേറ്റഡ് സിസ്റ്റമാണ് ലൈബ്രറിയിൽ ഉപയോഗിക്കുന്നത്. അക്കാദമിക് ലൈബ്രറിയെന്ന നിലയിൽ പ്രിൻറ്, ഡിജിറ്റൽ വിവര സേവനങ്ങൾ ലഭ്യമാണ്. നിയമ പഠന പുസ്തകങ്ങൾ, ഇന്ത്യൻ ജേർണലുകൾ, അന്താരാഷ്ട്ര ജേർണലുകൾ,

ആനുകാലികങ്ങൾ/മാഗസിനുകൾ എന്നിവയും കൂടാതെ അന്താരാഷ്ട്ര ഓൺലൈൻ ഡാറ്റാബേസ് സേവനങ്ങളും നുവാൽസ് ലൈബ്രറിയിൽ ലഭ്യമാണ്.

<u>മലയാള സർവകലാശാല</u>

മലയാള സർവകലാശാലയിൽ 45000-ത്തിലധികം പുസ്തകങ്ങളുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ജേണലുകളും ആനുകാലികങ്ങൾ, സി.ഡി.-യുടെ ശേഖരം, ഗവേഷണ പ്രബന്ധങ്ങൾ, ഇ-ബുക്കുകൾ, ഇ-ജേർണലുകൾ, പത്രമാസികകൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വൈഫൈ സൗകര്യവും കമ്പ്യൂട്ടർ സംവിധാനവും ഒരുക്കി നൽകിയിട്ടുണ്ട്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>

ഗവേഷകർക്കാവശ്യമായ അന്തർദേശീയ നിലവാരമുള്ള പുസ്തകങ്ങൾ, ഡാറ്റ ബേസുകൾ, ഇ-ജേണൽസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. സർവകലാശാല ലൈബ്രറികൾക്ക് Elsevier Science Direct 11 Subjet Collection Journal, Scoups database, Knimbus Remote Access എന്നിവ കൺസോർഷ്യം വഴി ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ

സർവകലാശാല ലൈബ്രറികളുടെയും പുസ്തകശേഖരം ഒരൊറ്റ കാറ്റലോഗിൽ ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

ലൈബ്രറിയിലുള്ള അന്തർദേശീയ നിലവാരം പുലർത്തുന്ന സംവിധാനങ്ങൾ താഴെപ്പറയുന്നു.

1) Koha Internationally Accepted Open Source Software

2) KNIMBUS & INFED REMOTE ACCESS

3) Web OPAC for search of books from every where.

4) KIBO Multilingual Scanner for Visuality impaired.

5) Shodh Shuddhi - Plagiarism detection software

6) ETD (Electronic Thesis and Dissertations)

7) E Books and E Journals.

8) Print Books and Journals.

**കോഴ്സിന്റെ തത്തുല്യ/ഉയർന്ന യോഗ്യത നിശ്ചയിക്കുന്നതിനുള്ള അധികാരം**

105(1706) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സ് അനുസരിച്ച് സംസ്ഥാനത്തെ ഏതെങ്കിലുമൊരു കോഴ്സിന്റെ തത്തുല്യ/ഉയർന്ന യോഗ്യത നിശ്ചയിക്കുന്നതിനുള്ള അധികാരം ഏത് വകുപ്പിനാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ നൽകുന്ന ബിരുദാനന്തര ബിരുദം/ബിരുദം/ഡിപ്ലോമ മുതലായ സർട്ടിഫിക്കറ്റുകൾ സമാന ശാഖയിലുള്ളതോ അല്ലെങ്കിൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ തുല്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള താഴ്ന്ന വിദ്യാഭ്യാസ യോഗ്യതകളായ ഡിപ്ലോമ/ ഐ.ടി.ഐ./ ഐ.ടി.സി./ കെ.ജി.സി.ഇ./ കെ.ജി.റ്റി.ഇ./ എൻ.എ.സി./ എൻ.ടി.സി. മുതലായവയുടെ ഉയർന്ന യോഗ്യതയായി നിശ്ചയിക്കുന്നതിനുള്ള അധികാരം ഉന്നതവിദ്യാഭ്യാസ വകുപ്പിനാണ്.

(ബി) റൂൾസ് ഓഫ് ബിസിനസ്സിലെ വിഷയ വിതരണം പാലിച്ചുള്ളതാണോ 17-03-2023-ലെ സ.ഉ.(സാധാ) 57/2023/എൽ.ബി.ആർ. നമ്പർ ഉത്തരവ് എന്ന് വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ ആയതിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം തൊഴിലും നൈപുണ്യവും വകുപ്പിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷനും 311/ജെ3/2022/ഉ.വി.വ ഫയലിൽ നൽകിയിട്ടുണ്ട്.

**കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് കോളേജ്**

106(1707) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് കോളേജിൽ വിദ്യാർത്ഥികൾ നടത്തിയിരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എന്തൊക്കെ വിഷയങ്ങൾ ഉന്നയിച്ചാണ് വിദ്യാർത്ഥികൾ സമരം ചെയ്തിരുന്നത്; വിദ്യാർഥികൾ നൽകിയ പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കെതിരെ പ്രവേശന മാനദണ്ഡങ്ങൾ പാലിക്കുന്നില്ല, സംവരണം

അട്ടിമറിക്കുന്നു, വിദ്യാർത്ഥികളോടും ജീവനക്കാരോടും ജാതി വിവേചനം കാട്ടുന്നു, കോഴ്സുകളുടെ കാലദൈർഘ്യം കുറയ്ക്കുന്നു, വിദ്യാർത്ഥികൾക്ക് പഠനം പൂർത്തീകരിക്കുന്നതിന് സൗകര്യം നൽകുന്നില്ല, ഇ-ഗ്രാന്റ്സ് ആനുകൂല്യം കൃത്യമായി നൽകുന്നില്ല, സ്ഥാപനത്തിന്റെ സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് കൃത്യമായി നൽകുന്നില്ല എന്നിവ സംബന്ധിച്ചായിരുന്നു പ്രധാന പരാതികൾ. പരാതികളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിൽ നടന്ന മനുഷ്യത്വരഹിതവും ജാതിവിരുദ്ധവും സ്ത്രീവിരുദ്ധവുമായ വിഷയങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഏതൊക്കെ കമ്മീഷനുകളെയും സമിതികളെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; കമ്മീഷനുകളുടെയും സമിതികളുടെയും പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിലെ വിദ്യാർത്ഥികളും ജീവനക്കാരും ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി 01-12-2022-ലെ സ.ഉ.(സാധാ)നം. 1773/2022/ഉ.വി.വ. പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറിമാരായ ശ്രീ. അനിൽ കുമാർ വി.എസ്., ശ്രീ. ഹരികുമാർ ജി., സെക്ഷൻ ഓഫീസർ ശ്രീമതി അശോകകുമാരി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവർ അംഗങ്ങളായ ഒരു കമ്മീഷനെയും 23-12-2022-ലെ സ.ഉ. (സാധാ)നം. 1877/2022/ഉ.വി.വ. പ്രകാരം തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറും മുൻ ചീഫ് സെക്രട്ടറിയും ഐ.എം.ജി. ഡയറക്ടറുമായ ശ്രീ. കെ. ജയകുമാർ ഐ.എ.എസ്.(റിട്ട), ന്യൂവാൽസ് മുൻ വൈസ് ചാൻസലറും മുൻ നിയമസഭാ സെക്രട്ടറിയുമായ ഡോ. എൻ. കെ. ജയകുമാർ എന്നിവർ അംഗങ്ങളായ ഉന്നതതല കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കമ്മീഷനുകളോ സമിതികളോ അവരുടെ റിപ്പോർട്ടുകൾ ഇതിനോടകം സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെയാണ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ; റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു.

(ഡി) ഇ-ഗ്രാന്റ് വിതരണം മുടങ്ങിയ വിഷയത്തിൽ സമരം ചെയ്ത വിദ്യാർത്ഥികളിൽ ചിലർക്ക് മൂന്നുവർഷംകൊണ്ട് തീരേണ്ട കോഴ്സ് എട്ട് വർഷമായിട്ടും പൂർത്തിയാക്കാൻ കഴിയാത്തത് പ്രസ്തുത വിദ്യാർത്ഥികൾ സമരം ചെയ്തതിന്റെ പ്രതികാര നടപടികളുടെ ഭാഗമാണെന്ന

ആരോപണത്തിന്മേൽ അന്വേഷണമെന്തെങ്കിലും നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ഇ) വിദ്യാർത്ഥികൾ നടത്തിയ സമരങ്ങളുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കുറ്റക്കാരായി കണ്ടെത്തുകയുണ്ടായോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ, എന്തെല്ലാമാണെന്ന് വിശദാംശം നൽകുമോ?

അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കെ.ആർ. നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്

107(1708) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് അനുവദിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് നൽകിയ റിപ്പോർട്ട് പ്രകാരം ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിൽ സ്ഥാപനത്തിൽനിന്നും വീഴ്ചയുണ്ടായിട്ടില്ല.

(ബി) ഏതുവർഷം വരെ ഇ-ഗ്രാന്റ് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര നാളത്തെ കുടിശ്ശികയുണ്ടെന്നും വിശദമാക്കാമോ; ധനകാര്യ പ്രതിസന്ധി ഇ-ഗ്രാന്റ് വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

2014 മുതൽ 2016 വരെയുള്ള ബാച്ചുകളിലെ വിദ്യാർത്ഥികളിൽ, അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് അനുവദിച്ചുനൽകിയിട്ടുണ്ട്. എന്നാൽ ഇ-ഗ്രാന്റ് അനുമതി ലഭിക്കുന്നതിനും ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിനും ബന്ധപ്പെട്ട ഡയറക്ടറേറ്റുകളിൽ കാലതാമസമുണ്ടായിട്ടുണ്ട്.

2019-2020 അദ്ധ്യയന വർഷത്തിലെ വിദ്യാർത്ഥികളിൽ എസ്.സി. വിഭാഗത്തിലെ അഞ്ചും, എസ്.ടി. വിഭാഗത്തിലെ ഒന്നും വിദ്യാർത്ഥികൾക്ക് ഒന്നാം വർഷത്തെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും ലംസം ഗ്രാന്റ്, പോക്കറ്റ് മണി, 3 മാസത്തെ ഹോസ്റ്റൽ ഫീസ് എന്നിവ ലഭിച്ചിട്ടുണ്ട്. ഇതിൽ എസ്.സി. വിഭാഗം വിദ്യാർത്ഥികളുടെ പുതുക്കൽ പ്രക്രിയ

നടന്നുകൊണ്ടിരിക്കുന്നു. എസ്.ടി. വിഭാഗം വിദ്യാർത്ഥിയുടെ രണ്ടാം വർഷ പുതുക്കൽ പ്രക്രിയ പൂർത്തിയാകുകയും രണ്ടാം വർഷത്തെ ക്ലെയിമുകൾ അയക്കുകയും ചെയ്തിട്ടുണ്ട്.

2019-2020 അധ്യയന വർഷത്തിലെ ഒ.ബി.സി. വിഭാഗത്തിലെ വിദ്യാർത്ഥികളിൽ ഇ-ഗ്രാന്റ്സ് അപേക്ഷിച്ച 6 പേരുടെ ഒന്നാം വർഷത്തെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയുടെ ക്ലെയിമുകൾ അയച്ചിട്ടുള്ളതും നിലവിൽ ഈ ക്ലെയിമുകൾ ഡയറക്ടറേറ്റിൽ പ്രോസസിംഗ് ആണ്. അതുപോലെ ഇവരെ രണ്ടാം വർഷത്തിലേയ്ക്ക് പുതുക്കുകയും രണ്ടാം വർഷത്തെ ക്ലെയിമുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഈ ക്ലെയിമുകളിൽ 3 വിദ്യാർത്ഥികളുടെ ഫണ്ട് ഡയറക്ടറേറ്റിൽ "പ്രോസസിംഗ്" എന്ന സ്റ്റാറ്റസും, 3 വിദ്യാർത്ഥികളുടെ ക്ലെയിം സ്റ്റാറ്റസ് “ processing verification @DO clerk -OBC” എന്നുമാണ്.

2020-21, 2021-22 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധിമൂലം അഡ്മിഷൻ നടന്നിട്ടില്ല. 2022-23 അധ്യയന വർഷത്തിലെ അഡ്മിഷൻ എടുത്തവരിൽ 14 വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് അപേക്ഷകൾ സമർപ്പിച്ചിരുന്നു. ഇതിൽ OBC വിഭാഗത്തിൽ അഞ്ചും എസ്.സി. വിഭാഗത്തിൽ അഞ്ചും ജനറൽ വിഭാഗത്തിൽ മൂന്നും OBC-H വിഭാഗത്തിൽ

ഒന്നും വിദ്യാർത്ഥികളാണുള്ളത്. ഇവരുടെ അപേക്ഷകളിൽ രണ്ടര ലക്ഷത്തിന് മുകളിൽ വരുമാനമില്ലാത്ത മൂന്ന് എസ്.സി. വിഭാഗം വിദ്യാർത്ഥികളുടെ ഒഴിച്ച് ബാക്കിയുള്ളവരുടെ അപേക്ഷകൾ പരിശോധിച്ച് ക്ലെയിം ലഭിക്കുന്നതിനായി അയച്ചിട്ടുള്ളതാണ്. ധനകാര്യ പ്രതിസന്ധി ഇ-ഗ്രാന്റ് വിതരണത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

(സി) പ്രസ്തുത സ്ഥാപനത്തിലെ ഇ-ഗ്രാന്റ് വിതരണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

2019-20 അദ്ധ്യയന വർഷത്തിലെ വിദ്യാർത്ഥികളിൽ എസ്.സി. വിഭാഗത്തിലെ അഞ്ചും എസ്.ടി. വിഭാഗത്തിലെ ഒന്നും വിദ്യാർത്ഥികളുടെ കോവിഡ് മഹാമാരിമൂലവും ക്യാമ്പസ് CFLTC ആയി പ്രവർത്തിച്ചിരുന്നതുകൊണ്ടും നഷ്ടപ്പെട്ട ഒന്നാം വർഷ ക്ലാസ്സുകൾ 2022 ജനുവരി മുതൽ 2022 ഒക്ടോബർ വരെ ക്യാമ്പസ്സിൽവച്ച് നടത്തപ്പെട്ടു. ഈ മാസങ്ങളിലെ ഹോസ്റ്റൽ ഫീസ് വാങ്ങി നൽകണം എന്നാവശ്യപ്പെട്ട് വിദ്യാർത്ഥികൾ സ്ഥാപന മേധാവിക്ക് കത്ത് നൽകിയിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് കത്ത് നൽകിയിരുന്നു. ഇതിൽ എസ്.ടി. വിഭാഗം വിദ്യാർത്ഥിയുടെ ഹോസ്റ്റൽ

ഫീസ് രണ്ടാം വർഷത്തെ ഫീസിനൊപ്പം ക്ലെയിം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എസ്.സി. വിഭാഗം വിദ്യാർത്ഥികളുടെ ലഭിക്കാനുള്ള ഹോസ്റ്റൽ ഫീസ് സംബന്ധിച്ച അറിയിപ്പുകൾ ജില്ലാ ഓഫീസിൽനിന്നും ലഭിച്ചിട്ടില്ല.

## കെ.ആർ.നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്

108(1709) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കെതിരെ ജാതി അധിക്ഷേപം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരെ വീട്ടുജോലിക്ക് നിയോഗിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതി അന്വേഷിക്കുന്നതിനായി 01-12-2022-ലെ സ.ഉ.(സാധാ)നം. 1773/2022/ഉ.വി.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ അംഗങ്ങളായ മൂന്നംഗ കമ്മീഷനും 23-12-2022-ലെ സ.ഉ.(സാധാ) നം.1877/2022/ഉ.വി.വ. പ്രകാരം തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല മുൻ വൈസ് ചാൻസലറും മുൻ ചീഫ് സെക്രട്ടറിയും ഐ.എം.ജി. ഡയറക്ടറുമായ കെ. ജയകുമാർ അധ്യക്ഷനായ രണ്ടംഗ അന്വേഷണ കമ്മീഷനെയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## കെ.ആർ.നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്

109(1710) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.നാരായണൻ നാഷണൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കെതിരെ ജാതി അധിക്ഷേപം സംബന്ധിച്ച പരാതിയിൽ അന്വേഷണം നടത്തിയ കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശപ്രകാരമാണോ അദ്ദേഹം ഡയറക്ടർ സ്ഥാനം രാജിവച്ചതെന്ന് വ്യക്തമാക്കുമോ?

ഡയറക്ടർ രാജിവച്ചത് സർക്കാർ നിർദേശപ്രകാരമല്ല.

(ബി) പ്രസ്തുത അന്വേഷണത്തിൽ ഡയറക്ടർ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ വ്യക്തമാക്കുമോ?

അന്വേഷണ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്ത് പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് നടപടി**

110(1711) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാർ/എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിലെ സാമ്പത്തിക സ്ഥിതിയുടെ

അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്. സ്വാശ്രയ മേഖലയിൽ, സർവകലാശാലാ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി കോളേജ് അനുവദിച്ചുവരുന്നു.

**സാങ്കേതിക സർവകലാശാലയിൽ ഉപസമിതിയെ നിയോഗിച്ച നടപടി**

111(1712) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയിലെ ദൈനംദിന ഭരണകാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഉപസമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സർവകലാശാല നിയമത്തിലെ/സ്റ്റാറ്റ്യൂട്ടിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഇപ്രകാരമുള്ള ഒരു ഉപസമിതിയെ നിയോഗിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത ഉപസമിതി രൂപീകരിച്ച സിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 11-01-2023-ന് കൂടിയ സാങ്കേതിക സർവകലാശാലയുടെ 41-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് വൈസ് ചാൻസലർ അംഗീകരിച്ച് ലഭ്യമാക്കിയിട്ടില്ല.

## കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഐ.എച്ച്.ആർ.ഡി. കോളേജ്)

112(1713) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01 വർഷം കൂത്തുപറമ്പിൽ ആരംഭിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് (ഐ.എച്ച്.ആർ.ഡി. കോളേജ്) വലിയവെളിച്ചത്ത് സ്വന്തമായി പണിത കെട്ടിടത്തിലേയ്ക്ക് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

2000-01 വർഷം കൂത്തുപറമ്പിൽ ആരംഭിച്ച ഐ.എച്ച്.ആർ.ഡി.-യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് സർക്കാർ ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ നിലനിന്നിരുന്ന സ്വകാര്യ അന്യായത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുകൂലമായ വിധി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ, 5 ഏക്കർ സർക്കാർ ഭൂമി പാട്ട വ്യവസ്ഥയിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചുനൽകി

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പാട്ടുത്തുക കോളേജിൽനിന്നും വില്ലേജ് ഓഫീസിൽ അടച്ചിട്ടുണ്ട്. മാത്രമല്ല നിർമ്മിച്ച കെട്ടിടങ്ങൾക്ക് അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

നിർമ്മിച്ച കെട്ടിടത്തിൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന് ചില പ്രവർത്തികൾകൂടി പൂർത്തികരിക്കേണ്ടതുണ്ട്. ബഹു. MLA-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 1 കോടി രൂപ ഇതിന് നീക്കിവയ്ക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ PWD ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാക്കി കെട്ടിടങ്ങൾക്ക് അനുമതിയും വൈദ്യുതി കണക്ഷനും ലഭിക്കുന്ന മുറയ്ക്ക് ക്ലാസുകൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കോളേജിലെ ക്ലാസ് മുറികൾ സജ്ജമാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് മുൻകൈയ്യെടുക്കുമോയെന്ന് വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി.-യിൽനിന്നും ഈ വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിലെ പുതിയ കോഴ്സുകൾ

113(1714) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (സി.എ.പി.ഇ.)-ന്റെ അധീനതയിലുള്ള തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര എഞ്ചിനീയറിംഗ് കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ 4 എഞ്ചിനീയറിംഗ് കോഴ്സുകളാണുള്ളത്.

1. സിവിൽ എഞ്ചിനീയറിംഗ് - 60 സീറ്റ്

2. കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് - 90 സീറ്റ്

3. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് - 60 സീറ്റ്

4. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് - 60 സീറ്റ്

ആകെ - 270 സീറ്റ്

**മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക്**

114(1715) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ 2023-24 അധ്യയന വർഷം പോളിടെക്നിക് ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണം**

115(1716) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട കോട്ടയ്ക്കൽ വനിത പോളിടെക്നിക് കോളേജിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) 24-04-2019-ലെ സ.ഉ.(സാധാ)നം. 631/2019/ഉ.വി.വ. പ്രകാരം കോട്ടയ്ക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിൽ 3 (G+2) നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി അഗ്നിസുരക്ഷാ സംവിധാനം, അംഗപരിമിതർക്കുള്ള റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. രണ്ട് ഘട്ടമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി, ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിൻെറ നിർമ്മാണ പ്രവൃത്തി), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് (Includes Construction of the building, water supply, sump, sanitary works, rain water harvesting) എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം M/s. KEL-മായി എഗ്രിമെന്റിൽ ഏർപ്പെടുന്നത് സംബന്ധിച്ച് നിർദേശങ്ങൾക്കായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അനുമതി ആവശ്യപ്പെട്ടത് സർക്കാർ പരിശോധിച്ച്, ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തിയിരിക്കുന്ന 7 ശതമാനം ചാർജ് എന്നത് ഉയർന്ന നിരക്കാണെന്നും, ആയതിനാൽ 28-04-2022-ലെ സ.ഉ.(അച്ചടി)നം. 67/2021/ധന. പ്രകാരം അനുവദനീയമായ പരമാവധി നിരക്ക് 5 ശതമാനവും കുറഞ്ഞത് 30 ലക്ഷം രൂപയാണെന്നും കൂടാതെ വൈദ്യുതീകരണത്തിനും അഗ്നിശമന സംവിധാനത്തിനുമുള്ള വിശദമായ എസ്റ്റിമേറ്റും ഫൂട്ടിംഗ് ഫൗണ്ടേഷനെ പിന്തുണയ്ക്കുന്ന മണ്ണ് പരിശോധന റിപ്പോർട്ടും സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് നിർദേശിച്ചിട്ടുണ്ട്. ഘട്ടം-1, ഘട്ടം-2 എന്നിവ സംയോജിപ്പിച്ച് പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് മത്സര ഓഫറുകൾ നേടുന്നതിനുള്ള നടപടി ആരംഭിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽനിന്നുള്ള നിർദേശങ്ങൾ പാലിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സ്ഥാപന മേധാവിക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത

നിർദേശ പ്രകാരം, പുതുക്കിയ എസ്റ്റിമേറ്റ് സ്ഥാപനത്തിൽനിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് KEL-മായി എഗ്രിമെന്റിൽ ഏർപ്പെടുന്ന കാര്യത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുന്നതാണ്.

**ഡിപ്ലോമ യോഗ്യതയുള്ള തസ്തികയിലേയ്ക്ക് അപേക്ഷിക്കാനുള്ള മാനദണ്ഡം നിശ്ചയിക്കാൻ നടപടി**

116(1717) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോളിടെക്നിക് ഡിപ്ലോമ പാസ്സായവർക്ക് ഐ.ടി.ഐ. യോഗ്യതയുള്ള തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹതയില്ല എന്ന ഉത്തരവുള്ളതുപോലെ ഡിപ്ലോമ യോഗ്യതയുള്ള തസ്തികയ്ക്ക് എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് അപേക്ഷിക്കുവാൻ അർഹതയില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇല്ല. പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**പുതിയ വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടി**

117(1718) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വനിതാ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) ഇല്ല.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഒരു വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പാറശ്ശാല ഒരു പുതിയ പോളിടെക്നിക്ക് കോളേജ് തുടങ്ങണമെന്ന പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പോളിടെക്നിക്ക് കോളേജ് തുടങ്ങുന്നതിന് ഏറ്റവും അനുയോജ്യമായി കാണപ്പെട്ട വെള്ളറടയിൽ 5 വിദ്യാർത്ഥികൾ മാത്രം

പഠിക്കുന്ന ഒരു ട്രൈബൽ മാനേജ്മെന്റ് സ്കൂൾ ഉള്ളതായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ട്രൈബൽ മാനേജ്മെന്റ് സ്കൂൾ പോളിടെക്നിക്കായി മാറ്റുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്.

**പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടികൾ**

118(1719) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ തീരദേശമണ്ഡലവും പ്രൊഫഷണൽ സ്ഥാപനങ്ങൾ ഇല്ലാത്തതുമായ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തൃശ്ശൂർ ജില്ലയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പരപ്പയിൽ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിക്കാൻ നടപടി**

119(1720) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പയിൽ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയംകുളത്ത് പുതിയ പോളിടെക്നിക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3 ¼ ഏക്കർ സർക്കാർ അധീനതയിൽ പൊതു ഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ച ഭൂമിയും ലഭ്യമാണോ എന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

(ബി) മലയോരമേഖലയിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ കുറവാണെന്നത് പരിഗണിച്ച് പരപ്പ പോളിടെക്നിക് കോളേജ് എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്.

## കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് ഓഡിറ്റോറിയം

120(1721) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ (ഇ-6353658/2022/എം. (ഉ.വി.&എസ്.ജെ) ഐ.എച്ച്.ആർ.ഡി. ഡയറക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) ഐ.എച്ച്.ആർ.ഡി.-ക്ക് കീഴിലുള്ള കപ്രശ്ശേരി മോഡൽ ഹയർ സെക്കന്ററി സ്കൂളിന് മൾട്ടിപർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന്

ഫണ്ട് അനുവദിക്കണമെന്നുള്ള സ്കൂൾ പ്രിൻസിപ്പാളിന്റെ/പി.ടി.എയുടെ, 2,68,91,844/- രൂപയുടെ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ റിപ്പോർട്ടിൽ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)+ ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണപ്രവൃത്തികൾ നടത്തിവരുന്നത് സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയാണെന്നും ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി സർക്കാർ ഇതിനകംതന്നെ നൽകിയിട്ടുള്ളതിനാൽ ഈ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും മേൽ പരാമർശിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തുവാൻ കഴിയുകയില്ല എന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേക ഫണ്ട് അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

121(1722) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച (ഫയൽ നമ്പർ ജെ3/121/2020) വിഷയത്തിന്മേൽ ഡി.റ്റി.ഇ.-യിൽനിന്നും ആവശ്യപ്പെട്ടതായ ടിയാനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറികളുടെ നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് പെൻഷൻ അനുവദിക്കണമെന്ന വിഷയത്തിന്മേൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ മുഴുവൻ വിശദാംശങ്ങളും ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ?

(എ&ബി) സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്കെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ എൽ.2/15973/20/ഡി.ടി.ഇ. നമ്പർ ഫയലിൽ

തിരൂർ തഹസിൽദാറിനോട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

## കെ.ജി.റ്റി.ഇ. ഷോർട്ട്ഹാൻഡ് പരീക്ഷ

122(1723) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് ലോവർ 80 wpm., ഹയർ 120 wpm., ഹൈസ്പീഡ് 150 wpm. എന്നിവയ്ക്ക് തത്തുല്യമായി തമിഴ്നാട് സർക്കാർ ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm, ഇന്റർമീഡിയറ്റ് 100 wpm, സീനിയർ 120 wpm, ഹൈസ്പീഡ് 150 wpm എന്നീ പരീക്ഷകളിൽ ഏതെല്ലാമാണ് സംസ്ഥാന സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പ്രസ്തുത ഉത്തരവ് നിലവിലില്ല.

(ബി) തമിഴ്നാട് സർക്കാർ ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80wpm പാസ്സായ ഒരാൾക്ക്

കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

തമിഴ്നാട് ഗവ. ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm കോഴ്സ് എന്നത് കെ.ജി.ടി.ഇ. (കൊമേഴ്സ്) ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ലോവർ കോഴ്സിന് തുല്യമാണോ എന്ന് പരിശോധിക്കുന്നതിന് അപേക്ഷകൻ എസ്.സി.ഇ.ആർ.റ്റി. ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപ്രകാരം തുല്യതാ സർട്ടിഫിക്കറ്റ് ലഭ്യമാകുകയാണെങ്കിൽ കെ.ജി.ടി.ഇ. (കൊമേഴ്സ്) ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചതിനുശേഷം എസ്.സി.ഇ.ആർ.റ്റി. നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കി കെ.ജി.ടി.ഇ. (കൊമേഴ്സ്) ഷോർട്ട്ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് അറ്റൻഡ് ചെയ്യാവുന്നതാണ്.

## കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷ

123(1724) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ൽ കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗിന്റെ എത്ര പരീക്ഷകളാണ് നടന്നതെന്നും പ്രസ്തുത വർഷം രണ്ട് പരീക്ഷകൾ നടത്താതിരുന്നതിന് തടസ്സം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) എല്ലാ വർഷവും കെ.ജി.റ്റി.ഇ. (കൊമേഴ്സ്) രണ്ട് പരീക്ഷകൾ നടത്തണമെന്ന് നിർദേശമുണ്ടായിരുന്നിട്ടും ആയത് പാലിക്കപ്പെടാത്തതിലുള്ള വീഴ്ച പരിശോധിച്ച് 2023-ൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 2022 ജൂൺ മാസത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച പരീക്ഷാ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കെ.ജി.റ്റി.ഇ. പരീക്ഷ നടത്തിയിരുന്നു. തുടർന്ന് കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗിന്റെ സിലബസ് പരിഷ്കരിച്ചുകൊണ്ട് 20-08-2022-ലെ സ.ഉ.(കൈ)നം. 403/2022/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയ സിലബസ് പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരീക്ഷാഭവൻ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 19.01.2023-ലെ ജെ1/262/2022/ഉ.വി.വ. നമ്പർ സർക്കാർ കത്ത് പ്രകാരം ഇനി വരുന്ന

കെ.ജി.ടി.ഇ. പരീക്ഷ പഴയ സിലബസ് പ്രകാരം നടത്തുന്നതിനും അതിനുശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചുവരുന്നു.

(സി) 2022 ഡിസംബറിലെ കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിക്കാത്തത് കാരണം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് അടുത്ത പരീക്ഷ വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് പരീക്ഷ കമ്മീഷണർക്ക് നിർദേശം നൽകുമോ; ഇതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) 19.01.2023-ലെ നം.ജെ1/262/2022/ഉ.വി.വ. പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഴയ സിലബസ് പ്രകാരം കെ.ജി.റ്റി.ഇ. പരീക്ഷ നടത്തുന്നതിനും പരീക്ഷാതീയതി

നിശ്ചയിക്കുന്നതിനും പരീക്ഷാവിജ്ഞാപനം നടത്തുന്നതിനുമുള്ള നടപടികൾ പരീക്ഷാഭവൻ സെക്രട്ടറി സ്വീകരിച്ചുവരുന്നു.

(ഇ) കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ പാർട്ട് എഴുതി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; ഈ സർട്ടിഫിക്കറ്റിനായി വീണ്ടും അപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാർട്ട് വിഷയങ്ങൾ എഴുതുന്നതിന് ഓൺലൈനായി പരീക്ഷാ രജിസ്ട്രേഷൻ നടത്തുമ്പോൾ അപേക്ഷകർ മുൻപ് പരീക്ഷ പാസ്സായതിന്റെ പൂർണ്ണ വിവരങ്ങൾ കൃത്യമായി ഉൾകൊള്ളിച്ചെങ്കിൽ മാത്രമെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കാത്തതുകൊണ്ടാണ് സർട്ടിഫിക്കറ്റിനുവേണ്ടി വീണ്ടും അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം സംജാതമാകുന്നത്. എന്നാൽ പൂർണ്ണമായി വിവരങ്ങൾ കൃത്യമായി നൽകുന്ന പരീക്ഷാർത്ഥികൾക്ക് യാതൊരു തടസ്സവുമില്ലാതെ സർട്ടിഫിക്കറ്റ് വിതരണം നടത്തുന്നുണ്ട്.

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ സിലബസ് പരിഷ്കരണം**

124(1725) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-08-2022-ലെ സ.ഉ.(കയ്യെഴുത്ത്) 403/2022/ എച്ച്.ഇ.ഡി.എൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പരിഷ്കരിച്ച സിലബസ് അനുസരിച്ച് കമ്പ്യൂട്ടർ മുഖേന പരീക്ഷ നടത്തണമെന്നത് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.റ്റി.ഇ. മാനേജ്മെന്റ് അസോസിയേഷൻ നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷയിൽ അന്തിമ തീർപ്പുണ്ടായിട്ടുണ്ടോ; എങ്കിൽ അന്തിമ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ?

KGTE typewriting course (commerce group)-ന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30-11-2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ KGTE മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി ഒരു യോഗം കൂടിയിരുന്നു. യോഗത്തിൽ പുതിയ സിലബസ് പ്രകാരം പരീക്ഷകൾ കമ്പ്യൂട്ടറിൽ മാത്രമായി മാറ്റിയതിനാൽ കുട്ടികൾക്ക് ടൈപ്പ്റൈറ്റിംഗിലുള്ള നൈപുണ്യം കുറയുമെന്ന് സംഘടനാ

ഭാരവാഹികൾ അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ അംഗീകൃത ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും പരിശീലനം നേടിയാൽ മാത്രമെ പരീക്ഷ എഴുതുവാൻ അനുവദിക്കാവൂ എന്നും ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം നൽകുന്നില്ല എന്നും ആയതിനാൽ അഫിലിയേഷൻ ഫീസ് ഏർപ്പെടുത്തി സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കിയാൽ നിലവിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്നും അഭിപ്രായപ്പെട്ടിരുന്നു. ടി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മിനിറ്റ്സ് 17-01-2023-ലെ ജെ1/369/2022/ഉ.വി.വ. കത്ത് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. ടി വിഷയത്തിൽ തുടർനടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) 20-08-2022-ലെ ഉത്തരവ് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ആരെല്ലാമാണ് അപേക്ഷകൾ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 4 അപേക്ഷകളാണ് വകുപ്പിൽ ലഭിച്ചത്. അപേക്ഷ നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. All Kerala Commercial Institute Association

2. Commercial Institute Network of Kerala

3. Typewriting & Computer Institute owners welfare Association, Thiruvananthapuram

4. Commercial & Computer Institute Association

(സി) 20-08-2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരിഷ്കരിച്ച പരീക്ഷ എങ്ങനെയാണ് നടത്തുന്നത് എന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) 20-08-2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് കാരണം കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സിലബസ് പരിഷ്കരണം പ്രകാരമുള്ള പരീക്ഷ എങ്ങനെയാണ് നടത്തുന്നത് എന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

(സി&ഡി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്)-ന്റെ അടുത്ത പരീക്ഷ പഴയ സിലബസ് അനുസരിച്ച് നടത്തുന്നതിനും അതിനുശേഷം പുതിയ സിലബസ് അനുസരിച്ച് പരീക്ഷ നടത്തുന്നതിനും പരീക്ഷാഭവന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)+

(ഇ) 20-08-2022-ലെ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസ്സസ്സിംഗ് പരീക്ഷ നടത്തിപ്പ് പരീക്ഷാഭവനിൽനിന്ന് മാറ്റി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊണ്ടുവരുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

## ഉന്നതവിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ സ്വീകരിച്ച നടപടി

125(1726) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരളത്തിൽനിന്നും ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് നിരവധി വിദ്യാർത്ഥികൾ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സാഹചര്യം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ ഗൗരവമായി കാണുകയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ സാഹചര്യം ഒരുക്കുന്നതിനായി ചുവടെ പറയുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. <u>കരിക്കുലം പരിഷ്കരണം</u>:- ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി സർക്കാർ പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. <u>സാക്ക് (SAAC-State Assessment & Accreditation Centre)</u>:- രാജ്യത്തെ സർവകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core

values-ന് പുറമേ, Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook എന്നീ 3 core values-ന്റെകൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific)കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും.

3. <u>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework</u>) (KIRF):- സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നതവിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. പ്രൊഫ. ഗംഗൻ പ്രതാപിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു Oversight Committee രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്.

4. പുതുതലമുറ കോഴ്സുകൾ:- സംസ്ഥാനത്തെ സർവകലാശാലകളിലും കോളേജുകളിലും ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി.

5. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൾനെറ്റ്):- കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർവകലാശാല ലൈബ്രറികൾ കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network-KALNET) പ്രവർത്തനമാരംഭിച്ചു.

6. DIGICOL (കോളേജുകൾക്ക് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം):-

കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's go digital പദ്ധതി). കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

<u>അദ്ധ്യാപക പരിശീലനം</u>:- ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിക്കഴിഞ്ഞു.

7. <u>ഇ-ജേർണൽ കൺസോർഷ്യം</u>:- സർവകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

8. <u>ബ്രെയിൻ ഗെയിൻ</u>:- Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യ ഘട്ടത്തിൽ എം.ജി, KVASU, തോന്നയ്ക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയിൽ ഭാഗഭാക്കാവുന്നത്.

## മലപ്പുറം ജില്ലയിലെ ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ വിപുലീകരണം

126(1727) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിന് തുടർ പഠന യോഗ്യത നേടിയ കുട്ടികൾക്കുള്ള അവസരങ്ങൾ വിപുലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിന് തുടർപഠന യോഗ്യത നേടിയ കുട്ടികൾക്കുള്ള തുടർപഠനത്തിനായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിൽ 9 സർക്കാർ ആർട്സ് & സയൻസ് കോളേജുകളും 20 എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഈ കോളേജുകളിൽ ഉന്നതവിദ്യാഭ്യാസത്തിനായി 235 കോഴ്സുകൾ നിലവിലുണ്ട്.

മലപ്പുറം ജില്ലയിൽ സാങ്കേതിക വിദ്യാഭാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ നിലവിൽ ഇല്ല. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് തുടർപഠന യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകുന്നതിനായി ടി ജില്ലയിലെ 11 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കൂടാതെ, ജില്ലയിൽ 5 സർക്കാർ പോളിടെക്നിക് കോളേജുകളും 5 സ്വാശ്രയ പോളിടെക്നിക് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.

മലപ്പുറം ജില്ലയിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 4 അപ്ലൈഡ് സയൻസ് കോളേജുകളും (College of Applied Science Vazhakkad, Vattamkulam, Malappuram, Muthuvallur) 3 എക്സ്റ്റൻഷൻ സെന്ററുകളും (Extension Centre Tirur, Valancherry, Thavanur) നിലവിൽ പ്രവർത്തിച്ചുവരുന്നു. അവയിൽ വിവിധ UG, PG കോഴ്സുകളും തൊഴിലധിഷ്ഠിത short term കോഴ്സുകളും നടത്തിവരുന്നു.

ജില്ലയിൽ എൽ.ബി.എസ്. സെന്ററിനുകീഴിൽ പരപ്പനങ്ങാടിയിൽ ഒരു എൽ.ബി.എസ്. മോഡൽ ഡിഗ്രി കോളേജ് പ്രവർത്തിച്ചുവരുന്നു. കൂടാതെ, പരപ്പനങ്ങാടിയിലും മഞ്ചേരിയിലും എൽ.ബി.എസ്. സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതുവഴി തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ട്. സംസ്കൃത സർവകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രവും മലപ്പുറം ജില്ലയിലെ തിരൂരിൽ പ്രവർത്തിക്കുന്നുണ്ട്.

വിദൂരവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ മലപ്പുറം ജില്ലയിൽനിന്ന് വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ യു.ജി., പി.ജി. കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സാമ്പത്തികസ്ഥിതി അധിക ബാധ്യതകൾ ഏറ്റെടുക്കാൻ പര്യാപ്തമല്ലാത്തതിനാൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

(സി) ജില്ലയിൽ സർക്കാർ/എയിഡഡ് മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഇല്ലാത്തതിനാൽ ഒരു സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മിനിറ്റ്സുകൾ, സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കാൻ നടപടി**

127(1728) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലെ ഉന്നതാധികാര സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയുടെ

യോഗങ്ങളുടെ മിനിറ്റ്സുകൾ ബന്ധപ്പെട്ട വെബ്സൈറ്റിൽ ലഭ്യമാണോയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം സർവകലാശാലകൾ തങ്ങളുടെ വെബ്സൈറ്റിൽ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ അപ്‌ലോഡ് ചെയ്യാറുണ്ടെന്നും ഏതെല്ലാം സർവകലാശാലകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നില്ലെന്നും വ്യക്തമാക്കുമോ?

(എ & ബി)കണ്ണൂർ, ന്യുവാൽസ്, CUSAT, എം.ജി., കേരള, മലയാള സർവകലാശാലകളിലെ ഉന്നതാധികാര സമിതികളായ സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ് ബന്ധപ്പെട്ട വെബ്സൈറ്റിൽ ലഭ്യമാണ്. APJ Abdul Kalm Technological University-യുടെ ഉന്നതാധികാര സമിതികളായ ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ് എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. കാലിക്കറ്റ് സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവയുടെ യോഗങ്ങളുടെ മിനിറ്റ്സുകൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമല്ല. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഉന്നതാധികാര സമിതിയായ

സിൻഡിക്കേറ്റിന്റെ യോഗങ്ങളുടെ മിനിറ്റ്സ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടില്ല. എന്നാൽ, അക്കാദമിക് കൗൺസിലിന്റെ ഇതുവരെ കഴിഞ്ഞ 55 യോഗങ്ങളിൽ 51-ന്റേയും മിനിറ്റ്സ് അപ്ലോഡ് ചെയ്തുകഴിഞ്ഞു.

(സി) സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ, സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കുന്നത് തടയുന്ന വിധത്തിൽ സർവകലാശാല ചട്ടങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വ്യവസ്ഥകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർവകലാശാലാ ചട്ടങ്ങളിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ നിലവിലില്ല.

(ഡി) വിവരസാങ്കേതികവിദ്യയുടെ പ്രായോഗികവത്കരണത്തിന് നേരെ സർവകലാശാലകൾ പുറംതിരിഞ്ഞ് നിൽക്കുന്നത് അഭിലഷണീയമാണെന്ന് വിലയിരുത്തുന്നുണ്ടോ?

(ഇ) ഇല്ലെങ്കിൽ യോഗങ്ങളുടെ മിനിറ്റ്സുകൾ, സർവകലാശാല വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനും സ്ഥിരമായി നിലനിർത്തുന്നതിനും സർവകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്നും

ആയതിന് സർവകലാശാലകൾക്ക് നിർദ്ദേശം നൽകുമോയെന്നും വ്യക്തമാക്കുമോ?

(ഡി & ഇ)ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സർവകലാശാലകളിലെ സാമ്പത്തിക പ്രതിസന്ധി

128(1729) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുവെന്ന മാധ്യമവാർത്തകൾ സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സർവകലാശാലകൾക്ക് പദ്ധതി/പദ്ധതിയേതര വിഹിതം ക്രമാനുഗതമായി നൽകിവരുന്നുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം സർക്കാർ നൽകിവന്നിരുന്ന പദ്ധതിയേതര വിഹിതം കുടിശ്ശിക സർവകലാശാലകൾക്ക് ലഭിക്കാനുണ്ടോ; എങ്കിൽ അവ എത്രയാണെന്ന് അറിയിക്കാമോ?

സർവകലാശാലകൾ സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസം വരെയുള്ള പദ്ധതിയേതര വിഹിതം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർവകലാശാലകളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി സർവകലാശാലകളുടെ തനത് ഫണ്ടും സ്ഥിര നിക്ഷേപവും ചെലവഴിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി വളരെ അത്യാവശ്യ ഘട്ടങ്ങളിൽ സർവകലാശാലകൾ തനത് ഫണ്ട് ഉപയോഗിച്ചിട്ടുണ്ട്.

**സർവകലാശാലകൾക്കുള്ള സർക്കാർ വിഹിതം**

129(1730)ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെൻറ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകൾക്ക് സർക്കാർ നൽകുന്ന പദ്ധതി, പദ്ധതിയേതര വിഹിതം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സർവകലാശാലകൾക്ക് പദ്ധതി/പദ്ധതിയേതര വിഹിതം ക്രമാനുഗതമായി നൽകിവരുന്നു.

സംസ്ഥാനത്തെ സർവകലാശാലകൾക്ക് പദ്ധതി വിഹിതമായും പദ്ധതിയേതര വിഹിതമായും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

**<u>കേരള സർവകലാശാല</u>**

- പദ്ധതി വിഹിതം - 33.20 കോടി രൂപ
- പദ്ധതിയേതര വിഹിതം - 320.22 കോടി രൂപ.

**<u>മഹാത്മാഗാന്ധി സർവകലാശാല</u>**

- പദ്ധതി വിഹിതം - 34.40 കോടി രൂപ.
- പദ്ധതിയേതര വിഹിതം - 196.02 കോടി രൂപ

**<u>കാലിക്കറ്റ് സർവകലാശാല</u>**

- പദ്ധതി വിഹിതം - 29.80 കോടി രൂപ
- പദ്ധതിയേതരം - 244.49 കോടി രൂപ.

**<u>കണ്ണൂർ സർവകലാശാല</u>**

- പദ്ധതിയിന വിഹിതം - 30 കോടി രൂപ.

•പദ്ധതിയേതര വിഹിതം - 66.17 കോടി രൂപ.

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല**

•പദ്ധതി വിഹിതം - 29.75 കോടി രൂപ

•പദ്ധതിയേതര വിഹിതം - 168.15 കോടി രൂപ.

**എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല**

•പദ്ധതി വിഹിതം - 24.60 കോടി രൂപ

•പദ്ധതിയേതര വിഹിതം - 40.38 കോടി രൂപ.

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

•പദ്ധതി വിഹിതം - 9 കോടി രൂപ

•പദ്ധതിയേതര വിഹിതം - 11.71 കോടി രൂപ

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

•പദ്ധതി വിഹിതം - 7 കോടി രൂപ

•പദ്ധതിയേതര വിഹിതം - 4.40 കോടി രൂപ

**<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>**

•പദ്ധതി വിഹിതം - 20.40 കോടി രൂപ

•പദ്ധതിയേതര വിഹിതം - 73.90 കോടി രൂപ

**<u>നുവാൽസ്</u>**

•പദ്ധതി വിഹിതം - 12 കോടി രൂപ.

(ബി) സംസ്ഥാനത്തെ ഓരോ സർവകലാശാലകൾക്കും പദ്ധതി വിഹിതമായും പദ്ധതിയേതര വിഹിതമായും നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയേതര സഹായം മുടങ്ങിയതോടെ സർവകലാശാലകൾക്ക് തനത് ഫണ്ടിൽനിന്നും ശമ്പളവും പെൻഷനും നൽകേണ്ടിവരുന്നത് സർവകലാശാലകളുടെ പ്രവർത്തനത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുമെന്നതിനാൽ പദ്ധതി, പദ്ധതിയേതര വിഹിതം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) (എ)-യിൽ നൽകിയിരിക്കുന്നു.

## സർവകലാശാലകളിൽ റദ്ദ് ചെയ്ത തസ്തികകൾ

130(1731) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ ഓരോന്നിലും 2016 മുതൽ 2022 വരെയുള്ള കാലയളവിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ റദ്ദുചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ റദ്ദുചെയ്ത തസ്തികകൾ ഏതൊക്കെയാണെന്ന് എണ്ണം ഉൾപ്പെടെ വ്യക്തമാക്കാമോ?

(എ&ബി) കേരള സർവകലാശാലയിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ അദ്ധ്യാപക തസ്തികകൾ റദ്ദുചെയ്തിട്ടില്ല. കേരള സർവകലാശാലയിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ റദ്ദ് ചെയ്ത അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| ഓവർസിയർ ഗ്രേഡ് 1 (ഇലക്ട്രിക്കൽ) | 1 |
| ജോയിന്റ് രജിസ്ട്രാർ | 1 |
| അസിസ്റ്റന്റ് രജിസ്ട്രാർ | 2 |
| ആകെ എണ്ണം | 4 |

കണ്ണൂർ സർവകലാശാല, കാലിക്കറ്റ് സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവകലാശാലകളിൽ 2016 മുതൽ 2022 വരെയുള്ള കാലയളവിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ റദ്ദുചെയ്തിട്ടില്ല.

**സർവകലാശാലകൾക്ക് നൽകുന്ന പദ്ധതിയേതര വിഹിതം**

131(1732) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-2023 കാലയളവിൽ സർവകലാശാലകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതിയേതര വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

2022-2023 കാലയളവിൽ സർവകലാശാലകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതിയേതര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

- കേരള സർവകലാശാല - 320.22 കോടി രൂപ

•മഹാത്മാഗാന്ധി സർവകലാശാല – 196.02 കോടി രൂപ.

•കാലിക്കറ്റ് സർവകലാശാല – 2,44,49,70,000/- രൂപ.

•കണ്ണൂർ സർവകലാശാല – 66,17,60,000/- രൂപ.

•കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല – 1,68,15,70,000/- രൂപ.

•എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാല – 40,38,10,000/ രൂപ.

•തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല – 1171.5 ലക്ഷം രൂപ (533.5 + 638 അധിക ധനസഹായം)

•ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല – 7390.90 ലക്ഷം രൂപ

•ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി - 4,40,00,000/- രൂപ

(ബി) സംസ്ഥാനത്തെ ഓരോ സർവകലാശാലയ്ക്കും അവയുടെ ഓരോ ബജറ്റ് ശീർഷകങ്ങളിലും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

സർവകലാശാലകൾക്ക് അവയുടെ ഓരോ ബജറ്റ് ശീർഷകങ്ങളിലും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**കേരള സർവകലാശാല**

- പദ്ധതി വിഹിതം - 33.20 കോടി രൂപ (2202-03-102-99-35, 2202-03-102-99-36 (P))
- പദ്ധതിയേതര വിഹിതം - 320.22 കോടി രൂപ. (2202-03-102-99-31 (NP))

**മഹാത്മാഗാന്ധി സർവകലാശാല**

- പദ്ധതി വിഹിതം - 34.40 കോടി രൂപ. (2202-03-102-97-35 & 36 (P))
- പദ്ധതിയേതര വിഹിതം - 196.02 കോടി രൂപ (2202-03-102-97-31 (NP))

**കാലിക്കറ്റ് സർവകലാശാല**

- പദ്ധതിയേതര വിഹിതം - 244.49 കോടി രൂപ. (2202-03-102-98-31 (P))
- പദ്ധതി വിഹിതം - 29.80 കോടി രൂപ (2202-03-102-98-35 & 36 (NP))

**കണ്ണൂർ സർവകലാശാല**

- പദ്ധതി വിഹിതം - 30 കോടി രൂപ. ( 2202-03-102-92-35 & 36 (P))
- പദ്ധതിയേതര വിഹിതം - 66.17 കോടി രൂപ. (2202-03-102-92-31 (NP))

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല**

•പദ്ധതി വിഹിതം - 29.75 കോടി രൂപ (2203-00-102-99-35 & 36 (P))

•പദ്ധതിയേതര വിഹിതം - Rs. 168.15 കോടി രൂപ. (2203-00-102-99- 31 (NP))

**എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല**

•പദ്ധതി വിഹിതം - 24.60 കോടി രൂപ (2203-00-102-97-35 (P), 2202-00-102-97-36 & 2203-00-112-72 (P))

•പദ്ധതിയേതര വിഹിതം - 40.38 കോടി രൂപ. (2203-00-102-97-36 & 2202-00-102-97-31 (NP))

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

•പദ്ധതി വിഹിതം - 9 കോടി രൂപ (2202-03-102-72-35 & 36 (P))

•പദ്ധതിയേതര വിഹിതം - 11.71 കോടി രൂപ (2202-03-102-72-31 (NP))

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

•പ്ലാൻ സാലറി (2202-03-102-95-31 (P))- Rs. 2,80,00,000/-

•പ്ലാൻ നോൺ സാലറി (2202-03-102-95-36 (P)) – പ്ലാൻ നോൺ സാലറി - Rs. 4,20,00,000/-

•നോൺ പ്ലാൻ സാലറി (2202-03-102-95-31 (NP)) – Rs. 4,40,00,000/-

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

•പദ്ധതി വിഹിതം - 20.40 കോടി രൂപ. (2202-03-102-93-35 & 36 (P))

•പദ്ധതിയേതര വിഹിതം - 73.90 കോടി രൂപ. (2202-03-102-93-31 (NP))

**നുവാൽസ്**

•പദ്ധതി വിഹിതം - 12 കോടി രൂപ. (2202-03-102-77-36 (P))

(സി) സർവകലാശാലകളുടെ നടപ്പ് സാമ്പത്തിക വർഷത്തെ തനത് വരുമാനം, ബാങ്ക് നിക്ഷേപം, സ്ഥിരനിക്ഷേപം ഇവ എത്രയാണെന്ന് വിശദമാക്കാമോ?

സർവകലാശാലകളുടെ നടപ്പ് സാമ്പത്തിക വർഷത്തെ തനത് വരുമാനം, ബാങ്ക് നിക്ഷേപം, സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**കേരള സർവകലാശാല**

•തനത് വരുമാനം - 120 കോടി രൂപ (പ്രൊവഷണൽ) (December 2022 വരെ)

•ബാങ്ക് നിക്ഷേപം - 288 കോടി രൂപ

•സ്ഥിര നിക്ഷേപം - 669 കോടി രൂപ

**മഹാത്മാഗാന്ധി സർവകലാശാല**

•തനത് വരുമാനം - 76.56 കോടി രൂപ

•ബാങ്ക്/ട്രഷറി നിക്ഷേപം - 49.22 കോടി രൂപ.

**കാലിക്കറ്റ് സർവകലാശാല**

•തനത് വരുമാനം - 140 കോടി രൂപ

•സ്ഥിര നിക്ഷേപം - 326.83 കോടി രൂപ

•മറ്റ് അക്കൗണ്ടുകൾ – 111.96 കോടി രൂപ

**കണ്ണൂർ സർവകലാശാല**

•തനത് വരുമാനം - 34,33,02,085/- രൂപ

•ബാങ്ക് നിക്ഷേപം - 30,50,00,000/- രൂപ

**കൊച്ചി ശാസ്ത്ര-സാങ്കേതിക സർവകലാശാല**

•CUF(Cochin University Fund) ന്റെ കീഴിലുള്ള ജനറൽ ഫണ്ട് സ്ഥിരനിക്ഷേപം - Rs.50,45,58,391/-

•പെൻഷൻ ഫണ്ട് സ്ഥിര നിക്ഷേപം - Rs.35,63,00,670/-

•2021-22 സാമ്പത്തിക വർഷത്തിലെ തനത് വരുമാനം - Rs.33,77,91,660/-

**എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല**

- തനത് വരുമാനം – Rs. 115,16,19,000/-
- ബാങ്ക് നിക്ഷേപം - Nil
- സ്ഥിര നിക്ഷേപം – 71,71,74,000/-

**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**

- തനത് വരുമാനം - 32.94 ലക്ഷം രൂപ
- സ്ഥിര നിക്ഷേപം - 75 ലക്ഷം രൂപ
- പെൻഷൻ ഫണ്ട് - 244 ലക്ഷം രൂപ

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

- ബാങ്ക് നിക്ഷേപം - Rs. 1,06,76,983/-
- സ്ഥിരനിക്ഷേപം - Nil

**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല**

- ആഭ്യന്തര വരുമാനം - 102 ലക്ഷം രൂപ
- ബാങ്ക് നിക്ഷേപം - Rs. 1,09,50,295/-

സ്ഥിരനിക്ഷേപം :

•യൂണിവേഴ്സിറ്റി പ്രൊവിഡന്റ് ഫണ്ട് - Rs. 10,47,71,567/-

•പെൻഷൻ ഫണ്ട് - Rs.2,71,56,460/-

•എൻഡോവ്മെന്റ് ഫണ്ട് - Rs. 51,13,718/-

•ഡെവലപ്മെന്റ് ഫണ്ട് - Rs. 3,52,03,460/-

**നുവാൽസ്**

•തനത് വരുമാന നിക്ഷേപം (ബാങ്ക്) - 50 കോടി രൂപ (Approx.) (കോർപസ് ഫണ്ട് ഉൾപ്പെടെ)

**സർവകലാശാലകളുടെ തനത് വരുമാനം**

132(1733) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകൾ തനത് വരുമാനം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

08-03-2019-ലെ സ.ഉ.(അച്ചടി)നം. 28/2019/ധന. നമ്പർ ഉത്തരവ് പ്രകാരം എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ, ചാർജ്ജുകൾ എന്നിവ

01-04-2019 മുതൽ 5 ശതമാനം വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർവകലാശാലകളുടെ തനത് വരുമാന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളിൽനിന്നും അഫിലിയേറ്റഡ് കോളേജുകളിൽനിന്നും ഈടാക്കുന്ന വിവിധ ഫീസുകൾ, കൺസൾട്ടൻസി ചാർജ്ജുകൾ, ടെസ്റ്റിംഗ് ആൻഡ് ഫെസിലിറ്റി ചാർജ്ജുകൾ, സർവകലാശാലകളുടെ അതിഥി മന്ദിരം, ജീവനക്കാരുടെ ക്വാർട്ടേഴ്സ് മുതലായ സ്ഥാവര വസ്തുക്കളിൽനിന്നുള്ള വാടക, സ്ഥിര നിക്ഷേപത്തിൽനിന്നുള്ള പലിശ എന്നിവയാണ് സർവകലാശാലകളുടെ തനത് വരുമാന മാർഗ്ഗങ്ങൾ.

(സി) ഉല്പാദനത്തിലേയ്ക്ക് നയിക്കുന്ന ഗവേഷണ ഫലങ്ങളിലൂടെ തനത് വരുമാനം ആർജ്ജിക്കുന്ന എത്ര സർവകലാശാലകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണെന്നും ഓരോ സർവകലാശാലയിലെയും പ്രോജക്ടുകൾ ഏതാണെന്നും ആർജിക്കുന്ന വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ?

നിലവിൽ ഈ ഇനത്തിൽ സർവകലാശാലകൾക്ക് വരുമാനം ലഭിക്കുന്നില്ല. ഗവേഷണ ഫലങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഉല്പന്നങ്ങൾ വികിസിപ്പിക്കാൻ സാധ്യമായ ഗവേഷണങ്ങൾക്ക്

പ്രോത്സാഹനം നൽകാനുള്ള പദ്ധതികളും ഗവേഷണ ഫലങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, എ.പി.ജെ., കുസാറ്റ് സർവകലാശാലകളിൽ അന്താരാഷ്ട്ര നിലവാരത്തിൽ ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തനത് വരുമാനം വർദ്ധിപ്പിക്കുന്ന സർവകലാശാലകൾക്ക് തുല്യമായ തുക ഇൻസെന്റീവായി നൽകുമെന്ന മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര സർവകലാശാലകൾക്ക് നാളിതുവരെ ഇൻസെന്റീവ് നൽകിയിട്ടുണ്ടെന്നും ഓരോ സർവകലാശാലയ്ക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

സർവകലാശാലകൾക്ക് ഇൻസെന്റീവ് ഇനത്തിൽ തുക അനുവദിച്ച് നൽകിയിട്ടില്ല.

**വിദേശ സർവകലാശാലകൾക്ക് പ്രവർത്തനാനുമതി**

133(1735) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:

ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഇന്ത്യയിൽ വിദേശ സർവകലാശാലകൾക്ക് നേരിട്ട് പ്രവർത്തിക്കാനുള്ള അനുമതി നൽകിയതിന്റെ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടില്ല.

(ബി) യു.ജി.സി. നിബന്ധനകൾക്കനുസരിച്ച് സംസ്ഥാന സർക്കാരിന്റെ അനുമതി കൂടാതെ വിദേശ സർവകലാശാലകൾക്ക് പ്രവർത്തനാനുമതി നേടിയെടുക്കാമെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) സാമൂഹ്യനീതിയോ സാമ്പത്തികനീതിയോ പുലർത്താൻ ഇത്തരം വിദേശ സർവകലാശാലകൾക്ക് ബാദ്ധ്യതയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) വിദേശ സർവകലാശാലകളെ സംബന്ധിച്ച് യു.ജി.സി. ഡ്രാഫ്റ്റ് റഗുലേഷൻ പുറപ്പെടുവിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

**സർവകലാശാലകളിലെ ഗ്രേഡിംഗ് സംവിധാനം**

134(1736) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവകലാശാലകളിലെ ഗ്രേഡിംഗ് സംവിധാനം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ബിരുദ ബിരുദാനന്തര തലത്തിലുള്ള പരീക്ഷകളും മൂല്യനിർണ്ണയവും സംബന്ധിച്ചുള്ള തീരുമാനങ്ങൾ സർവകലാശാല അക്കാദമിക് കൗൺസിലുകളാണ് കൈക്കൊള്ളുന്നത്. ഇത് സർവകലാശാലകളുടെ അക്കാദമിക ഓട്ടണോമിയുടെ ഭാഗമാണ്.

## കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപക നിയമനം

135(1737) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ബയോടെക്നോളജി വിഭാഗം ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ എത്ര സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

1995-ലാണ് ബയോടെക്നോളജി വിഭാഗം ആരംഭിച്ചത്. ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു അസ്സോസിയേറ്റ് പ്രൊഫസർ എന്നിങ്ങനെ രണ്ട് സ്ഥിരം അംഗീകൃത തസ്തികകളാണ് ബയോടെക്നോളജി വിഭാഗത്തിലുള്ളത്. നാളിതുവരെ രണ്ട് സ്ഥിരം അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്.

(ബി) കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ വകുപ്പ് മേധാവിയായി മറ്റ് വിഭാഗങ്ങളിൽനിന്നുള്ള അദ്ധ്യാപകരെ നിയോഗിക്കേണ്ടി വരുന്നുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

വകുപ്പ് മേധാവിയായി മറ്റ് വിഭാഗത്തിൽനിന്നുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇക്കാര്യം ഗൗരവമായി കണ്ടുകൊണ്ട് സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സർവകലാശാലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ബയോടെക്നോളജി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു അസ്സോസിയേറ്റ് പ്രൊഫസർ എന്നിങ്ങനെ രണ്ടു സ്ഥിരം അംഗീകൃത തസ്തികകളാണുള്ളത്. അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ

വിജ്ഞാനപനവുമായി ബന്ധപ്പെട്ട് WP(C)No. 3464/2017-ൽ മേലുള്ള 21.08.2020-ലെ കോടതിവിധിയിന്മേൽ സർവകലാശാല Review Petition No.220/2021 ഫയൽ ചെയ്തിരുന്നു. അതിന്മേൽ 14-03-2022-ൽ ഹിയറിംഗ് നടന്നിരുന്നെങ്കിലും അന്തിമ തീരുമാനം വന്നതിനുശേഷം മാത്രമേ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അസിസ്റ്റന്റ് പ്രൊഫസറുടെ ഒരൊഴിവ് 01-05-2021-ലാണ് നിലവിൽ വന്നത്. 2017 വരെയുള്ള ഒഴിവുകൾ കണക്കാക്കി സർവകലാശാല നിയമന നടപടികൾ പൂർത്തീകരിച്ചത് 2021 ജനുവരിയിലാണ്. 2017-ന് ശേഷമുള്ള ഒഴിവുകൾ കണക്കാക്കി പുതിയ വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികളുമായി സർവകലാശാല മുന്നോട്ടുപോകുന്നു.

**കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) പ്രവേശന പരീക്ഷ കേന്ദ്രങ്ങൾ**

136(1738) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷ കേന്ദ്രങ്ങൾ എവിടെയെല്ലാമാണുള്ളതെന്നും ഓരോ കേന്ദ്രത്തിലുമുള്ള സീറ്റുകളുടെ എണ്ണവും വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) അപേക്ഷകരുടെ എണ്ണം മാനദണ്ഡമാക്കിയാണോ സീറ്റ് അലോക്കേഷൻ നടത്തുന്നത്; എങ്കിൽ കൂടുതൽ അപേക്ഷകരുള്ള മലബാർ ജില്ലകളിൽനിന്നുള്ളവർക്ക് പരീക്ഷ കേന്ദ്രങ്ങളും സീറ്റുകളും കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലാ ആസ്ഥാനങ്ങളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കുന്നത്. ഇവ അനുവദിച്ചുനൽകുന്നത് പരീക്ഷാ നടത്തിപ്പിന് ചുമതലയുള്ള സ്ഥാപനങ്ങളാണ്. മലബാർ മേഖലയിൽ സെന്ററുകൾ കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനും പരീക്ഷയ്ക്കായി കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അപേക്ഷകരുടെ എണ്ണം പരിഗണിച്ച് കൂടുതൽ ക്രേന്ദങ്ങൾ അനുവദിച്ചുവരുന്നു.

## കണ്ണൂർ സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ നിയമനം

137(1739) <u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കണ്ണൂർ സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ജേതാവായ വ്യക്തിക്ക് യോഗ്യത ഇല്ല എന്ന് ഹൈക്കോടതി വിധിച്ചത് എന്നാണ്; പ്രസ്തുത വ്യക്തിയുടെ നിയമനം സംബന്ധിച്ച നടപടികൾ പുനഃപരിശോധന നടത്തണമെന്ന കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവകലാശാലയിലെ മലയാളം പഠനവകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട W.P.(C)No. 26918/2022 റിട്ട് ഹർജി, റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിച്ച് അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ ഉത്തരവ് നൽകിക്കൊണ്ട് 17-11-2022-ന് ബഹു. കേരള ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ട്. കോടതി ഉത്തരവ് പരിഗണിച്ച് സർവകലാശാല സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാന പ്രകാരം ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിക്കുന്നതിനായി 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിക്കുന്നതിന് സർവകലാശാല സ്കൂട്ടിനി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; റാങ്ക് പട്ടിക തയ്യാറാക്കുന്ന അവസരത്തിൽ പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിച്ച് ബോധ്യപ്പെട്ടിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിക്കുന്നതിനായി 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥി ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള രേഖകൾ പരിശോധിച്ച സ്ക്രീനിംഗ് കമ്മറ്റി, പ്രസ്തുത ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യതകളുണ്ടെന്ന് കണ്ടെത്തിയതനുസരിച്ചാണ് ടിയാളെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതും തുടർന്ന് ഓൺലൈനായി നടത്തിയ അഭിമുഖത്തിൽ പങ്കെടുപ്പിച്ചിട്ടുള്ളതും.

(സി) സ്കൂട്ടിനി കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിക്കുന്നതിന് കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്നും അറിയിക്കാമോ; ഓരോ യോഗത്തിന്റെയും മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിക്കുന്നതിനായി 05-01-2023-ലെ സർവകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

1. Dr. T. P. Ashraf, Member Syndicate, Kannur University.
2. Prof. C. Sadasivan, Senior most Professor, Kannur University.
3. Dr. Reeja V., Head of Department of Malayalam, Kannur University.
4. Registrar, Kannur University

ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ ആദ്യ യോഗം 15-02-2023-ന് രാവിലെ 11 മണിക്ക് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.

**മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനം**

138(1740) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനായി സെർച്ച് കമ്മിറ്റി രൂപീകരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; യു.ജി.സി. മാനദണ്ഡം അനുസരിച്ചാണോ പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

(ബി) സർവകലാശാല നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപീകരണത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നിയമ വ്യവസ്ഥ നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കുമോ?

(എ) & (ബി) യു.ജി.സി. റഗുലേഷൻസ്, 2018 പ്രകാരം മലയാളം സർവകലാശാലാ വൈസ് ചാൻസലർ നിയമനത്തിന് സെർച്ച് കമ്മിറ്റി രൂപീകരിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയുടെ ഘടന പുനഃക്രമീകരിച്ചുകൊണ്ട് നിയമസഭ പാസ്സാക്കിയ ബില്ലിന് ഗവർണ്ണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. പ്രസ്തുത ബില്ല് ബഹു. ഗവർണ്ണറുടെ പരിഗണനയിലാണ്.

(ഡി) ആക്ട് നിലവിൽ വന്നിട്ടില്ലാത്ത പക്ഷം പ്രസ്തുത വ്യവസ്ഥ പ്രകാരം രൂപീകരിക്കുന്ന സെർച്ച് കമ്മിറ്റിക്ക് നിയമസാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

2018-ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരമാണ് സെർച്ച് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്.

**മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനം**

139(1741) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനായി സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

യു.ജി.സി. റെഗുലേഷൻസ് 2018-ന്റെ അടിസ്ഥാനത്തിൽ മലയാളം സർവകലാശാല വൈസ് ചാൻസലറുടെ നിയമനത്തിനായുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് ഉൾപ്പെടുത്തേണ്ട പ്രതിനിധികളെ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് കത്തയച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മലയാളം സർവകലാശാല അദ്ധ്യാപക നിയമനം**

140(1742) <u>ശ്രീ. സണ്ണി ജോസഫ്</u>:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾക്കായുള്ള ഇന്റർവ്യൂ ബോർഡിൽ ഉദ്യോഗാർത്ഥികളുടെ പി.എച്ച്.ഡി. ഗൈഡുമാരെ ഉൾപ്പെടുത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരമുള്ള നടപടി ഉണ്ടായതെന്ന് വ്യക്തമാക്കുമോ?

ഒരു അപേക്ഷക സർവകലാശാലയ്ക്കെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയിൽ അങ്ങനെയൊരാക്ഷേപം ഉന്നയിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാളം സർവകലാശാല നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ ഇന്റർവ്യൂ ബോർഡിൽ ഉൾപ്പെട്ടവരുടെയും റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെയും വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മലയാളം സർവകലാശാലയിൽ അദ്ധ്യാപക നിയമനങ്ങളൊന്നുംതന്നെ നടന്നിട്ടില്ല.

(സി) സർവകലാശാല അദ്ധ്യാപക നിയമനങ്ങൾ സുതാര്യമാക്കുന്നതിനായി പി.എസ്.സി. മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സർവകലാശാല അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വൈസ് ചാൻസലർ നിയമനം**

141(1743) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം സർവകലാശാല വൈസ്ചാൻസലറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ അഞ്ചംഗ സെർച്ച് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

യു.ജി.സി. റഗുലേഷൻസ് 2018 പ്രകാരം മലയാളം സർവകലാശാലാ വൈസ് ചാൻസലറെ നിയമിക്കുന്നതിനായുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സെർച്ച് കമ്മിറ്റി രൂപീകരണം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ വ്യവസ്ഥകൾ പ്രകാരമാണോ; വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

അതെ, വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള യു.ജി.സി. മാനദണ്ഡത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണം അഞ്ച് ആക്കി ഉയർത്തിക്കൊണ്ടുള്ള നിയമ ഭേദഗതി നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ?

പ്രസ്തുത വിഷയം ബഹു. ഗവർണ്ണറുടെ പരിഗണനയിലാണ്.

(ഡി) മലയാളം സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനായുള്ള സെർച്ച് കമ്മിറ്റിയിലേയ്ക്ക് സർക്കാർ പ്രതിനിധിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള ചാൻസലറുടെ കത്ത് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്, യു.ജി.സി. റഗുലേഷൻസ് 2018-ലെ വ്യവസ്ഥകൾ പ്രകാരം സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബയോടെക്നോളജി അധ്യാപക നിയമനം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

142(1744) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോടെക്നോളജി ബിരുദ, ബിരുദാനന്തര കോഴ്സുകൾ, ബോട്ടണി ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് തത്തുല്യമായി അംഗീകരിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ബയോടെക്നോളജി ബിരുദ, ബിരുദാനന്തര കോഴ്സുകൾ ബോട്ടണി ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് തത്തുല്യമായി അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പ്രാബല്യത്തിലില്ല.

(ബി) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ ബോട്ടണി ബിരുദാനന്തര കോഴ്സുകൾക്ക് സബ്സിഡിയറി വിഷയമായ ബയോടെക്നോളജി പഠിപ്പിക്കുന്നതിനായി നിലവിൽ ബയോടെക്നോളജി യോഗ്യതയുള്ള അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബയോടെക്നോളജി യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സർവകലാശാലകളിൽ ബോട്ടണി ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ബയോടെക്നോളജി സബ്സിഡിയറി വിഷയമായി നിലവിലില്ല.

## സംവരണക്രമം പാലിച്ചുകൊണ്ട് സർവകലാശാല അധ്യാപക നിയമനം

143(1745) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ ഉത്തരവുപ്രകാരമുള്ള എല്ലാവിധ സംവരണതത്വങ്ങളും പാലിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുമ്പോൾ തന്നെ സംവരണക്രമം വ്യക്തമാക്കണമെന്ന് സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിൽനിന്നും വ്യത്യസ്തമായ നടപടി ഏതെങ്കിലും സർവകലാശാലകൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

വിവിധ സർവകലാശാലകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുമ്പോൾതന്നെ സംവരണക്രമം വ്യക്തമാക്കാറുണ്ട്. എന്നാൽ കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾ W.P.

(C) Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 3rd day of February 2016 കോടതി വിധി അനുസരിച്ചാണ് നടക്കുന്നത്. W.P.(C) Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 3rd day of February 2016 കോടതി വിധിപ്രകാരം സംവരണം നിയമന സമയത്ത് മാത്രമേ വ്യക്തമാക്കാവൂ. അതിൻപ്രകാരം സംവരണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) റിക്രൂട്ട്മെന്റ് നടപടികളുടെ സമയത്ത് സംവരണക്രമം വ്യക്തമാക്കുന്ന കാര്യത്തിൽ കാലിക്കറ്റ് സർവകലാശാലയ്ക്ക് കോടതിയിൽനിന്നും എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളിലും സംവരണക്രമം പാലിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) 'ബി'-യിൽ ചേർത്തിരിക്കുന്നു.

**സംസ്കൃത സർവകലാശാലയിൽ നടത്തിയ അധ്യാപക നിയമനങ്ങൾ**

144(1746) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ കോവിഡ് കാലത്ത് നടത്തിയ അദ്ധ്യാപക നിയമനങ്ങൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അതിഥി അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിരുന്നു. ഇവ സർവകലാശാലയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് കാലത്ത് നിയമനം നേടിയ അസിസ്റ്റന്റ് പ്രൊഫസർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്കൃത സർവകലാശാല സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്കാണ് നിയമനം സ്ഥിരപ്പെടുത്തി നൽകിയതെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2021 ജനുവരി മാസം മുതൽ 2022 ജൂലായ് മാസം വരെ 33 അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല

സ്ഥിര നിയമനം നൽകിയിട്ടുണ്ട്. അവരിൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയ 26 അസിസ്റ്റന്റ് പ്രൊഫസർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ടി കാലയളവിൽ നിയമിച്ച ഗസ്റ്റ് അധ്യാപകരെ അക്കാദമിക വർഷം പൂർത്തിയായ മുറയ്ക്ക് പിരിച്ചുവിടുകയാണ് ചെയ്തിട്ടുള്ളത്. അടുത്ത അദ്ധ്യയന വർഷത്തിൽ അവരെ re-instate ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഗസ്റ്റ് നിയമനങ്ങളെല്ലാം 11 മാസത്തെ കരാർ അടിസ്ഥാനത്തിലാണ്. 33 അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളും എസ്.എച്ച്.ഇ. പദ്ധതിയും

145(1749) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യംവെച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും "സമഭാവനയുടെ സൽക്കലാശാലകൾ" എന്ന പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വനിതാ ഹോസ്റ്റലുകളിലെ സമയക്രമം ആൺകുട്ടികളുടെ ഹോസ്റ്റലുകളോട് സമീകരിച്ചു. 19-01-2023-ലെ സ.ഉ.(കൈ)നം.33/2023/ഉവിവ. പ്രകാരം വിദ്യാർത്ഥിനികൾക്ക് ആർത്തവാവധിയും പ്രസവാവധിയും അനുവദിച്ച് നൽകി.

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02/12/2022-ലെ സ.ഉ.(സാധാ)നം.1793/2022/ഉവിവ. പ്രകാരം നൽകിയിട്ടുണ്ട്. തദനുസരണം SHE പദ്ധതി വകുപ്പിനുകീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 'ഷീ' പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് 'SHE' കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനം വകുപ്പിനുകീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02-12-2022-ലെ സ.ഉ.(സാധാ)നം.1793/2022/ഉവിവ പ്രകാരം നൽകിയിട്ടുണ്ട്. തദനുസരണം SHE പദ്ധതി വകുപ്പിനുകീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

SHE പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ്/ പോളിടെക്നിക് കോളേജുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ കോളേജുകളിലും കോ-ഓർഡിനേറ്റർമാരെയും പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വകുപ്പുതല കോ-ഓർഡിനേറ്ററെയും

നിയോഗിച്ചിട്ടുള്ളതാണ്. കോളേജുകളിൽ നിന്നുള്ള പ്രൊപ്പോസലുകൾ വകുപ്പുതലത്തിൽ വിശകലനം ചെയ്തുവരുന്നുണ്ട്. SHE പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനായി കൃത്യമായ ചട്ടക്കൂട് ആവശ്യമായതിനാൽ ആയത് രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനോടൊപ്പം പോളിടെക്നിക് കോളേജുകളിൽകൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

SHE (Scheme for Her Empowerment in Engineering Education) പദ്ധതി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം 02-12-2022-ലെ സ.ഉ.(സാധാ)നം. 1793/2022/ഉവിവ. പ്രകാരം നൽകിയിട്ടുണ്ട്. തദനുസരണം പ്രസ്തുത പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ജാതി വിവേചനവും സംവരണ അട്ടിമറിയും**

146(1750) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ജാതി വിവേചനവും സംവരണ അട്ടിമറിയും സംബന്ധിച്ച് ഇവിടത്തെ വിദ്യാർത്ഥികൾ നൽകിയ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരാതി അന്വേഷിക്കാൻ സർക്കാർ നിയോഗിച്ച സമിതി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പരാതിയടക്കമുള്ള വിഷയങ്ങൾ അന്വേഷിക്കുന്നതിന് നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പട്ടാമ്പി റീജിയണൽ സെന്റർ**

147(1751) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ പട്ടാമ്പിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ റീജിയണൽ സെന്റർ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പട്ടാമ്പി റീജിയണൽ സെന്റർ 03-06-2022-ൽ SNGS കോളേജിൽ പ്രവർത്തനമാരംഭിച്ചു.

(ബി) പ്രസ്തുത സെന്റർ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും ഇതിലേയ്ക്കായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ചുള്ള വിവരങ്ങൾ നൽകാമോ?

പ്രസ്തുത സെന്ററിൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. കൂടാതെ അനധ്യാപക തസ്തികയായ സെക്ഷൻ ഓഫീസർ തസ്തികയിൽ ഒരാളെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്**

148(1752) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കെതിരെയുള്ള ആരോപണം സംബന്ധിച്ച് അന്വേഷണ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികളുടെ പരാതിയിന്മേൽ അന്വേഷണം നടത്തിയ രണ്ട് സമിതികളുടെയും കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം**

149(1753) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് യു.ജി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. യു.ജി.-തലത്തിൽ 5 ഭാഷാ കോഴ്സുകളും പി.ജി. തലത്തിൽ 2 ഭാഷാ കോഴ്സുകളും നടത്തുന്നുണ്ട്.

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകളിൽ ഇതിനകം പ്രവേശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ബിരുദ കോഴ്സുകളിൽ 5 ഭാഷാ വിഷയങ്ങളായ മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, അറബിക് എന്നിവയും ബിരുദാനന്തര കോഴ്സുകളായ എം.എ. മലയാളം, എം.എ. ഇംഗ്ലീഷ് കോഴ്സുകളും നടത്തുന്നുണ്ട്.

(സി) അവിടെ നിലവിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

യു.ജി. കോഴ്സിൽ 3846 വിദ്യാർത്ഥികളും പി.ജി. കോഴ്സിൽ 1563 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(ഡി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതിന്റെ ഫലമായി മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിൽ നടത്തിക്കൊണ്ടിരുന്ന വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം യൂണിവേഴ്സിറ്റികളിലെ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

<u>കണ്ണൂർ സർവകലാശാല</u>

പ്രൈവറ്റ് രജിസ്ട്രേഷൻ സ്കീമിൽ നടത്തിവന്നിരുന്ന ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം എന്നീ ബിരുദ പ്രോഗ്രാമുകളും എം.എ. ഇംഗീഷ് എന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമും 2022-23 അദ്ധ്യയന വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്.

<u>കേരള സർവകലാശാല</u>

വിദൂര വിദ്യാഭ്യാസം വഴി നടത്തിക്കൊണ്ടിരുന്ന ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. ഹിന്ദി, എം.എ. ഇംഗ്ലീഷ്, എം.എ. മലയാളം എന്നീ കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ട്.

<u>കാലിക്കറ്റ് സർവകലാശാല</u>

ബി.എ. ഇംഗ്ലീഷ്, ബി.എ. ഹിന്ദി, ബി.എ. മലയാളം, ബി.എ. സംസ്കൃതം, ബി.എ. അറബിക്, എം.എ. ഇംഗ്ലീഷ്, എം.എ. മലയാളം എന്നീ പ്രോഗ്രാമുകൾക്ക് 2022-23 അക്കാദമിക് വർഷം പ്രവേശനം നടത്തിയിട്ടില്ല.

**വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ**

150(1754) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:

ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല രൂപീകരണത്തിനുശേഷം കേരളത്തിലെ മറ്റു സർവകലാശാലകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ നടത്തരുതെന്ന നിയമ വ്യവസ്ഥ സംസ്ഥാനത്തെ വിദ്യാർത്ഥികളെ വളരെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇഷ്ടമുള്ള കോഴ്സുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠിക്കുവാൻ അവസരം ലഭിക്കാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളെ ആശ്രയിക്കുന്ന രീതി വർദ്ധിച്ചുവരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കോഴ്സുകൾ ഒഴികെയുള്ള വിവിധ കോഴ്സുകൾ കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകൾ 2022-23 അധ്യയന വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖാന്തരം നടത്തുന്നുണ്ട്.

(സി) പല സംസ്ഥാനങ്ങളിലും ഓപ്പൺ യൂണിവേഴ്സിറ്റികളും ഇതര സർവകലാശാലകളും ഒരേ സമയം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

നടത്തുന്നത് പരിഗണിച്ച് കേരളത്തിലെ സർവകലാശാലകൾക്കും വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതി പുന:സ്ഥാപിച്ചുനൽകുന്ന രീതിയിൽ നിയമഭേദഗതിക്ക് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സർവകലാശാലകളിൽ എം.എൽ.എ.-മാരുടെ പ്രാതിനിധ്യം**

151(1755) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ സെനറ്റ്, സിൻഡിക്കേറ്റ് തുടങ്ങിയ ഭരണ സംവിധാനങ്ങളിൽ എം.എൽ.എ.-മാരുടെ പ്രാതിനിധ്യം സംബന്ധിച്ച വിശദാംശം യൂണിവേഴ്സിറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

1) കേരള സർവകലാശാല

1974-ലെ കേരള സർവകലാശാല ആക്ട് ചട്ടം 17(3) പ്രകാരം സർവകലാശാലയുടെ അധികാര പരിധിയിലുൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങളിൽനിന്നും കേരള നിയമസഭാ അംഗങ്ങളാൽ

തെരഞ്ഞെടുക്കപ്പെടുന്ന 6 പേർ കേരള സർവകലാശാല സെനറ്റിൽ അംഗങ്ങളായിരിക്കും. എന്നാൽ സർവകലാശാലാ സിൻഡിക്കേറ്റിൽ നിയമസഭാ അംഗങ്ങൾക്ക് പ്രത്യേക പ്രാതിനിധ്യമില്ല.

15-11-2021-ലെ കേരള സർവകലാശാലാ സെനറ്റ് ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരം എം.എൽ.എ.-മാരുടെ 4 ഒഴിവുകളിലേയ്ക്ക് തെരഞ്ഞെടുപ്പുനടന്നു.

വരണാധികാരി: സർവകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാർ.

1974-ലെ കേരള സർവകലാശാല ആക്ട്, വകുപ്പ് 17(3)-ഉം 1974-ലെ കേരള സർവകലാശാല ഇലക്ഷൻ സ്റ്റാറ്റ്യൂട്ട് വകുപ്പ് 41-ഉം പ്രകാരമാണ് പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തുന്നത്.

നിലവിൽ സർവകലാശാലാ സെനറ്റിൽ അംഗങ്ങളായുള്ള നിയമസഭാ സാമാജികൾ ചുവടെപ്പറയുന്നവരാണ്.

1. ശ്രീ. എം. എസ്. അരുൺ കുമാർ – മാവേലിക്കര
2. ശ്രീ. വി. കെ. പ്രശാന്ത് - വട്ടിയൂർക്കാവ്
3. ശ്രീ. വി. ജോയ് - വർക്കല
4. ശ്രീ. വി. ശശി - ചിറയിൻകീഴ്

5. ശ്രീ. സി. ആർ. മഹേഷ് - കരുനാഗപ്പള്ളി

6. ശ്രീ. എം. വിൻസെന്റ് - കോവളം

അടുത്ത തെരഞ്ഞെടുപ്പ് വിജ്ഞാപനം 03-04-2023-ന് പ്രസിദ്ധീകരിക്കുന്നതാണ്.

2) മഹാത്മാഗാന്ധി സർവകലാശാല

സർവകലാശാല അധികാര പരിധിക്കുള്ളിലുള്ള പ്രദേശങ്ങളിലെ എം.എൽ.എ.-മാരിൽനിന്നും അവർതന്നെ തെരഞ്ഞെടുക്കുന്ന ആറ് എം.എൽ.എ.-മാർ സെനറ്റിലും സർവകലാശാലയുടെ അധികാര പരിധിക്കുള്ളിലുള്ള പ്രദേശങ്ങളിലെ എം.എൽ.എ.-മാരിൽനിന്നും ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു എം.എൽ.എ. സിൻഡിക്കേറ്റിലും അംഗങ്ങളാണ്. 09-07-2020-ലാണ് സെനറ്റിലേയ്ക്ക് അവസാനം തെരഞ്ഞെടുപ്പ് നടന്നത്.

വരണാധികാരി - ആഷിക് എം. എം. കമാൽ, ജോയിന്റ് രജിസ്ട്രാർ (2) (ഭരണം), മഹാത്മാഗാന്ധി സർവകലാശാല.

1985-ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, അദ്ധ്യായം - 4, വകുപ്പ് 17, 18, 19, 20, അദ്ധ്യായം 6, വകുപ്പ് 43, 44, 45, 1997-ലെ

മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 44 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് സെനറ്റിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത്.

30-09-2021-ലാണ് സിൻഡിക്കേറ്റിലേയ്ക്കുള്ള പ്രതിനിധിയെ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്തത്. ഗവൺമെന്റിന്റെ നാമനിർദ്ദേശമായതിനാലും തെരഞ്ഞെടുപ്പ് ആവശ്യമില്ലാത്തതിനാലും വരണാധികാരിയെ നിയമിച്ചിട്ടില്ല.

1985-ലെ മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് അദ്ധ്യായം 4 വകുപ്പ് 21, 22, 23 എന്നിവ പ്രകാരമാണ് സർക്കാർ സിൻഡിക്കേറ്റിലേയ്ക്ക് എം.എൽ.എ.-യെ നാമനിർദ്ദേശം ചെയ്യുന്നത്.

നിലവിലെ സെനറ്റിന്റെ കാലാവധി 01-08-2022-ന് അവസാനിച്ചു. സെനറ്റ് തെരഞ്ഞെടുപ്പിന്റെ 04-01-2023 വിജ്ഞാപനപ്രകാരം തെരഞ്ഞെടുപ്പ്/വോട്ടെണ്ണൽ 17-03-2023-നാണ് നിശ്ചയിച്ചിരിക്കുന്നത്.

നിലവിലെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള നിയമസഭാംഗം - അഡ്വ. ജോബ് മൈക്കിൾ, എം.എൽ.എ. നെടുംപറമ്പിൽ, മലകുന്നം പി.ഒ., ചങ്ങനാശ്ശേരി.

നിലവിലെ സിൻഡിക്കേറ്റിന്റെ കാലാവധി 01-07-2024 വരെയാണ്.

3) <u>കാലിക്കറ്റ് സർവകലാശാല</u>

കാലിക്കറ്റ് സർവകലാശാലയിൽ സെനറ്റിലേയ്ക്ക് എം.എൽ.എ.-മാരുടെ പ്രാതിനിധ്യം സംബന്ധിച്ച വിശദാംശങ്ങൾ 1975-ലെ കാലിക്കറ്റ് സർവകലാശാലാ ആക്ട്, ചാപ്റ്റർ 4, സെക്ഷൻ 17-ലെ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന തലക്കെട്ടിന് താഴെയുള്ള സബ് സെക്ഷൻ (3) പ്രകാരമാണ്. ഇത് താഴെപ്പറയുന്നു:

Section 17(3) under the heading 'Elected Members' of the Calicut University Act, 1975 : " Six members elected by the members of the Legislative Assembly of Kerala from among the members representing the electorate of the University area, of whom one shall be a member of a Scheduled Caste, and one shall be a member of a Scheduled Tribe."

പ്രസ്തുത സമിതികളിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തി ഫലം വിജ്ഞാപനം ചെയ്തത് 31-12-2022-നാണ്.

1975-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് ചാപ്റ്റർ 4-ലെ സെക്ഷൻ 89(2) പ്രകാരം പ്രസ്തുത തെരഞ്ഞെടുപ്പിന് വരണാധികാരി ആയിരിക്കേണ്ടത് നിയമസഭാ സെക്രട്ടറിയാണ്.

1975-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സിലെ ചാപ്റ്റർ 4-ലെ സെക്ഷൻ 88, 89 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത തെരഞ്ഞെടുപ്പ് നടത്തുന്നത്.

നിലവിൽ കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റിൽ അംഗങ്ങളായി എം.എൽ.എ.-മാർ ആരുമില്ല.

സെനറ്റിൽ അംഗങ്ങളായ എം.എൽ.എ.-മാരുടെ പേരുവിവരം താഴെ ചേർത്തിരിക്കുന്നു:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. ശ്രീ. പി. നന്ദകുമാർ
3. ശ്രീ. പി. ടി. എ. റഹിം
4. ശ്രീ. ഇ. കെ. വിജയൻ
5. ശ്രീ. പി. പി. സുമോദ്
6. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

നിലവിലുള്ള സെനറ്റിന്റെ കാലാവധി 06-03-2023-ന് തീരുന്നതാണ്. അടുത്ത തെരഞ്ഞെടുപ്പ് നടത്തുന്ന തീയതി സംബന്ധിച്ച് തീരുമാനമായിട്ടില്ല.

4) <u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല</u>

1986-ലെ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ആക്ട്, ചാപ്റ്റർ IV, സെക്ഷൻ 17(x) പ്രകാരം സിൻഡിക്കേറ്റിലേയ്ക്ക് സംസ്ഥാന നിയമസഭാ അംഗങ്ങളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 2 എം.എൽ.എ.-മാരും ചാപ്റ്റർ IV, Section 19 EX-OFFICIO MEMBERS (X) പ്രകാരം സംസ്ഥാന നിയമസഭാംഗങ്ങളിൽനിന്നും സെനറ്റിലേയ്ക്ക് ഒരാളും കൂടാതെ Section 19 ELECTED MEMBERS (iii) പ്രകാരം സംസ്ഥാന നിയമസഭാംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 5 എം.എൽ.എ.-മാരും അംഗങ്ങളാണ്.

2021-ലാണ് സെനറ്റിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത്.

1986-ലെ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ആക്ട് ചാപ്റ്റർ IV സെക്ഷൻ 19 ELECTED MEMBERS (iii) പ്രകാരവും UNIVERSITY ELECTION STATUTE PART V, 97 മുതൽ 109 വരെയുള്ള ചട്ടങ്ങൾ പ്രകാരമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്.

തെരഞ്ഞെടുപ്പിന്റെ വരണാധികാരി കേരള നിയമസഭാ സെക്രട്ടറിയാണ്.

കുസാറ്റ് സിൻഡിക്കേറ്റിലെ നിലവിലെ അംഗങ്ങളായ എം.എൽ.എ.-മാർ ശ്രീ. എം. വിജിൻ, ശ്രീമതി സി. കെ. ആശ എന്നിവരാണ്.

2023-ലെ സെനറ്റ് പുനഃസംഘടനയ്ക്ക് കേരള നിയമസഭാ സെക്രട്ടറിയോട് കത്ത് മുഖാന്തരം അഭ്യർത്ഥന നടത്തിയിട്ടുണ്ട്.

5) <u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലാ ആക്ട് വകുപ്പ് 12 പ്രകാരം കേരള നിയമസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു അംഗം സർവകലാശാലയുടെ സിൻഡിക്കേറ്റിൽ അംഗമാണ്.

അവസാനം തെരഞ്ഞെടുപ്പ് നടന്നത് 2021-ലാണ്.

<u>വരണാധികാരി</u> - സെക്രട്ടറി, കേരള ലെജിസ്ലേറ്റീവ് അസംബ്ലി. <u>നിയമ/സ്റ്റാറ്റ്യൂട്ട് വ്യവസ്ഥ</u>

Section 12, Chapter IV of SSUS Act, 1994.

Chapter XVIII of Sree Sankaracharya University of Sanskrit Statutes, 1997.

നിലവിലെ അംഗം - ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

കാലാവധി - 25-10-2025 വരെ

തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. പ്രതിനിധിയുടെ കാലാവധി പൂർത്തിയാകുമ്പോൾ നിയമസഭാ സെക്രട്ടറിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

6) കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാലാ സെനറ്റിൽ 4 എം.എൽ.എ.-മാർ അംഗങ്ങളാണ്.

സെനറ്റിലേയ്ക്ക് അവസാനമായി തെരഞ്ഞെടുപ്പ് നടന്നത് 16-11-2021-നാണ്.

വരണാധികാരി- രജിസ്ട്രാർ, കണ്ണൂർ സർവകലാശാല.

1996-ലെ കണ്ണൂർ സർവകലാശാലാ ആക്ട്, Chapter IV – Authorities of the University - Section 19 - Senate - Elected Members (iii) പ്രകാരവും 1998-ലെ കണ്ണൂർ സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് Chapter XLVI - Elections - Part D - Procedure for election of members to the Senate by the Members of the Legislative Assembly - Statute 86 പ്രകാരവുമാണ് സെനറ്റിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നത്.

സെനറ്റിലെ നിലവിലെ അംഗങ്ങളായ എം.എൽ.എ.-മാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
2. ശ്രീ. എം. വിജിൻ

3. ശ്രീ. ഒ. ആർ. കേളു

4. ശ്രീ. സണ്ണി ജോസഫ്

നിലവിലുള്ള സെനറ്റിന്റെ കാലാവധി 23-06-2023-ന് അവസാനിക്കുന്നതാണ്.

സെനറ്റ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്.

7) <u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയുടെ ജനറൽ കൗൺസിലിൽ (സെനറ്റ്) പ്രാദേശിക എം.എൽ.എ.-യ്ക്ക് പ്രാതിനിധ്യമുണ്ട്.

മലയാളം സർവകലാശാല നിയമം 2003 സെക്ഷൻ 9 (എ) IX പ്രകാരം സർവകലാശാലാ ആസ്ഥാനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം ജനറൽ കൗൺസിലിൽ അംഗമായതിനാൽ തെരഞ്ഞെടുപ്പ് നടത്തുന്നില്ല.

മലയാളം സർവകലാശാലയുടെ നിലവിലുള്ള സെനറ്റിൽ ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ. അംഗമാണ്.

8) <u>ന്യുവാൽസ്</u>

2005-ലെ ന്യുവാൽസ് ആക്ട് അനുസരിച്ച് സർവകലാശാലയുടെ ജനറൽ കൗൺസിലിൽ കേരള നിയമസഭയിലെ അംഗങ്ങളിൽനിന്ന് അംഗങ്ങളാൽ തെരഞ്ഞെടുക്കുന്ന മൂന്നുപേരും എക്സിക്യൂട്ടീവ് കൗൺസിലിൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജനറൽ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരു നിയമസഭാ അംഗവുമാണുള്ളത്.

ന്യുവാൽസിലെ ജനറൽ കൗൺസിലിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം 2021 ഒക്ടോബർ 20-ന് ആയിരുന്നു.

യൂണിവേഴ്സിറ്റി ജനറൽ കൗൺസിൽ അംഗങ്ങളുടെ കാലാവധി നാല് വർഷമാണ്.

ജനറൽ കൗൺസിലിൽ അംഗങ്ങളായ എം.എൽ.എ.-മാർ ചുവടെപ്പറയുന്നവരാണ് :

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. കെ. പ്രേംകുമാർ
3. ശ്രീ. വി. ആർ. സുനിൽകുമാർ

9) <u>എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല</u>

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിലെ ബോർഡ് ഓഫ് ഗവർണേഴ്സിൽ 5 എം.എൽ.എ.-മാരുടെയും സിൻഡിക്കേറ്റിലേയ്ക്ക് 2 എം.എൽ.എ.-മാരുടെയും പ്രാതിനിധ്യമുണ്ട്.

പ്രസ്തുത തസ്തികയിൽ അവസാനമായി തെരഞ്ഞെടുപ്പ് നടത്തി സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചത് ജൂൺ 2022-ലാണ്.

വരണാധികാരി കേരള നിയമസഭാ സെക്രട്ടറിയാണ്.

2015-ലെ എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്ടിന്റെ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന തലക്കെട്ടിലുള്ള (i)-ാം ഇനത്തിന് കീഴിലുള്ള സെക്ഷൻ 23 സബ് സെക്ഷൻ (1) പ്രകാരം "നിയമസഭയിലെ അംഗങ്ങളിൽനിന്നും അഞ്ച് അംഗങ്ങളെ അവരിൽനിന്ന് തെരഞ്ഞെടുക്കുകയും അവരിൽ ഒരാൾ ഒരു സ്ത്രീയും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുമായിരിക്കണം."

2015-ലെ എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആക്ടിലെ ഐറ്റം (IX) 'എക്സ് ഒഫിഷ്യോ അംഗങ്ങൾ' സെക്ഷൻ 27, സബ് സെക്ഷൻ (1) പ്രകാരം നിയമസഭാ സാമാജികരിൽനിന്നും ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് തെരഞ്ഞെടുക്കുന്ന 5 അംഗങ്ങളിൽനിന്നും 2 അംഗങ്ങളെ സിൻഡിക്കേറ്റിലേയ്ക്ക് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യേണ്ടതാകുന്നു.

എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, അദ്ധ്യായം X, ഭാഗം I, സബ് സ്റ്റാറ്റ്യൂട്ട്സ് 2 (1), (2), (3), (4) -ഉം അദ്ധ്യായം X, ഭാഗം II എന്നിവയ്ക്ക് അനുസൃതമായാണ് ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത്.

സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന എം.എൽ.എ.-മാർ ചുവടെപ്പറയുന്നവരാണ്.

1. ശ്രീ. ഐ. ബി. സതീഷ്

2. ശ്രീ. വി. ശശി

3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

4. ശ്രീമതി ദെലീമ

5. ശ്രീ. കെ. എം. സച്ചിൻദേവ്

സർവകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടിരിക്കുന്ന എം.എൽ.എ.-മാർ ചുവടെപ്പറയുന്നവരാണ്:

1. ശ്രീ. ഐ. ബി. സതീഷ്

2. ശ്രീ. കെ. എം. സച്ചിൻദേവ്

നിലവിലെ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ കാലാവധി 2024 ഡിസംബർ മാസം വരെയാണ്. എന്നിരുന്നാലും പുതിയ ബോർഡ് ഓഫ്

ഗവർണേഴ്സ് വരുന്നതുവരെ നിലവിലെ ബോർഡ് ഓഫ് ഗവർണേഴ്സിന് കാലാവധിയുണ്ടായിരിക്കുന്നതാണ്. (ചാപ്റ്റർ 4, സെക്ഷൻ 24)

10) <u>ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല</u>

ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലാ ആക്ട് പ്രകാരം നിയമസഭാ സാമാജികർ അവർക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം സിൻഡിക്കേറ്റിൽ അംഗമായിരിക്കും. നിലവിൽ നിയമസഭാ സാമാജികർ സിൻഡിക്കേറ്റിൽ അംഗങ്ങളായി ഇല്ല.

സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല.

(ബി) പ്രസ്തുത സമിതികളിൽ എം.എൽ.എ.-മാരുടെ പ്രാതിനിധ്യത്തിനായി അവസാനം തെരഞ്ഞെടുപ്പ് നടന്നത് എന്നാണെന്നും വരണാധികാരി ആരായിരുന്നുവെന്നും പ്രസ്തുത തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമ/സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത സമിതികളിൽ നിലവിൽ അംഗങ്ങളായുള്ള സാമാജികരുടെ പേരുവിവരവും അടുത്ത തെരഞ്ഞെടുപ്പ് എന്നത്തേയ്ക്ക് നടക്കുമെന്നും സർവകലാശാല അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(ബി&സി) (എ)-യിൽ നൽകിയിരിക്കുന്നു.

## സൗദി അറേബ്യയിൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കേന്ദ്രവും പരീക്ഷ സെന്ററും

152(1756) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികളുടെയും അവരുടെ കുട്ടികളുടെയും തുടർവിദ്യാഭ്യാസത്തിന് സഹായകമായ രീതിയിൽ സംസ്ഥാനത്തെ പുതിയ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഒരു കേന്ദ്രവും പരീക്ഷ സെന്ററും സൗദി അറേബ്യയിൽ റിയാദ് കേന്ദ്രമാക്കി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കേരളത്തിന് പുറത്ത് ശ്രീ നാരായണഗുരു ഓപ്പൺ സർവകലാശാലയുടെ കേന്ദ്രവും പരീക്ഷ സെന്ററും തുടങ്ങാൻ സർവ്വകലാശാലയുടെ ആക്ട് പ്രകാരം അനുമതിയില്ല.

## വിദൂര വിദ്യാഭ്യാസ പഠനം

153(1757) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി.-യുടെ അംഗീകാരമുള്ളത് ഏതൊക്കെ സർവകലാശാലകൾക്കാണെന്ന് അറിയിക്കാമോ?

കേരള, കാലിക്കറ്റ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകൾക്ക് നിലവിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അംഗീകാരമുണ്ട്.

(ബി) സംസ്ഥാനത്ത് ഏതൊക്കെ കോഴ്സുകളിലാണ് വിദൂര വിദ്യാഭ്യാസം നടക്കുന്നതെന്ന് സർവകലാശാല തിരിച്ച് വ്യക്തമാക്കുമോ?

**കേരള സർവകലാശാല**

<u>യു. ജി. പ്രോഗ്രാമുകൾ</u>

1. ബി.എ. ഇക്കണോമിക്സ്
2. ബി.എ. ഹിസ്റ്ററി
3. ബി.എ. പൊളിറ്റിക്കൽ സയൻസ്
4. ബി.എ. സോഷ്യോളജി
5. ബി.ബി.എ.
6. ബി.കോം.
7. ബി.എൽ.ഐ.എസ്.സി.

<u>പി.ജി. പ്രോഗ്രാമുകൾ</u>

1. എം.എ. ഇക്കണോമിക്സ്

2. എം.എ. ഹിന്ദി

3. എം.എ. ഹിസ്റ്ററി

4. എം.എ. പൊളിറ്റിക്കൽ സയൻസ്

5. എം.എ. സോഷ്യോളജി

6. എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ

7. എം.കോം. ഫിനാൻസ്

8. എം.എൽ.എസ്.ഐ.സി.

9. എം.എസ്.സി.കമ്പ്യൂട്ടർ സയൻസ്

10. എം.എസ്.സി. മാതമാറ്റിക്സ്

**കാലിക്കറ്റ് സർവകലാശാല**

<u>യു.ജി.പ്രോഗ്രാമുകൾ</u>

1. ബി.എ. അഫ്സൽ ഉൽ ഉലമ

2. ബി.എ. ഇക്കണോമിക്സ്

3. ബി.എ. ഹിസ്റ്ററി

4. ബി.എ. ഫിലോസഫി

5. ബി.എ. പൊളിറ്റിക്കൽ സയൻസ്

6. ബി.എ. സോഷ്യോളജി

7. ബി.ബി.എ.

8. ബി.കോം.

<u>പി.ജി. പ്രോഗ്രാമുകൾ</u>

1. എം.എ. അറബിക്

2. എം.എ. ഇക്കണോമിക്സ്

3. എം.എ. ഹിന്ദി

4. എം.എ. ഹിസ്റ്ററി

5. എം.എ. ഫിലോസഫി

6. എം.എ. പൊളിറ്റിക്കൽ സയൻസ്

7. എം.എ. സംസ്കൃതം

8. എം.എ. സോഷ്യോളജി

9. എം.കോം.

10. എം.എസ്.സി. മാത്തമാറ്റിക്സ്

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി**

<u>യു.ജി.പ്രോഗ്രാമുകൾ</u>

1. ബി.എ. മലയാളം

2. ബി.എ. ഇംഗ്ലീഷ്

3. ബി.എ. ഹിന്ദി

4. ബി.എ. അറബിക്

5. ബി.എ. സംസ്കൃതം

പി.ജി.പ്രോഗ്രാമുകൾ

1. എം.എ. ഇംഗ്ലീഷ്

2. എം.എ. മലയാളം

(സി) പുതിയതായി ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകളിലാണ് വിദൂരവിദ്യാഭ്യാസം നടക്കുന്നതെന്ന് വ്യക്തമാക്കുമോ?

പുതിയതായി ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ചുവടെപ്പറയുന്ന കോഴ്സുകളിലാണ് വിദൂരവിദ്യാഭ്യാസം നടക്കുന്നത്:

യു.ജി. പ്രോഗ്രാമുകൾ

1. ബി.എ. മലയാളം

2. ബി.എ. ഇംഗ്ലീഷ്

3. ബി.എ. ഹിന്ദി

4. ബി.എ. അറബിക്

5. ബി.എ. സംസ്കൃതം

പി.ജി.പ്രോഗ്രാമുകൾ

1. എം.എ. ഇംഗ്ലീഷ്

2. എം.എ. മലയാളം

**കാലിക്കറ്റ് സർവകലാശാല ജീവനക്കാരുടെ മുൻകാല സേവനം**

154(1758) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല പുറപ്പെടുവിച്ച 27-06-2022-ലെ അനൗദ്യോഗിക കുറിപ്പ് നമ്പർ 12643/2022/എ.ഡി.എം.എൻ. പ്രകാരം ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ തസ്തികയിൽനിന്നും വിരമിച്ച ജീവനക്കാരന്റെ ലക്ചറർ തസ്തികയിലെ മുൻകാല അഡ്ഹോക് സേവനം കണക്കിലെടുത്ത് പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന ആഡിറ്റ് കാര്യാലയത്തിലേയ്ക്ക് നല്കിയതിന്റെയും ആയതിന് ലഭിച്ച മറുപടിയുടെയും പ്രസ്തുത വിഷയത്തിൽ കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റിന്റെ 30-12-2022 ലെ ഇനം.നം.2022/1447

തീരുമാനത്തിന്റെയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശവും ആയതുപ്രകാരം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർ നിർണ്ണയിക്കപ്പെടുമ്പോൾ സർവകലാശാലയ്ക്ക് എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യത വന്നുചേരുമെന്നും കുടിശ്ശികയിനത്തിൽ ഇന്നുവരെ എത്രരൂപ അനുവദിക്കേണ്ടി വരുമെന്നുമുള്ള വിശദാംശവും ലഭ്യമാക്കാമോ?

സർവകലാശാലയിൽനിന്നും ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ തസ്തികയിൽ വിരമിച്ച പ്രസ്തുത ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണയിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രതിമാസ ബേസിക് പെൻഷനിൽ 23,400 രൂപയുടെ അധിക ബാധ്യതയാണുണ്ടാവുന്നത്. കമ്മ്യൂട്ടേഷൻ തുകയിൽ 11,01,860 രൂപയുടെ വർദ്ധനയും ഉണ്ടാവുന്നുണ്ട്. കുടിശ്ശികയിനത്തിൽ നൽകേണ്ടിവരുന്ന തുക കണക്കാക്കിയിട്ടില്ല. ആവശ്യപ്പെട്ട രേഖകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) കാലിക്കറ്റ് സർവകലാശാല പുറപ്പെടുവിച്ച 14-09-2010-ലെ എ.ഡി.ഇ 3./3103/2002 ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരുടെ പോണ്ടിച്ചേരി ഗവൺമെന്റിന് കീഴിലുള്ള സേവനം സ്ഥിരം/താൽക്കാലികം/അഡ്ഹോക് എന്നിവയിൽ ഏത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ടവയായിരുന്നുവെന്നും ഏത് കാലയളവിലായിരുന്നുവെന്നും ഉത്തരവിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ?

കാലിക്കറ്റ് സർവകലാശാല പുറപ്പെടുവിച്ച 14-09-2010-ലെ എ.ഡി.ഇ 3/3103/2002 ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാരായ ശ്രീ. രാജൻ കെ. കെ., ശ്രീ. ജബ്കുമാർ ആർ. എന്നിവർക്ക് പോണ്ടിച്ചേരി ഗവൺമെന്റിന് കീഴിലുണ്ടായിരുന്നത് സ്ഥിരം സേവനമായിരുന്നു. ശ്രീ. രാജൻ കെ. കെ. പോണ്ടിച്ചേരി PWD ഇറിഗേഷൻ വകുപ്പിൽ 08-11-1973 മുതൽ 27-08-1977 വരെ LD ക്ലാർക്ക് തസ്തികയിലും ശ്രീ. ജബ്കുമാർ ആർ. PWD-യിൽ 21-12-1973 മുതൽ 14-09-1977 വരെ LD ക്ലാർക്ക് തസ്തികയിലും 14-09-1977 മുതൽ 07-01-1978 വരെ പോണ്ടിച്ചേരി ഗവൺമെന്റിന് കീഴിലുണ്ടായിരുന്ന Maternity Hospital-ൽ UD clerk തസ്തികയിലും സേവനമനുഷ്ഠിച്ചിരുന്നു. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(സി) ആഡിറ്റ് തടസ്സവാദങ്ങൾ മറികടന്നുകൊണ്ട് സർവകലാശാല അധികാരികൾക്ക് സാമ്പത്തിക വിനിയോഗമുൾപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കാൻ അധികാരമില്ലെന്ന് വ്യക്തമാക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 08-08-2012-ലെ കത്തും ആയത് സർവകലാശാലയിൽ നടപ്പിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തിയ 31/2013/സി.യു. ഉത്തരവുകളുടെ പകർപ്പുകളും പ്രസ്തുത ഉത്തരവുകൾ ഈ വിഷയത്തിൽ പരിഗണിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കുമോ?

പ്രസ്തുത ഉത്തരവുകൾകൂടി പരിഗണിച്ചുകൊണ്ട് സിൻഡിക്കേറ്റിന്റെ 30-12-2022-ലെ 2022.1447 നമ്പർ തീരുമാനം പുനഃപരിശോധിക്കുവാൻ സർവകലാശാല വൈസ് ചാൻസലർ ഉത്തരവ് നൽകിയിട്ടുണ്ട്. ആവശ്യപ്പെട്ട രേഖകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) സർവകലാശാല തീരുമാനങ്ങളിലും നടപടികളിലും ആഡിറ്റ് വകുപ്പിൽനിന്നും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ പ്രസ്തുത വിഷയത്തിൽ സർക്കാരിൽനിന്നും സ്പഷ്ടീകരണം തേടുന്ന രീതി ഈ വിഷയത്തിൽ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

പ്രസ്തുത വിഷയത്തിൽ സർവകലാശാല ഇതുവരെ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) കാലിക്കറ്റ് സർവകലാശാലയിൽനിന്നും വിരമിച്ച അധ്യാപകന്റേതുൾപ്പെടെ മുൻകാല സർവീസുകൾ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ WA No.1460 of 2021 and

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Connected WA's കേസിലെ 15-12-2021-ലെ വിധി സർവകലാശാലയ്ക്ക് ബാധകമാണെന്നിരിക്കെ 27-06-2022 അനൗദ്യോഗിക കുറിപ്പ് പുറപ്പെടുവിക്കുമ്പോൾ ആയത് പരിഗണിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

പ്രസ്തുത കേസുകളിലേത് ഇടവേളകളോടുകൂടിയ താത്കാലിക ലീവ് വേക്കൻസികളിൽ ജോലി ചെയ്ത സർവീസ്, പെൻഷന് കണക്കാക്കുന്നതുമായി ബന്ധപ്പെട്ട വിധി ആയിരുന്നു. അത് അത്തരം കേസുകളിൽ മാത്രമേ ബാധകമാവുകയുള്ളൂ. എന്നാൽ ശ്രീ. വത്സരാജൻ പുത്തൻവീട്ടിലിന്റെ പെൻഷനുവേണ്ടി കണക്കാക്കിയ മുൻകാല സർവീസ് തുടർച്ചയായ കാലഘട്ടത്തിലെയും ഇൻക്രിമെന്റ്, മറ്റു സർവീസ് ആനുകൂല്യങ്ങൾ അനുവദിച്ചതുമായ സർവീസ് ആയിരുന്നു. മാത്രമല്ല പ്രസ്തുത സർവീസ് കാലയളവിൽ ശ്രീ. വത്സരാജൻ പുത്തൻവീട്ടിലിനോടൊപ്പം ജോലി ചെയ്തിരുന്ന അദ്ദേഹത്തിന്റെ ജൂനിയറും സീനിയറും ആയിരുന്ന ആളുകളുടെ പ്രസ്തുത സർവീസ് പോണ്ടിച്ചേരി ചീഫ് സെക്രട്ടേറിയറ്റ് (ഹയർ ആൻഡ് ടെക്നിക്കൽ എജ്യുക്കേഷൻ) പുറപ്പെടുവിച്ച 06-02-2013-ലെ G.O. (Ms)No.5 ഉത്തരവുപ്രകാരം റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഈ രണ്ടുകേസും

വ്യത്യസ്തമായതിനാലാണ് പ്രസ്തുത വിധി ഈ വിഷയത്തിൽ പരിഗണിക്കാതിരുന്നത്.

(എഫ്) 27-06-2022-ലെ അനൗദ്യോഗിക കുറിപ്പിൽ പ്രതിപാദിക്കുന്ന അഡ്ഹോക് ലക്ചറർ തസ്തികയിലെ സേവനം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റ് ഓഫ് ഹയർ ആൻഡ് ടെക്നിക്കൽ എജ്യുക്കേഷൻ, പോണ്ടിച്ചേരി പുറപ്പെടുവിച്ച G.O.(Ms) No.5 തീയതി 06-02-2013 ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+. പ്രസ്തുത ഉത്തരവുപ്രകാരം ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ലക്ചറർമാരുടെ അഡ്ഹോക് സേവനം അസിസ്റ്റന്റ് പ്രൊഫസർമാരുടേതായി റെഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവായി.

(ജി) 16-03-2022-ലെ 2022.306*, 30-12-202-ലെ 2022.1447* സിൻഡിക്കേറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ മുൻകാല താൽക്കാലിക സേവനം പെൻഷന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് സർവകലാശാല പെൻഷൻകാരും ജീവനക്കാരും അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയത് പരിഗണിക്കുന്നത് സർവകലാശാലയുടെ ധനസ്ഥിതിയെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദോഷകരമായി ബാധിക്കുമെന്നും നിയമ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കുമെന്നും വിലയിരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള വിലയിരുത്തലുകളുടെകൂടി അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിന്റെ 30-12-2022-ലെ 2022.1447* നമ്പർ തീരുമാനം പുനഃപരിശോധിക്കുവാൻ സർവകലാശാല വൈസ് ചാൻസലർ ഉത്തരവ് നൽകിയിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാല റിംഗ് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി കയ്യേറ്റം**

155(1759) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല റിംഗ് റോഡ് നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മുന്നോടിയായി നിർദ്ദിഷ്ട സ്ഥലം സർവ്വെ നടത്തിയിട്ടുണ്ടോ; പ്രസ്തുത പ്രദേശത്ത് പലഭാഗങ്ങളിലും വ്യാപക കയ്യേറ്റം നടന്നത് സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മൂന്നുസ്ഥലങ്ങളിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വെ റിപ്പോർട്ടിന്റെ പകർപ്പ് സർവകലാശാലയുടെ പക്കലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. സർവ്വെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) നിർദ്ദിഷ്ട സ്ഥലങ്ങളിൽ കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ കയ്യേറ്റക്കാരുടെ വിശദാംശം അവർ എത്ര ഭൂമി കയ്യേറി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

0.037 ഹെക്ടർ കയ്യേറിയിട്ടുണ്ട്. കയ്യേറ്റക്കാരുടെ വിശദാംശങ്ങൾ താലൂക്ക് ഓഫീസിൽനിന്നും ലഭ്യമായിട്ടില്ല.

(ഡി) കയ്യേറ്റക്കാരിൽനിന്നും ഭൂമി തിരികെ പിടിക്കുവാൻ സർവകലാശാല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിയിൽ റോഡ് നിർമ്മാണത്തിനായി വിട്ടുനൽകിയ ഭൂമിയിലാണ് കയ്യേറ്റം കണ്ടെത്തിയിട്ടുള്ളത്.

## കൽപ്പറ്റയിലെ എൻ.സി.സി. 5 കേരള ബറ്റാലിയൻ

156(1760) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വയനാട് ജില്ലയിൽ കൽപ്പറ്റയിലുള്ള എൻ.സി.സി. 5 കേരള ബറ്റാലിയനിൽ സംസ്ഥാന സർക്കാരിന്റെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഇല്ല; സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച്, തസ്തികകൾ സൃഷ്ടിക്കുന്നതുവരെ, പുനർവിന്യാസം വഴി ജീവനക്കാരെ നിയമിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ബറ്റാലിയൻ ആരംഭിച്ചത് എന്നാണെന്നും ജീവനക്കാരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും തസ്തിക തിരിച്ച് അറിയിക്കുമോ?

പ്രസ്തുത ബറ്റാലിയൻ ആരംഭിച്ചത് 15-01-2020 തീയതിയിലാണ്. പുനർവിന്യാസം വഴി ചുവടെ പറയുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

ജൂനിയർ സൂപ്രണ്ട് -1

ക്ലാർക്ക് - 4

ടൈപ്പിസ്റ്റ് - 2

ഡ്രൈവർ -1

ഓഫീസ് അറ്റൻഡന്റ് -1

ലസ്കർ - 2

**ആകെ - 11**

(സി) പ്രസ്തുത സ്ഥാപനത്തിൽ വകുപ്പുതല ആഡിറ്റിംഗിൽ ജീവനക്കാരുടെ നിയമന രീതിയെയും ഫണ്ട് കൈകാര്യം ചെയ്യുന്നതിനെയും സംബന്ധിച്ച് പരാമർശമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ബാധകമല്ല.

**പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ്**

157(1761) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി വികസിപ്പിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര വികസനത്തിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 75 സർക്കാർ കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനം, ലാബ്-ലൈബ്രറിയുടെ നവീകരണം, നാക് സന്ദർശനത്തിന് മുന്നോടിയായുള്ള വിവിധ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 61 കോടി രൂപയോളം അനുവദിച്ചുനൽകിയിട്ടുണ്ട്. 2022-23 അധ്യയന വർഷം നാക് സന്ദർശനത്തിനായി തയ്യാറെടുക്കുന്ന കോളേജുകൾക്ക് കോളേജ് നവീകരണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷംരൂപ അനുവദിച്ചുനൽകി. അതോടൊപ്പം കോളേജുകളിൽ സ്ഥിതി ചെയ്യുന്ന വിവിധ ശാസ്ത്ര വിഷയങ്ങളുടെ ലാബ്, ലൈബ്രറി എന്നിവയുടെ വികസനത്തിനായി 9.5 കോടിരൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും മാനസികാരോഗ്യം വളർത്തുന്നതിനുമായി ആരംഭിച്ചിട്ടുള്ള പദ്ധതിയായ "ജീവനി" യുടെ ഭാഗമായി 73 സർക്കാർ കോളേജുകളിൽ സൈക്കോളജിസ്റ്റുമാരെ നിയമിച്ച് കൗൺസിലിംഗ് നൽകിവരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ ഉച്ചഭക്ഷണം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പ് അധ്യയന വർഷം മുതൽ 'വിശപ്പ് രഹിത ക്യാമ്പസ്' എന്ന പദ്ധതി

ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ ഉച്ചഭക്ഷണം അനുവദിക്കുന്നതിനായി ഒരു കോടിയിലധികം രൂപ അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ അധ്യയന വർഷം മുതൽ പഠനത്തോടൊപ്പം വിദ്യാർത്ഥികൾക്ക് സാമ്പത്തിക വരുമാനംകൂടി നേടുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "Earn While You Learn".

നടപ്പ് സാമ്പത്തിക വർഷം പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ASAP-മായി ചേർന്ന് വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല കോഴ്സുകൾ പരിചയപ്പെടുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് PLEASE (Performance Linked Encouragement for Academic Studies and Excellence). പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ യൂണിവേഴ്സിറ്റികൾക്കും വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, കാസർഗോഡ് സർക്കാർ കോളേജ് എന്നിവിടങ്ങളിലും ലാബ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. മാലിന്യ വിമുക്തമായ കോളേജ് ക്യാമ്പസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഗ്രീൻ

ക്യാമ്പസ്. വിവിധ സ്റ്റാർട്ടപ്പുകളുടെ സഹായത്തോടെ കോളേജ് പരിസരത്തുള്ള ഒഴിഞ്ഞ സ്ഥലങ്ങളിൽ പച്ചക്കറി കൃഷി, പുഷ്പ കൃഷി, ബട്ടർഫ്ലൈ പാർക്ക്, മിയോവാക്കി വനം എന്നിവ നിർമ്മിച്ചുവരുന്നു. അതോടൊപ്പം കലാലയങ്ങളിൽ ANERT-മായി ചേർന്ന് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി തുക അനുവദിച്ചു. കോളേജുകളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടിയാണ് Gender Senzitization. അതിലേയ്ക്കായി 2 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുകയും ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കോളേജുകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തങ്ങൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാനത്തെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി വികസിപ്പിക്കുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികളെ നേരിട്ട് ലക്ഷ്യം

പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29-09-2022-ൽ ലഭ്യമാക്കിയിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് എന്ന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരുന്നോ?

തീരുമാനിച്ചിരുന്നു. കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമൂഹമാക്കി മാറ്റുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ്പും കേരള സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് 2019-ൽ ആണ് പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് ആദ്യമായി

സംഘടിപ്പിച്ചത്. പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റിന്റെ ആദ്യ രണ്ട് എഡിഷനുകൾ 2019, 2020 വർഷങ്ങളിൽ കുസാറ്റിൽ വച്ചുനടന്നു. മൂന്നാമത് പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് 2023 ഫെബ്രുവരി 11-ന് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽവച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രൊഫഷണൽ വിദ്യാഭ്യാസ/വ്യവസായ രംഗങ്ങളിലെ ലോക പ്രശസ്തർ വിദ്യാർത്ഥികളുമായി സംവദിക്കും.

(സി) പ്രസ്തുത ലക്ഷ്യത്തിലേയ്ക്കെത്തുന്നതിന്റെ ഭാഗമായി കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഈ നിലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്; വിശദാംശം നൽകുമോ?

ഉണ്ട്. വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Name of Institution |
|---|---|
| 1 | College of Engineering Thiruvananthapuram |

| | |
|---|---|
| 2 | Government Engineering College, Barton Hill, Thiruvananthapuram |
| 3 | RIT Kottayam |
| 4 | Government Engineering College, Thrissur |
| 5 | Government Engineering College, Palakkad |
| 6 | Government Engineering College, Kozhikode |
| 7 | Government Engineering College, Kannur |
| 8 | Government Engineering College, Wayanad |
| 9 | Government Engineering College, Idukki |
| 10 | Supervisory Development Centre, Kalamassery |
| 11 | Govt. Polytechnic College Kaduthuruthy |
| 12 | Govt. Polytechnic College Kalamassery |
| 13 | Govt. Women's Polytechnic College Thrissur |
| 14 | Sree Rama Govt. Polytechnic College, Thriprayar |

## സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങൾ

158(1762) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര വൃദ്ധസദനങ്ങൾ, കെയർ സെന്ററുകൾ എന്നിവ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന വൃദ്ധസദനങ്ങൾ, കെയർ സെന്ററുകൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അവിടെയെല്ലാം ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുവെന്നും വ്യക്തമാക്കാമോ?

ഓരോ താമസക്കാർക്കും സുരക്ഷിതമായ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തിക്കൊണ്ടുള്ള പോഷകാഹാരം നൽകുന്നു. ഡോക്ടർ, നേഴ്സ് എന്നിവരുടെ സേവനം ഉറപ്പാക്കുന്നു. താമസക്കാരെ പരിചരിക്കുന്നതിന് കെയർ ടേക്കർമാരുടെ സേവനം, കിടപ്പ് രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട പരിചരണം എന്നിവ നൽകുന്നുണ്ട്. രോഗാവസ്ഥയിലുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സയും തുടർചികിത്സയും നൽകുന്നു. മലപ്പുറം, കൊല്ലം, കണ്ണൂർ ജില്ലകളിലെ സർക്കാർ വൃദ്ധ സദനങ്ങൾ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സെക്കന്റ് ഇന്നിംഗ്സ് ഹോം പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ താമസക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നു. സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന 16 വൃദ്ധ മന്ദിരങ്ങളിലായുള്ള 739 പേരും ഭിന്നശേഷി സ്ഥാപനങ്ങളിലുള്ള 781 പേരുമുൾപ്പെടെ 1520 പേർക്ക് നിലവിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

മാനസിക വെല്ലുവിളി നേരിടുന്ന പുരുഷന്മാർക്കുള്ള സ്ഥാപനമായ പ്രതീക്ഷാഭവനെ മാതൃകാസ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമായ പുണ്യഭവനെ മാതൃകാസ്ഥാപനമായി ഉയർത്തിയിട്ടുണ്ട്.

## താൽക്കാലിക വൈകല്യ സർട്ടിഫിക്കറ്റിന്മേൽ വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് നടപടി

159(1763) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് പ്രകാരം പതിനെട്ട് വയസ്സ് പൂർത്തിയായവർക്ക് മാത്രമേ പെർമനന്റ് വൈകല്യ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ എന്നതിനാൽ താൽക്കാലിക വൈകല്യ സർട്ടിഫിക്കറ്റിന്മേൽ വികലാംഗ പെൻഷൻ അനുവദിക്കേണ്ടതില്ലെന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധി വൈകല്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി ബാധിതരായതിനാൽ പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിച്ചുവരുന്ന

ഡിസബിലിറ്റി/വികലാംഗ/സാമൂഹ്യസുരക്ഷാ പെൻഷൻ പ്രായഭേദമന്യേ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ളവർക്കോ സ്ഥിരവൈകല്യം എന്ന് രേഖപ്പെടുത്തിയ യുണീക് ഡിസബിലിറ്റി കാർഡ് (യു.ഡി.ഐ.ഡി.കാർഡ്) ഉള്ളവർക്കോ മാത്രം പെൻഷൻ നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ജനനം മുതൽ മരണം വരെ ഊണിലും ഉറക്കത്തിലും സംരക്ഷണം നൽകേണ്ട കുട്ടികൾക്ക് ഒരു കൈത്താങ്ങായിരുന്ന പെൻഷൻ സാങ്കേതിക കാരണങ്ങളാൽ നിർത്തൽ ചെയ്യുന്നത് തികഞ്ഞ നീതിനിഷേധവും മനുഷ്യത്വരഹിതവും ആയതിനാൽ ഇത് പുന:പരിശോധിച്ച് ഈ വിഭാഗത്തിലുള്ളവർക്ക് പെൻഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ടിൽ പതിനെട്ട് വയസ് പൂർത്തിയായവർക്ക് മാത്രമെ സ്ഥിര വൈകല്യ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടില്ല. ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നത് ഭിന്നശേഷിയുടെ തോതിന് ആനുപാതികമായാണ്. 2016-ലെ ഭിന്നശേഷി അവകാശ നിയമം

നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഭിന്നശേഷി അസസ്സ്മെന്റ് ഗൈഡ് ലൈൻസ് പ്രകാരമാണ് ഭിന്നശേഷിത്വത്തിന്റെ അവസ്ഥ വിലയിരുത്തി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധ ഡോക്ടർ മെഡിക്കൽ ബോർഡ് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നത്. ശൈശവത്തിൽ കാണപ്പെടുന്ന ഭിന്നശേഷിയുടെ അവസ്ഥ വ്യക്തിയുടെ വളർച്ചയുടെ ഘട്ടങ്ങളിൽ കുറഞ്ഞുവരാനുള്ള സാധ്യത, അപകടത്തെ തുടർന്നുണ്ടാകുന്ന ഭിന്നശേഷി തുടർചികിത്സയെ തുടർന്ന് മാറാനുള്ള സാധ്യത തുടങ്ങിയ പ്രത്യേക അവസ്ഥകൾ മുൻകൂട്ടി കണ്ടാണ് കാലാവധി രേഖപ്പെടുത്തിയുള്ള താൽക്കാലിക ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിവരുന്നത്. ഇപ്രകാരമുള്ള താൽക്കാലിക ഭിന്നശേഷി സർട്ടിഫിക്കറ്റ് നിശ്ചിത കാലയളവിനുശേഷമുള്ള പുന:പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുണ്ട്.

മെഡിക്കൽ ബോർഡ് നൽകുന്ന താൽക്കാലിക വൈകല്യം എന്ന് രേഖപ്പെടുത്തിയ, കാലാവധി രേഖപ്പെടുത്താത്ത വികലാംഗ സർട്ടിഫിക്കറ്റിന്മേൽ വികലാംഗ പെൻഷൻ അനുവദിക്കാൻ സാധിക്കില്ലെന്നും എന്നാൽ ഇത്തരക്കാർക്ക് പിന്നീട് സ്ഥിര വൈകല്യം എന്ന് രേഖപ്പെടുത്തിയ UDID കാർഡ് ലഭിക്കുന്ന പക്ഷം പെൻഷൻ

അനുവദിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ്, പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടർ കാലാവധിയുള്ള താത്കാലിക ഭിന്നശേഷിക്കാർക്ക് പെൻഷൻ അനുവദനീയമല്ലെന്ന നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ടി താത്കാലിക ഭിന്നശേഷിക്കാർക്ക് സ്ഥിര വൈകല്യം എന്ന് രേഖപ്പെടുത്തിയ യൂണിക് ഡിസബിലിറ്റി ഐ.ഡി. കാർഡ് ലഭിക്കുന്ന പക്ഷം ടിയാളുകൾക്ക് പെൻഷൻ അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ തീരുമാനമെടുത്തിട്ടുള്ളത്.

താൽക്കാലിക വൈകല്യം എന്ന് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റിന്മേൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം ഭിന്നശേഷി പെൻഷൻ അനുവദിക്കാൻ സാധിക്കില്ലെന്നും യു.ഡി.ഐ.ഡി. മെഡിക്കൽ ബോർഡ് പരിശോധനയ്ക്കുശേഷം സ്ഥിരവൈകല്യം എന്ന് രേഖപ്പെടുത്തിയ യു.ഡി.ഐ.ഡി. കാർഡ് ലഭിക്കുന്ന പക്ഷം ഭിന്നശേഷി പെൻഷന് അർഹതയുണ്ടെന്നുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ അഭിപ്രായപ്രകാരം ധനകാര്യവകുപ്പ് നൽകിയ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യത്തിൽ 18 വയസ്സിനുതാഴെയുള്ളവരുടെ കാര്യത്തിൽ ആരോഗ്യ

വകുപ്പിൽനിന്നും സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

## അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

160(1764) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിനുകീഴിലെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോ അംഗീകാരമോ ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള അനുയോജ്യമായ മറ്റ് ക്ഷേമസ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കാനും അംഗീകാരമില്ലാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറുമായ

ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിവരികയും ആയത് ജില്ലാ കളക്ടറുടെ ഉത്തരവിൻപ്രകാരം നടപ്പിലാക്കി വരികയും ചെയ്യുന്നു.

**വൃദ്ധസദനങ്ങൾക്ക് നൽകിവരുന്ന സർക്കാർ ധനസഹായം**

161(1765) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എല്ലാ വൃദ്ധസദനങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സംസ്ഥാനത്തെ എല്ലാ വൃദ്ധ സദനങ്ങൾക്കും സർക്കാർ ധനസഹായം നൽകുന്നില്ല.

09-03-1992-ലെ സ.ഉ.(എം.എസ്.)നം.93/ഹോം ഗ്രാന്റ് -ഇൻ-എയ്ഡ് റൂൾസ്, 17-06-2003-ലെ സ.ഉ.(കൈ)നം.24/2003/സാക്ഷേവ എന്നീ ഉത്തരവുകളനുസരിച്ചുള്ള മാനദണ്ഡങ്ങളാണ് വൃദ്ധ സദനങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നതിന് അടിസ്ഥാനമാക്കുന്നത്.

(ബി) പ്രസ്തുത വൃദ്ധസദനങ്ങളുടെ പ്രവർത്തനത്തിനായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് -ഇൻ-എയ്ഡിന് അർഹതയുള്ളതുമായ വൃദ്ധ സദനങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് മാത്രമാണ് വകുപ്പ് മുഖേന അനുവദിച്ചുവരുന്നത്.

**സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ**

162(1766) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധതരം ആക്രമണങ്ങൾക്ക് വിധേയരായ സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, നിരാലംബർ, തെരുവിൽ അലഞ്ഞുനടക്കുന്ന ആശ്രയമില്ലാത്തവർ എന്നീ വിഭാഗക്കാർക്ക് വൈദ്യസഹായം, സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം, സൗജന്യ ചികിത്സ, അനുബന്ധ ധനസഹായം എന്നിവ ഉറപ്പാക്കാനായി സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരുടെയും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രിയിൽതന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷൻമാരുടെ സംരക്ഷണം ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ്

ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതിപ്രകാരം ചെയ്തുവരുന്നത്. ആശുപത്രി അധികൃതർ, പോലീസ് അധികാരികൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ മുഖാന്തരം സ്ഥാപനങ്ങളിൽ പുനരധിവസിക്കപ്പെടുന്നവർക്കാണ് പ്രസ്തുത പദ്ധതിപ്രകാരം ഗ്രാന്റ് നൽകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ 3 സ്ഥാപനങ്ങളും (കരുണാലയം പോത്തൻകോട്, പുത്തൻമന്ദിരം ഓൾഡേജ് ഹോം അഴൂർ, ശാന്തിമന്ദിരം ചാരിറ്റബിൾ ട്രസ്റ്റ് വട്ടപ്പാറ), എറണാകുളം ജില്ലയിൽ 3 സ്ഥാപനങ്ങളും ക്രിസ്തുരാജ പ്രയർ സെന്റർ പിറവം, അഭയ ഭവൻ കുവപ്പടി, ബത്‌ലഹേം അഭയഭവൻ ചാരിറ്റബിൾ സൊസൈറ്റി, കോഴിക്കോട് ജില്ലയിൽ 1 സ്ഥാപനവും (ദയ റീഹാബിലിറ്റേഷൻ ട്രസ്റ്റ്) ആണ് നിലവിലുള്ളത്. മറ്റ് ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാരിന് കീഴിലുള്ള 29 ക്ഷേമ സ്ഥാപനങ്ങൾ വഴിയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും സർക്കാർ ഗ്രാന്റ് അനുവദിച്ചുവരുന്നതുമായ ക്ഷേമ സ്ഥാപനങ്ങൾ വഴിയും ഇവരെ സംരക്ഷിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ വനിത-ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

ആരുടെയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും പങ്കാളികൾ മരണപ്പെട്ട് ഒറ്റയ്ക്ക് ജീവിക്കുന്നവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തര വൈദ്യസഹായം നൽകുക, അത്യാവശ്യ ഘട്ടങ്ങളിൽ നിയമസഹായം നൽകുക, കെയർഗിവർമാരുടെ സഹായം ഉറപ്പുവരുത്തുക, വയോജനങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുക എന്നിവയ്ക്കായി വയോരക്ഷ പദ്ധതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനും തിരുവനന്തപുരം ജില്ലാ പഞ്ചായത്തും സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സർവീസ് സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പാറശ്ശാലയിലെ

കൊറ്റമറ്റത്ത് സാഫല്യം എന്ന പേരിൽ വയോജന അഗതി മന്ദിരം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതിപ്രകാരം 517 പേരെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലും 18,633 വയോജനങ്ങളെ സന്നദ്ധസംഘടനകൾ നടത്തുന്ന മറ്റുസ്ഥാപനങ്ങളിലും പുനരധിവസിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ധനസഹായം

163(1767) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2023 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ മിശ്ര വിവാഹിതരും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരുമായ ദമ്പതികൾക്ക് വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

2016-2023 കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ മിശ്ര വിവാഹിതരും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരുമായ ദമ്പതികൾക്ക് വിതരണം ചെയ്ത ധനസഹായം സംബന്ധിച്ച പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചുവടെ ചേർക്കുന്നു+.

പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന്റെ പരിധിയിലുള്ള കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഒരാൾക്ക് 2015-16-ലും പുതുക്കോട് ഗ്രാമപഞ്ചായത്തിലെ 2 പേർക്ക് 2021-22-ലും മിശ്രവിവാഹ ധനസഹായ പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

### വി-കെയർ പദ്ധതി

164(1768) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി-കെയർ പദ്ധതിപ്രകാരം നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വി-കെയർ പദ്ധതിവഴി ഗുരുതര രോഗം ബാധിച്ച ഗുണഭോക്താക്കൾക്ക് കരൾ-കിഡ്നി-മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയകൾ, നാഡീസംബന്ധമായ ചികിത്സകൾ, ഡീപ്പ് ബ്രെയിൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റിമുലേഷൻ സർജറി, മറ്റ് അടിയന്തര ശസ്ത്രക്രിയകൾ എന്നിവയ്ക്ക് ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയും രോഗത്തിന്റെ ഗുരുതരാവസ്ഥയും ചികിത്സാച്ചെലവും വിലയിരുത്തി ചികിത്സക്കാവശ്യമായ സഹായം നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ?

പ്രസ്തുത പദ്ധതി മാനദണ്ഡങ്ങളിൽ നിലവിൽ ഭേദഗതി വരുത്തിയിട്ടില്ല.

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

165(1769) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

166(1770) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾ മുഖേന പൊതുജനങ്ങൾക്ക് നൽകിയ സഹായ പദ്ധതി, തുക, നിയോജകമണ്ഡലം എന്നിങ്ങനെ തരം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതികൾക്കുള്ള പ്ലാൻ വിഹിതം സംസ്ഥാന അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ആയതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഈ സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾക്ക് ലഭ്യമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷാ മിഷൻ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദാംശം ലഭ്യമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഡിമെൻഷ്യ അൽഷിമേഴ്സ് മെമ്മറി ക്ലിനിക് എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വയോമിത്രം പദ്ധതി ഗുണഭോക്താക്കളായ വയോജനങ്ങളിൽനിന്നും ഡിമെൻഷ്യ അൽഷിമേഴ്സ് രോഗബാധിതരെ ആരംഭത്തിൽതന്നെ കണ്ടെത്തി പരിചരിക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഡിമെൻഷ്യ അൽഷിമേഴ്സ് ക്ലിനിക് എന്ന ഈ പദ്ധതിക്ക് 2023-24 ബഡ്ജറ്റിൽ 1 കോടിരൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്.

## വി-കെയർ പദ്ധതി

167(1771) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വി-കെയർ പദ്ധതിയിലൂടെ എത്ര പേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുവെന്ന് പേര് വിവരം, അനുവദിച്ച തുക ഉൾപ്പടെ വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം 291 ഗുണഭോക്താക്കൾക്കായി 6,63,65,979/- രൂപയും 2022-23 സാമ്പത്തിക വർഷം 97 ഗുണഭോക്താക്കൾക്കായി 2,77,87,622/- രൂപയും വിതരണം ചെയ്തു. ഇതുകൂടാതെ 156 ഗുണഭോക്താക്കൾക്ക് 5,31,82,004/- രൂപ ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്. ടി തുക ചികിത്സ നടത്തിയ ആശുപത്രികളിൽനിന്നും ബില്ല് ലഭിക്കുന്ന മുറയ്ക്കാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്ത തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ആശ്വാസകിരണം പദ്ധതി

168(1772) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പുരോഗികളെ പരിപാലിക്കുന്ന ആശ്വാസകിരണം പദ്ധതിയിൽ ഏതുവർഷം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11-10-2012-ലെ സ.ഉ.(എം.എസ്.)നം.60/2012/സാക്ഷേവ. ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100 ശതമാനം അന്ധത ബാധിച്ചവരേയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിലുൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമെ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(ബി) പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആശ്വാസകിരണം പദ്ധതിയിൽ പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(സി) അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഫണ്ട് ലഭ്യതയ്ക്കനുസൃതമായി അർഹത പരിശോധിച്ച് അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

169(1773) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. 2010-ലാണ് പദ്ധതി ആരംഭിച്ചത്.

11-10-2012-ലെ സ.ഉ.(എം.എസ്.) നം.60/2012/സാക്ഷേവ. ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്കുപുറമേ 100 ശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം അരൂർ മണ്ഡലത്തിൽ എത്രപേർക്ക് ആനുകൂല്യം നൽകുന്നുണ്ടെന്നും ആയതിന്റെ വിശദാംശവും വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിൽ ആകെ 560 അപേക്ഷകരുണ്ട്. അതിൽ, ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 117 ഗുണഭോക്താക്കൾക്ക് 2022-2023 സാമ്പത്തിക വർഷം 5 മാസത്തെ തുക അനുവദിച്ചിട്ടുണ്ട്.

**എൽഡർ ലൈൻ പ്രവർത്തനങ്ങൾ**

170(1774) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽഡർ ലൈൻ പ്രവർത്തനങ്ങൾ ഇപ്പോഴും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

2021 നവംബർ 1-ാം തീയതി മുതൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച മുതിർന്ന പൗരന്മാർക്കായുള്ള ഹെൽപ്പ്ലൈൻ സേവനം (എൽഡർ ലൈൻ) ഇപ്പോഴും തുടർന്നുവരുന്നു.

(ബി) എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ എൽഡർ ലൈൻ വഴി മുതിർന്ന പൗരന്മാർക്ക് നൽകിവരുന്നത്; വ്യക്തമാക്കാമോ?

എൽഡർ ലൈൻ മുഖാന്തരം മുതിർന്ന പൗരന്മാർക്ക് ലഭ്യമാക്കി വരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

<u>ടെലിഫോൺ മുഖാന്തരം എൽഡർ ലൈൻ നൽകിവരുന്ന സേവനങ്ങൾ</u>

മുതിർന്ന പൗരന്മാർക്കായുള്ള സർക്കാർ-സർക്കാരിതര സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങളും ആയതിനെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകൽ, വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകൽ, വൃദ്ധ സദനങ്ങൾ, വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെക്കുറിച്ചുള്ള

വിവരങ്ങൾ നൽകൽ, ശാരീരിക-മാനസിക സംഘർഷം നേരിടുന്ന മുതിർന്ന പൗരന്മാർക്കുള്ള മാനസിക പിന്തുണ നൽകൽ തുടങ്ങിയവ.

ഫീൽഡ്തലത്തിൽ എൽഡർ ലൈൻ നല്കി വരുന്ന സേവനങ്ങൾ

അഗതികളായ മുതിർന്ന പൗരന്മാരുടെ പുനരധിവാസം, മാനസികവും-ശാരീരികവുമായ ചൂഷണം നേരിടുന്ന മുതിർന്ന പൗരന്മാർക്കായുള്ള സഹായങ്ങൾ (Action against abuse & Rescue എന്നിവ).

(സി) എൽഡർലൈൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജീവനക്കാർക്ക് ശമ്പളം ലഭിക്കാതെ അവർ പ്രവർത്തനം അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര ഫണ്ടിന്റെ ലഭ്യതയിലുണ്ടായ കാലതാമസംമൂലം എൽഡർ ലൈൻ ഓഫീസിലെ വൈദ്യുതി, ഇന്റർനെറ്റ് എന്നിവ നിലച്ചതിനാൽ, ടെലിഫോൺ മുഖാന്തരമുള്ള സേവനങ്ങൾക്ക് മാത്രമാണ് താല്ക്കാലികമായി മുടക്കം വന്നിരുന്നത്. ആയത് പുന:സ്ഥാപിച്ചിട്ടുണ്ട്. ഫീൽഡ് തല പ്രവർത്തനവും ഓഫീസ് പ്രവർത്തനവും പ്രസ്തുത കാലയളവിലും മുടക്കമില്ലാതെ നടന്നുവന്നിരുന്നു. നിലവിൽ എൽഡർ ലൈൻ പ്രവർത്തനം പൂർണ്ണതോതിൽ നടന്നുവരികയാണ്.

(ഡി) പ്രസ്തുത ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പളമാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന വിവരം അറിയിക്കുമോ?

എൽഡർ ലൈൻ ഓഫീസിലെ ജീവനക്കാർക്ക് കേന്ദ്ര ഫണ്ടിൽ നിന്നുമാണ് വേതനം മാറി നൽകുന്നത്. പ്രസ്തുത ജീവനക്കാർക്ക് 2022 നവംബർ 29 വരെയുള്ള വേതനം മാറി നല്കിയിട്ടുണ്ട്. അവശേഷിക്കുന്ന കാലയളവിലെ വേതനം മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പാക്കുന്ന ധനസഹായം**

171(1775) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2022 വരെയുള്ള കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പാക്കുന്ന ധനസഹായത്തിന് ലഭിച്ച അപേക്ഷകളുടെ എണ്ണവും ഇവയിൽ അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സമാശ്വാസം, സ്നേഹസ്പർശം, സ്നേഹപൂർവ്വം, ആശ്വാസകിരണം. വി-കെയർ എന്നീ പദ്ധതികളിലൂടെ

ധനസഹായം നൽകിവരുന്നു. ഇതിൽ ആശ്വാസകിരണം പദ്ധതിയുടെ വിശദശാംശങ്ങൾ തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിലും മറ്റു പദ്ധതികളുടെ വിശദാംശങ്ങൾ തൃശ്ശൂർ ജില്ലാ അടിസ്ഥാനത്തിൽ 2016-2022 കാലയളവിൽ നൽകിയിട്ടുള്ളതും അനുബന്ധമായി ചേർക്കുന്നു+.

## ആശ്വാസകിരണം പദ്ധതി

172(1776) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതിയിൽ 2018 ഏപ്രിൽ മുതലുള്ള അപേക്ഷകരെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) അർഹരായ എല്ലാ അപേക്ഷകരേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) 11-10-2012-ലെ സ.ഉ.(എം.എസ്.)നം.60/2012/സാക്ഷേവ. ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവർക്ക് പുറമെ 100 ശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിലുൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. പദ്ധതിയുടെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആശ്വാസകിരണം പ്രകാരം മുഴുവൻ അപേക്ഷകർക്കും ധനസഹായം നൽകുന്നതിനാവശ്യമായ പദ്ധതി വിഹിതം ലഭ്യമല്ലാത്തതിനാൽ 2018 മാർച്ച് മാസംവരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്.

അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധിക വിഹിതം ആവശ്യമായി വരുന്നുണ്ട്.

എന്നാൽ പ്രസ്തുത തീയതിക്ക് ശേഷമുള്ള അപേക്ഷകൾ, ഫണ്ട് ലഭ്യതയ്ക്കനുസൃതമായി അർഹത പരിശോധിച്ച് ധനസഹായം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

**മിഠായി ക്ലിനിക് വഴി ഇൻസുലിൻ പമ്പ് വിതരണം**

173(1777) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഠായി ക്ലിനിക് വഴി ജുവനൈൽ പ്രമേഹ ബാധിതരായ എത്ര കുട്ടികൾക്ക് ഇൻസുലിൻ പമ്പ് വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഠായി പദ്ധതി മുഖേന 5 കുട്ടികൾക്ക് ഇൻസുലിൻ പമ്പുകൾ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കേരളത്തിലുള്ള ജുവനൈൽ പ്രമേഹ ബാധിതരായ മുഴുവൻ കുട്ടികൾക്കും ഇൻസുലിൻ പമ്പ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഠായി പദ്ധതിയിൽ ബ്രിട്ടിൽ ഡയബറ്റിക് ബാധിതരായ കുട്ടികളിൽ മാനദണ്ഡങ്ങൾ പാലിച്ചും നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയുമാണ് ഇൻസുലിൻ പമ്പ് നൽകിവരുന്നത്. മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ അപേക്ഷകളും മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റി പരിഗണിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികൾ**

174(1778) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ വനിത-ശിശു വികസന വകുപ്പിന് കീഴിൽ 258 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിൽ എത്ര അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെന്ന് വ്യക്തമാക്കാമോ?

സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 197 അങ്കണവാടികളുണ്ട്.

(സി) സ്വന്തമായി സ്ഥലമുള്ളതും കെട്ടിടങ്ങൾ ഇല്ലാത്തതുമായ അങ്കണവാടികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ 6 അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

51 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## ഗുരുവായൂർ മണ്ഡലത്തിലെ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം

175(1779) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നിലവിലുള്ള ബഡ്സ് സ്കൂളുകൾ ഏതൊക്കെയാണെന്നും നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

| ക്രമ നമ്പർ | തദ്ദേശസ്ഥാപനം | ബഡ്സ് സ്ഥാപനം | കുട്ടികൾ |
|---|---|---|---|
| 1 | ചാവക്കാട് | അക്ഷരപറവകൾ ബി.ആർ.സി. | 24 |
| 2 | പുന്നയൂർ | കരുണ ബി.ആർ.സി. | 28 |
| 3 | പുന്നയൂർകുളം | പ്രവർത്തിക്കുന്നില്ല. | |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി കടപ്പുറം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ബഡ്സ് സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കടപ്പുറം ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്ഥാപനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**സംയോജിത പുനരധിവാസ ഗ്രാമം**

176(1780) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനായി ലഭ്യമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട എം.എൽ.എ., കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-11-2022-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ

അടിസ്ഥാനത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കാട്ടാക്കട ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ഗ്രാമപഞ്ചായത്തിന്റെ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആയതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭൂമിയുടെ ഉടമസ്ഥാവകാശം സാമൂഹ്യനീതി വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ശ്രവണ സഹായി**

177(1781) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ശ്രവണ സഹായി നൽകിയിട്ടുള്ളത് എത്ര പേർക്കാണെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 1757 ശ്രവണ സഹായികൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇനി എത്ര അപേക്ഷകളാണ് ശ്രവണ സഹായി നൽകുവാൻ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഇനി 1750 അപേക്ഷകൾ ശ്രവണ സഹായികൾ വിതരണം ചെയ്യുന്നതിനായി പരിശോധിച്ചുവരുന്നു.

**സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

178(1782) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് എന്തെല്ലാം പദ്ധതികളാണ് സർക്കാർതലത്തിൽ നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും ഭിന്നശേഷിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

<u>എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'കൈവല്യ' വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (in crores) | ചെലവഴിച്ച തുക (in crores) |
|---|---|---|
| 2017-18 | 1,00,00,000/- | 1,00,00,000/- |
| 2018-19 | 1,10,00,000/- | 1,10,00,000/- |
| 2019-20 | 2,10,00,000/- | 2,01,50,000/- |
| 2020-21 | 6,00,00,000/- | 6,00,00,000/- |
| 2021-22 | 6,00,00,000/- | 6,00,00,000/- |

<u>പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്ന് മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യം വേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന സവിശേഷ വിദ്യാലയങ്ങളിലെ കുട്ടികൾക്കുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നു. ഇവയ്ക്കുപുറമെ സമഗ്ര ശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കിവരുന്നു.

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ അഞ്ചുവർഷമായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 14,00,00,000 | 14,00,00,000 |
| 2018-19 | 14,50,00,000 | 14,50,00,000 |
| 2019-20 | 40,00,00,000 | 38,46,54,612 |
| 2020-21 | 40,00,00,000 | 37,69,85,750 |
| 2021-22 | 22,00,00,000 | 21,93,69,050 |

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ബാരിയർ ഫ്രീ ക്യാമ്പസ്. കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി പ്രതിമാസം 6000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

സ്കോളർഷിപ്പ് നൽകിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | ഗുണഭോക്താക്കളായ കുട്ടികൾ |
|---|---|---|
| 2018-19 | 1,24,56,933/- | 1419 |
| 2019-20 | 1,73,63,989/- | 1756 |
| 2020-21 | 1,51,86,556/- | 1589 |

| | | |
|---|---|---|
| 2021-22 | 1,13,83,750/- | 1351 |

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

സാമൂഹ്യനീതി വകുപ്പ്

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള പുനരധിവാസ വില്ലേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ജീവിത കാലഘട്ടത്തിൽ ആവശ്യമായി വരുന്ന മുഴുവൻ സംവിധാനങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

പദ്ധതിക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഭിന്നശേഷിക്കാരുടെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി രൂപകല്പന ചെയ്ത സോഫ്റ്റ്‌വെയറിലേയ്ക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന 'മോഡൽ ഇൻക്ലൂസീവ് സ്കൂൾ' എന്ന പദ്ധതി 2022-23 വർഷം ആരംഭിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെ സമപ്രായക്കാരായ കുട്ടികളോടൊപ്പം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും മുഖ്യധാരാ വിദ്യാഭ്യാസം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

**ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആധാർ കാർഡ്**

179(1783) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡ് എടുക്കുമ്പോൾ വിരലടയാളങ്ങൾ, നേത്ര സമ്പർക്കം എന്നിവ ഫലപ്രദമായി പതിയേണ്ടതിനാൽ അംഗവൈകല്യം, ഭിന്നശേഷി എന്നിവ നേരിടുന്ന കുട്ടികൾക്ക് ആധാർകാർഡ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവർക്ക് ആധാർ കാർഡ് ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഓട്ടിസം, തീവ്ര ബൗദ്ധിക വെല്ലുവിളി എന്നിവ നേരിടുന്ന കുട്ടികളെ സംബന്ധിച്ചാണ് ഈ വിഷയം കൂടുതലായും ഉയർന്നുവരുന്നത്. ഇവർക്ക് അക്ഷയ കേന്ദ്രങ്ങളിലും മറ്റും നേരിട്ട് പോയി ഇത്തരത്തിൽ കണ്ണ് സ്കാൻ ചെയ്യുന്നതിനും വിരലടയാളം പതിപ്പിക്കുന്നതിനും സാധിക്കുകയില്ല. അപരിചിതമായ സ്ഥലങ്ങളും ആളുകളും ചില സന്ദർഭങ്ങളിൽ ഇവരിൽ ഭയവും പ്രകോപനവും ഉണ്ടാക്കുന്നതിനും കാരണമാകാറുണ്ട്. ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റിയോടും ഇത്തരം ആളുകൾക്ക് ഇവരുടെ താമസസ്ഥലത്ത് എത്തി ആധാർകാർഡ് എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് IT വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

**മാതൃകാ അസിസ്റ്റീവ് വില്ലേജ് പദ്ധതി**

180(1784) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാവുന്ന തരത്തിലുള്ള മാതൃകാ അസിസ്റ്റീവ് വില്ലേജുകൾ സംസ്ഥാനത്ത് ഏതെല്ലാം

സ്ഥലങ്ങളിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതായി കേരള ഗവർണർ 18-02-2022-ന് നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ അറിയിച്ചിരുന്നു. ഇതിലേയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; നിലമ്പൂർ നഗരസഭയിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്ന് നിലമ്പൂർ നഗരസഭ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭൂമി വിട്ടുനൽകുവാൻ വിവിധ ജനപ്രതിനിധികൾ സന്നദ്ധത അറിയിച്ചിരുന്നു. പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത

പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. നിലമ്പൂർ നഗരസഭ ഉടമസ്ഥതയിലുള്ള നിലമ്പൂർ താലൂക്കിലെ നിലമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 92 റി.സ. 383/2, 383/1-ൽ ഉൾപ്പെട്ടതുമായ 87 ആർ സ്ഥലത്ത് ഭിന്നശേഷിക്കാർക്കുവേണ്ടി പാർക്ക് നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രോജക്ട് നം.283/23 "ഭിന്നശേഷി അക്കാദമി" ഉണ്ടെന്ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിൽനിന്ന് അറിയിച്ചിട്ടുണ്ട്. ഇതിനുള്ള സ്ഥലം വകുപ്പിന് വിട്ടുനൽകുന്നതിന് രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത വില്ലേജുകളുടെ പ്രവർത്തന രീതികളും വില്ലേജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളും വിശദമാക്കാമോ; ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

ഭിന്നശേഷിക്കാരായ വ്യക്തിയുടെ ജീവിത കാലയളവിനുള്ളിൽ നൽകേണ്ട എല്ലാ സേവനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര പദ്ധതി മാതൃകാ അസിസ്റ്റീവ് വില്ലേജുകളിൽ ഉൾപ്പെടുത്തുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംയോജിത പുനരധിവാസ

കേന്ദ്രത്തിനുവേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 31-12-2022-ലെ സ.ഉ.(പി) നം. 280/2022/സാ.നീ.വ. പ്രകാരം 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപമാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി രൂപരേഖ ഏതെങ്കിലും ഏജൻസികൾ തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിക്കായി പകർത്താനുദ്ദേശിക്കുന്ന മാതൃക ഏതു സ്ഥലത്തു നടപ്പാക്കി വിജയിച്ചതാണെന്നും അറിയിക്കാമോ?

പദ്ധതിയെ സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി തയ്യാറാക്കുന്നതിനായി മറ്റ് മാതൃകകളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

## ആർ.പി.ഡബ്ല്യൂ.ഡി. ആക്ട്, 2016 അനുസരിച്ച് ഭിന്നശേഷിക്കാരുടെ നിയമനം

181(1785) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.പി.ഡബ്ല്യൂ.ഡി.ആക്ട്, 2016 (Rights of Persons With Disabilities Act, 2016) അനുസരിച്ച് ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനുള്ള തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ആർ.പി.ഡബ്ല്യൂ.ഡി.ആക്ട്, 2016 (Rights of Persons With Disabilities Act, 2016) പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ സംവരണം അനുവദിക്കുന്നതിനായി ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നിയമനം നൽകുന്നതിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള 49 കോമൺ കാറ്റഗറി തസ്തികകൾക്ക് 4% സംവരണം അനുവദിച്ചുകൊണ്ട് 25-08-2020-ലെ സ.ഉ.(അച്ചടി) നം.19/2020/സാ.നീ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിലെ 654 പ്രവേശന തസ്തികകൾ ഭിന്നശേഷി സംവരണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി തസ്തികകൾക്ക് 4 ശതമാനം സംവരണം അനുവദിച്ച് 28-10-2022-ലെ സ.ഉ. (അച്ചടി)നം.7/2022/സാ.നീ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത മറ്റെല്ലാ വകുപ്പുകളിലെയും പ്രവേശന തസ്തികകൾ ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിന് അനുയോജ്യമാണോയെന്ന് പരിശോധിച്ചുവരുന്നു.

പി.എസ്.സി. റിക്രൂട്ട്മെന്റ് നടപ്പാക്കിയ പൊതുമേഖല സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ/ബോർഡുകൾ/കമ്പനികൾ എന്നിവയിലെ നിയമനങ്ങളിലും ഭിന്നശേഷി സംവരണം

അനുവദിക്കുന്നതിനായുള്ള അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിയമനാധികാരികൾക്ക് നിർദ്ദേശം നൽകി 14-11-2022-ൽ ബി1/278/സാ.നീ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇതിനായി ഏതെങ്കിലും വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് അറിയിക്കാമോ?

RPWD Act 2016, സെക്ഷൻ 33-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി 19-06-2018-ലെ സ.ഉ.(അച്ചടി)നം.8/2018/സാ.നീ.വ. ഉത്തരവുപ്രകാരം എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം താഴെ പേരു ചേർത്തിട്ടുള്ളവർ ഇതിൽ അംഗങ്ങളാണ്.

1. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി - ചെയർമാൻ
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ - കൺവീനർ
3. സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
4. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യം (ബി.പി.ഇ.) വകുപ്പ്
5. കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്
6. ലേബർ കമ്മീഷണർ, തിരുവനന്തപുരം

7. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം

8. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

9. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

10. ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, തിരുവനന്തപുരം

11. എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം

സമിതി കൺസട്ടന്റുമാരായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഫ്ത്താൽമോളജി, ഇ.എൻ.ടി., ഓർത്തോപീഡിക്, സൈക്യാട്രി, ഫിസിക്കൽ മെഡിസിൻ, ന്യൂറോളജി എന്നീ വിഭാഗങ്ങളിലെ ഡിപ്പാർട്ടുമെന്റ് തലവന്മാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിവിധ അംഗപരിമിത വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പരിവാർ കേരള, ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫയർ ഫെഡറേഷൻ, അസോസിയേഷൻ ഓഫ് ഡെഫ്, നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ്, ഓട്ടിസം ക്ലബ് തുടങ്ങിയ സംഘടനകളെയും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സർക്കാർ സർവീസിൽ അനുയോജ്യമായ തസ്തികകളുടെ ശാസ്ത്രീയ പരിശോധന നടത്തുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തെയാണ്

സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. തസ്തികകളുടെ ഫിസിക്കൽ ആൻഡ് ഫംഗ്ഷണാലിറ്റി അസസ്സ്മെന്റ് നിഷ് മുഖേന നടത്തുകയും ടി തസ്തികകളുടെ വിശദാംശങ്ങൾ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുകയും പ്രസ്തുത റിപ്പോർട്ടിന്മേൽ വകുപ്പുകളുടെയും സംഘടനകളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ശേഖരിക്കുകയും ആയത് സഹിതം ടി തസ്തികകളുടെ ഫംഗ്ഷണാലിറ്റി അസസ്സ്മെന്റ് എക്സ്പെർട്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(സി) പ്രസ്തുത ആക്ട് പ്രകാരം എത്ര തസ്തികകൾ ഭിന്നശേഷിക്കാർക്കായി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെ വകുപ്പിലെ ഏതൊക്കെ തസ്തികകളാണെന്നും വിശദമാക്കാമോ?

പ്രസ്തുത ആക്ട് പ്രകാരം വിവിധ വകുപ്പുകളിലെ 49 കോമൺ കാറ്റഗറി തസ്തികകൾ ഭിന്നശേഷിക്കാർക്ക് 4% സംവരണത്തിന് അനുയോജ്യമായി കണ്ടെത്തി 25-08-2020-ലെ സ.ഉ.19/2020/സാ.നീ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു+) കൂടാതെ വിവിധ സർക്കാർ വകുപ്പുകളിലെ 654 തസ്തികകളും 4 ശതമാനം ഭിന്നശേഷി സംവരണം അനുവദിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28-10-2022-ൽ സ.ഉ.7/2022/സാ.നീ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു+).

**ഭിന്നശേഷിക്കാർക്കുള്ള പ്രൊഫഷണൽ കോഴ്സുകൾ**

182(1786) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാനാണ് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിലെ വിവിധ ബിരുദ/ബിരുദാനന്തര കോഴ്സുകളിൽ (Engineering, Architecture, MBBS, BDS, Ayurveda, Homeo, Siddha, Unani, Agriculture, Forestry, Climate Change & Environmental Science, Co-operative Banking, Veterinary, Fisheries, Pharmacy, LLB/LLM, PG Medical, PG Homeo, PG Ayurveda, MDS, MSC, Nursing നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 5 ശതമാനം സീറ്റ് അർഹരായ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(NIPMR) കേരള ആരോഗ്യ സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് 4 1/2 വർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ബിരുദ കോഴ്സായ ബാച്ചിലർ ഓഫ് ഒക്യൂപ്പേഷണൽ തെറാപ്പി പഠിക്കുന്നതിന് ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ആകെ മെറിറ്റ് സീറ്റിന്റെ 5 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന രണ്ടുവർഷം ദൈർഘ്യമുള്ള ഡിപ്ലോമ സ്പെഷ്യൽ എഡ്യൂക്കേഷൻ കോഴ്സിലും ആകെ സീറ്റിന്റെ 5 ശതമാനം ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH) മുഖേന റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വേജ് (DTISL) കോഴ്സ് നടത്തിവരുന്നു. കൂടാതെ ശ്രവണ പരിമിതിയുള്ളവർക്കായി കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകളും നടത്തുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടത്തുന്ന എല്ലാ പ്രൊഫഷണൽ കോഴ്സുകളും പഠിക്കുവാൻ ഭിന്നശേഷിക്കാർക്ക് അനുമതി നൽകുന്നുണ്ട്. കോഴ്സുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകൾ Diploma in Engineering, DVoc, FDGT, DSP (Diploma in Secretarial Practice), KGCE എന്നീ കോഴ്സുകൾക്ക് കൃത്യമായ സംവരണ തത്വം പാലിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരുന്നു. കൂടാതെ KGPTC കോഴിക്കോട്, GWPTC തിരുവനന്തപുരം, GPTC കളമശ്ശേരി എന്നീ സ്ഥാപനങ്ങളിൽ Hearing Impaired വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക ബാച്ച് ആരംഭിച്ചിട്ടുണ്ട്.

(ബി) മെഡിക്കൽ വിഭാഗത്തിൽ പഠിക്കാൻ ഏതെല്ലാം വിഭാഗം ഭിന്നശേഷിക്കാർക്കാണ് നിലവിൽ അവസരം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ വിഭാഗങ്ങളിൽ പ്രവേശനം നൽകുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ്. നേരിട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധനയ്ക്ക് വിധേയമാക്കി അതത് കോഴ്സുകൾക്കുള്ള ശാരീരിക/മാനസിക യോഗ്യത നിർണ്ണയിച്ച് ബോർഡിന്റെ ശിപാർശപ്രകാരം പ്രവേശനം നൽകുകയാണ് നിലവിൽ ചെയ്തുവരുന്നത്. ഇതുസംബന്ധിച്ച് മാനദണ്ഡങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി**

183(1787) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ അടിമാലിയിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റിയിൽ സ്പോർട്സ് പരിശീലന കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തിക്കുന്ന കാർമ്മൽ ജ്യോതി ചാരിറ്റബിൾ സൊസൈറ്റി എന്ന നോൺ-ഗവൺമെന്റൽ-ഓർഗനൈസേഷന്റെ നേതൃത്വത്തിൽ അവരുടെ സ്ഥലത്ത് ഭിന്നശേഷി വിഭാഗത്തിലുള്ള കുട്ടികളുടെ പരിശീലനത്തിനായി സ്പോർട്സ് ട്രെയിനിംഗ് കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓർഗനൈസേഷൻ സെക്രട്ടറി 2019-ൽ സർക്കാരിലും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലും അപേക്ഷ സമർപ്പിച്ചിരുന്നു. ഇത്തരം പദ്ധതികൾ സാമൂഹ്യനീതി വകുപ്പിന്റെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സർക്കാർ അനുമതി നൽകിവരുന്നത്. PwD/RpwD രജിസ്ട്രേഷൻ ലഭ്യമായി കുറഞ്ഞത് മൂന്നുവർഷത്തിനുശേഷം മാത്രമാണ് സ്ഥാപനങ്ങളെ അതിജീവനം പദ്ധതിയിലുൾപ്പെടുത്തി വരുന്നത്. ഈ സാഹചര്യത്തിൽ നിലവിൽ പ്രസ്തുത സ്ഥാപനം പ്രവർത്തിച്ച് വരുന്നുണ്ടോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സഹിതം ശിപാർശ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഇടുക്കി ജില്ലാ സാമൂഹ്യനീതി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി പ്രസ്തുത സ്ഥാപനത്തെ അതിജീവനം പദ്ധതിയിലുൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശകൾ**

184(1788) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജീവനക്കാർക്കുള്ള ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശകൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)-ലെ ജീവനക്കാർക്കും ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ജീവനക്കാർക്കുള്ള ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശകൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)-ലെ സർക്കാർ അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് 01-07-2014 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

**കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി**

185(1789) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുള്ള സഹായവുമായി ബന്ധപ്പെട്ട് രാജീവൻ പി. എം., പൂവുള്ള മീത്തൽ, പൊന്മേരി പറമ്പിൽ, കോഴിക്കോട് സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കല്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുള്ള സഹായവുമായി ബന്ധപ്പെട്ട് രാജീവൻ പി. എം., പൂവുള്ള മീത്തൽ, പൊന്മേരി പറമ്പിൽ, കോഴിക്കോട് എന്ന വ്യക്തിയുടെ അപേക്ഷ കേരള സാമൂഹ്യ സുരക്ഷ മിഷനിൽ വി-കെയർ പദ്ധതിയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ വി-കെയർ പദ്ധതിയുടെ മെഡിക്കൽ കമ്മിറ്റി മുമ്പാകെ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

186(1790) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പെരുവയിൽ പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന്റെ പ്രവർത്തനത്തിനായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിനായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് പഞ്ചായത്തുകളാണ്. കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പെരുവയിൽ പ്രശാന്തം പാലിയേറ്റീവ് കെയർ സെന്റർ എന്ന പേരിൽ സ്ഥാപനം ആരംഭിക്കുന്നതിന്റെ ഭാഗമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

ആവശ്യപ്പെട്ടുകൊണ്ട് യാതൊരുവിധ അപേക്ഷയും പ്രസ്തുത സ്ഥാപനത്തിന്റെ ഗ്രാമപഞ്ചായത്ത് പരിധിയായ മുളക്കുളം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ല.

(ബി) സ്ഥാപനത്തിലെ എല്ലാ രോഗികൾക്കും സൗജന്യമായി പാലിയേറ്റീവ് പരിചരണം നടത്തുന്ന പ്രസ്തുത സ്ഥാപനത്തിന് ഫിറ്റ്നസ് ഫീസിൽ ഇളവ് നൽകണമെന്നാവശ്യപ്പെട്ട് സാമൂഹ്യനീതി വകുപ്പുമന്ത്രിക്ക് 1-10-2022-ൽ ഇ-6603420 നമ്പർ പ്രകാരം നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഇ-6603420 നമ്പർ തപാലായി ലഭിച്ച അപേക്ഷ സർക്കാരിൽ എ 3/138/2022/സാ.നീ.വ നമ്പർ ഫയലായി പരിശോധിച്ചുവരികയാണ്. പ്രസ്തുത വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെയും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെയും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കോട്ടയം ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഈ വിഷയത്തിന്മേൽ കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വരുന്നതായും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രശാന്തം പാലിയേറ്റീവ് കെയർ സെന്ററിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

സ്ഥാപനത്തിന്റെ അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മിഠായി ക്ലിനിക് വഴി സി.ജി.എം.എസ്. വിതരണം**

187(1791) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജുവനൈൽ പ്രമേഹ ബാധിതരായ കുട്ടികൾക്ക് മിഠായി ക്ലിനിക് വഴി വിതരണം ചെയ്തിരുന്ന സി.ജി.എം.എസ്. (കണ്ടിന്യൂവസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം) വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒന്നര വർഷമായി സി.ജി.എം.എസ്. വിതരണം മുടങ്ങിയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കോവിഡ് വ്യാപിച്ചിരുന്ന പശ്ചാത്തലത്തിൽ മിഠായി ക്ലിനിക്കുകൾ പ്രവർത്തന സജ്ജമായിരുന്നില്ല, ചികിത്സക്കായുള്ള മരുന്നുകൾ വീടുകളിൽ എത്തിച്ചുനൽകുകയായിരുന്നു. എന്നാൽ സി.ജി.എം.എസ്. ഒരു ഡോക്ടർ/നേഴ്സ് എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് നൽകേണ്ടത് എന്നുള്ളതിനാൽ ആയതുനൽകുവാൻ സാധിച്ചിരുന്നില്ല. മിഠായി പദ്ധതിയിൽ ലഭ്യമാകുന്ന മരുന്നും മറ്റു ചികിത്സാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേനയാണ് വാങ്ങിവരുന്നത്. പ്രസ്തുത കാലയളവിൽ ആവശ്യമായ സി.ജി.എം.എസ്.-നുള്ള സപ്ലൈ ഓർഡറും കെ.എം.എസ്.സി.എൽ.-ന് നൽകിയിരുന്നതുമാണ്. എന്നാൽ കെ.എം.എസ്.സി.എൽ.-ൽ സി.ജി.എം.എസ്.-ന്റെ ടെണ്ടർ കാലാവധി അവസാനിച്ചിരുന്നതായും ആയത് പുന:ക്രമീകരിക്കുന്നതിന്റെ ഭാഗമായും സി.ജി.എം.എസ്. ലഭ്യമാക്കിയിരുന്നില്ല. എന്നാൽ കെ.എം.എസ്.സി.എൽ. ഇത് പുന:ക്രമീകരിക്കുകയും തുടർന്ന് പുതിയ സപ്ലൈ ഓർഡർ നൽകുകയും ആയതിന്റെ മുഴുവൻ തുകയും അഡ്വാൻസ് ഇനത്തിൽ കെ.എം.എസ്.സി.എൽ.-ന് നൽകിയിട്ടുമുണ്ട്. നിലവിൽ എല്ലാ മിഠായി ക്ലിനിക്കുകൾ മുഖേനയും സി.ജി.എം.എസ്. ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(സി) സി.ജി.എം.എസ്. വിതരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സി.ജി.എം.എസ്. വിതരണം ചെയ്യുന്നതിനായി കെ.എം.എസ്.സി.എൽ.-ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഉടൻത്തന്നെ മിഠായി ക്ലിനിക്കുകളിൽ സി.ജി.എം.എസ്. എത്തുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണ സജ്ജമാകുന്നതുമാണ്.

**സായംപ്രഭ ഹോം**

188(1792) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എത്ര സായംപ്രഭ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു?

നടപ്പുവർഷം ഇതുവരെ 54 ഭവനങ്ങൾ സായംപ്രഭ പദ്ധതിയുടെ കീഴിൽ അംഗീകാരം നേടി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും സാമൂഹ്യനീതി വകുപ്പിൽനിന്നും നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സായംപ്രഭ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളും സാമൂഹ്യനീതി വകുപ്പിൽനിന്നും നൽകുന്ന സഹായങ്ങളും സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകൾ**

189(1793) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽനിന്നും ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ആകെ ലഭിച്ച അപേക്ഷകൾ, സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ?

മിഠായി പദ്ധതി

മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. പാലക്കാട് ജില്ലയിൽനിന്നും 157 പേർ രജിസ്റ്റർ ചെയ്തു. അതിൽ 103 പേർക്ക് അനുമതി നൽകി. മതിയായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചികിത്സാ രേഖ ഇല്ലാത്തതിനാൽ 50 എണ്ണത്തിൽ തീരുമാനമെടുത്തിട്ടില്ല. 4 എണ്ണം നിരസിക്കുകയും ചെയ്തു.

<u>വി-കെയർ പദ്ധതി</u>

നിലവിൽ വി-കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജില്ല തിരിച്ചാണ് അപേക്ഷയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ, പാലക്കാട് ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 65 | 18 | 42 | 5 |

<u>ശ്രുതിതരംഗം പദ്ധതി, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നിന്നും ശ്രുതിതരംഗം പദ്ധതിയിലേയ്ക്ക് 1 അപേക്ഷയും ധ്വനി പദ്ധതിയിലേയ്ക്ക് 1 അപേക്ഷയും ലഭിക്കുകയുണ്ടായി. പ്രസ്തുത രണ്ട് അപേക്ഷകളും പരിഗണിച്ച് സഹായം അനുവദിച്ചിട്ടുണ്ട്. ക്യാൻസർ സുരക്ഷാ, താലോലം

പദ്ധതികളിലേയ്ക്ക് തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ചികിത്സാസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ?

മിഠായി പദ്ധതി

4 എണ്ണം നിരസിച്ചതിൽ 3 എണ്ണം 18 വയസ്സ് കഴിഞ്ഞവയും ഒരെണ്ണം രേഖകൾ ഒന്നും തന്നെ ഹാജരാകാത്തതും ആണ്.

വി-കെയർ പദ്ധതി

വി-കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

ശ്രുതിതരംഗം പദ്ധതി, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി

മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ നിരസിച്ചിട്ടില്ല.

**കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ്**

190(1794) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത് എത്ര ഏക്കറിലാണെന്നും അറിയിക്കാമോ?

കോഴിക്കോട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പുണ്യഭവൻ (ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൻ) ആശാ ഭവൻ (പുരുഷന്മാർ), ഗവ.വൃദ്ധസദനം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കോംപ്ലക്സ് സ്ഥിതിചെയ്യുന്നത് ഏകദേശം 25 ഏക്കറിലാണ്.

(ബി) പ്രസ്തുത കോംപ്ലക്സിലെ അന്തേവാസികൾക്കായി പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭിന്നശേഷിക്കാർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പിന്റെ തൊഴിൽ പരിശീലന കേന്ദ്രമായ വി.ടി.സി. കോഴിക്കോട് ജില്ലയിൽ മായനാട് പ്രവർത്തിക്കുന്നുണ്ട്. മറ്റ് അന്തേവാസികൾക്കായി പരിശീലന കേന്ദ്രങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

(സി) പ്രസ്തുത കോംപ്ലക്സിന്റെ പശ്ചാത്തല വികസനത്തിനും സുരക്ഷയ്ക്കുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്ന പുണ്യഭവനിൽ (എച്ച്.എം.ഡി.സി.) താഴെക്കാണിക്കുന്ന വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പുണ്യഭവൻ (എച്ച്.എം.ഡി.സി.)

സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള വൃദ്ധസദനങ്ങൾ, ഭിന്നശേഷി സ്ഥാപനങ്ങൾ എന്നിവയെ ഘട്ടംഘട്ടമായി നവീകരിക്കുന്നതിന്റെ ആദ്യപടിയായി മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്ഥാപനമായ എച്ച്.എം.ഡി.സി. (ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൻ)-യെ നവീകരിച്ച് മാതൃകാസ്ഥാപനമായി ഉയർത്തുവാൻ തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയുമുണ്ടായി. സ്ഥാപനത്തിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് (എച്ച്.എൽ.എഫ്. പി.പി.റ്റി.) മുഖേന നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തിയതായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ രേഖകളിൽ സ്ഥാപനത്തിന്റെ പേര് 'പുണ്യഭവൻ'എന്ന് പുന:നാമകരണം ചെയ്തിട്ടുണ്ട്.

സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ കെട്ടിടവും പരിസരവും നവീകരിച്ചിട്ടുണ്ട്.

2. ശിശു സൗഹൃദമായ ചുറ്റുപാടുകൾ ഒരുക്കുന്നതിനായി കെട്ടിടത്തിലും മതിലിലും ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്.

3. കുട്ടികൾക്കായി മനോഹരമായ ഒരു പുൽത്തകിടിയും പൂന്തോട്ടവും സജ്ജീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിനുള്ളിൽ കുട്ടികൾക്കായി കളിസ്ഥലം ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ ഡൈനിംഗ് ഹാൾ പുതിയ ഫർണിച്ചറുകളോടെയും പെയിന്റുകളോടെയും ഭംഗിയും വൃത്തിയും സൗകര്യവുമുള്ളതായി മാറ്റിയിട്ടുണ്ട്. കുട്ടികളുടെ പ്രായത്തിനനുസരിച്ച് പ്രത്യേകം പ്രത്യേകം താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സേവനം മെച്ചപ്പെടുത്തുക, ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുക, കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവരുടെ കായികപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുക എന്നിവയ്ക്കായി മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഇതിന്റെ തുടർച്ചയായി സ്ഥാപനത്തിൽ മൂന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഈ കോംപ്ലക്സിന്റെ എസ്റ്റേറ്റ് ഓഫീസറായി പ്രവർത്തിക്കുന്നത് വനിത-ശിശു വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന

ഗവ. ചിൽഡ്രൻസ് ഹോം ബോയ്സ് സൂപ്രണ്ടാണ്. സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആശാഭവൻ (മെൻ) ഒഴികെ ബാക്കി എല്ലാ സ്ഥാപനങ്ങൾക്കും ചുറ്റുമതിലും ആവശ്യമായ ഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട്. കോംപ്ലക്സിലുള്ള ബാക്കി സ്ഥാപനങ്ങൾ വനിത-ശിശു വികസന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും വനിത-ശിശു വികസന വകുപ്പ് മുഖേനയാണ് നടന്നുവരുന്നത്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക

191(1795) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ എത്ര മാസം യഥാസമയം വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല; എത്ര മാസത്തെ കുടിശ്ശികയാണ് ഇപ്പോൾ നിലവിലുള്ളത്; വിശദാംശം ലഭ്യമാകുമോ;

(ബി) പെൻഷൻ വിതരണത്തിനായി നിശ്ചയിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കളായ കെ.എസ്.എസ്.പി.എൽ.-ന് യഥാസമയം തുക നൽകാത്തതും വായ്പകൾക്ക് ഗ്യാരന്റി നൽകാത്തതുമാണ് പെൻഷൻ

വിതരണം മുടങ്ങാനിടയാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം പെൻഷൻ മുടങ്ങാൻ മറ്റ് കാരണങ്ങൾ എന്താണെന്ന് അറിയിക്കുമോ?

(എ&ബി) 2022 നവംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ പെൻഷൻ വിതരണം സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കെ.എസ്.എസ്.പി.എൽ. വായ്പകൾക്ക് ഗ്യാരന്റി നിൽക്കാൻ കഴിയില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് അറിയിക്കുമോ?

ഇല്ല.

**തിരുവനന്തപുരം ജില്ലയിൽ ഗ്രാമവണ്ടി**

192(1796) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രദേശത്ത് ഗ്രാമവണ്ടികൾ സർവീസ് ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശത്ത് ഗ്രാമവണ്ടികൾ സർവീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവീസ് നടത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ സന്നദ്ധരായിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത സർവീസ് നടത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ, തിരുവനന്തപുരം കോർപ്പറേഷൻ, കല്ലറ, അമ്പൂരി എന്നീ ഗ്രാമപഞ്ചായത്തുകൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കല്ലറ ഗ്രാമപഞ്ചായത്ത് ഒരുലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

**ഗതാഗത വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ**

193(1797) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പിനുകീഴിൽ കാസർഗോഡ് ജില്ലയിൽ ചുവടെ ചേർക്കുന്ന ഓഫീസുകൾ പ്രവർത്തിക്കുന്നു.

മോട്ടോർ വാഹന വകുപ്പ് (4 ഓഫീസുകളും 3 ചെക്ക് പോസ്റ്റുകളും)

- റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കാസർഗോഡ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി.ഒ. - 671123
- സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് പി.ഒ., കാസർഗോഡ് -671315.
- സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കെട്ടിടം നമ്പർ 462, വാർഡ് 15, ബളാൽ ഗ്രാമ പഞ്ചായത്ത്, വെള്ളരിക്കുണ്ട്.
- റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്), കാസർഗോഡ്, കരണ്ടക്കാട് പി. ഒ.

മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റ് -3

മഞ്ചേശ്വരം, നീലേശ്വരം, പെർള

സംസ്ഥാന ജലഗതാഗത വകുപ്പ്

സംസ്ഥാന ജലഗതാഗതവകുപ്പിന്റെ പയ്യന്നൂർ മേഖലാ കാര്യാലയത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് കാസർഗോഡ്

ജില്ലയിലാണ്. ടി ഓഫീസ് ആയിറ്റിക്കടവ് തൃക്കരിപ്പൂരിലാണ് പ്രവർത്തിക്കുന്നത്.

<u>കെ.എസ്.ആർ.ടി.സി.</u>

കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ കാസർഗോഡ് ജില്ലാ ഓഫീസ്, കാസർഗോഡ് ഡിപ്പോ, കാഞ്ഞങ്ങാട് ഡിപ്പോ എന്നിവ പ്രവർത്തിക്കുന്നു.

(ബി) എത്ര കാലമായി പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഈ ഓഫീസുകളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി പ്രസ്തുത ഒഴിവുകൾ നിലവിലുണ്ടെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

<u>മോട്ടോർ വാഹന വകുപ്പ്</u>

- കാസർഗോഡ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ 12-08-2021 മുതൽ പ്രൊമോഷൻ മുഖേന ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. ആയത് കന്നഡ-മലയാളം അറിയാവുന്നവർക്കായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

06/2021-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് - (പി.എസ്.സി. ലിസ്റ്റ് നിലവിലില്ല).

- കാസർഗോഡ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ (എൻഫോഴ്സ്മെന്റ്) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ 2 ഒഴിവുകൾ നിലവിലുണ്ട്. 23/11/2020 മുതൽ LWA മുഖേനയും 30/12/21 മുതൽ സ്ഥലംമാറ്റം മുഖേനയുമുണ്ടായ ഒഴിവുകളാണിത്.

<u>സംസ്ഥാന ജലഗതാഗത വകുപ്പ്</u>

വകുപ്പിന്റെ പയ്യന്നൂർ മേഖലാ കാര്യാലയത്തിന്റെ ഓഫീസിൽ നിലവിൽ ഒഴിവുകൾ ഒന്നുമില്ല.

<u>കെ.എസ്.ആർ.ടി.സി.</u>

കെ.എസ്.ആർ.ടി.സി.-യിൽ ജില്ലതിരിച്ച് ഒഴിവുകൾ കണക്കാക്കാറില്ല. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടുപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ബസ് - ജീവനക്കാർ അനുപാതം ദേശീയ ശരാശരിയേക്കാളും അധികമാണ്. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഒഴിവുകൾ നിലവിലില്ല.

## കോവിഡ് കാലത്തും തുടർന്നും നിർത്തിവച്ച ബസ് സർവീസ് പുനരാരംഭിക്കുന്നതിന് നടപടി

194(1798) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തും തുടർന്നും നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോവിഡ് കാലത്തും തുടർന്നും നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യങ്ങളിൽ നിന്നുപോയതും യാത്രാവശ്യം കുറവായി നിന്നുപോയതും നിലവിൽ യാത്രാവശ്യം വന്നതുമായ സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) താമരശ്ശേരി കോഴിക്കോട് ഡിപ്പോകളിൽനിന്നും ബാലുശ്ശേരി നിയോജകമണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് 2020-22 കാലയളവിൽ നിർത്തലാക്കിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ?

താമരശ്ശേരി കോഴിക്കോട് ഡിപ്പോകളിൽ നിന്നായി ബാലുശ്ശേരി നിയോജകമണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്ന 12 സർവീസുകളാണ് 2020-22 കാലയളവിൽ നിന്നുപോയിട്ടുള്ളത്.

<u>കോഴിക്കോട്</u>

1. 06.40 ബാലുശ്ശേരി

2. 07.10 ബാലുശ്ശേരി

3. 07.20 ബാലുശ്ശേരി

4. 05.20 ബാലുശ്ശേരി

<u>താമരശ്ശേരി</u>

1. കൊയിലാണ്ടി - പെരിന്തൽമണ്ണ (5 ഷെഡ്യൂൾ)

2. ചീക്കിലോട് - കോഴിക്കോട്

3. ഉള്ള്യേരി - ചെറുവാടി

4. കോഴിക്കോട് - ബാലുശ്ശേരി (കപ്പുറം)

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര ലാഭകരവും ജനോപകാരപ്രദവുമായ കൂടുതൽ സർവീസുകൾ ആരംഭിക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ നിന്നുപോയ നഷ്ടത്തിലുള്ളതും എന്നാൽ ജനോപകാരപ്രദമായതുമായ സർവീസുകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയും സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) കുരാച്ചുണ്ട് പോലുള്ള മലയോര മേഖലകളിലേയ്ക്ക് സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ മുന്നറിയിപ്പില്ലാതെ നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എല്ലാ ദിവസവും പരമാവധി സർവീസുകൾ അയയ്ക്കാറുണ്ടെങ്കിലും ബസുകൾ ബ്രേക്ക് ഡൗൺ ആവുക, തുടങ്ങിയ ആകസ്മിക സാഹചര്യങ്ങളിൽ മാത്രം സർവീസുകൾ/ട്രിപ്പുകൾ മുന്നറിയിപ്പ് നൽകാനാകാതെ റദ്ദാക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

**കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

195(1799) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-4-2021-ന് സർക്കാരിന് സമർപ്പിക്കപ്പെട്ട കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷനുകളുടെ അംഗീകാരത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; ഇതിനായി പൂർത്തീകരിക്കേണ്ട ഉചിതമായ പരിശോധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അംഗീകാരം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (കെ.എം.ടി.എ.) റെഗുലേഷനുകളുടെ കരട് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും പരിശോധനകൾക്കും അംഗീകാരത്തിനും വിധേയമാകേണ്ടതുണ്ട്. 28-04-2021-ന് കെ.എം.ടി.എ. ലഭ്യമാക്കിയ

പ്രൊപ്പോസൽ പരിശോധച്ചതിൽ, ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏകീകൃത ശമ്പളം (consolidated pay) സംബന്ധിച്ച ഉത്തരവുകൾക്കനുസൃതമായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുവേണ്ടി കെ.എം.ടി.എ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ കെ.എം.ടി.എ.-യിൽനിന്നും ലഭ്യമായശേഷം ധനകാര്യ, നിയമ വകുപ്പുകളുടെ പരിശോധനകൾ പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമെ കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ റെഗുലേഷന് അംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ.

(ബി) കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പരിധിയിൽ വരുന്ന കോർപ്പറേഷൻ ഏരിയ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അർബൻ മൊബിലിറ്റി പ്രദേശത്തിന്റെ പരിധിയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ വരുന്ന പ്രദേശങ്ങൾക്ക് പുറമെ 9 മുൻസിപ്പാലിറ്റികളും 29 പഞ്ചായത്തുകളും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനം

06-12-2022-ന് എസ്.ആർ.ഒ. നമ്പർ 1178/2022 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്കൽ, ഡീസൽ ബസുകൾ**

196(1800) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി വാങ്ങിയ ഇലക്ട്രിക്കൽ, ഡീസൽ ബസുകളുടെ എണ്ണം എത്രയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി അനുവദിച്ച 50 കോടിരൂപ വിനിയോഗിച്ച് 116 സൂപ്പർ ക്ലാസ് ഡീസൽ ബസുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം ദീർഘദൂര സർവീസുകൾ നടത്തുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം KSRTC-SWIFT-ന് വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| Type | വാങ്ങിയ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| (a) Electric bus | 50 എണ്ണത്തിന് വിതരണ ഉത്തരവ് നൽകിയതിൽ 40 ബസുകൾ വിതരണം ചെയ്തിട്ടുണ്ട്. | വിതരണം പൂർത്തിയായ 40 എണ്ണത്തിൽ 25 എണ്ണത്തിന് 23,10,99,650/- രൂപ KIIFB loan മുഖേന ചെലവഴിച്ചിട്ടുണ്ട്. |
| (b) Diesel Bus | 1. Fully built AC Sleeper – 8 Nos.<br>2. Fully built AC Seater – 20 Nos.<br>3. Fully built Non AC seater - 88 Nos.<br>ആകെ 116 എണ്ണം. | 50.64 കോടിരൂപ. |

(ബി) കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്കൽ, ഡീസൽ ബസിന്റെ ശരാശരി വില എത്രയെന്ന് അറിയിക്കാമോ?

KSRTC-SWIFT-ന് വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസുകളുടെ ശരാശരി വില.

| Type | End Rate in Rs. |
|---|---|
| Electric Bus | 92,43,986/- |
| Diesel buses | |
| (i) Fully built AC Sleeper Bus- 8 Nos. | 1,38,50,000/- |
| (ii) Fully built AC Seater Bus- 20 Nos. | 47,12,300.16/- |
| (iii) Fully built Non AC seater Bus<br>72 Nos. (without AMT)<br>16 Nos. (with AMT) | <br>33,78,800/-<br>36,28,801/- |

(സി) ഡീസൽ ബസുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക്കൽ ബസുകൾ സർവീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കേരളത്തിൽ നടന്ന വാഹനാപകടങ്ങൾ**

197(1801) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ജനവരി 1 മുതൽ 2023 ജനവരി 1 വരെയുള്ള കാലയളവിൽ എത്ര വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് 2021 ജനവരി 1 മുതൽ 2023 ജനവരി 1 വരെയുള്ള കാലയളവിൽ 77458 വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്കൂട്ടർ, ബൈക്ക് അപകടങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര മരണം നടന്നുവെന്ന് വ്യക്തമാക്കുമോ?

സ്കൂട്ടർ ഉൾപ്പെട്ട വാഹനാപകടങ്ങളിൽ പ്രസ്തുത കാലയളവിൽ 1664 മരണവും ബൈക്ക് ഉൾപ്പെട്ട വാഹനാപകടങ്ങളിൽ പ്രസ്തുത കാലയളവിൽ 3982 മരണവും നടന്നിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ സ്കൂട്ടർ, ബൈക്ക് അപകടങ്ങളിൽപ്പെട്ട് എത്രയാളുകൾക്ക് ഗുരുതര പരിക്കേറ്റിട്ടുണ്ടെന്നുള്ള ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി & ഡി) അനുബന്ധമായി ചേർക്കുന്നു+.

## കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള/പെൻഷൻ വിതരണം

198(1802) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രതിമാസ ശമ്പളവും പെൻഷനും എല്ലാ മാസവും യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

എല്ലാ മാസങ്ങളിലും ശമ്പളവും പെൻഷനും മുടക്കം കൂടാതെ വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള പരിഷ്കരണത്തോടൊപ്പം പെൻഷൻ പരിഷ്കരണവും നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്**

199(1803) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി ഏതൊക്കെ സ്ഥലങ്ങളിലാണ് കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ബി) പുതുതായി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ ധാരാളം ഓഫീസുകളും യാത്രക്കാരും വിദ്യാലയങ്ങളും ഉൾപ്പെടുന്ന മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന, കെ.എസ്.ആർ.ടി.സി.-യിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം റീസ്ട്രക്ച്ചർ 2.0 പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഡിപ്പോ പ്രവർത്തനങ്ങളും ഓഫീസുകളും ജില്ലാ അടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തന

ചെലവ് കുറച്ചുവരികയാണ്. നിലവിലുള്ള യൂണിറ്റുകളിൽ സർവീസ് ഓപ്പറേഷൻ മാത്രം കേന്ദ്രീകരിച്ച് ശക്തമാക്കിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിലൂടെ കടന്നുപോയതിനാൽ കെ.എസ്.ആർ.ടി.സി. പുതുതായി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസും ആരംഭിച്ചിട്ടില്ല.

(സി) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

21-12-2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽകൂടി നാമമാത്രമായ ബസുകൾ കയറി ഇറങ്ങി പോകുന്ന സാഹചര്യത്തിലും മഞ്ചേരിയിൽനിന്നും പുതിയ സർവീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയിലും മലപ്പുറം, നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ യൂണിറ്റുകൾ ഇതിനുചുറ്റും സർവീസുകൾ അയയ്ക്കുവാൻ പര്യാപ്തമായി പ്രവർത്തിക്കുന്നതിനാലും കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കിയതിനാലുമാണ് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03-09-2017-ൽ നിർത്തലാക്കിയത്. നിലവിലും ഇതേ സാഹചര്യം തുടരുന്നതിനാൽ പ്രസ്തുത സ്ഥലത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. എന്നിരുന്നാലും

കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിലും മഞ്ചേരി ഐ.ജി.ബി.റ്റി. കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

**ദീർഘദൂര സർവീസുകൾ**

200(1804) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ കോന്നി ഓപ്പറേറ്റിംഗ് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന പതിനേഴ് ബസ് സർവീസുകൾക്ക് പകരം നിലവിൽ ഒൻപത് ബസ് സർവീസുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത് ബാക്കി ബസ് സർവീസുകൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോന്നി നിയോജകമണ്ഡലത്തിൽ കോന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന വരുമാനം ലഭ്യമായിരുന്ന എല്ലാ സർവീസുകളും നിലവിലും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിന്നുപോയ 8 സർവീസുകളുടെ ലാഭകരമായതും ജനങ്ങൾക്ക് ഉപകാരപ്രദമായ ട്രിപ്പുകൾ പുനഃക്രമീകരിച്ച്

നിലവിൽ ഓടിക്കുന്ന സർവീസുകളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവുപോലും ലഭിക്കാത്തതുമായ സർവീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി ജനോപകാരപ്രദമായ രീതിയിൽ സർവീസ്/ട്രിപ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) കോന്നിയിൽ നിന്നുള്ള ദീർഘദൂര ബസ് സർവീസുകൾ ഏതൊക്കെയാണ്; അതിൽ എത്ര സർവീസുകൾ നിലവിലുണ്ട്?

04.30 മണി അമൃത ഹോസ്പിറ്റൽ. പ്രസ്തുത സർവീസ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) മലയോര പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന ദീർഘ ദൂര ബസ് സർവീസുകൾ എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കോന്നി ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും മലയോര പ്രദേശങ്ങളിലേയ്ക്ക് സർവീസുകൾ മുൻകാലങ്ങളിൽ ഓപ്പറേറ്റ് ചെയ്തിരുന്നില്ല. പുതുതായി, ലാഭകരമായും ജനോപകാരപ്രദമായും നടത്തുവാൻ കഴിയുന്ന ദീർഘദൂര

സർവീസുകൾ സംബന്ധിച്ച് പഠനം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി**

201(1805) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിക്കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളെല്ലാം പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് പ്രതിസന്ധി കാലത്ത് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യങ്ങളിൽ നിന്നുപോയതും യാത്രാവശ്യം കുറവായി നിന്നുപോയതും നിലവിൽ യാത്രാവശ്യം വന്നതുമായ സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ നഷ്ടത്തിൽ നിന്നുപോയ സർവീസുകൾ ഗ്രാമവണ്ടി പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മാത്രമെ ആരംഭിക്കുവാൻ നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയുകയുള്ളൂ.

(സി) മേപ്പയ്യൂർ-പള്ളിക്കര-കോഴിക്കോട് മെഡിക്കൽ കോളേജ് ബസ് സർവീസ് പുന:സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര ലാഭകരവും ജനോപകാരപ്രദവുമായ പ്രസ്തുത സർവീസ് ആരംഭിക്കുവാൻ കഴിയും.

**ഗുരുവായൂർ ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

202(1806) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷം പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളെല്ലാം സജീവമായ സാഹചര്യത്തിൽ ഗുരുവായൂർ ഡിപ്പോയിൽനിന്ന് സർവീസ്

നടത്തിയിരുന്നതും നിർത്തൽ ചെയ്തതുമായ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡിനുശേഷം പ്രമുഖ തീർത്ഥാടന കേന്ദ്രങ്ങളെല്ലാം സജീവമായ സാഹചര്യത്തിൽ ഗുരുവായൂർ ഡിപ്പോയിൽനിന്ന് നഷ്ടമില്ലാതെ സർവീസ് നടത്തിയിരുന്നതും നിന്നുപോയതുമായ എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

നിന്നുപോയ 05.45 ഗുരുവായൂർ - ചക്കുളത്തുകാവ്, 14.30 ഗുരുവായൂർ - തെക്കൻ ഗുരുവായൂർ, 14.45 ഗുരുവായൂർ - അഴകിയകാവ് എന്നീ മൂന്ന് സർവീസുകൾ കോവിഡിനുശേഷം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) ഗുരുവായൂർ ഡിപ്പോയിൽനിന്നും കഴിഞ്ഞ 5 വർഷത്തിനിടയിൽ നിർത്തൽ ചെയ്ത കെ.എസ്.ആർ.ടി.സി. സർവീസുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

ഗുരുവായൂർ ഡിപ്പോയിൽനിന്നും കഴിഞ്ഞ 5 വർഷത്തിനിടയിൽ 26 സർവീസുകൾ മുടങ്ങിപ്പോയിട്ടുണ്ട്. ഇവയിൽ കാലാനുസൃതമായി ജനങ്ങൾക്ക് യാത്രാവശ്യമുള്ള ട്രിപ്പുകളും വിവിധ യൂണിറ്റുകളിൽനിന്നും പുതിയ സർവീസുകളും ആരംഭിച്ചും പുനഃക്രമീകരിച്ചും ഓപ്പറേറ്റ് ചെയ്തുവരുന്നു. കൂടാതെ കൂടുതൽ സർവീസുകൾ ക്രമാനുഗതമായി ആരംഭിച്ചുവരുന്നുണ്ട്.

5 വർഷക്കാലാവധിയിൽ കോവിഡ് സാഹചര്യത്തിലും മറ്റുമായി വിവിധ കാരണങ്ങളാൽ നിന്നുപോയ സർവീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 05.50 കോഴിക്കോട്
2. 06.35 കോഴിക്കോട്
3. 07.02 പാലക്കാട്
4. 06.35 തൃശ്ശൂർ - കോഴിക്കോട്
5. 04.05 കാസർഗോഡ്
6. 15.10 മാനന്തവാടി
7. 07.00 കോഴിക്കോട്-ആലപ്പുഴ
8. 07.30 കോഴിക്കോട്-ആലപ്പുഴ
9. 05.45 പറശ്ശിനിക്കടവ്-എറണാകുളം
10. 05.45 പുൽപ്പള്ളി
11. 05.10 ആലപ്പുഴ
12. 04.00 പാലക്കാട്
13. 04.30 പാലക്കാട്
14. 08.20 പാലക്കാട്

15. 03.50 കോഴിക്കോട്

16. 05.00 കോഴിക്കോട്

17. 08.20 കോഴിക്കോട്

18. 08.45 കോഴിക്കോട്

19. 09.25 കോഴിക്കോട്

20. 05.50 വൈറ്റില

21. 06.50 വൈറ്റില

22. 07.10 എറണാകുളം ജെട്ടി

23. 16.40 എറണാകുളം ജെട്ടി

24. 07.45 വൈറ്റില

25. 09.00 എറണാകുളം ജെട്ടി

26. 07.25 പാലക്കാട്

**കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി**

203(1807) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി ഇപ്പോൾ പ്രതിമാസം എത്ര സർവീസുകൾ നടത്തുന്നുണ്ട്; ഇതിൽനിന്നും ലഭിക്കുന്ന പ്രതിമാസ വരുമാനവും ചെലവും സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്-ന്റെ 116 ഡീസൽ ബസുകളും 40 ഇലക്ട്രിക് ബസുകളുമുപയോഗിച്ച് കെ.എസ്.ആർ.ടി.സി.-യിൽ സർവീസ് നടത്തുന്നുണ്ട്.

ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഉൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കുകയും വിശദാംശങ്ങൾ പരിശോധിച്ച് ടി സമിതി സ്വിഫ്റ്റിന് നൽകേണ്ട വാടക നിർണയിക്കുന്നതിന് ചുമതലപ്പെടുത്തുകയും ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. അതിനുശേഷം ഉടൻതന്നെ സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ പുനർനിശ്ചയിക്കപ്പെടുന്ന വാടക പ്രകാരം കണക്കാക്കി ആഡിറ്റിന് വിധേയമാക്കി സമർപ്പിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന ദീർഘദൂര സർവീസുകൾ ഇപ്പോൾ സ്വിഫ്റ്റ് കമ്പനി നടത്തുന്നുണ്ട് എങ്കിൽ ഏതെല്ലാം സർവീസുകൾ ആണ് കെ.എസ്.ആർ.ടി.സി.-യിൽനിന്നും മാറ്റി സ്വിഫ്റ്റ് കമ്പനിക്ക് നൽകിയത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത സർവീസുകൾ സ്വിഫ്റ്റ് കമ്പനിക്ക് മാറ്റി നൽകിയതുമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ

വരുമാനനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി. നടത്തുന്ന യാതൊരു ദീർഘ ദൂര സർവീസുകളും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് സർവീസ് നടത്തുന്നതിനായി കൈമാറിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്-ൽ നിന്നും ബസുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കി കെ.എസ്.ആർ.ടി.സി. സർവീസ് നടത്തി വരികയാണ്. ഇതിന്റെ വരുമാനം കെ.എസ്.ആർ.ടി.സി.-യിൽ തന്നെയാണ് ഒടുക്കിവരുന്നത്. ഓരോ ബസ്സിനും നിശ്ചയിച്ചിട്ടുള്ള ലീസ് തുക മാത്രമാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് നൽകിവരുന്നത്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽനിന്നും ബസുകളും ക്രൂവും ലഭ്യമാക്കുന്നതിനാൽ ചെലവ് കുറയുകയും നഷ്ടം കുറയ്ക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടമുണ്ടായിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം**

204(1808) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്.

2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്.

ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ,

ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.

(ബി) ഇപ്രകാരം ആരംഭിച്ചിട്ടുള്ള ബഡ്ജറ്റ് ടൂറിസം പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ഭാഗമായി തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുമുള്ള യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള വകുപ്പുതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെ തന്നെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രകൾ ആരംഭിക്കുവാൻ സാധിക്കും. നിലവിലെ ബസുകൾ ഉപയോഗിച്ച് വേളാങ്കണ്ണി, മൂകാംബിക ക്ഷേത്രം പിൽഗ്രിം യാത്രകൾ നടത്തിവരുന്നുണ്ട്.

(സി) ടിക്കറ്റിതര വരുമാനമെന്നനിലയിൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം നൽകുന്നതിന് ഹൈക്കോടതി ഏർപ്പെടുത്തിയിരുന്ന വിലക്ക് നിലവിൽ മാറിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ബസുകളിൽ പരസ്യം പതിക്കുന്നതിനെതിരെയുള്ള 21-10-2022, 09-12-2022 എന്നീ തീയതികളിലെ ബഹു. ഹൈക്കോടതിയുടെ SSCR 20/2021 നമ്പർ ഉത്തരവിനെതിരെ കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ SLA 43238/2023 കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ടി 09-12-2022 തീയതിയിലെ ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം പതിക്കുന്നതിനായുള്ള ഒരു സ്കീം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത സ്കീം ബഹുമാനപ്പെട്ട സുപ്രീംകോടതി സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുള്ളതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൻമേലുള്ള തുടർനടപടികൾ താത്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്.

**കോവിഡ് കാലയളവിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ**

205(1809) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 കോവിഡ് കാലത്ത് സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി ബസ് സർവീസുകളാണ് നിർത്തലാക്കിയതെന്ന വിവരം നൽകുമോ?

2019 കോവിഡ് കാലത്ത് സമ്പൂർണ്ണ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സർവീസുകളും നിന്നുപോയെങ്കിലും ദുരന്തനിവാരണ അധികാരികളുടെയും ജില്ലാ ഭരണകൂടത്തിന്റെയും ആവശ്യപ്രകാരം ആരോഗ്യപ്രവർത്തകർക്കും പ്രവാസികൾക്കും മറ്റുമായി കെ.എസ്.ആർ.ടി.സി. സർവീസുകൾ നടത്തിയിരുന്നു.

(ബി) ഇതിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ;

(സി) സർവ്വീസുകൾ നിർത്തലാക്കിയതിനാൽ പൊതുജനത്തിന് ഉണ്ടാകുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

(ബി&സി) കോവിഡ് കാലത്തിന് തൊട്ടുമുൻപ് 2020 മാർച്ച് മാസം 20-ാം തീയതി വരെ ശരാശരി 4175 ബസുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. ടി സർവീസുകളിൽ പലതും പുനഃക്രമീകരിച്ച് സർവീസ് നടത്തിയതിനാലും കടുത്ത നഷ്ടത്തിലുള്ള സർവീസുകളുടെ ട്രിപ്പുകൾ ഒഴിവാക്കി ജനോപകാരപ്രദമായ ട്രിപ്പുകൾ വിവിധ സർവ്വീസുകളിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തതിനാലും ഭാഗികമായി മാത്രമാണ് സർവീസുകൾ ക്യാൻസൽ

ചെയ്യപ്പെട്ടിട്ടുള്ളത്. 2023 ജനുവരി മാസം ശരാശരി 4075 ബസുകളാണ് പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്തുവരുന്നത്. ഇതിൽനിന്നും ശരാശരി 100 ബസുകൾ ആണ് കുറവായി നിലവിൽ ഓപ്പറേറ്റ് ചെയ്തുവരുന്നത്.

യാത്രാസൗകര്യം കൂടിവരുന്ന മുറയ്ക്ക് നഷ്ടത്തിലായിരുന്നതും ഇപ്പോൾ ഗുണകരവുമായ സർവീസുകൾ ആരംഭിച്ചുവരികയാണ്. എന്നാൽ കടുത്തനഷ്ടത്തിൽ നിന്നുപോയ സർവീസുകൾ പുനരാരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി നടത്താവുന്നതാണ്.

(ഡി) തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല, പൂവ്വാർ, നെയ്യാറ്റിൻകര എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും സർവീസ് നടത്തിയിരുന്ന എത്ര അന്തർസംസ്ഥാന ബസ് സർവീസുകൾ ഇക്കാലയളവിൽ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും 5 അന്തർ സംസ്ഥാന സർവീസുകൾ നിന്നുപോയിട്ടുണ്ട്.

(ഇ) തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള എത്ര അന്തർ സംസ്ഥാന സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

പാപ്പനംകോട് ഡിപ്പോയിൽനിന്നും 9 സർവീസുകൾ പുനരാരംഭിക്കുകയും രണ്ട് എണ്ണം പുനലൂർ ഡിപ്പോയിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും നിന്നുപോയ 4 അന്തർ സംസ്ഥാന സർവീസുകൾ പുനരാരംഭിക്കുകയും ഒരു സർവീസ് 07-02-2023 മുതൽ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(എഫ്) നിർത്തലാക്കിയ അന്തർസംസ്ഥാന സർവീസുകൾ പുനരാരംഭിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ?

നിന്നുപോയ അന്തർസംസ്ഥാന സർവീസുകൾ ക്രമാനുസൃതമായി പുനഃക്രമീകരിക്കുകയും യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് പുനരാരംഭിക്കുകയും ചെയ്തുവരുന്നു. യാത്രാവശ്യം തീരെ ഇല്ലാത്തവ ഒഴികെ ഇതുവരെ ആരംഭിക്കാത്തതും അന്തർസംസ്ഥാന കരാറിലുള്ളതുമായ സർവീസുകൾ ഡിമാൻഡ് വന്നുകൊണ്ടിരിക്കുന്നതിനനുസരിച്ച് ആരംഭിക്കുകയും ചെയ്തുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസുകളുടെ റണ്ണിംഗ് ടൈം പരിഷ്കരണം**

206(1810) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസുകളുടെ റണ്ണിംഗ് ടൈം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എന്നാണ്; വ്യക്തമാക്കുമോ?

01-10-2022-ൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഓർഡിനറി സർവീസ് ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചപ്പോഴും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സൂപ്പർക്ലാസ് സർവീസ് ഷെഡ്യൂൾ പരിഷ്കരിച്ചപ്പോഴുമാണ് ഏറ്റവും ഒടുവിൽ റണ്ണിംഗ് സമയം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) സമയ ക്ലിപ്തത പാലിക്കാൻ പലപ്പോഴും അമിതവേഗതയിൽ ബസ് ഓടിക്കേണ്ടിവരുന്നത് അപകടങ്ങൾക്കിടയാക്കുന്നുണ്ട് എന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജി.പി.എസ്. ഡേറ്റ പരിശോധിച്ച് ആവശ്യമായ റണ്ണിംഗ് ടൈം നൽകി സർവീസുകൾ ക്രമാനുഗതമായി പരിഷ്കരിച്ചും അനാവശ്യമായ അമിത വേഗത ഒഴിവാക്കുന്നതിന് ബസുകളിൽ ഗതാഗത നിയന്ത്രണ സംവിധാനങ്ങൾ ക്രമീകരിച്ചും സമയക്ലിപ്തത പാലിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസുകൾക്ക് മതിയായ റണ്ണിംഗ് ടൈം അനുവദിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് വളരെയധികം മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ പരിഹരിച്ചുവരുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് നടപടി**

207 (1811) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെ തുടർന്ന്

നിർത്തിവച്ചിരുന്ന നിരവധി സർവീസുകൾകൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു.

കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യൂണിറ്റുകളിലെ നിലവിലെ സർവീസുകളുടെയും സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.

പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ

സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസുകൾക്ക് തനത് ഫണ്ട് /സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകൾ ഉപയോഗിച്ച് ഇടറോഡുകൾ റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവീസ് 2023 ജനവരി 16-ന് തുടങ്ങി.

ടിക്കറ്റിതര വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.

2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്.

മേൽ കൈക്കൊണ്ട വൈവിധ്യവത്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടിരൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് പുതിയ ഇ-ബസുകൾ**

208(1812) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനായി പുതിയ ഇ-ബസുകൾ വാങ്ങുന്നതിന് കോർപ്പറേഷൻ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ എത്ര ബസുകളാണ് വാങ്ങാനുദ്ദേശിക്കുന്നത്?

KIIFB ഒന്നാംഘട്ട ധന സഹായത്താൽ 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസുകൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ ലഭ്യമായ 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം സിറ്റി ബസ് സർവീസുകൾക്ക് ഉപയോഗിക്കുന്നു. ടി വിതരണ ഉത്തരവ് നൽകിയതിൽ 10 ഇലക്ട്രിക് ബസുകൂടി ഫെബ്രുവരി 2023-ൽ ലഭ്യമാകും. ടി ലഭ്യമായ തുകയുടെ ബാക്കി തുകയിൽനിന്നും 170 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സ്മാർട്ട്സിറ്റി പദ്ധതിയിലുൾപ്പെടുത്തി 125 എണ്ണം 9 മീറ്റർ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ KIIFB രണ്ടാംഘട്ട ധനസഹായത്താൽ 225 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതിയ ബസുകൾ എത്തുന്നതോടുകൂടി സ്വിഫ്റ്റ് ബസുകളുടെ എണ്ണം എത്രയായി ഉയരുമെന്ന് ഇനം തിരിച്ച് അറിയിക്കുമോ?

മേൽപ്രകാരം ബസുകൾ ലഭ്യമായാൽ സ്വിഫ്റ്റ് ഇലക്ട്രിക് ബസുകളുടെ എണ്ണം 570 ആയി ഉയരും. കൂടാതെ 131 ഡീസൽ ബസുകൾക്കായി പർച്ചേസ് ഓർഡർ നൽകിയിട്ടുമുണ്ട്. നിലവിലെ 116 ഡീസൽ ബസുകൾ ഉൾപ്പെടെ ആകെ സ്വിഫ്റ്റ് ഡീസൽ ബസുകളുടെ എണ്ണം 247 ആയി ഉയരും.

(സി) നിലവിൽ വാങ്ങാനുദ്ദേശിക്കുന്ന ബസുകളെല്ലാം ഒരേ മോഡലിലുള്ളവയാണോ; ഓരോതരം ബസ്സിനും വില എത്ര വീതം ആണെന്ന് അറിയിക്കുമോ; ഇതിനായി ആകെ എത്ര രൂപയാണ് സ്വിഫ്റ്റ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്?

നിലവിൽ കിഫ്ബി ധനസഹായത്തോടെ വാങ്ങിയ 50 ഇലക്ട്രിക്ക് ബസുകൾ 9 മീറ്റർ നീളമുള്ളതും ഇതിനായി ചെലവാകുന്നത് ആകെ Rs.46.22 കോടി രൂപയാണ്.

കിഫ്ബി ധനസഹായത്തിൽനിന്ന് തുടർന്ന് വാങ്ങുന്ന ഇലക്ട്രിക്ക് ബസുകൾ 120 എണ്ണം Non -AC 12 മീറ്റർ നീളമുള്ളവയും ഇതിനായി 126

കോടിരൂപയും 50 എണ്ണം 9 മീറ്റർ നീളത്തിലുള്ള Non-AC ബസുകൾക്ക് 42.5 കോടി രൂപയുമായാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്.

സ്മാർട്ട് സിറ്റി പദ്ധതി വിഹിതമായ 103.74 കോടിരൂപ ഉപയോഗിച്ച് 9 മീറ്റർ Non AC 125 എണ്ണം ഇലക്ട്രിക്ക് ബസുകൾ വാങ്ങുന്നതിനുള്ള ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അടുത്ത ഘട്ടത്തിൽ കിഫ്ബി ധനസഹായത്തിൽനിന്ന് വാങ്ങുന്ന 225 എണ്ണം 12 മീറ്റർ ഇലക്ട്രിക്ക് ബസുകൾക്ക് 315 കോടി രൂപയുമാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്.

(ഡി) കെ-സ്വിഫ്റ്റിന്റെ നിലവിലെ ആകെ ആസ്തിയും ആകെ കടവും എത്രവീതമാണ്; പുതുതായി ബസുകൾ വാങ്ങുന്നതിനുള്ള പണം എപ്രകാരം കണ്ടെത്തുന്നതിനാണ് സ്വിഫ്റ്റ് ഉദ്ദേശിക്കുന്നത്?

സ്വിഫ്റ്റിന്റെ നിലവിലെ ആസ്തി 56.75 കോടിയും KIIFB ലോൺമുഖേന ബസുകൾ വാങ്ങിയ ഇനത്തിൽ 23.10 കോടിരൂപ കടവുമുണ്ട്.

KIIFB-യിൽനിന്നും ലോൺ മുഖേനയാണ് സ്വിഫ്റ്റ് പുതിയതായി ബസുകൾ വാങ്ങാനുദ്ദേശിക്കുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെയും കെ-സ്വിഫ്റ്റിന്റെയും നിലവിലെ ആകെ കടം എത്ര രൂപയാണ്?

31/12/2022-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ആകെ വായ്പ ബാധ്യത 13053.70 കോടി രൂപയാണ്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| കൺസോർഷ്യം വായ്പ | 2973.86 |
| കെ.ടി.ഡി.എഫ്.സി. വായ്പ | 356.65 |
| സർക്കാർ വായ്പ | 9723.19 |
| ആകെ | 13053.70 |

സ്വിഫ്റ്റിന്റെ നിലവിലെ ആസ്തി 56.75 കോടിയും KIIFB ലോൺമുഖേന ബസുകൾ വാങ്ങിയ ഇനത്തിൽ 23.10 കോടിരൂപ കടവുമുണ്ട്.

(എഫ്) കെ-സ്വിഫ്റ്റ് കൂടുതൽ ബസുകൾ വാങ്ങുകയും കൂടുതൽ റൂട്ടുകൾ ഏറ്റെടുക്കുകയും ചെയ്യുന്നതോടുകൂടി കെ.എസ്.ആർ.ടി.സി.-യിൽ അധികമാകുന്ന ബസുകളെയും ജീവനക്കാരെയും മറ്റ് ആസ്തികളെയും ഏതുതരത്തിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽനിന്നും ബസുകളും ക്രൂവും കെ.എസ്.ആർ.ടി.സി. ലീസിനെടുത്താണ് സർവീസ് നടത്തുന്നത്.

യാതൊരു റൂട്ടുകളും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് കെ.എസ്.ആർ.ടി.സി.-യിൽനിന്നും ഏറ്റെടുക്കാൻ ആവുന്നതല്ല.

കൂടുതൽ പുതിയ സ്വിഫ്റ്റ് ബസുകൾ കെ.എസ്.ആർ.ടി.സി. ലീസിന് എടുക്കുമ്പോൾ നിലവിൽ കാലഹരണപ്പെടുന്ന പഴയ സൂപ്പർക്ലാസ് ബസുകൾക്കായും മറ്റ് തെരഞ്ഞെടുക്കപ്പെട്ട സർവീസുകൾക്കായുമാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ ഉപയോഗിക്കുമ്പോൾ അധികംവരുന്ന ഓർഡിനറി തുടങ്ങിയ ക്ലാസ് ബസുകൾ കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഉപയോഗിച്ച് എല്ലാ റൂട്ടിലും ജനാഭിലാഷം അനുസരിച്ചും സർവീസുകൾ ആരംഭിക്കുന്നതിന് കഴിയും. ഒപ്പം കെ.എസ്.ആർ.ടി.സി.-യുടെ നൂതന സംരംഭമായ ഗ്രാമവണ്ടി, ഫീഡർ സർവീസുകൾ എന്നിവയ്ക്കായും ഇത്തരത്തിൽ ബസും ക്രൂവും ഉപയോഗപ്പെടുത്തി ദൈനംദിനം 6000 ബസുകളും 10 കോടി വരുമാനവുമെന്നതാണ് കെ.എസ്.ആർ.ടി.സി. ലക്ഷ്യമിടുന്നത്.

### കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ എഞ്ചിൻ ബസുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുവാൻ നടപടി

209(1813) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ എഞ്ചിൻ ബസുകൾ സി.എൻ.ജി. ഇന്ധനത്തിലേയ്ക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഡീസൽ ബസുകൾ കൂടുതലായി സി.എൻ.ജി.-യിലേയ്ക്ക് മാറ്റി പ്രവർത്തനം വിലയിരുത്തുന്നതിന്റെ മുന്നോടിയായി പരീക്ഷണാർത്ഥം 5 ബസുകൾ പരിവർത്തനം നടത്തി സർവീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിലയിരുത്തൽ നടത്തിവരുന്നു.

(സി) സി.എൻ.ജി.-യിലേയ്ക്ക് മാറ്റുമ്പോൾ ഇന്ധന ചെലവ് കുറയ്ക്കുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തിയ 5 ബസുകൾ ആദ്യഘട്ടത്തിൽ ആലുവ യൂണിറ്റിൽ സർവീസ് നടത്തുകയും ഒരു കിലോ സി.എൻ.ജി.-ക്ക് 4.13 കിലോമീറ്റർ ദൂരം ഓടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. തുടർന്ന് വിവിധ മേഖലകളിൽ സർവീസ് നടത്തി പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം വികാസ്ഭവൻ യൂണിറ്റ് കേന്ദ്രീകരിച്ച് സിറ്റി സർവീസ് നടത്തിവരുന്നു. ആയതിന് ഒരു കിലോ

സി.എൻ.ജി.-ക്ക് 3.58 km ദൂരം ലഭിക്കുന്നുണ്ട്. വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രമെ ചെലവ് കുറയുമോയെന്ന് വ്യക്തമാവുകയുള്ളൂ.

## ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി

210(1814) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാളുകൾ എന്നിവ എവിടെയെല്ലാം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിൽ വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിലെ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന സ്റ്റാളുകളുടേയും നിർമ്മാണം പൂർത്തിയായ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അത്തരത്തിൽ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ, സ്റ്റാളുകൾ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിന് ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ**

211(1815) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഒറ്റപ്പാലം ബസ്സ് സ്റ്റാൻഡിന്റെ ഒരു ഭാഗം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോ ആരംഭിക്കുന്നതിന് നൽകുവാൻ മുനിസിപ്പാലിറ്റി തയ്യാറാണെങ്കിൽ ഒറ്റപ്പാലത്ത് ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുവാൻ സാധിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.യിൽ, പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി, സർക്കാർ

നിർദ്ദേശ പ്രകാരം റീസ്ട്രക്ച്ചർ 2.0 പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി ഡിപ്പോ പ്രവർത്തനങ്ങളും ഓഫീസുകളും ജില്ലാടിസ്ഥാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തനച്ചെലവ് കുറച്ചുവരികയാണ്. നിലവിലുള്ള യൂണിറ്റുകളിൽ സർവ്വീസ് ഓപ്പറേഷൻ മാത്രം കേന്ദ്രീകരിച്ച് ശക്തമാക്കിയിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഒറ്റപ്പാലത്ത് ഒരു ഡിപ്പോ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. എന്നാൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സ്ഥലസൗകര്യവും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറ്റം ചെയ്ത് ലഭ്യമാക്കുന്നതിന് തയ്യാറായാൽ സാദ്ധ്യതാപഠനം നടത്തി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കാനാകുമോയെന്ന് പരിശോധിക്കുന്നതാണ്.

**ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

212(1816) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽനിന്ന് വിവിധ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിലവിലുള്ളതെന്ന് വിശദവിവരം നല്കുമോ?

കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ സ്ഥിരമായ ബസ് സർവീസുകൾ വിനോദസഞ്ചാര മേഖലയിലേയ്ക്ക് നടത്തുന്നില്ല. നിലവിൽ ചങ്ങനാശ്ശേരി യൂണിറ്റിൽനിന്നും യാത്രക്കാരുടെ ലഭ്യതയനുസരിച്ച് മൂന്നാർ, ഗവി, കൊല്ലം എന്നീ പാക്കേജുകൾ നടത്തിവരുന്നുണ്ട്.

(ബി) ഇത്തരം സർവ്വീസുകൾ കൂടുതൽ വിനോദസഞ്ചാര മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് കൂടുതൽ വിനോദ സഞ്ചാര മേഖലകളിലേയ്ക്ക് സർവീസുകൾ വ്യാപിപ്പിക്കുന്നതാണ്.

(സി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽനിന്ന് വിനോദസഞ്ചാര മേഖലകളെ ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. നടത്തുന്ന സർവ്വീസുകൾ ലാഭകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് നാളിതുവരെ എട്ട് ടൂർ ട്രിപ്പുകൾ നടത്തിയിട്ടുണ്ട്. ആയതിൽനിന്നും 2,17,239/- രൂപ വരുമാനമായി

ലഭിച്ചിട്ടുണ്ട്. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ ലാഭകരമായിട്ടാണ് നടത്തിവരുന്നത്.

**വൈപ്പിനിൽ നിന്നുള്ള തിരുകൊച്ചി ബസുകൾ**

213(1817) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുകൊച്ചി ബസുകളുടെ ആശയവും ആവിർഭാവവും വിശദീകരിക്കാമോ?

കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസുകളുടെ മാതൃകയിൽ, കൊച്ചി നഗരത്തിൽ, തിരുകൊച്ചി സർവ്വീസുകൾ എന്ന പേരിൽ 2010 ജൂലൈ 17 മുതലാണ് ആരംഭിച്ചത്. കൊച്ചി നഗരത്തിലെ വിവിധ പ്രദേശങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ ബസ്സുകളുടെ അനാരോഗ്യകരമായ പ്രവണതകൾ നിയന്ത്രിക്കുന്നതിനുമാണ് പ്രസ്തുത സർവ്വീസുകൾ ആരംഭിച്ചത്.

(ബി) എത്ര തിരുകൊച്ചി ബസുകൾ സർവീസ് നടത്തിയിരുന്നു; നിലവിൽ എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ട്?

എറണാകുളം, നോർത്ത് പറവൂർ, ആലുവ യൂണിറ്റുകളിൽനിന്നായി 50 തിരുകൊച്ചി സർവ്വീസുകൾ ആരംഭിക്കുകയും ഗോശ്രീ പാലം തുറന്നപ്പോൾ

മേൽപ്പറഞ്ഞ 50 തിരുകൊച്ചി സർവ്വീസുകളിൽ എറണാകുളം, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ യൂണിറ്റുകളിൽനിന്നായി ഗോശ്രീ പാലം വഴി സർവ്വീസ് നടത്തുകയുംചെയ്തിരുന്നു. നോർത്ത് പറവൂർ യൂണിറ്റിൽനിന്ന് 4 ബസ്സുകളും കൊടുങ്ങല്ലൂർ യൂണിറ്റിൽ നിന്ന് 2 ബസ്സുകളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ വിവിധ സർവ്വീസുകളായി 36 ട്രിപ്പുകളും ദീർഘദൂര/ ഹ്രസ്വദൂര സർവ്വീസുകളും സ്വകാര്യ ഓർഡിനറി സർവ്വീസുകളും നടത്തി വരുന്നു.

(സി) വൈപ്പിൻ കരയിൽനിന്നും നഗരത്തിലേക്കുള്ള തിരുകൊച്ചി ബസ് സർവ്വീസുകൾ എന്നാണ് ആരംഭിച്ചതെന്നത് വ്യക്തമാക്കുമോ?

2010 ജൂലൈ 17.

(ഡി)വൈപ്പിൻ കരയിൽനിന്നും നഗരത്തിലേയ്ക്കുള്ള തിരുകൊച്ചി ബസ് സർവ്വീസുകൾ നിർത്തലാക്കിയത് ഏതു സർക്കാരിന്റെ കാലഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വൈപ്പിൻ കരയിൽനിന്നും നഗരത്തിലേയ്ക്കുള്ള തിരു കൊച്ചി ബസ് സർവ്വീസുകൾ പൂർണ്ണമായും നിർത്തലാക്കിയിരുന്നില്ല.

(ഇ) വൈപ്പിൻ കരയിൽനിന്നും നഗരത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസ് സർവ്വീസുകളുടെ നഗരത്തിലേയ്ക്കുള്ള

പ്രവേശനം സാധ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് നിലവിൽ നിയന്ത്രണങ്ങളുണ്ട്. 14-07-2009-ലെ സ.ഉ.(അച്ചടി)നം.42/2009/Tran. ദേശസാത്കൃത സ്കീം പ്രകാരം എറണാകുളം-കോട്ടയം, എറണാകുളം-തൃശ്ശൂർ, തിരുവനന്തപുരം-കണ്ണൂർ എന്നീ റൂട്ടുകളും 2017-ലെ എറണാകുളം-മൂവാറ്റുപുഴ ദേശസാത്കൃത സ്കീമും, 1965-ലെ എറണാകുളം-ചേർത്തല, എറണാകുളം-ആലപ്പുഴ തുടങ്ങിയ സ്കീമുകളും എറണാകുളം ടൗണിലൂടെ കടന്നുപോകുന്നുണ്ട്. ടി സ്കീമുകൾ പ്രകാരം പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാത്കൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ സ്വകാര്യ ബസ്സുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി അനുവാദം നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ആവശ്യാനുസരണം കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുകയും കോവിഡ്-19 സാഹചര്യത്തിൽ ചില സർവ്വീസുകൾ നിർത്തലാക്കുകയും ചെയ്തിരുന്നു. എന്നാൽ കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ എന്നീ യൂണിറ്റുകളിൽ നിന്ന് 4 സർവ്വീസുകളിലായി 16 ട്രിപ്പുകൾ എറണാകുളം പട്ടണത്തെ ബന്ധിപ്പിച്ചുകൊണ്ട് ചോറ്റാനിക്കര, ഫോർട്ട് കൊച്ചി, കാക്കനാട്, ആലുവ എന്നിവിടങ്ങളിലേയ്ക്ക് 27.01.2023 മുതൽ വൈപ്പിൻ ദ്വീപിൽനിന്നും പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടുതൽ സർവ്വീസുകൾ യാത്രക്കാരുടെ ആവശ്യം പരിഗണിച്ചും കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടം സംഭവിക്കാതെയും ആരംഭിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരികയാണ്. കൂടാതെ, പ്രസ്തുത വിഷയം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ജനപ്രതിനിധികൾ, ബസ് ഉടമസ്ഥ സംഘടനകൾ ട്രാൻസ്പോർട്ട് അധികാരികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം, 31-01-2023-ന് ചേരുകയുണ്ടായി. യോഗ തീരുമാനങ്ങളുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട് നിലവിൽ തയ്യാറാക്കി വരികയാണ്.

**ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ**

214(1818) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഒറ്റപ്പാലം ബസ്സ് സ്റ്റാൻഡിന്റെ ഒരു ഭാഗം കെ.എസ്.ആർ.ടി.സി.-യുടെ ബസ് ഡിപ്പോ ആരംഭിക്കുവാൻ നൽകുന്നതിന് മുനിസിപ്പാലിറ്റി തയ്യാറാകുന്നപക്ഷം ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങുന്നതിന് സാധിക്കുമോയെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ സ്ഥലസൗകര്യവും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറ്റംചെയ്ത് ലഭ്യമാക്കുന്നതിന് തയ്യാറായാൽ സാദ്ധ്യതാപഠനം നടത്തി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുവാൻ ആകുമോയെന്ന് പരിശോധിക്കുന്നതാണ്.

## നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി

215(1819) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജക മണ്ഡലത്തിൽ കോവിഡിന് മുൻപ് കണ്ണൂർ - താഴെ ചൊവ്വ - എളയാവൂർ അമ്പലം റൂട്ടിൽ നിലവിലുണ്ടായിരുന്ന കെ.എസ്. ആർ.ടി.സി. ബസ് സർവ്വീസ് കോവിഡ് കാലത്തിനുശേഷം

പുനരാരംഭിക്കാത്തതിനാൽ ജനങ്ങൾക്ക് വലിയ യാത്രാ ദുരിതമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർത്തലാക്കിയ പ്രസ്തുത കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. കണ്ണൂർ ഡിപ്പോയിലെ 06.00 മണി ചാല ബീച്ച് (എളയാവൂർ വഴി) സർവ്വീസ് വരുമാനം ലഭ്യമാകാത്തതിനെത്തുടർന്ന് 2013 ജൂൺ മാസത്തോടെ നിന്നുപോവുകയാണുണ്ടായത്. യാത്രക്കാർ ടി സർവ്വീസിനെ ആശ്രയിക്കാത്തതിനാലും വരുമാനം കുറഞ്ഞ് നിന്നുപോയതിനാലും കോർപ്പറേഷന്റെ നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ ഇത്തരത്തിൽ നഷ്ടത്തിലുള്ള സർവ്വീസുകൾ ജനങ്ങളുടെ യാത്രാസൗകര്യം നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുവാൻ സാധിക്കും.

### പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ്

216(1820) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ എത്ര മുറികളുണ്ടെന്നും അതിൽ എത്രയെണ്ണമാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഷോപ്പിംഗ് കോംപ്ലക്സിൽ 40 മുറികളാണ് നിലവിലുള്ളത്. അതിൽ 16 മുറികളാണ് ഒഴിഞ്ഞു കിടക്കുന്നത്.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി. ഓഫീസും മറ്റ് സർക്കാർ ഓഫീസുകളും പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലുണ്ട്. പയ്യന്നൂർ സബ് ആർ.ടി. ഓഫീസ് പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി RTO അധികാരികൾ പയ്യന്നൂർ ഷോപ്പിംഗ് കോംപ്ലക്സ് സന്ദർശിച്ച് പരിശോധന നടത്തി ഓഫീസിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമായിച്ചേർന്ന് സ്വീകരിച്ചുവരികയാണ്. കൂടാതെ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ അവർക്കാവശ്യമായ സ്ഥലം ആവശ്യപ്പെടുന്ന മുറയ്ക്ക് നിയമാനുസരണം അനുവദിച്ചു നൽകുന്നതാണ്.

## മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ

217(1821) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ 67 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) പ്രസ്തുത ഡിപ്പോയിലെ ശരാശരി ദിവസവരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിൽ പ്രതിദിനം ശരാശരി 10 ലക്ഷം രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽ കോവിഡിന് മുൻപുണ്ടായിരുന്ന ഏതെങ്കിലും സർവീസുകൾ നിലവിൽ മുടങ്ങി കിടക്കുന്നുണ്ടോ; എങ്കിൽ അത് ഏതെല്ലാമാണെന്നും അവ പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

1. 22.30 പത്തനംതിട്ട

2. 19.45 കോട്ടയം

3. 08.30 കുമിളി

4. 14.05 പെരിക്കല്ലൂർ

5. 06.20 നാരേക്കടവ്

6. 06.45 ബൈരക്കുപ്പ

7. 07.45 ബൈരക്കുപ്പ

8. 07.50 വാറുമ്മൽക്കടവ്

മേൽ സൂചിപ്പിച്ച സർവ്വീസുകൾ നിന്നുപോയിട്ടുണ്ട്. ഇതിൽ ദീർഘദൂര സർവ്വീസുകൾക്ക് പകരമായി ധാരാളം പുതിയ സർവ്വീസുകൾ പ്രധാന റൂട്ടുകളിൽ ആരംഭിച്ചിട്ടുണ്ട്. അനാവശ്യ കോൺവോയ് ഒഴിവാക്കുന്നതിനുവേണ്ടി അധിക സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺപീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാരാ ലാഭകരവും ജനോപകാരപ്രദവുമായ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുകയുംചെയ്യും. കൂടാതെ നിന്നുപോയ സർവ്വീസുകൾ

ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവീസുകൾ

218(1822) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽനിന്നും നിർത്തലാക്കിയ സർവീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡിനെ തുടർന്ന് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽനിന്നും നിന്നുപോയ സർവീസുകൾ ചുവടെ ചേർക്കുന്നു.

കാസർഗോഡ്

1. 09.30 പുത്തൂർ
2. 10.19 സുബ്രഹ്മണ്യ
3. 11.50 സുള്ള്യ
4. 05.30 പുത്തൂർ

5. 08.20 സുള്ള്യ

6. 11.05 ചിറ്റാരിക്കൽ

7. 11.20 മംഗലാപുരം

8. 12.35 മാനസ

9. 12.15 കാട്ടുകുക്കെ

10. 13.05 നീലേശ്വരം (stay)

11. 14.00 മംഗലാപുരം-നിലേശ്വരം (stay)

12. 11.20 പാണത്തൂർ

13. 14.52 പേരാവൂർ

14. 06.15 ബേവൂരി

15. 17.00 ജനശതാബ്ദി - കണ്ണൂർ

16. 12.00 അട്ടൂർ - മംഗലാപുരം

17. 13.20 ചീക്കാട് - മംഗലാപുരം

<u>കാഞ്ഞങ്ങാട്</u>

1. 05.20 ചെറുപുഴ

2. 11.10 കൊന്നക്കാട്

3. 14.50 ബളാല്

4. 07.00 എരിക്കുളം

5. 06.20 സുള്ള്യ - പാണത്തൂർ

6. 07.10 സുള്ള്യ - പാണത്തൂർ

7. 08.00 സുള്ള്യ - പാണത്തൂർ

8. 14.05 മംഗലാപുരം

9. 08.00 രാവണീശ്വരം

10. 15.30 പറശ്ശിനിക്കടവ്

11. 08.30 സുള്ള്യ

(ബി) അവയിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

<u>കാസർഗോഡ് ഡിപ്പോയിൽ നിന്നും പുനരാരംഭിച്ചവ</u>

1. 21.00 കോഴിക്കോട്

2. 07.50 പെരുമ്പാല

3. 08.00 കല്ലംവളപ്പ്

4. 07.45 കല്ലംവളപ്പ്

5. 08.00 ചട്ടഞ്ചാൽ

6. 09.30 പുത്തൂർ

7. 10.15 സുബ്രഹ്മണ്യ

8. 14.52 പേരാവൂർ

<u>കാഞ്ഞങ്ങാട് ഡിപ്പോയിൽ നിന്നും പുനരാരംഭിച്ചവ</u>

1. 13.20 എളേരി

2. 08.00 ഗുരുവനം

3. 07.50 റാണിപുരം

കൂടാതെ ജനോപകാരപ്രദമായി നിന്നുപോയ സർവ്വീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും കൂടുതൽ ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ പുനഃക്രമീകരണം

നടത്തിയും യാത്രാവശ്യം നിറവേറ്റി ചെലവ് ചുരുക്കിയിട്ടുള്ളതും യാത്രാക്ലേശം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുനരാരംഭിച്ചിട്ടില്ലാത്ത സർവീസുകൾ വേഗത്തിൽ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചുവരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര ലാഭകരവും ജനോപകാരപ്രദവുമായ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം

ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**കല്ലടിക്കോട് മീൻവല്ലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

219(1823) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കരിമ്പ 2, 3 വാർഡുകളിലെ ജനങ്ങൾ ആശ്രയിച്ചിരുന്നതും കല്ലടിക്കോട്-മീൻവല്ലം റൂട്ടിൽ മണ്ണാർക്കാട് വരെ യാത്ര നടത്തിയിരുന്നതുമായ സ്വകാര്യബസ് സർവ്വീസ് പൂർണമായും നിലച്ച സാഹചര്യത്തിൽ പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിച്ച് പ്രദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കല്ലടിക്കോട്-മീൻവല്ലം റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതും വലിയ നഷ്ടമുണ്ടാകുന്ന സർവ്വീസാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായാൽ ഡീസൽ തുക ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് ആരംഭിക്കുവാൻ കഴിയുന്നതുമാണ്.

**കോതമംഗലം ഡിപ്പോയിൽ നിന്നും വേളാങ്കണ്ണി-പഴനി സർവ്വീസ്**

220(1824) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വേളാങ്കണ്ണി, പഴനി ബസ് സർവ്വീസുകൾ ആരംഭിക്കേണ്ട ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കോതമംഗലത്തുനിന്നും ധാരാളം പേർ തീർത്ഥാടനത്തിനായി പോകുന്ന വേളാങ്കണ്ണി, പഴനി കേന്ദ്രങ്ങളിലേയ്ക്ക് കോതമംഗലം ഡിപ്പോയിൽ നിന്നും സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് സംസ്ഥാനവുമായി നിലവിലുള്ള അന്തർസംസ്ഥാന ഗതാഗത കരാറുകളിൽ കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി - പഴനി സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണി - പഴനി സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. എന്നാൽ കുറഞ്ഞ ചെലവിൽ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും

ടൂറിസം മേഖലകളിലേയ്ക്കും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ വഴി വാരാന്ത്യ സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം

221(1825) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഈരാറ്റുപേട്ട ഡിപ്പോയിൽ സിവിൽ പ്രവൃത്തികൾ സംബന്ധിച്ച് പുതിയ പദ്ധതികൾ നിലവിലില്ല. എന്നാൽ യാത്രാഫ്യൂവൽസ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

ഈരാറ്റുപേട്ട ഡിപ്പോയിൽ നിന്ന് കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണിച്ച് 09.00 മണി കൈപ്പള്ളി - തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്, 16.15 മണി പുള്ളിക്കാനം - കോട്ടയം സ്റ്റേ സർവ്വീസ് എന്നിവ പുനരാരംഭിച്ചിട്ടുണ്ട്.

(സി) സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേയ്ക്ക് നീട്ടി റൂട്ട് പുന:ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സാദ്ധ്യതാപഠനം നടത്തി പുനക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കഴക്കൂട്ടം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

222(1826) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട മേഖലകളെ പ്രധാന റൂട്ടുകളുമായി ബന്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആരംഭിച്ച ഫീഡർ സർവ്വീസുകളിൽ കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഫീഡർ സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത നിയോജക മണ്ഡലത്തിൽ നിർത്തലാക്കിയ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കും. കൂടാതെ നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമവണ്ടി പദ്ധതി പ്രകാരം ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. സുഗമമായ സർവ്വീസ് നടത്തിപ്പിനായി ആവശ്യമുള്ള ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

(സി) ചാക്ക - കരിക്കകം - ആക്കുളം - സ്റ്റേഷൻകടവ് - പള്ളിത്തുറ റൂട്ടിൽ പാർവ്വതി പുത്തനാറിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വേളിയിൽനിന്നും കഠിനംകുളം-പാർവ്വതി പുത്തനാർ-പൂളിമൂട്ടിൽ കടവ് വരെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് ആരംഭിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി 24-08-2022-ന് എം.എൽ.എ.-യും പാത കടന്നുപോകുന്ന പഞ്ചായത്തിലെ പ്രസിഡന്റുമാർ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെയും ഒരു യോഗം വിളിച്ചു ചേർക്കുകയും പ്രസ്തുത യോഗത്തിൽ സ്റ്റേഷൻ ഓഫീസ് നിർമ്മിക്കുന്നതിന് വേളിയിൽ യൂത്ത് സെന്ററിനടുത്തുള്ള 60 സെന്റ് സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടണമെന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ജലഗതാഗത വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

പ്രസ്തുത ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് വേളി, അബ്ദുൾകലാം പാർക്ക്, സ്റ്റേഷൻ കടവ് പാലം, സെന്റ് ആൻഡ്രൂസ് പാലം, കഠിനംകുളം പോലീസ് സ്റ്റേഷൻ, പുളിമൂട്ടിൽ കടവ്, വേളി വിക്രംസാരാഭായ് സ്പേസ്

സെന്റർ പാലത്തിനു സമീപം എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബോട്ട് ജെട്ടികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ, ചീഫ് എൻജിനീയർ (ഇറിഗേഷൻ) സംസ്ഥാന ജലഗതാഗത വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം വീണ്ടും വിളിച്ചുച്ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**തൊട്ടിൽപാലം ഡിപ്പോയിലെ സർവീസുകൾ**

223(1827) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടിൽപാലം ഡിപ്പോയിൽനിന്നും ആരംഭിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഹ്രസ്വ-ദീർഘദൂര സർവീസുകളുടെ വിശദാംശം ലഭ്യമാക്കാമോ?

തൊട്ടിൽപാലം ഡിപ്പോയിൽനിന്നും ആരംഭിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ ഹ്രസ്വ-ദീർഘദൂര സർവീസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 06.45 മാനന്തവാടി
2. 10.00 കുറ്റ്യാടി

3. 12.30 കോഴിക്കോട്

4. 13.50 കോഴിക്കോട്

5. 04.00 കോഴിക്കോട് റെയിൽവേ സ്റ്റേഷൻ

6. 07.30 കരിങ്കാട്

7. 08.00 കോഴിക്കോട്

8. 05.30 കുറ്റ്യാടി

9. 09.35 കോട്ടയം

10. 06.35 കോട്ടയം

11. 07.40 എറണാകുളം

12. 05.20 വടകര

13. 07.45 മാനന്തവാടി

14. 05.20 കോഴിക്കോട്

15. 15.30 കോഴിക്കോട്

16. 07.10 കോഴിക്കോട്

17. 08.10 കോഴിക്കോട്

18. 15.15 വടകര

19. 16.30 പാലക്കാട്

20. 06.30 കുമ്പളച്ചോല

21. 04.35 കോഴിക്കോട് - മെഡിക്കൽ കോളേജ്

22. 06.00 കോഴിക്കോട്

23. 06.30 കോഴിക്കോട്

24. 07.00 കോഴിക്കോട്

25. 07.45 കോഴിക്കോട്

26. 11.30 കോഴിക്കോട്

27. 08.00 കുണ്ടുതോട്

28. 09.15 കോഴിക്കോട്

29. 19.30 തിരുവനന്തപുരം

30. 06.40 തൃശ്ശൂർ

31. 06.30 ചിറ്റൂർ

32. 05.00 വൈറ്റില

33. 14.15 വടകര

34. 05.45 പാലക്കാട്

**മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോ വികസനം**

224(1828) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പുരോഗതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയുടെ പുരോഗതിക്കായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തിയ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) 2015-16 വർഷത്തിലെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മാവേലിക്കര ഡിപ്പോയുടെ കെട്ടിട

നിർമ്മാണ പ്രവൃത്തി ആരംഭിച്ചെങ്കിലും ആയത് ചില സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. തുടർന്ന് ടി തുക ഉപയോഗിച്ച് Passengers Waiting-cum-Amenity എന്ന പ്രവൃത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ടി പ്രവൃത്തി KSRTC യുടെ PMC ആയ KRDCL മുഖേന നടത്തുന്നതിന് 93 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. കൂടാതെ, 2022-23 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മാവേലിക്കര ഡിപ്പോയിൽ യാർഡ് നിർമ്മാണത്തിന്റെ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

**പെരിന്തൽമണ്ണ ഡിപ്പോയിൽ നിർത്തിവച്ച ബസ് സർവ്വീസുകൾ**

225(1829) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തിവന്നിരുന്ന എത്ര ബസ് സർവ്വീസുകളാണ് കോവിഡ് മഹാമാരി ആരംഭിച്ചതിനുശേഷം നിർത്തിവച്ചതെന്നും ഇതിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തിവന്നിരുന്ന എട്ട് സർവ്വീസുകളാണ് കോവിഡ് മഹാമാരി ആരംഭിച്ചതിനുശേഷം നിന്നുപോയത്. ഇതിൽ ഒരെണ്ണം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ-വളാഞ്ചേരി റൂട്ടിൽ എത്ര ബസുകളാണ് കോവിഡ് ആരംഭിക്കുന്നതിന് മുൻപ് സർവ്വീസ് നടത്തിവന്നിരുന്നതെന്നും നിലവിൽ എത്ര ബസുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

പെരിന്തൽമണ്ണ - വളാഞ്ചേരി റൂട്ടിൽ കോവിഡ് ആരംഭിയ്ക്കുന്നതിന് മുൻപ് 3 സർവ്വീസുകൾ നടത്തിവന്നിരുന്നു. നിലവിൽ ടി റൂട്ടിൽ സർവ്വീസുകളൊന്നും നടത്തുന്നില്ല.

(സി) പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവ്വീസ് നടത്തിവന്നിരുന്ന ബസ് സർവ്വീസുകൾ പുനരാരംഭിക്കാത്തതുമൂലം പൊതുജനങ്ങൾ വളരെയധികം യാത്രാക്ലേശം അനുഭവിയ്ക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ നിർത്തിവച്ച സർവ്വീസുകൾ പുനാരംരഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃസ്ഥാപിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഡീസൽ ചെലവ് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ തയ്യാറായാൽ ഗ്രാമവണ്ടി പദ്ധതിയിലൂടെ സർവ്വീസുകൾ ആവശ്യാനുസരണം ആരംഭിക്കുവാൻ കഴിയും.

**ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

226(1830) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2021 ഡിസംബർ 31-നകം എല്ലാ പണികളും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാമെന്ന 2021 ജൂണിൽ ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനം നടപ്പാക്കാനാകാത്ത സാഹചര്യത്തിൽ എന്തെല്ലാം തുടർനടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

നിലവിൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ (2022-23)

ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചതിനെത്തുടർന്ന് KRDCL എന്ന PMC ഏജൻസി മുഖേന രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(സി) എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച രണ്ടു കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ഫണ്ടിൽനിന്നും എന്തെല്ലാം പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കുന്നത്; വിശദാംശം നൽകുമോ?

19-8-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 5861/2022 ധന. പ്രകാരം KSRTC ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്, മലപ്പുറം എന്ന നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

Level 1-ൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണ പ്രവർത്തനങ്ങൾക്കും യാർഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കും ഇതിനാവശ്യമായ പ്ലംബിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് എന്നിവയ്ക്കുമാണ് ടി തുക വിനിയോഗിച്ച് നിർവഹിക്കാൻ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ?

Level 2-ൽ യാർഡ് വർക്ക്, Flooring, Rolling Shutter, Painting Work എന്നിവയും, Level 1-ൽ Toilet work, Flooring work, Painting, Electrical, Fire & Safety, Lift & Escalator എന്നിവയും first floor-ൽ Commercial purpose balance work, Toilet work എന്നിവയും പൂർത്തിയാക്കാനുണ്ട്.

കരാറുകാരന് ഇതുവരെ 3,90,72,989/- രൂപ നൽകിയിട്ടുണ്ട്. അവസാനമായി ലഭിച്ച ബില്ലിലെ അപാകതകൾ പരിഹരിക്കുന്നതിനായി PMC ആയ M/s. HLL ന് 15-12-22-ൽ കത്തയച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ബില്ല് സമർപ്പിക്കുന്നമുറയ്ക്ക് ബാക്കി തുക കരാറുകാരന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ ഇനിയും കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

MLA ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 2 കോടി രൂപയുടെ പ്രവൃത്തി M/s. KRDCL മുഖേന 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്.

**ബജറ്റ് ഹോട്ടൽ നിർമ്മാണം**

227(1831) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ ബഡ്ജററിൽ പ്രഖ്യാപിച്ച മൂന്നാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ 3 ഏക്കർ ഭൂമിയിലെ ബജറ്റ് ഹോട്ടൽ നിർമ്മാണ പ്രവൃത്തിയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

KTDC, ബജറ്റ് ഹോട്ടലിനുവേണ്ടി മൂന്നാർ KSRTC ബസ് സ്റ്റാൻഡിനുള്ള 3 ഏക്കർ സ്ഥലത്ത് 100 മുറിയും, ഡോർമെട്രിയുമുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 2021-22 ബഡ്ജറ്റിൽ 10 കോടി രൂപ പ്രാരംഭ ചെലവുകൾക്കായി വകയിരുത്തിയിരുന്നുയെങ്കിലും KTDC-ൽ നിന്നും വിവരങ്ങൾ ലഭിക്കാത്തതുമൂലം ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ലോക്കൽ റൂട്ട് സർവീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

228(1832) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് റദ്ദ് ചെയ്തതും മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്നതുമായ തലശ്ശേരി-കൂത്തുപറമ്പ്-കരേറ്റ-കാഞ്ഞിലേരി-മാലൂർ കെ.എസ്.ആർ.ടി.സി. ബസിന്റെ വൈകുന്നേരത്തെ ട്രിപ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി.-യുടെ ലോക്കൽ റൂട്ട് സർവീസുകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലൂടെ നടത്തിയിരുന്ന തലശ്ശേരി-കൂത്തുപറമ്പ്-കരേറ്റ-കാഞ്ഞിലേരി-മാലൂർ സർവീസ് കോവിഡാനന്തരം 12 മണിക്കൂർ സ്റ്റീയറിംഗ് ക്രമീകരണമുള്ള ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായി. ടി സമയത്ത് യാത്രക്കാർ തുലോം കുറവായതിനാലും ആയതിൽ വരുമാന നഷ്ടം ഉണ്ടായതിനാലും പ്രസ്തുത

ഷെഡ്യൂളിലെ ടി ട്രിപ്പ് ഒഴിവാക്കേണ്ടതായിവന്നു. നിന്നുപോയ സർവ്വീസുകൾ/ട്രിപ്പുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കി ഗ്രാമവണ്ടി പദ്ധതിയിൽ നഷ്ടത്തിലോടുന്ന ട്രിപ്പുകൾ ഉൾപ്പെടുത്തി എത്രയും വേഗം സർവ്വീസ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു.

## തൃശ്ശൂർ-മുപ്ലിയം കെ.എസ്.ആർ.ടി.സി സർവ്വീസ്

229(1833) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് നിർത്തലാക്കിയ തൃശ്ശൂർ-മുപ്ലിയം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇനിയും പുനരാരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയെത്തുടർന്ന് നിന്നുപോയ 11.45 മുപ്ലിയം, 12.05 മുപ്ലിയം എന്നീ സർവ്വീസുകളിലെ പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ ട്രിപ്പുകൾ 07.10 ഇഞ്ചക്കുണ്ട്, 06.25 കോടാലി എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തി നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ 08.00 ഇഞ്ചക്കുണ്ട്

- മുപ്ലിയം - തൃശ്ശൂർ, 05.15 തൃശ്ശൂർ - മുപ്ലിയം എന്നീ സർവ്വീസുകളും, 14.30 തൃശ്ശൂർ - മുപ്ലിയം, 15.50 മുപ്ലിയം - ആമ്പല്ലൂർ എന്നീ ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. സ്റ്റേ സൗകര്യം ലഭ്യമല്ലാത്തതിനാൽ 17.45 തൃശ്ശൂർ - കോടാലി ട്രിപ്പ് പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി) ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിനും വൈകുന്നേരം 5 മണിക്ക് ശേഷം തൃശ്ശൂരിൽനിന്നും മുപ്ലിയത്തേയ്ക്ക് ഓർഡിനറി സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതിയ ട്രിപ്പുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുന്നതിനും നഷ്ടത്തിലുള്ളവ ജനകീയ പ്രതിബദ്ധതയോടെ സർവ്വീസ് നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

**കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിലെ**
**കെ.എസ്.ആർ.ടി.സി. സർവ്വീസ്**

230(1834) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്?

കണ്ണൂർ-പഴയങ്ങാടി-പിലാത്തറ-പയ്യന്നൂർ റൂട്ടിൽ പയ്യന്നൂർ യൂണിറ്റിൽ നിന്നും രണ്ട് ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ നിർത്തിവച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിൽ സർക്കാർ ജീവനക്കാരുടെയും വിദ്യാർത്ഥികളുടേയും സൗകര്യത്തിനായി രാവിലേയും വൈകുന്നേരവും പയ്യന്നൂർ ഡിപ്പോയിൽനിന്നും കണ്ണൂരിലേയ്ക്ക് പഴങ്ങാടി വഴി രണ്ട് ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ആവശ്യമായ ട്രിപ്പുകൾ നഷ്ടം കുറച്ച് തുടങ്ങുവാൻ കഴിയും.

(സി) രാത്രികാലങ്ങളിൽ എത്തിച്ചേരുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാരുടെ സൗകര്യാർത്ഥം ആരംഭിച്ച കണ്ണൂർ-പഴയങ്ങാടി-പയ്യന്നൂർ-കാഞ്ഞങ്ങാട് ബസ് സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടി സർവ്വീസ് വരുമാനക്കുറവുമൂലം കനത്ത നഷ്ടത്തിലായതിനാൽ സർവ്വീസ് നിർത്തിവയ്ക്കുകയും പകരം യാത്രക്കാരെ കാഞ്ഞങ്ങാടുവരെ എത്തിക്കുന്നതിന് തളിപറമ്പ് വഴി ബദൽ സർവ്വീസ് ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കണ്ണൂർ - കാഞ്ഞങ്ങാട് റൂട്ടിൽ

ആവശ്യാനുസരണം സർവ്വീസുകളുള്ളതിനാൽ യാത്രക്കാർക്ക് കണക്ടിവിറ്റി ഉപയോഗിക്കാവുന്നതാണ്. നിന്നുപോയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയുംവേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ഡി) രാവിലെ കണ്ണൂരിൽനിന്നും പുറപ്പെടുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാർക്ക് കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ എത്തുന്നതിനായി കാഞ്ഞങ്ങാട്-പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രാവിലെ കണ്ണൂരിൽ നിന്നും പുറപ്പെടുന്ന ജനശതാബ്ദി, എക്സിക്യൂട്ടീവ് ട്രെയിനുകളിലെ യാത്രക്കാർക്ക് കണ്ണൂർ റെയിൽവെ സ്റ്റേഷനിൽ എത്തുന്നതിനായി കാഞ്ഞങ്ങാട്-പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ സർവ്വീസ് ആരംഭിച്ചിരുന്നു. എന്നാൽ കോവിഡാനന്തരം പ്രസ്തുത സർവ്വീസ് നിന്നുപോവുകയാണുണ്ടായത്. നിന്നുപോയ നഷ്ടത്തിലും ജനോപകാരപ്രദവുമായ സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി

പദ്ധതിയിൽ ഉൾപ്പെടുത്തി എത്രയുംവേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**പാറശാല മണ്ഡലത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടി**

231(1835) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് പാർക്കിംഗ് എന്ന പേരിൽ പാറശാല മണ്ഡലത്തിൽ വിവിധയിടങ്ങളിലായി എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ നിർത്തിയിട്ടിരിക്കുന്നുവെന്ന വിവരം ബസ്സിന്റെ ഇനം തിരിച്ച് അറിയിക്കാമോ?

ഓർഡിനറി ഗണത്തിൽപ്പെട്ട 45 ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് തുടർ നടപടി സ്വീകരിച്ചുവരുന്നവ പാർക്ക് ചെയ്തിട്ടുണ്ട്. കൂടാതെ വർദ്ധിച്ച അറ്റകുറ്റപ്പണികൾ ആവശ്യമായ 15 വർഷം പൂർത്തീകരിക്കുന്ന 19 ഓർഡിനറി ബസ്സുകൾ തുടർനടപടി സ്വീകരിക്കുന്നതിനും, അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസിന് ലഭ്യമാക്കേണ്ട 6 ബസ്സുകളും സൂക്ഷിച്ചിട്ടുണ്ട്.

(ബി) പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പാറശാല മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ഗ്രാമവണ്ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ പഞ്ചായത്തിൽ 29-7-2022-നും കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ 01-12-2022-നും പ്രസ്തുത പദ്ധതി ഉത്ഘാടനം ചെയ്തിട്ടുള്ളതാണ്. കൂടാതെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഡ്യൂട്ടി പാറ്റേൺ പാറശ്ശാല ഡിപ്പോയിൽ നടപ്പിലാക്കിയതിനെത്തുടർന്ന് എല്ലാ റൂട്ടുകളിലെയും ട്രിപ്പുകൾ ക്രമീകരിക്കുകയും പുതിയതായി അധിക ട്രിപ്പുകൾ/സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽ ലഭ്യമായ ബസ്സുകളും ജീവനക്കാരേയും ഉപയോഗിച്ച് കൂടുതൽ സർവ്വീസുകളും ട്രിപ്പുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കൂടുതൽ ബസുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണംചെയ്ത്

നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെത്തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു.

കെ.എസ്.ആർ.ടി.സി അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യൂണിറ്റുകളിലെ നിലവിലെ സർവ്വീസുകളുടെ സാദ്ധ്യതകൾ പരിഗണിച്ച് ദൈനംദിന വരുമാന ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്ക്കരണം സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്.

പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 40 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. ഇത് ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് ചെലവ് കുറച്ച് വരുമാന വർദ്ധന ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

സഹകരിച്ച് ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിലോടുന്ന ബസുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനുമായി ചെറിയ ബസുകൾ ഉപയോഗിച്ച് ഇടറോഡുകൾ, റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി തിരുവനന്തപുരത്ത് മണ്ണന്തല മുതൽ തിരുമല വരെ ആദ്യ ഫീഡർ സർവ്വീസ് 2023 ജനുവരി 16-ന് തുടങ്ങി.

ടിക്കറ്റിതര വരുമാനം പരാമാവധി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസ് സ്റ്റേഷൻ പരസ്യം, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ ബസുകൾ വാടകയ്ക്ക് നൽകൽ തുടങ്ങിയ പ്രവൃത്തികൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നു.

2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ

വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്.

മേൽ കൈകൊണ്ട വൈവിധ്യവത്ക്കരണത്തിലൂടെ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കാനും ലക്ഷ്യമിടുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെൽ നടപ്പിലാക്കിവരുന്ന ടൂറിസം പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ;

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുകയുംചെയ്യുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞ ചിലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

2021 നവംബറിൽ പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ രണ്ട് ലക്ഷത്തിലധികം വിനോദ സഞ്ചാരികളാണ് ബഡ്ജറ്റ് ടൂറിസത്തിന്റെ വിനോദ സഞ്ചാരയാത്രാ സർവീസുകൾ ഉപയോഗപ്പെടുത്തിയത്. മൂന്നാറിലെ സൈറ്റ് സീയിംഗ്, സ്ലീപ്പർ ബസ് യാത്രകൾക്ക് വിനോദ സഞ്ചാരികളിൽനിന്ന് ലഭിച്ച സ്വീകാര്യതയും,

മലക്കപ്പാറ എന്ന കൊച്ചു അതിർത്തി ഗ്രാമത്തിലേയ്ക്ക് സഞ്ചാരികൾക്കായി ഏർപ്പെടുത്തിയ യാത്രകളുടെ വിജയവുമാണ് 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ എന്ന ഒരു പ്രത്യേക വിഭാഗംതന്നെ കെ.എസ്.ആർ.ടി.സിയിൽ ആരംഭിക്കാൻ പ്രേരണയായത്. ഇപ്പോൾ ഏറ്റവും കൂടുതൽ വിനോദ യാത്രകൾ നടത്തുന്നതും കൂടുതൽ ആവശ്യക്കാരുള്ളതും മൂന്നാർ വിനോദ യാത്രകൾക്കാണ്. 25 ഡിപ്പോകളിൽ നിന്ന് മൂന്നാറിലേയ്ക്ക് വിനോദ യാത്രകൾ നടത്തുന്നുണ്ട്.

നെല്ലിയാമ്പതി, തട്ടേക്കാട്, പൊൻമുടി, റോസ് മല, അരിപ്പ തുടങ്ങി വനമേഖലകളുമായി ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി ആരംഭിച്ച എല്ലാ വിനോദ യാത്രകളും വൻ വിജയമായിരുന്നു.

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേക്ക് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും ഈ 9 മാസത്തെ പ്രവർത്തനത്തിനിടയിൽ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു.

കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗും തിരുവനന്തപുരം നഗരത്തിൽ നടത്തിവരുന്നു. 7000-ൽഅധികം വിനോദസഞ്ചാരികൾ ഈ സൈറ്റ് സീയിംഗ് സർവ്വീസ് ആസ്വദിച്ചു കഴിഞ്ഞു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമരൂപം നൽകിവരുന്നു. "കെ.എസ്.ആർ.ടി.സി റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/ റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദ യാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പദ്ധതികളാണ് ബഡ്ജറ്റ് ടൂറിസം സെൽ നടപ്പാക്കിവരുന്നത്.

(ഇ) പാറശാല ഇടിച്ചക്കപ്ലാമൂടിന് സമീപം ഒഴിഞ്ഞുകിടക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

പാറശാല ഇടിച്ചക്കപ്ലാമൂടിന് സമീപം ഒഴിഞ്ഞുകിടക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രകാരം പദ്ധതികൾ നടപ്പാക്കുന്നതിന് നിലവിൽ ആലോചനയില്ല. എന്നാൽ, പാറശ്ശാല ഡിപ്പോയുടെ കീഴിലുള്ള ഇടിച്ചക്കപ്ലാമൂട് എന്ന സ്ഥലത്ത് Scrap Yard & 3 bay Garage എന്ന നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ M/s. HLL മുഖേന പൂർത്തിയാക്കി ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിക്കാൻ നടപടി**

232(1836) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് നൽകുന്ന ഡ്രൈവിംഗ് ലൈസൻസ് പി.വി.സി. കാർഡ് രൂപത്തിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ കാർഡ് രൂപത്തിലാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

(എ&ബി) പരിഗണനയിലുണ്ട്. നിലവിൽ പേപ്പർ രൂപത്തിലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഡ്രൈവിംഗ് ലൈസൻസും MoRTH ന്റെ Specification അനുസരിച്ച് PVC Pet G കാർഡ് (ചിപ്പ് ഇല്ലാത്തത്) രൂപത്തിലേക്ക് ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ്/നിർദ്ദേശം പാലിച്ചുമാത്രം മാറ്റുന്നതിനായി പൈലറ്റ് പ്രോജക്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

(സി) ഇതിന് പ്രത്യേക തുക ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

നിലവിൽ തീരുമാനിച്ചിട്ടില്ല.

**മോട്ടോർ വാഹന വകുപ്പിലെ ഔദ്യോഗിക വാഹനങ്ങൾ**

233(1837) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളിൽ വാഹനവുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ്, പൊല്യൂഷൻ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ യഥാസമയം പുതുക്കി വാഹനത്തിൽ സൂക്ഷിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിലെ വാഹനങ്ങളിൽ ഇത്തരം സർട്ടിഫിക്കറ്റുകൾ യഥാസമയം പുതുക്കാത്തതുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലടക്കം വരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) ഇത്തരം സംഭവങ്ങൾ ഒദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇത്തരത്തിൽ വീഴ്ച കൾ സംഭവിക്കുന്നത് തടയാൻ ആവശ്യമായ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ?

ഇല്ല. ഇത്തരം സംഭവങ്ങൾ/വീഴ്ചകൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ**

234(1838) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. Ease of doing Business -ന്റെ ഭാഗമായി സമ്പർക്കരഹിത ചെക്ക്പോസ്റ്റുകളുടെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) എങ്കിൽ പ്രസ്തുത ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേന്ദ്ര നിർദ്ദേശമനുസരിച്ച് സീംലെസ്സ് ഗതാഗതം ഉറപ്പുവരുത്തുന്നതിന് ചെക്ക് പോസ്റ്റുകൾ ആധുനികവത്കരിക്കുന്നതിനായി (modernisation) 2022-2023-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റുകളിൽ Weigh in motion സ്ഥാപിക്കുവാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന അതിർത്തികളിൽ മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ നിലവിലില്ലാത്ത സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ചെക്ക്പോസ്റ്റുകൾ നിലവിലില്ലാത്ത പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

(സി&ഡി) എല്ലാ പ്രധാന സംസ്ഥാനാതിർത്തികളിലും ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. പുതിയ ചെക്ക് പോസ്റ്റുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ആർ.ടി.ഒ. ഓഫീസിന് പുതിയ കെട്ടിടം

235(1839) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരുമ്പാവൂർ ആർ.ടി.ഒ. ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതിനായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള ഫയൽ നടപടികൾ ഒരു വർഷമായി മുടങ്ങിക്കിടക്കുകയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആർ .ടി.ഒ. ഓഫീസ് നിർമ്മാണം വേഗത്തിൽ തുടങ്ങുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ-സി)പെരുമ്പാവൂർ സബ് ആർ.ടി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്ത്, പി.വി.ഐ.പി-യുടെ പുനരുദ്ധാരണവും, Canal automation വികസന പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നതിനാൽ, ഭൂമി കൈമാറ്റ നടപടികൾ ഒന്നും തന്നെ പദ്ധതിയുടെ വിപുലീകരണം പൂർത്തിയാകുന്നതുവരെ നടപ്പിലാക്കുവാൻ സാധ്യമല്ല എന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. ആകയാൽ കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ ആർ.ടി ഓഫീസ് നിർമ്മാണം സംബന്ധിച്ച നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

## ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

236(1840) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5% മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

3. ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഇ-ഓട്ടോറിക്ഷകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50 ശതമാനം ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായിച്ചേർന്ന് പൊതുജനങ്ങളുടെ

ഉപയോഗത്തിന് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു.

6. ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രാധാന്യവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ശില്പശാലയും ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനവും 'ഇവോൾവ്-2023' എന്ന പേരിൽ ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഇത്തരം 'public awareness' പരിപാടികൾ ഭാവിയിൽ തുടരുന്നതാണ്.

7. കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം നഗരത്തിൽ KIIFB-യുടെ ധനസഹായത്തോടെ ആദ്യഘട്ടത്തിൽ 40 ഇലക്ട്രിക് ബസ്സുകൾ നിരത്തിൽ ഉപയോഗിക്കുന്നു. ഇത്തരം ബസ്സുകൾ കൂടുതൽ ഉപയോഗിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ഇലക്ട്രിക് വാഹനങ്ങൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡ് 2019 മുതൽ വിവിധതരം മുച്ചക്ര വാഹനങ്ങൾ നിർമ്മിച്ച് വിപണനം ചെയ്തുവരുന്നു.

**സംസ്ഥാനത്തെ ഇ-വാഹനങ്ങൾ**

237(1841) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ പൊതുഗതാഗത സംവിധാനം ഇലക്ട്രിക്ക് വാഹനങ്ങളിലേയ്ക്ക് മാറ്റാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5 ശതമാനം മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

3. ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഇ-ഓട്ടോറിക്ഷകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50 ശതമാനം ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായിച്ചേർന്ന് പൊതു ജനങ്ങളുടെ ഉപയോഗത്തിന് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു.

6. ഭാവിയിൽ ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രാധാന്യവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ശില്പശാലയും ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രദർശനവും ‘ ഇവോൾവ്-2023’ എന്ന പേരിൽ ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി.

7. KIIF-യുടെ ധനസഹായത്തോടെ ആദ്യഘട്ടത്തിൽ 40 ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റി സർവ്വീസിനായി ഉപയോഗിക്കുന്നു.

(ബി) സംസ്ഥാനത്തെ ഇ-വാഹനങ്ങളുടെ എണ്ണം 2021-ൽ നിന്നും 2022-ൽ എത്ര വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇ-വാഹനങ്ങളുടെ എണ്ണം 2021ൽ നിന്നും 2022-വരെ 30875 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്.

(സി) ഇ-വാഹനങ്ങൾ വാങ്ങുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നിലവിൽ നൽകുന്നത്?

ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നവ ആണ്-

1. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5 ശതമാനം മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ച് വർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

3. ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഇ-ഓട്ടോറിക്ഷകൾ, സ്വന്തം

ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ച് വർഷത്തെ ടാക്സിന്റെ 50% ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

**ഡ്രൈവിംഗ് സ്കൂളുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

238(1842) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് സ്കൂളുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; ഈ സ്കൂളുകൾക്ക് ആധുനിക പരിശീലന പരിപാടികളിൽ മതിയായ ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് മതിയായ പരിശീലനമോ ക്ലാസ്സുകളോ നടപ്പാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് സർക്കാർ തലത്തിൽ ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് ആധുനിക പരിശീലന പരിപാടികളെക്കുറിച്ചുള്ള അറിവും അവബോധവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-സി) മോട്ടോർ വാഹന നിയമവും, ചട്ടവും അനുസരിച്ച് കാലാകാലങ്ങളിൽ ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളുടെ ലൈസൻസ് മാത്രമേ നിലവിൽ പുതുക്കി നൽകുന്നുള്ളൂ. പുതുതായി തുടങ്ങുന്ന ഡ്രൈവിംഗ് സ്കൂളുകൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുമുൻപും നിലവിലുള്ള ഡ്രൈവിംഗ് സ്കൂളുകളുടെ ലൈസൻസ് പുതുക്കുന്നതിനുമുൻപും പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ പ്രവർത്തനാനുമതി നൽകുന്നുള്ളൂ. മാത്രമല്ല, ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം നിരന്തരം പരിശോധിക്കുന്നുമുണ്ട്.

ഡ്രൈവിംഗ് സ്കൂളുകളിലെ ഇൻസ്ട്രക്ടർമാർക്ക് ആധുനിക പരിശീലനം നൽകുന്നതിന്റെ ഭാഗമായി എടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആൻഡ് റിസർച്ച് (ഐ.ഡി.റ്റി.ആർ.) ഇൻസ്റ്റിറ്റ്യൂട്ടിൽ ട്രെയിനിംഗ് നൽകിവരുന്നുണ്ട്. ഡ്രൈവിംഗ് സ്കൂളുകളിൽ പുതുതായി

ട്രെയിനറായിച്ചേരുന്ന വ്യക്തികൾക്കും ഇത്തരത്തിൽ പരിശീലനം നൽകുന്നുണ്ട്.

## വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളും നിയന്ത്രണവും

239(1843) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

റോഡ് അപകടങ്ങൾ പല കാരണങ്ങൾമൂലമാണ് ഉണ്ടാകുന്നത്. റോഡ് സംബന്ധമായവ, വാഹന സംബന്ധമായവ. ഡ്രൈവർ സംബന്ധമായ കാരണങ്ങളാണ് ഇവയിൽ മുഖ്യമായത്. ഇവയിൽ ഒന്നിലധികം കാരണങ്ങൾ കൊണ്ടാണ് മിക്കപ്പോഴും റോഡപകടങ്ങൾ ഉണ്ടാകുന്നത്.

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2022-ൽ സംഭവിച്ച 57 ശതമാനം അപകടങ്ങളുടെയും കാരണം അമിത

വേഗതയാണ്. മദ്യപിച്ച് വാഹനം ഓടിക്കുക, തെറ്റായ ദിശയിൽ വാഹനം ഓടിക്കുക, റോഡിന്റെ ശോച്യാവസ്ഥ, ഡ്രൈവറുടെ അശ്രദ്ധ, എതിരെ വരുന്ന വാഹനത്തിന്റെ ഹെഡ് ലൈറ്റിന്റെ അമിത പ്രകാശം തുടങ്ങിയവയാണ് മറ്റ് കാരണങ്ങൾ.

സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളിൽ ശരാശരി 40 ശതമാനത്തോളം ഇരുചക്ര വാഹനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവരുടെ, പ്രത്യേകിച്ച് യുവാക്കളുടെ അമിത വേഗത, അലക്ഷ്യവും, അശ്രദ്ധവുമായ വാഹനമോടിക്കൽ, മദ്യപിച്ചും മയക്ക് മരുന്ന് ഉപയോഗിച്ചുള്ള വാഹനമോടിക്കൽ തുടങ്ങിയവയാണ് ഇരുചക്ര വാഹനങ്ങൾ കൂടുതലായി അപകടങ്ങളിൽപ്പെടുന്നതിന് കാരണമായിട്ടുള്ളത്.

കോവിഡിന്റെ ഭീതി പൂർണ്ണമായും വിട്ടുമാറാത്ത സാഹചര്യത്തിൽ പൊതുഗതാഗതം ഒഴിവാക്കി സ്വകാര്യ വാഹനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനാൽ നിരത്തുകളിൽ ഓടുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ട്. ഇതും ഒരു പരിധിവരെ അപകടങ്ങൾ വർദ്ധിപ്പിക്കുവാനിടയായിട്ടുണ്ട്.

ഇതു കൂടാതെ ചരക്കു വാഹനങ്ങളുടെ അമിത ഭാരം കയറ്റിയുള്ള യാത്ര, അമിത വേഗത, മതിയായ വിശ്രമമില്ലാതെ വാഹനമോടിക്കുക തുടങ്ങിയവയും അപകടങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്നുണ്ട്.

(ബി) കഴിഞ്ഞ ഒരുവർഷം തിരുവനന്തപുരം നഗരത്തിൽ മാത്രം 165 പേർ വാഹനാപകടത്തിൽ മരണമടഞ്ഞിട്ടുണ്ടെന്ന വസ്തുത ഗൗരവത്തിലെടുത്തുകൊണ്ട് സംസ്ഥാനമൊട്ടാകെ ട്രാഫിക് നിയമ ലംഘനങ്ങൾ കർശനമായി തടയുന്നതിനായി മോട്ടോർവാഹന വകുപ്പ് നടപടിയെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വാഹനാപകടങ്ങളിൽ മരണനിരക്ക് കൂടുന്നത് ഒരു വലിയ ആശങ്കയാണ്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുമ്പോൾ ഹെൽമറ്റ് ഉപയോഗിക്കാതിരിക്കുക, കാറുകൾ തുടങ്ങിയ മറ്റ് നാല് ചക്ര വാഹനങ്ങൾ ഓടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഒഴിവാക്കുക മുതലായവയാണ് മരണനിരക്ക് ഉയരുന്നതിനുള്ള മുഖ്യകാരണങ്ങൾ.

2018 മുതൽ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ സംസ്ഥാനത്ത് മോട്ടോർ വാഹന നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം റോഡ്

സുരക്ഷാ ബോധവത്കരണവും മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നു. പോലീസ് വകുപ്പും, എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി മദ്യവും, മയക്കുമരുന്നും ഉപയോഗിച്ചതിനുശേഷം വാഹന മോടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) നിർമ്മിത ബുദ്ധി ക്യാമറകൾ ഉപയോഗിച്ചുകൊണ്ട് ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനായുള്ള പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് മോട്ടോർ വാഹന വകുപ്പ് സേഫ് കേരള പദ്ധതിയുടെ കീഴിൽ “ ആട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് സിസ്റ്റം” നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇതിൽ 675 നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകളും, 14 കൺട്രോൾ റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ആയത്

പ്രവർത്തനക്ഷമമാക്കുന്നതോടെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്ന നിരവധിയായ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നതാണ്. ഇതുവഴി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഇ-വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

240(1844) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഇ-വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ഇലക്ട്രിക്ക് വാഹനങ്ങൾക്ക് നിലവിൽ വാഹന വിലയുടെ 5 ശതമാനം മാത്രമാണ് റോഡ് ടാക്സ് ഇനത്തിൽ ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇ-ഓട്ടോറിക്ഷകൾക്ക് ആദ്യത്തെ അഞ്ചുവർഷത്തെ റോഡ് ടാക്സ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

3. ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക്ക് കാർ, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന ഇ-ഓട്ടോറിക്ഷകൾ, സ്വന്തം ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ എന്നിവയ്ക്ക് ആദ്യത്തെ അഞ്ചുവർഷത്തെ ടാക്സിന്റെ 50 ശതമാനം ഒഴിവാക്കി നൽകിയിട്ടുണ്ട്.

4. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷയിന്മേൽ 30,000/- രൂപ വരെ സബ്സിഡി അനുവദിച്ച് നൽകിവരുന്നു.

5. അനെർട്ട്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായിച്ചേർന്ന് പൊതുജനങ്ങളുടെ ഉപയോഗത്തിന് ഇലക്ട്രിക്ക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു വരുന്നു.

6. ഭാവിയിൽ ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രാധാന്യവും ഉപഭോഗവും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമുള്ള വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ശില്പശാലയും ഇലക്ട്രിക്ക് വാഹനങ്ങളുടെ പ്രദർശനവും ' ഇവോൾവ്-2023' എന്ന പേരിൽ ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് നടത്തുകയുണ്ടായി.

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, KIIFB-യുടെ ഒന്നാം ഘട്ട ധന സഹായത്താൽ ലഭ്യമായ 40 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം സിറ്റി സർവീസുകൾക്ക് കെ.എസ്.ആർ.ടി.സി ഉപയോഗിക്കുന്നുണ്ട്. ഇത്തരം ബസ്സുകൾ കൂടുതൽ ഉപയോഗിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. KIIFB-യുടെ ഭാഗമായി 170 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 125 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ KIIFB രണ്ടാം ഘട്ട ധനസഹായത്താൽ 225 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-വാഹനങ്ങളുടെ വിവരങ്ങൾ ഇനം തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഇ-വാഹനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു:

| വാഹനങ്ങളുടെ തരം തിരിച്ചുള്ള വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നം. | വാഹന ഇനം. | ഫ്യൂവൽ | ആകെ |

| | | ഇലക്ട്രിക് (ബിഒവി) | എണ്ണം |
|---|---|---|---|
| 1. | അഡാപ്റ്റഡ് വെഹിക്കിൾ | 35 | 35 |
| 2. | ബസ് | 61 | 61 |
| 3. | എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ് | 6 | 6 |
| 4. | ഇ-കാർട്ട് & ഗുഡ്സ് ക്യാരിയർ | 489 | 489 |
| 5. | ഇ-റിക്ഷാ (പി) | 2373 | 2373 |
| 6. | എം-സൈക്കിൽ/ സ്കൂട്ടർ | 46944 | 46944 |
| 7. | മോട്ടോർ ക്യാബ് | 59 | 59 |
| 8. | മോട്ടോർ കാർ | 6427 | 6427 |
| 9. | പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ | 2 | 2 |
| 10. | പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ (ഇൻഡിവിഡ്വൽ യൂസ്) | 17 | 17 |
| 11. | ത്രീ വീലർ (ഗുഡ്സ്) | 335 | 335 |
| 12. | ത്രീ വീലർ (പാസ്സഞ്ചർ) | 1301 | 1301 |
| 13. | ത്രീ വീലർ (പേഴ്സണൽ) | 77 | 77 |
| 14. | ബാക്കിയുള്ളവ | 12 | 12 |
| **ആകെ** | | **58138** | **58138** |

## ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ

241(1845) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് എത്ര ബോട്ടുകൾ സ്വന്തമായുണ്ടെന്നും ഇവയിൽ നിലവിൽ സർവ്വീസ് നടത്തുന്നവ എത്രയാണെന്നും സർവ്വീസ് നടത്താത്തവ സൂക്ഷിക്കുന്നത് എവിടെയാണെന്നും അറിയിക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിന് 103 ബോട്ടുകൾ സ്വന്തമായുണ്ട്. ഇവയിൽ 62 ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. സർവ്വീസ് നടത്താത്ത ബോട്ടുകൾ സൂക്ഷിക്കുന്നത് വകുപ്പിന്റെ ഡോക്ക് യാർഡുകളിലാണ്.

(ബി) ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള വർക്ഷോപ്പുകളും ഡോക്ക് യാർഡുകളും എവിടെയൊക്കെ സ്ഥിതിചെയ്യുന്നുവെന്ന് വെളിപ്പെടുത്താമോ?

ആലപ്പുഴ, എറണാകുളം, തേവര, പയ്യന്നൂർ, അയിറ്റി എന്നിവിടങ്ങളിൽ വകുപ്പിന് ഡോക്ക് യാർഡുകളുണ്ട്.

(സി) അറ്റകുറ്റപ്പണി ചെയ്യാനാവാതെ ഉപയോഗ ശൂന്യമായ നിരവധി ട്രാൻസ്പോർട്ട് ബോട്ടുകളും മറ്റ് ബോട്ടുകളും ആലപ്പുഴയിൽ കനാലുകളുടെ വിവിധ ഭാഗങ്ങളിൽ കിടന്ന് ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കായൽ ടൂറിസത്തിനും ജലയാത്രകൾക്കും ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന ഉപയോഗശൂന്യമായ ബോട്ടുകൾ നീക്കം ചെയ്യുന്നതിനും ജലഗതാഗതം സുരക്ഷിതമാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) അറ്റകുറ്റപ്പണി ചെയ്യാനാവാത്ത കാലപ്പഴക്കംച്ചെന്ന ഉപയോഗശൂന്യമായ ജലഗതാഗത വകുപ്പ് വക ബോട്ടുകൾ ആലപ്പുഴയിൽ കനാലുകളുടെ വിവിധ ഭാഗങ്ങളിൽ കിടന്ന് മറ്റ് ബോട്ടുകളുടെ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ അവയെ വകുപ്പിന്റെ ഡോക്ക് യാർഡുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപയോഗത്തിന് ഫീസിബിൾ അല്ലാത്ത ബോട്ടുകളുടെ വാല്യുവേഷൻ പോർട്ട് വകുപ്പിൽനിന്നും ലഭിച്ചതിനുശേഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ടി ബോട്ടുകൾ ക്വട്ടേഷൻ/ടെണ്ടർ/ലേലം/ മുഖേന വില്പന നടത്തുന്നു. അപ്രകാരം 18 ബോട്ടുകൾ സർവ്വീസിന് ഫീസിബിൾ അല്ലായെന്ന് പോർട്ട് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുള്ളതും, ഇതിൽ വാല്യുവേഷൻ ലഭിച്ചിട്ടുള്ള 18 ബോട്ടുകൾ വില്പന നടത്തുന്നതിലേക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. വാല്യുവേഷൻ ലഭിക്കാൻ അവശേഷിക്കുന്ന

ബോട്ടുകൾ, ആയത് ലഭ്യമാകുന്ന മുറയ്ക്ക് വില്പന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മയ്യഴിപ്പുഴയിലെ ബോട്ട് ജെട്ടികളെ ബന്ധപ്പെടുത്തി യാത്രാബോട്ട് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

242(1846) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ചരിത്ര പ്രാധാന്യമുള്ള മയ്യഴിപ്പുഴയിൽ സമീപകാലത്ത് അഞ്ച് ബോട്ട്ജെട്ടികൾ നിർമ്മിച്ചിട്ടുണ്ടോ?

ഉണ്ട്

(ബി) എങ്കിൽ പെരിങ്ങത്തൂർ, എടച്ചേരി, ഏറാമല, കരിയാട് തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്ക് എളുപ്പത്തിൽ ജലമാർഗ്ഗം കേന്ദ്രഭരണപ്രദേശമായ മാഹിയിലെത്താനും, വിനോദ സഞ്ചാരികളെക്കൂടി ആകർഷിക്കാനും കഴിയുന്നതരത്തിൽ ഈ റൂട്ടിൽ യാത്രാബോട്ട് സൗകര്യം ഏർപ്പെടുത്തുന്നതിനായി പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ടൂറിസം പദ്ധതികൾക്കുള്ള യാത്രാബോട്ടിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

(സി) പുഴയോര സൗന്ദര്യം ആസ്വദിക്കുവാനും കരിമീൻ ഉൾപ്പെടെയുള്ള പുഴമത്സ്യങ്ങളുടെ രുചി അറിയാനും സമീപ ജില്ലകളിൽ നിന്നുപോലും ആളുകളെത്തുന്ന മയ്യഴിപ്പുഴയോരത്ത് ബോട്ട് സർവ്വീസ് ലാഭകരവും, ജനോപകാരപ്രദവുമാണെന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

**ജലഗതാഗത വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന് കേരള പി.എസ്.സി. അംഗീകാരം.**

243(1847) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനായുള്ള സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അംഗീകാരം ലഭ്യമായതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം ലഭിച്ച സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളിന്റെ പകർപ്പ് നൽകാമോ?

(എ-സി) സ്പെഷ്യൽ റൂൾസ് ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം ഭേദഗതികളോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെകൂടി അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത സ്പെഷ്യൽ റൂളിന് അന്തിമ രൂപം നൽകുന്നത്.

**പെരുമ്പാവൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

244(1848) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ പെരുമ്പാവൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

2016 മുതൽ 2022 വരെയുള്ള കാലയളവിൽ പെരുമ്പാവൂർ മണ്ഡലത്തിൽ കായിക വകുപ്പ് പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി) ഈ സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ ഗോൾ പദ്ധതിയുടെ ഭാഗമായി പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഗോൾ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

245(1849) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ

ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കീക്കാംകോട്ട് ജി.എൽ.പി.എസ്-ൽ നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യപ്പെട്ടതും നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, തീരദേശ മേഖലകളിലെയും കുട്ടികളിൽനിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഗോൾ പദ്ധതി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ കളിസ്ഥലം**

246(1850) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം സംബന്ധിച്ച് ബഹു.എം.എൽ.എയുടെ 01-10-2022-ലെ കത്ത് പ്രകാരം പ്രസ്തുത സ്ഥലം സന്ദർശിച്ച് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

247(1851) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

കായിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട്, ആലപ്പുഴ

2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ നപടികൾ സ്വീകരിക്കുകയും ബി & ഐ കൺസ്ട്രക്ഷൻ ടി പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 10 മാസമാണ് പൂർത്തീകരണ കാലാവധി.

90M X 55M വിസ്തീർണ്ണമുള്ള നാച്വറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ചുറ്റുമതിൽ, സൈഡ്

ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ 90 ശതമാനവും ഓഫീസ്/ജിം ബിൽഡിംഗ് പ്രവൃത്തി ലിന്റൽ ലെവൽ വരെയും പൂർത്തീകരിച്ചിട്ടുണ്ട്. ഗ്യാലറി സ്റ്റെപ്പിന്റെ ഷട്ടറിംഗും സ്റ്റീൽ പ്രവൃത്തികളും ത്വരിതഗതിയിൽ നടന്നുവരുന്നു. നാച്വറൽ ടർഫിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

2. <u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ആലപ്പുഴ</u>

ആലപ്പുഴ ജില്ലയിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത്, മാവേലിക്കര, സ്പോർട്സ് ഫിറ്റ്നസ് സെന്റർ ഇന്റീരിയർ പ്രവൃത്തികൾക്കായി 52,20,700/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. എൻ. വിജയൻ കരാറിൽ ഏർപ്പെടുകയുംചെയ്തു. സിവിൽ & ഇലക്ട്രിക് പ്രവൃത്തികൾക്ക് 4 മാസമായിരുന്നു പൂർത്തീകരണ കാലാവധി. നിലവിൽ 60 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സെന്ററിലേയ്ക്കാവശ്യമായ ഫിറ്റ്നസ് ഉപകരണങ്ങൾക്കായി 65,06,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. തഴക്കര ഗ്രാമ പഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രം

2022 - 2023 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ-ക്രമ നമ്പർ 90 ആയി വ്യവസായ വകുപ്പിന് കീഴിൽ ഉൾപ്പെടുത്തിയിരുന്ന അപ്പാരൽ പാർക്ക്, മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20 ശതമാനം ബഡ്ജറ്റ് വിഹിതത്തിലുമായി 5 പദ്ധതികൾ പുതുതായി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തഴക്കര ഗ്രാമപഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറകുളം നീന്തൽ പരിശീലന കേന്ദ്രം എന്ന പ്രവൃത്തിക്ക് 1 കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി കായിക വകുപ്പിനെ ചുമതലപ്പെടുത്തിയും ബഡ്ജറ്റ് വിഹിതം വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

4. <u>തഴക്കര ഗ്രാമ പഞ്ചായത്ത് ഇറവൻകര സ്റ്റേഡിയം - ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി</u>

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഗ്രാമ പഞ്ചായത്ത് ഇറവൻകര സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എം.എൽ.എ. ഫണ്ട് (50 ലക്ഷം രൂപ) വകയിരുത്തിക്കൊണ്ടുള്ള ആലപ്പുഴ ജില്ലാ കളക്ടറുടെ കത്ത് ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

248(1852) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായുള്ള വിശദപദ്ധതിരേഖ തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്നും പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(എ&ബി) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കായികയുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി നിർവ്വഹണത്തിനുള്ള മാതൃക ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12-07-2022-ലെ സ.ഉ.(അച്ചടി)നം.1/2022/കാ.യു.വ നമ്പർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്.

**മലയാള സർവ്വകലാശാലയിൽ ടെന്നീസ് കോർട്ട് നിർമ്മാണം**

249(1853) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ മലയാള സർവ്വകലാശാലയിൽ ടെന്നീസ് കോർട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് 16-12-2021-ന് കായിക വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഇല്ല. മലപ്പുറം ജില്ലയിലെ തിരൂർ നിയോജക മണ്ഡലത്തിലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ ടെന്നീസ് കോർട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു. എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 06-12-2021-ലെ

കാ.യു.എ-എ 3/522/2021-കാ.യു.വ. നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ആവശ്യപ്പെടുകയും സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് കായികയുവജനകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത സ്ഥലത്ത് ടെന്നീസ് കോർട്ട് നിർമ്മിക്കുന്നതിനുള്ള 49,62,000/-രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം കായിക യുവജനകാര്യ ഡയറക്ടർ പരിശോധിച്ചുവരുന്നു.

## മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം പദ്ധതി

250(1854) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെടുന്ന മണിയൂർ ഗ്രാമ പഞ്ചായത്തിലെ കളിക്കളം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമ പഞ്ചായത്തിലെ മണിയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായിക വകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

251(1855) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന കായിക പരിശീലനം നൽകുന്നതിനായി ഹൂപ്സ്, സ്പ്രിന്റ്, ഗോൾ, പഞ്ച്, ജൂഡോക്ക, ഹെൽത്തി കിഡ്സ് എന്നീ പദ്ധതികൾ കായിക വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വകുപ്പിന് കീഴിലുള്ള ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും കായിക മികവ് പുലർത്തുന്നതിനുള്ള വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിലും കളിക്കളങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ?

ഗ്രാസ് റൂട്ട് പരിശീലന പദ്ധതികളായ സ്പ്രിന്റ് തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഉദിനൂർ ജി.എച്ച്.എസ്.എസ്.-ലും, ഹെൽത്തി കിഡ്സ് പദ്ധതി ഉദുമ നിയോജക മണ്ഡലത്തിലെ പെരിയ ജി.എൽ പി.എസ്, കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കീക്കാംകോട്ട് ജി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൽ.പി.എസ്. എന്നിവിടങ്ങളിലും നടപ്പിലാക്കുന്നുണ്ട്. ഗോൾ പദ്ധതി കാസർഗോഡ് ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന സ്ഥാപനങ്ങളിൽ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് ഉൾപ്പെടുന്നുണ്ട്.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

252(1856) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം പരമാവധി ഒരു ലക്ഷം രൂപ ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തിയിൽ എം.എൽ.എ.മാർ അനുവദിക്കുന്ന അൻപത് ശതമാനം തുകയ്ക്ക് ടർഫ് പോലുള്ള പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ആവശ്യമുണ്ടോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 12-07-2022-ലെ സ.ഉ.(അച്ചടി) നം. 1/2022/കായുവ ഉത്തരവ് പ്രകാരം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ മാർഗ്ഗനിർദ്ദേശ പ്രകാരം മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ,

ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം മുതലായവ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ, പ്രാദേശിക ഡിമാന്റ് / ആവശ്യകത, ഫണ്ട് ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും, മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികളും പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിശദവിവരം മാർഗ്ഗനിർദ്ദേശം 2-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയിൽ സ്ഥലവും ഫണ്ടും ലഭ്യമാണെങ്കിൽ സിന്തറ്റിക് കോർട്ടുകൾ അടക്കമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്.

(ബി) സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും നടത്തിവരുന്ന ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കി വരുന്നതിന് കായിക വകുപ്പും ധനകാര്യ വകുപ്പുമായി എന്തെങ്കിലും ധാരണ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

13-06-2022 തീയതിയിൽ സ.ഉ.(അച്ചടി) നം. 65/2022/ധന ഉത്തരവ് പ്രകാരം, നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന ഗ്രാമീണ കളിസ്ഥല പദ്ധതിക്കായി തദ്ദേശ സ്ഥാപന ഫണ്ട്/സിഎസ്ആർ ഫണ്ടുകൾ/ പൊതു സ്വകാര്യ പങ്കാളിത്തം (പി പി പി)/മറ്റ് സർക്കാർ വിഹിതം എന്നിവയോടൊപ്പം ചേർത്തുകൊണ്ട് ഉപയോഗിക്കാമെന്ന് ഉത്തരവായിട്ടുണ്ട്

## 2024 ഒളിമ്പിക്സ് ലക്ഷ്യമാക്കിയുള്ള പദ്ധതികൾ

253(1857) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ ഒളിമ്പിക്സ് ലക്ഷ്യമാക്കി ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ?

അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി കായിക താരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിട്ട്

ആവിഷ്കരിച്ച പദ്ധതിയാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം. ടി പദ്ധതി പ്രകാരം ഓരോ വർഷവും പത്ത് കായികതാരങ്ങൾക്ക് സാമ്പത്തികസഹായം നൽകുവാനാണ് ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തികവർഷത്തിൽ സാമ്പത്തികസഹായം അനുവദിക്കുന്നതിനായി കായികതാരങ്ങളിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

2024 ഒളിമ്പിക്സ് ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന "One State One Game" പദ്ധതി പ്രകാരം കേരളത്തിന് അത്‌ലറ്റിക്സ് എന്ന കായിക ഇനം അനുവദിച്ചിരുന്നു. ഈ പദ്ധതി പ്രകാരം, അത്‌ലറ്റിക്സിൽ ഒളിമ്പിക്സ് മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലയിൽ ഒരു അത്‌ലറ്റിക്സ് അക്കാദമി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ മികച്ച പ്രതിഭകളായ അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ 'എലൈറ്റ് സ്കീം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കളരിപ്പയറ്റ് ഉൾപ്പെടെയുള്ള ആയോധനകലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിന്റെ തനത് ആയോധനകലയായ കളരിപ്പയറ്റിനെ ലോകനിലവാരത്തിലുള്ള ഒരു കായിക ഇനമാക്കുന്നത് ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കളരിപ്പയറ്റിനെ സംബന്ധിച്ച് ഒരു ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് കായിക യുവജന കാര്യാലയത്തിന്റെ പദ്ധതി വിഹിതത്തിൽനിന്നും 7,15,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാലയുടെ സഹകരണത്തോടെ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കളരിപ്പയറ്റ് കായിക ഇനത്തിന്റെ പ്രോൽസാഹനാർത്ഥം കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. അസോസിയേഷന് ചാംപ്യൻഷിപ്പുകൾ നടത്തുന്നതിലേയ്ക്കായി മാനദണ്ഡങ്ങൾ പാലിച്ച് അർഹമായ ഗ്രാന്റും അനുവദിച്ചുവരുന്നുണ്ട്. കളരിപ്പയറ്റ് കായിക ഇനത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് സർക്കാരിന്റെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും സ്പോർട്സ് ക്വാട്ടാ മുഖേനയുള്ള കോളേജ് പ്രവേശനത്തിനും

പരിഗണിക്കുന്നുണ്ട്. കായിക താരങ്ങൾക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് വെയിറ്റേജ് മാർക്കും നൽകിവരുന്നുണ്ട്.

**നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ സഹായം**

254(1858) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സൈക്കിൾ പോളോ ജൂനിയർ ചാമ്പ്യൻഷിപ്പിനായി നാഗ്പൂരിൽ എത്തിയ കേരള ടീം അംഗം നിദ ഫാത്തിമ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ കുടുംബാംഗങ്ങൾക്ക് നീതി ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നാഗ്പൂരിൽ വച്ച് നടന്ന ദേശീയ ജൂനിയർ സൈക്കിൾ പോളോ ചാംപ്യൻഷിപ്പിൽ കേരള ടീമിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത കുമാരി നിദ ഫാത്തിമയുടെ അകാല മരണം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബന്ധപ്പെട്ട അസ്സോസിയേഷൻ മുഖേന ടീമിനെ അനുഗമിച്ച ഭാരവാഹികളുമായി ബന്ധപ്പെട്ട്, കുട്ടിയുടെ ആശുപത്രി ചെലവിനും മൃതദേഹം നാട്ടിലെത്തിക്കുന്നതിനും മറ്റനുബന്ധ ചെലവുകൾക്കുമായി 3 ലക്ഷം രൂപ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അടിയന്തരമായി അനുവദിക്കുകയുണ്ടായി. കൂടാതെ കുട്ടിയുടെ മരണത്തിന്റെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി കേന്ദ്ര കായിക യുവജനകാര്യ വകുപ്പുമന്ത്രി, മഹാരാഷ്ട്ര കായിക വകുപ്പുമന്ത്രി എന്നിവർക്ക് സംസ്ഥാന കായിക വകുപ്പു മന്ത്രി കത്ത് നൽകിയിട്ടുണ്ട്.

(ബി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരള ടീമിനെ പ്രതിനിധീകരിക്കുവാൻ എത്തിച്ചേർന്ന നിദ ഫാത്തിമ ഉൾപ്പെടെയുള്ള കായികതാരങ്ങൾക്ക് താമസസൗകര്യവും ഭക്ഷണവും ഏർപ്പെടുത്തി നൽകുന്നതിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ദേശീയ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് അതാത് കായിക ഇനങ്ങളുടെ ദേശീയ ഫെഡറേഷനുകളാണ്. പ്രസ്തുത ഫെഡറേഷനുകളാണ് കായിക താരങ്ങൾക്ക് താമസവും, ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് റ്റി.എ/ഡി.എ/കിറ്റ് അലവൻസ് എന്നിവയാണ് അനുവദിക്കുന്നത്. സംഭവത്തിന്റെ നിജസ്ഥിതി

അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ കേരള സൈക്കിൾ പോളോ അസോസിയേഷന് സ്പോർട്സ് കൗൺസിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ സഹായം അനുവദിക്കുമോ; വിശദാംശം നൽകുമോ?

നിദ ഫാത്തിമയുടെ കുടുംബത്തിന് സർക്കാർ ധനസഹായം അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മാണം

255(1859) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഖേലോ ഇന്ത്യ പദ്ധതിയിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതിയിലോ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി

നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ 21-04-2022-ലെ എ 3/189/2022-കാ.യു.വ നമ്പർ കത്ത് പ്രകാരം നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇതനുസരിച്ച് 200 മീ. സിന്തറ്റിക് ട്രാക്ക് സെവൻസ് നാച്വറൽ ഫുട്ബോൾ ടർഫ്, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ സംവിധാനം, ഓഫീസ് ബ്ലോക്കും ഗ്യാലറിയും എന്നീ പ്രവൃത്തികൾക്കായി 4,17,50,000/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

256(1860) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കളിക്കളം നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്; അറിയിക്കുമോ;

(ബി) പ്രസ്തുത കളിക്കളങ്ങളുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

(എ&ബി) മണലൂർ നിയോജക മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ

ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്

257(1861) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയുടെ ഭാഗമായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-സി) കാലിക്കറ്റ് സർവ്വകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിലവിൽ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി സ്പോർട്സ്

കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ടി സ്ഥലം സന്ദർശിക്കുകയും ഭരണാനുമതിക്കായുള്ള 2.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കായിക യുവജനകാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഇന്ത്യ- ശ്രീലങ്ക ഏകദിന ക്രിക്കറ്റ് മത്സരം

258(1862) ശ്രീ .പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യ- ശ്രീലങ്ക ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ആറായിരത്തിൽപ്പരം കാണികൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നത് കേരളത്തിന്റെ കായിക വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

ഇല്ല.

(ബി) വിനോദ നികുതി അഞ്ച് ശതമാനത്തിൽനിന്നും പന്ത്രണ്ട് ശതമാനമായി ഉയർന്നത് ടിക്കറ്റ് വില്പനയെ ബാധിച്ചിരുന്നോ?

ടിക്കറ്റ് വില്പന സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

(സി) സാധാരണക്കാരായവർ ഉൾപ്പെടെ എല്ലാ കായിക പ്രേമികൾക്കും കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കാണുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര മത്സരങ്ങൾ കാണുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സാധാരണക്കാരായവർ ഉൾപ്പെടെ എല്ലാ കായിക പ്രേമികൾക്കും മത്സരം കാണുന്നതിനായി വിനോദ നികുതിയിൽ ഇളവ് അനുവദിച്ചുവരുന്നുണ്ട്.

## സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി

259(1863) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുവച്ച് നടന്ന സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഏത് ഉത്തരവിന്റെ

അടിസ്ഥാനത്തിലാണ് പങ്കെടുത്തതെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ഡോണ കെ അഗസ്റ്റിൻ, വിശാഖ് കെ എന്നിവർക്ക് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുത്തതിനെതിരെ ആരൊക്കെയാണ് ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയിട്ടുള്ളത്; ആയതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഫോറസ്റ്റ് ഉദ്യോഗസ്ഥരെ കൂടാതെ മറ്റ് യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത കായിക മേളയിൽ പങ്കെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, ഒരു ഉദ്യോഗസ്ഥൻ എന്നിവർ പരാതികൾ സമർപ്പിച്ചിട്ടുണ്ട്. പരാതികൾ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ദേശീയ സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. ദേശീയ സിവിൽ സർവ്വീസ് കായികമേളയുടെ യോഗ്യതാ മാനദണ്ഡപ്രകാരം യൂണിഫോം വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് പങ്കെടുക്കാനാവില്ല.

## സിവിൽ സർവീസ് കായിക മേളയിലെ വിജയികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റ്

260(1864) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് കായികമേളയിലെ വിജയികൾക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ അകാരണമായ കാലതാമസം നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2022 ഡിസംബറിൽ കോഴിക്കോട് നടന്ന സ്റ്റേറ്റ് സിവിൽ സർവീസ് കായികമേളയിൽ പങ്കെടുത്തവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് അന്നേ ദിവസം

നൽകാൻ കഴിഞ്ഞിരുന്നില്ല. സർട്ടിഫിക്കറ്റിൽ ജില്ലാ സെക്രട്ടറിയും സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടറും ഒപ്പ് വയ്ക്കേണ്ടതിനാലാണ് കാലതാമസമുണ്ടായിട്ടുള്ളത്.

(ബി) സ്പോർട്സ് കൗൺസിലിന് മുഴുവൻ സമയ സെക്രട്ടറിമാർ ഇല്ലാത്തതാണ് ഇത്തരത്തിൽ കാലതാമസം നേരിടുന്നതിന് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ നിലവിൽ ഏതെല്ലാം ജില്ലകളിലെ സ്പോർട്സ് കൗൺസിലിലാണ് ഇൻ-ചാർജ് സെക്രട്ടറിമാർ സേവനം ചെയ്തുവരുന്നത്; കണക്കുകൾ വിശദമാക്കാമോ?

ഇല്ല.

(സി) ഇത്തരത്തിൽ ചാർജ് വഹിക്കുന്ന സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റിൽ സെക്രട്ടറി-ഇൻ-ചാർജ് എന്ന് രേഖപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടോ; വിശദമാക്കാമോ?

അത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) സിവിൽ സർവീസ് മേളകളിൽ പങ്കെടുത്ത് വിജയികളായവർക്ക് മെരിറ്റ് സർട്ടിഫിക്കറ്റ് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

## കായികതാരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം

261(1865) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ ജൂനിയർ, സീനിയർ, യൂത്ത്തല മൽസരങ്ങൾക്ക് പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

ദേശീയതലത്തിൽ ജൂനിയർ, സീനിയർ, യൂത്ത്തല മത്സരങ്ങൾക്ക് പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലുകൾ മുഖേന പരിശീലനം നൽകിവരുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത അക്കാദമികൾ വഴി 8-ാം ക്ലാസ്സ് മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള യോഗ്യരായ കായിക താരങ്ങളെ മാനദണ്ഡങ്ങൾ പാലിച്ച് തെരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു. പ്രസ്തുത സെന്ററുകളിലെ കായികതാരങ്ങൾക്ക് താമസവും പ്രത്യേക

പോഷകാംശങ്ങൾ ഉൾപ്പെടുന്ന ഭക്ഷണവും നൽകിവരുന്നു. കൂടാതെ പ്രഗൽഭരായ പരിശീലകരുടെ കീഴിൽ വിദഗ്ധ പരിശീലനവും നൽകിവരുന്നുണ്ട്.

കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കിവരുന്നു.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കായിക താരങ്ങൾക്ക് ദേശീയ തലത്തിലെ മൽസരങ്ങൾക്ക് സജ്ജമാകാനുള്ള സഹായങ്ങൾ നൽകുന്നതിന് കായിക വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രതികൂല ജീവിത സാഹചര്യങ്ങൾ മറികടന്ന് കായിക രംഗത്ത് മികവ് പുലർത്തുന്നവർക്ക് മത്സരങ്ങൾക്ക് സജ്ജമാകുന്നതിന് കായിക വികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്.

**ദേശീയ ജൂനിയർ സൈക്കിൾ പോളോ ടീം അംഗത്തിന്റെ മരണം സംബന്ധിച്ചുള്ള അന്വേഷണം**

262(1866) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജൂനിയർ സൈക്കിൾ പോളോ മത്സരത്തിനായി നാഗ്പൂരിൽ പോയ കേരള ടീം അംഗം നിദ ഫാത്തിമയുടെ മരണം സംബന്ധിച്ചുള്ള അന്വേഷണത്തിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

2022 ഡിസംബർ മാസം 22-ാം തീയതി ദേശീയ സബ് ജൂനിയർ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ മഹാരാഷ്ട്രയിലെ നാഗ്പൂരിൽ എത്തിയ നിദ ഫാത്തിമയുടെ മരണം കേരള ജനതയെ പ്രത്യേകിച്ച് കായിക കേരളത്തെ ആകെ കണ്ണീരിലാഴ്ത്തിയ സംഭവമായിരുന്നു. ഈ വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ കുട്ടിയുടെ മരണത്തിന് കാരണമായ വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് എത്രയും പെട്ടെന്ന് ഭൗതിക ശരീരം വിട്ടുനൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും കായിക വകുപ്പുമന്ത്രിക്കും 22-12-2022-നുതന്നെ കത്തയച്ചിരുന്നു. മരണത്തെക്കുറിച്ച് വിശദമായ

അന്വേഷണത്തിന് മഹാരാഷ്ട്ര മുഖ്യമന്ത്രിക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര കായിക യുവജനകാര്യ മന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. കൂടാതെ കുട്ടിയെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ കൊണ്ടുപോയ കേരള സൈക്കിൾ പോളോ അസോസിയേഷൻ സെക്രട്ടറിയോട് ഇതിന്റെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് മഹാരാഷ്ട്ര മുഖ്യമന്ത്രിക്കും കേന്ദ്ര മന്ത്രിക്കും വീണ്ടും കത്തയച്ചിട്ടുണ്ട്.

(ബി) ദേശീയ സൈക്കിൾ പോളോ ഫെഡറേഷന്റെ അംഗീകാരമുള്ളവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുവെന്ന് അറിഞ്ഞിട്ടും രണ്ട് ടീമുകളെ മത്സരത്തിനയച്ചത് സ്പോർട്സ് കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടായ ഉത്തരവാദിത്വ കുറവാണോ എന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷൻ കോടതി ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത ടീമിനെ മാത്രമേ മത്സരത്തിനായി അയച്ചിട്ടുള്ളൂ.

## സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ

263(1867) ശ്രീ. ടി. ജെ. വിനോദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകളുണ്ടെന്നും അവിടെ എത്ര കായികതാരങ്ങളുണ്ടെന്നും പ്രസ്തുത കായികതാരങ്ങളുടെ ഭക്ഷണ അലവൻസ് ഏതുമാസം വരെ വിതരണം ചെയ്തിട്ടുണ്ടെന്നും ഈ കായികതാരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിലല്ലാതെ എയിഡഡ്/സ്വകാര്യ മേഖലയിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകളുണ്ടെന്നും അവിടെ എത്ര കായികതാരങ്ങളുണ്ടെന്നും പ്രസ്തുത കായികതാരങ്ങളുടെ ഭക്ഷണ അലവൻസ് ഏതുമാസംവരെ വിതരണം ചെയ്തിട്ടുണ്ടെന്നും ഈ കായികതാരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ച

വരുന്നുണ്ട്. ടി അക്കാഡമികളിലായി 1050 കായിക താരങ്ങൾ പരിശീലനം നേടിവരുന്നു.

കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലല്ലാതെ എയ്ഡഡ്/സ്വകാര്യ മേഖലയിൽ 51 കോളേജ് സ്പോർട്സ് അക്കാഡമികളും 23 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചുവരുന്നുണ്ട്. ടി അക്കാഡമികളിലായി 840 കായിക താരങ്ങൾ പരിശീലനം നേടിവരുന്നുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16-01-202-ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങൾക്ക് ഭക്ഷണ അലവൻസ് 2022 സെപ്റ്റംബർ മാസം വരെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അക്കാഡമികളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ നിലവിൽ വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്പോർട്സ് ഹോസ്റ്റലുകൾക്കുള്ള അലവൻസ് ലഭ്യമാക്കാൻ നടപടി**

264(1868) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിലേയ്ക്കുള്ള ഭക്ഷണ അലവൻസ് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ സ്പോർട്സ് കൗൺസിലിലേയ്ക്ക് നൽകുന്ന ഗ്രാൻഡ് മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളിലേയ്ക്കുള്ള (സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകൾ അടക്കം) ഭക്ഷണ അലവൻസ് എത്ര മാസമായി മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് നൽകിവരുന്ന ജേഴ്സി, ട്രാക്ക് സ്യൂട്ട്, ഷൂസ് എന്നിവ അടങ്ങുന്ന കിറ്റ് എത്ര വർഷമായി വിതരണം ചെയ്യുന്നില്ല എന്ന വിവരം അറിയിക്കുമോ;

(ഇ) സർക്കാർ നൽകിവരുന്ന ഗ്രാൻഡ് മുടങ്ങുന്നതിന് കാരണം സാമ്പത്തിക പ്രതിസന്ധി ആണോയെന്ന് വ്യക്തമാക്കുമോ?

(എ-ഇ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ്

ഇനത്തിൽ ഡിസംബർ മാസംവരെയുള്ള തുക അനുവദിക്കുന്നതിന് 16-01-2023-ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2022 സെപ്തംബർ മാസം വരെ എല്ലാ സ്പോർട്സ് ഹോസ്റ്റലുകൾക്കും ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്കുള്ള അലവൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ടി കായികതാരങ്ങൾക്ക് നൽകിവരുന്ന ജേഴ്സി, ട്രാക്ക് സ്യൂട്ട്, ഷൂസ് എന്നിവ അടങ്ങുന്ന കിറ്റ് കഴിഞ്ഞ 2 വർഷമായി വിതരണം ചെയ്യുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ സ്പോർട്സ് കിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

265(1869) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നൽകുന്ന ഭക്ഷണ അലവൻസ് മുടങ്ങിയതുകാരണം സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്പോർട്സ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണ അലവൻസും സ്പോർട്സ് കിറ്റുകളും നൽകുന്നതിനുള്ള തുക മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസംവരെയുള്ള തുക റിലീസ് ചെയ്ത് 16-01-2023-ലെ സ.ഉ(സാധാ)നം.33/ 2023/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിലും സ്വകാര്യ ഹോസ്റ്റലുകളിലും ഭക്ഷണ അലവൻസ് എത്ര മാസമായി കുടിശ്ശികയാണ്; വിശദമാക്കുമോ;

(ഡി) കായികതാരങ്ങൾക്ക് അടിയന്തരമായി അലവൻസുകൾ അനുവദിച്ചു നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) 2022 സെപ്തംബർ മാസം വരെ എല്ലാ സ്പോർട്സ് ഹോസ്റ്റലുകൾക്കും ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേക്കുള്ള അലവൻസ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്പോർട്സ് ഹബ്**

266(1870) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്പോർട്സ് ഹബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്പോർട്ട്സ് ഹബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട, ശ്രീമതി ഒ.എസ്. അംബിക എം.എൽ.എ.-യുടെ കത്ത് 20.12.2021-ലെ എ 1/345/2021/കായുവ. നമ്പർ കത്തു മുഖേന അടിയന്തര റിപ്പോർട്ടിനായി കായിക വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## അഴിക്കോട് മണ്ഡലത്തിൽ സ്ഥാപിക്കുന്ന ആധുനിക ജിം

267(1871) ശ്രീ. കെ. വി. സുമേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് വൻകുളത്ത് വയലിൽ സ്ഥാപിക്കുന്ന ആധുനിക ജിം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം നൽകുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) അഴിക്കോട് വൻകുളത്ത് വയലിൽ പ്രഖ്യാപിച്ചിട്ടുള്ള ആധുനിക ജിം പദ്ധതിക്ക് 65,70,700/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## കോഴിക്കോട് സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുത്തവർക്കെതിരെ നടപടി

268(1872) ശ്രീ. യു. എ. ലത്തീഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടന്ന സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പങ്കെടുത്തതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കുന്നതിനായി സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുത്തതിനെതിരെ ആരൊക്കെയാണ് ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകിയിട്ടുള്ളതെന്നും അതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷനും ഒരു ഉദ്യോഗസ്ഥനും പരാതികൾ സമർപ്പിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു.

(ഡി) യൂണിഫോം വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ദേശീയ സിവിൽ സർവീസ് കായികമേളയിൽ പങ്കെടുക്കാൻ സാധിക്കുമോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ?

ദേശീയ സിവിൽ സർവ്വീസ് കായികമേളയുടെ യോഗ്യതാ മാനദണ്ഡപ്രകാരം യൂണിഫോം വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് പങ്കെടുക്കാനാവില്ല.

**കോട്ടായി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി**

269(1873) <u>ശ്രീ. പി. പി. സുമോദ്</u> : താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കോട്ടായി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് നൽകിയ നിവേദനം പരിഗണിച്ച് ആയത് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കോട്ടായി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ മൾട്ടി പർപ്പസ് ജിംനേഷ്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. തരൂർ എം.എൽ.എ-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ടി സ്കൂൾ കെട്ടിടത്തിലും നിലവിലുള്ള സ്റ്റേഡിയം കോംപ്ലക്സിലും ജിംനേഷ്യം സ്ഥാപിക്കുവാനുള്ള ഹാളുകളൊന്നുംതന്നെ നിലവിലില്ല. ഗ്യാലറി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ മാത്രമാണ് ഹാളിനുള്ള സൗകര്യം

ഒരുക്കിയിട്ടുള്ളത്. എന്നാൽ ഇത് മത്സരങ്ങൾ സംഘടിപ്പിക്കുമ്പോഴുള്ള വി.ഐ.പി റൂമിനായാണ് നിർമ്മിച്ചിട്ടുള്ളത്. ഗ്യാലറി കെട്ടിടത്തിലെ മറ്റ് റൂമുകൾ എല്ലാംതന്നെ ഓഫീസ് റൂം സൗകര്യങ്ങളോടുകൂടി 300 Sq.ft ന് താഴെയുള്ള റൂമുകളായതിനാൽ റൂമുകളുടെ വലിപ്പം വർദ്ധിപ്പിക്കേണ്ടതായി വരും. നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിനായുള്ള സൗകര്യങ്ങൾ ലഭ്യമല്ല. എന്നാൽ പ്രസ്തുത സ്കൂൾ ഗ്രൗണ്ടിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷനാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കായികതാരങ്ങളുടെ പരിശീലനം

270(1874) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് സ്വന്തം ജില്ലയിൽ പരിശീലനം നടത്തുന്നതിന് മതിയായ സൗകര്യങ്ങൾ എല്ലാ ജില്ലയിലും ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) അത്‌ലറ്റിക്സ് മൽസരയിനങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് അതതു ജില്ലകളിൽ പരിശീലനത്തിന് ഉതകുന്ന സ്റ്റേഡിയങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു.

(സി) 400 മീറ്റർ, പോൾവോൾട്ട്, ട്രിപ്പിൾജംപ് തുടങ്ങിയ അത്‌ലറ്റിക്സ് ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ആലപ്പുഴ ജില്ലയിൽ സ്റ്റേഡിയം ലഭ്യമല്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

2016-17 ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട വികസനത്തിനും പ്രീതികുളങ്ങര സ്റ്റേഡിയ നിർമ്മാണത്തിനുമായി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്രീതികുളങ്ങര സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കുകയും ടി സ്റ്റേഡിയത്തിൽ 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഫിറ്റ്നസ് സെന്റർ, പമ്പ് & സമ്പ് റൂം, മൾട്ടി പർപ്പസ് കോർട്ട്, സെവൻസ് ഫുട്ബോൾ ടർഫ്, പവലിയൻ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്.

കൂടാതെ ആലപ്പുഴ ഇ.എം.എസ് ജില്ലാ സ്റ്റേഡിയം നവീകരണത്തിന്റെ രണ്ടാം ഘട്ടം പ്രവൃത്തിയിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്കും പോൾവോൾട്ട്, ലോംഗ് ജമ്പ്, ട്രിപ്പിൾ ജമ്പ് തുടങ്ങിയ അത്‌ലറ്റിക് ഇനങ്ങൾക്കായുള്ള സൗകര്യങ്ങളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണം

271(1875) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഗ്രൗണ്ട് നവീകരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ തിരൂരങ്ങാടി ഗവ.ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് 29-12-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5050/2017/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം കിറ്റ്കോ വിവരശേഖരണം നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 18-03-2022-ൽ കായിക വകുപ്പുമന്ത്രിയും, ബഹു. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചേർന്ന് നടത്തിയ യോഗത്തിൽ, സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്നും അതിനാൽ സ്ഥല മാറ്റം വേണമെന്ന സ്കൂളിന്റെ ആവശ്യം പരിഗണിക്കുമെന്നും ആയത് പരിശോധിക്കുന്നതിന് വിദഗ്ധ ടീമിനെ

നിയോഗിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം തിരൂരങ്ങാടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പു വരുത്തുകയും അതനുസരിച്ച് 3 കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് ലഭ്യമാക്കണമെന്ന് കായികയുവജനകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയൽ നമ്പർ ഏതാണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ടി വിഷയം കാ.യു.വ-എ 1/227/2022-കാ.യു.വ എന്ന ഫയലിൽ കായികയുവജനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് എസ്.പി.വി-യെ മാറ്റുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേനയുള്ള പ്രവർത്തങ്ങൾ**

272(1876) <u>ശ്രീ. യു. എ. ലത്തീഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്കു കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്തോഷ് ട്രോഫി മത്സരങ്ങൾക്ക് ശേഷം മഞ്ചേരി പയ്യനാട് സ്റ്റേഡിയം മൈതാനം കള പിടിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ മൈതാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

നിലവിൽ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ യാതൊരു വിധ കളകളും ഇല്ല. സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിനു ശേഷവും ഐ ലീഗ് മത്സരത്തിന് ശേഷവും ഫുട്ബോൾ പരിശീലനം ജനുവരി 15 വരെ ടി സ്റ്റേഡിയത്തിൽ നടന്നിരുന്നു. സ്റ്റേഡിയം പരിപാലിച്ചു വരുന്നത് മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേനയാണ്.

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ നിലവിലുള്ള ഗാലറി വിപലീകരിക്കുന്നതിനും, പുതിയ ഗ്യാലറി നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇവിടെ സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവയടക്കമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി)പ്രസ്തുത സ്റ്റേഡിയത്തിലെ ഗ്യാലറി നവീകരണം, പുതിയ ഗ്യാലറി നിർമ്മാണം, പ്രാക്ടീസ് ഗ്രൗണ്ട് നിർമ്മാണം എന്നിവ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ കായിക വകുപ്പ് സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം കായിക വകുപ്പിന്റെ പരിഗണനയിലില്ല.

**ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നവീകരണം**

273(1877) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ബജറ്റിൽ തുക അനുവദിച്ച ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നവീകരണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ചുമതല ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും വിശദമാക്കാമോ;

(സി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) 2021-22 ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ആനാവൂർ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയത്തിന്റെ നവീകരണത്തിനുള്ള ഫണ്ട് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് കിഫ്ബിയിലൂടെ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. കിഫ്ബി മുഖാന്തരം കൂടുതൽ ഘടകങ്ങൾ ഏർപ്പാടാക്കുന്നതിന് നിലവിൽ സ്കൂളിൽ സ്ഥലപരിമിതി ഉണ്ടെങ്കിലും നിർമ്മാണം നടന്നുവരുന്ന ആദ്യഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്ഥലം എം.എൽ.എയുമായി ചർച്ചനടത്തി പ്രൊപ്പോസലും ഡി.പി.ആറും തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ അടങ്കലിൽ നടന്നുവരുന്ന ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; എന്തൊക്കെ ഘടകങ്ങളും സൗകര്യങ്ങളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഒന്നാംഘട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മാർച്ച് മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോമ്പൗണ്ട് വാൾ, എൻട്രൻസ് ഗേറ്റ്, ഗ്രൗണ്ട് ഡെവലപ്മെൻറ് വർക്ക്, ഡ്രെയിനേജ്, ഫുട്ബോൾ കോർട്ട്, മഡ് വോളിബോൾ കോർട്ട് എന്നീ ഘടകങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

274(1878) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിൽ അനുവദിയ്ക്കപ്പെട്ട മാറനല്ലൂർ പഞ്ചായത്തിലെ കുവളശേരി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പദ്ധതിയുടെ തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

കാട്ടാക്കട നിയോജക മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിന് ആവശ്യമായിവരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്.

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

275(1879) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം നിർത്തിവച്ചത് ഏത് സാഹചര്യത്തിലാണെന്നും പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ&ബി) കിഫ്ബിയിൽനിന്നും 24-10-2018-ന് 14.84 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച പയ്യന്നൂർ സ്റ്റേഡിയം നിർമ്മാണ പദ്ധതി എസ്.പി.വി ആയ കിറ്റ്കോയുമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനെ ഏൽപ്പിച്ച് പ്രവൃത്തി ആരംഭിച്ചെങ്കിലും കോവിഡ് രണ്ടാം ഘട്ടത്തിലെ ലോക്ക്ഡൗൺ സമയമായതിനാലാണ് പ്രവത്തി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത്. പ്രസ്തുത കരാറിലെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തിയാകാത്തതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം നിലവിലെ വ്യവസ്ഥകൾക്കനുസൃതമായി കിറ്റ്കോ പ്രവൃത്തി പൂർത്തീകരണ കാലാവധി 05-01-2023 വരെ ദീർഘിപ്പിച്ച് നൽകുകയും 22-06-2021 മുതൽ പ്രവർത്തി പുനരാരംഭിക്കുകയും ചെയ്തിരുന്നു. 28-06-2022-ൽ ചേർന്ന മന്ത്രിതല യോഗ തീരുമാനപ്രകാരം ടി പ്രവൃത്തി

30-01-2023-നകം പൂർത്തീകരിച്ച് കൈമാറ്റം ചെയ്യുന്നതിനായി കിറ്റ്കോയ്ക്ക് അടിയന്തര നോട്ടീസ് നൽകിയിട്ടുണ്ട്.

നിലവിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രവൃത്തിക്കായി നിശ്ചയിച്ച സ്ഥലത്തെ മണ്ണ്, ചെളി കലർന്ന ബലം കുറഞ്ഞ മണ്ണ് ആയതിനാൽ സമീപത്തുള്ള റോഡിലൂടെ ഭാരമുള്ള വാഹനങ്ങൾ പോകുമ്പോൾ കുലുക്കം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലും ഭാവിയിൽ സെറ്റിൽമെന്റ് പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടി മണ്ണിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കുകയും ഇതിനായി കോഴിക്കോട്ടുള്ള NIT യിലെ വിദഗ്ധരെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. മണ്ണ് പരിശോധനയിൽ കിറ്റ്കോയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച കാരണമാണ് ഈ കാലതാമസമുണ്ടായത് എന്നതിനാൽ വിശദീകരണം തേടിയിട്ടുണ്ട്. NIT യുടെ റിപ്പോർട്ട് 22-11-2022-നാണ് ലഭിച്ചതെന്നും ആയതിനെ അടിസ്ഥാനപ്പെടുത്തി ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായും ബാക്കിയുള്ള ഘടകങ്ങളുടെ റീ ഡിസൈൻ ചെയ്തുകൊണ്ടിരിക്കുന്നതായും എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിക്കുമെന്നും

എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ കിഫ്ബിയിൽനിന്നും എത്രയും പെട്ടെന്ന് അംഗീകാരം നേടി സാങ്കേതിക അനുമതിക്കായി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രക്രിയകൾ എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് പ്രവൃത്തി പുനരാരംഭിക്കുന്നതിനുവേണ്ട നിർദേശം എസ്.പി.വി.-ക്ക് നൽകിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ എം.എൽ.എ.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ ചേരുന്നതിനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് എം.എൽ.എ.-മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് അതത് സമയങ്ങളിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

276(1880) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ഇതിനുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്?

വിവിധ ജനപ്രതിനിധികളിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾ ടി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്ത 113 കളിസ്ഥലങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന ഒരു കോടി രൂപയിൽ സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നടപ്പ് സാമ്പത്തികവർഷത്തിൽ ടി പദ്ധതിക്കായി കായികവകുപ്പിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വഴി നവീകരണം ലക്ഷ്യമിടുന്ന കളിസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, മുതലയാവയും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുക, വോളിബോൾ കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ, പ്രാദേശിക ഡിമാന്റ്/ആവശ്യകത, ഫണ്ട്, ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും, മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികളുംകൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

(സി) മലപ്പുറം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പാക്കുന്ന ഇരുമ്പുഴി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ

നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദീകരിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മലപ്പുറം മണ്ഡലത്തിലെ ഇരുമ്പുഴി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. ടി സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി തുക അനുവദിച്ചു കൊണ്ട് എം.എൽ.എ.-യുടെ കത്തോ, ജില്ലാ കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം**

277(1881) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ടിൽനിന്നും 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പദ്ധതിയുടെ എസ്.പി.വി. ആയിരുന്ന കിറ്റ്കോ മുഖേന പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കുകയും പ്രസ്തുത ഡി.പി.ആർ.-ൽ ഖോ ഖോ-യ്ക്കുള്ള

ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ചെയിഞ്ച് റൂം, ഇൻക്ലൈൻഡ് ജോഗിംഗ് പാത്ത്, സൈറ്റ് ഡെവലപ്മെന്റ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സെപ്റ്റിക് ടാങ്ക്, വാട്ടർ സപ്ലൈ സമ്പ്, ഇലക്ട്രിക്കൽ വർക്ക്സ്, ഫയർ തുടങ്ങിയ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരുന്നതെങ്കിലും ഇത് പരിശോധിച്ച കമ്മിറ്റി പ്രവൃത്തിയുടെ സാധ്യത പരിശോധിക്കുവാനും ഫീസിബിലിറ്റി സമർപ്പിക്കുവാനും സ്ഥല ലഭ്യതയനുസരിച്ച് വ്യതിയാനം വരുത്തിയ ഡി.പി.ആർ. പുതുക്കി സമർപ്പിക്കുവാനും കിറ്റ്കോയോട് ആവശ്യപ്പെട്ടിരുന്നു. കിറ്റ്കോ തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ 14-10-2022-ൽ ഈ പ്രവൃത്തിയുടെ നിർവഹണ ചുമതല സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയിൽ ഉൾപ്പെടുത്താവുന്ന ഘടകങ്ങൾ പരിശോധിച്ച് പദ്ധതി പുനർ വിഭാവനം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേൻ മുഖാന്തരം സ്വീകരിച്ചുവരികയാണ്

## തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം നവീകരണം

278(1882) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

(ബി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണം**

279(1883) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത സ്റ്റേഡിയത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും നാൽപ്പത് ലക്ഷം രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ പാലോളി ഗ്രൗണ്ടിനായി പരിഗണിച്ചിരുന്ന സ്ഥലം വെറ്റ് ലാൻഡ് ആയതിനാൽ പകരം കായണ്ണ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയം നവീകരണം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ബാലുശ്ശേരി എം.എൽ.എ.-യുടെ ആവശ്യപ്രകാരം ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തില പാലോളി സ്റ്റേഡിയത്തിന് പകരം കായണ്ണ

ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഉൾപ്പെടുത്തി 31-01-2023-ലെ സ.ഉ.(സാധാ)നം.42/2023/കാ.യു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. ഗ്രൗണ്ട് നവീകരണം, ഓപ്പൺ ജിം, ടോയ്‌ലെറ്റ് ബ്ലോക്ക്, സിന്തറ്റിക് ടർഫ്, മൾട്ടി ഗെയിം കോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, നടപ്പാത, ടോയ്‌ലെറ്റ് എന്നിവ നിർമ്മിക്കും. പ്രാദേശിക ആവശ്യകത, ഫണ്ട് ലഭ്യത എന്നിവയനുസരിച്ച് ഏരിയ നോക്കി വിവിധ കായിക സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്.

**പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം**

280(1884) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ-സി) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 06-11-2020-ലെ (സാധാ)നം.182/2020/കാ.യു.വ. പ്രകാരം 72,12,000/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് 68,67,655/- രൂപയുടെ സാങ്കേതികാനുമതി ലഭ്യമാക്കി 05-08-2021-ൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മഡ്ഫുട്ബോൾ കോർട്ട്, ഗ്യാലറി, ചെയ്ഞ്ച് റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ടി പ്രവൃത്തിയിൽ റീട്ടെയിനിംഗ് വാൾ, ടോയ്‌ലെറ്റ് ബിൽഡിംഗ് എന്നിവയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ 40 ശതമാനം പൂർത്തിയായിട്ടുണ്ട്. 2023 മാർച്ച് മാസത്തിനകം പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

05-08-2021-ൽ കരാറിൽ ഏർപ്പെട്ടിരുന്ന മേൽപ്രവൃത്തിയുടെ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി 6 മാസക്കാലമായിരുന്നു. എന്നാൽ പല്ലാരിംമഗലം ഗ്രാമപഞ്ചായത്ത് ടി സ്ഥലത്തുണ്ടായിരുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റി സൈറ്റ് കൈമാറ്റം ചെയ്തത് 18-02-2022-ൽ മാത്രമാണ്. ടി കാലതാമസം കാരണം 25-02-2022-ലാണ് കാരാറുകാരന് സൈറ്റ് കൈമാറി നൽകിയത്.

(ഇ) പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 2023 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

281(1885) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയനുസരിച്ച് 2022-23 വർഷം സംസ്ഥാനത്ത് ഏതെല്ലാം മണ്ഡലത്തിലെ

കളിസ്ഥലങ്ങൾക്കാണ് ആസ്തി വികസ ഫണ്ടിലെ തുകയ്ക്ക് ആനുപാതികമായി സർക്കാർ ഫണ്ട് അനുവദിച്ചുകൊണ്ട് കളിസ്ഥലം നിർമ്മിക്കാൻ അനുമതിയായിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ 8 പ്രവൃത്തികൾക്ക് കായികയുവജന കാര്യാലയത്തിന്റെ പദ്ധതി വിഹിതത്തിൽ 50 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. 5 പ്രവൃത്തികൾക്കായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 1 കോടി രൂപ വീതം ഭരണാനുമതി ലഭ്യമായ 4 പദ്ധതികളിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും 1 പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) വാമനപുരം മണ്ഡലത്തിൽനിന്ന് ഇതിനായി നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പഞ്ചായത്ത് കളിസ്ഥലം ഒരു കോടി രൂപ ചെലവിൽ നവീകരിക്കുന്നതിനായുള്ള വിശദമായ മാസ്റ്റർ പ്ലാനും എസ്റ്റിമേറ്റും സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വരും വർഷങ്ങളിൽ പ്രസ്തുത പദ്ധതി ഇതുപോലെ തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**അമ്പലപ്പുഴ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

282(1886) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുള്ള കളിക്കളങ്ങളുടെ വിശദാംശവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ഗവ. മോഡൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിനെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി 17-01-2023-ലെ എ 3-3/23/ഡിഎസ്.വൈ.എ. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.) ഈ പദ്ധതിയുടെ എം.എൽ.എ. ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ സഹിതം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിരിക്കുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്നുള്ള ഭരണാനുമതി ലഭ്യമായാലുടൻ പ്രവൃത്തിയ്ക്കുള്ള സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ കളിക്കളങ്ങളുടെ നിർമ്മാണ നിർവഹണ ചുമതലകൾ നൽകിയിട്ടുള്ളത് ഏത് ഏജൻസിക്കാണ്; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കായികയുവജന കാര്യാലയത്തിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചും പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർവ്വഹണത്തിനുള്ള മാതൃക ധാരണാപത്രം അംഗീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും 12-07-2022-ലെ സ.ഉ. (അച്ചടി)നം.1/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കളിക്കളങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളും വിശദമാക്കുമോ?

പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി എം.എൽ.എ. ഫണ്ടിൽനിന്നുള്ള വിഹിതം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും എം.എൽ.എ. ഫണ്ട് വിഹിതം വകയിരുത്തുമെന്ന് കാണിച്ചുകൊണ്ടുള്ള കത്ത് ബഹു. എം.എൽ.എ.-യിൽനിന്നും ജില്ലാ കളക്ടറിൽനിന്നും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കായികവകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി കായിക യുവജന കാര്യാലയ ഡയറക്ടറിൽനിന്നും നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ 05-01-2023-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ

നിന്നുള്ള ഭരണാനുമതി ലഭ്യമായാൽ ഉടൻ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയം**

283(1887) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിൽ അനുവദിച്ച ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിലവിലെ സ്ഥിതിയും ആയത് സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം

നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്.

## മട്ടന്നൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

284(1888) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂൾ ഗ്രൗണ്ടുകളുടേയും കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടേയും നവീകരണത്തിനായി സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മാലൂർ ജി.എച്ച്.എസ്.എസ്., പടിയൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപ്പറമ്പ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂൾ ഗ്രൗണ്ടുകളുടെയും കീഴല്ലൂർ, മാലൂർ എന്നീ പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നവീകരണത്തിനായി 05-11-2020-ലെ സ.ഉ. (സാധാ)നം.180/2020/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും പ്രസ്തുത സ്ഥാപനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ധാരണാപത്രം സമർപ്പിക്കാത്തതിനാലും 2020-21 സാമ്പത്തിക വർഷം തുക കൈമാറാൻ സാധിച്ചിരുന്നില്ല. ധാരണാപത്രം സമർപ്പിച്ച പടിയൂർ ജി.എച്ച്.എസ്.എസ്. -ന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. മാലൂർ ജി.എച്ച്.എസ്.എസ്., ചിറ്റാരിപറമ്പ് ജി.എച്ച്.എസ്.എസ്. എന്നീ സ്കൂൾ അധികൃതരുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവിധ ജനപ്രതിനിധികളിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾ ടി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്ത 113 പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽതന്നെ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി ഘട്ടം ഘട്ടമായി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**നാദാപുരം മണ്ഡലത്തിലെ കളിസ്ഥലം നിർമ്മാണം**

285(1889) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം നിർമ്മിക്കാൻ കായിക വകുപ്പിൽനിന്ന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയെന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ & ബി) നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമപഞ്ചായത്തിൽ കല്ലുനിറ കളിക്കളം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കിവരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതാണ്.

**കായിക അദ്ധ്യാപകരുടെ നിയമനം**

286(1890) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറിതലം മുതലുള്ള എല്ലാ വിദ്യാലയങ്ങളിലും കായിക അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ ആലോചനയുണ്ടോ?

പരിഗണനയിലില്ല.

(ബി) ഓരോ ജില്ലയിലും നിലവിൽ കായികാദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

ഓരോ ജില്ലയിലും നിലവിൽ ഒഴിവുള്ള കായികാദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

കൊല്ലം ജില്ലയിൽ ആകെ നിലവിലുള്ള ഒരൊഴിവ് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി നീക്കിവച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിലവിലുള്ള ഒഴിവുകളിൽ 29 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 14 എണ്ണം അന്തർജില്ലാ സ്ഥലമാറ്റത്തിനായി മാറ്റിവച്ചിട്ടുണ്ട്. അർഹതപ്പെട്ട ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച കായിക താരങ്ങൾക്ക് ജോലി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

287(1891) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ കാലയളവിൽ എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റോവിംഗ് ടീം ഇനത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ ശ്രീ. സുഭാഷ് കെ. കെ.-യ്ക്ക് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2010-14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് 24 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുണ്ട്.

2010-14 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട വിഷയം പരിശോധിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല സമിതിയുടെ 25-04-2022-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 2010-14

വർഷത്തെ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

22-ാമത് കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ മലയാളി കായികതാരങ്ങളായ എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ, എം. ശ്രീശങ്കർ, ട്രീസ്സ ജോളി എന്നിവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സ്പോർട്സ് ക്വാട്ട നിയമനത്തിന് മാറ്റിവച്ചിട്ടുള്ള 50 തസ്തികകളിൽനിന്നും 4 ഒഴിവുകൾ നീക്കിവച്ച് നിയമനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള അഞ്ച് വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ സ്കൂൾ കെട്ടിട നിർമ്മാണം

288(1892) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിൽനിന്ന് പെർമിസീവ് സാങ്ഷൻ നൽകാൻ സാധിക്കുമോയെന്നും എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2019-ലെ കേരള സ്റ്റേറ്റ് വഖഫ് റൂൾസിലെ ചട്ടം 98 പ്രകാരം വഖഫ് ബോർഡിൽനിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. വഖഫ് വസ്തുവിലെ ഏത് തരത്തിലുള്ള കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്തേണ്ടത് ബോർഡിൽനിന്നുള്ള മുൻകൂർ അനുമതിയോടെ മാത്രമാണ്. വഖഫ് വസ്തുവിലെ നിർമ്മാണം സംബന്ധിച്ചുള്ള പ്ലാനും, എസ്റ്റിമേറ്റും സഹിതം വഖഫ് മുതവല്ലി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബോർഡിന്റെ അതത് ഓഫീസ് മേധാവികൾ ചട്ടം 98 പ്രകാരം നിർമ്മാണാനുമതി നൽകിവരുന്നത്.

## വഖഫ് ബോർഡ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

289(1893) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമത്തിനുവേണ്ടി വഖഫ് ബോർഡ്‌വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

1985-ലെ വഖഫ് ബോർഡ് സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ 60 വയസ്സ് പൂർത്തിയായതും 10 വർഷം തുടർച്ചയായി ജോലി ചെയ്തതും 50,000/- രൂപയിൽ താഴെ മാത്രം വാർഷിക വരുമാനമുള്ളവരുമായ നിശ്ചിത യോഗ്യതയുള്ള അറബി ഭാഷാ പണ്ഡിതർ/അദ്ധ്യാപകർ, ഇമാം, ഖാദിം എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്. മദ്രസ്സാ അദ്ധ്യാപകർക്ക് മാത്രമായി ക്ഷേമപദ്ധതികളൊന്നുംതന്നെ വഖഫ് ബോർഡിൽ നിലവിലില്ല.

മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമത്തിനുവേണ്ടി സംസ്ഥാന ന്യൂനപക്ഷ വകുപ്പ് പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ഭവന പദ്ധതി, ക്യാഷ് അവാർഡ്, ചികിത്സാ ധനസഹായം മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## 2023-ലെ ഹജ്ജ് തീർത്ഥാടനം

290(1894) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-ലെ ഹജ്ജിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

2023-ലെ ഹജ്ജ് തീർത്ഥാടനത്തിന് ഇനി ചുരുങ്ങിയ കാലയളവ് മാത്രമാണ് ശേഷിക്കുന്നത്. 2023 ജൂൺ മാസം ആരംഭിക്കുന്ന ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ നോട്ടിഫിക്കേഷനും ആക്ഷൻ പ്ലാനും ഇതുവരെ ലഭിച്ചിട്ടില്ല. ആയതുകൊണ്ടുതന്നെ ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാനത്തിന് ഇനിയും സാധിച്ചിട്ടില്ല. നോട്ടിഫിക്കേഷനും ആക്ഷൻപ്ലാനും ലഭിക്കുന്നമുറയ്ക്ക് ഹജ്ജ് 2023

നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ചുവടെ പറയുന്ന തയ്യാറെടുപ്പുകൾ സംസ്ഥാന ഹജ്ജ് കമ്മിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസിലും, കോഴിക്കോട് പുതിയറയിലെ റീജിയണൽ ഓഫീസിലും ഹജ്ജ് അപേക്ഷകർക്കായി പ്രത്യേകം ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹജ്ജ് അപേക്ഷകർക്കായി സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഹജ്ജ് ട്രെയിനർമാരുടെ സഹകരണത്തോടെ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ അപേക്ഷകരുള്ള ജില്ലകളിൽ നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ചും സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഹജ്ജ് ട്രെയിനർമാർക്കും, അക്ഷയ/ഐ.ടി. സംരംഭകർക്കും ഹജ്ജ് അപേക്ഷ സംബന്ധമായ പരിശീലന ക്ലാസ്സുകൾ നൽകുന്നതിനുള്ള ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്.

പുതിയ ഹജ്ജ് പോളിസിയുടെ കരട് പട്ടികയിൽ കേരളത്തിൽനിന്നും കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നീ മൂന്ന് വിമാനത്താവളങ്ങൾ എമ്പാർക്കേഷൻ പോയിന്റുകളായി പരിഗണിച്ചിട്ടുണ്ട്. കേരളത്തിലെ ഹാജിമാർക്ക് ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തുനിന്നും ഹജ്ജിന്

പുറപ്പെടുന്നതിന് മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളും അംഗീകരിച്ചുകിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

**ശബരി റെയിൽവേ പദ്ധതി**

291(1895) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിക്കുകയുണ്ടായി. റെയിൽവേ ബോർഡ് ഗതിശക്തി ഡയറക്ടേറ്റുമായുള്ള ചർച്ചകൾക്കുശേഷം അങ്കമാലി-എരുമേലി-ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 23-12-2022-ൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് ദക്ഷിണ റെയിൽവേ 10-01-2023-ൽ റെയിൽവേ

ബോർഡിന്റെ പരിഗണനക്കായി സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ പരിശോധനാഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23-ലെ പിങ്ക് ബുക്കിൽ ടോക്കൻ പ്രൊവിഷനോടുകൂടി ഇടംപിടിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും ഇതിൽ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ?

റെയിൽവേയുടെ നിർദ്ദേശപ്രകാരം കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ തയാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടും പുതുക്കിയ എസ്റ്റിമേറ്റും പ്രകാരം 3745 കോടി രൂപയാണ് പദ്ധതിച്ചെലവായി കണക്കാക്കുന്നത്. പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും റെയിൽവേ ബോർഡ് പരിശോധിച്ചുവരികയാണ്. അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതിച്ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(സി) പ്രസ്തുത പാതയിൽ വന്ദേ ഭാരത് ട്രെയിനുൾപ്പെടെ ഓടിക്കാൻ കഴിയുംവിധം വൈദ്യുതീകരണ സംവിധാനത്തിൽ മാറ്റംവരുത്തി എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ടോ; എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഉണ്ട്. 2X25 KV AC OHE കൂടിയുൾപ്പെടുത്തി വന്ദേഭാരത് ട്രെയിനുകളുൾപ്പെടെ ഓടിക്കാൻ കഴിയും വിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് തുക 3726.57 കോടി രൂപയാണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ശബരി പദ്ധതി നിർഘനീഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവെ മന്ത്രിക്ക് സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കത്തയച്ചിരുന്നു. തുടർന്ന് ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-09-2021-ലെ കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ 17-08-2022-ന് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവെ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി-ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. പ്രസ്തുത ചർച്ചയെ ആസ്പദമാക്കി, പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ്സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് കത്ത് നൽകുകയും

ചെയ്തു. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23-ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 പ്രകാരം ഇടംപിടിച്ചിരുന്നു. വരുന്ന കേന്ദ്ര ബഡ്ജറ്റിലും പദ്ധതിക്ക് മതിയായ തുക വകയിരുത്തി പിങ്ക് ബുക്കിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകയും ചെയ്തിരുന്നു. പദ്ധതി നിർഘനീഭവിപ്പിക്കുകയും മതിയായ തുക വകയിരുത്തി ദക്ഷിണ റെയിൽവേ പിങ്ക് ബുക്കിൽ ഉൾക്കൊള്ളിക്കുകയും ചെയ്യുന്ന മുറക്ക് തുടർ നടപടിക്രമങ്ങളുമായി റെയിൽവെ മുമ്പോട്ടു പോകുന്നതാണ്.

**തിരൂർ റെയിൽവേ സ്റ്റേഷനിൽ യാത്രക്കാർ നേരിടുന്ന പ്രയാസങ്ങൾ**

292(1896) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂർ റെയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ റെയിൽവേ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട റെയിൽവേ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തിരൂർ റെയിൽവേ സ്റ്റേഷനിൽ രണ്ട് ഫുട്ട് ഓവർ ബ്രിഡ്ജുകൾ, 137 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള വെയിറ്റിംഗ് ഹാൾ, 1500 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള സർക്കുലേറ്റിംഗ് ഏരിയ, ഉയർന്ന നിലവാരത്തിലുള്ള പ്ലാറ്റ്ഫോമുകൾ, 3892 സ്ക്വയർ മീറ്റർ വിസ്തീർണമുള്ള പ്ലാറ്റ്ഫോം ഷെൽട്ടർ, ശീതീകരിച്ച റിസർവേഷൻ ലോഞ്ച്, പണം കൊടുത്ത് ഉപയോഗിക്കാൻ സാധിക്കുന്ന ശീതീകരിച്ച വിശ്രമ കേന്ദ്രം, ക്ലോക്ക് റൂം, ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീൻ, വീൽചെയറുകൾ, ശീതീകരിച്ച കുടിവെള്ള സംവിധാനം, ശൗചാലയങ്ങൾ എന്നിവ യാത്രക്കാരുടെ സൗകര്യത്തിനായി ലഭ്യമാക്കിയിട്ടുണ്ട്, കൂടാതെ ലിഫ്റ്റ് നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നുണ്ട്. യാത്രാക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് സംബന്ധിച്ച് റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്.

## മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം

293(1897) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ, അനുവദിച്ച പദ്ധതി വിഹിതം, ചെലവ്, പദ്ധതികളുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ ഫണ്ടൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിലെ വടക്കാഞ്ചേരി വെറ്ററിനറി പോളിക്ലിനിക്, തിരൂർ മൃഗാശുപത്രി, പൂമല മൃഗാശുപത്രി എന്നീ 3 വെറ്ററിനറി സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആകെ 7,10,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ആലപ്പുഴ ജില്ലയിലെ പക്ഷിപ്പനി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

294(1898) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ പക്ഷിപ്പനി ബാധിച്ചതുമൂലം എത്ര പക്ഷികളെയാണ് കൊന്നൊടുക്കേണ്ടി വന്നിട്ടുള്ളതെന്നതിന്റെ കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

പക്ഷിപ്പനി ബാധിച്ചതുമൂലം ഒക്ടോബർ 2022 മുതൽ ജനുവരി 2023 വരെ കൊന്നൊടുക്കേണ്ടി വന്ന പക്ഷികളുടെ എണ്ണം - 456881

(ബി) ഇതുമൂലം ഈ മേഖലയിലെ കർഷകർക്കും സംരംഭകർക്കും ഉണ്ടായ നഷ്ടത്തിന്റെ കണക്ക് വ്യക്തമാക്കാമോ?

വളർത്തുപക്ഷികളെ കൊന്ന് നശിപ്പിച്ച ഇനത്തിൽ 97,88,100/- രൂപയുടെയും പക്ഷിപ്പനിമൂലം പക്ഷികൾ ചത്ത ഇനത്തിൽ 16,34,100/- രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

(സി) ഇവർക്ക് നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

2014 മുതൽ 2022 മാർച്ച് 31 വരെ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ അപേക്ഷകൾക്കും സംസ്ഥാന സർക്കാരിന്റെ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും ഈ ഇനത്തിൽ ആകെ 22,12,21,446 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിന്റെ കേന്ദ്രവിഹിതമായ 4.45 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിക്കുവാനുണ്ട്.

(ഡി) പക്ഷിപ്പനി നിർമ്മാർജ്ജനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പക്ഷിപ്പനി തടയുന്നതിന് ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവ സുരക്ഷാ ശക്തിപ്പെടുത്തൽ, രോഗബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കൽ, ഫീൽഡിലെ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തുക എന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവുചെയ്യുന്നു. അതോടൊപ്പം രോഗബാധിത പ്രദേശത്ത്

പക്ഷികൾ, മുട്ടകൾ, തീറ്റ, മാംസം, കാഷ്ടം എന്നിവ ശാസ്ത്രീയമായി നശിപ്പിക്കുന്നു. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശങ്ങളിലെ കോഴിക്കടകളും മുട്ടവില്പന കേന്ദ്രങ്ങളും പൂർണ്ണമായി അടച്ചിടുന്നു. കള്ളിംഗ്, സാനിട്ടേഷൻ എന്നീ നടപടികൾ പൂർത്തിയായാലുടൻ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. 1 കിലോമീറ്റർ മുതൽ 10 കിലോമീറ്റർ ചുറ്റളവിൽ നിരീക്ഷണ മേഖലകളിൽ 90 ദിവസത്തേക്ക് അകത്തേയ്ക്കും പുറത്തേക്കും പക്ഷികൾ, പക്ഷി മുട്ട, കാഷ്ഠം എന്നിവയുടെ കടത്തൽ നിരോധിച്ചിരിക്കുന്നു. ആക്ഷൻ പ്ലാൻപ്രകാരം പോസ്റ്റ് ഓപ്പറേഷൻ സർവെയലൻസ് പദ്ധതിയുടെ ഭാഗമായി ഓരോ രണ്ടാഴ്ച കൂടുമ്പോഴും (4 തവണ) സർവെയലൻസ് മേഖലയിൽനിന്നും വളർത്തു പക്ഷികളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഭോപ്പാലിലെ NIHSAD ലാബിൽ അയക്കുന്നു. ആയതിന്റെ റിസൾട്ട് നെഗറ്റീവ് ആണെങ്കിൽ മാത്രമെ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന് 3 മാസത്തിനുശേഷം 1 കിലോമീറ്റർ ചുറ്റളവിൽ പക്ഷികളെ വളർത്താൻ അനുവദിക്കുകയുള്ളൂ.

**മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

295(1899) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിനെയാണ് മാതൃക മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി തെരെഞ്ഞെടുത്തിട്ടുള്ളത്. വെങ്ങിണിശ്ശേരി മൃഗാശുപത്രിവഴിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ സാമ്പത്തിക വർഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലെ ഒഴിവുകൾ

296(1900) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നുമുള്ള വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്ര കാലമായി ഒഴിവുകൾ തുടരുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്ര കാലമായി ഒഴിവുകൾ തുടരുന്നുമെന്നുള്ള വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## പാറശാല മണ്ഡലത്തിലെ പദ്ധതികൾ

297(1901) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശാല മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കാമോ?

പാറശാല മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളുടെ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിവരങ്ങളും ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്മാർട്ട് മൃഗാശുപത്രി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്മാർട്ട് മൃഗാശുപത്രികളെന്ന പേരിൽ മൃഗസംരക്ഷണ വകുപ്പിൽ സ്ഥാപനങ്ങൾ നിലവിലില്ല.

## മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യം

298(1902) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ പരീശിലനത്തിന് വരുന്നവർക്ക് താമസത്തിനും ഭക്ഷണത്തിനുമുള്ള സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ കക്കാട് പ്രദേശത്ത് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാൻ പ്രകാരമുള്ള ട്രെയിനിംഗ് ഹാളിൽ ഏകദേശം

10 പേർക്കുള്ള ഡോർമെറ്ററി സൗകര്യം ഒരുക്കുന്നതിനുള്ള മുറി ലഭ്യമാണെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ ഫർണിച്ചർ വാങ്ങുന്നതിനുള്ള വ്യയനിയന്ത്രണ ഉത്തരവ് നിലവിലുള്ളതിനാൽ ഫർണിച്ചറും മറ്റും വാങ്ങുന്നതിന് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

നിലവിൽ പരിശീലനാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം കുടുംബശ്രീ മുഖേന നൽകിവരുന്നു.

## മികച്ച ഇനം കന്നുകാലികളുടെ ഉല്പാദനം

299(1903)ശ്രീ. വി. ജോയി:
ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ സംസ്ഥാനത്തിന്റെ സ്ഥാനം രാജ്യത്ത് എത്രാമതാണെന്ന് അറിയിക്കാമോ?

2019 കന്നുകാലി സെൻസസ് പ്രകാരം രാജ്യത്ത് മൃഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം ചുവടെ ചേർക്കുന്നു.

കന്നുകാലികളുടെ (പശു, എരുമ) എണ്ണത്തിൽ 21-ാം സ്ഥാനം

ചെമ്മരിയാട് & ആടിന്റെ എണ്ണത്തിൽ 19-ാം സ്ഥാനം

പന്നികളുടെ എണ്ണത്തിൽ 20-ാം സ്ഥാനം

പൗൾട്രിയുടെ എണ്ണത്തിൽ 9-ാം സ്ഥാനം

2020-21 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവേ റിപ്പോർട്ട് പ്രകാരം കേരളം പാലുല്പാദനത്തിന്റെ കാര്യത്തിൽ രാജ്യത്ത് 15-ാം സ്ഥാനത്തും മുട്ട ഉല്പാദനത്തിൽ രാജ്യത്ത് 14-ാം സ്ഥാനത്തും മാംസോല്പാദനത്തിൽ 8-ാം സ്ഥാനത്തും നിൽക്കുന്നു.

(ബി) സംസ്ഥാനത്ത് മികച്ച ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കർഷകർക്ക് ആവശ്യാനുസരണം അവരുടെ ഉരുക്കളിൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ സഹകരണത്തോടെ ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ സൗജന്യമായി സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തുവരുന്നു. അതുവഴി ഉല്പാദന ക്ഷമത കൂടുതലുള്ള മികച്ച ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിക്കുന്നു. കൂടാതെ കെ.എൽ.ഡി. ബോർഡ് ലഭ്യമാക്കുന്ന സെക്സ് സോർട്ടഡ് സെമൻ കൂടുതലായി കിടാരികളിലും ഒന്നാം

പ്രസവം കഴിഞ്ഞ പശുക്കളിലും കുത്തിവച്ച് കൂടുതൽ പശുക്കിടാങ്ങളെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ജനിതക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഭ്രൂണമാറ്റം, ഇൻ-വിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉല്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉല്പാദിപ്പിക്കുവാനും, കർഷകരുടെ ഇടങ്ങളിലുള്ള ഉത്പാദനശേഷികൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഇതിനുപുറമേ പശുക്കുട്ടികളെ മാത്രം ഉത്പാദിപ്പിക്കുന്നതിനുള്ള ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ കർഷകർക്ക് ലഭ്യമാക്കിവരുന്നു.

(സി) ഇതിനായി ഹൈബ്രിഡ് ഇൻസെമിനേഷൻ അടക്കമുള്ള നൂതന സാങ്കേതികവിദ്യകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ജർമ്മനിയിൽനിന്നും ഇറക്കുമതി ചെയ്ത ഉയർന്ന ജനിതക മേന്മയുള്ള അഞ്ച് ഹോൾസ്റ്റീൻഫ്രീഷ്യൻ വിത്തുകാളകളുടെയും ഡെൻമാർക്കിൽനിന്ന് ഇറക്കുമതി ചെയ്ത നാല് ജെഴ്സി വിത്തുകാളകളുടെയും ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. ഉയർന്ന ഉല്പാദന

ക്ഷമതയുള്ള ജെഴ്സി, ഹോൾസ്റ്റീൻഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് മാട്ടുപ്പെട്ടി ഫാമിൽ വിത്തുകാളകളെ ഉല്പാദിപ്പിച്ച് കഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനനപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

(ഡി) കാലിത്തീറ്റ ഉല്പാദന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ/ദിവസം), ഇടുക്കി ജില്ലയിലെ അരിക്കുഴ (500 മെട്രിക് ടൺ/ദിവസം) എന്നീ യൂണിറ്റുകളിൽ നിന്നായി കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉല്പാദനശേഷി 1750 ടൺ ആയി ഉയർത്തിയിട്ടുണ്ട്.

പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ഇ) തീറ്റപ്പുൽ കൃഷി ഇരട്ടിയിൽ അധികമെങ്കിലും വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പിനുകീഴിൽ വിവിധ തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ നടപ്പാക്കി വരുന്നു. നടപ്പു സാമ്പത്തികവർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി തീറ്റപ്പുൽകൃഷി വികസന പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 3.56 ലക്ഷം മെ. ടൺ പച്ചപ്പുല്ല് അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായം, ചോളം കൃഷിയ്ക്ക് ധനസഹായം, വൃക്ഷവിളകൾ വിതരണം ചെയ്യുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണത്തിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷിയ്ക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തൽ, ഹൈഡ്രോപോണിക് ഫോഡർ ഉല്പാദനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക, വലിയതുറയിൽ സ്റ്റേറ്റ് ഫോഡർ ഫാമിന്റെയും പരിശീലനകേന്ദ്രത്തിന്റെയും അടിസ്ഥാനസൗകര്യ വികസനം, ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി./മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്യഷിയും വിപണനവും, ക്ഷീരസഹകരണ

സംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശു ഭൂമികളിലും, ഉപയോഗ ശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ പുൽകൃഷി വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പിനുകീഴിൽ വിവിധ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

**കന്നുകാലികളിൽ ചർമ്മ മുഴ രോഗം**

300(1904)ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി കന്നുകാലികളിൽ ചർമ്മ മുഴ രോഗം വ്യാപിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത രോഗബാധയുടെ കാരണം എന്താണെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കണ്ടുപിടിച്ചിട്ടുണ്ട്, പോക്സ് വിഭാഗത്തിൽപ്പെട്ട വൈറസ് ആണ് ഈ രോഗബാധയുടെ കാരണം.

(സി) രോഗബാധ തടയുന്നതിനും രോഗം ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

രോഗബാധ തടയുന്നതിനായി ചർമ്മമുഴ സ്ഥിരീകരിച്ച ഉരുക്കൾ നിൽക്കുന്ന പ്രദേശത്തിന് ഒരു കിലോ മീറ്റർ ചുറ്റളവിൽ റിംഗ്/കണ്ടയിന്റ്മെന്റ് വാക്സിനേഷൻ നടത്തിവരുന്നു. നിലവിൽ രോഗബാധ തടയുന്നതിനായി ജനുവരി 18 മുതൽ 30 പ്രവർത്തി ദിവസങ്ങളിലായി ചർമ്മരോഗ പ്രതിരോധ കാർപെറ്റ് വാക്സിനേഷൻ ക്യാമ്പ് നടത്തിവരുന്നു. രോഗം ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിന് അതാത് പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**ജന്തുരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ കോർപ്പസ് ഫണ്ട്**

301(1905) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്തുരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കോർപ്പസ് ഫണ്ടിന്റെ സാമ്പത്തിക സ്രോതസ്സ് എന്താണ്; വിശദമാക്കാമോ?

കേരളത്തിലുടനീളമുള്ള കന്നുകാലി കർഷകരിൽനിന്നും ഒരു നിശ്ചിത ഫീസ് (3 രൂപ/5 രൂപ/10 രൂപ) അഡ്മിനിസ്ട്രേഷൻ ചാർജ്ജായി ഈടാക്കി അവരുടെ ഉരുക്കൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ് നൽകുന്നതിന് വേണ്ടിവരുന്ന ചെലവുകൾക്കായി രൂപീകരിക്കുകയും ഇവ ജില്ലാ ട്രഷറിയിൽ സ്ഥിര നിക്ഷേപമാക്കുകയും ചെയ്തുവരുന്നു. ഇങ്ങനെ കാലാകാലങ്ങളായി സൂക്ഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളാണ് കോർപ്പസ് ഫണ്ട്. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഈ തുക ഇപ്രകാരം സൂക്ഷിക്കുന്നതും പി.എം.സി.-യുടെ അംഗീകാരത്തോടെ മാത്രമാണ് ചെലവഴിക്കുന്നതും.

(ബി) എന്നുമുതലാണ് കോർപ്പസ് ഫണ്ട് സമാഹരിച്ച് തുടങ്ങിയത്; ഇപ്പോഴും സമാഹരിക്കുന്നുണ്ടോ; വിശദമാക്കാമോ?

2004 മുതലാണ് കോർപ്പസ് ഫണ്ട് സമാഹരിച്ച് തുടങ്ങിയത്. വാക്സിനേഷൻ ക്യാമ്പയിനുകൾ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി തുടങ്ങിയ 2020 മുതൽ കോർപ്പസ് ഫണ്ടിലേക്ക് ക്യാമ്പയിനുകളിൽനിന്നും തുക സമാഹരിക്കുന്നില്ല. വളർത്താനായി കൊണ്ടുവരുന്ന ഉരുക്കൾക്ക് ചെക്ക് പോസ്റ്റുകളിൽ കുളമ്പുരോഗ കുത്തിവെപ്പിന് ഈടാക്കുന്ന (ഒരു ഡോസിന് വാക്സിനേഷൻ ചാർജ് 10 രൂപയും, അഡ്മിനിസ്ട്രേഷൻ ചാർജ് 15 രൂപയും ചേർത്ത് ആകെ 25 രൂപ ) മാത്രമേ ഇപ്പോൾ കോർപ്പസ് ഫണ്ടിലേക്ക് വരുന്നുള്ളൂ.

(സി) കോർപ്പസ് ഫണ്ട് സമാഹരിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്നും മറ്റാവശ്യങ്ങൾക്ക് ഇതിൽനിന്ന് തുക വിനിയോഗിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ ആയത് തിരിച്ചടച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേരളത്തിലെ ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്നതിനുവേണ്ടി അവരുടെ ഉരുക്കളെ, വാക്സിനേഷൻവഴി മാത്രം നിർമ്മാർജനം ചെയ്യാൻ കഴിയുന്ന തരത്തിലുള്ള വൈറസ് രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടി ആരംഭിച്ചതാണ് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്. സ്ഥിര നിക്ഷേപമായി തിരുവനന്തപുരം ജില്ല

ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള കോർപ്പസ് ഫണ്ട് തുകയുടെ പലിശ ഉപയോഗിച്ച് പക്ഷി-മൃഗാദികൾക്കുള്ള വാക്സിനേഷൻ ക്യാമ്പയിനുകൾ (പ്രധാനമായും കുളമ്പുരോഗം) നടത്തുന്നതിനും, കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് നൽകുമ്പോൾ വാക്സിന്റെ പ്രതിപ്രവർത്തനംമൂലം മരണപ്പെടുകയോ അബോർഷൻ സംഭവിക്കുകയോ ചെയ്യുന്ന ഉരുക്കൾക്കും കുളമ്പുരോഗംമൂലം മരണപ്പെട്ട ഉരുക്കൾക്കും നഷ്ടപരിഹാരം നൽകുന്നതിനും പെട്ടെന്ന് ഉണ്ടാകുന്ന ഡിസീസ് ഔട്ട് ബ്രേക്കുകൾ നേരിടുന്നതിന് ഉടനടി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായിട്ടാണ് ഈ തുക സമാഹരിച്ചിട്ടുള്ളത്.

പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം കോർപ്പസ് ഫണ്ട് പലിശയിൽ നിന്നും അനുവദിക്കുന്ന തുക റീക്ലപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ പക്ഷിപ്പനി നിയന്ത്രിക്കുന്നതിനായി "cull" ചെയ്തതും മരണപ്പെട്ടതുമായ പക്ഷികൾക്കും ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിനായി "cull" ചെയ്ത പന്നികൾക്കും നഷ്ടപരിഹാരം നൽകുന്നത് തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിച്ച തുകയിൽ 1,15,00,000/- രൂപ പക്ഷിപ്പനി നഷ്ടപരിഹാരയിനത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്.

(ഡി) കോർപ്പസ് ഫണ്ടിനായി 2022 മാർച്ച് 31 വരെ സമാഹരിച്ച തുക എത്രയാണ്; ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ തുക എത്രയാണ്; ആകെ

ചെലവഴിച്ച തുക എത്രയാണ്; ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

1. കോർപ്പസ് ഫണ്ട് ഇനത്തിൽ സമാഹരിച്ചതും, ഫിക്സഡ് ഡിപ്പോസിറ്റുകളായി തിരുവനന്തപുരം ജില്ല ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ തുക = 48,31,87,903/- രൂപ

2. നാളിതുവരെ മേൽപ്പറഞ്ഞ തുകയ്ക്ക് ലഭിച്ചതായ പലിശ = 38,28,63,636/-

3. ആകെ ചെലവഴിച്ച തുക = 36,95,38,057/-

വിവിധ വാക്സിനേഷൻ ക്യാമ്പയിനുകളുടെ നടത്തിപ്പിനും (വാക്സിനുകളും, ലോജിസ്റ്റിക്കും വാങ്ങുന്നതിനുള്ള ചെലവ് ഉൾപ്പെടെ) വാക്സിനേഷൻ പ്രതിപ്രവർത്തനങ്ങൾ മൂലം മരണപ്പെട്ടതും അബോർഷൻ സംഭവിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിനും ഔട്ട്ബ്രേക്ക് മാനേജ്മെന്റുകൾക്കും കുളമ്പുരോഗംപോലെയുള്ള അസുഖംമൂലം മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും പ്രത്യേക സർക്കാർ ഉത്തരവുകൾ പ്രകാരം കോർപ്പസ് ഫണ്ട് പലിശയിൽനിന്നും അനുവദിക്കുന്ന തുക റീക്കുപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ പക്ഷിപനി നിയന്ത്രിക്കുന്നതിനായി

"cull" ചെയ്യതും, മരണപ്പെട്ടതുമായ പക്ഷികൾക്കും, ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിനായി "cull" ചെയ്ത പന്നികൾക്കും നഷ്ടപരിഹാരം നൽകുന്നത് തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ തുക ചെലവഴിച്ചിട്ടുണ്ട്.

**വളർത്തുമൃഗങ്ങളിലെ ചർമ്മ മുഴ രോഗം**

302(1906) <u>ശ്രീ. യു. എ. ലത്തീഫ് :</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ് :</u>
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പശുക്കളിലും മറ്റ് വളർത്തുമൃഗങ്ങളിലും ചർമ്മ മുഴ എന്ന സാംക്രമിക രോഗം പടർന്നുപിടിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത രോഗബാധയുടെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പോക്സ് വിഭാഗത്തിൽപ്പെട്ട വൈറസാണ് ഈ രോഗബാധയുടെ കാരണം.

(സി) ഇക്കാര്യത്തിൽ ക്ഷീര കർഷകരുടെ ആശങ്ക അകറ്റുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

രോഗബാധ തടയുന്നതിനായി ചർമ്മമുഴ സ്ഥിരീകരിച്ച ഉരുക്കൾ നിൽക്കുന്ന പ്രദേശത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ റിംഗ്/കണ്ടയിന്റ്മെന്റ് വാക്സിനേഷൻ നടത്തിവരുന്നു. നിലവിൽ രോഗബാധ തടയുന്നതിനായി ജനുവരി 18 മുതൽ 30 പ്രവൃത്തി ദിവസങ്ങളിലായി ചർമ്മ രോഗപ്രതിരോധ കാർപ്പറ്റ് വാക്സിനേഷൻ ക്യാമ്പ് നടത്തിവരുന്നു. രോഗം ബാധിച്ച കന്നുകാലികളെ ചികിത്സിക്കുന്നതിന് അതത് പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

303(1907) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനും 24 മണിക്കൂർ ടോൾ ഫ്രീ കേന്ദ്രീകൃത

കോൾ സെന്റർ സംവിധാനം നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് അനുവദിച്ചിട്ടില്ല. ടി പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്ക് കേന്ദ്രീകൃത ടോൾ ഫ്രീ കോൾ സെന്റർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കൊടകര ബ്ലോക്കിന് കീഴിൽ പ്രസ്തുത പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ ബ്ലോക്കുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**മങ്കട മണ്ഡലത്തിലെ പദ്ധതികൾ**

304(1908) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഓഫീസുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ സ്വന്തമായി കെട്ടിടമില്ലാത്ത രണ്ട് ഓഫീസുകൾ നിലവിലുണ്ട്.

(1) വെറ്ററിനറി സബ് സെന്റർ, കൂട്ടിലങ്ങാടി.

(2) വെറ്ററിനറി സബ് സെന്റർ, പുഴക്കാട്ടിരി.

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) മങ്കട മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പുവഴി നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

**വർക്കല മണ്ഡലത്തിലെ പദ്ധതികൾ**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

305(1909) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലുമായി വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ വിശദമാക്കാമോ?

വർക്കല മണ്ഡലത്തിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി
- ബയോവേസ്റ്റ് കൺവർട്ടഡ് റ്റു മാന്വർ
- മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫക്ഷൻ & സാനിട്ടേഷൻ
- രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം പദ്ധതി
- മിൽക്കിംഗ് മെഷീൻ
- ഇന്ററസ്റ്റ് സബ് വെൻഷൻ
- റൂറൽ ബാക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
- ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
- എമർജൻസി അനിമൽ ഹെൽത്ത് ക്യാമ്പ്

- ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി
- ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം
- എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറീസ് & പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്
- ബാക്യാർഡ് ടർക്കി ഫാമിംഗ്
- ബാക്യാർഡ് പൗൾട്രി റെയറിംഗ് സ്കീം ഫോർ എസ്.സി. ഫാമിലീസ് & ഇൻവോൾവ്മെന്റ് വിത്ത് എസ്.സി. ഡിപ്പാർട്ട്മെന്റ്
- കേജ് സിസ്റ്റം ഓഫ് റെയറിംഗ് ബേഡ്സ് ഇൻ അർബൻ ഏരിയാസ്
- എക്സ്പാൻഷൻ ഓഫ് ക്രോസ് ബ്രീഡിംഗ് ഫെസിലിറ്റീസ്
- SREP - മോഡൽ പഞ്ചായത്ത്
- ബാക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട് ത്രൂ സ്കൂൾസ്

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

**പക്ഷിപ്പനി**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

306(1910) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ് :
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. എ. കെ. എം. അഷ്റഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും പക്ഷിപ്പനി പടർന്ന് പിടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) പക്ഷിപ്പനി പടരുന്നത് തടയുന്നതിനായി കോഴി, താറാവ്, മറ്റ് പക്ഷികൾ എന്നിവയെ കൊല്ലേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവ് ചെയ്യുന്നു. 2022 സെപ്റ്റംബർ 30 വരെയുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം കർഷകർക്ക്

നൽകിക്കഴിഞ്ഞു. തുടർന്നുള്ള നാശനഷ്ടങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ച് വരുന്നു.

(സി) പക്ഷിപ്പനി തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പക്ഷിപ്പനി തടയുന്നതിന് ദേശാടന പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവസുരക്ഷ ശക്തിപ്പെടുത്തുകയും രോഗബാധിതപ്രദേശങ്ങൾ അണുവിമുക്തമാക്കുകയും ചെയ്യുന്നതോടൊപ്പം ഫീൽഡ്തല ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്താനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവ് ചെയ്യുക; അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവ ശാസ്ത്രീയമായി നശിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

307(1911) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നിലവിൽ രണ്ട് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ജില്ലയിൽ കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

എല്ലാ ബ്ലോക്കുകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിന്മേലുള്ള നടപടി**

308(1912) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതും വൈപ്പിൻ ബ്ലോക്കിന് കീഴിൽ വരുന്നതുമായ വെറ്ററിനറി ക്ലിനിക്കൽ ലബോറട്ടറി, വന്ധ്യതാ ക്ലിനിക്ക് തുടങ്ങിയ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 07-12-2022-ന് എറണാകുളം ജില്ല മൃഗസംരക്ഷണ ഓഫീസിൽനിന്നും സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിനുകീഴിൽ വരുന്ന വെറ്ററിനറി ക്ലിനിക്കൽ ലബോറട്ടറി, വന്ധ്യതാ ക്ലിനിക് തുടങ്ങിയ പദ്ധതികൾക്കുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധനയിലാണ്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പക്ഷിപ്പനി പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ

309(1913) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നുപിടിക്കുന്ന പക്ഷിപ്പനി പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) രോഗം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ & ബി) പക്ഷിപ്പനി തടയുന്നതിന് ദേശാടന പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവസുരക്ഷ ശക്തിപ്പെടുത്തൽ, രോഗബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കൽ, ഫീൽഡ്തല ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തുക എന്നിവയുൾപ്പടെ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി

കൊന്നൊടുക്കി മറവ് ചെയ്യുന്നു; അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ, മാംസം, കാഷ്ഠം എന്നിവ ശാസ്ത്രീയമായി നശിപ്പിക്കുന്നു. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശങ്ങളിലെ കോഴിക്കടകളും മുട്ട വില്പന കേന്ദ്രങ്ങളും പൂർണ്ണമായി അടച്ചിടുന്നു. കള്ളിംഗ്, സാനിട്ടേഷൻ എന്നീ നടപടികൾ പൂർത്തിയായാലുടൻ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. 1 കിലോമീറ്റർ മുതൽ 10 കിലോമീറ്റർ ചുറ്റളവിൽ നിരീക്ഷണ മേഖലകളിൽ 90 ദിവസത്തേയ്ക്ക് അകത്തേയ്ക്കും പുറത്തേയ്ക്കും പക്ഷികൾ, പക്ഷിയിറച്ചി, മുട്ട, കാഷ്ഠം എന്നിവയുടെ കടത്തൽ നിരോധിച്ചിരിക്കുന്നു. ആക്ഷൻപ്ലാൻ പ്രകാരം പോസ്റ്റ് ഓപ്പറേഷൻ സർവൈലൻസ് പദ്ധതിയുടെ ഭാഗമായി ഓരോ രണ്ടാഴ്ച കൂടുമ്പോഴും (4 തവണ) സർവെയലൻസ് മേഖലയിൽനിന്ന് വളർത്തുപക്ഷികളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഭോപ്പാലിലെ NIHSAD ലാബിൽ അയയ്ക്കുന്നു. ആയതിന്റെ റിസൾട്ട് നെഗറ്റീവ് ആണെങ്കിൽ മാത്രമേ സാനിട്ടേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന് 3 മാസത്തിനുശേഷം 1 കിലോമീറ്റർ ചുറ്റളവിൽ പക്ഷികളെ വളർത്താൻ അനുവദിക്കുകയുള്ളൂ.

(സി) പ്രസ്തുത രോഗത്തിന്റെ പ്രതിരോധത്തിനായി പക്ഷികൾക്ക് വാക്സിനേഷൻ നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പക്ഷികൾക്ക് പക്ഷിപ്പനിക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നല്കുന്നതിനായി നിർദ്ദേശം നൽകിയിട്ടില്ല. മാത്രവുമല്ല പക്ഷിപ്പനി പ്രതിരോധിക്കുന്നതിനുള്ള പ്രതിരോധ കുത്തിവെയ്പുകൾ നിലവിൽ ലഭ്യമല്ല. ആയതിനാൽ മൃഗസംരക്ഷണവകുപ്പ് കൃത്യമായി രോഗനിരീക്ഷണം നടത്തിവരുന്നു.

(ഡി) പ്രസ്തുത രോഗം മനുഷ്യരിലേയ്ക്കോ മറ്റ് മൃഗങ്ങളിലേയ്ക്കോ പകരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പകരുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## വെറ്ററിനറി ആംബുലൻസ്

310(1914) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വെറ്ററിനറി ആശുപത്രികൾക്കാണ് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ (Mobile Veterinary Unit) 14 ജില്ലകളിലെ 29 ബ്ലോക്കുകളിലാണ് അനുവദിച്ചിട്ടുള്ളത്. ആശുപത്രികൾക്ക് പ്രത്യേകമായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടില്ല. ടി ആംബുലൻസുകളുമായി ബന്ധിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) രണ്ടാം ഘട്ടത്തിൽ എത്ര ആശുപത്രികൾക്കാണ് ആംബുലൻസുകൾ അനുവദിക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പദ്ധതികൾ

311(1915) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പ്രസ്തുത പദ്ധതികളുടെ വിശദാംശം, പുരോഗതി എന്നിവ വ്യക്തമാക്കാമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി

2) ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മറ്റി

3) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി

4) സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി

5) ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ ശാക്തീകരണം പദ്ധതി

6) ഓപ്പറേഷണൽ കോസ്റ്റ്

7) വന്ധ്യതാനിവാരണ ക്യാമ്പ്

8) മോഡൽ പഞ്ചായത്ത്

9) മെയിൽ കാഫ് ഫാറ്റനിംഗ് യൂണിറ്റ് പദ്ധതി

മണ്ണാർക്കാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇംപ്ലിമെന്റേഷൻ ഓഫ് മൊബൈൽ വെറ്ററിനറി യൂണിറ്റെന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകളിൽ ഒരെണ്ണം മണ്ണാർകാട് ബ്ലോക്ക്, അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിൽ പ്രവർത്തിപ്പിച്ച് ക്ഷീരകർഷകർക്ക് സേവനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റ് അട്ടപ്പാടി ബ്ലോക്കിൽ പ്രവർത്തനം ആരംഭിച്ച് ക്ഷീരകർഷകർക്ക് സേവനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്കുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വെറ്ററിനറി ഡോക്ടർമാർക്ക് പ്രത്യേക അലവൻസ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

312(1916) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി ഡോക്ടർമാർക്ക് മൃഗങ്ങളെ വീട്ടിൽ പോയി പരിശോധിക്കുന്നതിന് പ്രത്യേക അലവൻസ് നൽകുന്നുണ്ടോ?

ഇല്ല.

(ബി) ആവശ്യമെങ്കിൽ തീരെ അവശതയിലുള്ള മൃഗങ്ങളെ ഡോക്ടർ വീട്ടിൽ പോയി പരിശോധിക്കണമെന്ന് നിയമമുണ്ടോയെന്ന് അറിയിക്കുമോ?

14-10-2015-ലെ സ.ഉ.(സാധാ) നം.1765/15/എ.ഡി. പ്രകാരം ഡ്യൂട്ടി സമയത്ത് അവശതയുള്ള മൃഗങ്ങൾക്ക് ചികിത്സ ആവശ്യമായിവരുന്ന അടിയന്തര സാഹചര്യങ്ങളിൽ വെറ്ററിനറി ഡോക്ടർമാർക്ക് വീട്ടിൽപോയി പരിശോധിക്കാവുന്നതാണ്.

(സി) സർക്കാർ വെറ്ററിനറി ഡോക്ടർമാർ സ്വകാര്യ വെറ്ററിനറി ക്ലിനിക്കുകളിൽ ജോലി ചെയ്യുന്നത് നിയമാനുസൃതമാണോ; വിശദവിവരം ലഭ്യമാക്കാമോ?

അല്ല. എന്നാൽ 14-10-2015-ലെ സ.ഉ.(സാധാ) നം. 1765/15/എ.ഡി. പ്രകാരം വെറ്ററിനറി ഡോക്ടർമാർക്ക് അവരുടെ കൃത്യനിർവ്വഹണത്തെ

ബാധിക്കാത്ത രീതിയിലും ഡ്യൂട്ടി സമയത്തിന് പുറത്തും സ്വകാര്യ പ്രാക്ടീസ് നടത്താവുന്നതാണ്.

**മാംസോല്പാദന പദ്ധതി**

313(1917) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് തുടക്കംകുറിച്ച മാംസോല്പാദന പദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പദ്ധതി സംസ്ഥാന വ്യാപകമായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ആലപ്പുഴ ജില്ലയിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത

പദ്ധതി നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ സ്ഥലം**

314 (1918) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ സ്ഥലമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ 16 ഏക്കർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലം നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത സ്ഥലത്ത് 2022-23-ലെ ബഡ്ജറ്റ് പ്രകാരം ഒരു കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിക്കാനുള്ള ശിപാർശയുണ്ട്. പ്രസ്തുത ശിപാർശ 2023-2024 ബഡ്ജറ്റിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പുതിയ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല.

## കുറ്റ്യാടി മണ്ഡലത്തിലെ മൃഗഡോക്ടർമാരുടെ ഒഴിവുകൾ

315(1919) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മൃഗഡോക്ടർമാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താത്തത് കാരണം ക്ഷീരകർഷകർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുറ്റ്യാടി മണ്ഡലത്തിലെ പുറമേരി, ആയഞ്ചേരി, കുറ്റ്യാടി, മണിയൂർ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിൽ 4 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ കുറ്റ്യാടി, മണിയൂർ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിൽ താല്ക്കാലികാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ വെറ്ററിനറി സർജൻമാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ബാക്കി

രണ്ട് വെറ്ററിനറി ഡിസ്പെൻസറികളിൽ വെറ്ററിനറി സർജൻമാർക്ക് അധിക ച്ചുമതല നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

വെറ്ററിനറി സർജൻ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽ-നിന്നും നിയമനശിപാർശ ലഭിച്ചതനുസരിച്ച് നിയമനോത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ-കം-അറ്റൻഡന്റ് നിയമനം

316(1920) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മൃഗസംരക്ഷണവകുപ്പിന് എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

29 മൊബൈൽ വെറ്ററിനറി യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ-കം-അറ്റൻഡന്റ് തസ്തികയിലെ നിയമന വ്യവസ്ഥയുടെ വിശദാംശം അറിയിക്കാമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ-കം-അറ്റൻഡന്റ് തസ്തികയിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ലഭിക്കുവാൻ വൈകുന്ന സാഹചര്യത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ വാക്ക്-ഇൻ-ഇന്റർവ്യൂ വഴി ആളെ നിയമിക്കുകയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലിസ്റ്റ് ലഭിക്കുമ്പോൾ ടി ഡ്രൈവർ-കം-അറ്റൻഡന്റ്മാരെ പിരിച്ചുവിടുകയും ചെയ്യും.

(സി) ഡ്രൈവർ-കം-അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ?

(സി & ഡി) മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലെ ഡ്രൈവർ-കം-അറ്റൻഡന്റ് തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്

നിലവിൽ നിയമനം നടത്തുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ലഭിക്കുവാൻ വൈകുന്ന സാഹചര്യത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതിരിക്കുവാൻ, വാക്ക്-ഇൻ-ഇന്റർവ്യൂ വഴി ആളെ നിയമിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് ടി വാക്ക്-ഇൻ-ഇന്റർവ്യൂ വഴി താത്കാലിക നിയമനം നേടിയ ആളെ പിരിച്ചുവിടുകയും ചെയ്യും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സ്വീകരിച്ചുവരുന്നു. ഇതുവരെ ആലപ്പുഴ ജില്ലയിലെ മുതുകുളം, കഞ്ഞിക്കുഴി എന്നീ ബ്ലോക്കുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തിയിട്ടുണ്ട്.

## കാലിത്തീറ്റയുടെ വിലവർദ്ധനവ്

317(1921) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവുമൂലം കർഷകർ ബുദ്ധിമുട്ടിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്നതാകയാൽ അവയുടെ വിലയിൽ നേരിട്ട് നിയന്ത്രണം അസാധ്യമാണ്. അതുപോലെ കടത്തുകൂലിയും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ മേഖലയിലെ സ്വകാര്യ സംരംഭകർ കാലിത്തീറ്റ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നില്ല. മിൽമയുടെയും കേരള ഫീഡ്സിന്റെയും പ്രവർത്തന നഷ്ടം പരിഗണിച്ച് സർക്കാർ കാലിത്തീറ്റ വില വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും വിവിധ വശങ്ങൾ പഠിച്ച കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിനനുസരിച്ചാണ് കാലിത്തീറ്റയുടെ വില്പന വില വർദ്ധിപ്പിക്കേണ്ടിവന്നത്. വില വർദ്ധനവ് നടപ്പിലാക്കിയതിനുശേഷവും മേഖലായൂണിയനുകൾ അവരവരുടെ കഴിവനുസരിച്ചുള്ള സബ്സിഡി കർഷകർക്ക് നൽകിയിട്ടുണ്ട്.

കേരള ഫീഡ്സ് എന്ന പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിൽ സർക്കാർ ഇടപെടുന്നതിനാൽ പൊതുവിപണിയിൽ കാലിത്തീറ്റ വില നിയന്ത്രിക്കുന്നതിന് സാധിക്കുന്നു.

2022 ഫെബ്രുവരി മുതൽ കാലിത്തീറ്റയുടെ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ അനിയന്ത്രിതവും അഭൂതപൂർവ്വവുമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് കേരളത്തിലുള്ള കർഷകർക്ക് സ്ഥിരമായി ലഭ്യമാക്കണമെന്ന സർക്കാർ നയത്തിനനുസൃതമായി പ്രവർത്തിക്കുന്നൊരു പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ്, തത്തുല്യമായ വില വർദ്ധനവ് വരുത്തിയിട്ടില്ല. 2022 ഏപ്രിൽ മാസം മുതൽ 2022 ഒക്ടോബർ മാസംവരെയുള്ള കാലയളവിൽ ക്ഷീരകർഷകർക്ക് ചാക്കൊന്നിന് വിപണി വിലയെക്കാൾ ഏകദേശം 152/- രൂപ വിലക്കുറവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുക വഴി, 42 കോടി രൂപയുടെ ആനുകൂല്യം ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കാൻ കേരള ഫീഡ്സിന് സാധിച്ചു. ഉല്പാദന ചെലവ് കൂടുവാനുള്ള കാരണം അസംസ്കൃതവസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് ആയതിനാൽ

പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്ക് ഒന്നിന് 250 രൂപ വർദ്ധിപ്പിക്കുന്നതിന് പകരം ചാക്ക് ഒന്നിന് 150 രൂപ മാത്രമായി നിജപ്പെടുത്തുകയാണുണ്ടായത്. ഈ വിലവർദ്ധനവ് 01.11.2022 മുതലാണ് പ്രാബല്യത്തിൽ വന്നത്. 2019 മുതൽ 2022 ഒക്ടോബർ മാസംവരെ കേരള ഫീഡ്സ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചുവെങ്കിലും വിപണി വിലയേക്കാൾ ഇപ്പോഴും ഒരു കിലോയ്ക്ക് 70 പൈസ കുറവാണ് കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കുള്ളത്.

കാലിത്തീറ്റ വിലയിൽ സബ്സിഡി നൽകിക്കൊണ്ട് കർഷകരെ വിവിധ പദ്ധതിയിലൂടെ മൃഗസംരക്ഷണവകുപ്പ് സഹായിച്ചുവരുന്നു. പ്രത്യേക കന്നുകുട്ടി പദ്ധതിയുടെ കീഴിൽ ഗോവർദ്ധിനി സ്കീം പ്രകാരം 4 മുതൽ 6 മാസംവരെയുള്ള പശുകുട്ടികളെ തെരഞ്ഞെടുത്ത് അവയ്ക്ക് അൻപത് ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്.

മൃഗാശുപത്രികളിലും കൃത്രിമബീജാധാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമക്കുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ

ലഭിക്കും. ഒരു കർഷകന് രണ്ട് പശു/എരുമക്കുട്ടികൾക്കുവരെ ആനുകൂല്യം ലഭിക്കും. പല പഞ്ചായത്തുകളും പ്ലാൻ പദ്ധതി തുക ഉപയോഗിച്ച് കറവ പശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്.

കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം 4 മാസം പ്രായമായ കുട്ടികൾക്ക് 30 കിലോഗ്രാം, 5 മാസം മുതൽ 6 മാസംവരെ 45 കിലോഗ്രാം, 7 മാസം മുതൽ 18 മാസം വരെ 60 കിലോഗ്രാം (അതിനുശേഷം 75 കിലോഗ്രാം) എന്നിങ്ങനെ പകുതി സബ്സിഡിയോട് കൂടിയാണ് തീറ്റ അനുവദിക്കുന്നത്.

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടുകൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപവരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു. കൂടാതെ ക്ഷീരവികസനവകുപ്പ് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകിവരുന്നു. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപവരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ

നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപവരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസനവകുപ്പിന്റെ ഒരു രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്.

(ബി) ക്ഷീരവികസന മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ക്ഷീര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും മിൽക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമെ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം

നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി. എം. ആർ. എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായക പങ്ക് വഹിച്ചുവരുന്നു.

(സി) പാലുല്പന്നങ്ങൾ മൂല്യവർദ്ധിതമാക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്നും എന്തെല്ലാം പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന്റെ ഭാഗമായി മിച്ചമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ ഇല്ലാത്തത് മുൻനിർത്തി മുൻഗണനാടിസ്ഥാനത്തിൽ 53.93 കോടി രൂപ അടങ്കൽ തുകവരുന്ന പാൽപ്പൊടി നിർമ്മാണശാല മലപ്പുറം ജില്ലയിൽ മൂർക്കനാട് വില്ലേജിൽ സ്ഥാപിക്കാനാണ് മിൽമ മലബാർ മേഖലാ യൂണിയൻ ലക്ഷ്യമിടുന്നത്. ക്ഷീര കർഷകരിൽനിന്നും സംഭരിക്കുന്ന പാൽ അത്യാധുനിക ഡയറി പ്ലാന്റുകളിൽ പ്രോസസ്സ് ചെയ്ത് വില്പന നടത്തി, പ്രസ്തുത വില്പന തുകയുടെ ഏകദേശം 83 ശതമാനവും ക്ഷീരകർഷകർക്കുതന്നെ തിരിച്ച് നൽകുന്നൊരു സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതോടൊപ്പം കർഷകരിൽനിന്നും ഇപ്രകാരം സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. നിലവിൽ നെയ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണിതന്നെ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. കഴിഞ്ഞ

സാമ്പത്തിക വർഷംതന്നെ കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആൻഡ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. മലബാർ മേഖല യൂണിയനിൽ പാൽ സംഭരണം വിൽപ്പനയെക്കാൾ കൂടുതലായതുകൊണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളായ പാൽപ്പൊടി, long life milk, condensed milk, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതുവഴി കൂടുതൽ വിറ്റുവരവ് ഉണ്ടാക്കുവാനും അതേ സമയത്ത് ക്ഷീരകർഷകരിൽനിന്നും മുടക്കമില്ലാതെ പാൽ സംഭരിക്കുന്നതിനും സാധിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്ത് ലഭിക്കുന്ന വിറ്റുവരവിൽനിന്നും അധികതുക കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും സാധിക്കും. കേരളത്തിന് പുറത്തുള്ള വിപണികളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചുകൊണ്ടും വിദേശ രാജ്യങ്ങളിൽ മിൽമ ഉല്പന്നങ്ങൾ കയറ്റുമതി നടത്തിയും മിൽമയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വ്യാപകമായി വിപണനം നടത്തിവരുന്നു. മിൽമയുടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മേഖലകളിലേക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ

എത്തിക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

**ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ നടപടി**

318(1922) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധതരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതുവഴി ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ) ക്ഷീരകർഷകരിൽനിന്നും സംഭരിക്കുന്ന പാൽ അത്യാധുനിക ഡയറി പ്ലാന്റുകളിൽ ഉല്പാദന പ്രക്രിയക്ക് വിധേയമാക്കി പാലിനോടൊപ്പം ഗുണമേന്മയുള്ള അനവധി മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നുണ്ട്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന എല്ലാ ഉല്പന്നങ്ങളുടെയും പാലിന്റെയും വിൽപന വിലയുടെ ഏതാണ്ട് 83 ശതമാനവും ക്ഷീരകർഷകർക്കുതന്നെ പാൽ വിലയായും മറ്റാനുകൂല്യങ്ങളായും തിരികെ ലഭിക്കുന്ന സംവിധാനമാണ് മിൽമ അവലംബിച്ചിരിക്കുന്നത്.

(ബി) ഉയർന്ന ഗുണമേന്മയുള്ള കാലിത്തീറ്റ പ്രാദേശികമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഗുണമേന്മയുള്ള കാലിത്തീറ്റ പ്രാദേശികമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായിട്ടാണ് പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യൂണിറ്റുകൾ ആരംഭിച്ചിരിക്കുന്നത്. അപ്രകാരം തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ കാലിത്തീറ്റ ലഭ്യമാക്കുവാൻ കരുനാഗപ്പള്ളി യൂണിറ്റും (പ്രതിദിന ഉല്പാദനശേഷി 300 മെട്രിക് ടൺ) മലയോര പ്രദേശങ്ങളുൾപ്പെടുന്ന ഇടുക്കി, കോട്ടയം ജില്ലകൾക്കായി തൊടുപുഴ യൂണിറ്റും (പ്രതിദിന ഉല്പാദനശേഷി 500 മെട്രിക് ടൺ) തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ കാലിത്തീറ്റ വിതരണത്തിനായി കല്ലേറ്റുംകര യൂണിറ്റും (പ്രതിദിന ഉല്പാദനശേഷി 650 മെട്രിക് ടൺ) വടക്കൻ മേഖലയിലെ കാലിത്തീറ്റ വിതരണം സുഗമമാക്കുന്നതിനായി വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി തിരുവങ്ങൂർ യൂണിറ്റും (പ്രതിദിന ഉല്പാദനശേഷി 300 മെട്രിക് ടൺ) സ്ഥാപിച്ചിരിക്കുന്നത്. പ്രാദേശികമായി കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി പഞ്ചായത്തുതലത്തിൽ ക്ഷീരസംഘങ്ങൾ, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP)

ജനകീയാസൂത്രണപദ്ധതി, ഡീലർമാർ മുഖേനയും കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്.

പ്രതിദിനം 300 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മിൽമ ക്ഷീര സംഘങ്ങളിൽനിന്നും ലഭിക്കുന്ന ഇൻഡന്റുകൾക്കനുസരിച്ച് ഗുണമേന്മയുള്ള കാലിത്തീറ്റ അതത് സംഘങ്ങളിൽ എത്തിച്ചുവരുന്നുണ്ട്. ഉരുക്കളുടെ ആരോഗ്യത്തിനും ഗുണമേന്മയുള്ള പാലുല്പാദനത്തിനും പച്ചപ്പുൽ നൽകുന്നത് ഉത്തമമായതിനാൽ സമീകൃത കാലിത്തീറ്റയെക്കാൾ തീറ്റപ്പുൽകൃഷിയാണ് ക്ഷീരവികസന വകുപ്പ് പ്രോത്സാഹിപ്പിക്കുന്നത്. ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

(സി) ഇതര സംസ്ഥാനത്ത് നിന്നുള്ള ഗുണനിലവാരം കുറഞ്ഞ മായം ചേർന്ന കാലിത്തീറ്റയുടെ വിതരണം തടയാൻ നടപടികൾ സ്വീകരിക്കുമോ?

കാലിത്തീറ്റ ഗുണനിലവാര നിയന്ത്രണ ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ആയത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. പൊതുജനാഭിപ്രായം തേടി ഇത് നിയമമാകുന്നതോടെ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന കാലിത്തീറ്റയുടെയും തീറ്റവസ്തുക്കളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനും നിർദ്ദിഷ്ട ഗുണനിലവാരമില്ലാത്തവ വിൽക്കുന്ന സ്ഥാപനങ്ങൾ/കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനും പിഴ, കോമ്പൻസേഷൻ അടക്കമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റുകളിലെ ഉദ്യോഗസ്ഥരുടെ ഒഴിവ്

319(1923) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ക്ഷീരവികസന യൂണിറ്റ് ഓഫീസുകളിൽ സ്ഥിരം ക്ഷീരവികസന ഓഫീസറെയും ഡയറി ഫാം ഇൻസ്ട്രക്ടറെയും നിയമിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽ 3 ക്ഷീരവികസന യൂണിറ്റുകളാണുള്ളത് - മണിക്കടവ് ക്ഷീരവികസന യൂണിറ്റ്, ഇരിക്കൂർ ക്ഷീരവികസന യൂണിറ്റ്, ആലക്കോട് ക്ഷീരവികസന യൂണിറ്റ് - ഇവിടങ്ങളിൽ ക്ഷീരവികസന ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്. 3 യൂണിറ്റുകളിലും ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. ഇരിക്കൂറും മണിക്കടവിലും ഒന്നുവീതവും ആലക്കോട് രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാരും നിലവിലുണ്ട്.

(ബി) ഇരിക്കൂർ മണ്ഡലത്തിന്റെ പരിധിയിൽവരുന്ന ക്ഷീരവികസന യൂണിറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷീരവികസനവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് പാലുല്പാദനം കുറഞ്ഞ യൂണിറ്റുകളിലെ ഉദ്യോഗസ്ഥരെ ഇരിക്കൂർ മണ്ഡലത്തിലെ ക്ഷീരവികസന യൂണിറ്റിലേയ്ക്ക് പുനർവിന്യസിക്കുന്നത് പരിഗണിക്കുമോ; ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷീരവികസനവകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ക്ഷീരവികസന

ഓഫീസർമാരുടെ ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. ഡയറി ഫാം ഇൻസ്ട്രക്ടർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്.

## ക്ഷീരവികസന വകുപ്പിലെ സ്പെഷ്യൽ ഡ്യൂട്ടി

320(1924) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച ചീഫ് സെക്രട്ടറിയുടെ ഉത്തരവിന് വിരുദ്ധമായി സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ക്ഷീരവികസന വകുപ്പിൽ ഏതൊക്കെ തസ്തികകളിൽ സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള പേരും ഓഫീസ് വിലാസവും ലഭ്യമാക്കാമോ?

ക്ഷീരവികസന വകുപ്പിലെ ചില ഓഫീസുകളിലെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനുവേണ്ടി, പ്രസ്തുത ഓഫീസുകളിൽ ചില പ്രധാന തസ്തികകളിൽ ഒഴിവ് വരുമ്പോഴും/സുഗമമായ പ്രവർത്തനങ്ങൾക്കായും ചില ജീവനക്കാരെ താൽക്കാലികമായി സ്പെഷ്യൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്.

ഇതു സംബന്ധിച്ച ലിസ്റ്റും കാര്യാലയവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്ലാർക്ക് | 1 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ലാർക്ക്/ടൈപ്പിസ്റ്റ് | 1 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ലാർക്ക് | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കോഴിക്കോട് |
| ക്ലാർക്ക് | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, പാലക്കാട് |
| സീനിയർ ക്ലാർക്ക് | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ആലപ്പുഴ |
| സീനിയർ ക്ലാർക്ക് | പട്ടണക്കാട് ക്ഷീരവികസന യൂണിറ്റ്, ആലപ്പുഴ |
| സീനിയർ ക്ലാർക്ക് | ചിറ്റൂർ ക്ഷീരവികസന യൂണിറ്റ്, പാലക്കാട് |
| ക്ലാർക്ക് | ക്വാളിറ്റി കൺട്രോൾ യൂണിറ്റ്, മലപ്പുറം |
| ക്ലാർക്ക് | ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കണ്ണൂർ |
| ടൈപ്പിസ്റ്റ് | വാമനപുരം ക്ഷീരവികസന യൂണിറ്റ്, തിരുവനന്തപുരം |
| ഹെഡ് ക്ലാർക്ക് | 2 – ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം |
| ക്ഷീരവികസന ഓഫീസർ | 2 – ഡയറക്ടറേറ്റ്/സ്റ്റേറ്റ് ഡയറി ലാബ്, പട്ടം, തിരുവനന്തപുരം<br>1 – പാറശ്ശാല ചെക്ക്പോസ്റ്റ്, തിരുവനന്തപുരം<br>1 - ആര്യങ്കാവ് ചെക്ക്പോസ്റ്റ്, കൊല്ലം<br>2 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട്<br>2-ക്ഷീരകർഷക ക്ഷേമനിധി, പട്ടം, തിരുവനന്തപുരം |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 – ക്ഷീരകർഷക ക്ഷേമനിധി, പട്ടം, തിരുവനന്തപുരം<br>1 – ഹരിപ്പാട് ക്ഷീരവികസന യൂണിറ്റ്, ആലപ്പുഴ |
| ലാബ് ടെക്നീഷ്യൻ | 1 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട് |
| ലാബ് അസിസ്റ്റന്റ് | 1 - മീനാക്ഷിപുരം ചെക്ക്പോസ്റ്റ്, പാലക്കാട് |

(ബി) ഒരു വർഷമായി ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ തുടരുന്ന കണ്ണൂർ ജില്ല ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി

ഡയറക്ടർ ഓഫീസിലെ ഹെഡ് ക്ലാർക്കിന് സർക്കാർ അനുമതിയില്ലാതെ 16-01-2023-ലെ ഡി.ഡി.ഡി.കെ.ഇ.ആർ./3683/2022-ഇ 2 നമ്പർ ഉത്തരവ് പ്രകാരം പുതുക്കി അനുവദിച്ച സ്പെഷ്യൽ ഡ്യൂട്ടി റദ്ദ് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ പി.എസ്.സി. ലിസ്റ്റ് ലഭ്യമാക്കാതിരുന്ന സാഹചര്യത്തിലും നിലവിൽ ജോലിയിൽ തുടർന്നിരുന്ന ക്ലാർക്കുമാർ സ്ഥലം മാറ്റമോ സ്ഥാനക്കയറ്റമോ മുഖാന്തരമുണ്ടായ ഒഴിവുകളിന്മേലാണ് ആവശ്യകത കണക്കിലെടുത്ത് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിരുന്നത്. വകുപ്പ് അദ്ധ്യക്ഷന്റെ കാര്യാലയം ആയതിനാലും 14 ജില്ലകളിലെ കാര്യങ്ങൾ നിയന്ത്രിക്കേണ്ട ഓഫീസ് ആയതിനാലും ഈ കാലയളവിൽ ഫയൽ തീർപ്പാക്കൽ കർമ്മപരിപാടി നടന്നിരുന്നതിനാലും ഒഴിവുള്ള ചില സുപ്രധാന സീറ്റുകളിൽ പരിചയസമ്പന്നരായ ജീവനക്കാർ വേണ്ടതിനാലുമാണ് ഡയറക്ടറേറ്റിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി സ്പെഷ്യൽ ഡ്യൂട്ടിയിൽ ജീവനക്കാരെ താത്കാലികമായി നിയോഗിക്കുന്നത്. ഈ സെക്ഷനുകളിൽ പരിചയസമ്പന്നരായ ജീവനക്കാർ അല്ലാത്തപക്ഷം ഹെഡ് ഓഫീസ് എന്ന നിലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഫയലുകൾ

സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും സാധിക്കാതെ വരും. ടി ഒഴിവുകൾ സമയബന്ധിതമായി തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുമുണ്ട്. എന്നാൽ പി.എസ്.സി. മുഖാന്തരമുള്ള ലിസ്റ്റ് ലഭ്യമാക്കാത്തതിനാലാണ്, ജോലികൾ തടസ്സപ്പെടാതിരിക്കുന്നതിനും സേവനം കൃത്യമായി ലഭിക്കുന്നതിനുമായി ചില പ്രധാന സെക്ഷനുകളിൽ സ്പെഷ്യൽ ഡ്യൂട്ടി മുഖാന്തരം ജീവനക്കാരെ നിയോഗിച്ചിരിക്കുന്നത്. ഇത് ഒരു സ്ഥിര നിയമനമല്ല. പി.എസ്.സി. മുഖാന്തരമോ മറ്റേതെങ്കിലും വഴിയോ ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടി അവസാനിപ്പിച്ച് ജീവനക്കാരെ തിരികെ സ്വന്തം ലാവണങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതുമാണ്. ഹെഡ് ഓഫീസിന്റെ ജോലികൾ കൃത്യമായും സുഗമമായും തടസ്സമില്ലാതെ നടത്തുന്നതിനായാണ് താത്കാലികമായി മാത്രം ചുരുങ്ങിയ കാലയളവിലേയ്ക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചിരിക്കുന്നത്.

(സി) ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ക്ഷീരകർഷക ക്ഷേമനിധി എന്നിവിടങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ആരൊക്ക സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയുന്നുണ്ട്; ഇവർക്ക് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ശ്രീ. ശ്രീജിത്ത് പി. – ക്ഷീരവികസന ഓഫീസർ (ഡയറക്ടറേറ്റ്)

ശ്രീമതി നിമി അമീർ - ക്ഷീരവികസന ഓഫീസർ (സ്റ്റേറ്റ് ഡയറി ലാബ്)

ശ്രീമതി മീര വി. ആർ. - ക്ഷീരവികസന ഓഫീസർ (ക്ഷേമനിധി)

ശ്രീമതി ശ്രീലത റ്റി. സി. – ക്ഷീരവികസന ഓഫീസർ (ക്ഷേമനിധി)

ശ്രീ. സജയൻ വി. – ക്ലാർക്ക്/ടൈപ്പിസ്റ്റ് (ഡയറക്ടറേറ്റ്)

ശ്രീമതി ഉമാ മഹേശ്വരി റ്റി. വി. – ക്ലാർക്ക് (ഡയറക്ടറേറ്റ്)

ശ്രീമതി ഉദയ എൽ. ആർ. - ഹെഡ് ക്ലാർക്ക് (ഡയറക്ടറേറ്റ്)

ശ്രീ. പത്മകുമാർ എ. കെ. – ഹെഡ് ക്ലാർക്ക് (ഡയറക്ടറേറ്റ്)

ശ്രീമതി അമല ലക്ഷ്മി – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)

ശ്രീമതി ദീപ മോൾ – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)

ശ്രീമതി റീന വി. ജെ. – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)

ശ്രീമതി സിംന – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)

ശ്രീമതി റാണി പ്രിയദർശിനി – ഡയറി ഫാം ഇൻസ്ട്രക്ടർ (ക്ഷേമനിധി)

എന്നിവർ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, ക്ഷേമനിധി എന്നിവിടങ്ങളിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്തുവരുന്നു. വകുപ്പിലെ ഉത്തരവ് പ്രകാരമാണ് സ്പെഷ്യൽ ഡ്യൂട്ടി അനുവദിച്ചുവരുന്നത്.

**ക്ഷീരശ്രീ പോർട്ടൽ**

321(1925) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ തുക ധനസഹായമായി ലഭിക്കുന്ന പദ്ധതികൾക്ക് ക്ഷീരശ്രീ പോർട്ടൽ വഴി അപേക്ഷിക്കുന്നതിന് സാധിക്കുകയില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ക്ഷീരവികസനവകുപ്പിന്റെ അംഗീകൃത പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള ധനസഹായ തുക ലഭിക്കുന്നതിന് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

(ബി) കുറഞ്ഞ തുക ധനസഹായമായി ലഭിക്കുന്ന പദ്ധതികൾക്ക് ചെറുകിട ക്ഷീരകർഷകർക്ക് സഹായകരമാകുന്ന രീതിയിൽ ക്ഷീരശ്രീ പോർട്ടൽ മുഖേന എല്ലാവിധ ധനസഹായത്തിനുള്ള അപേക്ഷകളും സമർപ്പിക്കുന്നതിന് സൗകര്യം നൽകുമോ?

ചെറുകിട ക്ഷീരകർഷകർക്ക് സഹായകരമാകുന്ന രീതിയിൽ ക്ഷീരവികസനവകുപ്പിന്റെ അംഗീകൃത പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള ധനസഹായ തുക ലഭിക്കുന്നതിന് ക്ഷീരശ്രീ പോർട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

**ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാലുല്പന്നങ്ങളുടെ ഗുണനിലവാരം**

322(1926) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാലുല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും അല്ലാത്തവ അതിർത്തിയിൽതന്നെ തടയാനുമുള്ള പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിനുകീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി),

വാളയാറിലും (പാലക്കാട്) ചെക്ക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.

ഇതര സംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾവഴി കേരളത്തിലേക്ക് കടന്നുവരുന്ന പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവ അതിർത്തിയിൽ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷവകുപ്പിൽ സ്ഥിരം സംവിധാനമില്ല. എന്നാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും FSW (Food Safety on Wheels) ഉപയോഗിച്ചുള്ള പ്രാഥമിക പരിശോധനയിൽ പ്രശ്നങ്ങൾ കണ്ടെത്തുന്ന വാഹനങ്ങൾ തടഞ്ഞുനിറുത്തി സാമ്പിളുകൾ ശേഖരിച്ച് NABL അംഗീകാരമുള്ള ലാബിൽ പരിശോധിച്ച് തുടർനടപടികൾ

സ്വീകരിച്ചുംവരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് മൊബൈൽ ലാബുകൾ ഉപയോഗിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ ആകെ 9316 പാൽ പരിശോധനകൾ നടത്തുകയും 845 സ്റ്റാറ്റ്യൂട്ടറി സാമ്പളുകളും 2695 സർവ്വയലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 33 സാമ്പിളുകൾ Unsafe ആയും 32 സാമ്പിളുകൾ Substandard ആയും 5 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. Unsafe റിപ്പോർട്ടുകൾ ലഭിയ്ക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ കേസുകളും Substandard റിപ്പോർട്ടുകൾ ലഭിയ്ക്കുന്നവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്ത് നടപടികൾ തുടർന്നുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ**

323(1927) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; അവ ഓരോന്നിന്റെയും വിശദാംശം, പ്രവർത്തന പുരോഗതി എന്നിവ വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

രാത്രികാല അടിയന്തിര മൃഗചികിത്സാ പദ്ധതി - 44020/-രൂപ

ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മറ്റി - 7(10500/- രൂപ)

ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി - 2 യൂണിറ്റ് (50,000/- രൂപ)

സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി - (4 യൂണിറ്റ്-130500/- രൂപ)

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഇടുക്കി ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി

324(1928) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷം പീരുമേട് നിയോജക മണ്ഡലത്തിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.

2022-23 സാമ്പത്തിക വർഷം പീരുമേട് നിയോജക മണ്ഡലത്തിലെ പീരുമേട് ബ്ലോക്ക് പഞ്ചായത്തിലെ വണ്ടിപെരിയാർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

ക്ഷീര ഗ്രാമം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വികേന്ദ്രീകൃത വികസന മാതൃക തയ്യാറാക്കുക.
2. പഞ്ചായത്തിലെ ക്ഷീരകർഷകരുടെ ലാഭം ഇരട്ടിയാക്കുക.
3. തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതിൽനിന്നും പാലുല്പാദനം വർദ്ധിപ്പിക്കുക.

4. ഹെർഡ് ഇൻഡക്ഷൻ, യന്ത്രവത്കരണം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിവ ഗുണഭോക്തൃ പഞ്ചായത്തുകളിൽ നടപ്പിലാക്കുക.

5. ഓരോ ഗ്രാമപഞ്ചായത്തിലും 600 ഓളം ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുക.

6. തെരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 84 കറവ പശുക്കളെ വാങ്ങുന്നതിന് ധനസഹായം നൽകുക.

7. ഓരോ ഗുണഭോക്തൃ ഗ്രാമപഞ്ചായത്തിൽനിന്നും 100 ഓളം ക്ഷീരകർഷകർക്ക് ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും യന്ത്രവത്കരിക്കുന്നതിനും ധനസഹായം നൽകുക.

8. തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തിൽനിന്ന് 11 ക്ഷീരകർഷകർക്ക് കറവ യന്ത്രം വാങ്ങുന്നതിന് ധനസഹായം നൽകുക.

9. തെരഞ്ഞെടുത്ത പഞ്ചായത്തിലെ 420 കർഷകർക്ക് സബ്സിഡി നിരക്കിൽ ധാതു മിശ്രിതം വാങ്ങുന്നതിന് ധനസഹായം നൽകുക.

**ക്ഷീരഗ്രാമം പദ്ധതി**

325(1929) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

2022-23-ലെ ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

2022-23-ലെ ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | ഭരണിക്കാവ് | ആലപ്പുഴ |
| 2 | ആലങ്ങാട് | എറണാകുളം |
| 3 | അരക്കുഴ | എറണാകുളം |
| 4 | വണ്ടിപെരിയാർ | ഇടുക്കി |
| 5 | പരിയാരം | കണ്ണൂർ |
| 6 | ചെമ്മനാട് | കാസർഗോഡ് |
| 7 | അഞ്ചൽ | കൊല്ലം |
| 8 | ചിതറ | കൊല്ലം |
| 9 | കല്ലുവാതുക്കൽ | കൊല്ലം |
| 10 | മരങ്ങാട്ടുപിള്ളി | കോട്ടയം |

| | | |
|---|---|---|
| 11 | വാഴൂർ | കോട്ടയം |
| 12 | നരിപ്പട്ട | കോഴിക്കോട് |
| 13 | കരുളായി | മലപ്പുറം |
| 14 | നാഗലശ്ശേരി | പാലക്കാട് |
| 15 | ഷോളയാർ | പാലക്കാട് |
| 16 | കടമ്പനാട് | പത്തനംതിട്ട |
| 17 | പുല്ലമ്പാറ | തിരുവനന്തപുരം |
| 18 | മടക്കത്തറ | തൃശ്ശൂർ |
| 19 | താന്നിയം | തൃശ്ശൂർ |
| 20 | മീനങ്ങാടി | വയനാട് |

**ക്ഷീരഗ്രാമം പദ്ധതി**

326(1930) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷം ക്ഷീരഗ്രാമം നടപ്പിലാക്കിയ പഞ്ചായത്തുകൾ

| ജില്ല | പഞ്ചായത്ത് |
|---|---|
| തിരുവനന്തപുരം | പോത്തൻകോട് |
| കൊല്ലം | ഇട്ടിവ |

| | |
|---|---|
| കൊല്ലം | കരീപ്ര |
| ആലപ്പുഴ | തണ്ണീർമുക്കം |
| കോട്ടയം | കറുകച്ചാൽ |
| എറണാകുളം | കോട്ടുവള്ളി |
| കോഴിക്കോട് | വേളം |
| കോഴിക്കോട് | കടലുണ്ടി |
| കണ്ണൂർ | മങ്ങാട്ടിടം |
| കണ്ണൂർ | പിരളശ്ശേരി |

2022-23 വർഷം 20 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1. | ആലപ്പുഴ | ഭരണിക്കാവ് |
| 2. | എറണാകുളം | ആലങ്ങാട് |
| 3. | എറണാകുളം | അരക്കുഴ |
| 4. | ഇടുക്കി | വണ്ടിപെരിയാർ |
| 5. | കണ്ണൂർ | പരിയാരം |
| 6. | കാസർഗോഡ് | ചെമനാട് |
| 7. | കൊല്ലം | അഞ്ചൽ |
| 8. | കൊല്ലം | ചിതറ |
| 9. | കൊല്ലം | കല്ലുവാതുക്കൽ |
| 10. | കോട്ടയം | മരങ്ങാട്ടുപ്പള്ളി |
| 11. | കോട്ടയം | വാഴൂർ |

| | | |
|---|---|---|
| 12. | കോഴിക്കോട് | നരിപ്പറ്റ |
| 13. | മലപ്പുറം | കരുളായി |
| 14. | പാലക്കാട് | നഗലശ്ശേരി |
| 15. | പാലക്കാട് | ഷോളയാർ |
| 16. | പത്തനംതിട്ട | കടമ്പനാട് |
| 17. | തിരുവനന്തപുരം | പുല്ലമ്പാറ |
| 18. | തൃശ്ശൂർ | മാടക്കത്തറ |
| 19. | തൃശ്ശൂർ | താന്ന്യം |
| 20. | വയനാട് | മീനങ്ങാടി |

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് ക്ഷീര കർഷകർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്.

**ക്ഷീരഗ്രാമം പദ്ധതി**

327(1931) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ക്ഷീരവൃത്തിയിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുകയെന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ മുഖ്യലക്ഷ്യം. ക്ഷീരഗ്രാമം പദ്ധതിയുടെ ഗുണഭോക്താക്കളായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1) ഗ്രാമപഞ്ചായത്തിന് പരിധിയിലെ ക്ഷീര കർഷകരുടെ എണ്ണം
2) ക്ഷീരമേഖലയിലേയ്ക്ക് പുതുതായി കടന്നുവന്ന സംരംഭകരുടെ എണ്ണം
3) ക്ഷീരമേഖലയിലേക്ക് കടന്നുവരാൻ താത്പര്യമുള്ള യുവാക്കളുടെയും സ്ത്രീകളുടെയും എണ്ണം
4) ഗ്രാമപഞ്ചായത്തിലെ കറവയുള്ള മൃഗങ്ങളുടെ എണ്ണം
5) ഗ്രാമപഞ്ചായത്തിലെ ഫാമുകളുടെ എണ്ണം
6) ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള പാലുല്പാദനം

7) ഗ്രാമപഞ്ചായത്തിന് പരിധിയിൽവരുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ എണ്ണം

8) പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ കൈകാര്യം ചെയ്യുന്ന പാലിന്റെ വിഹിതം

9) പഞ്ചായത്ത് പ്രദേശത്തെ പ്രാദേശിക യൂണിയനുകളുടെ മിൽക്ക് റൂട്ട്

10) പ്രസ്തുത പഞ്ചായത്തിലെ പാലിന്റെ വിപണന സാധ്യതകൾ

11) പ്രസ്തുത പഞ്ചായത്തിലെ നിലവിലുള്ള പുൽകൃഷിയുടെ ലഭ്യത

12) പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പുൽകൃഷി ചെയ്യുന്നതിന് സാധ്യമായ ഭൂമിയുടെ ലഭ്യത

13) ക്ഷീരമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

മേൽ സൂചിപ്പിച്ചവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഏതെല്ലാം പഞ്ചായത്തുകളിൽനിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൃക്കലങ്ങോട് പഞ്ചായത്തിൽനിന്ന് അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തുന്നതിനായി തൻ വർഷം ഈ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടിട്ടില്ല.

(സി) മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഏറനാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) അരീക്കോട് പഞ്ചായത്തിലെ കാരിപ്പറമ്പ് എന്ന സ്ഥലത്ത് ക്ഷീരവികസന സംഘം രൂപീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

അരീക്കോട് പഞ്ചായത്തിലെ കാരിപ്പറമ്പ് എന്ന സ്ഥലത്ത് ക്ഷീരവികസന സംഘം രൂപീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം പുതിയതായി ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വരുന്ന സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ**

328(1932) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനുമുൾപ്പെടെ ക്ഷീര കർഷകർക്ക് സർക്കാർ നൽകുന്ന ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ക്ഷീര കർഷകർക്ക് സർക്കാർ നൽകുന്ന ധനസഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ ലഭ്യമാക്കിയ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

**ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയുള്ള ആനുകൂല്യങ്ങൾ**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

329(1933) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത കർഷകരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ക്ഷേമനിധി ബോർഡ് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ആശ്വാസം പകരുന്നതിന്, സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനുവേണ്ടി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കിവരുന്ന ക്ഷേമനിധിയാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ്.

ക്ഷേമനിധിയുടെ എല്ലാ ധനസഹായങ്ങളുടെയും അർഹത നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം ക്ഷേമനിധി അംഗത്വമാണ്. 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരു ക്ഷീരസംഘത്തിൽ ഒരു വർഷത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറഞ്ഞത് 500 ലിറ്റർ പാൽ അളന്നതുമായ ഒരു കർഷകന് ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ട്.

**പെൻഷൻ**

ഒരാൾ ക്ഷേമനിധി അംഗമായ ശേഷം 5 വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിലളക്കുകയും 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. നിലവിൽ സർക്കാർ ധനസഹായത്തോടുകൂടി നൽകിവരുന്ന 1600/- രൂപ നിരക്കിലുള്ള ക്ഷേമപെൻഷനിൽ 1300/- രൂപ സർക്കാർ വിഹിതവും 300/- രൂപ ക്ഷേമനിധി വിഹിതവുമാണ്.

**അവശതാ പെൻഷൻ**

40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമോ മാരകമായ രോഗങ്ങളോ കാരണം തുടർന്ന് പശു വളർത്തലിൽ ഏർപ്പെടാൻ സാധിക്കാത്ത ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വവും ഏതെങ്കിലും 5 സാമ്പത്തിക വർഷങ്ങളിൽ 500 ലിറ്ററിൽ കുറയാതെ പാൽ അളവും ഉള്ളപക്ഷം അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഇവർക്ക് 60 വയസ്സ് പൂർത്തിയാകണമെന്ന് നിബന്ധനയില്ല. നിലവിൽ 1600/- രൂപ നിരക്കിലാണ് അവശതാ പെൻഷൻ അനുവദിച്ചുവരുന്നത്.

**കുടുംബ പെൻഷൻ**

പെൻഷണർ മരണപ്പെട്ടാൽ പെൻഷണറുടെ അനന്തരാവകാശിക്ക് പ്രതിമാസം 550/- രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകിവരുന്നു.

**വിവാഹ ധനസഹായം**

ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5000/- രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകിവരുന്നു.

**മരണാനന്തര ധനസഹായം**

ക്ഷേമനിധി അംഗം മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾക്കായി 3000/- രൂപ ധനസഹായമായി നൽകിവരുന്നു.

**വിദ്യാഭ്യാസ ധനസഹായം**

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി (SSLC, +2, ഡിഗ്രി, പ്രൊഫഷണൽ എന്നീ തലങ്ങളിൽ) മികച്ച വിജയം കരസ്ഥമാക്കിയിട്ടുള്ളവർക്ക് യഥാക്രമം 1000/-, 1500/-, 2000/-, 2500/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

**സംസ്ഥാന/ജില്ലാതലങ്ങളിൽ മികച്ച ക്ഷീരകർഷകന് അവാർഡ്**

ക്ഷീരകർഷകർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ഷീരകർഷകന് 5000/- രൂപ ക്യാഷ് അവാർഡും സംസ്ഥാനതലത്തിൽ മികച്ച കർഷകന് 10,000/- രൂപ ക്യാഷ് അവാർഡും നൽകുന്നു.

**ക്ഷേമനിധി അംഗങ്ങൾക്കായി സമഗ്ര സാമൂഹ്യ സുരക്ഷ പദ്ധതി–ക്ഷീര സുരക്ഷ പദ്ധതി**

ക്ഷീരകർഷകർക്കുവേണ്ടി സമഗ്ര സാമൂഹ്യ സുരക്ഷ പദ്ധതി നടപ്പിലാക്കിവരുന്നു. ആയതനുസരിച്ച് അപകട മരണത്തിന് 50,000/- രൂപയും അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് 10,000/- രൂപയും മാരക രോഗങ്ങൾക്ക് പരമാവധി 15,000/- രൂപയും പകർച്ച വ്യാധി, പശുപരിപാലനത്തിനിടെ ക്ഷീരകർഷകർക്കുണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമല്ലാത്ത ഗുരുതര പരിക്കുകൾ, പാമ്പുകടി, പേവിഷബാധ എന്നിവയ്ക്ക് പരമാവധി 2,000/- രൂപയും നൽകിവരുന്നു.

**കോവിഡ് കാലത്ത് ക്ഷീരകർഷകർക്കായി ആശ്വാസ ധനസഹായ പദ്ധതികൾ**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അടിയന്തരമായി ബോർഡ് 3 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

1) 2020 മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 1 രൂപ നിരക്കിൽ മുൻകൂർ ധനസഹായം (കുറഞ്ഞത് 250/- രൂപ പരമാവധി 1000/- രൂപ)
2) കോവിഡ് പോസിറ്റീവ് രോഗികൾക്ക് 10,000/- രൂപ അടിയന്തര ധനസഹായം
3) കോവിഡ് നിരീക്ഷണത്തിലുള്ളവർക്ക് 2000/- രൂപ ധനസഹായം

കോവിഡ് 2-ാം തരംഗം ഉണ്ടായ സാഹചര്യത്തിൽ ക്ഷേമനിധി അംഗങ്ങളായ കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് ആശ്വാസമായി 5000/- രൂപ ധനസഹായം ബോർഡ് നൽകിയിരുന്നു.

**“ ഓണ മധുരം പദ്ധതി”**

2022 വർഷം ഓണത്തിന് ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായുള്ള ക്ഷീരകർഷകർക്ക് 250/- രൂപ നൽകുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനിക്കുകയും ആയത് പ്രകാരം 2021-22 വർഷം സംഘങ്ങളിൽ പാൽ അളന്നതും ഒരു പ്രാവശ്യമെങ്കിലും അംശദായം അടച്ചിട്ടുള്ളതുമായ

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് 250/- രൂപ വീതം സഹായം നൽകി.

**വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ**

330(1934) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം രൂപയിൽ കൂടുതൽ സബ്സിഡി ലഭ്യമാകുന്ന പദ്ധതികളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ക്ഷീരകർഷകരെ ബുദ്ധിമുട്ടിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പതിനായിരം രൂപയിൽ കൂടുതൽ സബ്സിഡി ലഭ്യമാകുന്ന പദ്ധതികളിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികളുടെ സബ്സിഡി മാർഗ്ഗരേഖയിൽ ഇത്തരം വ്യവസ്ഥ പ്രതിപാദിക്കുന്നുണ്ട്. ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികൾക്ക് മാത്രമേ ബാധകമാകുകയുള്ളൂ.

**ക്ഷീരഗ്രാമം പദ്ധതിയിലൂടെയുള്ള സഹായങ്ങൾ**

331(1935) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിലൂടെ എന്തൊക്കെ സഹായങ്ങളാണ് ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നത്; വിശദാംശം അറിയിക്കാമോ?

ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ബാലുശ്ശേരി മണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

332(1936) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിൽ എത്തിച്ചേരുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു.
- 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു.

- കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്.
- ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്.
- ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.
- ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്.
- സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ

തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

- വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്.
- കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.
- ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.
- ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര

ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി

333(1937) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരകർഷകർക്ക് നിലവിൽ ലഭിക്കുന്ന പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും സബ്സിഡി തുക യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കാലിത്തീറ്റയുടെ അമിത വിലവർദ്ധനവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒരു പരിധിവരെ പരിഹരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നത്. ക്ഷീരവികസന വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്നു. പാലിനുള്ള സബ്സിഡി വിഹിതം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം

334(1938) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നതെന്നും ഏതെല്ലാം അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് പാൽ കൊണ്ടുവരുന്നതെന്നും വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിനുകീഴിലുള്ള മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ സ്ഥിരം ചെക്‌പോസ്റ്റുകളിലൂടെ 5.5 ലക്ഷം ലിറ്ററോളം പാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം കേരളത്തിലേയ്ക്കെത്തുന്നുണ്ട്. തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്.

മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്ന പാലിനുപുറമേ വിപണി നിലനിർത്തുന്നതിനുവേണ്ടി അധികമായി ആവശ്യമുള്ള പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്നും വാങ്ങുന്നുണ്ട്. 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് പ്രതിദിനം 2,22,483 ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്. നിലവിൽ തമിഴ്നാട്,

കർണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ അയൽ സംസ്ഥാനങ്ങളിൽനിന്നും മിൽമ പാൽ വാങ്ങുന്നുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിനുകീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന (NABL അക്രഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. അതോടൊപ്പം ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.

പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ കൂടാതെ ഷുഗർ, സ്റ്റാർച്ച്, ഗ്ലൂക്കോസ്, മാൾട്ടോഡെക്സ്ട്രിൻ, യൂറിയ, ഹൈഡ്രജൻ പെറോക്സൈഡ്, ഫോർമാലിൻ, ബോറിക് ആസിഡ്, ബൈ കാർബണേറ്റ്സ്, ഹൈഡ്രോക്സൈഡ്സ് തുടങ്ങിയവ പാലിൽ അടങ്ങിയിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മയില്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്

നിലവിൽ സ്ഥിരം സംവിധാനമില്ല. എന്നാൽ എല്ലാ ആഴ്ചകളിലും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും കൂടുതലായി കേരളത്തിലേയ്ക്ക് പാൽ എത്തുന്ന ഉത്സവകാലങ്ങളിൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം സംയുക്ത പരിശോധനകളും നടത്തിവരുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നുമുൾപ്പെടെ കേരളത്തിലെ മാർക്കറ്റുകളിലെത്തുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് അത്യാധുനിക ഉപകരണമായ LCMSMS ഉപയോഗിച്ച് അഫ്ളോടോക്സിൻ, ആന്റീബയോട്ടിക്സ് എന്നിവ ഉൾപ്പെടെയുള്ള പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ സാധാരണ പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് മൊബൈൽ ലാബുകൾ ഉപയോഗിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തിവരുന്നു.

(സി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കമ്പനികൾ അടുത്ത ദിവസംതന്നെ പുതിയ നാമത്തിൽ പാൽ മാർക്കറ്റിലെത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി&ഡി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാവകുപ്പ് ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ കമ്പനികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ഇതര സംസ്ഥാനങ്ങളിൽനിന്നുമുള്ള പാൽ സംസ്ഥാനത്ത് വിൽക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിപണനത്തിനായെത്തുന്ന പാൽ വിപണനം നടത്തുമ്പോൾ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന എല്ലാ നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടുവേണം വിപണനം നടത്തേണ്ടത്. ക്ഷീരവികസന വകുപ്പിനുകീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന (NABL അക്രഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. അതോടൊപ്പം ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006, റെഗുലേഷൻസ് 2011-ലെ Food Products Standards and Food Additives-ൽ നിഷ്കർഷിച്ചിരിക്കുന്ന നിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഉറപ്പുവരുത്തുന്നു.

(എഫ്) ആര്യങ്കാവ് ചെക് പോസ്റ്റ് വഴി വന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

ആര്യങ്കാവ് ചെക്ക്പോസ്റ്റ് വഴി വന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരവികസന വകുപ്പ് അറിയിച്ചതിനെത്തുടർന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ആര്യങ്കാവ് ചെക്പോസ്റ്റിലെത്തി നിയമപരമായി സാമ്പിൾ ശേഖരിച്ച് തിരുവനന്തപുരത്തുള്ള NABL അംഗീകാരമുള്ള ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ ശാസ്ത്രീയ പരിശോധന നടത്തിയതിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താനായില്ല.

(ജി) എങ്കിൽ ഏത് കമ്പനിയാണ് പാൽ വില്പനയ്ക്കായി എത്തിച്ചതെന്നും ആർക്ക് നൽകുന്നതിനാണ് കൊണ്ടുവന്നതെന്നും വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

AGRISOFT DAIRY & AGRO PRODUCER CO.LTD. 2/446, Mariyathaipuram, Vadiyoor - 627 861, Thirunelveli (Dt.) എന്ന കമ്പനിയിൽനിന്നും AGRISOFT DAIRY & AGRO PRODUCER CO.LTD., Edappan, Panthalam എന്ന കമ്പനിയിലേയ്ക്ക് കൊണ്ടുവന്ന പാൽ

ആയിരുന്ന ആര്യങ്കാവ് ചെക്ക്പോസ്റ്റിൽവെച്ച് ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയത്. വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ അറിയിക്കുകയും തുടർന്ന് കോടതി നിർദ്ദേശപ്രകാരം പാൽ നശിപ്പിച്ചുകളയുകയും ചെയ്തു.

## സുഭിക്ഷ കേരളം പദ്ധതി

335(1939) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) സംസ്ഥാനത്തിന് ദൈനംദിനം ആവശ്യമായ പാലിന്റെ തോത് എത്രയെന്നും അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദനം നടത്തുന്നുവെന്നും ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ?

കേരളത്തിന്റെ ജനസംഖ്യ അനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്റർ ആണ്. എന്നാൽ സംസ്ഥാനത്ത് പ്രതിദിന ഉല്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ സ്ഥിരം ചെക്ക്പോസ്റ്റുകളിലൂടെ 5.5 ലക്ഷം ലിറ്ററോളം പാൽ അന്യ സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം കേരളത്തിലേയ്ക്കെത്തുന്നുണ്ട്. തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽനിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്.

മിൽമ മേഖല യൂണിയനുകൾ വഴി, 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച്, പ്രതിദിനം ശരാശരി 1400430 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. മിൽമയുടെ പ്രതിദിന ശരാശരി വില്പന 1535745 ലിറ്ററാണ്. വിപണി നിലനിർത്തുന്നതിനുവേണ്ടി മിൽമ അധികമായി ആവശ്യമുള്ള പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്നും വാങ്ങുന്നുണ്ട്. 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് പ്രതിദിനം 2,22,483 ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്.

(സി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ആയത് എന്നത്തേയ്ക്ക് നടപ്പിൽ വരുമെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലുല്പാദന വർദ്ധനവിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമെ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ്

നൽകുന്ന പദ്ധതി, കൂടാതെ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി എന്നീ നൂതന പദ്ധതികൾ വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി. എം. ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽ കൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീര വികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്.

കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീര പരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

പ്രകൃതി ക്ഷോഭങ്ങളും, കോവിഡ്പോലുള്ള മഹാമാരികളും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായിട്ടുണ്ടെങ്കിലും സ്ഥിരവരുമാനമെന്ന നിലയ്ക്ക് കൂടുതൽ കർഷകർ ഈ മേഖലയിലേയ്ക്ക് വരുന്ന സാഹചര്യത്തിൽ സമീപ ഭാവിയിൽത്തന്നെ കേരളം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

336(1940) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ക്ഷീരവൃത്തിയിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുകയെന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ മുഖ്യലക്ഷ്യം.

(ബി) ക്ഷീരഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിവയ്ക്കുള്ള ധനസഹായമാണ് ലഭ്യമാക്കുന്നത്.

(സി) 2022-23 വർഷം ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇതുവരെ എത്ര പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

2022-23 വർഷം 20 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1. | ആലപ്പുഴ | ഭരണിക്കാവ് |
| 2. | എറണാകുളം | ആലങ്ങാട് |
| 3. | എറണാകുളം | അരക്കുഴ |
| 4. | ഇടുക്കി | വണ്ടിപെരിയാർ |
| 5. | കണ്ണൂർ | പരിയാരം |
| 6. | കാസർഗോഡ് | ചെമനാട് |
| 7. | കൊല്ലം | അഞ്ചൽ |
| 8. | കൊല്ലം | ചിതറ |
| 9. | കൊല്ലം | കല്ലുവാതുക്കൽ |
| 10. | കോട്ടയം | മരങ്ങാട്ടുപ്പള്ളി |
| 11. | കോട്ടയം | വാഴൂർ |
| 12. | കോഴിക്കോട് | നരിപ്പറ്റ |
| 13. | മലപ്പുറം | കരുളായി |
| 14. | പാലക്കാട് | നഗലശ്ശേരി |
| 15. | പാലക്കാട് | ഷോളയാർ |
| 16. | പത്തനംതിട്ട | കടമ്പനാട് |

| | | |
|---|---|---|
| 17. | തിരുവനന്തപുരം | പുല്ലമ്പാറ |
| 18. | തൃശ്ശൂർ | മാടക്കത്തറ |
| 19. | തൃശ്ശൂർ | താന്ന്യം |
| 20. | വയനാട് | മീനങ്ങാടി |

നിലവിൽ മേൽപ്പറഞ്ഞ എല്ലാ പഞ്ചായത്തുകളിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു.

**മിൽമ പാൽ വിതരണം**

337(1941) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ ടോൺഡ് മിൽക്ക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക്കെന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ഫുഡ്സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വ്യവസ്ഥയ്ക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ലേബലുകൾ സംബന്ധമായ നിയമപ്രകാരം ഇത്തരം പ്രവൃത്തി നിയമാനുസൃതമല്ല.

(സി) സ്റ്റാൻഡേർഡ് മിൽക്കെന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക്ക് വിൽക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കെ മിൽമ ടോൺഡ് മിൽക്ക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേഡ് മിൽക്കെന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ?

സ്റ്റാൻഡേർഡ് മിൽക്കെന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക്ക് വിൽക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലനിൽക്കെ മിൽമ ടോൺഡ് മിൽക്ക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക്കെന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**അതിർത്തി കടന്നുവരുന്ന പാലിലെ മായം**

338(1942) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായം കലർന്ന പാൽ അതിർത്തി കടന്നുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഇത് തടയുന്നതിനായി ക്ഷീരവികസന വകുപ്പിനുകീഴിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നുവരുന്ന പാൽ പരിശോധനയ്ക്കായുള്ള സംവിധാനമുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്.

പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ കൂടാതെ ഷുഗർ, സ്റ്റാർച്ച്, ഗ്ലൂക്കോസ്, മാൾട്ടോഡെക്സ്ട്രിൻ, യൂറിയ, ഹൈഡ്രജൻ പെറോക്സൈഡ്, ഫോർമാലിൻ, ബോറിക് ആസിഡ്, ബൈ കാർബണൈറ്റ്സ്, ഹൈഡ്രോക്സൈഡ്സ് തുടങ്ങിയവ പാലിൽ അടങ്ങിയിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ്സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മയില്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.

മായം കലർന്ന പാൽ അതിർത്തി കടന്ന് കേരളത്തിലെ വിപണികളിലെത്തിച്ച് വില്പന നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തിവരുന്നു. പരിശോധനകളുടെ ഭാഗമായി ശേഖരിക്കുന്ന സാമ്പിളുകളിൽ സർവ്വയിലൻസായി ശേഖരിക്കുന്ന സാമ്പിളുകൾ പഠനാവശ്യത്തിനും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്ന വേളയിൽ

ഗുണനിലവാരമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെടുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നു. പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായി കണ്ടെത്തുന്ന സാമ്പിളുകളിൽ കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന സാമ്പിളുകളിൽ കുറ്റക്കാർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു

(സി) പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏതെല്ലാം ചെക്പോസ്റ്റുകളിലുണ്ടെന്ന് അറിയിക്കാമോ?

ക്ഷീരവികസന വകുപ്പിനുകീഴിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നീ ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നുവരുന്ന പാൽ പരിശോധനയ്ക്കായുള്ള സംവിധാനമുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്പോസ്റ്റുകളിൽ താത്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ

സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മയില്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികളെടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.

ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിലില്ല. എന്നാൽ നിശ്ചിത ഇടവേളകളിൽ മൊബൈൽ ലാബിന്റെ സഹായത്തോടുകൂടി ചെക്പോസ്റ്റുകളിൽ പരിശോധന നടത്തിവരുന്നു.

(ഡി) അതിർത്തി കടന്നുവരുന്നതും ഗുണമേന്മാ പരിശോധനയിൽ മായം കലർന്നതെന്ന് തെളിഞ്ഞതുമായ പാൽ പിടികൂടിയതിന് 2021 ജൂണിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നത് ചെക്ക്പോസ്റ്റ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

| ചെക്ക്പോസ്റ്റിന്റെ പേര് | നിശ്ചിത ഗുണമേന്മയില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് റിപ്പോർട്ട് ചെയ്തത് (2021 ജൂണിന് ശേഷം നാളിതുവരെ) |
|---|---|
| മീനാക്ഷിപുരം (പാലക്കാട്) | 2 |
| ആര്യങ്കാവ് (കൊല്ലം) | 1 |

| | |
|---|---|
| പാറശ്ശാല (തിരുവനന്തപുരം) | 0 |

ക്ഷീരവികസന വകുപ്പ് നിശ്ചിത ഗുണമേന്മയില്ലാത്തതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരങ്ങൾ മേൽപ്പറഞ്ഞ പ്രകാരമാണ്.

പാലിന്റെ ചെക്ക്പോസ്റ്റ് അടിസ്ഥാനമാക്കിയുള്ള പരിശോധനാ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഗുണമേന്മയില്ലാത്തതും 2021 ജൂൺ മുതൽ നാളിതുവരെ 6728 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 592 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 2006 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. തുടർന്ന് നടത്തിയ ലാബ് പരിശോധനയിൽ 5 സാമ്പിളുകൾ Unsafe ആയും 24 സാമ്പിളുകൾ Substandard ആയും 5 സമ്പിളുകൾ Misbranded ആയും കണ്ടെത്തുകയുണ്ടായി. തുടർന്ന് ഇവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ RDO കോടതികളിലും പ്രോസിക്യൂഷൻ കേസുകൾ മജിസ്ട്രേറ്റ് കോടതികളിലും ഫയൽ ചെയ്യുകയുണ്ടായി.

**പാലുല്പാദനത്തിൽ സ്വയം പര്യാപ്തത**

339(1943) <u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>
<u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണ ആധുനികവത്കരണ ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾക്ക് വിധേയമായി

ധനസഹായം നൽകിവരുന്നു. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി, കൂടാതെ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി എന്നീ നൂതന പദ്ധതികൾ വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധന സഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്.

കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2015-16 വർഷം മിൽമ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനത്തുതന്നെ

പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ?

പരിഗണനയിലുണ്ട് .

ജനിക്കുമ്പോൾതന്നെ കന്നുകുട്ടികളെ കണ്ടെത്തി ശാസ്ത്രീയ പരിപാലന മുറകൾ വഴി വളർത്തിയെടുക്കുവാൻ പരിഷ്കരിച്ച കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ പരിഗണനയിലാണ്. കർഷകർക്ക് പരിശീലനം, കന്നുകുട്ടിക്ക് ഇൻഷ്വറൻസ് പരിരക്ഷ, തീറ്റ നൽകിക്കൊണ്ട് ശാസ്ത്രീയ പരിപാലനത്തിലൂടെ ചുരുങ്ങിയ സമയംകൊണ്ട് കന്നുകുട്ടിയെ പശുവാക്കി മാറ്റിയെടുക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

(സി) സംസ്ഥാന സർക്കാർ രൂപീകരിച്ച ക്ഷീരശ്രീ പോർട്ടലിന് കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പുരസ്കാരം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2023 ജനവരി 7-ന് ഭാരതത്തിന്റെ ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമു ഡൽഹിയിൽ വിഗ്യാൻഭവനിൽവെച്ച് വിതരണം ചെയ്യുകയുണ്ടായി.

ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങളെല്ലാം Online വഴിയാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിനുവേണ്ടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ ഒരു വെബ് പോർട്ടലാണ് ക്ഷീരശ്രീ പോർട്ടൽ. ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ക്ഷീരസംഘങ്ങൾക്കായി ഇത്തരമൊരു പോർട്ടൽ നിർമ്മിക്കുന്നത്. Ksheerasree.kerala.gov.in എന്ന URL ഉപയോഗിച്ചാണ് വെബ്സൈറ്റിൽ പ്രവേശിക്കുന്നത്. ട്രഷറി, റവന്യൂ, പൊതുവിതരണം എന്നിങ്ങനെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് പരിപൂർണ്ണമായും Online ആയാണ് പദ്ധതി നിർവ്വഹിച്ചുവരുന്നത്. ക്ഷീരകർഷകർക്ക് മൊബൈൽ ഫോണിലൂടെയോ കംപ്യൂട്ടർ മുഖേനയോ സമീപത്തുള്ള അക്ഷയ കേന്ദ്രം വഴിയോ ക്ഷീരവികസന വകുപ്പ് ഓഫീസ് വഴിയോ ക്ഷീരസംഘങ്ങൾ

മുഖേനയോ അനായാസേന Online സേവനങ്ങൾ ലഭ്യമാകുന്നതാണ്. കർഷകരുടെ അപേക്ഷ സമർപ്പണം മുതൽ ബില്ല് മാറി ധനസഹായ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ക്ഷീരശ്രീ പോർട്ടൽ മുഖേന Online ആയി നടപ്പിലാക്കുന്നു. ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളായ ക്ഷീരഗ്രാമം, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, പുൽകൃഷി വികസന പദ്ധതി എന്നിവ ക്ഷീരശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.

ക്ഷീരശ്രീയ്ക്ക് ഈ വർഷം ഒരു ദേശീയ അവാർഡും ഒരു സംസ്ഥാന അവാർഡും ലഭ്യമായിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 2022-ലെ Digital India Award-ൽ Digital Initiatives at Grass Root Level വിഭാഗത്തിന് സിൽവർ മെഡൽ ലഭ്യമായത് ക്ഷീരശ്രീ പോർട്ടലിനാണ്. ക്ഷീരകർഷകർക്ക് ക്ഷീരശ്രീ പോർട്ടൽവഴി തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്ത് സ്മാർട്ട് ഐ.ഡി. കരസ്ഥമാക്കാനും അതിനുശേഷം വിവിധ സ്കീമുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കാനും തുടർന്ന് ഉദ്യോഗസ്ഥർക്ക് ഈ രേഖകൾ പോർട്ടലിൽനിന്നുതന്നെ ലഭ്യമാക്കി പരിശോധിച്ച് ഫീൽഡ് വെരിഫിക്കേഷനുശേഷം അർഹതപ്പെട്ട

ഗുണഭോക്താവിന് e-DBT വഴി സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുവാൻ സാധിക്കും.

അതോടൊപ്പം 2022 വർഷത്തെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ മൂന്നാം സ്ഥാനവും ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടലിന് ലഭിച്ചു.

**മിൽമയിലെ അന്വേഷണത്തിന്റെ പുരോഗതി**

340(1944) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തുന്നുണ്ടോ?

മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനിൽ നടന്നതായി പരാതി ഉയർന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അന്വേഷണം നടത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

അംഗസംഘം പ്രസിഡന്റുമാരിൽനിന്നും ജീവനക്കാരിൽനിന്നും വിവിധ എംപ്ലോയീസ് യൂണിയനുകളിൽനിന്നും ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കാമോ?

കേരള സഹകരണ നിയമം ചട്ടം 65 പ്രകാരം അന്വേഷണം നടത്തി. തുടർന്ന് വകുപ്പ് 68 പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കേരള ഹൈക്കോടതിയിൽ പരാതിക്കാർ നൽകിയ 10733/22 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി കേസിന്റെ അന്തിമ വിധിക്ക് അനുസൃതമായേ നടപടി സ്വീകരിക്കാവൂ എന്നതിന്റെ അടിസ്ഥാനത്തിൽ അന്തിമവിധിക്കായി കാത്തിരിക്കുന്നു.

(ഡി) ഓണത്തിന് സർക്കാർ നൽകിയ സൗജന്യ കിറ്റിൽ നെയ്യ് ഉൾപ്പെടുത്തുന്നതിന് കരാർ നൽകിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച പരാതി ക്ഷീരവികസന വകുപ്പിൽ ലഭിച്ചിട്ടില്ല.

**പാലുല്പാദന വർദ്ധനവിന് സ്വീകരിച്ച നടപടികൾ**

341(1945) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലുല്പാദന വർദ്ധനവിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലുല്പാദന വർദ്ധനവിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീരഗ്രാമം എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും ഫാം യന്ത്രവത്കരണത്തിനും ആധുനികവത്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനുപുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന

മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പയെടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി, കൂടാതെ അതിദരിദ്രർക്കുള്ള പുനരധിവാസ പദ്ധതി എന്നീ നൂതന പദ്ധതികൾ വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി. എം. ആർ. എന്നിവ നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കിവരുന്നുണ്ട്.

കാലഘട്ടത്തിനനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായക പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുകയെന്ന ദൗത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ചില ക്ഷീരസംഘങ്ങൾ കർഷകരിൽനിന്ന് സർക്കാർ നിശ്ചയിച്ച തുകയ്ക്ക് പാൽ സംഭരിക്കുകയും അമിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്രകാരം സർക്കാർ നിശ്ചയിച്ച തുകയ്ക്കുമേൽ അമിത നിരക്ക് ഈടാക്കി ഉപഭോക്താക്കളെ കൊള്ളയടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 01-09-2011-ലെ WP(C) No.13468 of 2011(G) ഉത്തരവിൽ പാലിന്റെ വില്പനവില നിശ്ചയിക്കുന്നതിനായുള്ള അധികാരം പാൽ സംഭരണ ഏജൻസിക്കാണെന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്.

## കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം

342(1946) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയാനും കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കാനും സംസ്ഥാനത്തിനകത്ത് ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാംതന്നെ ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്നതാകയാൽ അവയുടെ വിലയിൽ നേരിട്ട് നിയന്ത്രണം അസാധ്യമാണ്. അതുപോലെ കടത്തുകൂലിയും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന്, പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് എന്ന കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയും മിൽമയുടെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറിയും കാലിത്തീറ്റ നിർമ്മിച്ച് വിപണിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. ഇവരുടെ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നത് സർക്കാരാണ്. അതുകൊണ്ട് പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ സാധിക്കുന്നു. സ്വകാര്യ സംരംഭകർ കാലിത്തീറ്റ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നില്ല. മിൽമയുടെയും കേരള ഫീഡ്സിന്റെയും പ്രവർത്തനനഷ്ടം പരിഗണിച്ച് സർക്കാർ കാലിത്തീറ്റ വില വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും വിവിധ വശങ്ങൾ പഠിച്ച് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിനനുസരിച്ചാണ് കാലിത്തീറ്റയുടെ വില്പന വില 2022 നവംബറിൽ വർദ്ധിപ്പിക്കേണ്ടിവന്നത്. വില വർദ്ധനവ് നടപ്പിലാക്കിയതിനുശേഷവും മേഖലാ യൂണിയനുകൾ

അവരവരുടെ കഴിവിനനുസരിച്ചുള്ള സബ്സിഡി കർഷകർക്ക് നൽകിവരുന്നുണ്ട്.

കർഷകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ കീഴിൽ ഗോവർദ്ധനി സ്കീം പ്രകാരം 4 മുതൽ 6 മാസംവരെയുള്ള പശുകുട്ടികളെ തെരഞ്ഞെടുത്ത് അവയ്ക്ക് അൻപത് ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്. മൃഗാശുപത്രികളിലും കൃത്രിമബീജാധാന കേന്ദ്രങ്ങളിലും സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ കന്നുകുട്ടികൾക്കും എരുമകുട്ടികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. ഒരു കർഷകന് രണ്ട് പശു/എരുമക്കുട്ടികൾക്കുവരെ ആനുകൂല്യം ലഭിക്കും. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) പ്രകാരം 4 മാസം പ്രായമായ കുട്ടികൾക്ക് 30 കിലോ തീറ്റ, 5 മാസം മുതൽ 6 മാസം വരെ 45 കിലോ ഗ്രാം, 7 മാസം മുതൽ 18 മാസം വരെ 60 കിലോ ഗ്രാം അതിന് ശേഷം 75 കിലോ ഗ്രാം എന്നിങ്ങനെ പകുതി സബ്സിഡിയോട് (50% subsidy) കൂടിയാണ് അനുവദിക്കുന്നത്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി

നൽകിവരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 5 ശതമാനം സബ്സിഡിയോടുകൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപവരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

കേരള ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുകര (പ്രതിദിന ഉല്പാദന ശേഷി 650 മെട്രിക് ടൺ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (പ്രതിദിന ഉല്പാദന ശേഷി 300 മെട്രിക് ടൺ), കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂർ (പ്രതിദിന ഉല്പാദന ശേഷി 300 മെട്രിക് ടൺ), ഇടുക്കി ജില്ലയിലെ അരിക്കുഴ (പ്രതിദിന ഉല്പാദന ശേഷി 500 മെട്രിക് ടൺ) എന്നീ യൂണിറ്റുകളിൽനിന്നായി കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉല്പാദനശേഷി 1750 ടണ്ണായി ഉയർത്തിയിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ വില അനുകൂലമായിവരുന്ന സാഹചര്യങ്ങളിൽ അസംസ്കൃത വസ്തുക്കൾ കൂടുതൽ അളവ് വാങ്ങി സൂക്ഷിക്കുന്നതിനും റെയിൽമാർഗ്ഗം ഉത്തരേന്ത്യയിൽനിന്നും വിളവെടുപ്പ് സമയത്ത് പ്രധാന അസംസ്കൃത വസ്തുവായ എണ്ണയില്ലാത്ത തവിട് ഫാക്ടറികളിൽ എത്തിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കാലിത്തീറ്റയ്ക്ക്

ആവശ്യമായ അസംസ്കൃത വസ്തുക്കൾ കേരളത്തിൽതന്നെ ഉല്പാദിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭിക്കുന്നതിനായി കേരളത്തിൽതന്നെ കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ ചോളം ഉല്പാദിപ്പിക്കുവാൻ കേരള ഫീഡ്സ് ലിമിറ്റഡ് നടപടി ആരംഭിച്ചിട്ടിട്ടുണ്ട്. ഈ രീതികളിലൂടെ കാലിത്തീറ്റകളുടെ ഉല്പാദന ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോടുകൂടി പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, ടി.എം.ആർ. എന്നിവ ക്ഷീര വികസന വകുപ്പ് നൽകിവരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവത്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

## മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽരത്ന പുരസ്കാരം

343(1947) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽരത്ന പുരസ്കാരം ലഭ്യമായതിന് സഹായകരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ഗോപാൽരത്ന പുരസ്കാരം ലഭ്യമായത് താഴെ പറയുന്ന പ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കിയത് മൂലമാണ്.

1. സംഘം നടത്തുന്ന പാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. സംഘത്തിന്റെ കേന്ദ്രീകൃത പാൽ സംഭരണം.
3. സംഘം പാൽ സംഭരിക്കുന്നതിലും വിപണനം നടത്തുന്നതിലും കൂടാതെ സംഘത്തിന്റെ മൊത്തത്തിലുള്ള ഗുണനിലവാര പ്രവർത്തനങ്ങൾ.
4. സംഘത്തിന്റെ പാൽ പരിശോധിക്കുന്നതിലെ കൃത്യത.
5. സംഘത്തിലെ കർഷകർക്ക് അവർ അളക്കുന്ന പാലിന്റെ വില Online ആയി നൽകുന്നതും കർഷകർ ആവശ്യപ്പെടുന്ന അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പാൽ വില നൽകുന്നതിനുമുള്ള സംവിധാനം.

6. കർഷകർക്ക് ടിക്കറ്റ് മെഷീൻ ഉപയോഗിച്ച് പാൽവില പ്രിന്റഡ് സ്ലിപ്പുകളായി നൽകുന്ന സംവിധാനം.

7. ഒന്നര കിലോമീറ്ററിനുള്ളിൽ കളക്ഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം വിപുലമാക്കിയത്.

8. കർഷകർക്ക് വെറ്ററിനറി സേവനങ്ങൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

9. പാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംഘത്തിലെ ഭരണസമിതിയുടെയും ജീവനക്കാരുടെയും മിൽമയുടെയും വകുപ്പ് ഉദ്യോഗസ്ഥരുടയും കർഷക ഭവന സന്ദർശനം.

10. പാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കർഷക സമ്പർക്ക പരിപാടികൾ സംഘടിപ്പിക്കുന്നത്.

11. കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റയും മിനറൽ മിക്സ്ചറുകളും സംഘത്തിലൂടെ വിതരണം നടത്തുന്നു. പാൽ ഗുണനിലവാരം കുറഞ്ഞ കർഷകർക്കായി കുറഞ്ഞ നിരക്കിൽ മിനറൽ മിക്സ്ചറുകൾ ലഭ്യമാക്കുന്നത്.

12.കർഷകരുടെ വളർത്തുമൃഗങ്ങൾക്കായി ഇൻഷുറൻസ് ക്യാമ്പ്, ചികിത്സാ സഹായം, വാക്സിനേഷൻ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നു.

(ബി) ഇത്തരം മാതൃകകൾ പിന്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ക്ഷീര സഹകരണ സംഘങ്ങളെയും ദേശീയ നിലവാരത്തിൽ മുൻപന്തിയിലാക്കാൻ ക്ഷീരവികസന വകുപ്പ് നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗോപാൽരത്ന പുരസ്കാരം നേടിയ മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് കൂടുതൽ പിന്തുണ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനുമായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് ക്ഷീരവികസന വകുപ്പ് പിന്തുണ നൽകുന്നതാണ്.

ഗോപാൽരത്ന പുരസ്കാരം നേടിയ മാനന്തവാടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് മിൽമയുടെ മേഖലാ യൂണിയന്റെ ഭാഗത്തുനിന്നും എല്ലാവിധ

സഹായങ്ങളും നൽകിയിട്ടുണ്ട്. തുടർന്നും മേഖലാ യൂണിയന്റെ എല്ലാ തരത്തിലുമുള്ള സഹായ സഹകരണങ്ങൾ നൽകിവരുന്നു.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസിന്റെ അന്വേഷണ റിപ്പോർട്ട്

344(1948) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം ബാധിച്ച് മൃഗങ്ങൾ മരണപ്പെട്ട സംഭവത്തിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(ബി) അധികൃതരുടെ വീഴ്ച മൂലമാണ് ക്ഷയരോഗം പടരുന്ന സാഹചര്യമുണ്ടായതെന്ന് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ക്ഷയരോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗങ്ങളെ പരിചരിക്കുന്ന ജീവനക്കാർക്ക് എന്തൊക്കെ സുരക്ഷ മുൻകരുതലകൾ

ഒരുക്കണമെന്നാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും പരിശോധനയിലാണ്.

(ഡി) മൃഗങ്ങളുടെ ആരോഗ്യകരമായ പരിപാലനവും ജീവനക്കാരുടെ സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ മൃഗശാലയുടെ പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റം വരുത്തുമെന്ന് വ്യക്തമാക്കുമോ?

മൃഗശാലയിൽ ക്ഷയരോഗബാധ വന്നതിനെ തുടർന്ന് രോഗബാധയുണ്ടായ കൂടുകളിലെ മാലിന്യങ്ങൾ മറ്റ് കൂടുകളിലേയ്ക്ക് പോകുന്നത് തടയുന്നതിനായി പ്രത്യേക ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാലയിലെ എല്ലാ കൂടുകളും ദിവസേന അണുനശീകരണം നടത്തിവരുന്നു. മൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സെക്കൻഡറി ബാക്ടീരിയൽ ഇൻഫെക്ഷൻ തടയുന്നതിനുമായി മരുന്നുകൾ നൽകിവരുന്നു. ജീവനക്കാർക്ക് മാസ്ക്, ഗ്ലൗസ്സ്, ഗംബൂട്ട് എന്നിവ വിതരണം ചെയ്യുകയും അവ ധരിച്ച് മാത്രം ജോലി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പ്

സംഘടിപ്പിക്കുകയും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡീസിസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗംമൂലം മൃഗങ്ങൾ ചത്ത സംഭവം

345(1949) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗംമൂലം മൃഗങ്ങൾ ചാകുന്ന സംഭവത്തിൽ മൃഗസംരക്ഷണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് മുഖേന അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) മനുഷ്യരിലേയ്ക്ക് രോഗം പകരാനുള്ള സാധ്യതയുണ്ടോ എന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് മൃഗശാലയിലെ ജീവനക്കാർ മുൻകരുതലുകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

(ബി&സി) പഠന വിധേയമാക്കിയിട്ടുണ്ട്. മൃഗശാലയിലെ ജീവനക്കാർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് മുഖേന 24.01.2023-ന് ബോധവത്കരണ ക്ലാസ്സും ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കൂടാതെ ജീവനക്കാർക്കായി ഗംബൂട്ട്, ഗ്ലൗസ്സ്, മാസ്ക് എന്നിവ നൽകിയിട്ടുണ്ട്. ഇവ ധരിച്ച് മാത്രമെ ജോലിയിലേർപ്പെടാറുള്ളൂവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**മൃഗങ്ങളിലെ ക്ഷയരോഗ ബാധ**

346(1950) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിലെ മൃഗങ്ങൾ ക്ഷയരോഗം ബാധിച്ച് മരണപ്പെടുകയുണ്ടായോ; എങ്കിൽ ആകെ എത്ര മൃഗങ്ങളാണ് ഇതിനോടകം ക്ഷയരോഗം ബാധിച്ച് മരണപ്പെട്ടതെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

05-02-2020 മുതൽ തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗം ബാധിച്ച് ആകെ 61 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കൃഷ്ണമൃഗം - 39

പുള്ളിമാൻ - 18

ആഫ്രിക്കൻ കാട്ടുപോത്ത് - 1

കടുവ - 1

കരടി - 1

പാമ്പ് - 1

(ബി) പ്രസ്തുത മൃഗശാലയിൽ ക്ഷയരോഗം ആദ്യമായി കണ്ടെത്തിയത് എന്നാണ്; പ്രസ്തുത രോഗം സ്ഥിരീകരിച്ചത് ആരാണ്; രോഗം കണ്ടെത്താനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

05-02-2020 മുതൽ മൃഗശാലയിൽ മരണപ്പെട്ട മൃഗങ്ങളുടെ സാമ്പിൾ പരിശോധിച്ചതിലാണ് ക്ഷയരോഗം സ്ഥിരീകരിച്ചത്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ പരിശോധിച്ചതിൽനിന്നാണ് ക്ഷയ രോഗബാധയുള്ളതായി സ്ഥിരീകരിച്ചത്. കാലാവസ്ഥാ മാറ്റംകൊണ്ടും

മൃഗങ്ങളുടെ സ്ട്രസ്സ് കാരണവും മൃഗങ്ങൾ മരണപ്പെട്ടപ്പോൾ ആന്തരികാവയവങ്ങളുടെ സാമ്പിളുകൾ പരിശോധിച്ചതിലാണ് മരണകാരണം കണ്ടെത്തിയത്.

(സി) മൃഗശാലയിലെ മൃഗങ്ങൾക്ക് പതിവായി മെഡിക്കൽ പരിശോധനകൾ നടത്താറുണ്ടോ; മെഡിക്കൽ പരിശോധനകൾ എപ്പോഴൊക്കെയാണ് നടത്തുന്നതെന്നും എന്തൊക്കെ പരിശോധനകളാണ് പതിവായി നടത്താറുള്ളതെന്നും വിശദമാക്കുമോ?

മൃഗശാലയിലെ മൃഗങ്ങളെ ദിവസേന നിരീക്ഷിച്ച് മെഡിക്കൽ പരിശോധന നടത്തിവരുന്നു. മൃഗങ്ങളുടെ ആരോഗ്യാവസ്ഥ, അജീർണ്ണം, മലമൂത്രങ്ങളിൽ പ്രത്യക്ഷത്തിലൂടെ വരുന്ന വ്യത്യാസങ്ങൾ, വിരബാധ, അസുഖബാധിതരായ മൃഗങ്ങളുടെ രക്ത പരിശോധന എന്നിവയാണ് നടത്തിവരുന്നത്.

(ഡി) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോഴും സന്ദർശകരെ അനുവദിക്കുന്നുണ്ടോ; സംസ്ഥാനത്ത് മറ്റേതെങ്കിലും മൃഗശാലകളിൽ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

സന്ദർശനം അനുവദിച്ചുവരുന്നു. സംസ്ഥാനത്തുള്ള മറ്റ് മൃഗശാലകളിൽ ക്ഷയരോഗം റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) പ്രസ്തുത രോഗം മൃഗങ്ങളിൽനിന്ന് മനുഷ്യരിലേയ്ക്ക് പടരുന്ന തരത്തിലുള്ളതാണോയെന്നും ഇതുസംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

പ്രസ്ലുത രോഗം മൃഗങ്ങളിൽനിന്ന് മനുഷ്യരിലേയ്ക്ക് പടരാൻ സാധ്യതയുള്ള രോഗാണുവാണെന്ന കാര്യം PCR വഴി സ്ഥിരീകരിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത രോഗം മൃഗശാല ജീവനക്കാരിലേയ്ക്കും മറ്റ് സന്ദർശകരിലേയ്ക്കും പടരാതിരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മൃഗശാലയിലെ ജീവനക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് ഗംബൂട്ട്, ഗ്ലൗസ്സ്, മാസ്ക് എന്നിവ വിതരണം ചെയ്യുകയും അവ കൃത്യമായും ധരിച്ച് മാത്രമെ ജോലി ചെയ്യാവുവെന്ന് നിർദ്ദേശിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. മൃഗശാലയിലെ മൃഗങ്ങളുമായി അടുത്ത് പെരുമാറാനുള്ള സാഹചര്യം സന്ദർശകർക്കില്ല. ടി സാഹചര്യം ഒഴിവാക്കുന്നതിനുള്ള

സ്റ്റാൻഡ് ഓഫ് ബാരിയർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഒപ്പം മൃഗശാലാ സന്ദർശകർക്ക് മുഖാവരണം നിർബന്ധമാക്കിയിട്ടുണ്ട്.

**മൃഗങ്ങളിലെ ക്ഷയരോഗബാധ തടയാൻ നടപടി**

347(1951) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ക്ഷയരോഗബാധയാൽ നിരവധി മൃഗങ്ങൾ മരണപ്പെട്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മൃഗങ്ങൾക്കാണ് പ്രസ്തുത രോഗം ബാധിച്ചതെന്നും എത്ര മൃഗങ്ങൾ ഇപ്രകാരം മരണമടഞ്ഞുവെന്നും വിശദമാക്കാമോ?

(എ & ബി) തിരുവനന്തപുരം മൃഗശാലയിൽ 05-02-2020 മുതൽ വ്യത്യസ്ത കാലയളവുകളിലായി ക്ഷയരോഗം ബാധിച്ച് നാളിതുവരെ കൃഷ്ണമൃഗം (39), പുള്ളിമാൻ (18), ആഫ്രിക്കൻ കാട്ടുപോത്ത് (1), കടുവ (1), കരടി (1), പാമ്പ് (1) എന്നിങ്ങനെ 61 മൃഗങ്ങൾ മരണപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത രോഗബാധ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അസുഖം ബാധിച്ച് ചത്ത മൃഗങ്ങളുടെ ശരീരം കത്തിച്ചുകളയുന്നു. രോഗബാധിതരായ കൃഷ്ണമൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന കൂട്ടിൽനിന്നും മാലിന്യങ്ങൾ മറ്റ് കൂടുകളിലേയ്ക്ക് പോകാതിരിക്കാൻ പ്രത്യേക ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുകൾ ദിവസേന അണുനശീകരണം നടത്തിവരുന്നു. ജീവനക്കാർക്ക് മാസ്ക്, ഗ്ലൗസ്സ്, ഗംബൂട്ട് എന്നിവ വിതരണം ചെയ്യുകയും, ജില്ലാ ക്ഷയരോഗ നിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പും SIAD മുഖേന ബോധവത്കരണ ക്ലാസ്സും നടത്തുകയും ചെയ്തു. ഫുട്ട് ഡിപ്പുകൾ നിർമ്മിച്ചു. മൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ബാക്ടീരിയ ഇൻഫെക്ഷൻ തടയുന്നതിനുമായി മരുന്നുകൾ നൽകിവരുന്നുണ്ട്.

## തിരുവനന്തപുരം മൃഗശാലയിൽ മരണപ്പെട്ട മൃഗങ്ങൾ

348(1952) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മരണപ്പെട്ട മൃഗങ്ങളുടെ എണ്ണവും മരണ കാരണവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

തിരുവനന്തപുരം മൃഗശാലയിൽ കഴിഞ്ഞ ആറ് വർഷത്തിനിടയിൽ മരണപ്പെട്ട മൃഗങ്ങളുടെ എണ്ണവും മരണകാരണവുമുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1734, 1747, 1748 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ചിട്ടില്ല.)

## അനുബന്ധം 2

(1) അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം സംബന്ധിച്ച ശ്രീമതി കെ. കെ.ശൈലജ ടീച്ചർ അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | പദ്ധതി | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ വട്ടോളി പാലത്തിനടുത്ത് കണ്ണവംപുഴയുടെ വലത് കര സംരക്ഷണ പ്രവൃത്തി | പ്ലാൻ | 25.50 |
| 2 | FD- കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ആയിത്തറയിൽ മിന്നിപ്പീടിക-കളിക്കോട്ട് റോഡിന്റെ അരികിലായി അഞ്ചരക്കണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി (നിലവിലുള്ള സംരക്ഷണ ഭിത്തികളുടെ ഇടയിലായി) | നോൺ-പ്ലാൻ | 45.00 |
| 3 | SDRF- കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ മീനച്ചോടി | എസ്.ഡി. ആർ.എഫ്. | 19.00 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| | കാക്കത്തോട് പാലത്തിന് സമീപം കാക്കത്തോട് പുഴയുടെ പുഴക്കര സംരക്ഷണഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി | | |

## മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള പ്രവൃത്തി നിർദ്ദേശങ്ങൾ (ഫ്ലഡ് ഡാമേജ്)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി | മതിപ്പ് ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ കീഴല്ലൂർ പഞ്ചായത്തിലെ കീഴല്ലൂർ ജുമാമസ്ജിദിന് അടുത്തായി അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 38.00 |
| 2 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കാക്കാത്തോട് പാലത്തിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തും അറയങ്ങാട് പുഴയുടെ കര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 94.5 |
| 3 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ മേനച്ചോടിയിൽ പള്ളിപ്പാലം പാലത്തിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തും പള്ളിപ്പാലം പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 40.00 |
| 4 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ അഞ്ചരക്കണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 39 |
| 5 | കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ആയിത്തറ മിന്നിപ്പീടികയിൽ ശശീന്ദ്രന്റെ വീടിനടുത്തായി അഞ്ചരക്കണ്ടിപുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 45.5 |
| 6 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ | വെള്ളപ്പൊക്ക | 20 |

| | | | |
|---|---|---|---|
| | പഞ്ചായത്തിലെ കാക്കാത്തോടിൽ അറയങ്ങാട് പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | കെടുതി | |
| 7 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിലെ എടയാറിൽ അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 38 |
| 8 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിലെ എടയാറിൽ വടക്കുമ്പാട് ശിവ-വിഷ്ണു ക്ഷേത്രത്തിനടുത്ത് XIV-346 വീടിന് പിറകിലായി ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻകല്ലുകൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി | വെള്ളപ്പൊക്ക കെടുതി | 5.4 |
| | ആകെ | | 320.4 |

## മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള പ്രവൃത്തി നിർദ്ദേശങ്ങൾ (ഫ്ലഡ് കൺട്രോൾ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി | മതിപ്പ് ചെലവ് (ലക്ഷത്തിൽ) |
|---|---|---|---|
| 1 | കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിൽ ആയിപ്പുഴ കൂരാരിയിൽ ഇരിക്കൂർ പാലത്തിന്റെ താഴ്ഭാഗത്ത് വളപട്ടണം പുഴയുടെ തീരശോഷണം സംഭവിച്ച ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 20 |
| 2 | കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ കണ്ണവം പാലത്തിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തുമായി അഞ്ചരക്കണ്ടിപുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 16.00 |
| 3 | കണ്ണൂർ ജില്ലയിലെ പടിയൂർ - കല്ല്യാട് ഗ്രാമപഞ്ചായത്തിലെ പെരുമണ്ണ് ചുഴലി ഭഗവതി ക്ഷേത്രത്തിന് സമീപം വളപട്ടണം പുഴയുടെ തീരശോഷണം സംഭവിച്ച വലതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 34.3 |

| | | | |
|---|---|---|---|
| 4 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിലെ പുന്നപ്പാലം ദൈവദാൻ സെന്ററിന് പിറകുവശം അറയങ്ങാട് പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 7.00 |
| 5 | കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമ പഞ്ചായത്തിലെ ജലനിധി പമ്പിന് എതിർവശം അഞ്ചരക്കണ്ടിപുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 60.5 |
| 6 | കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ ആയിത്തറ മിന്നിപ്പീടികയിൽ കള്ളിക്കോട്ട് റോഡിന് സമീപത്തായി അഞ്ചരക്കണ്ടിപുഴയിൽ ഉരുൾപ്പൊട്ടൽ മൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻകല്ലുകൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 42 |
| 7 | കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കീഴല്ലൂർ വളയാൽ ഗ്രേസ് ഇന്റർനാഷണൽ സ്കൂളിന് അരികിലായി അഞ്ചരക്കണ്ടി പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 16.6 |
| 8 | കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ കണ്ണവം പാലത്തിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തുമായി ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻകല്ലുകൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 16 |
| 9 | കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കീഴല്ലൂർ ജുമാമസ്ജിദിന് എതിർവശത്ത് ഉരുൾപൊട്ടൽമൂലം അടിഞ്ഞുകൂടിയ ചെളി, മണ്ണ്, ഉരുളൻകല്ലുകൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി | വെള്ളപ്പൊക്ക നിയന്ത്രണം | 4 |
| | ആകെ | | 216.4 |

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(2) വഖഫ് ബോർഡ് ഗ്രാന്റ് സംബന്ധിച്ച് ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച സബ്മിഷന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

## തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | പെൻഷൻ (2021-22-ലെ 3 മാസത്തേയ്ക്ക് ) | 584 | 1000 x 3 | 17,52,000 |
| 2 | പെൻഷൻ (2021-22-ലെ 12 മാസത്തേയ്ക്ക് ) | 46 | 1000 x 12 | 5,52,000 |
| 3 | പെൻഷൻ (2022-23-ലെ 6 മാസത്തേയ്ക്ക്) | 488 | 1000 x 6 | 29,28,000 |
| 4 | പെൻഷൻ (2022-23-ലെ 3 മാസത്തേയ്ക്ക്) | 49 | 1000 x 3 | 1,47,000 |
| 5 | ചികിത്സാ സഹായം | 309 | 15,000 | 46,35,000 |
| 6 | ചികിത്സാ സഹായം | 1 | 10,000 | 10,000 |
| | | | ആകെ | 1,00,14,000 |
| | | | | (ഒരു കോടി പതിനാലായിരം രൂപ) |

## തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | പെൻഷൻ (2022-23-ലെ 6 മാസത്തേയ്ക്ക്) | 537 | 1000 x 6 | 32,22,000 |
| 2 | പെൻഷൻ (2022-23-ലെ 12 മാസത്തേയ്ക്ക്) | 463 | 1000 x 12 | 55,56,000 |
| 3 | ചികിത്സാ സഹായം | 1406 | 15,000 | 2,10,90,000 |

| | | | | |
|---|---|---|---|---|
| 4 | വിവാഹ ധനസഹായം | 3050 | 10,000 | 3,05,00,000 |
| 5 | ഇസ്ലാമിക് ചെയർ | 2021-22 വർഷ ത്തേയ്ക്ക് | 3,00,000 | 3,00,000 |
| | | | ആകെ | 6,03,68,000 |
| (ആറ് കോടി മൂന്ന് ലക്ഷത്തി അറുപത്തി എണ്ണായിരം രൂപ) | | | | |

-- -- --